2023

സ്വാമി നിർമലാനന്ദഗിരി മഹരാജ്

സ്വാമി നിർമലാനന്ദഗിരി മഹരാജിന്റെ കൃതികൾ

ക്ഷേത്രരഹസ്യങ്ങളും ദേവതകളും

കേനോപനിഷത്ത് പ്രവചനം

തന്ത്രം: ആഗമങ്ങൾ ജ്ഞാനാർത്ഥങ്ങൾ

സംതൃപ്ത ദാമ്പത്യവിജ്ഞാനം

കാൻസർ: ആയുർവേദ ദർശനവും ചികിത്സയും

നക്ഷത്രവൃക്ഷങ്ങളുടെ ഔഷധഗുണവും ചികിത്സയും

സ്വാമി നിർമലാനന്ദഗിരി മഹരാജ്

An imprint of atmeeya drishya masika and books pubilication

Malayalam language | Study
Nakshatravrukshangalude Oushadhagunangalum Chikitsayum
Author | Swami Nirmalanandagiri Maharaj
First Edition | October 2023
ISBN : 978-81-965976-7-2
₹ | 300
© Right Reserved.
No part of work may be reproduced or utilized in any form or by any means without the prior written permission of the publisher
Page Layout | Praveen Kooleri
Cover Design | Sujith U M
Printed | Manipai Technologies Limited, Manipal

ആ-ബുക്സ്
Aa-Books
An imprint of atmeeya drishya masika and books pubilication
Publishers | atmeeya drishya masika and books pubilication
e-mail | atmeeyabooks2023@gmail.com
phone | 944 754 7079
Aa-Books, P.O. Edat - 670327, Payyanur, Kannur Dist., Kerala.

വിഷയവിവരങ്ങൾ

വിഷയവിവരങ്ങൾ		പേജ്
ആമുഖം	:	06
സസ്യവിജ്ഞാനം	:	07
അശ്വതിനക്ഷത്രം- കാഞ്ഞിരം	:	09
ഭരണിനക്ഷത്രം- നെല്ലി	:	13
കാർത്തികനക്ഷത്രം- അത്തി	:	21
രോഹിണി- ഞാവൽ	:	29
മകയിരം- കരിങ്ങാലി	:	37
തിരുവാതിര- കരിമരം	:	46
പുണർതം- മുള	:	52
പൂയ്യം- അരയാൽ	:	60
ആയില്യം- നാഗമരം	:	69
മകം- പേരാൽ	:	79
പൂരം- പ്ലാശ്	:	92
ഉത്രം- ഇത്തി	:	103
അത്തം- അമ്പഴം	:	113
ചിത്തിര- കൂവളം	:	125
ചോതി- നീർമരുത്	:	138
വിശാഖം- വയ്യങ്കത	:	151
അനിഴം- ഇലഞ്ഞി	:	161
തൃക്കേട്ട-വെട്ടി	:	173
മൂലം- വെള്ളപ്പയിൽ	:	178
പൂരാടം- ആറ്റുവഞ്ചി	:	183
ഉത്രാടം- പ്ലാവ്	:	197
തിരുവോണം- എരിക്ക്	:	208
അവിട്ടം- വന്നി	:	237
ചതയം- കടമ്പ്	:	241
പൂരുരുട്ടാതി- തേന്മാവ്	:	248
ഉത്രട്ടാതി- കരിമ്പന	:	263
രേവതി- ഇലിപ്പ	:	271

ആമുഖം

'ഭാരതീയരായ പൂർവികർ തങ്ങളുടെ ജീവിതത്തിൽ ഔഷധസസ്യങ്ങൾക്ക് വളരെ അധികം പ്രാധാന്യം നൽകിയിരുന്നു. ഓരോ ജന്മത്തിനും ഓരോ നക്ഷത്രവുമായി ബന്ധമുണ്ടെന്ന് കരുതിയതുപോലെ ഓരോ ഔഷധസസ്യവുമായും ബന്ധമുണ്ടെന്ന് കരുതിയിരുന്നു. അതനുസരിച്ചാണ് ഓരോ നക്ഷത്രത്തിനും പ്രത്യേകം ഔഷധസസ്യത്തെയും കണക്കാക്കിയിരുന്നത്. അങ്ങനെയാണ് ഒരാളുടെ നക്ഷത്രത്തിനനുസരിച്ച ഔഷധവൃക്ഷം നട്ടുപിടിപ്പിക്കുകയും, അതിനെ പതിവായി പരിചരിക്കുകയും, ഒരിയ്ക്കലും നശിപ്പിക്കാതിരിക്കുകയും ചെയ്തുവന്നിരുന്നത്. ഇങ്ങനെ ചെയ്തുവന്നാൽ ദീർഘായുസ്സും, നല്ല ആരോഗ്യവും ഉണ്ടാകുമെന്നാണ് ഭാരതീയ ജ്യോതിശാസ്ത്രം പറയുന്നത്'. ഈയൊരു ജ്യോതിശാസ്ത്രദർശനം അനുസരിച്ചാണ് ഋഷികൾ ആയുർവേദത്തിൽ ഓരോ നക്ഷത്രവൃക്ഷത്തിന്റെയും സമഗ്രമായ ഔഷധഗുണങ്ങളെക്കുറിച്ചും, അതുപയോഗിച്ചുള്ള രോഗചികിത്സയെക്കുറിച്ചും ബഹുവിധങ്ങളായ ആയുർവേദനിഘണ്ടുക്കൾ രചിച്ചിരുന്നത്.

അങ്ങനെ ബഹുവിധങ്ങളായ നിഘണ്ടുക്കളിൽ കാണപ്പെടുന്ന നക്ഷത്രവൃക്ഷങ്ങളുടെ ഔഷധഗുണങ്ങളും, ഔഷധയോഗങ്ങളും, രോഗചികിത്സാക്രമങ്ങളും സമാഹരിച്ചുകൊണ്ടുള്ള ഒരു ആയുർവേദനിഘണ്ടുതന്നെയാണ്, വളരെ ശ്രമകരമായി പൂജ്യശ്രീ സ്വാമി നിർമലാനന്ദഗിരി മഹരാജ് രചിച്ചിരിക്കുന്നത്. സ്വാമിജിയുടെ ആയുർവേദ-വേദാന്തപഠനങ്ങളെമാത്രം അവലംബിച്ച് ഞങ്ങൾ പയ്യന്നൂരിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന 'ആത്മീയ ദൃശ്യമാസിക'യിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കാനായി സ്വാമിജി എഴുതിതന്നിരുന്ന നക്ഷത്രവൃക്ഷപഠനമാണ് ഇപ്പോൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. ഇങ്ങനെയൊരു പുസ്തകം പ്രസിദ്ധീകരിക്കണമെന്ന് അതിയായി ആഗ്രഹിക്കുകയും, അതിനുവേണ്ടി നിരന്തരം ഞങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്തിരുന്ന ഏറണാകുളം കാക്കനാട്ടെ ശ്രീ.ഏ. മുത്തുസ്വാമിയോടും, സാങ്കതികമായി സഹകരിച്ചിരുന്ന ശ്രീ.ടി.എസ്.രവീന്ദ്രനോടും, ശ്രീ.കെ.കെ.നാരായണനോടും, ശ്രീ.പുരുഷോത്തമൻ ചന്തേരയോടും, ശ്രീ.സന്തോഷ് നാരായണനോടുമുള്ള നന്ദിയും കടപ്പാടും ഞങ്ങളിവിടെ രേഖപ്പെടുത്തട്ടെ.

നക്ഷത്രവൃക്ഷങ്ങളെക്കുറിച്ചുള്ള അറിവുകൾ മുഴുവൻ ഇങ്ങനെ സമാഹരിക്കുവാൻ സമയം കണ്ടെത്തിയിരുന്ന ആ ഗുരുകടാക്ഷത്തിനുമുന്നിൽ ഞങ്ങൾ പ്രണമിക്കുന്നൂ... ഞങ്ങളുടെയാ, നിത്യഗുരുപാദങ്ങളിൽതന്നെ പുസ്തകം സമർപ്പിക്കുന്നൂ...

ഗുരുകടാക്ഷത്തിനുമുന്നിൽ പ്രാർത്ഥിച്ചുകൊണ്ട്-
എം.സുകുമാർജി, ആത്മീയ ദൃശ്യമാസിക.
പയ്യന്നൂർ, 01.10.2023.

സസ്യവിജ്ഞാനം

സസ്യശബ്ദം ഉണ്ടായത് ഷസ് സ്വപ്നേ എന്ന ധാതുവിൽ നിന്നാണ്. സസ്യപഠനത്തെ പ്രധാനമായി മൂന്നായി തരം തിരിക്കാം. ദ്രവ്യഗുണവിജ്ഞാനം(Pharmacology), ദ്രവ്യപരിചയവിജ്ഞാനം(Pharmacognozy), ദ്രവ്യകൽപവിജ്ഞാനം(Pharmacy).

ആയുർവേദശാസ്ത്രമനുസരിച്ച് ദോഷസാമ്യം അതായത്, വാതപിത്തകഫസാമ്യമാണ് ആരോഗ്യാവസ്ഥ. അവയുടെ അസാമ്യമാണ് രോഗാവസ്ഥ.

ഔഷധങ്ങളെ ദോഷത്തെ അടിസ്ഥാനമാക്കി ത്രിദോഷഹരങ്ങൾ, ദ്വിദോഷഹരങ്ങൾ, ഏകദോഷഹരങ്ങൾ എന്നിങ്ങനെ വർഗ്ഗീകരിക്കാം. അതുപോലെ ദ്രവ്യത്തിന്റെ ഗുണം, രസം, വീര്യം, വിപാകം, പ്രഭാവം എന്നിവയെ അറിഞ്ഞ് സസ്യങ്ങളെ വർഗ്ഗീകരിക്കാം; ഇതാണ് സസ്യഗുണവിജ്ഞാനം.

സസ്യത്തിന്റെ ജന്മദേശവും, ദേശമാറ്റവും അവയിൽ പരിണാമങ്ങളുണ്ടാക്കുന്നുണ്ട്. സസ്യങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളിൽ ഓരോ സസ്യത്തിനും അതിന്റേതായ വിരലടയാളങ്ങളുണ്ട്. അത് പരിചയംകൊണ്ട് അറിയുകയെന്നതാണ് ഏറ്റവും പ്രധാനം.

ലോകത്താകെ തിരിച്ചറിഞ്ഞ(Identified) സസ്യങ്ങൾ ഏകദേശം അറുപതിനായിരം വരും. അവയിൽ നാൽപത്തിയയ്യായിരം എണ്ണം ഇന്ത്യയിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്(Recorded). ലോകത്തിലെ പന്ത്രണ്ട് മഹാജൈവവൈവിധ്യങ്ങളിൽ(Mega divercity) പ്രാധാന്യമുള്ള രാജ്യങ്ങളിലൊന്ന് ഇന്ത്യയാണ്.

വൈദിക കാലം മുതൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തെ പഠിക്കുമ്പോൾ ജാംഗലദേശം, സാധാരണദേശം, അനൂപദേശം എന്നിങ്ങനെ മൂന്നായി തിരിച്ചിട്ടുണ്ട്. ഒരു ഭാഗത്ത് ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ഹിമവാൻ. അന്റാർട്ടിക്കയിലേയും മറ്റും തണുപ്പും, മഞ്ഞും പ്രധാനംചെയ്യുന്ന മഞ്ഞുമലകൾ ഭൂമധ്യരേഖയ്ക്കടുത്ത്. ചതുപ്പുകൾ നിറഞ്ഞ തെക്കെ ഇന്ത്യ. മരുഭൂമിനിറഞ്ഞ രാജസ്ഥാൻ. വ്യാവസായിക പ്രാധാന്യമുള്ളതും, പണം കായ്ക്കുന്നതെന്ന് കരുതുന്നതുമായ റബ്ബറിന്റെയും മറ്റും കുടിയേറ്റത്തെ തടയുകയാണെങ്കിൽ, ലോകത്തിലെ ഏറ്റവും വലിയ ജൈവവൈവിധ്യമുള്ളതുമായ രാജ്യം ഇന്ത്യതന്നെയാണ്. അതുകൊണ്ടുതന്നെ ഇന്ത്യ, ലോകത്തിനാകെ വേണ്ടുന്ന ഔഷധസസ്യങ്ങൾ നൽകാൻ കഴിവുള്ള രാജ്യവുമാണ്. ലോകത്തി

നാകെ വേണ്ടുന്ന ഔഷധസസ്യങ്ങളിൽ എഴുപത്തഞ്ച് ശതമാനവും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുണ്ട്. എന്നാൽ, ദീർഘകാല വീക്ഷണമില്ലാത്തതും, രാഷ്ട്രീയ ഭിക്ഷാംദേഹികൾ കാലാകാലങ്ങളിൽ കൈയ്യടികൾ വാങ്ങാൻ കാട്ടിക്കൂട്ടുന്നതുമായ പലതരം പരിഷ്കാരങ്ങൾ (തൊഴിലുറപ്പ് പദ്ധതിയും മറ്റും) ഈ മഹാജൈവവൈവിധ്യത്തെ കുറച്ചൊന്നുമല്ല തകർത്തുകളഞ്ഞുകൊണ്ടിരുന്നത്. ഇതോടൊപ്പം, ലോകത്തിലെ ഭീകരപ്രവർത്തനങ്ങളുടെ താവളങ്ങളായി മലനിരകളും വനങ്ങളും മാറുകയും ചെയ്യുമ്പോൾ, സമഷ്ടിയുടെ സ്വപ്നം മാറുകയും ജൈവ വൈവിധ്യങ്ങൾ തകർന്നടിയുകയും ചെയ്യുന്നു.

പഠിപ്പും, വിദ്യാഭ്യാസവും ഇല്ലാത്തവരെന്ന് കരുതപ്പെടുന്ന, ആധുനിക ആയുർവേദാംഗീകാര(Licence)മില്ലാത്ത, കേരളത്തിലെ നാട്ടുവൈദ്യന്മാരും ആദിവാസികളും ആറായിരത്തോളം ചെടികൾ ഔഷധച്ചെടികളാണെന്ന് വ്യക്തതയോടെ തിരിച്ചറിഞ്ഞ് ഉപയോഗിച്ചു വരുന്നുണ്ട്. ആധുനികതയുടെ പേരിൽ, അവരുടെ അറിവിനെ മുഴുവൻ തമസ്കരിക്കുന്നതിനാണ് ആധുനിക വിദ്യാഭ്യാസവും, വ്യാവസായികാടിസ്ഥാനത്തിൽ രൂപപ്പെട്ടുവരുന്ന വൈദ്യവിദ്യാഭ്യാസവും, മാധ്യമങ്ങളും, ഭരണാധികാരികളും മരുന്നുകമ്പനികളുമൊക്കെ ചേർന്ന് ശ്രമിക്കുന്നതെന്ന് കാണാം. അതേസമയം പാരമ്പര്യസിദ്ധമായ അറിവുകൾ കൈമാറുന്നതിന് ഇന്ന് വിദേശികളാണ് അധികം താത്പര്യം കാണിക്കുന്നതെന്നത് ശ്രദ്ധേയവുമാണ്. ലോകത്ത് ഏറ്റവും അധികം വിറ്റഴിക്കപ്പെടുന്ന പത്ത് ഔഷധദ്രവ്യങ്ങളിൽ വെളുത്തുള്ളി(alliumsativum), കറ്റാർവാഴ(aloe borbedensis) തുടങ്ങി മൂന്നുനാലെണ്ണം ഇന്ത്യയിൽ നിന്നാണ്.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് നമ്മൾ ഔഷധസസ്യങ്ങളെക്കുറിച്ച് പഠിക്കാൻ ശ്രമിക്കുന്നത്. ഭാരതീയരായ പൂർവികർ തങ്ങളുടെ ജീവിതത്തിൽ ഔഷധസസ്യങ്ങൾക്ക് വളരെ അധികം പ്രാധാന്യം നൽകിയിരുന്നു. ഓരോ ജന്മത്തിനും, ഓരോ നക്ഷത്രവുമായി ബന്ധമുണ്ടെന്ന് കരുതിയതുപോലെ ഔഷധസസ്യത്തിനുമുണ്ടെന്നും കരുതി. അതനുസരിച്ച് ഓരോ നക്ഷത്രത്തിനും പ്രത്യേകം ഔഷധസസ്യങ്ങളെ പറഞ്ഞിട്ടുണ്ട്. ഒരാളുടെ നക്ഷത്രത്തിനനുസരിച്ച ഔഷധവൃക്ഷം നട്ടുപിടിപ്പിക്കുകയും, അതിനെ പതിവായി പരിചരിക്കുകയും, ഒരിയ്ക്കലും നശിപ്പിക്കാതിരിക്കുകയും ചെയ്താൽ ദീർഘായുസ്സും, നല്ല ആരോഗ്യവും ഉണ്ടാകുമെന്നാണ് ഭാരതീയ ജ്യോതിശാസ്ത്രം പറയുന്നത്. അതേസമയം ആയുർവേദശാസ്ത്രമാകട്ടെ, നക്ഷത്രവൃക്ഷങ്ങൾ ഓരോന്നിന്റെയും ഔഷധഗുണങ്ങളെക്കുറിച്ചും, ചികിത്സയെക്കുറിച്ചും വ്യക്തമാക്കിയിട്ടുമുണ്ട്.

അശ്വതി നക്ഷത്രം

കാഞ്ഞിരം

ശാസ്ത്രനാമം : Strychnasnux- vomi cazinn.
കുടുംബം : zoganiaceae.
കുലം : കാരസ്കരകുലം.
ഇംഗ്ലീഷ് നാമം : Strychnas Tree- Snake wood, Nurvomiea, Poisn nut, Ruacker bulten.
സംസ്കൃതം : കാരസ്കരഃ
മലയാളം : കാഞ്ഞിരം.
ഹിന്ദി : കാജറ.
കന്നട : കാഞ്ഞിര, ഹെമ്മുഷ്ടി, ഇട്ടി, ഇട്ടിഞ്ഞി.
തമിഴ് : എട്ടി, കാഞ്ചിര.
തെലുങ്ക് : മുഷ്ടി, മുപിടി.

നക്ഷത്രഗണത്തിൽ ആദ്യത്തെ നക്ഷത്രമായ അശ്വതി സൃഷ്ടി നക്ഷത്രമാണ്. കുതിരയുടെ മുഖംപോലെ കാണപ്പെടുന്ന നക്ഷത്ര ക്കൂട്ടമാണ് അശ്വതി. കർക്കിടം രാശി ഒന്നേയരക്കാൽ നാഴിക ചെല്ലു മ്പോൾ ഉച്ചിയിലെത്തും. നക്ഷത്രദേവത അശ്വനിദേവതകളാണ്. ദേവഗണമാണ്. പുരുഷയോനിയാണ്. അക്ഷരം അകാരമാണ്. മന്ത്രാക്ഷരം നകാരമാണ്. ഭൂതം ഭൂമിയാണ്. പക്ഷി പുള്ളാണ്. മൃഗം കുതിരയാണ്. വൃക്ഷം കാഞ്ഞിരമാണ്.

അശ്വതി അന്നപ്രാശനാളായതുകൊണ്ട് ഒട്ടുമിക്ക ശുഭകർമ്മങ്ങൾക്കും നല്ല നാളാണ്. അശ്വതി നക്ഷത്രത്തിൽ ജനിച്ചവർ പൊതുവെ സൗന്ദര്യവും, സൗഭാഗ്യവും, സാമർത്ഥ്യവുമുള്ളവരായിരിക്കും. വിനയവും, ബുദ്ധിശക്തിയും കൂടപ്പിറപ്പായിരിക്കും. ചുറ്റുപാടുകൾ മനസ്സിലാക്കി പ്രവൃത്തിക്കുന്നവരായിരിക്കും. ആരേയും വശീകരിക്കുന്ന ശരീരപ്രകൃതിയുള്ളവരായിരിക്കും. ദൃഢനിശ്ചയവും, സ്ഥിരോത്സാഹവും, അലങ്കാരങ്ങളോടുള്ള ആഭിമുഖ്യവും, സേവനശീലവുമുള്ളവരയിരിക്കും. ഭാവനാശീലത്തെക്കാളേറെ യുക്തിചിന്തകൾകൊണ്ട് ആരേയും ആകർഷിക്കുന്നവരാണെങ്കിലും, ഇവർ ക്ഷിപ്രകോപികളായിരിക്കും. പ്രണയകാര്യത്തിൽ ചാഞ്ചല്യം കാണിക്കും. വിജ്ഞാന സമ്പാദനത്തിന് മുൻഗണനന നൽകുന്നവരായിരിക്കും.

വരാഹമിഹിരൻ തന്റെ 'ഹോരാശാസ്ത്ര'ത്തിൽ അശ്വതി നക്ഷത്രത്തെക്കുറിച്ച് പറയുന്നു:

'പ്രിയഭൂഷണസ്വരൂപോദക്ഷോ/ശ്വിനീഷു മതിമാംശ്ച'

അശ്വതി നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾ സൗന്ദര്യവതികളായിരിക്കും. സുഖവും, പുത്രസമ്പത്തും കൊണ്ട് അനുഗ്രഹീതരായിരിക്കും. എന്നാൽ, മറ്റുള്ളവരുടെ ഉപദേശങ്ങളോ, നിയന്ത്രണങ്ങളോ, ഇവർ ഇഷ്ടപ്പെട്ടെന്നുവരില്ല.

അശ്വതി നക്ഷത്രവൃക്ഷമായ കാഞ്ഞിരത്തെ ആയുർവേദത്തിലും, ആധുനിക വൈദികശാസ്ത്രത്തിലും, ഹോമിയോപ്പതിയിലും ഔഷധമായി ഉപയോഗിക്കുന്നു. ആയുർവേദത്തിൽ കഫരോഗങ്ങളെയും, വാതരോഗങ്ങളെയും ശമിപ്പിക്കുന്നതിനാണ് കാഞ്ഞിരത്തെ ഉപയോഗിക്കുന്നത്. രക്തത്തിന്റെ ന്യൂനമർദ്ദത്തിൽ ഉത്തമൗഷധമാണ്. ത്രിദോഷഹരമായ ഔഷധങ്ങളിൽ മുഖ്യമാണ്.

കാഞ്ഞിരം വിഷസസ്യമാണെന്നറിഞ്ഞ്, അതിന്റെ ശുദ്ധി മനസ്സിലാക്കിവേണം ഉപയോഗിക്കുവാൻ. കാഞ്ഞിരത്തിന്റെ വേര്, ഇല, പട്ട(തൊലി), കുരു എന്നിവയാണ് ഔഷധയോഗ്യമായിട്ടുള്ളത്.

കാഞ്ഞിരം ആമവാത(Arthritis)ഹരമാണ്. ഹൃദയത്തിന്റെ സങ്കോചവികാസക്ഷമതയെ വർദ്ധിപ്പിക്കും. അതുകൊണ്ട് ഇതിന്റെ മാത്ര അറിഞ്ഞുവേണം ഉപയോഗിക്കാൻ.

കാഞ്ഞിരത്തിന്റെ കാതൽ അർശസിന് നല്ലതാണ്. ജ്വരത്തിന് വിശേഷപ്പെട്ടതാണ്. ഗ്രഹണിക്കും നല്ലതാണ്. കാഞ്ഞിരക്കുരുവിന് ഒരുതരം മത്തുണ്ട്. ഈ ഗുണം കാരണമായി പഴയ കാലത്തെ വൈദ്യന്മാരിൽ ചിലർ കാഞ്ഞിരക്കുരുവിനെ കാമോദ്ദീപനമെന്നനിലയിൽ ഉപയോഗിക്കുന്നത് കണ്ടിട്ടുണ്ട്. കൽപസേവയെന്ന നിലയിൽ കാഞ്ഞിരക്കുരു വളരെ ചെറിയ മാത്രയിൽ തുടങ്ങി, ഒന്ന് മുഴുവൻ വരെ വെറ്റില ചേർത്തരച്ച് കഴിക്കുകയാണവർ ചെയ്തിരുന്നത്. നാഡീവൈകല്യങ്ങൾക്ക് കാഞ്ഞിരക്കുരു വളരെ നല്ലതാണ്. ഗ്രഹണിക്കും ഉപയോഗിക്കാറുണ്ട്. പക്ഷപാതത്തിലെ മാംസപേശികളുടെ അയവ്, സ്നായുക്കളുടെ(Ligaments) അയവ് എന്നിവക്ക് മാത്ര ശ്രദ്ധിച്ചുപയോഗിച്ചാൽ നല്ലതാണ്. പഴകിയ വാതരോഗങ്ങൾക്കും, ക്ഷീണത്തിനും ഉത്തമമാണ്.

കാഞ്ഞിരക്കുരു വാറ്റിയെടുക്കുന്നതും, കുഴിത്തൈലമായി എടുക്കുന്നതുമായ എണ്ണ വളരെ വിശേഷപ്പെട്ട ഔഷധമാണ്. ആമവാത(Tennis elbow)മെന്ന് അറിയപ്പെടുന്ന കൈമുട്ടുവേദനക്ക് എണ്ണ അത്യുത്തമമാണ്. മലബന്ധം, ഗുദഭ്രംശം, ശുക്ലസ്രാവം, ജ്വരം, അപസ്മാരം, പ്രമേഹം, പാണ്ഡുത(Anemia) മഞ്ഞപ്പിത്തം എന്നിവക്ക് പ്രയോജനപ്രദമാണ്.

കാഞ്ഞിരത്തിന്റെ ഇല അരച്ചുപുരട്ടിയാൽ പഴകിയ വ്രണങ്ങളിൽ

കാണുന്ന പുഴുക്കൾ കൊഴിഞ്ഞുവീഴും. വേരിന്മേൽതൊലി ചെറുനാരങ്ങനീരിൽ അരച്ച് ഗുളികകളാക്കി വെച്ചിരുന്നത് കോളറക്ക് കൊടുക്കാറുണ്ട്. തളർവാതത്തിന് കാഞ്ഞിരയില കഷായംവെച്ചത് ഉപയോഗിക്കാറുണ്ട്. പുഴുക്കടി, ഉഷ്ണരോഗങ്ങൾ, ശിരോരോഗം എന്നിവയിൽ കാഞ്ഞിരത്തിന്റെ വടക്കോട്ടുപോയ വേര് ഉത്തമമാണ്. കാഞ്ഞിരക്കായ വാതരക്തത്തിനും, കുഷ്ഠത്തിനും, മൂത്രാശയക്കല്ലിനും നല്ലതാണ്.

മൂത്ത കാഞ്ഞിരത്തിന്റെ വടക്കോട്ടുപോകുന്ന വേരിന്റെ അഗ്രഭാഗം മുറിച്ചത് ഒരു കുപ്പി എള്ളെണ്ണയിൽ ഇറക്കിവെച്ച് പതിനഞ്ച് ദിവസം കഴിഞ്ഞ് നോക്കിയാൽ(പക്കം നോക്കണം) ആ എണ്ണയെ മുഴുവൻ കാഞ്ഞിരം ആഗിരണം ചെയ്തുകൊണ്ടിരിക്കുന്നതും, ആഗിരണം ചെ യ്തുകഴിഞ്ഞാലുടനെ മരം ഇല പൊഴിക്കുന്നതും കാണാം. അതായത്, ഒരു അന്യവസ്തു ശരീരത്തിൽ കയറിയിരിക്കുകയാണ്. അതും കൂടി ചേർത്താണ് അത് ഇലയിൽ(മരത്തിന്റെ അടുക്കളയിൽ) പാകപ്പെടുത്തിയെടുക്കുന്നത്. അപ്പോൾ മരത്തിനുണ്ടായേക്കാവുന്ന അപകടമറിഞ്ഞാണ് ഇലകൾ പൊഴിക്കുന്നത്. അങ്ങനെയത് ഇലകൾ പൊഴിച്ചതിനെത്തുടർന്ന് പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ വീണ്ടും തളിർക്കുവാൻ തുടങ്ങുന്നു. അങ്ങനെയത് വലിച്ചുകയറ്റിയ എണ്ണയെ മുഴുവൻ വിസർജ്ജിക്കുന്നു. അതോടെ എണ്ണയുടെ സ്വഭാവമാകെ മാറിയതായി കാണാം. ഈ എണ്ണ, എല്ലാതരം വൈറസ്സുകൾക്കെതിരെയും ഉപയോഗിക്കാൻ നല്ലതാണ്. പേവിഷബാധയിൽ (Rabies) പ്രത്യേകിച്ച്, പേയിളകിയാൽ ഈ മരുന്ന് അര ടീസ്പൂൺ വീതം മൂന്നുനേരം നൽകിയാൽ കുറച്ചു ദിവസങ്ങൾക്കുള്ളിൽ രോഗം മാറുന്നുവെന്നത് രഹസ്യചികിത്സയിൽപ്പെട്ടതാണ്.

ചെമ്പുകാശ് ഗോമൂത്രത്തിൽ തൊണ്ണൂറ് ദിവസം ഇട്ടുവെക്കുക. പിന്നെ അതെടുക്കുക. ഒരു കോൽ(എഴുപത്തിരണ്ട് സെ.മി) നീളത്തിൽ, അരക്കോൽ വണ്ണമുള്ള(മുപ്പത്തിയാറ് സെ.മി) കാഞ്ഞിരത്തിന്റെ തടികൊണ്ടുവന്ന്, അത് തുളച്ചെടുത്തതിനുള്ളിൽ ശുദ്ധിചെയ്ത ചെമ്പുകാശ് വെച്ച്, കാഞ്ഞിരത്തിന്റെതന്നെ ഒരാപ്പുകൊണ്ട് തുള അടയ്ക്കുക. അതിനുശേഷം കാഞ്ഞിരത്തടി ദഹിപ്പിക്കുക. അപ്പോൾ, ആ ചെമ്പ് വെളുത്ത നിറത്തിലുള്ള ഭസ്മമാകും. ഈ ഭസ്മം, എല്ലാതരം രോഗങ്ങൾക്കും ഉത്തമമാണ്. അതിന്റെ അനുപാതം മാറ്റി പ്രയോഗിച്ചാൽ മാറാത്ത രോഗങ്ങളില്ല. ജരാനരകൾ പോകുന്നതാണ്. യൗവനം തിരിച്ചുവരും. ഇതിനെ, ഏറ്റവും വലിയ സാരോപദേശമായി ആയുർവേദമറിഞ്ഞവർ കരുതുന്നു. ഇത് കഴിക്കുമ്പോൾ ഉപ്പും പുളിയും അൽപംപോലും ഉപയോഗിക്കരുത്. പുളിച്ചതൈര്, മുയലിറച്ചി, ചെറുനാരങ്ങ, കാടി, നല്ലെണ്ണ, ഇവയും കഴിക്കരുത്. ചക്കപ്പഴം, വാഴ

പ്പഴം, പശുവിൻനെയ്യ്, പാൽ, പഞ്ചസാര, എന്നിവ കഴിക്കാം.

കാഞ്ഞിരത്തിന്റെ മൂത്ത മരം തുരന്നെടുത്തതിൽ ഉണക്കമുന്തിരിങ്ങയും കൽക്കണ്ടവും നിറച്ചു കഴിഞ്ഞ്, ആ ദ്വാരം കാഞ്ഞിരത്തിന്റെ തന്നെ ഒരാപ്പുകൊണ്ട് അടച്ചുകഴിഞ്ഞ്, പിന്നെ അതെടുത്ത് ചെറിയ അളവിൽ, വർദ്ധമാനയോഗത്തിൽ ഇരുപത്തിയൊന്ന് ദിവസം കഴിച്ചാൽ സകലരോഗങ്ങളും മാറുമെന്നൊരു രഹസ്യോപദേശമുണ്ട്.

കാഞ്ഞിരമരം തുളച്ച്, അതിനുള്ളിൽ വാളംപുളിവെച്ച് തൊണ്ണൂറ് ദിവസം കഴിഞ്ഞെടുത്താൽ, അത് അവീനിനുപകരം അവീനിന്റെ സ്വഭാവങ്ങളില്ലാതെതന്നെ അവീൻവേണ്ടുന്ന യോഗങ്ങളിൽ പരിചയസമ്പന്നരായ ഭിഷഗ്വരന്മാർ ഉപയോഗിക്കാറുണ്ട്.

കാഞ്ഞിരം വിഷമുള്ളതായതുകൊണ്ട് അതിനെ ശുദ്ധിചെയ്യാൻ ഉപയോഗിച്ചിരുന്ന വിവിധ രീതികൾ:

കാഞ്ഞിരക്കുരു നെല്ലിൽചേർത്ത് ഒരു യാമം പുഴുങ്ങിയെടുത്ത്, അതിന്റെ തൊലികളഞ്ഞുപിളർന്ന് മുളകളഞ്ഞത്, അരിഞ്ഞ് ചെറുചീരനീരിൽ ഒരു യാമം ഇട്ടുവെക്കുക. തുടർന്ന്, അത് തേറ്റാമ്പരൽ കഷായത്തിൽ വേവിച്ചാൽ ശുദ്ധമാകും.

നല്ലതുപോലെ മൂത്ത കാഞ്ഞിരക്കുരു പശുവിൻപാലിലിട്ട് വേവിച്ച്, അതിന്റെ ഉള്ളിലെ പാടയും പുറമേയുള്ള തൊലിയും നീക്കിയുണക്കിയാൽ ശുദ്ധമാകും. കാഞ്ഞിരക്കുരു മോരിൽപുഴുങ്ങി, പുറത്തെ തോലും അകത്തുള്ള തളിരും കളഞ്ഞാൽ ശുദ്ധമാകും.

കാഞ്ഞിരക്കുരു ചാണകനീരിൽ മൂന്നുദിവസം ഇട്ടുവെച്ച് നാലാം ദിവസമെടുത്ത് കഴുകിയെടുത്ത്, തിരുമ്മി അതിന്റെ തൊലികളഞ്ഞ് ഗോമൂത്രത്തിലിട്ട് പുഴുങ്ങി വറ്റിച്ചെടുത്ത്, അത് വീണ്ടും പാലിൽ പുഴുങ്ങിയാൽ അത്യന്തം ശുദ്ധമാകും.

കാഞ്ഞിരത്തിന്റെ വേര് മണ്ണിൽപൊതിഞ്ഞ്, ഞാവലിന്റെ വിറകു കത്തിച്ച കനലിൽവച്ച് മൂന്നേമുക്കാൽ നാഴിക ചുട്ടെടുത്തശേഷം, അതിന്റെ മണ്ണുകളഞ്ഞ് വെള്ളംകൊണ്ട് കഴുകിയാൽ ശുദ്ധമാകും- കാഞ്ഞിരപ്പട്ടയും ഇങ്ങനെതന്നെ ചെയ്താൽ ശുദ്ധമാകുന്നതാണ്.

ഞാവലില കുത്തിപ്പിഴിഞ്ഞ നീരിൽ പുഴുങ്ങിയെടുത്താൽ കാഞ്ഞിരത്തിന്റെ എല്ലാ ഭാഗങ്ങളും ശുദ്ധമാകും.

കാഞ്ഞിരത്തിന്റെ ഏതുഭാഗവും നെയ്യിൽ വറുത്തുകഴിഞ്ഞാൽ ശുദ്ധമാകും.

ഭരണി നക്ഷത്രം

നെല്ലി

ശാസ്ത്രനാമം	: Phyllanthus Embliea Linn. (Embliea Officinallio Gacrtn)
കുടുംബം	: Euphorbiacea.
കുലം	: ഏരണ്ഡകുലം.
ഇംഗ്ലീഷ് നാമം	: Emblica Myrobulan, Indian Gooseberry.
സംസ്കൃതം	: ആമലകി, ധാത്രി.
മലയാളം	: നെല്ലി.
ഹിന്ദി	: അംലിക, അമലക്. അംവലാ.
കന്നട	: നെല്ലിക.
തമിഴ്	: നെല്ലി.
തെലുങ്ക്	: ഉസ്രികായ ആമലകാമ്

നക്ഷത്രഗണത്തിൽ രണ്ടാമത്തെ നക്ഷത്രമായ ഭരണി അടുപ്പു പോലെ കാണപ്പെടുന്ന മൂന്ന് നക്ഷത്രങ്ങളാണ്. കർക്കിടകം ഒന്നേമുക്കാൽ നാഴികയെത്തുമ്പോൾ ഉച്ചിയിലെത്തും. സ്ഥിതിനക്ഷത്രമാണ്. ദേവത യമനാണ്. മനുഷ്യഗണമാണ്. പുരുഷയോനിയാണ്. അക്ഷരം അകാരമാണ്. മന്ത്രാക്ഷരം നകാരമാണ്. ഭൂതം ഭൂമിയാണ്. മൃഗം ആനയാണ്. പക്ഷി പുള്ളാണ്. വൃക്ഷം നെല്ലിയാണ്.

അശ്വതി നക്ഷത്രത്തിൽ ജനിച്ചവർ പൊതുവെ ആരോഗ്യമുള്ളവരായിരിക്കും. സുഖത്തിന്റെയും, ഭോഗാസക്തിയുടെയും പിന്നാലെ പോകുന്നവരായിരിക്കും. തങ്ങളുടെ ലക്ഷ്യം നേടുന്നതിനായി എത്രത്തോളം പോകാമോ, അത്രത്തോളം പോകാനിവർ തയ്യാറാകും. കലാസാഹിത്യാദി രംഗങ്ങളിൽ പ്രവൃത്തിക്കുന്നവരാണെങ്കിൽ, പ്രശസ്തി അവരെ അനുഗ്രഹിക്കാതെ പോയേക്കാം. സാമ്പത്തികമായി ഉയർച്ച പ്രാപിക്കുമെങ്കിലും, പരിശ്രമത്തിനനുസരിച്ച വിജയമുണ്ടാവുകയില്ല. എന്നാൽ, ഏതുകാര്യത്തിന്റെയും നാനാവശങ്ങളെക്കുറിച്ച് ചിന്തിച്ചുപ്രവർത്തിക്കുന്നവരായിരിക്കും.

വരാഹമിഹിരൻ പറയുന്നു:
'കൃതനിശ്ചയസ്സുസത്യോരുഗ്ദക്ഷസ്സുഖയുതശ്ച ഭരണീഷു'

ഭരണി നക്ഷത്രക്കാർ പൊതുവെ സ്നേഹശീലരാണെങ്കിലും ചിലപ്പോൾ പരുഷമായി പെരുമാറുന്നവരായിരിക്കും. സ്ത്രീകൾ ദൈവഭക്തിയുള്ളവരും, പുണ്യസ്ഥലങ്ങൾ സന്ദർശിക്കാൻ ഇഷ്ടപ്പെടുന്നവ

രുമായിരിക്കും.

ഭരണി നക്ഷത്രവൃക്ഷമായ നെല്ലി ഇന്ത്യയിൽ ഉടനീളം കാണാം. കാടുകളിലും, നാടുകളിലും, സമുദ്രനിരപ്പിൽനിന്നും ഇരുന്നൂറ് മീറ്റർ ഉയരത്തിൽ വരെ നെല്ലി കാണപ്പെടുന്നു.

നെല്ലിയുടെ വേര്, മരത്തിന്റെ തോൽ, ഇല, കായ(വിത്ത്) എന്നിവ ഔഷധയോഗ്യമാണ്.

വേരിന്മേൽ തൊലി ധാതുസ്തംഭനൗഷധമാണ്. ആധ്മാനം, അമ്ല പിത്തം, വയറുവേദന, കോഷ്ഠവാതം എന്നിവക്ക് ഉത്തമമാണ്.

ഇലകൾ നേത്രരോഗങ്ങൾക്കും, ഉറക്കത്തിൽ മൂത്രമൊഴിക്കുന്നതിനും, വയറിളക്കത്തിനും, വയറുകടിക്കും ഉത്തമമാണ്.

മരത്തിന്റെ തൊലി ഗൊണോറിയ, മഞ്ഞപ്പിത്തം എന്നിവക്ക് ഉത്തമമാണ്.

കായ പുളിയുള്ളതാണ്. രസായനമാണ്. നയനാനന്ദകരമാണ്. പാചനമാണ്. വിരേചനമാണ്. മൂത്രളവും, ത്രിദോഷഹരവുമാണ്. പ്രമേഹം, ചുമ, ആസ്ത്മ, നയനരോഗങ്ങൾ, ശൂല, അമ്ലപിത്തം, കുടൽവ്രണം, ത്വക്‌രോഗങ്ങൾ, കുഷ്ഠം, പാണ്ഡുയകൃത്‌രോഗങ്ങൾ, മഞ്ഞപ്പിത്തം, വയറിളക്കം, വയറുകടി, പ്രദരം, ഹൃദ്‌രോഗങ്ങൾ, ഇടവിട്ടപനി, അകാലനര എന്നിവക്ക ഉത്തമമാണ്. വൃഷ്യവുമാണ്.

നെല്ലിക്കയെ വയസ്ഥായെന്നും, ശിവായെന്നും പറയും. കടുക്കയ്ക്ക് സമാനമായ ഗുണങ്ങളുള്ളതാണ് നെല്ലിക്ക.

നെല്ലിക്ക രക്തപിത്തത്തിനും, പ്രമേഹത്തിനും ഉത്തമമാണ്. നെല്ലിക്കാനീരും, അമൃതിൻനീരും സമമായെടുത്ത് ഒരു ടീസ്പൂൺ മഞ്ഞൾ പൊടിയും ചേർത്ത് കഴിച്ചാൽ പ്രമേഹം ശമിക്കും. നെല്ലിക്ക പൊടിച്ച് നെയ്യിൽ കഴിച്ചാൽ ത്വക്‌രോഗങ്ങൾ ശമിക്കും.

പച്ചനെല്ലിക്ക ഒരു കഴഞ്ച് വീതം രണ്ട് തുടം പാലിൽ ദിവസവും കഴിച്ചാൽ അമ്ലപിത്തം ശമിക്കും.

നെല്ലിക്കപ്പൊടി പഞ്ചസാരചേർത്ത് കഴിച്ചാൽ രക്തപിത്തം ശമിക്കും. പിത്താദിജ്വരം നെല്ലിക്കരസം കഴിച്ചാൽ മാറും. മൂക്കിലൂടെ രക്തം വരുന്നതിന് നെല്ലിക്ക കാടിവെള്ളത്തിലൊ, നെയ്യിലൊ അരച്ചത് നിറുകയിലിടണം.

നെല്ലിക്ക പൊടിച്ചത് നെല്ലിക്കാനീരിൽ നൂറ്റിയെട്ട് തവണ ഭാവന ചെയ്തതിൽ പഞ്ചസാരയും, തേനും, നെയ്യും അസമയോഗത്തിൽ ചേർത്ത് പാലിൽ ഒരു വർഷം കഴിച്ചാൽ വൃദ്ധനും, യുവാവാകും.

നെല്ലിക്ക ഒരു ഉത്തമ കൃമിനാശകമാണ്.

ഭക്ഷണത്തിന്റെ ആരംഭത്തിലും, മദ്ധ്യത്തിലും, അവസാനത്തിലും നെല്ലിക്ക കഴിക്കുന്നത് സർവദോഷഹരമാണ്.

ധാത്രീ(നെല്ലിക്ക)രസം മേദഹരവും, ശുക്ലവർദ്ധകവും, ഭഗ്നസന്ധാനകൃത്തും, കേശ്യവും, തൃഷ്ണാശമനകരവും, കഫപിത്തനാശകവുമാണ്.

നെല്ലിക്കാ മജ്ജ നീലപിത്തഹരവും, തൃഷ്ണാനാശകവും, ഛർദ്ദിയെ ശമിപ്പിക്കുന്നതുമാണ്. നെല്ലിക്കയുടെ അമ്ലത്വം വാതഹരമാണ്. മധുരശൈത്യങ്ങൾ പിത്തഹരവുമാണ്. നെല്ലിക്കയുടെ രൂക്ഷകഷായഭാവം കഫനാശകവുമാണ്. നെല്ലിക്ക സർവദോഷകരവുമാകുന്നു.

'നിഘണ്ടു രത്നാകരം' പറയുന്നു:
'ആമലക്യാ ഫലം കിഞ്ചിത് കടുകം സ്വാദുതിക്തകം
അമ്ലം ചതുവരം ശീതം ജരാവ്യാധി വിനാശനം
വൃഷ്യം കേശ്യം സാരകം ച ഹിതം ചാതുചിനാശകം
രക്തപിത്തം പ്രമേഹം ച വിഷ ജുർത്തിവമിം തഥാ
ആധ്മാനം ബദ്ധവിട്കത്വം ശോഫം ശോഷം തൃഷാം തഥാ
രക്തസ്യ വികൃതിം ചൈവത്രിദോഷം ചൈവനാശയേത്
അമ്ലത്വാദ്വാതഹം പ്രോക്തം മാധുര്യാ ച്ചൈവ ശീതതഃ
പിത്തനാശകരം ചോക്തം രൂക്ഷവാച്ചകഷായതഃ
കഫനാശകരം പ്രോക്തം പൂർവ്വൈ വിർദ്യാവിശാരദൈഃ
ആമലസ്യഫലം ശുഷ്കം തിക്തമമ്ലം കടുസ്മൃതം
മധുരം തുവരം കേശ്യം മുഗ്നസന്ധാനകാരകം
ധാതുവൃദ്ധികരം നേത്ര്യംലേപനത് കാന്തികാരകം
പിത്തം കഫം തൃഷാം ധർമ്മമേദോരോഗം വിഷംതഥാ
ത്രിദോഷംനാശയ ത്ര്യേവം പൂർവാചാ ര്യൈനിരൂപിതം'

ചില ആചാര്യന്മാർ നെല്ലിക്കയ്ക്ക് ശുദ്ധി പറഞ്ഞിട്ടുണ്ട്. നെല്ലിക്ക, കടുക്ക, താന്നിക്ക എന്നിവ വെയിലത്തുണക്കിയാൽ ശുദ്ധമാകും.

പച്ച നെല്ലിക്കയുടെ നീര് ജ്വരനാശകമാണ്. മൂത്രവർദ്ധകവുമാണ്. ശരീരത്തെ തണുപ്പിക്കുകയും, വിരേചിപ്പിക്കുകയും ചെയ്യുന്നതാണ്.

നെല്ലിക്ക കുത്തിയെടുത്താൽ കിട്ടുന്ന നീര് കണ്ണ്വീങ്ങിയാൽ പുറത്തുപുരട്ടുവാൻ നല്ലതാണ്.

പച്ചനെല്ലിക്ക വിരേചനഗുണമുള്ളതാണെങ്കിൽ, ഉണക്കനെല്ലിക്ക ബന്ധനഗുണമുള്ളതാണ്.

കുടൽരോഗങ്ങൾക്ക് ബന്ധനൗഷധമായി ഉണക്കനെല്ലിക്ക ഉപ

യോഗിക്കാം. പഴയ കാലത്തുള്ളവർ നെല്ലിക്കയുടെ ബന്ധനഗുണം മനസ്സിലാക്കിയാണ് തോൽ ഊറയ്ക്കിടുവാൻ ഉപയോഗിച്ചിരുന്നത്.

ഉണക്കനെല്ലിക്ക വയറിളക്കത്തിനും, അർശസ്സിനും നല്ലതാണ്.

ഉണക്കനെല്ലിക്കയിൽ മായാമ്ലം(കോശദ്രാവകം cytoplasm) ധാരാളമുണ്ട്. അതുകൊണ്ട് കോശകലകളിൽ അത്യധികമായി പ്രവർത്തിക്കുകയും, ആയുസ്സിന് ഹിതകരമാകുകയും ചെയ്യുന്നു.

അത്തിമരം തുരന്ന് അതിനുള്ളിൽ നെല്ലിക്ക നിറച്ച് മരത്തിനുചുറ്റും നെല്ലിക്കവെച്ച ഭാഗം ചുട്ടുപഴുപ്പിച്ച്, തണുത്താൽ നെല്ലിക്കമുഴുവൻ തുറന്നെടുത്ത് ശർക്കരയും, കൂവളവേര് പൊടിച്ചതും, അമുക്കരം പൊടിച്ചതും ചേർത്ത് വെച്ചുകഴിച്ചാൽ ഭാജക്ഷയകരങ്ങളും, ബലനാശകരങ്ങളുമായ രോഗങ്ങളും, ഔപസർഗ്ഗികരോഗങ്ങളുമെല്ലാം സൂര്യനെ കണ്ടാൽ ഇരുട്ടെന്നപോലെ ഓടിപ്പോകുന്നതാണ്.

നെല്ലിക്കയുടെ പൂവ് ജ്വരനാശകമാണ്. വിരേചനഗുണമുള്ളതാണ്.

നെല്ലിക്കമരത്തിന്റെ തൊലിക്ക് ബന്ധനഗുണമുണ്ട്.

നെല്ലിമരം കലങ്ങിയ വെള്ളം ശുദ്ധിചെയ്യുവാനുപയോഗിക്കാം. നെല്ലിമരത്തിന്റെ തൊലി ഇടിച്ചുപിഴിഞ്ഞ നീരിൽ മഞ്ഞൾ അരച്ചതും, തേനും ചേർത്തുകൊടുത്താൽ അസ്ഥിസ്രാവം നിൽക്കും.

നെല്ലിയിലനീരിൽ ഉലുവ ചേർത്തുകൊടുത്താൽ പഴക്കംവന്ന അർശസ്സ് ശമിക്കും. ഇത് സുഖസന്ദായകമാണ്.

മരത്തിന്റെ കറ പഴക്കംവന്ന ദുഷ്ടവ്രണങ്ങളിൽ പുരട്ടിയാൽ ദുർഗന്ധം അകന്നുപോകും.

നെല്ലിക്ക ഭക്ഷണത്തിനും ധാരാളമായി ഉപയോഗിച്ചുവരുന്നുണ്ട്. അച്ചാറുകൾ, ഉണക്കിയെടുത്ത അച്ചാറുകൾ എന്നിവയ്ക്കെല്ലാം നെല്ലിക്ക ഉപയോഗിക്കാറുണ്ട്.

നെല്ലിക്ക സൂചികൊണ്ട് കുത്തിയെടുത്ത് ചുണ്ണാമ്പുതെളിയിൽ ഇട്ടുവെച്ചെടുത്ത്, അതിനോടൊപ്പം പഞ്ചസാരയും ചേർത്ത് ഭരണിയിലാക്കി അടച്ചുകെട്ടിവെച്ചത് മുപ്പത് ദിവസം കഴിഞ്ഞെടുത്ത് കഴിച്ചാൽ ബലം വർദ്ധിക്കും.

നെല്ലിക്കയും, ജാതിക്കപ്പെരിപ്പ് നാലായി കീറിയതും ശുദ്ധമായ കാരെള്ള് ആട്ടിയെടുത്ത എണ്ണയിൽ തുല്യയളവിൽ മുങ്ങിക്കിടക്കുവാൻപാകത്തിൽ ഇട്ടുവെയ്ക്കുക. ഇരുപത്തിയൊന്ന് ദിവസം കഴിഞ്ഞ് അതെടുത്ത് ഒരു നെല്ലിക്കയും, ഒരു ജാതിക്കയുടെ നാലിൽ ഒരു ഭാഗവും, ഒരു ടീസ്പൂൺ അതിനൊപ്പമിട്ട എണ്ണയും ചേർത്ത് കഴിച്ചാൽ,

പ്രമേഹമുള്ള കുട്ടികളുണ്ടാകാതെ വിഷമിക്കുന്ന(ബീജശേഷിയില്ലാത്ത) പുരുഷന് ഒരു മണ്ഡലംകൊണ്ട് പ്രമേഹം തീർത്തും പോകുന്നതാണ്. അനപത്യദോഷവും മാറുന്നതാണ്. ഈ ഔഷധം പ്രാചീന വൈദ്യകുടുംബങ്ങൾ ദിവ്യമായൊരു ഔഷധരഹസ്യമെന്നനിലയിൽ ഉത്തമന്മാർക്കുമാത്രം തലമുറകളിലൂടെ കൈമാറിപ്പോന്നിട്ടുള്ളതാണ്. ഈ രഹസ്യവിദ്യയെ പുത്രപൗത്രപാരമ്പര്യത്തിലൂടെ അറിഞ്ഞാലും പരസ്യമാക്കരുതെന്നും നിർഷ്ക്കർഷിച്ചിട്ടുള്ളതാണ്, വിശ്വാസത്തിന്റേതാക്കി സൂക്ഷിച്ചുപോന്നിട്ടുള്ളതാണ്.

നെല്ലിമരത്തിന്റെ തോലിൽ എണ്ണവെച്ചിരുന്നത് മരം വലിച്ചുകയറ്റുകയും, പിന്നെ തിരിച്ചുവരുകയും ചെയ്യുന്ന എണ്ണ ഉപയോഗിച്ചുകൊണ്ടുള്ള അനേകം ചികിത്സാമുറകൾ പണ്ട് നിലനിന്നിരുന്നു. ഈ എണ്ണ കുഷ്ഠം, വിസർപ്പം, ഓജക്ഷയം എന്നിവക്ക് ഉപയുക്തമാണ്.

നെല്ലിക്കയും, കൂവളത്തിന്റെ തളിരിലയും, അമുക്കുരം പൊടിച്ചതും, നായ്ക്കുരണപ്പരിപ്പും(തൊലികളഞ്ഞ കായ), നാരും മൊരിയും കളഞ്ഞ ശതാവരിക്കിഴങ്ങും ചേർത്ത് ഭരണിയിലാക്കിയതിൽ തേനും നിറച്ച് അടച്ചുവെച്ചിരുന്നാൽ, അത് തൊണ്ണൂറ് ദിവസം കഴിഞ്ഞെടുക്കണം. പിഴിഞ്ഞരിച്ചുവെച്ചതിൽ പത്ത് എം.എൽ വീതം കഴിച്ചാൽ ത്രിദോഷങ്ങൾകൊണ്ടുണ്ടാകുന്ന രോഗങ്ങൾ മാറും.

നെല്ലിയില നീരിൽ അവൽ നനച്ചുകൊടുത്താൽ രാത്രിയിൽ കിടക്കയിൽ മൂത്രമൊഴിക്കുന്നത് മാറും.

നെല്ലിക്കയിൽ പെക്റ്റിൻ വിറ്റാമിൻ-സി, വിറ്റാമിൻ-ബി, കോംപ്ലെക്സ്, കാത്സ്യം, ഇരുമ്പ് എന്നിവയുണ്ട്. ഗൈനിക്കാസിഡ്, ടാനിക്കാസിഡ്, റെസിൻ പഞ്ചസാര, അന്നജം, പ്രോട്ടീൻ, ആൽബുമിൻ, സെല്ലുലോസ് എന്നിവയും ധാരാളം അടങ്ങിയിട്ടുണ്ട്.

ആയുർവേദപ്രകാരം നെല്ലിക്കകഷായം തിക്തവും, മധുരവും, അമ്ലവും രസങ്ങളുള്ളതാണ്. ഇതിന്റെ ഉപയോഗവ്യതിയാനം അനുസരിച്ച് വിപാകരസങ്ങൾ കടു, അമ്ലം, മധുരം എന്നിവയുള്ളതിനാൽ ത്രിദോഷങ്ങളെയും ഹരിക്കും. ഇത് ശീതവീര്യവും, വിപാകത്തിൽ മധുരവുമാണെന്ന് ഗണിച്ചുവരുന്നു.

നെല്ലിക്കനീര് പതിവായി തൊലിപ്പുറമേ പുരട്ടി ഒരു മണിക്കൂർ കഴിഞ്ഞ് കുളിച്ചാൽ ത്വക്കിന് കുളിർമയും, ശക്തിയും, ഉന്മേഷവും ഉണ്ടാകും. ഇതിന് ബുദ്ധിമുട്ടുള്ളവർ നെല്ലിക്കയിട്ടുവെന്ത വെള്ളത്തിൽ കുളിച്ചാൽ മതി.

നെല്ലിക്കനീര് മുപ്പത് എം.എൽ എടുത്ത്, അതിന് സമമായി കുമ്പളങ്ങാനീരും, ഒരു ടീസ്പൂൺ ചെറുതേനും ചേർത്തുകഴിച്ചാൽ അതി

സ്ഥൗല്യം മാറും.

നേത്രരോഗങ്ങൾക്ക് നെല്ലിക്ക പിഴിഞ്ഞനീര് നാലുമടക്ക് തുണിയിൽ അരിച്ചെടുത്തത് കണ്ണിലൊഴിക്കാൻ നല്ലതാണ്.

നേത്രരോഗങ്ങൾക്കും, മലബന്ധത്തിനും നെല്ലിക്കയുടെയും, കടുക്കയുടെയും, താന്നിക്കയുടെയും തോട് സമമായെടുത്ത് പൊടിച്ചുവച്ചത് തേനും, നെയ്യും അസമയോഗത്തിൽ(തുല്യമാകാതെ) ചേർത്തുകഴിച്ചാൽ മതി. ഇത് പതിവായി കഴിക്കാം, രസായനമാണ്. പാണ്ഡുതയിൽ(വിളർച്ച) ഉത്തമമാണ്.

നെല്ലിക്കനീര് നാല്പത് എം.എൽ, ചിറ്റമൃതിൻനീര് അഞ്ച് എം.എൽ, കീഴാർനെല്ലി പിഴിഞ്ഞനീര് പത്ത് എം.എൽ, മുക്കുറ്റിനീര് ഇരുപത് എം.എൽ, വരട്ടുമഞ്ഞൾ പൊടിച്ചത് രണ്ടര ഗ്രാം(അരകഴഞ്ച്) എന്നിവ ചേർത്തുകഴിച്ചാൽ ഏതുതരം പ്രമേഹവും വരുതിയിലാകും. അപ്പോൾ, രക്തത്തിലെ ഷുഗർ കുറയാതെ നോക്കണം.

അരക്കഴഞ്ച് നെല്ലിക്കാപൊടിയും, പത്ത് എം.എൽ നെയ്യും ചേർത്തുകഴിച്ചാൽ ത്വക്കിലെ ഏതുതരം അലർജികളും ശമിക്കും.

അശ്വനീദേവതകൾ നെല്ലിക്കയിലെ മായാമ്ലത്തിന്റെ ശക്തി നല്ലതുപോലെ മനസ്സിലാക്കിയിരുന്നു, 'ച്യവനപ്രാശ'ത്തിലെ പ്രധാനമരുന്നുകളിലൊന്ന് നെല്ലിക്കയാണ്.

നെല്ലിമരം നട്ടുപിടിപ്പിക്കുക, നെല്ലിവൃക്ഷത്തിന് പ്രദക്ഷിണം വെയ്ക്കുക, നെല്ലിക്ക് വെള്ളമൊഴിക്കുക, നെല്ലിക്ക പതിവായി കഴിക്കുക. അത് ശീലിച്ചാൽ കലി ബാധിക്കുകയില്ലെന്ന് പ്രാചീനഭാരതീയർ വിശ്വസിച്ചിരുന്നു.

നെല്ലിക്ക, ഗോമൂത്രം, ചാണകം, പശുവിൻനെയ്യ്, പശുവിൻപാല്, താമരപ്പൂവ്, ശംഖ്, വെള്ളവസ്ത്രം എന്നിവയെല്ലാം ലക്ഷ്മിയുടെ അധിവാസമുള്ളതാണെന്ന് അനുഷ്ഠാനസങ്കല്പങ്ങളിൽ കാണാം.

നെല്ലിക്കയിൽ ഉപ്പ് ഒഴിച്ചുള്ള എല്ലാതരം രസങ്ങളും ലഭ്യമാണ്. അതുകൊണ്ട് ആഹാരം കുറയുമ്പോൾ ഉപ്പും, നെല്ലിക്കയും ചേർത്തു കഴിച്ചാൽ ഭക്ഷണമായി. ഭക്ഷണം രസകരമെന്നാണ് ആപ്തവാക്യം.

നെല്ലിക്കാത്തോട് നാല് ഗ്രാം, കടുക്കാത്തോട് നാല് ഗ്രാം, ഒരു ഗ്രാം ഞെരിഞ്ഞാമ്പുളിക്കിഴങ്ങുചേർത്ത് പൊടിച്ച് രണ്ട് നാഴി വെള്ളത്തിൽ വറ്റിച്ചെടുത്തത് രണ്ട് ഔൺസ് വീതം കൊടുത്താൽ മലമൂത്രതടസങ്ങൾ മാറും.

നെല്ലിയുടെ തളിരില തൈരിലോ, മോരിലോ അരച്ചുകഴിച്ചാൽ

അതിസാരം മാറും.

കൊച്ചുകുട്ടികൾക്ക് പൊക്കിൾ പഴുക്കുന്നതിന് നെല്ലിയില പൊടിച്ചത് വിതറിയാൽ മതി.

നെല്ലിക്കയുടെ കുരു രക്തചന്ദനം ചേർത്തരച്ചതിൽ തേനും കൂട്ടി കഴിച്ചാൽ ഛർദ്ദിയും, മനംപുരട്ടലും മാറും.

മസ്തിഷ്ക രക്തസ്രാവം വരാതിരിക്കുന്നതിനും(ലൂക്കീമിയയിൽ) മൂക്കിലൂടെ രക്തം വരുന്നതിനും നെല്ലിക്കകുരു നെയ്യിൽവറുത്ത് അരച്ചത് നെറ്റിയിൽ കനത്തിൽ പുരട്ടിയാൽ മതി.

തലവേദനക്ക് നെല്ലിക്ക പുളിച്ചമോരിൽ അരച്ചത് പുരട്ടിയാൽ മതിയാകും.

നെല്ലികുരു ചുട്ടുപൊടിച്ചതിൽ എണ്ണയും, ഇല്ലനക്കരിയും(ഗൃഹധൂമം) ചേർത്തുപുരട്ടിയാൽ വ്രണങ്ങൾ ഉണങ്ങും.

നെല്ലികുരു കഷായംവെച്ചത് കഴിച്ചാൽ പ്രമേഹവും, ജ്വരവും ശമിക്കും.

നെല്ലിക്കാതോട്, കടുക്കാത്തോട്, താന്നിക്കാതോട്, എള്ള് എന്നിവ ചേർത്ത് പൊടിച്ചുവച്ചത് കഴിച്ചാൽ ആരോഗ്യവും, സൗന്ദര്യവും, ആയുസ്സുമുണ്ടാകുമെന്ന് 'അഷ്ടാംഗഹൃദയം' പറയുന്നു.

ഒരു ഭരണിയിൽ കുറച്ച് നെല്ലിക്ക കഴുകിത്തുടച്ചിടുക. അതിനുമീതേയായി, അതിലിരിക്കുന്ന നെല്ലിക്കയ്ക്ക് സമമായി ശർക്കരയിടുക. അതിനുമേൽ വീണ്ടും നെല്ലിക്കയിടുക, സമമായി ശർക്കരയിടുക. അങ്ങനെയത് നിറച്ചതിനുശേഷം മൂടിക്കെട്ടിവെക്കുക. ഒരു മണ്ഡലം കഴിഞ്ഞെടുത്ത് പിഴിഞ്ഞരിച്ച് കുപ്പികളിൽ സൂക്ഷിച്ചുവെക്കുക. ഇത് ഭക്ഷണത്തിനുമുമ്പ് പതിനഞ്ച് എം.എൽ വീതം കഴിക്കുന്നത് നല്ലതാണ്. പ്രമേഹരോഗികൾക്ക് ശർക്കരയ്ക്കുപകരം തെങ്ങിൻ ശർക്കരയാണ് ഉത്തമം.

'ത്രിഫലാചൂർണ്ണ'ത്തിന് കടുക്കയും, താന്നിക്കയും, നെല്ലിക്കയും സമമായെടുത്തുചേർത്താണ് ഉപയോഗിക്കേണ്ടതെന്നാണ് പൊതുവേയുള്ള മതം. എന്നാൽ, മറ്റൊരു മതവും പ്രശസ്തമായുണ്ട്:

'ഏകാ ഹരീതകീ യോജ്യാ ദ്വൌ ച യോജ്യൌ വിഭീതകൌ
ചത്വാര്യാമലകാന്യേവത്രിഫലൈഷാപ്രകീർത്തിതാ
ത്രിഫലാശോഫമേഹഘ്നീ നാശയേദ്വിഷമജ്വരാൻ
ദീപനീശ്ലേഷ്മ പിത്തഘ്നീ കുഷ്ഠഃ ശ്രീരസായനീ.
സർപ്പീർ മധുഭ്യാം സംയുക്താസൈവനേത്രാമയാഞ്ജയേത്.'

ഒരു കടുക്ക, രണ്ട് താന്നിക്ക, നാല് നെല്ലിക്ക, കുരുകളഞ്ഞ് പൊടിച്ചുചേർത്താൽ ത്രിഫലയാണ്. ഇത് നീര്, പ്രമേഹം, വിഷമജ്വരം, കഫകോപം, പിത്തകോപം, കുഷ്ഠം ഇവയെ നശിപ്പിക്കും. ഇത് ജഠരാഗ്നിക്ക് പാചനശക്തിയെ ഉണ്ടാക്കുന്നതും, രസൗഷധവുമാണ്(രസായനം ജരാനരകളെ ശമിപ്പിച്ച് ആയുസ്സിനെ നിലനിർത്തും.) ഇത് തേനും, നെയ്യും ചേർത്ത് കഴിച്ചുശീലിച്ചാൽ നേത്രരോഗങ്ങളെ ജയിക്കും.

കാർത്തിക നക്ഷത്രം

അത്തി

ശാസ്ത്രനാമം	: Ficus racemosa, Ficus glomerata.
കുടുംബം	: Moraceae
കുലം	: വടകുലം.
ഇംഗ്ലീഷ് നാമം	: Cluster fig tree, Goolar (Gular)Fig.
സംസ്കൃതം	: ഉദുംബരഃ സദാഫലഃ
മലയാളം	: അത്തി.
ഹിന്ദി	: ഗുലാർ, ഉമാർ, അംജീരെ, ആദമ.
കന്നട	: അത്തി.
തമിഴ്	: അത്തി.
തെലുങ്ക്	: ഉദുംബരമു, പൈദി.

കാർത്തിക നക്ഷത്രം ആറ് നക്ഷത്രങ്ങളുടെ ഒരു കൂട്ടമാണ്. കാർത്തിക സംഹാരനക്ഷത്രമാണ്. കർക്കിടകം മൂന്നേമുക്കാൽ നാഴിക ഉച്ചിയിലെത്തും. ദേവത അഗ്നിയാണ്. അസുരഗണമാണ്. സ്ത്രീയോനിയാണ്. അക്ഷരം അകാരമാണ്. മന്ത്രാക്ഷരം നകാരമാണ്. ഭൂതം ഭൂമിയാണ്. മൃഗം ആടാണ്. പക്ഷി പുള്ളാണ്. വൃക്ഷം അത്തിയാണ്.

കാർത്തിക നക്ഷത്രത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'ബഹുഭുക് പരദാരരതസ്തേജസ്വീ കൃത്തികാസുവിഖ്യാത'

കാർത്തിക നക്ഷത്രത്തിൽ ജനിച്ചവൻ ആഹാരങ്ങൾ വളരെയേറെ കഴിക്കാൻ ഇഷ്ടപ്പെടുന്നവനായിരിക്കും. പരസ്ത്രീകളിൽ തത്പരനും, തേജസ്സോടുകൂടിയവനും, കീർത്തിമാനുമായിരിക്കും. ആരോഗ്യവും, ശക്തിയുമുള്ളവരായിരിക്കും. പൊതുവെ സംഭാഷണപ്രിയരായ ഇവർ പരോപകാരപ്രദമായ കാര്യങ്ങൾക്ക് സന്നദ്ധരുമായിരിക്കും. ഏത് രംഗത്തെത്തിയാലും മുന്നേറുന്നവരായിരിക്കും. സുഖാഡംബരങ്ങൾ ഇഷ്ടപ്പെടുന്നവരും, എളുപ്പത്തിൽ സുഹൃത്തുക്കളെ സമ്പാദിക്കുന്നവരു ായിരിക്കും. എന്നാൽ, സത്യധർമ്മബോധവും, പുണ്യപാപബോധവും താരതമ്യേന കുറവായിരിക്കും.

കാർത്തിക നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾ സദ്യയൊരുക്കുന്നതിലും, സ്നേഹത്തോടെ പെരുമാറുന്നതിലും പ്രശസ്തിനേടുന്നവരായിരിക്കും.

കാർത്തിക നക്ഷത്രവൃക്ഷമായ അത്തി ഇന്ത്യയിലുടനീളം കാണപ്പെടുന്നു. അത്തിയൊരു പാലുള്ള വൃക്ഷമായതുകൊണ്ട് 'ക്ഷീരവൃ

ക്ഷഃ'യെന്നും, പാൽ ഉണങ്ങിയാൽ മഞ്ഞനിറത്തിലാകുന്നതിനാൽ 'ഹേമദുഗ്ധ'യെന്നും, മരത്തിന്റെ തൊലിക്ക് തണുപ്പുള്ളതിനാൽ 'ശീതവല്ക്കലഃ'യെന്നും പറയും.

അത്തി പത്തടിവരെ വ്യാസത്തിലുണ്ടാകാറുണ്ട്. ഇരുപതടി, മുപ്പതടി ഉയരത്തിൽ വളരാറുമുണ്ട്. അത്തിയില ആലിലയോട് സാദൃശ്യമുള്ളതാണ്. ഇലയിലും കറയുണ്ടാകും. മരത്തിന്റെ തൊലി ചുകപ്പുനിറത്തുള്ളതൊ, ചെമ്പിച്ച നിറത്തിലുള്ളതൊ ആയിരിക്കും. അത്തി വസന്തകാലത്ത് പൂക്കുകയും വർഷകാലത്ത് കായ്ക്കുകയും ചെയ്യുന്നു. അത്തിയുടെ വേര്, ഇല, ഫലം, തൊലി, പാൽ എന്നിവയെല്ലാം ഔഷധമായി ഉപയോഗിക്കുന്നു.

ചരകൻ അത്തിയെ മൂത്രസംഗ്രഹണീയഗണത്തിലും, കഷായസ്കന്ധത്തിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സുശ്രുതനാകട്ടെ, ന്യഗ്രോധാദിഗണത്തിലാണ് ഉൾപെടുത്തിയിരിക്കുന്നത്.

'ഭാവപ്രകാശ'ത്തിൽ പറയുന്നു:
'ഉദുംബരോ ഹിമോ രൂക്ഷോ ഗുരുഃ പിത്തകഫാസ്രജിത്
മധുരസ്തുഖരോ വർണ്യോ വ്രണശോധനരോപണഃ'

ഉദുംബരം ശീതമാണ്. രൂക്ഷമാണ്(ത്വക്കിന് വരൾച്ചയുണ്ടാക്കുന്നതാണ്). ദഹിക്കാൻ പ്രയാസമാണ്. പിത്തവും, കഫവും, രക്തവും വർദ്ധിപ്പിക്കുന്നതാണ്. മധുരമാണ്. തുവരമാണ്(Astringent) വർണ്ണമുണ്ടാക്കുന്നതാണ്. വ്രണങ്ങൾക്ക് ശോധനവും രോപണീയവുമാണ്.

'ധന്വന്തരിനിഘണ്ടു'വിൽ പറയുന്നു:
'ഉദുംബരഃ ക്ഷീരവൃക്ഷോഹേമദുഗ്ധഃ സദാഫലഃ
അപുഷ്പഫലസംബന്ധോ യജ്ഞാംഗഃ ശീതവല്കലഃ
ഉദുംബരം കഷായം സ്യാത് പക്വം തുമധുരം ഹിമം
കൃമികൃത് പിത്തരക്തഘ്നം മൂർച്ഛാദാഹ തൃഷാപഹം.'

ക്ഷീരവൃക്ഷം, ഹേമദുഗ്ധം, സദാഫലം, അപുഷ്പഫലസംബന്ധം, യജ്ഞാംഗം, ശീതവൽക്കലം എന്നിവ പര്യായപദങ്ങളാണ്. ഫലം കഷായമാണ്. പക്വമായ ഫലം മധുരവും, ശീതവീര്യവുമാണ്. രക്തപിത്തഹരമാണ്. മൂർച്ഛയെയും, ദാഹത്തെയും, തൃഷ്ണയും ദൂരെ കളയുന്നതാണ്.

'മദനപാലനിഘണ്ടു'വിൽ പറയുന്നു:
'ഉദുംബരഃ ക്ഷീരവൃക്ഷോ ജന്തുവൃക്ഷഃ സദാഫലഃ
ഹേമദുഗ്ധഃ കൃമിഫലോ യജ്ഞാംഗഃ ശീതവല്ക്കലഃ
ഉദുംബരോ ഹിമോവ്രണ്യഃ കഫപിത്താസ്രജിത് ഗുരുഃ'

ക്ഷീരവൃക്ഷം, സദാഫലം, ജന്തുവൃക്ഷം, ഹേമദുഗ്ധം, കൃമിഫലം, യജ്ഞാംഗം, ശീതവല്ക്കലം എന്നിവ അത്തിയുടെ പര്യായനാമങ്ങളാണ്. അത്തി ശീതഫലമാണ്. വ്രണങ്ങൾക്കഹിതമാണ്. കഫം, പിത്തം, രക്തം, എന്നിവയെ ജയിക്കുന്നതാണ്. ഗുരുവാണ്.

'രാജനിഘണ്ടു' പറയുന്നു:

'ഉദുംബരഃ ക്ഷീരവൃക്ഷോഹേമദുഗ്ധഃ സദാഫലഃ
കാലസ്കന്ധോ യജ്ഞയോഗ്യോ യജ്ഞീയഃ സുപ്രതിഷ്ഠിതഃ
ശീതവൽകോ ജന്തുഫലഃ പുഷ്പശൂന്യഃ പവിത്രകഃ
സൗമ്യഃ ശീതഫലഞ്ചേതി മനുസംജ്ഞഃ സമീരിതഃ
ഉദുംബരം കഷായം സ്യാത് പക്വസ്തുമധുരംഹിമം
കൃമികൃത് പിത്തരക്തഘ്നം മൂർച്ഛാദാഹതൃഷാപഹം.
ഔദുംബരം ഫലമതീവഹിമം സുപക്വം പിത്താപഹം
ചമധുരം ശ്രമശോഫഹാരി
ആമം കഷായ മതിദീപനരോചനം ചമാംസസ്യവൃദ്ധികര
മസ്രവികാരകാരി.
നദ്യുദുംബരികാ ചാന്യാലഘുപത്ര ഫലാതഥാ
പ്രോക്താലഘുഹേമദുഗ്യാലഘുപൂർവസദാഫലാ
ലഘുവാംദ്യുംബരാഹ്വാസ്യാദ് വാണഹാച പ്രകീർത്തിതാ
രസവിര്യ വിപാകേഷുകിഞ്ചിത് ന്യുനാച പൂർവതഃ
കൃഷ്ണോദുംബരികാ ചാന്യാഖരപത്രചരാജികാ
ഉദുംബരീ ച കഠിനാ കുഷ്ഠഘ്നീ ഫല്ഗുവാടികാ
അജാക്ഷി ഫൽഗുനീ ചൈവമൂലശ്ചിത്രഭേഷജാ
കാകോദുംബരികാ ചൈവാധ്വാങ് ഘനാമ്സീത്രയോദശഃ
കാകോദുംബരികാ ശീതാഫക്വാഗൗല്യാമ്നികാകടുഃ
ത്വഗ്ദോഷ പിത്തരക്തഘ്നീതദ്വല്കം ചാതിസാരജിത്.
ഉദുംബരത്വചാ ശീതാ കഷായാവ്രണനാശിനി
ഗുർവിണീഗർഭസംരക്ഷേഹിതാസ്തന്യപ്രദായിനി.'

ഉദംബം, ക്ഷീരവൃക്ഷം, ഹേമദുഗ്ധം, സദാഫലം, കാലസ്കന്ധം, യജ്ഞയോജ്യം, യജ്ഞീയം, സുപ്രതിഷ്ഠിതം, ശീതവല്ക്കം, ജന്തുഫലം, പുഷ്പശൂന്യം, പവിത്രകം, സൗമ്യം, ശീതഫലം എന്നിവ അത്തിയുടെ പര്യായപദങ്ങളാണ്.

അത്തിക്കായ പച്ചയ്ക്ക് കഷായരസവും, പഴുത്തതിന് മധുരരസവുമാണ്. അവ ശീതളമാണ്. കൃമിപ്രവൃദ്ധമാണ്. രക്തപിത്തം, മൂർച്ഛ എന്നിവയെ ഇല്ലാതാക്കുന്നതാണ്. ദാഹം, വിശപ്പ് എന്നിവ ശാന്തമാക്കുന്നതാണ്. പഴുത്ത അത്തിക്കായ അത്യന്തം ശീതളമാണ്. മധുരരസയുക്തമാണ്. പിത്തം, ക്ഷീണം, നീര് എന്നിവയെ ഇല്ലാതാക്കു

ന്നതാണ്. പച്ചക്കായ ജഠരാഗ്നി ദീപകമാണ്. രുചിവർദ്ധകമാണ്. മാംസത്തെ വർദ്ധിപ്പിക്കുന്നതാണ്. രക്തവികാരങ്ങളെ ഇല്ലായ്മ ചെയ്യുന്നതാണ്.

നദ്യുദംബരം= നദീതീരത്തുള്ള അത്തി. ലഘുപത്രഫലം, ലഘുഹേമദുഗ്ധം, ലഘുസദാഫലം എന്നിവ പര്യായനാമങ്ങളാണ്. അതുപോലെ കാകോദുംബരം, കൃഷ്ണോദുംബരികാ, ഖരപത്ര, രാജ്ജികാ, ഉദുംബരി, കഠിനാ, കുഷ്ഠഘ്ന, ഫല്ഗുവകാടി, അജാക്ഷി, ഫല്ഗുനി, ചിത്രഭേഷജാ, മലപൂ, ധ്യാക്ഷ എന്നിവയും പര്യായനാമങ്ങളാണ്.

അത്തിക്കായ പുളി അല്ലെങ്കിൽ എരിവ് രസമുള്ളതും, ശീതളവുമാണ്. ചർമ്മവികാരങ്ങൾക്കും, പിത്തരക്തവികാരങ്ങൾക്കും നല്ലതാണ്.

അത്തിതൊലി അതിസാരത്തിന് നല്ലതാണ്. വ്രണനാശകമാണ്. ഗർഭിണികളുടെ ഗർഭത്തെ രക്ഷിക്കുന്നതിന് ഹിതകരമാണ്. മുലപ്പാൽ വർദ്ധിപ്പിക്കുന്നതാണ്.

അത്തിയുടെ വേര് ഉണക്കിപ്പൊടിച്ചു കൊടുത്താൽ ആമംമൂലമുള്ള അതിസാരം പെട്ടെന്നു മാറും.

വലിയ അത്തിമരത്തിന്റെ വേരിന്മേൽ ഒരു ദ്വാരമുണ്ടാക്കിയാൽ അതിൽനിന്നും കറയൊലിച്ചിറങ്ങും. അത് കഴിച്ചാൽ ബലമുണ്ടാകും. (Immunity. ആധുനികമായ പല രോഗങ്ങൾക്കും കാരണം ബലനാശമാണ്.)

അത്തിയില ഉണക്കിപ്പൊടിച്ചത് തേൻ ചേർത്തുകഴിച്ചാൽ എല്ലാതരം പിത്തവികാരങ്ങളും ശമിക്കും.

അത്തിയിലയുടെ നീര് ഇരുപത് തുള്ളിമുതൽ മുപ്പത് തുള്ളിവരെ തിളിപ്പിച്ചാറിയ വെള്ളത്തിൽ കഴിക്കാം. ശുദ്ധമായ മഴവെള്ളത്തിൽ കഴിക്കാമെന്നും ചില വൈദ്യന്മാർ പറയുന്നുണ്ട്.

പതിവായി രാവിലെ വിഷ്ണുവിനെ സ്മരിച്ചുകൊണ്ട് മൂന്ന് അത്തി പഴം കഴിക്കുന്നവന് മൂത്രകൃച്ഛ്റം(മൂത്രതടസ്സം)മാറുമെന്ന് പഴയ കാലത്തുള്ളവർ പറയാറുണ്ട്.

അത്തിവേരിൽ നിന്നെടുക്കുന്ന കറ കഴിച്ചാൽ ബഹുമൂത്രത മാറും.

അത്തിമരത്തിന്റെ തൊലി(പട്ട) അറുപത് ഗ്രാം, പന്ത്രണ്ട് ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കിയത് പിഴിഞ്ഞരിച്ച് അര ഗ്ലാസ്സ് വീതം മൂന്ന് നേരം കഴിച്ചാൽ രക്തപ്രദരം ഇല്ലാതാകും.

അത്തിതൊലി കഷായംവെച്ചത് കവിൾകൊണ്ടാൽ ദന്തരോഗ

വും, മോണരോഗവും മാറും.

ഭഗന്ദരം(Fistula)വന്ന് പഴുത്തതിൽ അത്തിക്കറ പഞ്ഞിയിൽ മുക്കിവെച്ചാൽ അല്ലെങ്കിൽ തിരിത്തുണിയിൽ മുക്കി വ്രണത്തിൽ മൂന്ന് മണിക്കൂർ മാറിമാറി വെച്ചാൽ ശമിക്കും.

അത്തിവേരിന്റെ തൊലി അറുപത് ഗ്രാം, പന്ത്രണ്ട് ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് തണുപ്പിച്ച് അര ഗ്ലാസ്സ് വീതം കഴിച്ചാൽ ദാഹവും, പിത്തവും, രക്തവികാരങ്ങളും ശമിക്കും.

അത്തിപഴം പഞ്ചസാര ചേർത്തുണ്ടാക്കിയ രസം(ജ്യൂസ്) കഴിച്ചാൽ നല്ലതാണ്. എല്ലാതരം രക്തവികാരങ്ങളെയും ശമിപ്പിക്കും. പിത്തം, രക്തപിത്തം, കരിസിത്തം(ലൂക്കീമിയ) എന്നിവ ശമിപ്പിക്കും.

അത്തിപഴം ഉണക്കിപൊടിച്ചത് ദിവസവും പതിനഞ്ച് ഗ്രാം വീതം മൂന്ന് നേരം കഴിച്ചാൽ മധുമേഹ(രക്തത്തിലും മൂത്രത്തിലും മധുരാധിക്യം)ത്തിന് നല്ലതാണ്.

അത്തിപാൽ കണ്ണുരോഗ(അഭിഷ്യന്ദം)ത്തിന് കണ്ണിൽ പുരട്ടാൻ ഉപയുക്തമാണ്.

പ്രമേഹപിടക(Diabetic Ulcer)ക്ക് അത്തിപാൽ നാല് തവണ പുരട്ടിയാൽ മതി.

അത്തിമരത്തിന്റെ തൊലി നൂറ് ഗ്രാം, ഒരു ലിറ്റർ വെള്ളത്തിൽ വെന്ത് കുറുക്കി അര ലിറ്ററാക്കിയത് പിഴിഞ്ഞരിച്ചെടുത്തതിൽ അരിമാവ് അല്ലെങ്കിൽ ഗോതമ്പുമാവ് അതുമല്ലെങ്കിൽ കൂവപ്പൊടി കുഴച്ച് പഞ്ചസാരയും ചേർത്ത് അടയുണ്ടാക്കി കഴിച്ചാൽ ഔപസർഗ്ഗിക രോഗങ്ങൾ പോകും. പഴയ കാലത്തുള്ളവർ കുടപ്പനയുടെ ഊറൽ ചേർത്ത് അടയുണ്ടാക്കുകയാണ് പതിവ്.

അത്തിപഴം ഒന്നുവീതം രാവിലെയും, വൈകുന്നേരവും കഴിച്ചാൽ വസൂരിയുടെ നീറ്റൽ കുറയും.

പഴയ കാലത്തെ സ്ത്രീകൾ പ്രായമേറുമ്പോൾ യോനിയുടെ ഉറപ്പ് കുറയുന്നതിന് അത്തിക്കായ, പ്ലാശിൻ(ചമത)കായ എന്നിവ ചേർത്തുപൊടിച്ചത് യോനിയിൽ പുരട്ടാറുണ്ട്, ഉറപ്പുവരും.

അത്തിക്കായ നേത്രരോഗങ്ങൾക്ക് അത്യുത്തമമാണ്. അത്തികായ ഉപ്പേരിവെച്ച് കഴിക്കുന്നത് രക്തപിത്തത്തിന് നല്ലതാണ്. രക്താർശസ്സിന് നല്ല ഫലം ചെയ്യും.

അത്തിവേര് അഞ്ചുഭാഗം, തോല് നാലുഭാഗം, തളിര് മൂന്നുഭാഗം,

പൂവ് രണ്ടുഭാഗം, കായ ഒരു ഭാഗം. ഇവയാകെ അറുപത് ഗ്രാമെടുത്ത് പന്ത്രണ്ട് ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസുവീതം മൂന്നുനേരം കഴിച്ചാൽ കഠിനമായ ചുമയും, ശ്വാസംമുട്ടലും മാറും.

അത്തിക്കായ അഞ്ച് ഭാഗം, പൂവ് നാല് ഭാഗം, തളിര് മൂന്ന് ഭാഗം, തോല് രണ്ട് ഭാഗം, വേര് ഒരു ഭാഗം. ഇവയാകെ അറുപത് ഗ്രാമെടുത്ത് പന്ത്രണ്ട് ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസുവീതം മൂന്നുനേരം കഴിച്ചാൽ ലൂക്കീമിയ ശമിക്കും. ഇതേ ഔഷധം 'രോഹീതകം' ചേർത്ത് കഴിച്ചാൽ അരിവാൾരോഗം (Sickle cell Anemia) മാറും.

സ്ഥാവരങ്ങളും ജംഗമങ്ങളുമായ വിഷത്തിന് അത്തിപ്പട്ട വെന്ത വെള്ളം നല്ലതാണ്.

അത്തിമരങ്ങളുള്ള ഇടങ്ങളിൽ കീടനാശിനികളുടെ വിഷാംശം ജന്തുക്കൾക്കും മനുഷ്യർക്കും ഏൽക്കുന്നത് കുറയും. അത്തികൊണ്ടുള്ള ജന്തുഫലമെന്നതുതന്നെ ഇത്തരം വിഷാംശത്തെ കുറക്കുന്നതാണെന്ന് പഴയ കാലത്തുള്ളവർ തിരിച്ചറിഞ്ഞിരുന്നു.

ഇടുപ്പുവേദന(കടീഗ്രഹം)ക്കായി അരക്കെട്ടിലും, നെഞ്ചുവേദനക്കായി നെഞ്ചിലും അത്തിക്കറ പുരട്ടിയാൽ മതി. അത്തിക്കറ പുരട്ടിയാൽ നീര് പൊട്ടിപ്പോകും.

പൂച്ചയിൽനിന്ന് പകരുന്ന അണുക്കൾ കാരണം ഗർഭപാതമുണ്ടാക്കുകയും, പുരുഷബീജങ്ങൾ നശിക്കുകയും ചെയ്യാറുണ്ട്. Toxo Plasmosis ഇന്ന് സർവസാധാരണമായിട്ടുണ്ട്. ഇതിന് അത്തിമരത്തിന്റെ തൊലി കഷായം വെച്ചുകൊടുത്താൽ നല്ലതാണ്.

അത്തിയുടെ ഇലകളിൽ കുരുക്കൾപോലെ തടിപ്പുകളുണ്ടായി കാണാറുണ്ട്. അവയെടുത്ത് പാലിൽ അരച്ചുകൊടുത്താൽ വസൂരിക്കും, ദേഹത്താകെ കാണപ്പെടുന്ന മുഴകൾക്കും ശമനം കിട്ടും.

'അത്തിവേർ വെട്ടിവാറ്റും നീരതിസാരപ്രമേഹജിത്
തൃഷ്ണാദാഹാർദ്ദിതാനാഞ്ചതഥാസൃഗ്ദരിണാം ഹിതം
ഇളയതായുള്ളയത്തിക്കായ സർവാതിസാരനാശനം
ജ്വരഘ്നം ദീപനം പഥ്യം പ്രമേഹഗ്രഹണീഹരം
അത്തിപ്പഴം തണുത്തുള്ളുവാതപിത്തഹരംപരം.'

സിംഹം, നരി, പുലി, പൂച്ച, പട്ടി എന്നിവ കടിച്ചുകഴിഞ്ഞാലുള്ള മുറിവുകൾ കഴുകുന്നതിന് അത്തിതൊലി വെന്ത വെള്ളം നല്ലതാണ്.

അത്തിപഴം കഴിച്ചാൽ ശ്വാസകോശത്തിൽനിന്നും രക്തംവന്ന്

ഛർദ്ദിക്കുന്നതിന് നല്ലതാണ്.

അത്തിക്കായ നാൽപ്പത്തിയൊന്നെണ്ണം, നല്ല എള്ളെണ്ണയിൽ ഇട്ടു വെക്കുക(കായകൾ മുങ്ങിക്കിടക്കണം). മുപ്പത് ദിവസം കഴിഞ്ഞശേഷം അതിൽനിന്ന് ഒരു കായ, ഒരു ടീസ്പൂൺ എള്ളെണ്ണയും ചേർത്ത് കഴിച്ചാൽ പ്രമേഹവും കർക്കിടകരോഗ(ക്യാൻസർ)വും മാറുമെന്ന് കണ്ടിട്ടുണ്ട്.

മുണ്ടിനീരിനും, കണ്ഠരോഹിണിക്കും, തൈറോയിഡ് ഗ്രന്ഥിവീക്കത്തിനും, ഗളഗണ്ഡത്തിനും അത്തിതൊലി അരച്ചുപുരട്ടിയാൽ നല്ലതാണ്.

അത്തിമരത്തിന്റെ നീര് പത്ത് എം.എൽ, നിലമ്പരണ്ട സമൂലം അരച്ചത് അര ടീസ്പൂൺ, നിലപ്പനക്കിഴങ്ങ് അരച്ചത് അര ടീസ്പൂൺ, ജീരകം പൊടിച്ചത് അര ടീസ്പൂൺ, പഞ്ചസാര രണ്ട് ടീസ്പൂൺ എന്നിവ ചേർത്തുകഴിച്ചാൽ അസ്ഥിസ്രാവം മാറും.

ഗോമാരി(Rinder-pest)വന്ന പശുക്കൾക്ക് അത്തിതൊലി അരച്ചുകൊടുക്കുന്നത് ഉത്തമമാണ്. പഴയ കാലത്ത് അത്തിതൊലി, ഉള്ളി, തെങ്ങിൻപൂക്കുല, ജീരകം എന്നിവ ചേർത്തരച്ചതിൽ നാടൻ ചൊറുക്ക ചേർത്ത് പശുക്കൾക്ക് കൊടുക്കാറുണ്ട്.

ശരീരത്തിലെ കോശസംവിധാനങ്ങളുടെ പ്രവർത്തനം(Phagocytosis) അനേകം ഫ്രീറാഡിക്കലുകൾ ശരീരത്തിലുണ്ടാക്കും. ഇത് അന്തർവിഷ(Autotoxin)ത്തെ വർദ്ധിപ്പിക്കും. ആഹാരത്തിന്റെ പതിനെട്ടുതരം വൈരുദ്ധ്യങ്ങൾ, പരിഷ്കൃതമായ ചുറ്റുപാടുകൾ, വൈദ്യജന്യസംസ്ക്കാരം, രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം, ആധുനികമായി 'ഇമ്യുണൈസേഷ'ന്റെ ഭാഗമായി ഉപയോഗിക്കുന്ന പ്രതിരോധവാക്സിനുകൾ എന്നിവയെല്ലാം നമ്മുടെ കോശസമൂഹത്തി(Tissue)ലും, ശരീരാന്തരദ്രവങ്ങളിലുമുള്ള Xanthine Oxidase ($C_5H_4N_4O_2$), Aldehide Oxidase (CHO) തുടങ്ങിയ എൻസൈമുകളെയും, ഇലക്ട്രോണുകളെയും നഷ്ടപ്പെടുത്തുന്ന തരത്തിൽ 'സൂപ്പർഭാരിക്സെഡു'കളെ ഉണ്ടാക്കും. മാനസിക പിരിമുറുക്കം (Stress And Strain), ഉഷ്ണമേഖലയിലെ മദ്യപാനം, പുകവലി, അധികം കൊഴുപ്പുള്ള ഭക്ഷണപാനിയങ്ങൾ എന്നിവയെല്ലാം ഇപ്രകാരത്തിൽ പ്രവർത്തിക്കുന്നതാണ്. Mydrogen Peroxide M_2O_2+Xanthire Oxidare= H_2O+(O) Nase ent Oxygen+Oneogens ഇങ്ങനെയാണ് കാൻസർ തുടങ്ങുന്നത്. കാൻസറിനെ നിരോക്സീകരണം വഴി തടയാം. അതിന് ഏറ്റവും എളുപ്പം, ട്രാൻസിഷൻ ലോഹവിഘടനമാണ്. ട്രാൻസിഷൻ ലോഹങ്ങൾ ഓക്സീകരണത്തിന്റെ കരുത്തുറ്റ ഫലങ്ങൾ തരും. അ

തിൽ ലോഹം(ഇരുമ്പ്) വളരെ ഫലപ്രദമാണ്. അതുകൊണ്ട് അകാലവാർദ്ധക്യത്തിന് 'ലോഹാസവ'വും, 'അയസ്കൃതി'യും, 'അയസ്താന്തസിന്ദൂര'വും, 'കാന്തസിന്ദൂര'വും, 'ലോഹസിന്ദൂര'വും, 'മണ്ഡൂരവടക'വും, 'മണ്ഡൂരഭസ്മ'വും വളരെ പ്രയോജനം ചെയ്യുന്നതാണ്.

അത്തിപഴം നിത്യവും കഴിക്കരുത്. അങ്ങനെ കഴിക്കുമ്പോൾ ആഹാരനിയമങ്ങൾ കൂടി ശ്രദ്ധിച്ചാൽ ഒരു ക്യാൻസർരോഗിക്ക് യാതൊരു വൈദ്യവ്യവസായ സ്ഥാപനത്തെയും സമീപിക്കേണ്ടി വരില്ല.

അതിനുള്ള ആഹാരനിയമം പറയുന്നത്:
'ശീലയേച്ഛാലി ഗോധൂമയവ ഷഷ്ടികജാംഗലം
സുനിഷണ്ണക ജീവന്തി ഫലമൂലകവാസ്തുകം
പഥ്യാമലക മൃദ്വീകാ പടോലീമുദ്ഗശർക്കരാ:
ഘൃതദിവ്യോദകക്ഷീര ക്ഷൗദ്രദാഡീമസൈന്ധവം
ത്രിഫലാംമധുസർപ്പിഭ്യാം നിശിനേത്രബലായച
സ്വസ്ഥാനുവൃത്തി കൃദ്യച്ച രോഗോച്ഛേദകര ചയത്'

ചെന്നെല്ലരി, ഗോതമ്പ്, ഞവരയരി, ചീര, മുള്ളങ്കി, പച്ചമുളക്, പടവലങ്ങ, ചെറുപയറ്, പഞ്ചസാര, നെയ്യ്, ശുദ്ധമായ മഴവെള്ളം, പാൽ, തേൻ, മാതളപ്പഴം, ഇന്തുപ്പ്, തേൻ, നെയ്യ് എന്നിവ അസമമായി ചേർത്ത 'ത്രിഫലണ്ഡ' പതിവായി കഴിക്കണം. അപ്പോൾ കുടിക്കാനായി ചുക്കിട്ട് തിളപ്പിച്ച വെള്ളവും, കറിവേപ്പിലയും ഇഞ്ചിയും ചതച്ചിട്ട മോരും ഉപയോഗിക്കാം. അപ്പോൾ കഴിക്കരുതാത്തവയാണ് ഓട്ടടയും, വറുത്തുപൊരിച്ച സാധനങ്ങളും. ആഹാരം കഴിച്ചയുടനെ അരിയരച്ചുണ്ടാക്കിയ പലഹാരങ്ങളും, അവലും കഴിക്കാതിരിക്കണം. എരിവ്, ചവർപ്പ്, പുളി, ഉപ്പ് എന്നിവ അധികമുള്ള ദ്രവ്യങ്ങളും കഴിക്കരുത്. ഒരേയൊരു രുചി മാത്രമുള്ള ദ്രവ്യങ്ങൾ കഴിക്കരുത്. ശീലമില്ലാത്തവയും കഴിക്കരുത്. അത്യഭിഷ്യന്ദികമായ(കഫമധികമുണ്ടാക്കുന്ന) ഭക്ഷണവുമരുത്. തണുത്തതും, രൂക്ഷമായതും അരുത്. ഇളംമുള്ളങ്കി, പന്നിമാംസം, കുറിയ ആട്ടിൻമാംസം, പശുമാംസം, മത്സ്യം, പോത്തിൻമാംസം, അത്തികായ, ഉഴുന്ന്, അമരക്കായ, ചേമ്പ്, ഉണങ്ങിയ ഇലക്കറികൾ, പതിയൻശർക്കര, മുളപ്പിച്ച വിത്തുകൾ എന്നിവ നിത്യേന കഴിക്കരുത്.

കഴിക്കുന്ന അന്നമേതായാലും, അവയുണ്ടാക്കാവുന്ന ദോഷകോപത്തെ അറിഞ്ഞുകൊണ്ടുവേണം കഴിക്കാൻ. അതായത്, അന്നഫലത്തിലെ തെറ്റും, ശരിയും തിരിച്ചറിഞ്ഞുവേണം കഴിക്കുവാൻ. അതേസമയം കാർത്തിക നക്ഷത്രത്തിൽ ജനിച്ച ഒരാളാണെങ്കിൽ, അയാൾ അത്തിയെ ഉപാസിക്കുന്നയാളാണെങ്കിൽ, അന്നത്താലുണ്ടാകാവുന്ന രോഗങ്ങളൊന്നും അയാളെ ബാധിക്കില്ലെന്നും പറയപ്പെടുന്നു.

രോഹിണി നക്ഷത്രം

ഞാവൽ

ശാസ്ത്രനാമം : syzygium Cumini(Linn) skoels.
(eugenia Jambolana Lam)

കുടുംബം : myrtaceae.
കുലം : ലവംഗകുലം.
ഇംഗ്ലീഷ് നാമം : ജമൻ, ജംബോലൻ, ബ്ലാക് പ്ലം.
സംസ്കൃതം : ജംബുഃ
മലയാളം : ഞാവൽ.
ഹിന്ദി : ജാമൂൻ, ജംഭാൽ, ജാമാൻ.
തമിഴ് : നാവാൽ, കൊട്ടൈനാവൽ.
തെലങ്ക് : നേരേഡു.
കന്നട : നെരാലേ, ജംബുവ.

നക്ഷത്രഗണത്തിൽ നാലാമത്തെ നക്ഷത്രമാണ് രോഹിണി. ചിങ്ങം രാശി രണ്ടര നാഴികചെല്ലുമ്പോൾ ഉച്ചിയിലെത്തും. സൃഷ്ടിനക്ഷത്രമാണ്. ദേവൻ ബ്രഹ്മാവാണ്. മനുഷ്യഗണമാണ്. അക്ഷരം അകാരമാണ്. മന്ത്രാക്ഷരം നകാരമാണ്. ഭൂതം ഭൂമിയാണ്. മൃഗം ആൺ പാമ്പാണ്. പക്ഷി പുള്ളാണ്. വൃക്ഷം ഞാവലാണ്.

രോഹിണി അന്നപ്രാശനക്ഷത്രമായതുകൊണ്ട് ഒട്ടുമിക്ക ശുഭകർമ്മങ്ങൾക്കും നല്ലതാണ്.

വരാഹമിഹിരൻ പറയുന്നു:
'രോഹിണ്യാം സത്യശുചി പ്രിയംവദ സ്ഥിരമതി സുരൂപശ്ച'

രോഹിണിയിൽ ജനിക്കുന്നവൻ സത്യവാനും, ശുദ്ധിയുള്ളവനുമായിരിക്കും. സന്തോഷകരമായി സംസാരിക്കുന്നവനും, സ്ഥിരബുദ്ധിയുള്ളവനും നല്ല ശരീരത്തോടെയുള്ളവനുമായിരിക്കും. പൊതുവെ അഭിമാനികളായിരിക്കും. സത്സ്വഭാവികളും, ഹൃദ്യമായി പെരുമാറുന്നവരുമായിരിക്കും. ന്യായത്തിന്റെയും, നീതിയുടെയും ഭാഗത്ത് ഉറച്ചുനിൽക്കുന്നവരായിരിക്കും. പുതിയ ആശയങ്ങൾ കണ്ടെത്തുന്നവരും, ഏത് രംഗത്തും നല്ലതുപോലെ ശോഭിക്കുന്നവരുമായിരിക്കും.

രോഹിണി നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾ പൊതുവെ സുന്ദരികളും, സത്സ്വഭാവികളുമായിരിക്കും. എന്നാൽ, യാഥാസ്ഥിതികമായി പെരുമാറാനുമിടയുണ്ട്. പെട്ടെന്ന് സന്തോഷത്തിനും, സന്താപത്തി

നും വിധേയരായിരിക്കും.

രോഹിണി നക്ഷത്രവൃക്ഷമായ ഞാവൽ ഇന്ത്യയിലുടനീളം കാണപ്പെടുന്നു. സമുദ്രനിരപ്പിൽനിന്നും ഏതാണ്ട് ആറായിരം അടി ഉയരം വരെ ഞാവലിനെ കാണാം. നദീതീരങ്ങളിലും, ഈർപ്പമുള്ള ഭാഗങ്ങളിലുമാണ് കൂടുതലായി കാണപ്പെടുന്നത്.

പണ്ട് രാജാക്കന്മാർ തങ്ങളുടെ രാജ്യത്ത് ജലദൗർബല്യമുണ്ടാകരുതെന്ന് ഏറെയാഗ്രഹിച്ചിരുന്നു. അവരതിന്റെ ഭാഗമായി ഭൂമിയ്ക്കടിയിലെ ജലവുമായി വൃക്ഷങ്ങൾക്കുള്ള ബന്ധത്തെ പഠിക്കുന്നതിന് അനേകം ശ്രമങ്ങളും നടത്തിയിട്ടുണ്ട്. അങ്ങനെയാണവർ, ഞാവൽമരങ്ങൾ എവിടെയുണ്ടോ, അവയുടെ ചുവട്ടിൽനിന്നും വടക്കോട്ടുമാറി, നിശ്ചിതമായ ആഴത്തിൽ കുഴിച്ചാൽ ഒരു കുടുംബത്തിന് ആവശ്യമായ ജലം ലഭിക്കുമെന്ന് കണ്ടെത്തിയിരുന്നത്. അതുകൊണ്ടുതന്നെയാണ് അവർ പാതകളുടെ ഇരുവശങ്ങളിലും വെച്ചുപിടിപ്പിച്ചിരുന്ന തണൽമരങ്ങളിൽ വളരെ അധികമായി ഞാവൽമരങ്ങളുണ്ടായിരുന്നത്. അവർക്കുശേഷം വന്ന ബ്രിട്ടീഷ്ഭരണം മുതലാണ് പാതകളുടെ വികസനത്തിന്റെ പേരിലും, മാനവന്റെ ദുരദുഷ്ടത കാരണമായും, അനേകമാളുകളൊന്നിച്ച് കൈകോർത്തുപിടിച്ചാൽപോലും വട്ടമെത്താതിരുന്ന ഏറെ ഞാവൽമരങ്ങൾ വെട്ടിനശിപ്പിയ്ക്കപ്പെട്ടത്.

ഞാവൽമരങ്ങൾ ധാരാളമായി നിലനിന്നതുകൊണ്ടും, ഉഷ്ണമേഖലയിലെ കാലാവസ്ഥയെ അവ നിയന്ത്രിച്ച് നിലനിർത്തിയതുകൊണ്ടുമാണ് യുറേഷ്യഭൂഖണ്ഡത്തെ 'ജംബുദ്വീപെ'ന്ന് പഴയകാല ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരുന്നത്.

ഞാവൽ അമ്പതുമുതൽ നൂറടിവരെ ഉയരം വരുന്നൊരു വൃക്ഷമാണ്. പൂക്കൾ പച്ചനിറം കലർന്ന വെള്ളയാണ്. ഏകബീജമായി നീണ്ടുരുണ്ട കായകളാണ്.

ഞാവൽ മരത്തിന്റെ തൊലി, ഇലകൾ, പഴങ്ങൾ, വിത്തുകൾ എന്നിവ ഔഷധയോഗ്യമാണ്.

ഭാരതത്തിൽ അഞ്ച് തരത്തിലുള്ള ഞാവലുകളെപ്പറ്റി പരാമർശങ്ങളുണ്ട്. ജംബു, മഹാജംബു, ക്ഷുദ്രജംബു, കാകജംബു, ഭൂമിജംബു എന്നിവ. ഇവയുടെ ഓരോന്നിന്റേയും ഗുണവ്യത്യാസങ്ങളും പര്യായപദങ്ങളുമെല്ലാം 'നിഘണ്ടു രത്നാകര'ത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. 'ഭാവപ്രകാശം നിഘണ്ടു' രാജജംബു, ക്ഷുദ്രജംബു, ജലജംബു, ജംബു, മാഹജംബു എന്നിങ്ങനെയാണ് വിവരിച്ചിരിക്കുന്നത്. 'രാജനിഘണ്ടു'കാരൻ പറയുന്നത് കാകജംബു, ഭൂമിജംബു, മഹാജംബു, ജംബു എന്നിങ്ങനെ നാലെണ്ണത്തെയാണ്. അതിൽ ഇവയുടെ

ഓരോന്നിന്റേയും ഗുണങ്ങൾ തരംതിരിച്ച് പറഞ്ഞിട്ടുണ്ട്. 'മദനപാലനാ'കട്ടെ, ജംബുവും കാകജംബുവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 'അഭിധാനമഞ്ജരി'യിൽ ജംബുവും, ഹ്രസ്വഫലയുമാണ് കാണുന്നത്. 'ധന്വന്തരിനിഘണ്ടു'വിൽ കാണുന്നത് ജംബുവും, കാകജംബുവുമാണ്. 'ദ്രവ്യഗുണവിജ്ഞാന'ത്തിലാകട്ടെ രാജജംബു, ക്ഷുദ്രജംബു, ഭൂമിജംബുവിന്റെയും വിവരണം കാണാം.

കാലപ്രവാഹത്തിൽ നമ്മുടെ സസ്യസമ്പത്തിൽ ഏറെയും നഷ്ടപ്പെട്ടുകൊണ്ടിരുന്നു. വൈദേശിക സസ്യങ്ങളുടെ ആഗമനത്താലാണ് ചിലത് നഷ്ടമായത്. അതേസമയം കാലാവസ്ഥയിലും ദിനാന്തരീക്ഷസ്ഥിതിയിലും മാറ്റങ്ങൾ വന്നുതുടങ്ങിയതോടെ നിലനിന്നുപോകുവാൻ കഴിയാതെ ആത്മഹത്യചെയ്ത മരങ്ങളുമുണ്ട്. ഇങ്ങനെയൊക്കെ വംശനാശം വന്ന വൃക്ഷങ്ങളേറെയാണ്. ഇതുപോലെ പലതിനും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് ചിന്തിക്കാതെയാണ് ഇന്നും മനുഷ്യൻ മരങ്ങൾ വെട്ടിനശിപ്പിക്കുന്നത്. ഇങ്ങനെ മനുഷ്യൻ നശിപ്പിച്ചുകൊണ്ടിരിക്കുന്നവയിൽ ഞാവൽമരങ്ങളുമുണ്ട്.

'ദ്രവ്യഗുണവിജ്ഞാന'ത്തിൽ പറയുന്നത്:
'ഞാവൽപഴം വാതകരം ഗുരുവിഷ്ടംഭി ശീതളം
കഷായമധുരാമ്ലംനത് രസന്തുകഫപിത്തജിത്'യെന്നാണ്.

ഞാവൽപഴം വാതത്തെ ഉണ്ടാക്കുന്നതാണ്. ഗുരുവും, ശീതവീര്യമുള്ളതുമാണ്. ചവർപ്പ്, മധുരം, പുളി എന്നീ രസങ്ങളോടുകൂടിയതാണ്. കഫത്തെയും, പിത്തത്തെയും ഇല്ലാതാക്കുന്നതാണ്.

'വാതത്തിനെ വരുത്തിടും തടുത്തിടും മലത്തിനെ'യെന്നും ദ്രവ്യഗുണവിജ്ഞാനത്തിൽ പറയുന്നുണ്ട്.

'സോഢലനിഘണ്ടു'വിൽ പറയുന്നത്:
'ജംബൂഫലം പക്വം തദ് രസേനാതിപൂരിതാത്
പതന്തികൃമയഃ കർണാത് ദുർവിനീതാ ഇപാപദി.'

ഞാവൽ പഴച്ചാറ് കൃമിനാശക ഔഷധങ്ങളിൽ(കാണാവുന്നവയും കാണാൻ കഴിയാത്തവയുമായ) ഒന്നാമതാണ്. അതുപോലെ ഞാവലി ന്റെ പഴുത്തയിലയുടെ നീര് ദൃഷ്ടങ്ങളും, അദൃഷ്ടങ്ങളുമായ കൃമികങ്ങളെ നശിപ്പിക്കുന്നതിൽ ഫലപ്രദമാണ്.

'കൈഡര്യാദിനിഘണ്ടു'വിൽ പറയുന്നത്:
'ജംബൂരൂക്ഷാ കഷായാമ്ലാ കഫപിത്താതിസാരജിത്
ജാംബവം മധുരം സാമ്ലം കഷായം ഗുരു ശീതളം
സംഗ്രാഹിരോചനം രൂക്ഷം കാണ്ഠ്യം ച കഫപിത്തജിത്'

ഞാവൽ പഴച്ചാറ് അതിസാരത്തെ ജയിക്കുന്നതും, കാണ്ഠ്യവും, സംഗ്രാഹിയുമാണ്.

'അഭിധാനമഞ്ജരി'യിൽ പറയുന്നത്:
'ജംബുസ്തു കാകജംബുഃ കൃഷ്ണഫലാസുരഭിപത്രാ ച'.
'ഭാവപ്രകാശനിഘണ്ടു'വിൽ പറയുന്നത്:
'ഫലേന്ദ്രഃ കഥിതോനന്ദിരാജജംബുർ മഹാഫലാ
തഥാസുരഭിപത്രാ ച മഹാജംബൂരപിസ്മൃതാ'.
'ജംബൂ സംഗ്രാഹണീ രൂക്ഷാകഫപിത്താസ്രദാഹജിത്'.

'രാജനിഘണ്ടു'വിൽ വിശദമാക്കുന്നു:
'ജംബൂസ്തുസുരഭിപത്രാനീലഫലാശ്യാമളാ മഹാസ്ക്കന്ധാ
രാജാർഹാരാജഫലാശുക പ്രിയാമേഘമോദിനി നവാഹ്രവാ
ജംബൂഃ കഷായമധുരാശ്രമപിത്തദാഹ
കണ്ഠാർത്തിശോഷശമനീ കൃമിദോഷഹന്ത്രീ
ശ്വാസാതിസാരകഫകാസവിനാശിനീ ച
വിഷ്ടംഭിനിഭവതിരോചനപായനീ ച'.

'മദനപാലനിഘണ്ടു'വിൽ പറയുന്നത്:
'രൂക്ഷാകഷായാരക്തഘ്നി രക്തസംഗ്രഹണീ തഥാ
പക്വാതിസാരശമനീ ജാംബവം കഫപിത്തജിത്'.

'ധന്വന്തരിനിഘണ്ടു' അഭിപ്രായപ്പെടുന്നത്:
'ജാംബവംവാതളംഗ്രാഹിസ്വാദ്വമ്ലം കഫപിത്തജിത്'.
'ചരകം സൂത്രസ്ഥാന'ത്തിൽ പറയുന്നത്:
'ജാംബവം കഫപിത്തഘ്നംഗ്രഹിവാതകരംപരം'.

'സുശ്രുതം സൂത്രസ്ഥാന'ത്തിൽ പറയുന്നത്:
'അത്യർത്ഥവാതളഗ്രാഹിജാംബവം കഫപിത്തജിത്'.

'നിഘണ്ടുരത്നാകരം' വർണ്ണിക്കുന്നത്:
'ജംബൂവൃക്ഷസ്തുതുവരോഗ്രാഹീ മധുരപാചകഃ
മലസ്തംഭകരോരൂക്ഷോരുചികൃത് പിത്തദാഹഹാ
അമ്ലഃ കണ്ഠ്യഃ കൃമി ശ്വാസശേഷാതിസാരകാസഹാ
രക്തദോഷം കഫംചൈവ വ്രണംചൈവ വിനാശയേത്
ഫലം ചതുവരം ചാമ്ലം മധുരം ശീതളംമതം
രൂച്യം രൂക്ഷംഗ്രാഹകം ച ലേഘനംകണ്ഠദൂഷകം
മലസ്തംഭകരം വാതകാരകം കഫപിത്തനുത്
ആധ്മാനകാരകം പ്രോക്തം പൂർവ്വവൈദ്യൈർമനീഷിഭിഃ'

ഞാവൽമരത്തിന്റെ തൊലി സ്തംഭനൗഷധമാണ്. മധുരവും,

പുളിയും, ചവർപ്പുമുള്ളതാണ്. ദാഹമുണ്ടാക്കുന്നതാണ്. കൃമിനാശകവും, മൂത്രളവും, ഗുൻമനാശകവും, മലബന്ധമുണ്ടാക്കുന്നതുമാണ്. ജ്വരഘ്നവും, മേഹഘ്നവും, ശീതീകരണവുമാണ്. പ്രമേഹം, സോമരോഗം, വിരശൂല, ജ്വരം, ആന്ത്രരോഗങ്ങൾ, ത്വക്‌രോഗങ്ങൾ എന്നിവക്ക് ഉത്തമമാണ്.

ഞാവലിലകൾ പല്ലിനും മോണയ്ക്കും നല്ലതാണ്. ഞാവലില അരി കഴുകിയ വെള്ളത്തിൽ ഇടിച്ചുപിഴിഞ്ഞത് ചൂടാക്കി കവിൾകൊള്ളുന്നത് പല്ലിന്റെയും മോണയുടെയും ഉറപ്പിന് ഉത്തമമാണ്.

ഞാവലിലകളുടെ നീര് കൃമിനാശകമാണ്(Antibacterial).

ഞാവലിന്റെ തളിരില ഛർദ്ദനമുണ്ടാകുന്നതിന് ഉപയുക്തമാണ്.

ഞാവൽ പഴവും, വിത്തും, മധുരവും, ചവർപ്പും, പുളിയുമുള്ളതാണ്. ശീതീകരണദ്രവ്യമാണ്. ശരീരത്തെ തണുപ്പിക്കുന്നതിന് ഉപയുക്തമാണ്. വയറിളക്കത്തിന് പണ്ടുമുതലേ ഉപയോഗിച്ചുവരുന്നു. പ്ലീഹോദരം, മഹോദരം, ജലോദരം, യകൃത്ഉദരം തുടങ്ങിയ ഉദരരോഗങ്ങളിലും, മൂത്രാശയരോഗങ്ങളിലും അത്യന്തം ഫലപ്രദമാണ്.

ഞാവൽ പഴത്തിൽ മാംസ്യം(protein), അന്നജം(carbohydrate), ലോഹസത്വം, ജീവകം എ, ബി, സി എന്നിവയും ഗൈനിക്കമ്ലവുമുണ്ട്.

ഞാവൽ വിത്തിൽ ജാംബൊലിനെന്ന ഗ്ലൂക്കോസൈഡും, മഞ്ഞ നിറമുള്ള തൈലവും, അലുജികെന്ന അമ്ലവുമുണ്ട്.

ഞാവൽ തൊലിയിൽ സിറ്റോസ്റ്റിറോൾ, ബെറ്റുലിനിക് അമ്ലം, ടാനിൻ ഹൈലിക് അമ്ലം എന്നിവയുണ്ട്.

ഞാവൽതോൽ അറുപത് ഗ്രാം, പന്ത്രണ്ട് ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് തേൻ മേമ്പൊടിചേർത്ത് മൂന്നുനേരം അര ഗ്ലാസ്സുവീതം കഴിച്ചാൽ അതിസാരം, ഉദരരോഗം, കഫപിത്തങ്ങൾ എന്നിവ ശമിക്കും. ഇതേ കഷായം പ്ലീഹോദരത്തിൽ വളരെ ഫലപ്രദമാണ്.

ഞാവൽതോൽ, വേപ്പിൻതോൽ, മുക്കുറ്റി, കീഴാർനെല്ലി, കരിയാത്ത് എന്നിവ സമമെടുത്ത് പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സ് വീതം, ഒരു ടീസ്പൂൺ ഞാവൽകുരു ഉണക്കിപൊടിച്ചത് ചേർത്തുകഴിച്ചാൽ എല്ലാതരം ഉദരരോഗങ്ങളും, പ്രമേഹവും മാറും.

ഞാവലിലയുടെ നീര്, ഇതിന് സമമായി കടുകെണ്ണ ചേർത്തതിൽ, ഞാവലില അരച്ചത് കൽക്കൻചേർത്ത് കാച്ചിയെടുത്ത് അരിച്ചെടുത്ത

ത് പഴയ കാലത്തുള്ളവർ സൂക്ഷിച്ചുവെക്കാറുണ്ട്. ദേഹത്ത് എപ്പോഴെങ്കിലും തീകൊണ്ട് പൊള്ളലേറ്റാൽ പുരട്ടാൻ. പുരട്ടിയാലുള്ളൊരു പ്രത്യേകതയായി കാണുന്നത്, പൊള്ളിവെന്തുപോയ തൊലി വീണ്ടും ഉണ്ടായിവരുമെന്നതാണ്. ഇന്ന് നമ്മൾ ഉപയോഗിച്ചുവരുന്ന മരുന്നുകൾകൊണ്ടൊന്നും വെന്തുപോയ തൊലി കിളുർത്തുവരില്ലെന്നാണ് അനുഭവം.

ഞാവൽതൊലിയും, കടപ്ലാവിന്റെ തൊലിയും(ചില വൈദ്യന്മാരുടെ അഭിപ്രായത്തിൽ അയിനിപ്ലാവിന്റെ തൊലി) പാച്ചോറ്റിത്തൊലിയും ഉണക്കിപ്പൊടിച്ചത് വ്രണത്തിനുപയോഗിച്ചാൽ സുഖമാകും.

ശിശുക്കളുടെ വയറിളക്കത്തിന് ഞാവൽമരത്തിന്റെ പച്ചത്തൊലി പിഴിഞ്ഞ നീര്, ആട്ടിൻപാലിൽ ചേർത്തുകൊടുത്താൽ ക്ഷിപ്രഫലദായകമാണ്.

ഞാവലില പിഴിഞ്ഞ നീര് അർശോരോഗത്തിന് കൊടുക്കാൻ നല്ലതാണ്.

ഞാവലില പിഴിഞ്ഞ നീരും, ചെറുകടലാടി അല്ലെങ്കിൽ താർതാവൽ അരച്ചത് അഞ്ചുഗ്രാമും ചേർത്തുകൊടുത്താൽ അർശസിന് അത്യുത്തമമാണ്.

ഞാവലിന്റെ വിത്ത് പൈത്തികാതിസാരത്തിന് പൊടിച്ചുകൊടുത്താൽ ഫലം കിട്ടും.

ഞാവൽകായ പൊടിച്ചുകൊടുത്താൽ തൊണ്ടയിൽ വേദന, വീക്കം എന്നിവക്ക് നല്ലതാണ്.

ഞാവലിലയുടെ നീര് ഒരു കുപ്പി(എഴുന്നൂറ് എം.എൽ), ഒരു കുപ്പി എണ്ണ, കൽക്കത്തിന് ഞാവൽകുരുവും, വേരും അരച്ചത് ഇരുപത് ഗ്രാം എന്നിവ ചേർത്ത് കാച്ചിയെടുത്ത് അരിച്ചുവെച്ചത് പുരട്ടിയാൽ തലയിലും മറ്റും വരുന്ന പുഴുക്കടി മാറുന്നതിന് വേഗത്തിൽ മാറും.

ഞാവൽപഴം പഞ്ചസാരയിലും, ശർക്കരയിലും, തേനിലും സൂക്ഷിച്ചുവച്ച് കഴിക്കുന്നത് ഉദരത്തിന് നല്ലതാണ്.

ഞാവൽപഴം വീഞ്ഞുണ്ടാക്കുന്നതിന് ഉപയുക്തമാണ്.

ഞാവലില നീരിൽ പുരാണകിട്ടം, ഇരുമ്പ് എന്നിവ ലയിക്കും.

പാണ്ഡുതയിലും, പാണ്ഡുതയിൽപ്പെടുന്നതും ലുക്കീമിയയെന്ന് പറയപ്പെടുന്നതുമായ രോഗത്തിലും ഞാവിലിലനീരിൽ അരച്ചെടുത്ത ലോഹഭസ്മം അത്യന്തം ഫലം തരുന്നതാണ്. ലോഹ(ഇരുമ്പ്)

ങ്ങളിൽ കൂടുതൽ ഉത്തമം പുരാണകിട്ടമാണ്. അതെടുത്ത് തവണക ളായി തീയിൽ പഴുപ്പിച്ചെടുക്കണം. ഏഴുതവണ അത് എള്ളെണ്ണയി ലും, ഏഴുതവണ പുളിച്ച മോരിലും, ഏഴുതവണ ഗോമൂത്രത്തിലും, മുക്കിയെടുക്കണം. തുടർന്നത് പൊടിച്ച് ഞാവലില നീരിൽ അരച്ചെടു ക്കണം. അത് വില്ലയാക്കി ഉണങ്ങിയ ചട്ടിയിൽ വെച്ച്, മറ്റൊരു ചട്ടി കൊണ്ടടച്ച് ശീലമൺചെയ്യണം. അങ്ങനെയത് അടുപ്പിൽ ആയി രം വരളിയിൽ സ്ഫുടം ചെയ്തെടുക്കണം. ഇതുപോലെ നൂറ്റൊന്ന് സ്ഫുടം ചെയ്തെടുത്ത ലോഹസിന്ദൂരവും, മണ്ഡൂരഭസ്മ(പുരാണകി ട്ടം)വും എല്ലാതരം പാണ്ഡുരോഗങ്ങൾക്കും കൈകണ്ട ഔഷധമാണ്.

ഇതേ ഭസ്മം കീഴാർനെല്ലിനീര്, കദളിപ്പഴം, കറ്റാർവാഴപ്പോളനീ ര്, കഞ്ഞുണ്ണിനീര്, മാങ്ങാനാഭി(ഗണ്ഡീരം)നീര്, കോലരക്കുകഷായം എന്നിവയും, ശുദ്ധിചെയ്തെടുത്ത കൊടുവേലിക്കിഴങ്ങിന്റെ ചൂർണ്ണ വും, ചെമ്പ്രാവള്ളിക്കിഴങ്ങ് അരച്ചതും ചേർത്ത് ലേഹ്യമുണ്ടാക്കിവെ ച്ചു കൊടുത്താൽ എല്ലാതരം പാണ്ഡുരോഗങ്ങളും മാറും.

ഞാവൽപഴത്തിൽ നിന്നെടുക്കുന്ന ചൊറുക്ക(വിനാഗിരി) സിദ്ധ ചികിത്സയിൽ വളരെ ഉപയോഗമുള്ളതാണ്. സ്വാദുകൂടിയതും, അഗ്നി വർദ്ധകവും, വാതഹരവും, മൂത്രവർദ്ധകവുമാണ്.

ഞാവൽപഴം അധികം കഴിച്ചാൽ, അതിൽ ഇരുമ്പുസത്ത് കൂടുത ലുള്ളതുകൊണ്ട് ദഹനക്കുറവുണ്ടാകും. ഇതില്ലാതിരിക്കാൻ അൽ പം ഉപ്പ് ചേർത്ത് പഴം കഴിച്ചാൽ മതിയാകും.

ഞാവലിലയും, മാവിന്റെ തളിരിലയും ചേർത്ത് കഷായംവെച്ചത് കഴിച്ചാൽ, രക്തത്തിൽ ഇരുമ്പിന്റെ അംശം കൂട്ടുന്ന(s.fertin) രോഗ ത്തിന് നല്ലതാണ്.

മൂലക്കുരുകൊണ്ടും, അർബുദംകൊണ്ടും, മറ്റ് കാരണങ്ങൾകൊ ണ്ടും വരുന്ന രക്താതിസാരങ്ങൾക്ക് ഞാവലില നീര്, നെല്ലിക്ക നീ ര്, മാന്തളിരില നീര് എന്നിവ പതിനഞ്ച് എം.എൽ. വീതം ചേർത്ത് അറുപത് എം.എൽ. ആട്ടിൻപാലിൽ കഴിച്ചാൽ മാറും.

കുട്ടികളുടെ വയറിളക്കത്തിന് ഞാവലിന്റെ തളിരില പിഴിഞ്ഞ നീരി ൽ ഏലത്തരി, കറുവാപ്പട്ട, ജാതിക്ക എന്നിവ പൊടിച്ചത് ഒരു നുള്ള് ചേർത്തുകൊടുത്താൽ മതി.

സ്ത്രീകളിൽ കാണുന്ന അസ്ഥിയുരുക്കത്തിന് ഞാവൽകുരു പൊ ടിച്ചത് ഒരു ടീസ്പൂൺ, സമം കൽക്കണ്ടവും ചേർത്ത് ചൂടുള്ള കഞ്ഞി വെള്ളത്തിൽ കഴിക്കണം. ഇതേ പൊടി, കൽക്കണ്ടം ചേർത്ത് പഴകി യ കഞ്ഞിവെള്ളത്തിൽ കഴിച്ചാൽ താരണവും മാറും.

ഞാവൽതൊലി കഷായംവെച്ച് ജാതിക്കായ മേമ്പൊടിചേർത്തു കഴിച്ചാൽ പനിയും, അജീർണ്ണവും മാറും. ഞാവലിന്റെ തൊലി കഷായംവെച്ചത് വ്രണങ്ങൾ കഴുകുന്നതിനും, വായപ്പുണ്ണിന് കവിൾകൊള്ളുന്നതിനും നല്ലതാണ്. മഞ്ഞപ്പിത്തത്തിന് ഞാവൽതൊലി വെന്ത വെള്ളത്തിൽ കുളിക്കുന്നത് ഉത്തമമാണ്.

ഞാവൽതോലും, കൊടിത്തൂവവേരും സമം ചേർത്ത് കഷായംവെച്ചത് കവിൾകൊണ്ടാൽ മോണരോഗങ്ങളും, വായപ്പുണ്ണും ശമിക്കും.

രക്താർശസ്സിന് ഞാവൽപഴത്തിൽ ഉപ്പ്(അയഡൈഡസ്ഡ് ചെയ്യാത്തത്) ചേർത്ത് രണ്ടുമൂന്ന് മാസം കഴിച്ചാൽ മതി. ഇത് അൾസറിന് അത്യുത്തമമാണ്. ഇതുകൊണ്ട് നെഞ്ചെരിച്ചലും വയറുവേദനയും സുഖപ്പെടും. അപ്പോൾ തൈര്, മോര്, എരിവുരസം എന്നിവ കഴിക്കാതെ നോക്കണം.

ഞാവൽ തോൽ, പുളിവേരിന്മേൽ തോൽ, പേരാലിൻതോൽ എന്നിവ കഷായംവെച്ചത് കഴിച്ചാൽ രക്താതിസാരം വേഗം ശമിക്കും.

ഞാവൽതൊലി ഒരു പലം(അറുപത്തിയൊന്നേകാൽ ഗ്രാം)എടുത്ത്, അതിന്റെയകത്തെ വെള്ളയും പുറത്തെ മൊരിയും കളഞ്ഞ് അരച്ചതിൽ, ശർക്കര ചേർത്ത് കുഴച്ച്, കദളിവാഴയിലയിൽ പൊതിഞ്ഞ് തീയിൽചുട്ട് വെന്തുകഴിഞ്ഞാൽ, അത് പിഴിഞ്ഞെടുത്ത നീര് മൂന്നുനേരം സേവിച്ചാൽ അതിസാരവും അർശസ്സും മാറും.

ഞാവൽതൊലി, അമ്പഴത്തിന്റെ തൊലി, മാന്തൊലി എന്നിവ കഷായം വെച്ചതിൽ പൊടിയരിയിട്ട് കഞ്ഞിവെച്ചു കുടിച്ചാൽ എത്ര കഠിനമായ ഡിസന്റ്ററിയും ശമിക്കും.

ഞാവൽതളിര്, മാന്തളിര്, രാമച്ചം എന്നിവയിൽ വെള്ളം തളിച്ച് ഇടിച്ചുപിഴിഞ്ഞെടുത്ത നീര് അതിസാരം മാറ്റും.

ഞാവൽതൊലി, പാതിരി, പാടക്കിഴങ്ങ്, മാവിൻതൊലി എന്നിവ അരച്ച് ഗുളികകളാക്കിവെച്ചത് തേനിൽ ചാലിച്ച് നെഞ്ചത്തും, നാളിയിലും പുരട്ടുകയൊ, കവിൾകൊള്ളുകയൊ ചെയ്താൽ ഛർദ്ദിയും, അതിസാരവും മാറും.

മകീര്യം നക്ഷത്രം
കരിങ്ങാലി

ശാസ്ത്രനാമം : Acacia nilotica(Linn)
കുടുംബം : Mimosaceae.
കുലം : ബാബ്ബുൾ.
ഇംഗ്ലീഷ് നാമം : ബാബുൾ, ബ്ലാക്ബാബുൾ, ഇന്ത്യൻ ഗം, അറബിക് ട്രീ, ഡാർക്ക് കാറൈച്ചു, കച്ച് ട്രി.
സംസ്കൃതം : ഖദിരഃ കുഷ്ഠാരിഃ രക്തസാരഃ ദന്തധാവനഃ ബൾബുരഃ വാവരിഃ മജ്ഞംഗഃ സഗുശല്യഃ ഗായത്രി.
മലയാളം : കരിങ്ങാലി.
ഹിന്ദി : ഖൈർ, ബാബുൾ, ബാബുർ.
തമിഴ് : കചുകട്ടി, കരുങ്ങാലൈ, കരുവേലം, കരുവേൽ.
തെലുങ്ക് : പോഡലമാല, ഖദിരമു, നല്ലാട്ടുമ്മ.
കന്നട : കരിഞ്ഞാലി, ബൗനിജാലി.
സംഗായി : ഖയേർ.

നക്ഷത്രഗണത്തിൽ അഞ്ചാമത്തെ നക്ഷത്രമായ മകീര്യം തേങ്ങാക്കണ്ണുകൾപോലെ മൂന്ന് നക്ഷത്രങ്ങൾ ചേർന്നതാണ്. ചിങ്ങം രാശി അഞ്ച് നാഴിക ചെല്ലുമ്പോൾ ഉച്ചിയിലെത്തും. സ്ഥിതിനക്ഷത്രമാണ്. ദേവൻ ചന്ദ്രനാണ്. ദേവഗണമാണ്. സ്ത്രീയോനിയാണ്. അക്ഷരം അകാരമാണ്. മന്ത്രാക്ഷരം നകാരമാണ്. ഭൂതം ഭൂമിയാണ്. മൃഗം പെൺപാമ്പാണ്. പക്ഷി പുള്ളാണ്. വൃക്ഷം കരിങ്ങാലിയാണ്.

മകീര്യം അന്നപ്രാശനക്ഷത്രമായതിനാൽ ഒട്ടുമിക്ക ശുഭകർമ്മങ്ങൾക്കും നല്ല നാളാണ്. പുതുവസ്ത്രങ്ങൾ വാങ്ങാനും, വാഹനം റോഡിലിറക്കാനും, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനും, മംഗളകാര്യങ്ങൾ ചെയ്യാനും അനുയോജ്യമായ നക്ഷത്രമാണ്.

വരാഹമിഹിരൻ പറയുന്നു:
'ചപലശ്ചതുരോഭീരു പടുരുത്സാഹീ ധനീ മൃഗേ ഭോഗി'

മകീര്യം നക്ഷത്രത്തിൽ ജനിച്ചവൻ കർമ്മനിരതനും, സ്ഥിരതയില്ലാത്തവനും, സമർത്ഥനുമായിരിക്കും. ഭയമുള്ളവനായിരിക്കും. എന്നാൽ സ്ഥിരോത്സാഹിയും, സംഭാഷണചാതുരിയുള്ളവനുമായിരിക്കും. ധനവാനും, സുഖിയുമായിത്തീരും.

മകീര്യം നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾ പൊതുവെ രൂപവതികളായിരിക്കും. ധനം കൈകാര്യം ചെയ്യുന്നതിൽ സമർത്ഥകളായിരി

ക്കും. ധർമ്മബുദ്ധിയും, സന്താനഭാഗ്യമുള്ളവരും, നർമ്മഭാഷണപ്രിയരുമായിരിക്കും.

മകീര്യം നക്ഷത്രവൃക്ഷമായ കരിങ്ങാലി അക്കേഷ്യ ചുന്ദ്ര, അക്കേഷ്യ കാറ്റെച്ചു എന്നിങ്ങനെ രണ്ടിനങ്ങളുണ്ട്. ഇവയിൽ അക്കേഷ്യ കാറ്റെച്ചുവാണ് ശരിയായ കരിങ്ങാലി. ഇത് ഇന്ത്യയിൽ ദുർല്ലഭമാണ്. അതിനാൽ അക്കേഷ്യ ചുന്ദ്രയെയാണ് വ്യാപകമായി ഉപയോഗിച്ചുവരുന്നത്. ഇവ രണ്ടും തമ്മിൽ തിരിച്ചറിയുന്നതിന് കാറ്റെച്ചുവിന്റെ ഇലകളും, ഇലകളുടെ പ്രധാന തണ്ടുകളും, പുങ്കലകളും, ബാഹ്യദളപുടങ്ങളുമെല്ലാം രോമിലമായിരിക്കുമെന്നതാണ്. എന്നാൽ, ചുന്ദ്രയുടേത് രോമരഹിതമാണ്.

ഹിമാലയപ്രാന്തങ്ങൾ, പഞ്ചാബ്, മദ്ധ്യേന്ത്യ, കേരളത്തിലെ വടക്കൻ കാടുകൾ എന്നിവിടങ്ങളിലെല്ലാം കരിങ്ങാലിവൃക്ഷങ്ങൾ കാണാം. ചെറിയ വൃക്ഷമാണ്. മുപ്പത്, നാൽപത് അടിവരെ ഉയരമുണ്ടാകും. തൊലി പരിധൂതുരമായ നിറത്തോടുകൂടിയതും, മുള്ളുകൾ നിറഞ്ഞതുമാണ്. പുറം തടി മഞ്ഞയും, കാതൽ ഇരുണ്ട ചുകപ്പുള്ളതുമാണ്. ഏകാന്തരപത്രവിന്യാസത്തോടുകൂടിയ ദ്വിപിച്ഛക ഇലകളാണുള്ളത്. പൂക്കൾ ഇളം മഞ്ഞനിറമുള്ളതാണ്. പുഷ്പങ്ങൾ കതിരുകളായിട്ടാണ് ഉണ്ടാകുന്നത്.

കരിങ്ങാലിയുടെ നല്ലതുപോലെയുറച്ച കാതലിൽ കാറ്റെച്ചിൻ(Catechin), കാറ്റെച്ചു, ടാനിക് അമ്ലം എന്നിവയുണ്ട്.

കരിങ്ങാലിയുടെ പശ(കറ)യിൽ റാംനോസ്, അറബിനോസ്, ഗാലക്റ്റോസ്, സൈലോസ്, അൽഡോബിയ റോബിക് അമ്ലം എന്നിവയുണ്ട്.

കരിങ്ങാലിമരത്തിന്റെ തൊലി തന്ദ്രയിലും, അവസാദോന്മാദ (Melancholia)ത്തിലും, നേത്രവൃതിയുടെ വീക്ക(Conjunctivitis)ത്തിലും, ശ്വാസകോശരക്തസ്രാവ(Heaemoptysis)ത്തിലും നല്ല ഔഷധമാണ്.

കരിങ്ങാലിമരത്തിന്റെ കാതൽ സ്തംഭനൗഷധമാണ്. ശീതവീര്യമുള്ളതാണ്. രക്തശുദ്ധീകരണയോഗ്യമാണ്. കൃമിനാശകരവും, പൂതിനാശകവും(Antiseptic), വയറുകടി(Dysentery) ഇല്ലാതാക്കുന്നതും, ജ്വരസംഹാരിയുമാണ്. വിശപ്പുണ്ടാക്കുന്നതും, ജ്വലനവിനാശകവും (Anti Inflammatory), പോഷകവുമാണ്. കഫത്തിന്റെയും, പിത്തത്തിന്റെയും വിഷമാവസ്ഥയിൽ പ്രയോജനകരമാണ്. വിശപ്പില്ലായ്മ, പാണ്ഡുത(Anemia), കാസരോഗങ്ങൾ, മൂക്കൊലിപ്പ്, കുഷ്ഠം(Leprosy), ശ്വിത്രം(Leucoderma), ത്വക്ക്രോഗങ്ങൾ, വയറിളക്കം, ദുഷ്ടവ്രണങ്ങ

ൾ, ചുമച്ച് രക്തംതുപ്പൽ, പനി, ദന്തരോഗങ്ങൾ, പ്രമേഹം, പ്ലാഹോദരം, ഗളഗന്ധം എന്നിവക്ക് ഉത്തമൗഷധമാണ്,

കരിങ്ങാലിയുടെ കറയാണ് കാത്ത്(കാറ്റ്). ഇത് ശീതമാണ്. വിശപ്പുണ്ടാക്കുന്നതാണ്. പോഷകമാണ്. കഫവാതങ്ങളുടെ വിഷമാവസ്ഥയിൽ നല്ലതാണ്. ശ്വാസനാളരോഗങ്ങൾ, രക്തവികൃതികൾ, വ്രണങ്ങൾ, ശ്വിത്രം, കുഷ്ഠം, ത്വക്ക്രോഗങ്ങൾ, മൂത്രാശയരോഗങ്ങൾ, ദന്തരോഗങ്ങൾ, കാൽവിള്ളൽ എന്നിവക്ക് ഫലപ്രദമാണ്.

'മദനവിനോദം' പറയുന്നു:
'നിര്യാസസ്തസ്യമധുരോബല്യഃ ശുക്ലവിവർദ്ധനഃ
സാരസ്തു വിശദോവ്രണ്യോമുഖരോഗകഫാസ്രജിത്'.

കരിങ്ങാലിയുടെ കാതൽ മധുരവും ബലപ്രദവും ശുക്ലവിവർദ്ധനവുമാണ്. അത് വിശദവും വ്രണരോപണവും മുഖരോഗങ്ങളെയും കഫത്തെയും ഇല്ലാതാക്കുന്നതുമാണ്.

'രാജനിഘണ്ടു' പറയുന്നു:
'കടുകഖദിരസാരഃ തിക്തോഷ്ണഃ കഫവാതഹൃത്
വ്രണകണ്ഠാമയഘ്നശ്ചരുചികൃത്ദീപനഃ പരഃ'.

ഖദിരസാരം, എരിവുള്ളതും തിക്തവും ഉഷ്ണവീര്യത്തോടുകൂടിയതും കഫവാതനാശകവുമാണ്. വ്രണം, കണ്ഠരോഗങ്ങൾ എന്നിവയെ ഇല്ലാതാക്കുന്നതും, രുചിയെ പ്രദാനംചെയ്യുന്നതും, ദീപനവുമാണ്.

'ഖദിരഃ ഖദിരോദ്ഭൂതഃ തത്സാരോരംഗതഃ സ്മൃതഃ
ജ്ഞേയഃ ഖദിരസാരശ്ചതഥാരംഗഃ ഷഡാഹ്വയഃ'

അത് ഖദിരവും, ഖദിരരസവും, നിറങ്ങളിൽ എത്രമാത്രം പ്രയോജനകരവുമാണെന്ന് പഴയ കാലത്തുള്ളവർക്ക് അറിയാമായിരുന്നു.

'ഗുണപാഠം' പറയുന്നു:
'ചവർത്തുമധുരിച്ചുള്ള കരിങ്ങാലിയുടെ രസം സർവകുഷ്ഠപ്രമേഹഞ്ചമേദസ്സും പിത്തവും കഫം ഇവ വർദ്ധിക്കിലന്നേരം ശമിപ്പാനുമിതുത്തമം'.

'അഭിധാനമഞ്ജരി' പറയുന്നു:
'ഖദിരോ ഗായത്ര്യാഹ്വ ക്ഷമീദന്തധാവനഃ ശല്യഃ
കുഷ്ഠഘ്നോ ഹോമതരും സകണ്ടകോരക്തസാരശ്ച
പ്രോച്യതേ ബാല പത്രോഽജ്ഞോബാലഃ കുടിലകണ്ടകഃ

ശരു, സകണ്ടകം, രക്തസാര, ബാലപത്ര, കുടിലകണ്ടകം, അജ്

ത്സം, ബാല, ജിഹ്വശല്യം, ഹോമവൃക്ഷം എന്നിവ കരിങ്ങാലിയുടെ പര്യായനാമങ്ങളാണ്.

'ഭാവപ്രകാശം' പറയുന്നു:
'ഖദിരഃ ശാതിലോ ദന്ത്യഃ കണ്ടൂകാസാരുചിപ്രണുത്
തിക്തഃ കഷായോ മേദോഘ്നഃ കൃമിമേഹജ്വരപ്രണാൻ
ശിവത്രശോഫാമപിത്താസ്രപാണ്ഡുകുഷ്ഠകഫാൻ ഹരേത്'.

കരിങ്ങാലി ദന്ത്യവും ചൊറിച്ചിൽ, കാസം എന്നിവയെ തടുക്കുന്നതും, രുചിയുണ്ടാക്കുന്നതുമാണ്. തിക്തകഷായരസത്തോടുകൂടിയതും, മേദഘ്നവും കൃമി, പ്രമേഹം, ജ്വരം, വ്രണം എന്നിവയെ നശിപ്പിക്കുന്നതുമാണ്. നീര്, ആമവാതം, പിത്തം, പാണ്ഡുത, കുഷ്ഠം, കഫം എന്നിവ നശിപ്പിക്കുന്നതാണ്.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'ഖദിരഃ സ്യാദ് രസേതിക്തോഹിമഃ പിത്തകഫാസ്രനുത്
കുഷ്ഠാമകാസകണ്ടൂരികൃമിദോഷഹരഃ സ്മൃത'.

'ചരകസംഹിത' സൂത്രസ്ഥാനം പറയുന്നു:
'ഖദിര കുഷ്ഠഘ്നാം'.
'സുശ്രത സംഹിത' ചികിത്സാസ്ഥാനം പറയുന്നു:
'ശനൈർമോഹിനം ഖദിരകഷായം'.

വാതജമായ കാസത്തിന് കരിങ്ങാലിയുടെ ഒരു ഗ്രാം സത്ത് ഒരു ഔൺസ് മദ്യത്തിലൊ, ഒരു ഔൺസ് തൈരിന്റെ തെളിയിലൊ കഴിച്ചാൽ നല്ലതാണ്.

'ചരക സംഹിത' പറയുന്നു:
'കുഷ്ഠേഷുസേവ്യ ഖദിരസ്യസാരഃ'.

കരിങ്ങാലികാതൽ ത്വക്ക്രോഗത്തിന് ഫലപ്രദമായ ഔഷധമാണ്.

'സുശ്രുത സംഹിത' പറയുന്നു:
രക്തപിത്തത്തിൽ കരിങ്ങാലിക്കാതലും അടക്ക(പാക്ക്)യും ചേർത്തുണ്ടാക്കിയ കഷായം ഉത്തമമാണ്.

കരിങ്ങാലിയുടെ സത്ത് വറ്റിച്ചെടുത്താൽ അമിതവണ്ണം(സ്ഥൗല്യം) കുറക്കാം.

കരിങ്ങാലികാതൽ മുപ്പത് ഗ്രാം, പത്ത് ഗ്രാം പാണൽവേര്, പത്ത് ഗ്രാം വേപ്പിൻതോൽ, പത്തുഗ്രാം വിഴാലരി എന്നിവ പന്ത്രണ്ട് ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത്, മുപ്പത് മില്ലി ഗ്രാം വംഗഭസ്മം ചേർത്ത് അര ഗ്ലാസ്സ് വീതം മൂന്നുനേരം കഴിച്ചാൽ

പ്രമേഹവും, കൃമികളും നശിക്കും. ഇതിൽ വംഗഭസ്മത്തിന് പകരം നൂറ് മില്ലി ഗ്രാം രസകർപ്പൂരഭസ്മം ചേർത്തുകഴിച്ചാൽ എല്ലാതരം മേഹരോഗങ്ങളും ശമിക്കും. ഇതിൽ നൂറ് മില്ലി ഗ്രാം അന്നഭേരിസിന്ദൂരം ചേർത്തുകഴിച്ചാൽ പാണ്ഡുതയും, ത്വക്‌രോഗവും ശമിക്കും.

കരിങ്ങാലികാതലിന്റെ സാരവും, നൂറ് മില്ലിഗ്രാം പവിഴഭസ്മവും ചേർത്തുകഴിച്ചാൽ ചുമ, ശ്വാസതടസ്സം എന്നിവ ശമിക്കും.

കരിങ്ങാലികാതൽ അറുപത് ഗ്രാം, പന്ത്രണ്ട് ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചതിൽ, ഒരു മില്ലി ഗ്രാം രാമബാണരസം ചേർത്ത് അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിച്ചാൽ പനി, അരുചി, വ്രണം എന്നിവ പോകും. ഇതേ കഷായത്തിൽ 'ഹംസമണ്ഡൂരം' ഗുളിക ചേർത്തുകഴിച്ചാൽ ശ്വിത്രം(വെള്ളപാണ്ഡ്)ശമിക്കും. ഈ കഷായം കഴിക്കുമ്പോൾ മഞ്ഞളും, വാളൻപുളിയും അൽപംപോലും കഴിക്കരുത്.

കരിങ്ങാലിക്കാതൽ, വേപ്പിൻതോൽ, ചിറ്റമൃത്, പടവലത്തണ്ട്, മരമഞ്ഞൾ തൊലി, കൊടിത്തൂവവേര് എന്നിവ സമം അറുപത് ഗ്രാമെടുത്ത് പന്ത്രണ്ട് ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സുവീതം കഴിച്ചാൽ കുഷ്ഠവും, ചർമ്മരോഗങ്ങളും മാറും.

'ദശനകാന്തി'യെന്ന ദന്തധാവനചൂർണ്ണം, 'ഖദിരാരിഷ്ടം', 'ഖദിരത്രിഫലാദി കഷായം', 'ഖദിരാദി ഗുളിക' തുടങ്ങിയ ഒട്ടുവളരെ ആയുർവേദമരുന്നുകൾ കരിങ്ങാലി ചേർത്തുള്ളവയാണ്.

കരിങ്ങാലിയിൽ നിന്നെടുക്കുന്ന കാത്ത്, ഉത്തരേന്ത്യയിൽ വെത്തില മുറുക്കുന്നതിനൊപ്പം ഉപയോഗിക്കാറുണ്ട്; പാക്കിന്റേയും പുകയിലയുടെയും ദൂഷ്യഫലം ഇല്ലാതാക്കുമെന്നാണ് കരുതുന്നത്.

കരിങ്ങാലി ചുകന്നത്, വെളുത്ത് തടിയുള്ളത്(ശ്വേതഖദിര), ഖദിരവല്ലി(ആരി) എന്നിങ്ങനെ മൂന്നുതരമുണ്ടെന്ന് പറയപ്പെടുന്നു. ഇംഗ്ലീഷിൽ ഇവയെ Acaciacatechu, Acacia Senegal, Acacia Pinnata എന്നിങ്ങനെ പറയും.

'ഖദിരഃ' ശബ്ദത്തിന്റെ അർത്ഥം ആമയഹരം എന്നാണ്. സ്വരസ്ഥാനങ്ങൾക്ക് ശക്തിപകർന്ന് സ്വരം നന്നാക്കുന്നതുകൊണ്ട് കരിങ്ങാലിയെ ഗായത്രിയെന്നും വിളിക്കും. അതുകൊണ്ട് സംഗീതം സാധന ചെയ്യുന്നവർക്ക് കരിങ്ങാലി വളരെ ഉപകാരിയാണ്.

കരിങ്ങാലിയെ കുഷ്ഠഘ്നം എന്നുവിളിക്കുന്നത് എല്ലാതരം ത്വക് രോഗങ്ങളെയും ഹനിക്കുന്നതിനാലാണ്.

ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ കരിങ്ങാലി ഉപയോഗിക്കാം. ആധുനിക ആന്റിബയോട്ടിക്കുകളുടെ പാർശ്വഫലങ്ങളില്ലാതെ പതിന്മടങ്ങ് ഫലം തരുവാൻ, കരിങ്ങാലിക്ക് കഴിയും. അതേസമയം, ചിലർ കരിങ്ങാലിയുടെ കറ കുടലിൽ പറ്റിപ്പിടിക്കുമെന്ന് പറഞ്ഞുപേടിപ്പിക്കാറുണ്ട്. അങ്ങനെയൊരു സംശയം തോന്നിയാൽ മോര് കഴിക്കുക. അല്ലെങ്കിൽ മത്തങ്ങ കഴിക്കുക, 'ചരക സംഹിത'യനുസരിച്ച് ഇത് ലേപനത്തിനും ഉപയോഗിക്കാം.

കരിങ്ങാലികാതലും, വേങ്ങക്കാതലും കഷായംവെച്ചത് കഴിച്ചാൽ അമിതമായ വണ്ണം, പ്രമേഹം എന്നിവക്ക് നല്ലതാണ്. ഇത് പ്രമേഹ പിടകകളിലും അത്യുത്തമമാണ്.

'കതകഖദിരാദി കഷായം' കരിങ്ങാലി ചേർന്നതാണ്. ഇതിനെ പറയുന്നതുതന്നെ 'ഹരതിസകലമേഹാൻ സപ്തരാത്ര പ്രയോഗാത്' യെന്നാണ്.

സ്വരസാദ(ശബ്ദമടപ്പ്)ത്തിന് കരിങ്ങാലിക്കാതൽ അറുപതുഗ്രാം, പന്ത്രണ്ട് ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചതിൽ അര ടീസ്പൂൺ 'ബ്രഹ്മിഘൃത'മൊ, അര ടീസ്പൂൺ 'രാസ്നാദശമൂലഘൃത'മൊ ചേർത്ത് അര ഗ്ലാസ്സുവീതം ദിവസവും മൂന്നുനേരം കഴിച്ചാൽ നല്ലതാണ്. ഇതേ രോഗത്തിന് പ്രസ്തുത കഷായത്തിൽ 'ത്വഗേലാദി ചൂർണ്ണം' ചേർത്തുകഴിച്ചാൽ വളരെ ഫലപ്രദമാണ്, ഇത് ആറുനേരം കഴിച്ചാൽതന്നെ ഫലം ലഭിക്കും.

മോണവീക്കം, മോണപഴുപ്പ്, വായനാറ്റം, ഊനിൽനിന്ന് രക്തം വരിക, പല്ലിന് ബലക്കുറവ്, പല്ലിന് പുളിപ്പ്, പല്ലിന് ദ്വാരം വീഴൽ എന്നിവക്ക് കരിങ്ങാലി, വേപ്പിൻതൊലി, കടുക്കത്തോട് എന്നിവ ചേർത്ത് കഷായംവെച്ചത് ചെറുചൂടോടെ കവിൾകൊള്ളുന്നത് നല്ലതാണ്.

ശ്വിത്രത്തിന്(വെള്ളപാണ്ട്) കരിങ്ങാലി അറുപതുഗ്രാം, പന്ത്രണ്ട് ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിക്കുകയും, കവിൾകൊള്ളുകയും ചെയ്യാം. ഇതേ കഷായത്തിൽ കരിങ്ങാലിതൊലി അരച്ചുചേർത്ത് ശ്വിത്രമുള്ളിടത്ത് പുരട്ടുന്നത് ഫലപ്രദമാണെന്ന് 'ചരക സംഹിത' പറയുന്നുണ്ട്.

'ഹെർപ്പിസ്സി'ന് കരിങ്ങാലി അത്യുത്തമമായ ഔഷധണ്.

കരിങ്ങാലിയിട്ട് വെന്ത വെള്ളം ദാഹശമനിയായി ഉപയോഗിക്കാൻ നല്ലതാണ്.

'കഷായതിക്തഃ ഖദിരഃ കഫപിത്ത പ്രമേഹജിത്
സർവകുഷ്ഠ പ്രശമനോമോദോദോഷവിനാശനഃ'

കയ്പും, ചവർപ്പും രസങ്ങളോടുകൂടിയ കരിങ്ങാലി കഫം, പിത്തം, പ്രമേഹം എന്നിവയെ ശമിപ്പിക്കുന്നതാണ്. കുഷ്ഠങ്ങളെയും, മേദോദോഷത്തെയും ഇല്ലാതാക്കുന്നതാണ്.

കരിങ്ങാലികാതൽ, ചിറ്റമൃത്, ഇരട്ടിമധുരം, മരമഞ്ഞൾതൊലി എന്നിവ കഷായംവെച്ചത് കഴിച്ചാൽ അമ്ലത്തം(Acidity)ഇല്ലാതാകും.

കരിങ്ങാലികാതൽ, ആടലോടകവേര്, പടവലം, വേപ്പിൻതൊലി, അമൃത്, നെല്ലിക്ക എന്നിവ കഷായംവെച്ചതിൽ, ഇതേ മരുന്നുകൾതന്നെ അരച്ചത് കൽക്കൻചേർത്ത് കാച്ചിയെടുത്ത നെയ്യ് എല്ലാതരം ത്വക്‌രോഗങ്ങളെയും, ഗുൽമത്തെയും മാറ്റും.

കരിങ്ങാലികാതൽ പത്ത് കിലോഗ്രാം, പതിനാറ് ഇടങ്ങഴി വെള്ളത്തിൽ വെന്ത് എട്ടിലൊന്നാക്കിയെടുത്ത് പിഴിഞ്ഞരിച്ചതിൽ ജാതിക്ക, കർപ്പൂരം, അടക്ക, ഏലത്തരി എന്നിവ പൊടിച്ചത് ചേർത്ത് അരച്ചെടുത്ത് ഗുളികകളായി ഉരുട്ടിവെക്കുക. ഇത് ദന്തരോഗം, ഓഷ്ഠരോഗം (ചുണ്ടുകളിലെ വിള്ളൽ) ജിഹ്വാരോഗം, താലുരോഗം എന്നിവക്ക് ഉത്തമമാണ്.

കരിങ്ങാലികാതൽ, കുടകപ്പാലയരി, വേപ്പിൻതൊലി, വയമ്പ്, ചുക്ക്, മുളക്, തിപ്പലി, കടുക്ക, നെല്ലിക്ക, താന്നിക്ക, ത്രികോല്പക്കൊന്ന എന്നിവ സമമെടുത്ത് ഉണക്കി ശീലപ്പൊടിയാക്കിയത്, ഒരു കഴഞ്ചുവീതം ഗോമൂത്രത്തിൽ കഴിച്ചാൽ ദൃഷ്ടങ്ങളും, അദൃഷ്ടങ്ങളുമായ കൃമികൾ ഇല്ലാതാകും.

കരിങ്ങാലികാതൽ കത്തിക്കുമ്പോൾ അതിൽനിന്ന് എണ്ണപോലുള്ള ഒരു രസം ഇറ്റുവീഴുന്നതുകാണാം. ഇതിൽ നെയ്യും, നെല്ലിക്കനീരും, തേനും അസമയോഗത്തിൽ(തുല്യമല്ലാതെ) ചേർത്തുകഴിച്ചാൽ കുഷ്ഠം(Leprosy) മാറും.

കരിങ്ങാലികഷായം പതിനഞ്ച് മില്ലി ഗ്രാം, മരോട്ടി(നീരാട്ടി)യെണ്ണ അര ടീസ്പൂൺ എന്നിവ ചേർത്ത് കാച്ചിയെടുത്തത് ഒരു മാസം പഥ്യത്തോടുകൂടി കഴിച്ചാൽ കുഷ്ഠം(Leprosy) പോകും.

കരിങ്ങാലികഷായവും, മരോട്ടി(നീരാട്ടി)എണ്ണയും, തേനും, നെയ്യും അസമയോഗത്തിൽ ചേർത്തത് പതിനഞ്ച് ദിവസം കഴിക്കുകയും, മാംസരസം(സൂപ്പ്)മാത്രം കഴിക്കുകയും ചെയ്താൽ ആയുർദൈർഘ്യമുണ്ടാകുമെന്ന് 'അഷ്ടാംഗഹൃദയം' പറയുന്നു.

കടുക്കാത്തോട്, താന്നിക്കാത്തോട്, നെല്ലിക്കാത്തോട്, വേങ്ങക്കാതൽ എന്നിവ കരിങ്ങാലി കഷായത്തിൽ ഏഴുതവണ ഭാവനചെയ്തെടുക്കുക, പിന്നെയുമതുപോലെ കരിങ്ങാലിക്കഷായത്തിൽതന്നെ ഏഴുതവണ ഭാവനചെയ്തെടുത്ത് ഉണക്കി പൊടിച്ചുവെക്കുക. അതിൽനിന്ന് അഞ്ചുഗ്രാം, ഒരു ടീസ്പൂൺ തേൻ എന്നിവ ചേർത്തുകഴിച്ചാൽ രോഗങ്ങളേതുമില്ലാതെ ബലവാനായി ജീവിക്കാം.

തടിച്ച ദേഹപ്രകൃതിയുള്ളവരും, പ്രമേഹരോഗികളും കരിങ്ങാലി കാതലിട്ട് വെന്ത വെള്ളത്തിൽ കുളിക്കുന്നത് നല്ലതാണ്.

കരിങ്ങാലി, ഞാവൽ, കൊന്ന, മലയകത്തി എന്നിവയുടെ പൂക്കൾ ഉണക്കി പൊടിച്ചത് ഒരു ടീസ്പൂൺ, ഒരു ടീസ്പൂൺ തേൻ എന്നിവ ചേർത്തുകഴിച്ചാൽ അമ്ലപിത്തം(Acidity)മാറും.

കരിങ്ങാലികാതൽ, രക്തചന്ദനം, ഞാറത്തൊലി, നീർമരുതിൻ തോൽ, മുത്തങ്ങ, നിലപ്പനക്കിഴങ്ങ്, ദേവതാരം, മരമഞ്ഞൾതൊലി, താന്നിക്ക, നെല്ലിക്ക, കടുക്ക, ശതാവരിക്കിഴങ്ങ് എന്നിവ സമമായി അറുപതുഗ്രാമെടുത്ത്, പന്ത്രണ്ട് ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചതിൽ അനുപാതമായി ഒരു ടീസ്പൂൺ തേൻ ചേർത്ത്, അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിച്ചാൽ എല്ലാതരം പ്രദരവും(അസ്ഥിസ്രാവം, രക്തസ്രാവം) ശമിക്കും.

കരിങ്ങാലി കാത്ത് നൂറുഗ്രാം, ആലം അമ്പതുഗ്രാം, മീറ അമ്പതുഗ്രാം, ഗ്രാമ്പൂ ഇരുപത്തിയഞ്ചുഗ്രാം, മാടോടുപൊടിച്ചത് അഥവാ കാവിമണ്ണ് നാനൂറുഗ്രാം എന്നിവ നല്ലതുപോലെ പൊടിച്ച് യോജിപ്പിച്ചുവെക്കുക. ഇതുകൊണ്ട് നിത്യേന രാത്രി ഊനും, പല്ലും തേച്ചുകിടന്ന്, രാവിലെയുണർന്ന് കരിവേലപ്പട്ട വെന്ത വെള്ളം കവിൾകൊണ്ട് കഴുകി കളഞ്ഞാൽ എല്ലാതരം ദന്തരോഗങ്ങളും, മോണരോഗങ്ങളും, ഓഷ്ഠരോഗങ്ങളും മാറും.

കരിങ്ങാലി കാത്ത്, തുരിശ് എന്നിവ സമമെടുത്തതിൽ പഴയ വെളിച്ചെണ്ണയൊ, വാസ്ലൈനൊ, പെട്രോളിയംജല്ലിയൊ, തേൻമെഴുകൊ ചേർത്തുണ്ടാക്കുന്ന ഓയിന്റ്മെന്റ് ദുഷ്ടവ്രണങ്ങൾ ഉൾപ്പെടെയുള്ള വ്രണങ്ങളിൽ പുരട്ടുന്നത് നല്ലതാണ്; ഇതൊരു ഉത്തമലേപനമാണ്.

മുലക്കണ്ണിന്മേലുണ്ടാകുന്ന വ്രണത്തിന്, കരിങ്ങാലി കാത്ത് അല്ലെങ്കിൽ കരിങ്ങാലികാതൽ ഇട്ടുതിളപ്പിച്ച വെള്ളംകൊണ്ട് കഴുകിയാൽ മതിയാകും.

കരിങ്ങാലി കാത്ത് പത്ത് ഗ്രയിൻ, കറുവാപ്പട്ട എട്ട് ഗ്രയിൻ എന്നിവ ചേർത്തുപൊടിച്ചതിൽ തേൻചേർത്ത് കഴിച്ചാൽ ജ്വരമില്ലാത്ത ഗ്രഹ

ണി മാറും. കരിങ്ങാലി കാത്ത് പാലുമായി ചേർത്തുകഴിക്കരുത്, വിരുദ്ധൗഷധമാണ്. കരിങ്ങാലി കാത്ത് ദീപനവും, രുചിയുണ്ടാക്കുന്നതുമാണ്. കരിങ്ങാലിയുടെ പച്ചത്തൊലി പിഴിഞ്ഞ നീരെടുത്ത്, കായം ചേർത്തുകഴിച്ചാൽ ചുമച്ച് രക്തം തുപ്പുന്നത് ശമിക്കും.

കരിങ്ങാലിയുടെ പൂക്കുലയും, ജീരകവും വറുത്ത് പൊടിച്ചത് പഞ്ചസാര ചേർത്തുകഴിച്ചാൽ അസ്ഥിസ്രാവം ശമിക്കും.

വിഷാദരോഗം(Melancholia), ഗദോദ്വേഗം(Anxiety)എന്നിവക്ക് കരിങ്ങാലിയുടെ പൂക്കുല ഘരംമസാല ചേർത്തുകൊടുത്താൽ മതി. പൂക്കുല കിട്ടാതായെങ്കിൽ പകരം കരിങ്ങാലിതൊലി പൊടിച്ചുചേർത്ത് കൊടുത്താലും മതിയാകും.

കണ്ണുദീനം വന്നാൽ കരങ്ങാലിതൊലി പൊടിച്ചത് വെള്ളത്തിൽ കലക്കിയതുകൊണ്ട് കണ്ണ് കഴുകുകയും, കുറച്ചു കുടിക്കുകയും ചെയ്താൽ നല്ലതാണ്.

കരിങ്ങാലി കാത്ത്, മീറ(ഗന്ധരസം) എന്നിവ ചേർത്തുകഴിച്ചാൽ നല്ലതുപോലെ മുലപ്പാലുണ്ടാകും. സുഖവർദ്ധകമാണ്. പഴയ കാലത്തെ പേറ്റിച്ചികൾ(വയറ്റാട്ടി, സൂതകർമ്മിണി) ഈ ഔഷധമുണ്ടാക്കി സൂക്ഷിച്ചുവെക്കുമായിരുന്നു. പ്രസവം കഴിഞ്ഞവർക്ക് പേറ്റുമരുന്നുകൾ കൊടുത്തിരുന്ന കാലത്ത്, പതിനഞ്ച് ദിവസം വാലായ്മ(തൊടലും തീണ്ടലും കൂടാതെ)യിരിക്കുമ്പോൾ, ഈ ഔഷധം കഴിക്കും. ഇതുകാരണം, പ്രസവിച്ചവൾക്ക് കന്യകാത്വം തിരിച്ചുകിട്ടുമെന്നും, തുടർന്നും ഭർത്താവിനെ കൂടുതൽ സന്തോഷിപ്പിക്കുവാൻ കഴിയുമെന്നും അന്നുള്ളവർ വിശ്വസിച്ചിരുന്നു.

അണ്ണാക്കുപിണ്ഡവ്യാതി(ടോൺസിലൈറ്റിസ്)ക്ക് കഴിക്കുവാനും, പുരട്ടുവാനും കരിങ്ങാലി കാത്ത് നല്ലതാണ്.

അത്യാർത്തവം, യോനിസ്രവങ്ങൾ എന്നിവയിൽ കരിങ്ങാലി കാത്ത് അത്യുത്തമമാണ്.

കരിങ്ങാലി വൃക്ഷത്തിന്റെ ഔഷധഗുണങ്ങളത്രയും അനുഭവിച്ചറിഞ്ഞതുകൊണ്ടുതന്നെയാണ് അന്നുള്ളവർ മകയിരം നാളിൽ കരിങ്ങാലി നട്ടിരുന്നത്. അതിന് അവരെന്നും വെള്ളമൊഴിക്കും. അതിനോടെന്നും സ്നേഹപൂർവം, സ്വകാര്യം സംഭാഷണം നടത്തും. അപ്പോൾ കരിങ്ങാലിയുടെ മസ്തുളങ്കം(ദേവത) അവർക്ക് തന്റെ ഔഷധരഹസ്യങ്ങൾ പറഞ്ഞുകൊടുക്കാറുണ്ട്. അങ്ങനെയാണത്രെ, ഇന്നറിയപ്പെടുന്ന കരിങ്ങാലിയുടെ ഔഷധഗുണങ്ങളത്രയും, അവർ രേഖപ്പെടുത്തിയിരുന്നത്!

തിരുവാതിര നക്ഷത്രം

കരിമരം

ശാസ്ത്രനാമം : Diospyros checnum.
Diospyros malabarica.
കുടുംബം : Ebenaceae.
കുലം : തിന്ദുകം.
ഇംഗ്ലീഷ് നാമം : ഗൗഭ്പെർസിമോൺ, ഇന്ത്യൻ പെർസിമോൺ.
സംസ്കൃതം : തിന്ദുക:, തിന്ദുകി.
മലയാളം : പനച്ചി, പനഞ്ചി, പനച്ച, കരിമരം.
ഹിന്ദി : ഗാഭ്, തേദു.
കന്നട : ഹോളിതുപരേ, കുസാർത്ത ബന്ദമര.
തമിഴ് : പനിച്ചൈ, പനിച്ചിക.
തെലുങ്ക് ; തിന്ദുകി, ഗബു തുമികിച്ചേട്ടു.

തിരുവാതിര തീക്കട്ടപോലെ തിളങ്ങുന്ന ഒരൊറ്റ നക്ഷത്രമാണ്. സംഹാരനക്ഷത്രമാണ്. ദേവൻ ശിവനാണ്. മനുഷ്യഗണമാണ്. സ്ത്രീയോനിയാണ്. അക്ഷരം ഇകാരമാണ്. മന്ത്രാക്ഷരം മകാരമാണ്. ഭൂതം ജലമാണ്. മൃഗം നായയാണ്. പക്ഷി ചകോരമാണ്. വൃക്ഷം കരിമരമാണ്.

തിരുവാതിരയെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'ശംഗർവിതകൃതഘ്നോ ഹിംസ്രേ പാപശ്ച രൗദ്രക്ഷേ'

തിരുവാതിര നക്ഷത്രക്കാർ കുസൃതിയും, ഗർവുമുള്ളവരായിരിക്കും. ഉപകാരസ്മരണയില്ലാത്തവരായിരിക്കും. ഹിംസാശീലരും പാപകർമ്മങ്ങൾ ചെയ്യുന്നവരുമായിരിക്കും.

തിരുവാതിരയിൽ ജനിച്ചവർ പൊതുവെ ആശ്രിതവത്സരും, പ്രിയങ്കരരുമായിരിക്കും. ദുർവാശിക്കാരാണെങ്കിലും, ഇവർ ആരിലും മതിപ്പുളവാക്കുന്ന തരത്തിൽ സംഭാഷണസാമർത്ഥ്യമുള്ളവരായിരിക്കും. പ്രോത്സാഹനം ലഭിക്കാനിടയായാൽ ഉയർച്ചയെ പ്രാപിക്കുന്നവരായിരിക്കും. ഈ നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾക്ക് വിവാഹസൗഖ്യം കുറഞ്ഞതായാണ് കാണുന്നത്.

തിരുവാതി നക്ഷത്രവൃക്ഷമായ കരിമരം പലതരത്തിലുള്ളത് പൂർവേഷ്യയിലും, അമേരിക്കയിലും, പശ്ചിമാഫ്രിക്കയിലും, ഇന്ത്യയിലും കാണപ്പെടുന്നുണ്ട്. ഇന്ത്യയിലുടനീളം കാണപ്പെടുന്നത് അധികവും തീരപ്രദേശങ്ങളിലാണ്. താഴ്വരകളിലും, ഘട്ടങ്ങളിലും വളർന്നുകാ

ണാം. എബണി, മുസ്തബി എന്നിവ കരിമരത്തിന്റെ പര്യായനാമങ്ങളാണ്.

കരിമരത്തിന്റെ തൊലി കടും ചാരനിറത്തിലാണ്. തടിയുടെ പുറംഭാഗം(വെള്ള) ചാരനിറത്തിലും, കാതൽ കടും കറുപ്പുമാണ്. അതുകൊണ്ടാണിതിന് കരിമരമെന്ന പേരുവന്നത്. പത്രങ്ങളുടെ വിന്യാസം ഏകാന്തരമാണ്. അവയുടെ ആകൃതി മീനകാകൃതിയാണ് അതായത് കുന്താകൃതിയാണ്, സ്ഥൂലാഗ്രമുള്ളതാണ്. ആധാരഭാഗം വീതി കുറഞ്ഞതാണ്. സീമാന്തം അഖണ്ഡമാണ്. പത്രഫലകത്തിൽ പുള്ളി കുത്തുകളുണ്ട്.

കരിമരത്തിന്റെ പൂക്കാലം പ്രത്യേകമായി പറയാനില്ല, വസന്തകാലത്തുതന്നെയാണ്. ഇതിന്റെ ആൺപൂക്കൾ ചെറുതാണ്. മൂന്നുമുതൽ പതിനഞ്ചുവരെ ശൂലകങ്ങളിൽ കറ്റപോലെ പൂക്കളുണ്ടാകും. പൂക്കൾ സമവീതമാണ്. ഏകലിംഗവുമാണ്. പച്ചകലർന്ന മഞ്ഞനിറമാണ്. പെൺപൂക്കൾ ഒറ്റയ്ക്കാണുണ്ടാവുക. പൂക്കളുടെ ബാഹ്യദളപുടം ദീർഘസ്ഥായിയാണ്. നാല് അസമപാളികളുണ്ട്. അത് ഫലത്തോടൊപ്പം തടിച്ച് വീർത്തുവളരുന്നു. അത് തടികൊണ്ടുള്ള കപ്പിന്റെ ആകൃതിയിൽ കാണാം. സംയുക്തദളപുടത്തിന് നാല് ഇതളുകളുണ്ട്. അവ മേൽക്കുമേൽ കയറിച്ചുറ്റിയുണ്ടാകും. പതിനാറുമുതൽ ഇരുപത്തിനാലുവരെ അസമകേസരങ്ങൾ ഉണ്ടാകും. അവ രണ്ടുമുതൽ മൂന്നുവരെയുള്ള ചെറുകൂട്ടങ്ങളായി കാണാം. ഊനഗോളാകൃതിയിലൊ, വൃത്താകൃതിയിലൊ ഉണ്ടാകുന്ന ഇതിന്റെ പഴത്തിന് രണ്ട് സെന്റിമീറ്റർ വ്യാസം കാണും.

കരിമരത്തിന്റെ കാതൽ അറുപത് സെ.മീറ്റർ ചുറ്റളവിൽ കിട്ടുന്നതിനായി ഏതാണ്ട് ഇരുന്നൂറ് വർഷത്തെ വളർച്ച വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതായത്, കാതലിന്റെ വളർച്ച സാവധാനത്തിലാണ്. കരിമരത്തിന്റെ തൈകൾ വിത്തിൽനിന്നും, വേരിൽനിന്നും ഉത്പാദിപ്പിക്കാം. അത് ചെറുതിൽ തണലിൽ വളരാൻ തുടങ്ങിയാലും വളർന്നുവരാൻ നല്ല സൂര്യപ്രകാശം വേണം.

വിപണിയിൽ നല്ല വിലകിട്ടുന്ന മരമാണ് കരിമരം. ഇതിന്റെ കാതലിൽ 2 ആനാഫ്താൽ ഡിഹൈഡ്, 2 നാഫ്തോയിക് അമ്ലം, സെറിൻ ആൽക്, ബീറ്റുമിൻ ആൽഫ, അമിറിൻ, അർസോളിക് അമ്ലം, ബോർനിയോൾ, സ്റ്റിഗ്മാസ്റ്റെറോൾ എന്നിവയുണ്ട്. കരിമരത്തിന്റെ ഇലകളിൽ അർസോളിക് ലുപ്റോൺ, ട്രൈടെർപ് ആൽക്, ലുപ്റോൺ എന്നിവയുണ്ട്. ഇവയോടൊപ്പം ഒരുപറ്റം ട്രൈടെർപ്പനോയ്ഡ്സ്സുണ്ട്, ഇതിന് വിഷമുണ്ട്.

കരിമരത്തിന്റെ തൊലി നല്ല ബന്ധനൗഷധമാണ്. ശരീരധാതുക്കളെ സങ്കോചിപ്പിക്കുന്നതാണ്. സ്തംഭകമാണ്. ചവർപ്പുള്ളതാണ്. തീഷ്ണമാണ്. ശീതവീര്യമുള്ളതാണ്. ജ്വലന(inflammation)നാശകമാണ്. പിത്തത്തിന്റെ വിഷമാവസ്ഥയിൽ ഉപയുക്തമാണ്. ചുട്ടുനീറ്റം, അതിസാരം, വയറുകടി, കുഷ്ഠം(leprosy), ത്വക്രോഗങ്ങൾ, പൊട്ടലുകൾ, പൊള്ളലുകൾ, ജ്വരം, ബീജദോഷം, യോനീരോഗങ്ങൾ എന്നിവക്ക് ഉത്തമമാണ്.

കരിമരത്തിന്റെ ഇലകൾ മൂത്രളമാണ്. അഗ്നിവർദ്ധകമാണ്. വയറിളക്കം, നയനരോഗങ്ങൾ എന്നിവക്ക് ഉത്തമമാണ്. രക്തശ്രുതി തടയുന്നതാണ്. പൊള്ളലിന് നല്ലതാണ്. ഗ്രന്ഥികളെ ബാധിക്കുന്ന ക്ഷയത്തിന് നല്ലതാണ്. മൂത്രതടസ്സത്തിനും, വേദനക്കും ഫലപ്രദമാണ്. അഗ്നിമാന്ദ്യത്തിനും, കാഴ്ചക്കുറവിനും ഉപയുക്തമാണ്. നിശാന്ധതയിൽ ഇതിന്റെ ഉപയോഗം വളരെയേറെയാണ്. ചൊറിചിരങ്ങുകളിൽ ഫലപ്രദമാണ്. മുറിവുകൾ ഉണക്കുന്നതാണ്.

കരിമരത്തിന്റെ പൂക്കൾ മൂത്രളമാണ്. കാമോദ്ദീപകമാണ്. വെള്ളപോക്കിന് നല്ല ഔഷധമാണ്. മൂത്രനാളിസംബന്ധമായ രോഗങ്ങളിൽ പ്രയോജനപ്രദമാണ്. പ്ലീഹോദരത്തിൽ ഉപയുക്തമാണ്. നിശാന്ധതക്ക് ഉത്തമമാണ്. പാണ്ഡുരോഗത്തിലും ചൊറിക്കും നല്ലതാണ്.

കരിമരത്തിന്റെ പഴങ്ങൾ ചവർപ്പുള്ളതാണ്. ശീതവീര്യവും, ആഗ്നേയവുമാണ്. ആന്ത്രവായുനിവാരണകമാണ്. സ്നിഗ്ധമാണ്. ഗളഗണ്ഡത്തിന് കൊടുക്കാൻ നല്ലതാണ്. പിത്തത്തിന്റെയും, വാതത്തിന്റെയും വിഷമാവസ്ഥയിൽ നല്ലതാണ്. ശ്ലേഷ്മപടല(mucous membrane)ത്തിന് പുറത്തുകാണുന്ന ചെറിയ കുരുക്കൾക്കും, വായപ്പുണ്ണിനും നൽകാവുന്നതാണ്.

'ഭാവപ്രകാശം' പറയുന്നു:
'തിന്ദുകഃ സ്ഥൂർജ്ജകഃ കാലസ്കന്ധശ്ചശീതിസാരകഃ'.

തിന്ദുകം, സ്ഥൂർജ്ജകം, കാലസ്കന്ധം, ശീതിസാരകം എന്നിവ കരിമരത്തിന്റെ പര്യായനാമങ്ങളാണ്.

'രാജനിഘണ്ടു' പറയുന്നു:
'തിന്ദുകോ നീലസാരശ്ചകാല സ്കന്ധോ/തിമുക്തകഃ
സ്ഥൂർജ്ജകോരമണശ്ചൈവ സ്ഥൂർജ്ജനഃ സ്യന്ദനാഹ്വയഃ'.

'ശാലിഗ്രാമനിഘണ്ടു'പറയുന്നു:
'നിന്ദുകോ നീലസാരശ്ചകാലസ്കന്ദോ/തിമുക്തകഃ
സ്ഥൂർജ്ജകഃ സ്ഥൂർജ്ജനഃ സൃഷ്ടഃ സ്യന്ദനോരാവണോഖഃ

കൃഷ്ണാത്വക് കൃഷ്ണസാരശ്ചസുസാരശ്ചവിരൂപകഃ'.

'ഭാവപ്രകാശം' പറയുന്നു:
'സ്യാദാമം തിന്ദുകംഗ്രാഹിവാതളം ശീതളം ലഘു
പക്വം പിത്തപ്രമേഹാസ്രശ്ലേഷ്മഘ്നംമധുരംഗുരു'.

'സുശ്രുതം'പറയുന്നു:
'ആമം കഷായം സംഗ്രാഹി തിന്ദുകം വാതകോപനം
വിപാകേ ഗുരുസംപക്വം മധുരം കഫകോപിതം'.

'നിഘണ്ടു രത്നാകരം'പറയുന്നു:
'തിന്ദുകസ്തുവരസ്തിക്തഃ സ്നിഗ്ധശ്ചോഷ്ണോമധുഃ സ്മൃതഃ
വായുവ്രണം ഹരന്യസ്യഫലംചാമംകഷായകം
ലേഖനംഗ്രാഹകം ശീതം സ്വാദുരൂക്ഷംലഘുസ്മൃതം
മലസ്തംഭാരുചികരം വാതകൃതിക്തകം മതം
തത്പക്വം ച ഗുരുസ്വാദുമധുസ്നിഗ്ധം ച ദുർജ്ജരം
കഫകൃത്മേഹ പിത്തഘ്നം രക്തരുക് വാതനാശകം
തിന്ദുകാഷ്ഠസ്യസാരസ്തുപിത്തരോഗഹരോമതഃ'.

'ചരകസംഹിത'പറയുന്നു:
'തിന്ദുകം കഫപിത്തഘ്നം കഷായം മധുരം ലഘു'.

'ശാലിഗ്രാമനിഘണ്ടു' പറയുന്നു:
'തിന്ദുകസ്തുവരസ്തിക്തഃ സ്നിഗ്ധോഷ്ണോ വ്രണവാതഃ
സംഗ്രാഹിദുർജ്ജരോ ജിഹ്വാജാഡ്യകാരി ജഡോഗുരു
ആമം ചാസ്യഫലം സ്നിഗ്ധം കഷായംലേഖനം ലഘു
സംഗ്രാഹീ ശീതളം രൂക്ഷം വിബന്ധാരുചിവാതകൃത്
പക്വം പിത്തപ്രമേഹാസ്രഹാശ്മഘ്നം മധുരം ഗുരു
സ്വാദുപാകരസം സ്നിഗ്ധംദുർജ്ജരം വാതനാശകം'.

'രാജനിഘണ്ടു' പറയുന്നു:
'തിന്ദുകസ്തുകഷായഃ സ്യാത്സംഗ്രാഹിവാതകൃത്പരഃ
പക്വസ്തു മധുരഃ സ്നിഗ്ധോദുർജ്ജരഃ ശ്ലേഷ്മളോ ഗുരുഃ'.

കരിമരത്തിന്റെ തൊലി ഒടിവുചതവുകളിൽ വെച്ചുകെട്ടുന്നതിന് ഉപയോഗിക്കാറുണ്ട്.

കരിമരത്തിന്റെ തൊലിയുടെ കഷായം രക്തശ്രുതി, ചുട്ടുനീറ്റം, പുകച്ചിൽ എന്നിവക്ക് നല്ലതാണ്.

കരിമരത്തിൻതോൽ, നിലമ്പരണ്ട, നിലപ്പനക്കിഴങ്ങ്, പാടക്കിഴങ്ങ് എന്നിവ സമമായി ആകെ അറുപതുഗ്രാം, പന്ത്രണ്ടുഗ്ലാസ് വെള്ളത്തി

ൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിച്ചാൽ പ്ലീഹോദരം, പിത്തം എന്നിവക്ക് ഉത്തമമാണ്.

കരിമരത്തിന്റെ തൊലി അരച്ചത് ഒരു ടീസ്പൂൺ, മാതളനാരകത്തോട് അരച്ചത് രണ്ട് ടീസ്പൂൺ, പുളികാരില അരച്ചത് ഒരു ടീസ്പൂൺ എന്നിവ ചേർത്ത് വീണ്ടുമരച്ച് കഴിച്ചാൽ വയറുകടി മാറും.

കരിമരത്തോൽ അഞ്ചുഗ്രാം, നറുനീണ്ടിക്കിഴങ്ങ് പത്തുഗ്രാം, കരിങ്ങാലികാതൽ ഇരുപതുഗ്രാം, ഞാവൽ മുപ്പതുഗ്രാം എന്നിവ ചതച്ചത് പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിച്ചാൽ ചുട്ടുനീറ്റവും, വേദനയും ശമിക്കും.

കരിമരത്തൊലി, ചിറ്റമൃത്, പാടക്കിഴങ്ങ്, ഞൊട്ടാഞൊടിയൻ, ഈശ്വരമുല്ലവേര്, കുടകപ്പാലവേരിന്മേൽതൊലി എന്നിവ സമമായി ആകെ അറുപതുഗ്രാം, പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സ് വീതം മൂന്നുനേരം, ഇന്തുപ്പ് മേമ്പൊടിചേർത്ത് കഴിച്ചാൽ അണലിവിഷം കൊണ്ടുള്ള പഴുത്തവ്രണം, സോറിയാസിസ്(കപാലകുഷ്ഠം), ത്വക്ക്രോഗങ്ങൾ എന്നിവ മാറും.

കരിമരത്തൊലി, കരിങ്ങാലിക്കാതൽ, വേപ്പിൻതൊലി എന്നിവ സമമായി ആകെ അറുപതുഗ്രാം, പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിച്ചാൽ കുഷ്ഠം(leprosy)മാറും.

കരിമരത്തൊലി, ജാതിക്ക, നായ്ക്കുരണപ്പരിപ്പ് എന്നിവ പൊടിച്ചത് ശതാവരിക്കിഴങ്ങിൻനീരിൽ ഏഴുതവണ കുതിർത്തുവെച്ചശേഷം ഉണക്കി പൊടിച്ചുവെച്ചത് കഴിച്ചാൽ ബീജദോഷങ്ങളും, യോനീരോഗങ്ങളും മാറും.

കരിമരയിലകൾ മരുന്നിന് ഉപയോഗിക്കുമ്പോൾ ശുദ്ധിചെയ്ത് ഉപയോഗിക്കുന്നതാണ് നല്ലത്. അത് ഗോമൂത്രത്തിൽ പുഴുങ്ങിയുണക്കിയാൽ ശുദ്ധമാകുന്നതാണ്. അങ്ങനെ ശുദ്ധിചെയ്ത ഇലകൾ അഗ്നിവർദ്ധകമാണ്.

കരിമരയില പിഴിഞ്ഞ നീരിൽ കറുത്ത മുട്ടനാടിന്റെ കരൾ അഥവാ, കരിങ്കോഴിയുടെ കരൾ എടുത്ത് ഉണക്കി പൊടിച്ചത് ഒരു ടീസ്പൂൺ, അതിന് സമമായി ത്രിഫലാചൂർണ്ണം എന്നിവ ചേർത്തുകഴിച്ചാൽ എല്ലാതരം നയനരോഗങ്ങൾക്കും ഉത്തമമാണെന്നത്, വനവാസികളുടെ അനുഭവമാണ്.

കരിമരയില എണ്ണയിൽ വറുത്ത്, അതേ എണ്ണയിൽ അരച്ചുകല

ക്കിയത് പൊള്ളലിന് പുരട്ടാൻ ഉപയോഗിക്കാം.

ഗ്രന്ഥികൾക്കുണ്ടാകുന്ന ക്ഷയരോഗത്തിന് കരിമരയില ചാണക നീരും, ഗോമൂത്രവും ചേർത്ത് മൺകലത്തിൽ അടുപ്പത്തുവെച്ച്, കല ത്തിലെ നീരിനുമുകളിൽ കമ്പുകൾ പാകി, അതിനുമുകളിൽ വൃത്തി യാക്കിയ കരിങ്കോഴിയുടെ മാംസം വെച്ച്, മറ്റൊരു കലം കൊണ്ട് അതടച്ചുവെച്ച്, അതിന് ശീലമൺ ചെയ്തശേഷം അടുപ്പിൽവെച്ച് മൃദുവായി അഗ്നിജ്വലിപ്പിക്കുക. അതിലെ വെള്ളം വറ്റിക്കഴിഞ്ഞാൽ മാംസം പുറത്തെടുത്ത് അരി ആറും, ജീരകം നാലും, കോലരക്കും, ചെന്നിനായകവും ചേർത്തിടിച്ച് യോജിപ്പിച്ച് ഉണക്കിപ്പൊടിച്ചത് ഒരു ടീസ്പൂൺ വീതം കഴിക്കുക. അതിനുപുറകെ പത്ത് എം.എൽ 'ലാക്ഷാശൃംഗാദ്യരിഷ്ട'മൊ, പതിനഞ്ച് എം.എൽ 'ബലാരിഷ്ട'മൊ, പതിനഞ്ച് എം.എൽ 'ദശമൂലാരിഷ്ട'മൊ കഴിച്ചാൽ ഉത്തമമാണ്.

ശുദ്ധിചെയ്ത കരിമരയിലയും, കഞ്ഞുണ്ണിനീരും ചേർത്തുകഴി ച്ചാൽ നിശാന്ധതയും, ചൊറിചിരങ്ങുകളും മാറും.

കരിമരപ്പൂവ് ഉണക്കിപ്പൊടിച്ചത് ഒരു ടീസ്പൂൺ, സമമായി നില പ്പനക്കിഴങ്ങ് പൊടിച്ചത് എന്നിവ തേനിൽചേർത്ത് കഴിച്ചാൽ വെള്ള പോക്കിന് ഉത്തമമാണ്.

കരിമരപ്പൂവ് ഉണക്കിപൊടിച്ചത് വെണ്ണ ചേർത്തുകഴിച്ചാൽ കാമോ ദ്ദീപനമുണ്ടാകും.

കരിമരപ്പൂവ്, കടുക്കാത്തോട്, നെല്ലിക്കാത്തോട്, താന്നിക്കാത്തോട് എന്നിവ സമമായി ഉണക്കി പൊടിച്ചുവെച്ചത് ഒരു ടീസ്പൂൺ വീതം തേനിൽ കഴിച്ചാൽ നയനരോഗങ്ങൾ മാറും. ഇത് വൃഷ്യവും, രസായ നവുമാണ്.

കരിമരത്തിന്റെ പഴം, ചെറുകടലാടി, നിലമ്പരണ്ട, നിലപ്പനക്കിഴ ങ്ങ് എന്നിവ ചേർത്തരച്ചത് കഴിച്ചാൽ കണ്ഠരോഗം മാറും.

കരിമരത്തിന്റെ പഴച്ചാറും, നെല്ലിക്കാനീരും, പനികൂർക്കിലനീരും, തേനും ചേർത്തുകഴിച്ചാൽ ശ്ലേഷ്മപടലത്തിലെ കുരുക്കളും, വായ പ്പുണ്ണും മാറും.

പുണർതം നക്ഷത്രം

മുള

ശാസ്ത്രനാമം	: Bambusa arundinacea wild.
ഫാമിലി	: Bambusaceae.
കുലം	: വംശ.
ഇംഗ്ലീഷ്നാമം	: Thorny bamboo.
സംസ്കൃതം	: വംശഃ വേണുഃ രുജാസഹം, വംശലേഖനം.
മലയാളം	: മുള.
ഹിന്ദി	: ബാംസ്, കണ്ടബാംസ്.
കന്നട	: ബൈഡ്രു.
തമിഴ്	: മുൾ മുങ്കിൽ.
തെലുങ്ക്	: വേദുരുബിയ്യം, വേദുരുപ്പ്.

പാമരംപോലെ കാണപ്പെടുന്ന ആറ് നക്ഷത്രക്കൂട്ടമാണ് പുണർതം. കന്നിരാശി മൂന്നേകാൽ നാഴികയിൽ ഉച്ചിയിലെത്തും. സൃഷ്ടിനക്ഷത്രമാണ്. ദേവത അദിതിയാണ്. ദേവഗണമാണ്. സ്ത്രീയോനിയാണ്. അക്ഷരം ഇകാരമാണ്. മന്ത്രാക്ഷരം മകാരമാണ്. ഭൂതം ജലമാണ്. മൃഗം പൂച്ചയാണ്. പക്ഷി ചകോരമാണ്. വൃക്ഷം മുളയാണ്.

പുണർതം അന്നപ്രാശനനക്ഷത്രമായതുകൊണ്ട് ഒട്ടുമിക്ക ശുഭകർമ്മങ്ങൾക്കും നല്ല നക്ഷത്രമാണ്. യാത്രപുറപ്പെടാനും, വാഹനങ്ങൾ ഓടിക്കുവാനും, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാനും, നാൽക്കാലികളെ വാങ്ങുവാനും നല്ല നാളാണ്. ഈ നക്ഷത്രത്തിൽ ജനിച്ചവർ പൊതുവെ ബാങ്കിങ്, നീതിന്യായവകുപ്പ്, നഴ്സിങ്, സെയ്ൽസ് തുടങ്ങിയ രംഗങ്ങളിൽ ശോഭിക്കുന്നവരായിരിക്കും.

പുണർതം നക്ഷത്രത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'ദാഞസ്സുഖീസുശീലോ ദുർമ്മേധാ രോഗദാക്പീപാസുശ്ച
അല്പേ ന ച ലന്തുഷ്ടഃ പുനർവസൗജായതെമനജഃ'

പുണർതം നക്ഷത്രത്തിൽ ജനിച്ചവൻ തപക്ലേശത്തെ സഹിക്കുന്നവനായിരിക്കും. നല്ലശീലത്തോടും, ജ്ഞാനത്തോടുകൂടിയവനുമായിരിക്കും. അന്തർദാഹത്തോടുകൂടിയവനും അൽപ്പംകൊണ്ട് സന്തോഷിക്കുന്നവനുമായിരിക്കും. വിനയാന്വിതനും, സത്യാന്വേഷിയുമായിരിക്കും. വിജ്ഞാനത്തിലും, കലകളിലും താത്പര്യമുള്ളവരായിരിക്കും. ബന്ധുക്കളോടും, കുടുംബത്തോടും രമ്യതയോടെ പെരുമാറുന്നവരായിരിക്കും. പരോപകാരികളും, ശുഭാപ്തിവിശ്വാസികളുമായിരിക്കും.

പുണർതം നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾക്ക് പൊതുവെ വസ്ത്രാലങ്കാരതാത്പര്യം താരതമ്യേന കൂടുതലായിരിക്കും. നല്ല ശുചിത്വശീലമുള്ളവരായിരിക്കും. മാതാപിതാക്കളോട് ഭക്തിയുള്ളവരും സന്താനഗുണമുള്ളവരുമായിരിക്കും.

പുണർതം നക്ഷത്രവൃക്ഷമായ മുള ഇന്ത്യയിലുടനീളം, സമുദ്രനിരപ്പിൽനിന്നും രണ്ടായിരത്തിയൊരുന്നൂറ് മീറ്റർവരെ ഉയരത്തിൽ വളർന്നുകാണപ്പെടുന്നു. മുളയുടെ നീളമുള്ള കാണ്ഡം, അനേകം പർവസന്ധികളോടുകൂടിയതാണ്. അകം പൊള്ളയാണ്. ഇരുപതുമുതൽ നാൽപ്പത് സെ.മീറ്റർ വരെ വ്യാസമുണ്ടാകും. പരുപരുത്ത് ദീർഘാകാരമുള്ള ഇലകളാണ്. ഇലകളുടെ വിന്യാസം ഏകാന്തരമാണ്. മുള പൂക്കുന്നതിന് ഒരു വ്യാഴവട്ടത്തിലധികം കാലം വേണം. ചിലരുടെ അഭിപ്രായത്തിൽ, മുപ്പതുനാൽപത് സംവത്സരമെടുക്കുമെന്നാണ്. പുഷ്പമഞ്ജരി ശാഖാന്വിതമാണ്. പൂക്കൾ ദ്വിലിംഗങ്ങളാണ്. ഓരോ പൂവിലും ഓരോ ലമ്മയുണ്ട്. പാലിയയുമുണ്ട്. മൂന്ന് ലോഡിക്യൂൾ. ആറ് കേസരങ്ങൾ. മൂന്ന് വർത്തിക. സൂചിഗോതസരിയുടെ ആകൃതിയിലാണ് ഫലം. ചില മുളകളിൽ ഒരുതരം ദ്രാവകം നിറഞ്ഞ് ഖരരൂപത്തിലാകാറുണ്ട്. അതിന് ക്ഷീരി, തവക്ഷീരി, തുംഗ, തുഗക്ഷീരി, വംശി, ശുഭ, വംശരോചന, മുളങ്കർപ്പൂര, മുളനൂറ്, മുളവെണ്ണ എന്നിങ്ങനെ പര്യായനാമങ്ങളുണ്ട്.

മുളയുടെ തളിരില, ഇല, മൊട്ട്, വേര്, മുളച്ചുവരുന്നത്, വംശരോചനം(മുളങ്കർപ്പൂരം) എന്നിവ ഔഷധയോഗ്യമാണ്.

മുളയിലയിൽ ഫോസ്ഫറസ്, കാത്സ്യം, പൊട്ടാഷ്, പ്രോട്ടീൻ എന്നിവയുണ്ട്. മുളങ്കർപ്പൂരത്തിൽ സിലിസിക് ആസിഡാണ് തൊണ്ണൂറ് ശതമാനവുമുള്ളത്. പത്തുശതമാനമായുള്ളത് പൊട്ടാഷ്, ചുണ്ണാമ്പ്, അലുമിനിയം, ഇരുമ്പ് എന്നിവയാണ്. ചില എൻസൈമുകളുമുണ്ട്. ഇളംതണ്ടിൽ സയാനോജെനിക് ഗ്ലൂക്കോസൈഡുകളുണ്ട്.

മുളയുടെ വേര് മധുരവും വിരേചനീയവുമാണ്. സരമാണ്. കഷായവും, ഛേദനവും, കഫപിത്തഘ്നവുമാണ്. കുഷ്ഠം, ത്വക്‌രോഗങ്ങൾ, ചുട്ടുനീറ്റം, നീര്, മൂത്രകൃച്ഛ്രം, ത്വക്കിന്റെ വർണ്ണമാറ്റം, ക്ഷീണം, സന്ധിവീക്കം എന്നിവക്ക് ഉത്തമമാണ്.

മുളയില മധുരവും, ശീതളവുമാണ്. കണ്ണിന് നല്ലതും, മലബന്ധമുണ്ടാക്കുന്നതുമാണ്. പിത്തത്തിന്റെ വിഷമാവസ്ഥകളിൽ ഫലപ്രദമാണ്. വയറിളക്കം, ഗോണോറിയ, ശുഷ്ക്കാർത്തവം, നടുവേദന, നയനരോഗങ്ങൾ, ആർത്തവത്തകരാറുകൾ, വ്രണങ്ങൾ, ത്വക്‌രോഗങ്ങൾ, ജ്വരം, അർശസ് എന്നിവക്ക് ഫലപ്രദമാണ്.

മണ്ണിൽനിന്നും പൊന്തിവരുന്ന മുളങ്കൊമ്പ് കഷായമാണ്. വയറിളക്കുന്നതാണ്. തണുപ്പിനെ പ്രദാനംചെയ്യുന്നതാണ്. ദഹനമുണ്ടാക്കുന്നതാണ്. അതുകൊണ്ടുതന്നെ മുളങ്കൊമ്പിന്റെ അച്ചാറും, ഉപ്പേരിയുമുണ്ടാക്കി കഴിക്കാറുണ്ട്. മുളങ്കൊമ്പ് മൂത്രളമാണ്. നല്ല ടോണിക്കാണ്. കഫനാശകമാണ്. കുടലിലെ വിരകൾക്ക് നല്ലതാണ്. പ്രമേഹഘ്നമാണ്.

മുളങ്കർപ്പൂരം മധുരവും, ശീതളവും മൂത്രളവുമാണ്. നല്ല ടോണിക്കാണ്. പിത്തഘ്നവും, കഫഘ്നവുമാണ്. ഛർദ്ദി, വയറിളക്കം, ചുട്ടുനീറ്റം, കുഷ്ഠം, മഞ്ഞപ്പിത്തം, ഹൃദയസംബന്ധമായ രോഗങ്ങൾ, രക്തസ്രുതി, കോശസംബന്ധമായ വിഷമതകൾ, ശ്വാസവൈഷമ്യം, ചുമ, ആസ്ത്മ, ക്ഷയം, വയറുവേദന, സിഫിലിസ്, ജ്വരം, നേത്രരോഗങ്ങൾ, ക്ഷീണം എന്നിവക്ക് ഉപയുക്തമാണ്.

'കൈഡര്യാദിനിഘണ്ടു' പറയുന്നു:
'വംശസ്തു ശീതളഃ സ്വാദുഃ കഷായോ വസ്തിശോധനഃ
ഛേദനഃ കഫപിത്താസ്രി കുഷ്ഠശോഫവ്രണാപഃ
തത്കരീരഃ കടുഃ പാകേരസോരൂക്ഷോഗുരുസരഃ
കഷായഃ ശ്ലേഷ്മളഃ സ്വാദുർവിദാഹീവാത പിത്തളഃ'.

'സോഢലനിഘണ്ടു' പറയുന്നു:
'വംശോ വ്രണാമ്ര സംഭാരഭേദനഃ ശോഫനാശനഃ
വേണോഃ കരീരഃ ഗുരവഃ കഫമാരുതകോപനാഃ'

'നിഘണ്ടു രത്നാകരം' പറയുന്നു:
'വംശോ/ല്ല സ്തുവരസ്തിക്തഃ ശീതളഃ സാരകോമതഃ
വസ്തിശുദ്ധീകരഃ സ്വാദുഛേദനോ ഭേദകോമതഃ
കഫം രക്തരുജം പിത്തം കുഷ്ഠം ശോഫം വ്രണം തഥാ
മൂത്രകൃഛ്ര പ്രമേഹർശോൻ ദാഹഞ്ചൈവ വീതാശയേത്'.

'രാജനിഘണ്ടു' പറയുന്നു:
'വംശൗ ത്വമ്ളൗ കഷായൗ ച കിഞ്ചിത് സിക്തൗ ച ശീതളൗ
മൂത്രകൃഛ്ര പ്രമേഹാർശഃ പിത്തദാഹാസ്രനാശനൗ
കരീരം കടുതിക്താമ്ലം കഷായം ലഘുശീതളം
പിത്താസ്രദാഹ കൃഛ്രഘ്നം നചികൃത്പർവതിൻ ഗുണം'.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'വംശത്വമ്ല കഷായശ്ച കടുതിക്തശ്ചശീതളഃ
മൂത്രകൃഛ്രപ്രമേഹാർശഃ പിത്തദാഹാസ്രനാശനഃ
പിത്താസ്രദാഹകൃഛ്രഘ്നോരുചികൃത് പർവ്വനിർഗുണം'.

'അഭിജ്ഞാനമഞ്ജരി' പറയുന്നു:
'വംശോവേണുഃ പർവീശതപർവാമസ്ക്കരശ്ച കല്മാഷഃ
ത്വക്സാരസ്തൃണകേതുഃ സുതീരുകഃ കീചകായവഫലമസ്യാത്'.

'കൈഡര്യാദിനിഘണ്ടു' പറയുന്നു:
'കീചകോമസ്തരോ വംശീപുപർവാഷഡ്പാദലയഃ
വംശോവേണുർയവ ഫലസ്തൃണകേതു സ്തൃണധ്വജഃ
ശതപർവാശബ്ദമാലഃ കർമ്മാരസ്ത്വാചിസാരകഃ'.

'ഭാവപ്രകാശം' പറയുന്നു:
'വംശഃ സരോഹിമഃ സ്വാദുഃ കഷായോ വസ്തിശോധനഃ
ഛേദനഃ കഫപിത്തഘ്നഃ കുഷ്ഠാസ്രവ്രണശോഫജിത്
തത്കരീരഃ കടുഃ പാകേരസേ രൂക്ഷോ ഗുരുഃ സരഃ
കഷായഃ കഫകൃത് സ്വാദുർവിദാഹീ വാതപിത്തളഃ'.

'രാജനിഘണ്ടു'പറയുന്നു:
'വംശോയവഫലോവേണുഃ കർമ്മാരസ്തൃണകേതുകഃ
മസ്കരഃ ശതപർവാച കണ്ടാലുഃ കണ്ടകീതഥാ
മഹാബലോ ദൃഢഗ്രന്ഥിർദൃഢപത്രോ ധനുർദ്രുമഃ
ധനുഷ്ഠോദൃഢകാണ്ഡശ്ച വിജ്ഞേയോ ബാണഭൂമിതഃ
വംശാഗ്രസ്തുകരീരോ വംശാങ്കുരശ്ചയവലാങ്കുരഃ
തസ്യഗ്രന്ഥിസ്തുപരുഃ പർവതഥാകാണ്ഡസന്ധിശ്ച'.

'രാജനിഘണ്ടു' തുടർന്നുപറയുന്നു:
'വേണുജോ വേണുബീജശ്ച വംശജോ വംശതണ്ടുലഃ
വംശധാന്യം ച വംശാഹ്വവോ വേണുവംശദ്വിധായവം'.

'രാജനിഘണ്ടു' തുടർന്നുപറയുന്നു:
'ശീതഃ കഷായോ മധുരസ്തുരൂക്ഷോ
മേഹകൃമിശ്ലേഷ്മവിഷാപഹശ്ച
പുഷ്ടിം ച വീര്യം ച ബലം ച ദത്തേ
പിത്താപഹോവേണുയവഃ പ്രശസ്തഃ'.

'അഭിധാനമഞ്ജരി' പറയുന്നു:
'വംശജാതുഭവേ ദ്വാംശീവംശക്ഷീരം ച വാംശികാ
വംശോദ് ഭവാവേണുഭവാവൈണവീതൃണകേതകി
വംശരോചനികാ ചേതി പര്യായൈർവംശരോചനാ'.

'ഭാവപ്രകാശം' പറയുന്നു:
'സ്വാദ്വംശരോചനാ വാംശീതുഗക്ഷീരീതുഗശുഭാ
ത്വക്ക്ഷീരീവംശജാ ശുഭ്രാവംശക്ഷീരീ ച വൈണവി'.

'ഭാവപ്രകാശം' പറയുന്നു:
'വംശജാബൃംഹണീ വൃഷ്യാബല്യാസ്വാദ്വീച ശീതളാ
തൃഷ്ണാകാസജ്വരശ്വാസക്ഷയ പിത്താസ്രകാമലാഃ
ഹരേത് കുഷ്ഠം വ്രണം പാണ്ഡും കഷായ വാതകൃച്ഛ്ത്രജിത്'.

'നിഘണ്ടു രത്നാകരം' പറയുന്നു:
'തൃഗാരൂക്ഷാതു തുവരാമധുരാരക്തശുദ്ധികൃത്
ശീതാശുഭാവഹാഗ്രാഹീവൃഷ്യാധാതുവിവർദ്ധനീ
ബല്യാക്ഷയശ്വാസകാസരക്തദോഷാ രുചിവ്രണുത്
രക്തപിത്തം ജ്വരം കുഷ്ഠം കാമലാം പാണ്ഡുരോഗകം
ദാഹം തൃഷാംവ്രണം മൂഛ്ത്രം ദാഹം ച നാശയേത്
വാതഘ്നിചൈവ വിജ്ഞേയാ വൈദ്യശാസ്ത്രവിശാരദൈഃ'.

അർശസ്സിന് മുളങ്കൂമ്പ്(മുളംനാമ്പ്), കൊട്ടത്തേങ്ങ, ചെറുകടലാടി, കരിഞ്ചീരകം എന്നിവ സമമായി ആകെ അറുപതതുഗ്രാം പന്ത്രണ്ടു ഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിച്ചാൽ മതി.

മുളങ്കൂമ്പ് ശുക്ലക്ഷയം, ബലക്കുറവ്, ദഹനക്കുറവ് എന്നിവക്ക് ഉത്തമമാണ്.

മുളയുടെ കുരുന്നില, കുരുന്നുമൊട്ട് എന്നിവ കഷായമുണ്ടാക്കി കഴിച്ചാൽ ആർത്തവത്തകരാറുകൾ മാറും.

മുളയുടെ തളിരുശാഖ അരച്ചത് പുരട്ടിയും, ഉണക്കി പൊടിച്ചത് വിതറിയും വ്രണങ്ങളെ ഉണക്കാം.

മുളങ്കർപ്പൂരം വിഷൂചികക്ക്, വയറിളക്കത്തിൽ വില്ലിൽനിന്നും തൊടുക്കുന്നതുപോലുള്ള വലിച്ചുകൂട്ടുന്നതിനെ തടയും.

മുളങ്കർപ്പൂരം പുഷ്ടികരമാണ്. ദഹനക്കുറവ്, ശ്വാസസംബന്ധമായ രോഗങ്ങൾ എന്നിവക്ക് വിശേഷിച്ച് ഉപയുക്തമാണ്.

ചൊറി, ചിരങ്ങ്, കരപ്പൻ, പനി എന്നിവക്ക് മുളങ്കൂമ്പ് അറുപതുഗ്രാം പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിച്ചാൽ മതി. ഇതേ കഷായം ദഹനക്കുറവിന് അത്യന്തം ഫലപ്രദമാണ്.

മുളയുടെ പുറത്തെ മൊരി ചുരണ്ടിയെടുത്തത്, ചെത്തിവേരിന്റെ തൊലിയും മുക്കുറ്റിയും ചേർത്ത്, ഞവരയരി(ഉണക്കൽ)കുത്തി കഴുകിയ വെള്ള(കാടിവെള്ളം)ത്തിൽ ചേർത്തരച്ചത് ചൊറിക്കും ചിരങ്ങിനും കരപ്പനും പുരട്ടിയാൽ പെട്ടെന്ന് ശമിക്കും.

മുളയുടെ മൊരി കഷായംവെച്ചത് കഴിച്ചാലും, അതുപോലെ മുള മൊരി, ചെത്തിവേരിന്മേൽതൊലി, കണിക്കൊന്നയുടെതോൽ എന്നിവ കഷായംവെച്ചത് കഴിച്ചാലും, മാറാത്ത ത്വക്ക്രോഗങ്ങളില്ല.

സൂര്യപ്രകാശം അധികമേറ്റാൽ തലയിലും മറ്റും പേനിന്റെ ആകൃതിയിലുണ്ടാകുന്ന ഒരു രോഗമാണ് Disoplatus erythematosus. ഇതിന് മുളയുടെ മൊരി, കാഞ്ഞിരത്തിന്റെ മൊരി, ചെത്തിവേരിന്റെ തൊലി, മുക്കുറ്റി, കറുക, എന്നിവ ചേർത്തരച്ചത് പുരട്ടുകയോ, എണ്ണകാച്ചിത്തേക്കുകയോ ചെയ്താൽ പെട്ടെന്ന് ശമിക്കും.

മുളവേര് ഉണക്കിപൊടിച്ചതും, കുരുമുളക് പൊടിച്ചതും ചേർത്ത് എണ്ണകാച്ചി തേച്ചാൽ കഴുത്തുവാതം(Cervical Spondylosis)ശമിക്കും.

ഏതെങ്കിലും എണ്ണ മുടിക്ക് പിടിക്കാതെവന്നാൽ, മുളവേര് ഉണക്കിപൊടിച്ച് കൽക്കൻചേർത്ത് കാച്ചിയരിച്ചുവെച്ചത് തേച്ചാൽ മതി.

കന്നുകാലികൾക്ക് മുളയില നൽകിയാൽ മറുപിള്ള പിറക്കും.

മുളയില ഗർഭപാത്രത്തെ ഉത്തേജിപ്പിക്കുന്ന ഔഷധമാണ്. ഇതറിയാവുന്നതുകൊണ്ടാണ് പഴയകാലത്തുള്ളവർ ആർത്തവത്തകരാറുകൾക്ക് മുളയില കഷായം വെച്ചുകൊടുത്തിരുന്നത്.

പ്രസവം കഴിഞ്ഞ സ്ത്രീകൾക്ക് ഗർഭപാത്രശുദ്ധിക്കും, ആന്തരികവ്രണങ്ങൾ(Haemorrhoids) ശാന്തമാകുന്നതിനും, ഗർഭപാത്രം അതിന്റെ കോശഘടനയിൽ പഴയതുപോലെ താരുണ്യത്തിലെത്തുന്നതിനും, യോനിക്ക് വാർദ്ധക്യം വരാതിരിക്കുന്നതിനും പഴയകാലത്ത് മുളയിലയും, മുളങ്കൂമ്പും കഷായംവെച്ചത് നൽകിയിരുന്നു.

മുളയരി പ്രമേഹരോഗികൾക്ക് അത്യുത്തമമാണ്.

മുളങ്കർപ്പൂരം ശതാവരിക്കിഴങ്ങിൻനീരിൽ കഴിച്ചാൽ വാജീകരണമാണ്.

മുളങ്കർപ്പൂരം, കരിഞ്ചീരകം, ഉണക്കമുന്തിരിങ്ങ, അമുക്കുരം എന്നിവ സമമായി പൊടിച്ചത് ഒരു നുള്ളുവീതം, കഞ്ഞുണ്ണിനീരിൽ കഴിച്ചാൽ പനി, ചുമ, കുഷ്ഠം, കാമില, മൂത്രകൃച്ഛ്രം, വിളർച്ച എന്നിവക്ക് അത്യുത്തമമാണ്.

മുളയുടെ കാണ്ഡവും, ഇലയും, കഷായം വെച്ചുകൊടുത്താൽ രക്തദോഷം, ശ്വിത്രം(വെള്ളപ്പാണ്ട്), നീര്, മൂത്രകൃച്ഛ്രം, മുറിവ്, അർശസ്സ് എന്നിവക്ക് നല്ലതാണ്.

കൊച്ചുകുട്ടികൾക്ക് ശോധനകുറവുണ്ടെന്നുകണ്ടാൽ മുളയിലയും, മുളനാമ്പും ചതച്ചുനീരെടുത്തൊ, കഷായംവെച്ചതൊ കൊടുത്താൽ

മതി. ഇത് പിത്തഘ്നമാണ്.

കുട്ടികളുടെ ഗുദം പുറത്തുവരുന്നതിനും, അർശസ്സിനും മുളയില കഷായംവെച്ചത് വളരെയേറെ ഫലം ചെയ്യും.

കാമാസക്തി(Frigidity) നഷ്ടപ്പെട്ട സ്ത്രീപുരുഷന്മാർക്ക് മുളയരി, ശതാവരിക്കിഴങ്ങും, കദളിവാഴമാണവും പിഴിഞ്ഞനീരിൽ പായസം വെച്ചത്, മദനപ്പൂവ് ചേർത്ത് ഗന്ധംവരുത്തി കൊടുത്താൽ മതി.

ഛർദ്ദിക്കും, അതിസാരത്തിനും, കൊളുത്തിപ്പിടുത്തത്തിനും, മുള ങ്കർപ്പൂരം തേനിലൊ, നെയ്യിലോ ചാലിച്ചുകഴിച്ചാൽ മതി.

പരിചയസമ്പന്നന്മാരായ വൈദ്യന്മാർ രഹസ്യമുറയിൽ, മുളങ്കർപ്പൂ രം അനുപാതവ്യതിയാനത്തിൽ ഉപയോഗിച്ച് വളരെയേറ രോഗങ്ങ ൾ ശമിപ്പിക്കാറുണ്ട്:

ഒരു ഗ്രാം മുളങ്കർപ്പൂരം ഡാഡിമാതളപ്പഴച്ചാറിൽ കൊടുത്താൽ ഛർദ്ദി നിൽക്കും.

ഒരു ഗ്രാം മുളങ്കർപ്പൂരം കറിവേപ്പിലനീരിലൊ, ഉലുവക്കഷായത്തി ലോ നൽകിയാൽ വയറിളക്കവും, പ്രമേഹവും ശമിക്കും.

ഒരു ഗ്രാം മുളങ്കർപ്പൂരം പുളിയിലച്ചാറിലൊ, മല്ലിയും ദേവതാര വും ചേർത്തുണ്ടാക്കിയ കഷായത്തിലോ നൽകിയാൽ ആർത്തവത്ത കരാറുകൾ മാറും.

ഒരുഗ്രാം മുളങ്കർപ്പൂരം ഗന്ധർവഹസ്താദി കഷായത്തിൽ നൽകി യാൽ ദഹനക്കുറവ് മാറും.

ഒരു ഗ്രാം മുളങ്കർപ്പൂരം കുറുന്തോട്ടിക്കഷായത്തിൽ കൊടുത്താൽ ചുരുങ്ങിവലിവ്(Spasm) മാറും.

ഒരു ഗ്രാം മുളങ്കർപ്പൂരം പാൽമുതക്കിൻനീരിൽ നൽകിയാൽ വാജീ കരണമാണ്.

ഒരുഗ്രാം മുളങ്കർപ്പൂരം കുമ്പളങ്ങനീരിൽ കഴിച്ചാൽ മൂത്രകൃഛ്ത്ര വും, കൃഛ്ത്രവേദനയും പോകും.

ഒരു ഗ്രാം മുളങ്കർപ്പൂരം മുളയിലനീരിൽ നൽകിയാൽ കുഷ്ഠം(lepr osy) പോകും.

ഒരു ഗ്രാം മുളങ്കർപ്പൂരം ചിറ്റമൃതിൻനീരിൽ കഴിച്ചാൽ പനി മാറും.

ഒരു ഗ്രാം മുളങ്കർപ്പൂരം കഞ്ഞുണ്ണിനീരിൽ കഴിച്ചാൽ കാമല മാറും.

ഒരു ഗ്രാം മുളങ്കർപ്പൂരം കീഴാർനെല്ലിനീരിൽ കഴിച്ചാൽ എല്ലാതരം

പാണ്ഡുവിനും, ലുക്കിമിയക്കും നല്ലതാണ്.

ഒരു ഗ്രാം മുളങ്കർപ്പൂരം കൂവളത്തിലയുടെ നീരിലൊ, വേരിന്റെ കാതൽ കഷായത്തിലൊ ചേർത്തുകഴിച്ചാൽ ഛർദ്ദി നിൽക്കും.

മുളയുടെ പൂവിന്റെ നീര് ചെവിവേദനക്കും, കേൾവിക്കുറവിനും ചെവിയിലുറ്റിച്ചാൽ നല്ലതാണ്.

മുളയിലയുടെ നീരിൽ പാൽ ചേർത്തുകഴിച്ചാൽ വിരകൾ നശിച്ചു പോകും.

മുളനാമ്പ് അറുപതുഗ്രാം, പന്ത്രണ്ട് ഗ്ലാസ്സുവെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചതിൽ നൂറ്റമ്പത് എം.എൽ പശുവിൻ പാൽ ചേർത്ത് കുറുക്കിയെടുത്തത് ദിവസം ഒന്നോ, രണ്ടോ നേരം കഴിച്ചാൽ കൃമികളും, വിരകളും പോകും.

മുളയുടെ തളിരില അരച്ചിട്ടാൽ വ്രണങ്ങളിലെ കൃമികൾ പോകും.

മുളങ്കർപ്പൂരകഷായം പാൽചേർത്ത് കഴിച്ചാൽ വയറുവേദന മാറും.

ആന്ത്രനോവിന് മുളയിലനീരിൽ ഇന്തുപ്പും, കായവും ചേർത്ത് കഴിച്ചാൽ മതി.

വായുക്ഷോഭത്തിന് മുളയില, ജീരകം, കുറുന്തോട്ടിവേര്, മലര്, ചുക്ക്, മൂവിലവേര് എന്നിവ സമമായി അറുപതുഗ്രാം, പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചതിൽ മെരുപുഴു ചേർത്ത് അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിച്ചാൽ നല്ലതാണ്.

വിലക്കം, വായുമുട്ട് എന്നിവക്ക് മുളയില, പഴുത്ത പ്ലാവിലഞെട്ട്, അയമോദകം, ജീരകം, മൂവിലവേര്, ജാതിക്ക എന്നിവചേർത്ത് കഷായംവെച്ചത് കഴിച്ചാൽ മതി.

മുളങ്കൂമ്പ്, പഴയ മുതിര, തഴുതാമവേര്, ചുക്ക്, ചെറുതേക്കിൻവേര്, കൊട്ടത്തേങ്ങ, അയമോദകം എന്നിവ കഷായംവെച്ചത് കഴിച്ചാൽ എല്ലാതരം ഉദരവ്രണങ്ങളും, ശൂലയും മാറും.

എല്ലുകൾ പൊട്ടിയാൽ അവയെ ചേർത്തുനിർത്താനായി വെച്ചുകെട്ടുന്നതിന് മുള ഉപയോഗിച്ചുവരുന്നുണ്ട്.

മുള രക്തത്തെ നേർപ്പിക്കുന്നതിന് ഉപയുക്തമാണ്. അതുകൊണ്ടു തന്നെ കൊളസ്ട്രോളിനും, ഹൃദയത്തിന്റെ ബ്ലോക്കിനും നല്ലതാണ്.

പൂയം നക്ഷത്രം

അരയാൽ

ശാസ്ത്രനാമം : Ficus Religosa Linn.
കുടുംബം : Moraceae.
കുലം : വടകുലം.
ഇംഗ്ലീഷ് നാമം : പീപ്പൽ ട്രീ, സേക്രഡ് ഫിഗ്.
സംസ്കൃതം : പിപ്പലഃ അശ്വത്ഥഃ ക്ഷീരിവൃദ്ധഃ ചലപത്രഃ ബോധിദ്രുമഃ കേശവാലയഃ
മലയാളം : അരയാൽ.
ഹിന്ദി : പിപ്പൽ, പിപ്‌ലി, പിപ്പർ.
കന്നട : അശ്വത്ത.
തെലുങ്ക് : രാഹി.
തമിഴ് : അരശു, അശ്വത്തം.

നക്ഷത്രഗണത്തിൽ എട്ടാമത്തെ നക്ഷത്രമായ പൂയം വാൽകണ്ണാടിപോലെ എട്ട് നക്ഷത്രങ്ങൾ കൂട്ടമായി കാണപ്പെടുന്നതാണ്. തുലാം രാശി ഒന്നേയരക്കാൽ നാഴികയിൽ ഉച്ചിലെത്തും. സ്ഥിതിക്ഷത്രമാണ്. ദേവത ബ്രഹസ്പതിയാണ്. ദേവഗണമാണ്. പുരുഷയോനിയാണ്. അക്ഷരം ഇകാരമാണ്. മന്ത്രാക്ഷരം മകാരമാണ്. ഭൂതം ജലമാണ്. മൃഗം ആൺ ആടാണ്. പക്ഷി ചകോരമാണ്. വൃക്ഷം അരയാലാണ്.

പൂയം അന്നപ്രാശനക്ഷത്രമായതുകൊണ്ട് ഒട്ടുമിക്ക ശുഭകർമ്മങ്ങൾക്കും നല്ല നാക്ഷത്രമാണ്. പ്രത്യേകിച്ച് ക്ഷേത്രങ്ങൾ, വീടുകൾ, ധ്വജ മണ്ഡപങ്ങൾ തുടങ്ങിയ നിർമ്മിക്കാൻ യോജിച്ചതാണ്. കൃഷി, കലാവിദ്യകൾ, ഔഷധസേവ ആരംഭിക്കുവാനും, ആഭരണങ്ങൾ ധരിക്കുവാനും നല്ല നക്ഷത്രമാണ്.

പൂയത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'ശാന്താസുഭഗഃ പണ്ഡിതോ ധനീധർമ്മ സംശ്രിതാഃ പുഷ്യേ'

പൂയം നക്ഷത്രത്തിൽ ജനിച്ചവൻ രാഗാദിദോഷങ്ങളില്ലാത്തവനും, സുഭഗനുമായിരിക്കും. വിദ്വാനും, ധനികനുമായി ഭവിക്കും. ഗുരുഭക്തിയും, ആചാരനിഷ്ഠയുള്ളവനുമായിരിക്കും. ഏറ്റെടുത്ത ചുമതലകൾ ആത്മാർത്ഥമായും, സത്യസന്ധമായും നിർവഹിക്കും. ഏത് കർമ്മങ്ങളിലും സൂക്ഷ്മതയും, ആത്മവിശ്വാസവും ഉള്ളവരായതുകൊണ്ടുതന്നെ, ഇവർ ഉയർന്ന നിലയിലെത്തുന്നവരായിരിക്കും.

പൂയം നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾ പൊതുവെ തങ്ങളുടെ കർമ്മരംഗങ്ങളിൽ പരിപടിയായി ഉയരുന്നവരായിരിക്കും. സത്സന്താനഗുണമുള്ളവരായിരിക്കും.

പൂയം നക്ഷത്രവൃക്ഷമായ അരയാൽ ഇന്ത്യയിലുടനീളം വനങ്ങളിലും, ഗ്രാമങ്ങളിലും, നഗരങ്ങളിലും കാണപ്പെടുന്നു. വളരെ വലുതായി വളരുന്ന മരമാണ്. താങ്ങുവേരുകൾ കുറവാണ്, ഇല്ലെന്നുതന്നെ പറയാം. ഇലകൾ നല്ല തിളക്കമുള്ള പച്ചനിറമുള്ളവയാണ്. ഇലകളുടെ അഗ്രം സൂചികാഗ്രമായതിനാൽ മിന്നലിനെ ഭൂമിയിലേക്കയച്ച് ചുറ്റുപാടുകളെ അപകടങ്ങളിൽനിന്ന് രക്ഷിക്കുമെന്ന് കരുതപ്പെടുന്നു. വേരുകൾ വളരെ ആഴത്തിലെത്തുകയും, ഭൂമിയിൽ അറകളുണ്ടാക്കുകയും ചെയ്യുന്നതുകൊണ്ട് അരയാൽ ഭൂഗർഭജലം സംഭരിക്കുന്നവയാണെന്നും കരുതപ്പെടുന്നുണ്ട്. വളരെയധികം പ്രാണവായുവിനെ (ഓക്സിജൻ) പകൽസമയം ഉദ്പാദിപ്പിക്കുകയും, അന്തരീക്ഷമലിനീകരണത്തെ ചെറുക്കുകയും, അനേകം ജീവജാലങ്ങളെ ആകർഷിക്കുകയും, അങ്ങനെയവയെല്ലാം ചേർന്നൊരു ആവാസവ്യവസ്ഥയെ ഉണ്ടാക്കുകയും ചെയ്കയാൽ, അരയാൽവൃക്ഷം ഒരു ദിവ്യവൃക്ഷമാണെന്ന് കരുതപ്പെടുന്നുമുണ്ട്.

അരയാലിന്റെ വേരുകൾ ഭൂമിയിൽ പോടുകൾ, ഗുഹപോലുള്ളവയുണ്ടാക്കുന്നുണ്ട്. അങ്ങനെയവ ഭൗമാന്തർഭാഗത്തുവസിക്കുന്ന പലതരം ജീവികളുടെ ആവാസവ്യവസ്ഥക്ക് കാരണമാവുകയും ചെയ്യുന്നു. അരയാലിലകൾ കാറ്റുള്ളപ്പോൾ ഉളവാക്കുന്ന മർമ്മരം അന്തരീക്ഷത്തെ ശുദ്ധീകരിക്കുന്നതായും, എല്ലാതരം ജീവികൾക്കും ജീവനമാകുന്നതായും, ദൃഷ്ടവും അദൃഷ്ടവുമായ ആസുരകൃമികൾക്ക് വിനാശകാരിയാകുന്നതായും പഴയകാലത്തുള്ളവർ കരുതിയിരുന്നു. കാലാവസ്ഥയുടെയും, ഋതുചംക്രമണത്തിന്റെയും ആധാരവൃക്ഷമായി അരയാലിനെ കണക്കാക്കുകയും ചെയ്തു. അതുകൊണ്ട് അരയാൽവൃക്ഷങ്ങളെ നശിപ്പിക്കുന്നത്, തന്റെയും തന്റെ സമൂഹത്തിന്റെയും നാശമായി കണക്കാക്കുകയും ചെയ്തിരുന്നു.

അരയാലിന്റെ തൊലി ചാരനിറമുള്ളതാണ്. തൊലിക്ക് മൂന്ന് പാളികളുള്ളതായി കാണാം. പുറംതൊലി ചാരനിറത്തിലും, മദ്ധ്യത്തിലുള്ളത് ഇളംചുകപ്പുനിറത്തിലും, ഉള്ളിലുള്ളത് ചെറിയ മഞ്ഞനിറത്തിലുമാണ്.

ആൽമരങ്ങളെ പൊതുവിൽ ക്ഷീരദ്രുമങ്ങൾ, വടവൃക്ഷങ്ങൾ എന്നുപറയുന്നുണ്ട്. നൂറ്റിയിരുപതിൽപരം ആൽവൃക്ഷങ്ങൾ ലോകത്തെമ്പാടുമായി ഉണ്ടെന്നും, അതല്ല അറുപത്തിയഞ്ചിൽപരമേയുള്ളൂവെന്നും രണ്ടുതരത്തിൽ പറപ്പെടുന്നുണ്ട്. അതെന്തായാലും, ആ

യുർവദവൈദ്യസമ്പ്രദായത്തിലും ഭാരതീയ സംസ്കാരത്തിലും ആൽ മരങ്ങളുടെ പ്രാധാന്യം വളരെ വലുതാണ്.

അരയാൽ ഇലകൾക്ക് ഹൃദയത്തിന്റെ ആകാരമുള്ളതുകൊണ്ട്, അരയാലിനെ പതിവായി മന്ത്രോച്ചാരണത്തോടെ പ്രദക്ഷിണം വെച്ചാൽ എല്ലാതരം ഹൃദ്രോഗങ്ങളും മാറുമെന്ന് വിശ്വസിക്കുന്നവരുണ്ട്. ഹൃദയാകൃതി കാരണമായി, അരയാലില പിഴിഞ്ഞ നീര് ഹൃദ്രോഗങ്ങളിൽ ഉപയോഗിക്കുന്നവരും, അരയാലിന്റെ കൊഴിഞ്ഞുവീഴുന്ന ഇല അരച്ചത് നെഞ്ചത്തും, പുറത്തും പൂച്ചിടുന്നവരും പഴയകാലത്തുണ്ടായിരുന്നു.

വിരാട്ട്രൂപമായ വിഷ്ണുവിന്റെ ഹൃദയസ്പന്ദനമാണ് അരയാലിലയുടെ സ്പന്ദനമെന്നും, അത് സമഷ്ടിഹൃദയത്തിന്റെ സ്പന്ദനമാണെന്നും വിശ്വസിക്കുന്നവരുമുണ്ട്.

അരയാൽ പൂക്കൾ പത്രകക്ഷത്തിൽ പറ്റിപ്പിടിച്ചിരിക്കും. ഒരേ പൂങ്കലയിൽതന്നെ ആൺപൂക്കളും, പെൺപൂക്കളും, ഗാൾപൂക്കളും(വന്ധ്യമായ പെൺപൂവ്) ഉണ്ടാകും. ആൺപൂക്കൾ വളരെ ചെറുതാണ്. അതിന് വിരിഞ്ഞ മൂന്ന് പെരിയാൻഥ് ഖണ്ഡങ്ങളും, ഒരു കേസരവുമുണ്ട്. അതായത്, പരിദളപുടങ്ങൾ. ഉൾവരങ്ങളായ പെൺപൂക്കൾക്ക് ഹ്രസ്വവൃന്ദവും നീണ്ട വർത്തികയും, ഗാൾപൂക്കൾക്ക് ദീർഘവൃത്തവും, ഹ്രസ്വവർത്തികയുമാണുള്ളത്.

അരയാലിലകളുടെ മർമ്മരത്തിൽ 'പ്രണവ'ത്തിലെ അകാര, ഉകാര, മകാരങ്ങളെയും അമാത്രയെയും സങ്കത്പിച്ച് അരയാലിനെ പ്രദക്ഷിണം ചെയ്താൽ, ആരോഗ്യവും ആയുസ്സും വർദ്ധിക്കുമെന്നും, ആധിവ്യാധികളെല്ലാം ശമിക്കുമെന്നും പ്രാചീനർ വിശ്വസിച്ചിരുന്നു. അതുകൊണ്ട് മന്ത്രം ജപിച്ചുകൊണ്ടാണ് പതിവായി പ്രദക്ഷിണംചെയ്തിരുന്നത്. അതുപോലെ അരയാലിന്റെ ഭാര്യമാരാണ് വേപ്പും, മാവും എന്നും വിശ്വസിക്കുന്നവരുമുണ്ട്. അങ്ങനെയാണ് വേപ്പും, മാവും അരയാലിനോടുചേർത്ത് നടുന്ന സമ്പ്രദായമുണ്ടായത്.

അരയാൽ പ്രദക്ഷിണമന്ത്രം:
'ഓം മൂലതോ ബ്രഹ്മരൂപായ
മദ്ധ്യതോ വിഷ്ണുരൂപിണേ
അഗ്രതോ ശിവരൂപായ
വൃക്ഷരൂപായതേ നമഃ
അശ്വത്ഥമൂലേ ശരചാപഹസ്തം
നിഷ്ഠന്തമീഡ്യം വരദംവരേണ്യം
ശനൈശ്ചരം ഭൂതഗണൈരുപേതം

നവാദ്യഹം ദുഃഖവിനാശനായ
ഓം അശ്വത്ഥായ വൃക്ഷരാജായ നമഃ'

ഈ മന്ത്രജപത്തോടുകൂടി അരയാലിനെ പതിവായി പ്രദക്ഷിണം ചെയ്യുന്നവരുടെ രോഗങ്ങൾ മാറുകയും, ആയുർദൈർഘ്യം കൂടുകയും ചെയ്യുമെന്ന് പഴയകാലത്തുള്ളവർ കരുതിയിരുന്നു.

അരയാൽവൃക്ഷങ്ങളുടെ തൊലിയിൽ ടാനിൻ, വാക്സ്, സപോണിൻ എന്നീ രാസപദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ട്.

അരയാലിന്റെ തൊലി, പൂമൊട്ട്, പൂവ്, കായ്, കറ, ഇല എന്നിവ ഔഷധയോഗ്യമായ ഭാഗങ്ങളാണ്.

അരയാൽ രക്തത്തെ ശുദ്ധീകരിക്കുന്നതാണ്. മൂത്രഗ്രാഹിയായ അരയാൽ പ്രമേഹരോഗത്തിന് ഉപയുക്തമാണ്. രക്തത്തിലെയും, മൂത്രത്തിലെയും പഞ്ചസാരയുടെ അളവ് കുറക്കുന്നതാണ്. പിത്തസ്വഭാവമുള്ള വിഷങ്ങളെ എളുപ്പത്തിൽ ശമിപ്പിക്കുന്നതാണ്. എല്ലാതരം വിഷങ്ങൾക്കും ഹിതമാണ്. കുഷ്ഠം, വ്രണം, ചർമ്മരോഗങ്ങൾ എന്നിവക്ക് ഉപയോഗപ്രദമാണ്. അർശോഹരമാണ്. യോനീരോഗങ്ങൾക്ക് അന്തകനാണ്.

'നിഘണ്ടു രത്നാകരം' പറയുന്നു:
'ഹൃദ്യം രക്തരുജം പിത്തം വിഷം ദോഷം ച നാശയേത്
ദാഹം വാന്തിഞ്ച ശോഷഞ്ച ഹൃദരുചിം ചൈവനാശയേത്'.

അരയാൽ രക്തദോഷം, പിത്തം, ദാഹം, ഛർദ്ദി, ശോഷണം എന്നിവയെ നശിപ്പിക്കുന്നതും, ഹൃദ്യവുമാണ്.

'അഭിജ്ഞാനമഞ്ജരി'കാരൻ പറയുന്നു:
'പിപ്പല ഉക്തോ$\mathcal{S}$ശ്വത്ഥ പവിത്രകോ മംഗളശ്ചചലപത്ര
ബോധിഃ ശ്യാമളസംജ്ഞോഗജാശനഃ കേശവാവാസഃ'.

അശ്വത്ഥം, പവിത്രകം, മംഗളം, ചലപത്രം, ബോധി, ശ്യാമള, ഗജാശനം, കേശവാവാസം എന്നിവ അരയാലിന്റെ പര്യായനാമങ്ങളാണ്.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:
'ബോധിദ്രം പിപ്പിലോ$\mathcal{S}$ശ്വത്ഥശ്ചലപത്രോ ഗജാശനഃ'.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'പിപ്പലഃ കേശവാവാസശ്ചലപത്രഃ പവിത്രകഃ മംഗല്യഃ
ശ്യാമളോ$\mathcal{S}$ശ്വത്ഥോ ബോധിവൃക്ഷോഗജാശനഃ
ശ്രീമാൻ ക്ഷീരദ്രുമോ വിപ്രഃ ശുഭദഃ ശ്യാമള ഛദഃ
പിപ്പലോ ഗുഹ്യപത്രസ്തുസേവ്യഃ സത്യഃ

ശുചിദ്രുമഃ ചൈത്യദ്രുമോ ധർമ്മവൃക്ഷഃ ചന്ദ്രകരഹിതാഹ്വയഃ'.

'രാജനിഘണ്ടു' ഗുണത്തെ പറയുന്നു:
'അശ്വത്ഥശ്ചാച്യുതാവാസശ്ചലപത്രഃ പവിത്രകഃ
ശുഭദോബോധിവൃക്ഷശ്ചയാജ്ഞികോ ഗജഭക്ഷകഃ
ശ്രീമാൻ ക്ഷീരദ്രുമോ വിപ്രോ മംഗല്യഃ ശ്യാമളശ്ചസഃ
പിപ്പലോ ഗുഹ്യപുഷ്പശ്ചസേവ്യഃ സത്യഃ ശുചിദ്രുമഃ
ചൈതന്യദ്രുമോ ധർമ്മവൃക്ഷോജ്ഞേയോ വിംശതിസംജ്ഞകഃ'

'മദനപാല നിഘണ്ടു' ഗുണത്തെ പറയുന്നു:
'കഷായഃ കഫപിത്തഘ്നോ വ്രണ്യോയോനിവിശോധനഃ
അശ്വത്ഥഃ ശീതളോരൂക്ഷോദുർജ്ജരോമധുരഃ ഫലേ'.

'ഭാവപ്രകാശം' ഗുണങ്ങൾ പറയുന്നത്-
'പിപ്പലോ ദുർജ്ജരഃ ശീതഃ പിത്തശ്ലേഷ്മവ്രണാസ്രജിത്
ഗുരുസ്തുവരകോ രൂക്ഷോ വർണ്യോയോനിവിശോധനഃ'.

'രാജനിഘണ്ടു' ഗുണത്തെ പറയുന്നു:
'പിപ്പലഃ സുമധുരസ്തു കഷായഃ
ശീതളശ്ചകഫപിത്തവിനാശനി
രക്തദാഹശമനഃ സഹിസദ്യോ
യോനിദോഷഹരണഃ കിലപക്വഃ
അശ്വത്ഥവൃക്ഷസ്യഫലാനിപക്വാ
ന്യതീവ ഹൃദ്യാനി ച ശീതളാനി
കുർവ്വന്തി പിത്താസ്രവിഷാർത്തിദാഹം
വിച്ഛർദ്ദിശോഷാരുചിദോഷനാശം'

അരയാൽ മധുരവും, കഷായവുമാണ്. ശീതളവും, കഫപിത്തനാശകവുമാണ്. രക്തദാഹശമനവും, സദ്യവും, യോനീദോഷങ്ങളെ ഹരിക്കുന്നതുമാണ്. പാകമായ അശ്വത്ഥഫലം അതീവ ഹൃദ്യവും, ശീതളവുമാണ്. പിത്തം, വിഷം, ആർത്തി, ദാഹം എന്നിവയെ ശമിപ്പിക്കുന്നതാണ്.

'ധന്വന്തരി നിഘണ്ടു'കാരൻ പറയുന്നു:
'അശ്വത്ഥോഽവിസ്മൃതസ്തദ്വദ് രക്തപിത്തകഫാപഹം'.

'കൈഡര്യാദിനിഘണ്ടു' പറയുന്നു:
'അശ്വത്ഥഃ ശീതളോരൂക്ഷകഷായോ ദുർജ്ജരോ ഗുരു
വ്രണപിത്തസ്രഘ്നോ വർണ്യോയോനിവിശോധനഃ'.

'ചരകം ചികിത്സിത'ത്തിൽ പറയുന്നു:
'ബോധിദ്രുമകഷായന്തുപിബേത്തം മധുനാസഃ

വാതരക്തം ജയത്യാശുത്രിദോഷമപിദാരുണം'.

അരയാൽ തൊലി കഷായംവെച്ചത് രക്തവാതത്തിനും, ത്രിദോഷങ്ങൾ കോപിച്ച് ദാരുണമായതിനും തേൻ ചേർത്ത് കഴിച്ചാൽ ഫലപ്രദമാണ്.

'വൈദ്യമനോരമ' പറയുന്നത്:

അരയാലിന്റെ വിത്ത്, കലമാന്റെകൊമ്പ് എന്നിവ അരച്ചതിൽ മോരും, തേനും ചേർത്തുകഴിച്ചാൽ, രാമനെ കണ്ട രാവണനെന്നപോലെ എല്ലാതരം പ്രമേഹവികാരങ്ങളും ശമിക്കുന്നതാണ്.

അരയാലിന്റെ ഇലയും കശുമാവിന്റെ ഇലയും ചേർത്തരച്ച് പുരട്ടിയാൽ കാൽവെടിച്ചുകീറുന്നത് മാറും.

അരയാൽ, പേരാൽ, കല്ലാൽ, അത്തി, ഇത്തി, പാച്ചോറ്റി എന്നിവയുടെ തോലുകൾ സമമായി അറുപതുഗ്രാം ചതച്ചത്, പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത്, അര ഗ്ലാസു വീതം മൂന്നുനേരം കഴിക്കുകയും, ഇതേ തോലുകൾ ചതച്ചത് വെന്ത വെള്ളംകൊണ്ട് യോനി കഴുകയും, 'ജാത്യാദിഘൃതം' പിച്ചുവെക്കുകയും ചെയ്താൽ എല്ലാതരം ശ്വേതപ്രദരവും, രക്തപ്രദരവും, ആർത്തവത്തകരാറുകളും മാറും.

അണലിപാമ്പ് കടിച്ചതിന്റെ വിഷത്തിനും, അതിനാൽ രോമകൂപങ്ങളിലൂടെയുണ്ടാകുന്ന രക്തസ്രുതിക്കും, നാസികകളിലൂടെ രക്തം വരുന്നതിനും പേരാൽതോൽ, അരയാൽതോൽ, അത്തിത്തോൽ, ഇത്തിത്തോൽ, കല്ലാൽ തോൽ എന്നിവ പന്ത്രണ്ടുഗ്രാം വീതം ചതച്ചത്, പന്ത്രണ്ടുഗ്ലാസ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സുവീതം കഴിച്ചാൽ മതി. ഇതേ തൊലികൾ ചേർത്തുവെച്ച കഷായം കടിവായിൽ ധാരയും ചെയ്യാം.

വ്രണം ഉണങ്ങുന്നതിനായി പേരാൽ, കല്ലാൽ, അരയാൽ, അത്തി എന്നിവയുടെ തൊലി കഷായം വെച്ചതുകൊണ്ട് വ്രണം കഴുകുകയും, ഇത്തിയുടെ തൊലി പൊടിച്ചത് വ്രണത്തിലിടുകയും ചെയ്താൽ മതി.

അരയാൽ തൊലി കഷായം വെച്ചുകഴിച്ചാൽ മുറിവുകൾ കൂടും. ഇതേ കഷായം അസ്ഥിഭംഗത്തിന് ഉത്തമമാണ്.

അരയാലിന്റെ കായ കഷായം വെച്ചുകഴിച്ചാൽ മലബന്ധം മാറും. ശുക്ലം വർദ്ധിക്കും. വിശപ്പുണ്ടാക്കും. ശരീരം തണുപ്പിക്കുന്നതിനും, രക്തം ശുദ്ധീകരിക്കുന്നതിനും ഉത്തമമാണ്.

അരയാൽതൊലി അറുപതു ഗ്രാം ചതച്ച് വെള്ളത്തിലിട്ടുവെച്ച്, അടുത്ത ദിവസം അതെടുത്ത് കഴിച്ചാൽ ചൊറിയും, ചിരങ്ങും മാറും.

അരയാലിന്റെ കായ ഉണക്കിപൊടിച്ചത് പച്ചവെള്ളത്തിൽ കലക്കി രണ്ടുനേരം വീതം രണ്ടാഴ്ചക്കാലം കഴിച്ചാൽ ശ്വാസംമുട്ട് മാറിക്കിട്ടും.

അരയാൽതൊലി അരച്ചത് വീക്കത്തിന്മേൽ തുടരെ തടവിയാൽ നീരുവറ്റും.

അരയാലിന്റെ ഉണങ്ങിയ കായ പൊടിച്ചത് പച്ചവെള്ളത്തിൽ കഴിച്ചാൽ സ്ത്രീകളുടെ വന്ധ്യതക്ക് നല്ലതാണെന്ന് നാട്ടുവൈദ്യന്മാർ സാക്ഷ്യപ്പെടുത്തുന്നു.

അരയാലിന്റെ തൊലി കത്തിച്ചതിന്റെ ചാരം വെള്ളത്തിൽ കലക്കിയതിന്റെ തെളിയൂറ്റി കുടിച്ചാൽ എക്കിട്ടം മാറും.

അരയാലിന്റെ തൊലി ഉണക്കിപൊടിച്ചത് ഭഗന്ദരത്തിന് പുറമെ വിതറുന്നത് നല്ലതാണ്.

അരയാലിന്റെ പഴുത്തകായ കഴിച്ചാൽ അരുചി മാറും.

അരയാലിന്റെ പഴുത്ത കായ കഷായം വെച്ചുകഴിച്ചാൽ ശരീരം മെലിയുന്നത് മാറും.

അരയാലിന്റെ കായ, വേര്, തൊലി, മൊട്ട്, ഇല എന്നിവ സമമായി അരച്ചതിൽ പാലുചേർത്ത് കാച്ചിയെടുത്തതിൽ പഞ്ചസാര ചേർത്തു കഴിച്ചാൽ വാജീകരണത്തിന് ഉത്തമമാണ്.

അരയാലിനെക്കുറിച്ച് വൈദിക കാലം മുതൽക്കുതന്നെ അനേകം വിവക്ഷകളുണ്ട്. വൈദികവും പ്രാക്‌വൈദികവുമായ സങ്കത്പങ്ങളിൽ അരയാൽ സ്ത്രീപുരുഷപാരസ്പര്യത്തിനായുള്ള ഉത്തമമായ ഔഷധമായി കരുതപ്പെട്ടിരുന്നു. സ്ത്രീകളുടെ യോനിവിശുദ്ധി, ഗർഭാശയവിശുദ്ധി എന്നിവക്ക് അരയാൽ പഴം ഉത്തമമാണ്. പഴം പുരുഷന്മാർക്ക് വാജീകരണവുമാണ്. അരയാൽ തൊലി ശരീരത്തിന് ശോഭയുണ്ടാക്കുന്നതാണ്.

അരയാൽ തൊലിയുടെ ചൂർണ്ണമുണ്ടാക്കി കഴിച്ചാൽ കഫം, രക്തദോഷം എന്നിവ മാറും.

അരയാൽ തളിര് അരച്ചുകഴിച്ചാൽ പിത്തവും വയറിളക്കവും മാറും.

അരയാലിനെ ബോധിദ്രുമമെന്ന് സംസ്കൃതത്തിൽ വിളിക്കാൻ കാരണം, അത് അറിവുള്ള വൃക്ഷമെന്ന നിലയിലാണ്. അരയാൽ ബ്രാഹ്മണനും, ജ്ഞാനിയുമാണ്. അരയാലിനെ ബൗധായനന്മാർ

ആശ്രയമാണെന്നപോലെ കണക്കാക്കുന്നു. അരയാലിലകൾ ആനകൾ ഭക്ഷിക്കുന്നതിനാൽ കുഞ്ജരാശനമെന്നും, അരയാൽവേരുകളെപ്പോഴും ജലത്തെ പിടിച്ചുനിർത്തുന്നതുകൊണ്ട് പിപ്പിലമെന്നും, അരയാലിലകളെപ്പോഴും ഇളകിക്കൊണ്ടിരിക്കുന്നതുകൊണ്ട് ചലദളഃ എന്നും, അരയാൽ വളരെക്കാലം നിലനിൽക്കുന്നതുകൊണ്ട് അശ്വത്ഥഃ എന്നും വിളിക്കപ്പെട്ടു.

'ചരകസംഹിത' അരയാൽ വൃക്ഷത്തെ മൂത്രസംഗ്രഹണിയ ഗണത്തിലും, 'സുശ്രുതസംഹിത' ന്യഗ്രോധാദിഗണത്തിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അരയാൽ ബാഹ്യമായി വർണ്യം, വ്രണരോപണം, വേദനാശമനം, ശോഫഹരം, രക്തശോധകം എന്നിങ്ങനെയാണ് ഉപയുക്തമാകുന്നത്. ആന്തരികമായാകട്ടെ, പചനേന്ദ്രിയങ്ങൾക്ക് ഉത്തമവുമാണ്.

അരയാലിന്റെ തൊലി കഷായംവെച്ചുകഴിച്ചാൽ വില്ലൻചുമ മാറും.

അരയാലിന്റെ പഴുത്തകായ കഴിച്ചാൽ വയറുവേദന മാറും.

അരയാലിന്റെ സ്വരം കഴിക്കാവുന്ന മാത്ര, പത്ത് എം.എൽ മുതൽ ഇരുപത്തിയഞ്ച് എം.എൽ വരെയാണ്. അരയാലിന്റെ തൊലി അറുപതുഗ്രാം പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ച കഷായം അര ഗ്ലാസ്സുവീതം കഴിക്കാം. അരയാലിന്റെ ചൂർണ്ണം ഒരു ഗ്രാം മുതൽ മൂന്നുഗ്രാം വരെ കഴിക്കാം.

അരയാലിന്റെ വേരിന്മേൽ തൊലി അരച്ചിട്ടാൽ നീരുവന്നത് വറ്റും.

കണ്ഠത്തിൽ വരുന്ന മുഴകൾക്ക് അരയാലിന്റെ വേര് അരച്ചുപുരട്ടുന്നത് നല്ലതാണ്.

അരയാലിന്റെ പഴുത്തയില അരച്ചുകഴിച്ചാൽ ഛർദ്ദി മാറും.

അരയാലിന്റെ വേര് കഷായം വെച്ചുകഴിച്ചാൽ നടുവേദന മാറും.

അരയാലിന്റെ വേരിന്മേൽ തൊലി കഷായംവെച്ച് കവിൾക്കൊള്ളുകയും, കഴുകുകയും ചെയ്താൽ വായ്പുണ്ണും, വ്രണവും ശമിക്കും.

അരയാലിന്റെ പഴം കഴിച്ചാൽ ഹൃദ്രോഗം മാറും. വിഷത്തിനും, ദാഹത്തിനും, ചുട്ടുനീറ്റത്തിനും നല്ലതാണ്.

അരയാലിന്റെ വിത്ത് മൂത്രാഘാതത്തിന് നല്ലതാണ്.

ഒരു ഭാഗം അരയാൽ തളിര്, ഒരു ഭാഗം അരയാൽ പഴം, ആറുഭാഗം തക്കോലം എന്നിവ നല്ലതുപോലെ അരച്ചതിൽ രണ്ടുഭാഗം തേൻ

ചേർത്ത് കുറച്ചുകഴിച്ചാൽ രക്തപിത്തം ശമിക്കും.

അരയാൽ തൊലികൊണ്ട് കഷായം വെച്ചുകഴിച്ചാൽ ഗൊണോറിയ പൂർണ്ണമായും സുഖമാകും.

ശരീരത്തിന് തണുപ്പും, പുഷ്ടിയും ലഭിക്കുന്നതിന് അരയാലിന്റെ കുരുന്നരച്ച് പാലിൽ കലക്കിയതിൽ പഞ്ചസാര ചേർത്തുകഴിച്ചാൽ നല്ലതാണ്. ത്വക്രോഗങ്ങൾക്കും ഉത്തമമാണ്.

അരയാലിന്റെ കുരു കഷായം വെച്ചുകഴിച്ചാൽ ത്വക്രോഗങ്ങൾ ശമിക്കും.

അരയാലിലയിൽ എള്ളെണ്ണയൊ, വെണ്ണയൊ പുരട്ടി കനലിൽവെച്ച് ചൂടാക്കുകയും എണ്ണപുരട്ടിയ ഭാഗം ചെവിക്കുമുകളിൽവെക്കുകയും ചെയ്ത് എണ്ണ ഊറിയിറങ്ങുമ്പോൾ ചെവിവേദന മാറും.

സുഖപ്രസവത്തിന് അരയാലിന്റെ തൊലി നല്ലതുപോലെ അരച്ചത് നാഭിയിൽ പുരട്ടിയാൽ മതിയാകും.

രാത്രിപ്പനി മാറുന്നതിന് അരയാലിന്റെ മൊട്ടോ, തളിരിലയൊ, തൊലിയൊ അരച്ചത് പാലിൽ കഴിച്ചാൽ മതി.

അരയാലിന്റെ തൊലി, പുറ്റുമണ്ണ്, ആടിന്റെ കാഷ്ടം, ഇരുവേലി എന്നിവ സമമായെടുത്ത് അരച്ചുപുരട്ടിയാൽ അരിമ്പാറ മാറും.

സിഫിലിസ് രോഗത്തിന് അരയാലിന്റെ ഇല വെള്ളത്തിലിട്ട് തിളപ്പിച്ചത് കുടിക്കുകയും, ധാര ചെയ്യുകയും ചെയ്താൽ നല്ലതാണ്.

എലിവിഷം ശമിക്കുന്നതിന് അരയാലിന്റെ വേരിന്മേൽ തൊലി അരച്ചത് പാലിൽ കഴിച്ചാൽ മതി.

ആയില്യം നക്ഷത്രം

നാഗമരം

ശാസ്ത്രനാമം	: Messua Nagassarium Kostrem, Mesua Fer rea linn.
കുടുംബം	: Clussiaeea.
കുലം	: നാഗകേസരഃ.
ഇംഗ്ലീഷ് നാമം	: സ്വീറ്റ് അയൺവുഡ്, കോബ്രാസ്സാഫ്രൺ.
സംസ്കൃതം	: നാഗകേസരഃ, നാഗപുഷ്പഃ, നാഗകേശരഃ, കനകാഹ്വം, ഹേമകിഞ്ജൽക്കം.
മലയാളം	: നാഗപ്പൂവ്, നാഗചമ്പകം, നാങ്ക്, വയനാവ്, ചുരുളി, എലിപൊങ്ക്.
ഹിന്ദി	: നാഗകേസർ.
കന്നട	: നാഗസാബിജ്.
തമിഴ്	: നാഗപ്പു, നാങ്ക്, വിലുട്ടചമ്പകം.
തെലുങ്ക്	: നാഗചകമു, ഗജുപുഷ്പം, നാഗകേസരമു.

ആയില്യം നക്ഷത്രം അമ്മിക്കല്ലുപോലെ കാണപ്പെടുന്ന ആറ് നക്ഷത്രങ്ങളാണ്. തുലാം രാശി മൂന്ന് നാഴികയിൽ ഉച്ചിയിലെത്തും. സംഹാരനക്ഷത്രമാണ്. ദേവത സർപ്പമാണ്. അസുരഗണമാണ്. പുരുഷയോനിയാണ്. അക്ഷരം ഇകാരമാണ്. മന്ത്രാക്ഷരം മകാരമാണ്. ഭൂതം ജലമാണ്. മൃഗം കരിമ്പൂച്ചയാണ്. പക്ഷി ചകോരമാണ്. വൃക്ഷം നാഗമരമാണ്.

ആയില്യത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'ശഠസർപ്പഭക്ഷ പാപഃ കൃതഘ്നധൂർത്തൗ ച ഭൗജംഗേ'

ആയില്യം നക്ഷത്രത്തിൽ ജനിച്ചവൻ ശഠനും, ഏതുതരം ആഹാരങ്ങളും കഴിക്കുന്നവനും, പാപകർമ്മങ്ങൾ ചെയ്യുന്നവനുമായിരിക്കും. ഉപകാരസ്മരണയില്ലാത്തവനും, വഞ്ചകനുമായിരിക്കും. സ്വന്തം കാര്യങ്ങൾ നേടിയെടുക്കുന്നതിൽ സമർത്ഥരായിരിക്കും. വാക്ചാതുര്യംകൊണ്ട് ആരെയും ആകർഷിക്കുന്നവരായിരിക്കും. നിരാശാജനകമായ അവസരങ്ങളെപോലും തങ്ങൾക്ക് അനുകൂലമാക്കാൻ കഴിവുള്ളവരായിരിക്കും.

ആയില്യം നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾ പൊതുവെ അഭിമാനവും, ഗർവും പ്രകടിപ്പിക്കുന്നവരായിരിക്കും.

മുറിക്കുക, കിളക്കുക, ബന്ധിക്കുക, വധിക്കുക തുടങ്ങിയ കർമ്മ

ങ്ങൾക്കും, കുളവും കിണറും കുഴിക്കുക തുടങ്ങിയ ജോലികൾ ആരംഭിക്കുവാനും ആയില്യം അനുകൂലനക്ഷത്രമാണ്.

ആയില്യം നക്ഷത്രവൃക്ഷമായ നാഗമരം കിഴക്കൻ ഹിമാലയം, പശ്ചിമബംഗാൾ, പശ്ചിമഘട്ടം, പൂർവഘട്ടം, കേരളം, കർണ്ണാടകം, ആൻഡമാൻ, ബർമ്മ, ആസ്സാം, കൊങ്കൺ, ഉത്തർപ്രദേശ് എന്നിവിടങ്ങളിലെല്ലാം കാണാം. സമുദ്രനിരപ്പിൽനിന്നും അയ്യായിരത്തിയിരുന്നൂറ് അടിവരെയുള്ള ഉഷ്ണമേഖലാവനങ്ങളിൽ നാഗമരം സമൃദ്ധമായി വളരുന്നുണ്ട്.

നാഗമരത്തിന്റെ മൂപ്പെത്താത്ത കായ(പിഞ്ചുകായ)യിൽ ഓലിയോറസിൻ അടങ്ങിയിരിക്കുന്നുണ്ട്. ഇതിൽനിന്നാണ് 'ബാഷ്പശീല തൈല'മുണ്ടാക്കുന്നത്. വിത്തിൽ സ്ഥിരമായി ഒരിനം തൈലമുണ്ട്. പുറംതോടിൽ ടാനിൻ അടങ്ങിയിട്ടുണ്ട്. നാഗമരത്തിൽനിന്നും രണ്ടു തരം കറകൾ(സത്വം) വേർതിരിച്ചെടുക്കാറുണ്ട്. കേസരങ്ങളിൽനിന്ന് രണ്ടുതരം തിക്തപദാർത്ഥങ്ങൾ വേർതിരിച്ചെടുക്കാം. പൂക്കളിലും ഇതുപോലുള്ളൊരു തിക്തപദാർത്ഥമുണ്ട്. ഇത് മെസ്സുവോൾ എന്നറിയപ്പെടുന്നു. ചതുർജാതകം എന്നറിയപ്പെടുന്ന മനോജ്ഞസുഗന്ധ ഔഷധവർഗ്ഗത്തിൽപ്പെട്ടൊരു ഔഷധമാണ് നാഗകേസരം.

നാഗമരത്തിന്റെ പൂക്കൾ നാഗങ്ങൾക്ക് പ്രിയങ്കരമാണ്.

നാഗമരത്തിന്റെ തോൽ(പട്ട) ശല്ക്കനസ്വഭാവമുള്ളതാണ്. തവിട്ടു നിറമുള്ളതാണ്. ഇലകൾ കുന്താകൃതിയിലും, അത്യപൂർവമായ അണ്ഡാകാരത്തിലുമാണ്. പത്രസീമന്തം അഖണ്ഡമാണ്. ഇലകളുടെ പ്രധാന ഞരമ്പിന് ലംബമായി അനവധി പാർശ്വസിരകൾ കാണാം. ഇലകളുടെ അടിഭാഗം മങ്ങിയ പച്ചനിറത്തിലൊ, മൃദുവായ വെള്ളനിറത്തിലൊ കാണാം.

നാഗമരം ജനുവരി പകുതി കഴിഞ്ഞാൽ പൂക്കാൻ തുടങ്ങും. മെയ്, ജൂൺ മാസങ്ങൾ വരെ പൂക്കാലം നീണ്ടുനിൽക്കും. ആൺപൂവ് മാത്രമുള്ളതും, പെൺപൂവ് മാത്രമുള്ളതുമായ മരങ്ങൾ കാണാം. ആൺ-പെൺപൂക്കൾ ഓരേ മരത്തിലുള്ളതായും കാണാം. ദ്വിലിംഗപുഷ്പങ്ങൾ വെള്ളനിറമുള്ളതും, സുഗന്ധമുള്ളതുമാണ്. നാല് ബാഹ്യദളങ്ങളും, നാല് ആന്തരദളങ്ങളുമുണ്ട്. അനേകം കേസരങ്ങളോടുകൂടിയുള്ള പൂക്കളാണ്. പരാഗകോശം ഇളംമഞ്ഞ നിറമുള്ളതാണ്. ഒക്ടോബർ മാസത്തോടെ കായകൾ പാകമാകും. ഒരു കായയിൽ നാല് വിത്തുകളുണ്ടാകും. നാഗമരത്തിന്റെ തടികൾ റെയിൽവേ സ്ലീപ്പറിന് ഉപയോഗിക്കാറുണ്ട്.

പഴയകാലത്ത് നാഗമരത്തിന്റെ പൂക്കൾനിറച്ച തലയിണകൾ ലഭ്യ

മായിരുന്നു. അവയ്ക്ക് നിത്യസുഗന്ധമുണ്ടായിരുന്നു. പൂക്കൾ നല്ല അണുനാശകമായിരുന്നതിനാൽ ശയ്യാനുബന്ധികളായ സൂക്ഷ്മാണുക്കളെ നശിപ്പിച്ചിരുന്നു. നാഗമരത്തിന്റെ കായ ഭക്ഷ്യയോഗ്യമാണ്.

'അഭാവേ നാഗപുഷ്പസ്യ പത്മകേസരമിഷ്യതെ'.

നാഗപൂവിന്റെ അഭാവത്തിൽ താമരപ്പൂവിന്റെ അല്ലി ഉപയുക്തമാണ്. നാഗപ്പൂവെന്ന പേരിൽ കേരളത്തിലെ പച്ചമരുന്നുകടകളിൽ ഇന്ന് പലപ്പോഴും വിൽക്കുന്നത് നാഗകേസരമല്ല. പകരം, കാട്ടുപുന്ന (Calophyllum elatum), അറ്റുപുന്ന(Calophyllum Apetalum), ചെറുള്ളകറുവ(Cinnamonum wighti), മലംപുന്ന(Dillenia pentagyna) എന്നിവയൊക്കെയാണ് വാങ്ങാൻ കിട്ടുക.

'സോഢലനിഘണ്ടു' പറയുന്നു:

'നാഗപുഷ്പേതനം നാഗം കേശരം നാഗകേശരം
ചാമ്പേയം നാഗകിംജല്കം കീർത്തിതം ഹേമനാമഭിഃ'.

നാഗപുഷ്പം, നതാനാഗം, നാഗകേശരം, നാഗകിഞ്ജല്കം, ഹേമം എന്നിവ നാഗമരത്തിന്റെ പര്യായപദങ്ങളാണ്.

'സരസ്വതിനിഘണ്ടു' പറയുന്നു:

'ചാമ്പേയകേശരോ നാഗകേശരഃ കാഞ്ചനാഹ്വയഃ'.

മഹാവൃക്ഷവർഗ്ഗഃ ചാമ്പേയഃ നാഗകേശരഃ കാഞ്ചനഃ എന്നിവ നാഗമരത്തിന്റെ പര്യായപദങ്ങളാണ്.

'ചാമ്പേയം നാഗകിഞ്ചില്കം കനകം ഹേമസംജ്ഞകം
ഹേമപുഷ്പം ഹസ്തിപുഷ്പം നാഗപുഷ്പം ച കാഞ്ചനം'.

ചന്ദനാദിവർഗ്ഗഃ. ചാമ്പേയം, നാഗകിഞ്ചില്കം, കനകം, ഹേമസംജ്ഞകം, ഹേമപുഷ്പം, ഹസ്തിപുഷ്പം, നാഗപുഷ്പം, കാഞ്ചനം എന്നിവ പര്യായപദങ്ങളാണ്.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:

'നാഗപുഷ്പഃ സമൃതോനാഗഃ കേശരോനാഗകേശരഃ
ചാമ്പേയോ നാഗകിഞ്ചില്കഃ കഥിതഃ കാഞ്ചനാഹ്വയഃ'.

നാഗപുഷ്പഃ, നാഗകേശരഃ, ചാമ്പേയഃ, നാഗകിഞ്ചില്കഃ, കാഞ്ചനം എന്നിവ നാഗമരത്തിന്റെ പര്യായപദങ്ങളാണ്.

'അയം പുഷ്പേതൂക്ലീബേ'.

ഉക്തശബ്ദങ്ങളെല്ലാം നപുംസകലിംഗിയാണ്. ഇത് നാഗകേശരപുഷ്പത്തെയാണ് പറയുന്നത്.

'ഭാവപ്രകാശം നിഘണ്ടു' ഗുണത്തെ പറയുന്നു:
'നാഗപുഷ്പം കാഷായോഷ്ണം രൂക്ഷം ലഘ്വാമപാചകം
ജ്വരകണ്ഡൂ ത്രിഷ്ണാ സ്വേദഛർദ്ദിഹൃല്ലാസനാശനം
ദൗർഗ്ഗന്ധ്യ കുഷ്ഠ വിസർപ്പ കഫപിത്തവിഷാപഹം'.

നാഗപുഷ്പം കഷായരസയുക്തവും, ഉഷ്ണവീര്യവും, രൂക്ഷവും, ലഘുവുമാണ്. ആമത്തെ ദഹിപ്പിക്കുന്നതാണ്. ജ്വരം, തൃഷ്ണ, വിയർപ്പ്, ഹൃല്ലാസം, ദുർഗന്ധം, കുഷ്ഠം, വിസർപ്പം, കഫം, പിത്തം, വിഷം എന്നിവയെ ഇല്ലാതാക്കുന്നതാണ്.

'നിഘണ്ടു രത്നാകരം' പറയുന്നു:
'നാഗകേശരകം തിക്തം കഷായം ചാമപാചകം
കിഞ്ചിദുഷ്ണം ലഘു രൂക്ഷം പിത്തം ഛർദ്ദി കഫാപഹം
ഖുടവാതം രക്തരുജം വാതം കണ്ഡൂച ഹൃദ്വ്യഥാം
സ്വേദ ദൗർഗന്ധ്യവിഷതൃട് കുഷ്ഠ വിസർപ്പനാശനം
വിസ്തിപീഡാവാതരക്ത കണ്ഠമസ്തകശൂലനുത്'.

നാഗപുഷ്പം തിക്തവും, കഷായവുമാണ്. ആമപാചകവും, അല്പോഷ്ണവും, ലഘുവും, രൂക്ഷമാണ്. പിത്തം, ഛർദ്ദി, കഫം, ഖുടവാതം, രക്തരോഗം, വാതം, ചൊറിച്ചിൽ, ഹൃദ്പീഢ, വിസർപ്പം, ദുർഗന്ധം, വിഷം, തൃഷ്ണ, വിയർപ്പ്, വസ്തിരോഗങ്ങൾ, കണ്ഠരോഗം, മസ്തകശൂല എന്നിവക്ക് ഉത്തമമാണ്.

'ഗണനിഘണ്ടു' പറയുന്നു:
'കേസരം വിഷവിസർപ്പ രക്താർശോവമി കുഷ്ഠ ഹൃത്
ഹൃല്ലാസുഖുട ദൗർഗന്ധ്യ തൃഷ്ണാപിത്ത ബലാസജിത്ത്'.

നാഗകേസരം വിഷം, വിസർപ്പം, രക്തരോഗം, അർശസ്സ്, ഛർദ്ദി, കുഷ്ഠം, ഹൃല്ലാസം, വാതരക്തം, ദുർഗന്ധം, തൃഷ്ണ, പിത്തം, കഫം എന്നിവയെ ഇല്ലാതാക്കുന്നതാണ്.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'നാഗപുഷ്പം മതം നാഗകേശരം
ചാമ്പേയം നാഗകിഞ്ചിൽകം കനകം ഹേമകാഞ്ചനം
നാഗകേശരമല്പോഷ്ണം ലഘു തിക്തം കഫാപഹം
വസ്തിരുക് വിഷവാതാസ്രകണ്ഡൂഘ്നം ശോഫനാശനം'.

നാഗപുഷ്പം, നാഗകേശരം, ചാമ്പേയം, നാഗകിഞ്ചിൽകം, കനകം, ഹേമം, കാഞ്ചനം എന്നിവ പര്യായപദങ്ങളാണ്. നാഗപുഷ്പം കിഞ്ചിത് ഉഷ്ണവീര്യവും, ലഘുവും, തിക്തവുമാണ്. കഫനാശകവുമാണ്. വസ്തിവികാരം, വാതരക്തം, ചൊറിച്ചിൽ, നീര് എന്നിവയെ

ഇല്ലാതാക്കുന്നതാണ്.

'പ്രിയനിഘണ്ടു' പറയുന്നു:

'നാഗപുഷ്പഃ സ്മൃതോ നാഗഫണ പുഷ്പദലോ മതഃ
നാഗകേശര ഇത്യുക്തഃ കേശരഃ പ്രാജ്യകേശരഃ
കാഞ്ചനഃ പീതപുഷ്പഃ ത്സാത് ലോകാർത്ഥ്യ ത്സാത് താഥൈവച
യുഞ്ജ്യം ഔഷധയോഗേഷു പുഷ്പകേശരവേവതു'.

നാഗപുഷ്പത്തിന്റെ പുഷ്പദളം സർപ്പഫണാകാരമായതുകൊണ്ടാണ് നാഗപുഷ്പമെന്ന് വിളിക്കുന്നത്. കേസരം ശ്രേഷ്ഠമാകയാൽ കേസരശബ്ദമെന്നും, പീതവർണ്ണമാകയാൽ കാഞ്ചനമെന്നും വിളിക്കുന്നു. ഔഷധപ്രയോഗങ്ങളിൽ പുഷ്പകേശരമെന്നാണ് ഉപയോഗിക്കുന്നത്.

'പ്രിയനിഘണ്ടു' പറയുന്നു:

'പ്രായഃ സമസ്തം ദളയുക്തപുഷ്പം പ്രയുജ്യതേകേശരയുക് പ്രഫുല്ലം നമേരുവൃക്ഷാത് കലികാസ്തുകേചിത് യുജ്യന്തിലോകേ ചികിത്സിതേഷു'.

പ്രായേണ, കേശരം തഥാ ദളം സമസ്ത പുഷ്പവും ഉപയോഗിക്കുന്നു. എന്നാൽ ഇതിനുപകരം, ഇന്ന് പലരും ഉപയോഗിക്കുന്നത് സുരപുന്നാഗമാണ്.

'കേശരോ നാഗപുഷ്പസ്യ കഷായോഷ്ണോ ലഘുഃ സ്മൃതഃ
വാതാനുബന്ധി പിത്തസ്യഭേഷജം പരമംമതം
അധോഗരക്തപിത്തേതു രക്താർശസിതൃഷിജ്വരേ
ത്വക്ദോഷേവിഷജുഷ്ടേ ച നാഗകേസരഇഷ്യതേ'.

നാഗപുഷ്പം കഷായവും, ഉഷ്ണവും, ലഘുവുമാണ്. വാതാനുബന്ധപിത്തങ്ങളിൽ ശ്രേഷ്ഠമായ ഔഷധമാണ്. അധോഗരക്തപിത്തം, രക്താർശസ്സ്, തൃഷ്ണ, ജ്വരം, ചർമ്മരോഗം, വിഷം എന്നിവക്ക് പ്രയോജനകരമാണ് .

'ത്വഗേലപത്രികൈസ്തുലൈസ്ത്രിസുഗന്ധിത്രിജാതകം
നാഗസേരസംയുക്തം ചതുർജാതകമുച്യതേ
തദ്ദ്വയം രോചനം രൂക്ഷം തീഷ്ണോഷ്ണം മുഖഗന്ധ
ലഘുപിത്താഗ്നികൃത്വർണ്യംഹൃദ് കഫവാത വിഷാപഹം'.

നാഗപുഷ്പം ചാതുർജാതത്തിലുൾപ്പെടുന്ന ഔഷധമാണ്. ലവംഗം, ജാതിക്ക, ഏലക്ക എന്നിവക്ക് സമമായുള്ളത് ത്രിജാതം. ഇവയോട് നാഗപുഷ്പം ചേർന്നാൽ, അത് ചതുർജാതം. ഇത് രുചിയെ ഉണ്ടാക്കുന്നതാണ്. രൂക്ഷവും, തീഷ്ണവും, ഉഷ്ണവീര്യവുമാണ്.

വായയിലുള്ള ദുർഗന്ധത്തെ മാറ്റുന്നതാണ്. ഇത് വിപാകത്തിൽ ലഘുവും, പിത്തവർദ്ധകവും, ജഠരാഗ്നിയെ പ്രദീപ്തമാക്കുന്നതാണ്. വർണ്ണപ്രസാദകരമാണ്. കഫം, വാതം, വിഷം എന്നിവയെ നശിപ്പിക്കുന്നതാണ്.

'രാജനിഘണ്ടു' പറയുന്നു:
'നാഗകേശരകം നാഗം ചാമ്പേയം കേശരം ഗജം
നാഗകേശരകം രൂക്ഷമുഷ്ണം ലഘ്വാമപാചനം
ദൗർഗന്ധ്യ കുഷ്ഠ വിസർപ്പ കഫപിത്ത വിഷാപഹം'.

നാഗകേസരം, നാഗം, ചാമ്പേയം, കേശരം, ഗജം എന്നിവ നാഗപുഷ്പത്തിന്റെ പര്യായപദങ്ങളാണ്. അൽപ്പം ലഘുവും, ഉഷ്ണവും രൂക്ഷവുമാണ്. ആമത്തെ പചിക്കുന്നതാണ്. ദുർഗന്ധം, കുഷ്ഠം, വിസർപ്പം, കഫം, പിത്തം, വിഷം എന്നിവയെ നശിപ്പിക്കുന്നതാണ്.

'കിഞ്ചില്കം കനകാഹ്വാ ച കേശരം നാഗകേശരം
ചാമ്പേയം നാഗകിഞ്ചില്കം നാഗീയം കാഞ്ചനം തഥാ
സുവർണ്ണം ഹേമകിഞ്ചില്കം രുഗ്മം ഹേമം ച പിഞ്ജരം
ഫണിപുന്നാഗയോഗാദി കേശരം പഞ്ചദ്വഹ്വയം'.

കിഞ്ച്ല്കം, കനകാഹ്വാ, കേശരം, നാഗകേശരം, ചാമ്പേയം, നാഗകിഞ്ച്ല്കം, നാഗീയം, കാഞ്ചനം, സുവർണ്ണം, ഹേമകിഞ്ചില്കം, രുഗ്മം, ഹേമം, പിഞ്ജരം, ഫണികേശരം, പുന്നാഗകേശരം എന്നിവ നാഗപുഷ്പത്തിന്റെ പര്യായശബ്ദങ്ങളാണ്.

'നാഗകേശരമല്പോഷ്ണം ലഘു തിക്തം കഫാപഹം
വസ്തിവാതാമയഘ്നം ച കണ്ഠ ശിർഷ രുജാപഹം'.

നാഗപുഷ്പം അൽപ്പം ഉഷ്ണവും, ലഘുവും, തിക്തവുമാണ്. കഫത്തെ കളയുന്നതാണ്. വസ്തിരോഗം(അർശസ്സ്, ഭഗന്ദരം), വാതജന്യവികാരങ്ങൾ എന്നിവയെ നശിപ്പിക്കുന്നതാണ്. കണ്ഠരോഗം, സിരാരോഗം എന്നിവയെ ഇല്ലാതാക്കുന്നതാണ്. പാമ്പുവിഷത്തിന് ഉത്തമമാണ്. ചുമ, കഫക്കെട്ട്, രക്തർശസ്സ്, കാൽചുട്ടുനീറ്റം, മലബന്ധം, വയറുകടി, സ്ത്രീവന്ധ്യത എന്നിവക്ക് ഉത്തമമാണ്.

നാഗമരത്തിന്റെ കായകളിൽ നിന്നെടുക്കുന്ന എണ്ണ ശ്വിത്ര(ത്വക്ക്)ത്തിനുണ്ടാകുന്ന രോഗങ്ങളിൽ ഉപയോഗിക്കാറുണ്ട്. (കേരളത്തിൽ കരുനാഗപള്ളിക്കടുത്തുള്ള പുതിയകാവിൽ നീലകണ്ഠതീർത്ഥപാദസ്വാമികളുടെ സമാധി കുടികൊള്ളുന്ന ഒരാശ്രമമുണ്ട്. അവിടുന്ന് ത്വക്‌രോഗങ്ങൾക്ക് പണ്ടുമുതലേ നിൽകിവരുന്നത് ഈ എണ്ണയാണെന്ന് അനുഭവസ്ഥന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്വാമികൾ പൂർവാ

ശ്രമത്തിൽ പ്രശസ്തനായൊരു വിഷവൈദ്യനായിരുന്നു.)

'വംഗസേനസംഹിത' പറയുന്നു:

നാഗകേശരചൂർണ്ണം രക്തസ്രാവത്തിൽ ഫലപ്രദമാണ്.

'സുശ്രുതസംഹിത' ഉത്തരസ്ഥാനം പറയുന്നു:

നാഗപുഷ്പം പഞ്ചസാരയും, തേനും ചേർത്ത് കൊടുത്താൽ എക്കിളിന് മതിയാകും.

'വംഗസേന സംഹിത' സ്ത്രീരോഗം പറയുന്നു:

പ്രദരത്തിൽ നാഗപുഷ്പം മോരിൽ അരച്ചുകൊടുക്കുകയും, മോരു കൂട്ടി ഊണുകഴിക്കുകയും ചെയ്താൽ മതി. നാഗകേസരചൂർണ്ണം സ്ത്രീവന്ധ്യതയിൽ അടക്ക(പാക്ക്) ചേർത്ത് കൊടുത്താൽ മതി.

'ഗദനിഗ്രഹം'പറയുന്നു:

നാഗപുഷ്പത്തിന്റെ സൂക്ഷ്മചൂർണ്ണവും, പശുവിൻനെയ്യും ചേർത്ത് കഴിക്കുകയും, ക്ഷീരപാനചികിത്സ ചെയ്യുകയും ചെയ്താൽ സന്താനോദ്പാദനശേഷിയുണ്ടാകും.

'ചരക സംഹിത' ചികിത്സിതം പറയുന്നു:

നാഗപുഷ്പം വെണ്ണയും, പഞ്ചസാരയും ചേർത്തുകഴിച്ചാൽ രക്തസ്രാവം നിൽക്കും. 'കനകാരിഷ്ട'ത്തിൽ നാഗകേസരമുണ്ട്.

അങ്ങാടികടകളിൽനിന്ന് നാഗകേസരം വാങ്ങി ചികിത്സയിലുപയോഗിക്കുമ്പോൾ ശ്രദ്ധിക്കണം. ഗുജറാത്ത്, ബോംബെ എന്നിവിടങ്ങളിലും, കേരളത്തിലുമുള്ള കടകളിൽ ശരിയായ നാഗകേസരം വിൽക്കുന്നത് അത്യപൂർവമായാണ്. അതിനുപകരം, ഗുട്ടിഫെറെ വർഗ്ഗത്തിൽപ്പെട്ട 'ഓക്രോകാർപ്പസ്ലോംഗിഫോളിയ', 'ലില്ലേനിയ പെന്റഗിനാ'(മലബാർ നാഗകേസര) എന്നിവയുടെ പഴവും, ചിരുനാഗപ്പൂയെന്ന് അറിയപ്പെടുന്ന നാട്ടുനാഗകേസരവുമാണ് ലഭിക്കുന്നത്.

നാഗമരത്തിന്റെ ഇല, പൂവ് എന്നിവ മറ്റ് മരുന്നുകളുമായി ചേർത്ത് പാമ്പിൻവിഷത്തിന് നൽകാമെന്ന് ചരകസംഹിതയും, സുശ്രുതസംഹിതയും, അഷ്ടാംഗഹൃദയവും, ശാർങ്ഗധരസംഹിതയും നിർദ്ദേശിക്കുന്നുണ്ട്.

നാഗമരത്തിന്റെ കുരുവിൽനിന്നെടുത്ത എണ്ണ കർണ്ണാടകത്തിലെ ജനങ്ങൾ വാതവികാരങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്. ചൊറിച്ചിലിന് ഉത്തമമാണ്. ഇതേ എണ്ണ സോപ്പുനിർമ്മാണത്തിനും ഉപയോഗിക്കുന്നുണ്ട്.

നാഗമരത്തിന്റെ ഇലയും, പൂവും തേൾവിഷത്തിന് ഫലപ്രദമാണ്.

ഒരു കരിങ്കോഴിയുടെ കുടലും, കൊക്കും, കാലും കളഞ്ഞശേഷം,

ജീരകവും, അയമോദകവും മുപ്പതുഗ്രാം വീതമെടുത്ത് ഉദരമദ്ധ്യത്തിൽ വെച്ചുകെട്ടുക. അതിനുമുകളിൽ വീണ്ടുമൊരു തുണികൂടി കെട്ടി പുഴുങ്ങിയെടുക്കുക. തുടർന്നത് ഉരലിൽ ഇടിച്ചെടുത്ത് ഉണക്കിപ്പൊടിക്കുക. നാഗപ്പൂവ്, വിഴാലരി, ഏലക്കായ, പച്ചില, ജാതിപത്രി, ജാതിക്ക, ചീനമുളക്, ഗ്രാമ്പു, അവിൽമാചാക്ക്, പിപ്പിലി, ചുക്ക്, കരുമുളക് എന്നിവ സമമായി പൊടിച്ചത് അറുപതുഗ്രാം, കോഴിപ്പൊടി പകുതി ഭാഗം എന്നിവ ചേർത്ത് കഴിച്ചാൽ ബാലഗ്രഹണിയും, നേത്രരോഗങ്ങളും മാറും.

സർവരോഗസംഹാരിയും, ജ്വരത്തിന് അത്യന്തം ഫലപ്രദവുമായൊരു രഹസ്യയോഗം, നാഗപ്പൂവ് ചേർത്തുകൊണ്ടുള്ളതുണ്ട്. മരണലക്ഷണം കണ്ടാൽപോലും, അത് പ്രാർത്ഥനാപൂർവം കൊടുത്താൽ രോഗി ജീവിതത്തിലേക്ക് തിരിച്ചുവരുമെന്നാണ് കരുതപ്പെടുന്നത്. നാഗപ്പൂവ്, ഇരട്ടിമധുരം, ചുക്ക്, തിപ്പലി, മുത്തങ്ങ, കടുക്കാതോട്, താന്നിക്കാത്തോട്, നെല്ലിക്കാത്തോട്, മായാക്ക്, ഞെരിഞ്ഞിൽ, ഏലക്കായ്, ഇലവംഗം, പച്ചില, കുടകുരോഹിണി, അയമോദകം, കുടകപ്പാലയരി, കൊത്തമ്പാലയരി, കാർകോലരി, ചെറുപ്പുത്തരി, ഏലത്തരി, വിഴലാരി, തകരം, ജീരകം, കരിഞ്ചീരകം, കന്താരം, ചന്ദനം, രക്തചന്ദനം, ആനത്തിപ്പലി, ഇരുവേലി, രാമച്ചം, പൂതവൃക്ഷം, സമുദ്രപച്ച, കൂവ, കായം, കിരിയാത്ത്, ആശാളി, ശതകുപ്പ. ചിറ്ററത്ത, മുന്തിരി, മുക്കിപ്പൂവ്, പുത്തരിച്ചുണ്ട, കൂവളം, തൃകോത്പജ്ഞാന, ഉലുവ, പർപ്പടകപ്പുല്ല്, സ്വർണ്ണമാക്ഷികാഭസ്മം എന്നിവ അഞ്ചുഗ്രാംവീതം പൊടിച്ചത് ഇടങ്ങഴി വെള്ളത്തിൽ കുറുക്കി, ഒന്നര ഇടങ്ങഴിയാക്കിയെടുത്ത് അരിച്ചുവെച്ചതിൽ ജീരകം മേമ്പൊടി ചേർത്ത് കഴിക്കണം. സർവരോഗസംഹാരിയെന്ന് പ്രസിദ്ധമായ ഈ യോഗത്താൽ വാതപിത്തരോഗങ്ങൾ, പ്രമേഹം, മൂത്രകൃച്ഛ്രം, വയറുവേദന, ഹൃദ്രോഗം, കാസം, അഗ്നിമാന്ദ്യം, അസ്ഥിവാതം, ശിരശൂലം, വിസർപ്പം, വ്രണം എന്നിവക്കെല്ലാം ഫലപ്രദവും, ബൃഹണവും, ദീപനവുമാണ്.

നാഗപ്പൂവ് ചേർത്തുകൊണ്ട് സപ്തധാതുവർദ്ധകമായൊരു ലേഹ്യമുണ്ടാക്കാറുണ്ട്. നാഗപ്പൂവ്, നെല്ലിക്ക, കടുക്ക, താന്നിക്ക, ജീരകം, കൊത്തമ്പാലരി, അടപതിയൻ, മുത്തങ്ങ, നിലപ്പനക്കിഴങ്ങ്, തേറ്റാമ്പരൽ, ചിറ്ററത്ത, അമുക്കരം, കൊടുവേലി, വിഴലാരി, ചിറ്റമൃത്, ചീനപ്പാവ്, ഏലം, ഇലവങ്ങം, പച്ചില, ചന്ദനം, താളിമാതളം, കൊടുംമുന്തിരി, ശതാവരി, മാതളം, താമരമരതകം, പിപ്പിലി എന്നിവ സമമെടുത്ത് പൊടിക്കുക. ഇതിൽ ശർക്കരയും, നെയ്യും, കദളിപ്പഴവും ചേർത്ത് ലേഹ്യമാക്കിവെച്ചത് ഉപയോഗിക്കാം.

പുകച്ചിൽ, ചുമ, പിത്തവൃദ്ധി, നെഞ്ചെരിച്ചൽ, ഛർദ്ദി, ത്രിദോഷ

കോപം, അർശസ്സ്, ഗുന്മം, അഗ്നിമാന്ദ്യം, ശ്വാസം, മലബന്ധം, വരൾച്ച, ജ്വരം, താപജ്വരം, ആനാഹം, അപാനവൈഗുണ്യം, അതിസാരം എന്നിവക്ക് നാഗപ്പൂവ് ചേർത്തൊരു അത്യുത്തമയോഗമുണ്ട്. ഇഞ്ചി തോലുകളഞ്ഞ് ചെറുതായി നുറുക്കിയത് പാലിൽ പുഴുങ്ങിയെടുത്ത്, നെയ്യിൽ വറുത്തുപൊടിച്ചത് നൂറ്റമ്പതുഗ്രാം. നാഗപ്പൂവ്, കടുക്ക, നെല്ലിക്ക, താന്നിക്ക, ചുക്ക്, കുരുമുളക്, തിപ്പലി, ഇരട്ടിമധുരം, ചിറ്റരത്ത, ചെറുതേക്ക്, ജാതിപത്രി, വിഴലാരി, താലീസപത്രം, ഇലവങ്ങം, കൊത്തമ്പാലരി എന്നിവ നാലുഗ്രാം വീതം. ജാതിക്ക, ഗ്രാംപൂവ്, ഏലം എന്നിവ രണ്ടരഗ്രാം വീതം. മലർപ്പൊടി അറുപതുഗ്രാം. കൽക്കണ്ടം അറുപതുഗ്രാം. ശർക്കര നാന്നൂറ്റിയമ്പതുഗ്രാം. പഞ്ചസാര നൂറ്റിയിരുപത്തിയഞ്ചുഗ്രാം. ഇഞ്ചി ചൂർണ്ണമാക്കിയതിൽ കൽക്കണ്ടം, ശർക്കര, പഞ്ചസാര എന്നിവ ചേർത്ത് ലേഹ്യം പാകമാക്കിയതിൽ മലർപ്പൊടി ചേർത്ത് ഇളക്കിവെക്കുക. ഈ ലേഹ്യം നാലുഗ്രാം വീതം രണ്ടുനേരം കഴിക്കാം.

നാഗപ്പൂവ്, ഇരട്ടിമധുരം, തിപ്പലി, കറുക എന്നിവ കൽക്കമാക്കി പാലിൽ കലക്കിയെടുത്തതിൽ നെയ്യ് ചേർത്ത് കാച്ചിവെച്ചത് കഴിച്ചാൽ എല്ലാതരം പാണ്ഡുത(Anemia)യും ശമിക്കും.

നാഗപ്പൂവും, പുന്നപ്പൂവും ചേർന്നാൽ അതിന് ചൈതന്യവർദ്ധക വായുനാശകഗുണമുണ്ട്. അതിനാൽ ആന്തരികമായ രക്തസ്രാവത്തിനും, ചിലതരം ഗ്രഹണിക്കും ഉപയോഗിക്കാൻ നല്ലതാണ്.

നാഗമരത്തിന്റെ തൊലി ഇഞ്ചിചേർത്ത് സ്വേദനത്തിന് കഴിക്കാം.

കഫമേറിയ ചുമക്ക് നാഗപ്പൂവ്, ജീരകം എന്നിവ വറുത്തരച്ചത് കൽകണ്ടം ചേർത്ത് കഴിക്കാൻ നല്ലതാണ്.

നാഗമരത്തിന്റെ വിത്തിൽനിന്നെടുക്കുന്ന ഫിനോലക് ലായനി വെള്ളത്തിലൊഴിച്ച് ആവിപിടിച്ചാൽ പനിയും, പീനസവും മാറും.

നാഗപ്പൂവും, നെയ്യും ചേർത്തരച്ചത് പാദത്തിൽ പുരട്ടിയാൽ ചുട്ടുനീറ്റൽ പോകും.

ദാഹത്തിന് നാഗകേസരവും, ജീരകവും ചേർത്തുകഴിച്ചാൽ മതി.

നീർവീഴ്ചയിൽ നാഗമരത്തിന്റെ ഇലയരച്ചത് തലയിൽ പൊതിയുന്നത് നല്ലതാണ്.

വായുക്ഷോഭം, ബ്രോങ്കൈറ്റിസ് എന്നിവക്ക് നാഗമരത്തിന്റെ വേരും, തൊലിയും കഷായംവെച്ചത് കഴിച്ചാൽ മാറും.

വാതരോഗങ്ങൾക്കുള്ള ചില എണ്ണകൾ കാച്ചുമ്പോൾ നാഗമരത്തി

ന്റെ വിത്തിൽ നിന്നെടുത്ത തൈലം ചേർക്കാറുണ്ട്.

മരുന്നുകൾക്കും, കഷായത്തിനും സുഗന്ധമുണ്ടാകുന്നതിനായി പരിചയസമ്പന്നരായ വൈദ്യന്മാർ നാഗപ്പൂവ് ഉപയോഗിക്കാറുണ്ട്.

വയറ്റിലെ അസുഖങ്ങൾക്ക് നാഗപ്പൂവ് മോരിലരച്ചത് കഴിക്കാം. കഠിനമായ വിയർപ്പിന് നാഗപ്പൂവ്, രാമച്ചം എന്നിവ ചേർത്തരച്ചതിൽ വെണ്ണചേർത്ത് കഴിക്കണം.

അജീർണ്ണത്തിന് നാഗപ്പൂവും, ഏലത്തരിയും, ഇലവംഗവും ചേർത്തരച്ചതിൽ പഞ്ചസാരചേർത്ത് കഴിക്കണം.

ആറുതവണ വെള്ളത്തിലിട്ട് കഴുകി പുളികളഞ്ഞ നാഗപ്പൂവും, വെണ്ണയും അരച്ചത് ദേഹമാകെ പുരട്ടിയാൽ ചുട്ടുനീറ്റം മാറും.

നാഗമരത്തിന്റെ കായയുടെ പിണ്ണാക്ക് വിഷമുള്ളതാണ്. വളമായി ഉപയോഗിക്കാം.

നാഗപ്പൂവ്, ഇരട്ടിമധുരം, തിപ്പലി, കിരിയാത്ത്, മണിത്തക്കാളി എന്നിവ സമമായി അറുപതുഗ്രാം, പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചതിൽ കാവിമണ്ണുകലക്കി വെയിലത്തുവെച്ച് വറ്റിച്ചെടുക്കുക. ഇതിൽനിന്ന് ഒരു ഉഴുന്നുമണി വലിപ്പത്തിൽ പതിവായി കഴിച്ചാൽ മണ്ണുതിന്നാലുള്ള പാണ്ഡുത ശമിക്കും.

നാഗപ്പൂവ്, തിപ്പലി, ചുക്ക്, കുരുമുളക്, നിലപ്പനക്കിഴങ്ങ് എന്നിവ അരച്ചത് പാലിൽ കഴിച്ചാൽ കഫസന്നി മാറും. നാഗപ്പൂവ്, നിലമ്പരണ്ട, നിലപ്പനക്കിഴങ്ങ്, ഇരട്ടിമധുരം, മുത്തങ്ങ എന്നിവ അരച്ചത് പാലിൽ കഴിച്ചാൽ ശ്വേതപ്രദരം മാറും.

നാഗപ്പൂവ്, മനയോല, കർക്കിടകശൃംഗി, അരിതാരം, കുയുമ്പിൽപ്പൂവ് എന്നിവ സമമായി അരച്ചത് ഗുളികകളായി ഉരുട്ടിവെച്ചത് ഉടുമ്പ്, ഓന്ത് എന്നിവയുടെ കടിവായിൽ ഉഴിഞ്ഞാൽ വിഷം ശമിക്കും.

നാഗപ്പൂവ് എട്ടുഗ്രാമെടുത്ത് പാലും, നെയ്യും ചേർത്തത് ആർത്തവം കഴിഞ്ഞ് ഇരുപത്തിയെട്ട് ദിവസം തുടർച്ചയായി കഴിക്കുകയും, ശിവപഞ്ചാക്ഷരം ജപിക്കുകയും ചെയ്താൽ ഏതൊരു വന്ധ്യക്കും, കാകവന്ധ്യക്കും സന്താനോദ്പാദനമുണ്ടാകും.

നാഗപ്പൂവ്, ഇരുവേലി, ചുക്ക് എന്നിവ സമമായി അരച്ചുതേച്ചാൽ തേനീച്ചവിഷം ശമിക്കും. നാഗമരത്തിന്റെ വേര് പാമ്പുവിഷത്തിന് ഉത്തമമാണ്.

'നാഗകേസരാദിചൂർണ്ണം', 'ചന്ദനബലാലാക്ഷാദിതൈലം', 'കുമാര്യാസവം' എന്നിവ നാഗമരം ചേർന്നതാണ്.

മകം നക്ഷത്രം

പേരാൽ

ശാസ്ത്രനാമം : ഫൈക്കസ് ബംഗാളെൻസിസ്.
കുടുംബം : മൊറേസിയ.
കുലം : വടകുലം.
ഇംഗ്ലീഷ് നാമം : ബനിയൻ ട്രീ.
സംസ്കൃതം : ന്യഗ്രോധ, വടവൃക്ഷ.
മലയാളം : പേരാൽ.
ഹിന്ദി : ബട.
തമിഴ് : ആൽ.
കന്നട : ആല.
ഗുജറാത്തി : വഡലോ.
ബംഗാളി : ബട.

നക്ഷത്രഗണത്തിൽ പത്താമത്തെ നക്ഷത്രമായ മകം ഒരു നുകം പോലെ കാണപ്പെടുന്ന അഞ്ച് നക്ഷത്രക്കൂട്ടമാണ്. വൃശ്ചികം രാശി ഒന്നേകാൽ നാഴികയിൽ ഉച്ചിയിലെത്തും. സൃഷ്ടിനക്ഷത്രമാണ്. ദേ വത പിതൃക്കളാണ്. അസുരഗണമാണ്. പുരുഷയോനിയാണ്. അക്ഷ രം ഇകാരമാണ്. മന്ത്രാക്ഷരം മകാരമാണ്. ഭൂതം ജലമാണ്. മൃഗം എലിയാണ്. പക്ഷി ചകോരമാണ്. വൃക്ഷം പേരാലാണ്.

മകം നക്ഷത്രത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'ബഹുഭൃത്യധനോ ഭോഗീ സുരപിതൃഭക്തോമഹോദ്യമപിത്രേ്യ'

മകം നക്ഷത്രത്തിൽ ജനിച്ചവൻ ഏറെ ഭൃത്യന്മാരോടും, ധനത്തോടും, സുഖത്തോടും കൂടിയവനായിരിക്കും. ദേവന്മാരോടും, പിതൃക്കന്മാരോടും ഭക്തിയുള്ളവനും, സ്ഥിരോത്സാഹിയുമായിരിക്കും. ബുദ്ധിശക്തിയും, വിജ്ഞാനതൃഷ്ണയും പ്രകടിപ്പിക്കും. വിനയാന്വിതരായിരിക്കും. ഗുരുഭക്തന്മാരായിരിക്കുന്ന ഇവർ, സ്വപ്രയത്നത്തിലൂടെ ഉയർന്ന പദവിയിലെത്തുന്നവരായിരിക്കും. ഉന്നതവ്യക്തികളുമായി നല്ല സൗഹൃദം പുലർത്താനും, സാന്ദർഭികമായി പെരുമാറാനും സമർത്ഥരായിരിക്കും.

മകം നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾ പൊതുവെ ധാർമ്മികമായ കാര്യങ്ങളിൽനിന്ന് വ്യതിചലിക്കാത്തവരും, കാര്യപ്രാപ്തിയോടെ പ്രവർത്തിക്കുന്നവരുമായിരിക്കും. ഇവർ യാഗാദികർമ്മങ്ങൾ ചെയ്യാൻ ഉത്സുകരായിരിക്കും.

മകം നക്ഷത്രവൃക്ഷമായ പേരാൽ വൃക്ഷങ്ങൾ ഇന്ത്യയിലുടനീളം കാണപ്പെടുന്നു. ഈ വടവൃക്ഷത്തെ നശിപ്പിക്കുന്നവൻ വൈശ്രവണനെ ഓടിക്കുന്നവനാണെന്നും, അവന് ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാർത്ഥങ്ങൾ നഷ്ടമാകുമെന്നുമുള്ളൊരു ഐതിഹ്യമുണ്ട്. പേരാൽ പടർന്ന് പന്തലിച്ചുവളരുന്നതും, ശാഖകളിൽനിന്ന് ഊന്നുവേരുകൾ താഴേക്കുവളരുന്നതും, വേരുകൾ മണ്ണിലാണ്ട് ശാഖകൾക്ക് താങ്ങായി നിൽക്കുന്നതുമാണ്. പേരാലിന് ഇലകൾ കൊഴിയുന്ന പ്രകൃതമുണ്ട്. നാലുമുതൽ എട്ടുവരെ പാർശ്വസിരകളോടുകൂടിയ ഇലകൾ നീളമുള്ളതാണ്. പുഷ്പങ്ങൾക്ക് മൂന്ന് സഹപത്രങ്ങളുണ്ട്, പുഷ്പാസനത്തിനുള്ളിൽ ആൺ-പെൺ പൂക്കളും, ഗാൾപൂക്കളുമുണ്ട്. പെൺപൂവിന് അഞ്ച് പെരിയാന്ഥമുണ്ട്. ആൺപൂവിന് നാലെണ്ണമേയുള്ളൂ. ഫലങ്ങൾ ചെറുതും, ഉരുണ്ടതുമാണ്. ഫലങ്ങൾ പത്രകക്ഷത്തിൽ പറ്റിപ്പിടിച്ചാണ് കാണപ്പെടുക.

പേരാലിന്റെ വേരും, താങ്ങുവേരുകളും, തൊലിയും, ഇലയും, മൊട്ടും, പഴവും, കറയും ഔഷധയോഗ്യമാണ്.

പേരാലിന്റെ കറ പത്തുഗ്രാം മുതൽ മുപ്പതുഗ്രാം വരെയും, ബീജചൂർണ്ണം ഒരുഗ്രാം മുതൽ ആറുഗ്രാം വരെയും, ക്വാഥം പത്തുഗ്രാം മുതൽ നാൽപതുഗ്രാം വരെയും ഉപയോഗിക്കാം.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'വടോ രക്തഫലഃ ശൃംഗി ന്യഗ്രോധഃ സ്കന്ധജോധ്രുവഃ
ക്ഷീരി വൈശ്രവണാവാസോ ബഹുപാദോ വനസ്പതിഃ
വടഃ ശീതഃ കഷായശ്ച സ്തംഭനോ രൂക്ഷണാത്മകഃ
തഥാ തൃഷ്ണ ഛർദ്ദീമൂർച്ഛരക്തപിത്ത വിരാശനഃ'.

രക്തഫലം, ശൃംഗി, ന്യഗ്രോധം, സ്കന്ധജം, ധ്രുവ, ക്ഷീരി, വൈശ്രവണാവാസ, ബഹുപാദ, വനസ്പതി എന്നിവ പേരാലിന്റെ പര്യായപദങ്ങളാണ്. പേരാൽ ശീതവീര്യവും, കഷായരസവും, സ്തംഭനവും, രൂക്ഷാത്മകവുമാണ്. തൃഷ്ണ, ഛർദ്ദി, മൂർച്ഛ, രക്തപിത്തം എന്നിവ ഇല്ലാതാക്കുന്നതാണ്.

'ന്യഗ്രോധോദുംബരാശ്വത്ഥ പ്ലക്ഷ പാരിഷ പാദപാഃ
പഞ്ചൈതേക്ഷീരിണോ വൃക്ഷാസ്തേഷാം ത്വക് പഞ്ചവല്ക്കലം'.

പേരാൽ, അരയാൽ, അത്തി, ഇത്തി, കല്ലാൽ എന്നിവ ക്ഷീരിവൃക്ഷങ്ങളാണ്. അതുകൊണ്ട് ഇവയുടെ തൊലിയെ പഞ്ചവല്ക്കലം എന്നുപറയുന്നു.

'ക്ഷീരിവൃക്ഷാ ഹിമാ രൂക്ഷാഃ കഷായഃ ഗ്രാഹിണോമതഃ

കഫപിത്തഹരാ വർണ്യ യോനിരോഗ വ്രണാപഹഃ
രക്തപിത്ത പ്രശമനഃ കുഷ്ഠഘ്നാ അസ്ഥിയോജകാഃ
പഞ്ചവല്ക്കലമാപ്യ തദ് ഗുണം ഗ്രാഹി ഹിതാവഹം'.

പേരാൽ ശീതവും, രൂക്ഷവും, കഷായവും, ഗ്രാഹിയുമാണ്. കഫപിത്തനാശകവും, വർണ്ണത്തിന് ഹിതകരവുമാണ്. യോനിവ്യാപനം, വ്രണം, രക്തപിത്തം, കുഷ്ഠം എന്നിവയെ ഇല്ലാതാക്കുന്നതാണ്. അസ്ഥിയെ യോജിപ്പിക്കുന്നതാണ്. ഗ്രാഹിയുമാണ്.

'മദനപാലനിഘണ്ടു' പറയുന്നു:
'വടോ രക്തപ്രദാ ക്ഷീരി ബഹുപാദോ വനസ്പതിഃ
യക്ഷാവാസഃ പദാരോഹി ന്യഗ്രോധഃ സ്കന്ധജൊധ്രുവഃ
വടഃ ശീതോ ഗുരു ഗ്രാഹി കഫപിത്തവ്രണാപഹഃ'

വടവൃക്ഷം, രക്തപ്രദാ, ക്ഷീരി, ബഹുപാദ, വനസ്പതി, യക്ഷാവാസ, പദാരോഹി, ന്യഗ്രോധസ്കന്ധജ, ധ്രുവം എന്നിവ പേരാലിന്റെ പര്യായപദങ്ങളാണ്. പേരാൽ ശീതളവും, ഗുരുവും, ഗ്രാഹിയുമാണ്. മലബന്ധമുണ്ടാക്കുന്നതാണ്. കഫപിത്തം എന്നിവയെ ഇല്ലാതാക്കുന്നതാണ്.

'സ്യാദഥ വടോജടാലോന്യഗ്രോധോ രോഹിണോ അവരോഹീച
വിടപി രക്തഫലശ്ച സ്കന്ധത ഹോമണ്ഡലീ മഹാഛരായഃ
ശൃംഗി യക്ഷാവാസോ യക്ഷതരുഃ പാദരോഹിണീനീലഃ
ക്ഷീരി ശിഫാരുഹഃ സ്യദ്ബഹുപാദഃ സതു വനസ്പതിർ നവഭൂഃ'.

വടോജാടാലു, ന്യഗ്രോധ, രോഹിണ, അവരോഹി, വിടപി, രക്തഫല, സ്കന്ധത, മണ്ഡലി, മഹാഛരായ, ശൃംഗി, യക്ഷാവാസ, യക്ഷതരു, പാദരോഹിണ, നീല, ക്ഷീരി, ശിഫാരുഹ, ബഹുപാദ, വനസ്പതി എന്നിവ പേരാലിന്റെ പര്യായപദങ്ങളാണ്.

'രാജനിഘണ്ടു' ഗുണത്തെ പറയുന്നു:
'വടഃ കഷായേ മധുരഃ ശിശിരഃ കഫപിത്തജിത്
ജ്വരദാഹതൃഷാമോഹ വ്രണ ശോഫപഹാരകഃ'.

പേരാൽ കഷായരസത്തോടുകൂടിയതാണ്. മധുരരസമുള്ളതാണ്. ശീതളമാണ്. കഫവികാരത്തെയും പിത്തവികാരത്തെയും ജയിക്കുന്നതാണ്. ജ്വരം, ദാഹം, മോഹം, വ്രണം, നീര് എന്നിവയെ ഇല്ലാതാക്കുന്നതാണ്.

'സോഡലനിഘണ്ടു' പറയുന്നു:
'വടേ രക്തഫലസ്തുംഗോ ന്യഗ്രോധ സ്കന്ധജൊവടി
ക്ഷീരി വൈശ്രവണാവാസോ ബഹുപാദോ വനസ്പതി'.

വട, ന്യഗ്രോധ, രക്തഫല, തുംഗോ, സ്കന്ധജ, ജടി, ക്ഷീരി, വൈസ്രവണാവാസ, ബഹുപാദ, വനസ്പതി എന്നിവ പര്യായപദങ്ങളാണ്.

'സരസ്വതിനിഘണ്ടു' പറയുന്നു:
'ന്യഗ്രോധോ ബഹുപാദവിഷ്ണു ശയനം ച വനസ്പതിഃ
വടോവൈശ്രവണാവാസോരക്തോ രക്തഫലോമതഃ'.

ന്യഗ്രോധ, ബഹുപാദ, വിഷ്ണു, ശയനം, വനസ്പതി, വട, വൈശ്രവണാമാസ, രക്തഃ, രക്തഫലഃ എന്നിവ പര്യായപദങ്ങളാണ്.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:
'വടോ രക്തഫലഃ ശൃംഗി ന്യഗ്രോധഃ സ്കന്ധജോധ്രുവഃ
ക്ഷീരി വൈശ്രവണോവാസോ ബഹുപാദോ വനസ്പതിഃ
വടഃ ശീതോഗുരു ഗ്രാഹി കഫപിത്ത വ്രണാപഹഃ
വർണ്യോ വിസർപ്പ ദാഹഘ്ന കഷായോ യോനിദോഷഹൃത്'.

വട, രക്തഫല, ശൃംഗി, ന്യഗ്രോധ, സ്കന്ധജ, ധ്രുവ, ക്ഷീരി, വൈശ്രവണാമാസ, ബഹുപാശ, വനസ്പതി എന്നിവ പര്യായപദങ്ങളാണ്. പേരാൽ കഷായരസയുക്തവും, ശീതളവും, ഗുരുവും, ഗ്രാഹിയുമാണ്. ശരീരത്തിന്റെ വർണ്ണത്തിന് ഉത്തമമാണ്. കഫപിത്തവ്രണവിസർപ്പദാഹനാശകമാണ്. യോനിദോഷങ്ങൾക്ക് ഉത്തമമാണ്.

'വടതിവേഷടയതി മൂലൈഃ ഇതി വടസൈഥര്യോ'.

പേരാൽവൃക്ഷം ജടകളാൽ വ്യാപിക്കപ്പെട്ട് സൈഥര്യത്തെ പ്രദാനം ചെയ്യുന്നു.

'ന്യഗ്രോധോ ബഹുപാദോ രക്തഫല സ്കന്ധജോ ദ്വയുപ ശൃംഗി
വിശ്വമനിലയശ്ച വടോയക്ഷാവാസോ വനസ്പതിർ ഭവതി'.

നയഗ്രോധമെന്നാൽ, വഴി തടയുന്നത്. സ്കന്ധജമെന്നാൽ, താങ്ങുവേരുകളുള്ളത്. ദ്രുമമെന്നാൽ, സ്ഥായിയായിട്ടുള്ളത്. ക്ഷീരിയെന്നാൽ, പാലുള്ളത്. ബഹുപാദമെന്നാൽ, അനേകം കാലുകളുള്ളത്. യക്ഷനെന്നാൽ, വൈശ്രവണൻ വസിക്കുന്നത്. വനസ്പതിയെന്നാൽ, പുഷ്പത്തെ കാണാത്തത്.

പേരാൽവൃക്ഷത്തിന്റെ തളിരില പ്രവാഹികക്ക് ഉത്തമമാണ്. വയറുകടിക്ക് നല്ലതാണ്.

മൂന്നുകൊല്ലം പ്രായമെത്തിയ പേരാലിന്റെ പഴുത്തയില ചൂടുള്ള ചോറുചേർത്ത് കൊടുത്ത് വിയർപ്പിക്കുന്നതിനായി ഉപയോഗിക്കാം.

കുരുക്കൾ പഴുത്തു പൊട്ടിക്കുന്നതിന് പേരാലില അരച്ചുചൂടാക്കിയത് പുരട്ടാൻ നല്ലതാണ്.

പ്രമേഹത്തിന് പേരാൽവൃക്ഷത്തിന്റെ തോലും, വെള്ളവും ഒന്നിന് പത്തെന്ന അനുപാതത്തിൽ ചേർത്ത് കഴിക്കാം; രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയും.

പേരാലിന്റെ തോലിട്ട് വെന്ത വെള്ളം വെള്ളപോക്കിന് യോനി കഴുകാനുപയോഗിക്കാം.

പേരാലിന്റെ കറ വയറിളക്കത്തിനും, വയറുകടിക്കും നല്ലതാണ്.

പേരാലിന്റെ പാൽ വാതത്തിന് പൂച്ചിടുന്നതിന് ഉത്തമമാണ്.

വ്രണങ്ങൾ, വീക്കം, വേദന, കാൽവിള്ളൽ എന്നിവക്ക് പേരാലിൻ തൊലി അരച്ചുപുരട്ടിയാൽ മാറും.

പേരാലിൻതൊലി വെന്തവെള്ളം പല്ലുവേദനക്ക് ഉപയുക്തമാണ്.

രക്തം തുപ്പുന്നതിന് പേരാലിന്റെ ചെറിയ ശാഖ അരച്ചുകൊടുക്കാൽ നല്ലതാണ്.

ഗോണോറിയയിൽ പേരാലിന്റെ വിടുവേര് കഷായംവെച്ചത് കൊടുത്താൽ ഫലപ്രദമാണ്.

നിർത്താതെയുള്ള ഛർദ്ദിക്ക് പേരാലിന്റെ താങ്ങുവേരിന്റെ അറ്റത്തെ ഇളംവേര് അരച്ചുകൊടുത്താൽ മതി.

പേരാലിന്റെ വിത്ത് ശീതവും, നല്ല ടോണിക്കുമാണ്.

പാമ്പുവിഷത്തിന് പേരാലിന്റെ തൊലിയും, വേരും ഉത്തമമാണ്.

പേരാൽതൊലി, അരയാൽതൊലി, അത്തിത്തൊലി, ഇത്തിത്തൊലി, വേപ്പിൻതൊലി എന്നിവചേർത്ത് കഷായംവെച്ചത് കവിൾകൊണ്ടാൽ വായിലെ രോഗങ്ങൾ പോകും. ഇതേ കഷായം വെള്ളപോക്കി ന് യോനി കഴുകാനുപയോഗിക്കാം.

പേരാലിന്റെ തളിരിലയരച്ചതിൽ തേൻചേർത്ത് കഴിച്ചാൽ രക്തപി ത്തത്തിന് ഉത്തമമാണ്.

പല്ലുവേദനക്ക് പേരാലിൻ കറ നല്ലതാണ്.

പേരാലിന്റെ വേരരച്ച് തലയിൽ പുരട്ടിയാൽ മുടി വളരും.

ഗർഭാശയപേശികൾക്കും, ഹൃദയത്തിന്റെ പേശികൾക്കും പേരാലി ന്റെ തോലരച്ചുകലക്കിയത് കഴിച്ചാൽ മതി.

കണ്ണിന്റെ കാഴ്ചക്ക് പേരാലിന്റെ തൊലി കഷായംവെച്ച് കഴിക്കുന്നത് ഫലപ്രദമാണ്.

കോളിക്ക് ആസിഡ്(C24 H4005), കോളിൻ(C5H15 N02, ആൽക്കഹോളാണ്) എന്നിവയെ തടയുന്ന, അസ്ഥിയോടുചേർന്ന പേശികൾ പ്രവർത്തിക്കുന്നതിന് പേരാലിന്റെ ഇലയും, തൊലിയും വെള്ളത്തിൽ അരച്ചത് കഴിച്ചാൽ മതി.

പനി, ഉന്മാദം, ക്ഷയം, ക്ഷീണം, മാനസിക ദൗർബല്യം, കോളറ, കന്നുകാലികൾക്കുണ്ടാകുന്ന പ്ലേഗ് എന്നിവക്ക് പേരാലിന്റെ ഇലയും, പൂവും, മൊട്ടും, വേരും, തൊലിയും, കഷായംവെച്ച് കഴിച്ചാൽ മതി.

പേരാലിന്റെ ഇലയും, പൂവും, മൊട്ടും, വേരും, തൊലിയും ഇടിച്ചു പിഴിഞ്ഞ നീര്. കദളിപ്പഴം, ഉണക്കമുന്തിരിങ്ങ എന്നിവയുടെ നീര്. അമുക്കുരം, ബദാംപരിപ്പ്, നായ്ക്കുരണപ്പരിപ്പ്, വയൽചുണ്ടയരി എന്നിവ പൊടിച്ചത് അര ടീസ്പൂണും, പഞ്ചസാരയും. എന്നിവ ചേർത്തുണ്ടാക്കിയ ജ്യൂസ് കഴിച്ചാൽ കാമോദ്ദീപനമാണ്. ബീജശേഷിയെ ഉണ്ടാക്കുന്നതാണ്. ഇത് ഗോണോറിയക്കും ഉത്തമമാണ്.

പേരാലിന്റെ കറ കാമോദ്ദീപനമാണ്.

പേരാലിന്റെ വിടുവേരരച്ചത് പാലിൽകാച്ചി കഴിച്ചാൽ അർശോരോഗം മാറും.

പേരാലിന്റെ നാമരൂപജ്ഞാനം:

വടഃ=വടതിവേഷ്ടതേ ആവൃണോതീതി. അവരോഹി=അധസ്നാല്ലം സമാനഃ പ്രരോഹാ അസ്യ. ക്ഷീരി=ക്ഷീരയുക്തഃ. ധ്രുവഃ=സ്ഥിരഃ. ന്യഗ്രോധഃ=ന്യങ്നീചൈഃ രുണദ്ധീ അഥവാ ന്യഗധസ്നാഷദ്രാ ഹതി പ്രരോഹൈഃ. പാദരോഹി=പാദൈഃ പ്രരോഹൈഃ രോഹതീതി. ബഹുപാദഃ=ബഹവഃ പാദാഃ മൂലാന്യസ്യ. മണ്ഡലി=വൃത്താകാര പരിസരഃ. മഹാഛായഃ=മഹതിഛായാ അസ്യ. രക്തഫലഃ=രക്തം ഫലമസ്യ. വനസ്പതിഃ=ഫലൈരവ്യക്ത പുഷ്പൈർയുക്തഃ. യഥോക്തം സുശ്രുതേന അപുഷ്പാഃ ഫലവന്തോ വനസ്പതയഃ ഇതി അത്ര അപുഷ്പ അവ്യക്തപുഷ്പാ ഇതി. ശുങ്ഗി=ശുങ്ഗാസ തസ്യ. സ്കന്ധജഃ=സ്കന്ധേഫലാനിജായന്തേസ്യ.

ആൽവൃക്ഷങ്ങൾക്ക് പൊതുവേ, വംശവർദ്ധനവിന് പരാഗണം നടത്തുവാൻ ഫൈക്കസ് വർഗ്ഗത്തിലെ വണ്ടുകൾ വേണം. വണ്ടുകൾ പൂവിനുള്ളിലൂടെ പ്രവേശിച്ച് പരാഗണത്തിന് സഹായിക്കുകയും, അതിനകത്ത് മുട്ടയിടുകയും ചെയ്യുന്നു. വണ്ടുകൾ അതോടെ, ചിറകുകൾ പൊഴിച്ച് അതിനകത്തുതന്നെ മരിക്കുന്നു. തുടർന്ന്, ആൺകുഞ്ഞുങ്ങൾക്ക് ചുണ്ടുള്ളതിനാലാൽ മുട്ടകൾ സ്വയം പൊളിച്ച് പുറത്തു

കടന്ന് പെൺകുഞ്ഞുങ്ങളുടെയും മുട്ടകൾ വിരിയിക്കുകയാണ് ചെയ്യുന്നത്. അതിനകത്തുവച്ച് ആണും പെണ്ണും ഇണചേരുകയും, അതിലൂടെ ആൺവർഗ്ഗം മരിക്കുകയും ചെയ്യും. ഇണചേർന്നുകഴിഞ്ഞ പെൺവർഗ്ഗം മുട്ടയിടുന്നതിനായി അടുത്ത പൂക്കളിലേക്ക് പറക്കും. ഇങ്ങനെയാണ് വണ്ടുകളുടെ ജനനമരണപ്രക്രിയ തുടർന്നുകൊണ്ടിരിക്കുന്നത്.

ശൂലചികിത്സയിൽ പേരാലിന്റെ വിടുവേര്, തൊട്ടാവാടിവേര്, തേങ്ങയുടെ തൊണ്ട്, നന്ത്യാർവട്ടത്തിന്റെ വേര് എന്നിവ കഷായംവെച്ചത് കഴിച്ചാൽ ഫലപ്രദമാണ്.

പേരാലിന്റെ വിടുവേര് നല്ല വേദനസംഹാരിയാണ്.

പേരാലിലയുടെ ഭസ്മം വേദനക്ക് ഉത്തമമാണ്.

പേരാലില അരച്ചതിൽ പഞ്ചസാരചേർത്ത് കഴിച്ചാൽ ശ്വേതപ്രദരം മാറും.

ശീഘ്രസ്ഖലനം മാറുന്നതിന് പേരാലിന്റെ തൊലി കഷായംവെച്ചത് കഴിച്ചാൽ മതി.

വീര്യസ്തംഭനത്തിന് പേരാൽതൊലിയുടെ കഷായം നല്ലതാണ്.

പേരാലിന്റെ കറ എണ്ണയിൽകാച്ചി ചെവിയിലുറ്റിച്ചാൽ വേദന പോകും.

പേരാലിന്റെ പച്ചക്കായ തണലിൽവെച്ചുണക്കി പൊടിച്ചത് പാലിൽ ചേർത്ത് തിളപ്പിച്ചുകഴിച്ചാൽ കാമോദ്ദീപനമാണ്. ഇത് പ്രമേഹം, ധാതുസ്രാവം എന്നിവക്കും ഫലം ചെയ്യും.

പേരാലിന്റെ തടി കത്തിച്ച ഭസ്മം കലക്കിയ വെള്ളം തെളിയൂറ്റി കഴിച്ചാൽ ഛർദ്ദി നിൽക്കും.

മുറിവ്, ചതവ്, വാതം, തോദം, നീര്, മോണരോഗം എന്നിവക്ക് പേരാൽ അത്യുത്തമമാണ്.

മൂത്രകൃച്ഛ്രത്തിൽ പേരാലിന്റെ താങ്ങുവേരിന്മേൽ തൊലി കഷായംവെച്ചത് കൊടുത്താൽ നല്ലതാണ്.

രക്തഛർദ്ദിക്ക് പേരാലിന്റെ തളിരിലയുടെ ഫാണ്ടമുണ്ടാക്കി കഴിച്ചാൽ നല്ലതാണ്.

ഛർദ്ദിക്ക് പേരാലിന്റെ താങ്ങുവേരുകളിലുണ്ടാകുന്ന മുകുളം അരച്ചുകൊടുത്താൽ മതി.

പേരാലിന്റെ കറ പഞ്ചസാരപ്പാവുചേർത്ത് കഴിച്ചാൽ വീര്യസ്തംഭനമുണ്ടാകും. ഇത് മൂത്രകൃച്ഛ്രത്തിനും ഉത്തമമാണ്.

കണ്ഠമാലക്ക് പേരാലിൻപാൽ ലേപനം ചെയ്യുന്നത് നല്ലതാണ്.

തീപ്പൊള്ളലിന് പേരാലിന്റെ തളിര് തൈരിലരച്ചത് പുരട്ടാം.

'ചരകസംഹിത' ചികിത്സാസ്ഥാനം പറയുന്നു:

പേരാൽ, അരയാൽ, അത്തി എന്നിവയുടെ മൊട്ടുകൾ ചതച്ചത് പകലും, രാത്രിയും വെള്ളത്തിലിട്ടുവെച്ച് അരിച്ചെടുത്തതിൽ നെയ്യ് ചേർത്ത് കഷായം പാകം ചെയ്തുകൊണ്ടിരിക്കുമ്പോൾ പകുതി ഭാഗം പഞ്ചസാരയും, അത് തണുത്തുകഴിഞ്ഞാൽ കാൽ ഭാഗം തേനും ചേർത്ത് കഴിച്ചാൽ രക്തപിത്തം ശമിക്കും.

പേരാലിന്റെ ഊന്നുവേര് പൊടിച്ചത് മോരിൽകഴിച്ചാൽ വയറിളക്കം ശമിക്കുമെന്ന് 'ചക്രദത്തം', 'രാജമാർത്താണ്ഡം' എന്നിവയിൽ പറയുന്നു.

'അഷ്ടാംഗഹൃദയം' ചികിത്സിതം പറയുന്നു:

പേരാലിൻമൊട്ട്, പേരാലിൻ വിടുവേര്, ഞാവൽതളിര്, മാവിൻതളിര് എന്നിവ ശീതക്കഷായമുണ്ടാക്കി തേൻചേർത്ത് കൊടുത്താൽ ഛർദ്ദി നിൽക്കും. ഇത് പനിക്കും, വയറിളക്കത്തിനും, മോഹാലസ്യത്തിനും, ദാഹത്തിനും ഉത്തമമാണ്.

'വൃന്ദമാധവം' പറയുന്നു:

പേരാലിന്റെ മൊട്ട്, ശർക്കര, ലോധ്രം, ഉറുമാമ്പഴം, ഇരട്ടിമധുരം എന്നിവ അരച്ചതിൽ തേൻചേർത്ത് അരികഴുകിയ വെള്ളത്തിൽ കഴിച്ചാൽ ഛർദ്ദി നിൽക്കുമെന്ന്

'ഭേളസംഹിത' പറയുന്നു:

വടക്ഷീരം, കൊട്ടം, ഉപ്പ് എന്നിവ അരച്ചത് ഒരാഴ്ച പുരട്ടി കെട്ടിവെച്ചാൽ എല്ലിന്റെ വൈകല്യങ്ങളും വളർച്ചയും ശമിക്കും.

'അഷ്ടാംഗഹൃദയം' ഉത്തരസ്ഥാനത്തിൽ പറയുന്നു:

പേരാലിന്റെ തളിരില തേങ്ങാപാലിൽ അരച്ചുപുരട്ടിയാൽ ത്വക്കിലുണ്ടാകുന്ന തവിട്ടുനിറത്തിലുള്ളതും, മറ്റുള്ളതുമായ പുറവികളും, പാടുകളും, കാക്കപ്പുള്ളികളും മാത്രമല്ല, HPV അണുബാധയാലുണ്ടാകുന്ന പാപ്പിലോമയെന്ന ത്വക്ക്രോഗവും, സൂര്യപ്രകാശമേറ്റാൽ പിന്നീട് സർക്കോമയാകാവുന്ന(Disco Platus erithe matosis)പോലുള്ള രോഗങ്ങളും മാറിപ്പോകും.

'വൃന്ദാമാധവം' പറയുന്നു:

പേരാലിന്റെ മൊട്ടും, ചണമ്പയറും അരച്ചുപുരട്ടിയാൽ ത്വക്കിൽ

കാണുന്ന പുള്ളികൾ മാറും. ഇതേ പേസ്റ്റ് മുഖത്തുപുരട്ടിയാൽ മുഖകാന്തിയുണ്ടാകും.

'സിദ്ധഭേഷജമണിമാല' പറയുന്നു:

പറങ്കിപ്പുണ്ണിന്റെ തുടക്കത്തിന് തൊട്ടുമുമ്പ് ലിംഗങ്ങളിലും, യോനികളിലും വീക്കമുണ്ടാകാറുണ്ട്. അപ്പോൾ പേരാലിന്റെ പഴുത്തയില കത്തിച്ച് വെള്ളത്തിലിട്ടാൽ കിട്ടുന്ന ക്ഷാരമെടുത്തത് ഒന്നര ഗ്രാം വീതം രണ്ടുനേരം കൊടുത്താൽ മതി.

'സുശ്രുതസംഹിത' പറയുന്നു:

പേരാലിന്റെ മൊട്ട് പാലിൽ അരച്ചുകലക്കി അരിച്ചെടുത്തത് മൂന്നോ, നാലോ തുള്ളി ഗർഭിണിയുടെ വലത്തെ മൂക്കിൽ നസ്യം ചെയ്താൽ ആൺസന്തതിയുണ്ടാകും. ഇതിനെയാണ് പുംസവനമെന്നു പറയുന്നത്. ഇതിൽ പൂവാൻകുറുന്തിലയും ഉപയോഗിക്കാറുണ്ട്.

'ഗദനിഗ്രഹം' പറയുന്നു:

പൗർണ്ണമിവരുന്ന പുഷ്യം നാളിലൊ, വെളുത്ത പക്കത്തിലെ പുഷ്യം നാളിലെങ്കിലുമോ പേരാലിൻ മൊട്ട് ശേഖരിച്ച് വെള്ളത്തിലരച്ചത് ആർത്തവമുണ്ടായ സ്ത്രീ കഴിച്ചാൽ വന്ധ്യതമാറി, സന്താനമുണ്ടാകും.

'ചരകസംഹിത' ചികിത്സിതം പറയുന്നു:

വെള്ളലോധ്രവും, പേരാലിന്റെ തോലും ചേർത്ത് കഷായംവെച്ച് കുടിക്കുകയും, അത് തുണിയിലെടുത്ത് യോനിയിൽ പിച്ചുവെക്കുകയും ചെയ്താൽ പ്രദരം(വെള്ളപോക്ക്) ശമിക്കും.

'വംഗസേനം' സ്ത്രീരോഗം പറയുന്നു:

കുമിഴിൻതളിര്, പേരാലിൻമൊട്ട്, നാഗദന്തിയുടെ തളിര് എന്നിവ പ്രത്യേകം പ്രത്യേകം നെയ്യ്ചേർത്ത് കാച്ചിയെടുത്തുവെച്ചത് കഴിച്ചാൽ ആർത്തവങ്ങൾക്കിടയിലും, മെനോപോസിന്റെ സമയത്തുമുണ്ടാകുന്ന രക്തസ്രാവം നിൽക്കും.

'ചരകസംഹിത' ചികിത്സാസ്ഥാനം പറയുന്നു:

പേരാലിന്റെ വിടുവേര് അല്ലെങ്കിൽ മൊട്ട്, പൂളക്കറ, ഇരുവേലിയുടെ തളിരില, കരികൂവളം, മുത്തങ്ങ എന്നിവചേർത്ത് കാച്ചിയ പാലും, ഇവയിൽ ഏതെങ്കിലും ഒന്ന് ചേർത്തുകാച്ചിയ പാലും ഗുദത്തിലുണ്ടാകുന്ന പൊട്ടലുകൾക്ക് ഉത്തമമാണ്.

'സുശ്രുതസംഹിത' ഉത്തരസ്ഥാനം പറയുന്നു:

പേരാൽമൊട്ട്, കറുകയുടെ തളിര് എന്നിവയരച്ച് തേനും ചേർത്തു കഴിച്ചാൽ അർശസ്സും, ഗുദഭ്രംശവും, ഗുദവലികളിലുണ്ടാകുന്ന പൊട്ടലും മാറും.

പേരാലിൻമൊട്ട്, ഇലവിൻതോൽ, കുറുന്തോട്ടിവേര് എന്നിവ അരച്ചുപുരട്ടിയാൽ ഏതുതരം വ്രണവും ഉണങ്ങും. ഇവയുടെ കഷായമുണ്ടാക്കിയത് വ്രണം ശുദ്ധിവരുത്തുന്നതിന് ഉത്തമമാണ്.

'ചരകസംഹിത' ചികിത്സാസ്ഥാനം പറയുന്നു:

പേരാലിൻതൊലി, അത്തിത്തൊലി, അരയാൽതൊലി, കടമ്പിൻതൊലി, കയ്യാൽതൊലി, നീർമരുതിൻതൊലി, എരിക്ക്, കുടകപ്പാല എന്നിവ കഷായം വെച്ചതുകൊണ്ട് കഴുകുകയും, അതുതന്നെ കഴിക്കുകയും ചെയ്താൽ വ്രണമുണങ്ങും.

'വൃന്ദാമാധവം' പറയുന്നു:

പേരാലിന്റെ കറ വ്രണങ്ങളിൽ പുരട്ടിയാൽ എല്ലാതരം അണുക്കളും, കൃമികളും പോകും.

'ചക്രദത്തം' പറയുന്നു:

കണ്ണിന്റെ കോർണിയക്കുണ്ടാകുന്ന മങ്ങലിന് പേരാലിന്റെ കറയും, നന്നായി പൊടിച്ചെടുത്ത കർപ്പൂരവും(സിന്തറ്റിക് കർപ്പൂരമല്ല, മരത്തിൽ നിന്നെടുത്തത്) ചേർത്തരച്ച് കൺമഷിയുണ്ടാക്കിയത് കണ്ണിലെഴുതിയാൽ മാറും.

പേരാലിന്റെ വിടുവേരും, അടപതിയിൻകിഴങ്ങും ചേർത്ത് കഷായം വെച്ചതിൽ നെയ്യുചേർത്ത് കഴിച്ചാൽ പനിയും ചുട്ടുനീറ്റവും പോകും.

ഉയരം കുറഞ്ഞവർക്ക് ഉയരം വെക്കുന്നതിനായി കുട്ടിക്കാലത്ത്, പേരാലിന്റെ വിടുവേരും, തലനീളിയും ചേർത്ത് കഷായംവെച്ചത് കൊടുത്താൽ ഫലമുണ്ടാകും.

സുരപാലന്റെ 'വിഷ്ണുധർമ്മോത്തരപുരാണം' വൃക്ഷായുർവേദ വർണ്ണനയുടെ ആരംഭത്തിൽ വീടിന്റെ കിഴക്കുഭാഗത്ത് പേരാലും, തെക്കുഭാഗത്ത് അത്തിയും, പടിഞ്ഞാറുഭാഗത്ത് അരയാലും, വടക്കുഭാഗത്ത് ഇത്തിയും വെക്കുന്നത് ശുഭകരമാണെന്നും, ഈ ക്രമത്തിൽ അല്ലാതെ നടുന്നത് നല്ലതല്ലെന്നും പറഞ്ഞിട്ടുണ്ട്. വീടിന്റെ കിഴക്കുഭാഗത്തുനിൽക്കുന്ന പേരാൽ, വീട്ടുകാരുടെ എല്ലാതരം ആഗ്രഹങ്ങളും സാധിപ്പിക്കുമെന്നും സുരപാലൻ പ്രത്യേകമായി പറയുന്നുണ്ട്. ഇതുതന്നെ 'ശാർങ്ധരകൃതി'യിലും പറഞ്ഞുകാണുന്നുണ്ട്.

പേരാലിന്റെ കറ അണുനാശക(ആന്റി മൈക്രോബിയൽ)മാണ്. പരിസ്ഥിതിവിജ്ഞാനത്തെ 'ഓകശാസ്ത്ര'മെന്നാണ് പറയുക. ഓകശാസ്ത്രപ്രകാരം, അന്തരീക്ഷവായുവിനെ ശുദ്ധീകരിക്കുന്നതിൽ വളരെയേറെ പങ്കുവഹിക്കുന്ന വൃക്ഷങ്ങളിലൊന്നാണ് പേരാൽ.

പേരാൽമൊട്ട്, സഹസ്രവേധി പൊടിച്ചത്, കീഴാർനെല്ലിനീര്, ചെറുനാരങ്ങാനീര് എന്നിവ ശ്രദ്ധയോടെ അരച്ച് സൂര്യസ്ഫുടം ചെയ്താൽ ഭസ്മമാകും. ഇത് അനുപാതഭേദത്തിൽ ഉപയോഗിച്ചാൽ പലതരം രോഗങ്ങൾക്കും ഫലപ്രദമാണ്.

പേരാൽ, അരയാൽ, അത്തി, ഇത്തി, നറുനീണ്ടിക്കിഴങ്ങ്, കടുക്കാ, താന്നിക്ക, നെല്ലിക്ക, പാടക്കിഴങ്ങ്, വെറ്റില, ആവണക്കിൻകുരു, തിന, എള്ള്, വരട്ടുതേങ്ങ, അമൃത് എന്നിവ സമമായി എള്ളെണ്ണയിൽ വറുക്കുക. അവ ചുകന്നുവരുമ്പോൾ അടുപ്പിൽനിന്ന് വാങ്ങിവെച്ചതും, തൈലവും, ഇരട്ടിമധുരവും ചേർത്ത് അരച്ചത് പുരട്ടിയാൽ വിദ്രധി ശമിക്കും.

പേരാലിൻ തോൽ, കൂവളവേര്, കറിവേപ്പില, കറുവാപ്പട്ട, മുത്തങ്ങ, മലതാങ്ങി, നറുനീണ്ടിക്കിഴങ്ങ്, പഴമുതിര, അരയാൽപട്ട, ഞാവൽതോൽ, നീർമരുതിൻതോൽ, ലന്തത്തൊലി, ഇത്തിത്തോൽ, അത്തിത്തോൽ, താമരവളയം, കോവൽക്കിഴങ്ങ്, നിലവാക, ആടലോടകവേര്, രാമച്ചം, കച്ചോലം എന്നിവ അറുപത്തിയൊന്നേകാൽ ഗ്രാം വീതമെടുത്ത് പതിനാറിടങ്ങഴി കരിക്കിൻവെള്ളത്തിൽ വെന്ത്, നാലിടങ്ങഴിയാക്കി വറ്റിച്ചത് അരിച്ചെടുക്കുക. അതിവിടയം, ഇരട്ടിമധുരം, കുരുമുളക്, തിപ്പലി, ചുക്ക്, ഗ്രാമ്പു, ജഡാമാഞ്ചി, കന്നാരം(ശുദ്ധിചെയ്തത്), പശുപാശി, ഗോരോചനം, ജാതിക്ക, ജാതിപത്രി, ഗരുഡപച്ച, പാൽക്കായം, കുടകപ്പാലയരി, മായക്ക, കുങ്കുമപ്പൂവ് എന്നിവ ഏഴു ഗ്രാം വീതമെടുത്ത് പൊടിച്ച് ശീലപ്പൊടിയാക്കുക. ഉണ്ടാക്കിവെച്ച കഷായത്തിൽ നാലുഗ്രാം കൽക്കണ്ടം, നാലുഗ്രാം പഞ്ചസാര എന്നിവ ചേർത്ത് ലേഹ്യമുണ്ടാക്കുക. അത് പാകമാകുമ്പോൾ ഇടങ്ങഴി നെയ്യുചേർത്ത് യോജിപ്പിക്കുകയും, അതിൽ പൊടിച്ചുവെച്ചിരുന്ന ശീലപ്പൊടിയും, ഇരുന്നൂറ്റിയമ്പതുഗ്രാം കൂവപ്പൊടിയും, ഇരുപത്തിനാലുഗ്രാം കർപ്പൂരവും ചേർത്ത് നല്ലതുപോലെ യോജിപ്പിച്ചുവെക്കുക; ഈ ലേഹ്യം സർവരോഗഹരമാണ്.

പേരാൽ, അരയാൽ, അത്തി, ഇത്തി, വേപ്പിൻതോല്, കാവിമണ്ണ്, കുറുന്തോട്ടിവേര്, അമ്പഴത്തൊലി, നാത്പാമരത്തൊലി എന്നിവ സമമായെടുത്ത് പൊടിച്ച ശീലപ്പൊടിയും, വേപ്പിൻതൊലി, നെല്ലിക്ക, കൊടിത്തൂവവേര്, കുടകപ്പാലവേര്, ചെറുവഴുതിനവേര്, ഇരുവേലി, എരിക്കിൻവേര് എന്നിവ സമമായെടുത്തത് പിഴിഞ്ഞ നീരും ചേർത്ത് കഷായംവെക്കുമ്പോൾ നെയ്യും, കൽക്കവും ചേർത്തുകാച്ചി അരിച്ചുവെച്ചത് കഴിച്ചാൽ രക്തസ്രാവം ശമിക്കും.

പേരാൽമൊട്ട്, അരയാൽമൊട്ട്, കല്ലാൽമൊട്ട്, അത്തിമൊട്ട്, ഇത്തിമൊട്ട്, ഞൊട്ടാഞൊടിയൻ സമൂലം, വേപ്പിൻതോൽ, ചിറ്റമൃത്, കുടക

പ്പാലവേരിന്മേൽതൊലി, നറുനീണ്ടിക്കിഴങ്ങ്, ഇന്ദുപ്പ്, തിരിതാളി, പർപ്പടകപ്പുല്ല്, ചന്ദനം, വേട്ടാളൻകൂട്, കറുകവേര്, കരിമ്പിൻവേര്, കടുക്ക, താന്നിക്ക, നെല്ലിക്ക, മഞ്ഞൾ, പുലിത്താളി, എള്ള്, ആവണക്കരി, തെങ്ങിൻപൂക്കുലയരി എന്നിവ സമമായിയെടുത്ത് പൊടിച്ചതിൽ എണ്ണയും, നെയ്യും, തേനും ചേർത്തുചാലിച്ച് പുറമെ പുരട്ടിയാൽ നീരിന് അത്യുത്തമമാണ്.

പേരാൽമൊട്ട്, ചെറൂളവേര്, പൂവാങ്കുറുന്തൽവേര് എന്നിവ അരച്ചത് പാലിൽ കഴിച്ചാൽ ജീർണ്ണജ്വരം, പിത്തജ്വരം എന്നിവ മാറും.

പേരാൽമൊട്ട് കഷായംവെച്ചത് കഴിച്ചാൽ ജ്വരം മാറും.

പേരാൽതോൽ, അരയാൽത്തോൽ, അത്തിത്തോൽ, ഇത്തിത്തോൽ എന്നിവ കഷായംവെച്ചതിൽ എള്ളെണ്ണചേർത്ത് കാച്ചിയരിച്ചത് നാഭിപ്രദേശത്ത് ആഭ്യംഗം ചെയ്താൽ അല്ലെങ്കിൽ തുണിയിൽ മുക്കിയിട്ടാൽ മൂത്രകൃച്ഛ്രം മാറും.

പ്രമേഹം വന്ന് വ്രണമായാൽ പേരാൽതൊലി, അരയാൽതൊലി, അത്തിതൊലി, ഇത്തിതൊലി, കടുക്കാത്തോട്, നെല്ലിക്കാത്തോട്, താന്നിക്കാത്തോട്, മഞ്ഞൾ, കറുക, കുടകപ്പാലവേരിന്മേൽതൊലി, ഞൊട്ടാഞൊടിയൻ സമൂലം, ചിറ്റമൃത്, തിരുതാളി, പർപ്പടകപ്പുല്ല്, താമരവളയം, വേപ്പില, മരമഞ്ഞൾ, കടമ്പു, കരട്, ഗേഹം(വേട്ടാളൻകൂട്), അവൽപൊരി, രക്തചന്ദനം, ഇന്തുപ്പ്, ഇരട്ടിമധുരം, ശാലി, തിലം, കമുകം പൂക്കുലയരി, ആവണക്ക്, നാത്പാമരമൊട്ട് എന്നിവ പാൽ ചേർത്ത് അരച്ചതിൽ എണ്ണ, നെയ്യ്, തേൻ എന്നിവ ചേർത്ത് പുരട്ടിയാൽ മതി.

പേരാൽ, അരയാൽ, കല്ലാൽതൊലി, അത്തി, ഇത്തി, ശുദ്ധിചെയ്ത ചേർക്കുരു, മുരിങ്ങവേര്, പുല്ലാനിപൂവ്, തെറ്റീ, കരിനൊച്ചി, വൻകൊന്ന, പിച്ചകം, വൻകടലാടി, ചെറൂളവേര്, എള്ളിൻപത്രം, മഞ്ഞൾ, കീഴാർനെല്ലി, ഗോമൂത്രം എന്നിവ കഷായം വെക്കുന്നതിൽ എള്ളെണ്ണചേർത്ത്, കൽക്കത്തിന് മരോട്ടിക്കുരു, ആവണക്കിൻകുരു, എള്ള്, തിപ്പലി, മുത്തങ്ങ, ചുക്ക്, മൂവില, പാത്രപാകം, തിരുവട്ടപ്പശ എന്നിവ ചേർക്കുക. തുടർന്ന് അരിച്ചുവെച്ചത് കുഷ്ഠം, വ്രണം, ഗോണോറിയ എന്നിവക്ക് ലേപനം, അഭ്യംഗം ചെയ്താൽ ശമനമുണ്ടാകും.

പേരാൽതൊലി, അരയാൽതൊലി, കല്ലാലിൻതൊലി, അത്തിതൊലി, ഇത്തിതൊലി, വെരുകിൻതൊലി, വേമ്പാടതൊലി എന്നിവ കഷായംവെച്ചതിൽ ഗോമൂത്രവും, മഞ്ഞൾനീരും സമമായി ചേർത്ത്, കൽക്കത്തിന് മഞ്ഞൾ, ചുക്ക്, മുളക്, തിപ്പലി, കടുക്ക, നെല്ലിക്ക, താന്നിക്കാത്തോട് എന്നിവ അരച്ചതിൽ വെണ്ണയും, നെയ്യും ചേർത്ത്

ഘൃതമുണ്ടാക്കി കഴിച്ചാൽ കുഷ്ഠം, വിസർപ്പം എന്നിവ ശമിക്കും.

പേരാൽ തൊലി, അരയാൽതൊലി, ഇത്തിതൊലി, അത്തിതൊലി, മഞ്ഞൾ, കൊന്നക്കുരു, തകരക്കുരു എന്നിവ മോരിൽ അരച്ച് പുറമെ പുരട്ടിയാൽ ചൊറി, ചിരങ്ങ്, കിടിഭം, ദുഷ്ടവ്രണം, നാഡീവ്രണം എന്നിവ മാറും.

പേരാലിലയുടെ നീര് വെണ്ണചേർത്ത് പുരട്ടിയാൽ കാലിൽ വെടിച്ചുകീറുന്നത് മാറും.

പേരാലിന്റെ തൊലി കത്തിച്ചതിന്റെ ഭസ്മവും, മനയോലയും, നൂറുഞ്ചിയും ചേർത്തരച്ച് ലേപമാക്കി പുരട്ടിയാൽ കുഴിനഖം മാറും.

പേരാൽതൊലി, അരയാൽതൊലി, അത്തിതൊലി, ഇത്തിതൊലി, ചെമ്പ്രാവളിക്കിഴങ്ങ്, നറുനീണ്ടിക്കിഴങ്ങ്, വിഴാലരി, തെറ്റി, കൂടകപ്പാലവേര്, രാമച്ചം, മുത്തങ്ങ, ഇരുവേലി, നന്ത്യാർവട്ടം, കരിനൊച്ചിവേര്, കമ്പിപ്പാല, നീർപ്പാല, ഉങ്ങ്, മഞ്ഞൾ, കടുക്, ആവണക്കിൻകുരു, ചാമ, വരക്, കടുക്ക, നെല്ലിക്ക, താന്നിക്ക എന്നിവ വറുത്തരച്ച് കുഴമ്പാക്കിയത് പുരട്ടിയാൽ പിടക, ചിലന്തിവീക്കം, വ്രണം എന്നിവ ശമിക്കും.

പേരാലിന്റെ വിത്ത് അരച്ച് പാലിൽ കഴിച്ചാൽ ലൈംഗികശേഷിയുണ്ടാകും.

പൂരം നക്ഷത്രം

പ്ലാശ്

ശാസ്ത്രനാമം	:	അബ്യൂട്ടിയ ഫ്രോൺഡോസ, ബ്യൂട്ടിയമോണോസെപ്ർമ.
കുടുംബം	:	ഫാബേസീയേ(പാപ്പിലിയോണേസിയെ).
കുലം	:	അപരാജിത.
ഇംഗ്ലീഷ് നാമം	:	ഫ്ളെയിം ഓഫ് ഫോറസ്റ്റ്, ബസ്റ്റാർഡ് ടീക്ക്.
സംസ്കൃതം	:	പലാശം, കിംശുകഃ, രക്തപുഷ്പകഃ, ക്ഷാരശ്രേഷ്ഠഃ, ബ്രഹ്മവൃക്ഷഃ,
മലയാളം	:	പ്ലാശ്, ചമത.
ഹിന്ദി	:	പലാശ.
തമിഴ്	:	പലാശം, ചമത, മർക്കംപൂ.
കന്നട	:	മുത്തഗമര.
ഗുജറാത്തി	:	ഘാസട്ടി.
ബംഗാളി	:	പലാശ്.

പൂരം നക്ഷത്രം തൊട്ടിൽകാലുപോലെ കാണപ്പെടുന്ന നക്ഷത്രമാണ്. വൃശ്ചികം രാശി നാല് നാഴികയിൽ ഉച്ചിയിലെത്തും. സ്ഥിതിനക്ഷത്രമാണ്. ദേവത ആര്യമാവാണ്. മനുഷ്യഗണമാണ്. സ്ത്രീയോനിയാണ്. അക്ഷരം ഇകാരമാണ്. മന്ത്രാക്ഷരം മകാരമാണ്. ഭൂതം ജലമാണ്. മൃഗം ചുണ്ടെലിയാണ്. പക്ഷി ചകോരമാണ്. വൃക്ഷം പ്ലാശാണ്.

പൂരം നക്ഷത്രത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'പ്രിവാഗ്ദാതാ ദ്യുതിമാനടനോ നൃപസേവകോ ഭാഗ്യേ'

പൂരം നക്ഷത്രത്തിൽ ജനിച്ചവൻ മധുരമായി സംസാരിക്കുന്നവനും, ദാനശീലനും, തേജസ്വിയുമായിരിക്കും. സഞ്ചാരപ്രിയനും, രാജസേവകനുമായിരിക്കും.

പൂരത്തിൽ ജനിച്ചവർ പൊതുവെ വളരെയേറെ ഓർമ്മശക്തിയുള്ളവരായിരിക്കും. സംഭാഷണചാതുര്യത്താൽ ആരേയും വശീകരിക്കുന്നവരായിരിക്കും. മേലുദ്യോഗസ്ഥന്മാരുടെ പ്രീതി വളരെവേഗത്തിൽ നേടിയെടുക്കും. സത്യസന്ധന്മാരും, വിവേകികളുമായ ഇവർ, സ്വജീവിതത്തിൽ വിജയശ്രീലാളിതരായിരിക്കും.

പൂരം നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾ പൊതുവെ മധുരമായി സംസാരിക്കുന്നവരായിരിക്കും. കലകളിലും, ശാസ്ത്രങ്ങളിലും അഭിരുചിയുള്ളവരായിരിക്കും. വസ്ത്രാലങ്കാരങ്ങളിൽ വളരെയേറെ ഭ്രമമു

ള്ളവരായിരിക്കും.

പൂരം നക്ഷത്രവൃക്ഷമായ പ്ലാശ് ഇന്ത്യയിൽ വനങ്ങളിലും, വളക്കൂറുള്ള മണൽപ്രദേശങ്ങളിലും, കുന്നിൻപുറങ്ങളിലുമെല്ലാം കണ്ടുവരുന്നു. മുപ്പതുമുതൽ അമ്പതടിവരെ ഉയരത്തിൽ വളരുന്ന ഇടത്തരം വൃക്ഷമാണ്.

പ്ലാശിന്റെ തടി വളഞ്ഞുപിരിഞ്ഞ് അനേകം ശാഖകളോടുകൂടിയതാണ് കാണപ്പെടുക. തൊലിയാകട്ടെ, വിള്ളലുകളോടുകൂടിയതും ചാരനിറത്തോടുകൂടിയതുമാണ്. മൂന്ന് ഇലകൾ ഒന്നിച്ചാണുണ്ടാവുക. അഗ്രത്തിലുള്ള ഇലക്ക് വലുപ്പം കൂടും. രണ്ടെണ്ണം പ്രായേണ ചെറുതായിരിക്കും. പത്രവൃന്ദം അരയടി നീളമുള്ളതാണ്. അവയുടെ ചുവട് തടിച്ചുകാണും. സാധാരണയായി ഇലകളില്ലാത്ത ശിഖിരങ്ങളാണ് പൂത്തുകാണുന്നത്. പൂക്കളിൽ ബാഹ്യദളപുടം തവിട്ടുനിറത്തോടുകൂടിയതും, വെൽവെറ്റുപോലെ മൃദുലവുമാണ്. അകവശം വെളുത്ത് മാർദ്ദവമുള്ളതാണ്. പൂക്കൾക്ക് സാധാരണ അഞ്ച് ദളങ്ങൾ കാണാം. ദളങ്ങൾക്ക് കടുംചുകപ്പുനിറമാണ്. പത്ത് കേസരങ്ങളിൽ ഒമ്പതെണ്ണം ചേർന്നും, ഒരെണ്ണം സ്വതന്ത്രമായും കാണും. കായ്പോഡ് ഒരിഞ്ചുമുതൽ രണ്ടിഞ്ചുവരെ വീതിയുള്ളതും, നാലിഞ്ചുമുതൽ ആറിഞ്ചുവരെ നീളമുള്ളതുമാണ്. ഒരു തോഡിൽ ഒരു വിത്തുമാത്രമാണുണ്ടാവുക. വിത്തുകൾ നട്ടുമുളപ്പിച്ചാണ് വളർത്തുന്നത്.

പ്ലാശിന്റെ പൂവ്, കായ, മരത്തിന്റെ തൊലി, പശ, ഇല എന്നിവയെല്ലാം ഔഷധങ്ങളായി ഉപയോഗിക്കുന്നു.

പ്ലാശിന്റെ തൊലിയിൽ അഞ്ചുശതമാനം വരെ ഗാലിക് അമ്ലമുണ്ട്. ഇത് കായയിലുമുണ്ട്. വിത്തിൽ ആൽബുമിനോയിഡും, കൃമിഹരമായ പലാസോനിൽ എന്ന ഘടകവുമുണ്ട്. വിത്തുകൾ ആട്ടിയാൽ എണ്ണ കിട്ടും. വിത്തിൽനിന്നും കുഴിത്തൈലമായി എണ്ണയെടുക്കുന്നതാണ് പഴയ രീതി. അങ്ങനെ ഇരുപതുശതമാനം വരെ എണ്ണ കിട്ടും. വിത്തിൽ റസിനുണ്ട്. പ്രോട്ടിയാലിറ്റിക് എൻസൈമുകളുണ്ട്. പ്ലാശിൻ കറയിൽ കൈനോട്ടാനിക് അമ്ലവും, ഗാലിക് അമ്ലവുമുണ്ട്. പ്ലാശിൻപൂവിൽ ബ്യൂട്രിൻ, ബ്യൂട്ടീൻ തുടങ്ങിയ ഗ്ലൂക്കോസൈഡുകളുണ്ട്.

'പ്രിയനിഘണ്ടു' പറയുന്നു:

'പാശസ്ത്രിപണോ ഭവേത് രക്തപുഷ്പോ
വനേ കിംശുകോ യജ്ഞിയോ ബ്രഹ്മവൃക്ഷഃ
കഷായം പരം ഗ്രാഹി പുഷ്പം സുരഭ്യം'.

പ്ലാശ് മൂന്ന് പത്രങ്ങളോടുകൂടിയതും, ചുകന്ന പുഷ്പമുള്ളതും, വനത്തിൽ കാണപ്പെടുന്നതുമാണ്. കിംശുകം, യജ്ഞീയം, ബ്രഹ്മവൃ

ക്ഷം എന്നിവ പ്ലാശിന്റെ പര്യായപദങ്ങളാണ്. പ്ലാശിൻപൂവ് കഷായവും, ഗ്രാഹ്യവുമാണ്. പ്ലാശിന്റെ ബീജം പർപ്പടാകൃതിയിലുള്ളതും, ഉത്തമമായ കൃമിനാശകവുമാണ്.

'രാജനിഘണ്ടു' പറയുന്നു:

'പലാശസ്തു കഷായോഷ്ണഃ ക്രിമിദോഷ വിനാശനഃ
തദ്ബീജം പാമകണ്ഡുതി ദദ്രുത്വഗ്ദോഷനാശകൃത്
തസ്യ പുഷ്പശ്ചസോഷ്ണം ച കണ്ഡുകുഷ്ഠാർത്തിനാശനം
രക്തഃ പീതഃ സിതോ നീലഃ കുസുമൈസ്തു വിഭജ്യതേ
കിംശുകൈർഗുണസാമ്യേപി സിതോ വിജ്ഞാനദഃ സ്മൃതഃ'.

പ്ലാശ് കഷായരസയുക്തവും, ഉഷ്ണവീര്യവും, കൃമിനാശകവുമാണ്. പ്ലാശിന്റെ ബീജം ചർമ്മരോഗങ്ങളെ മാറ്റുന്നതാണ്. പുഷ്പം ഉഷ്ണവീര്യമാണ്. ചൊറി, കുഷ്ഠം എന്നിവയെ ശമിപ്പിക്കുന്നതാണ്. രക്തപുഷ്പം, പീതപുഷ്പം, സിതപുഷ്പം, നീലപുഷ്പം എന്നിങ്ങനെ പ്ലാശ് നാലുതരമുണ്ട്. ഇതിന്റെയെല്ലാം ഗുണം സമാനമാണെങ്കിലും, വെളുത്ത പൂക്കളുള്ളതാണ് ഉപയോഗപ്രദമായിട്ടുള്ളത്.

'മദനപാലനിഘണ്ടു' പറയുന്നു:

'പലാശഃ കിംശുകഃ കിർമീ യാജ്ഞികോബ്രഹ്മപാദപഃ
ക്ഷീരം ശ്രേഷ്ഠോ രക്തപുഷ്പഃ ത്രിവൃതഃ സമിദുത്തമഃ'.

പലാശം, കിശുകം, കിർമി, യാജ്ഞികം, ബ്രഹ്മപാദപം, ക്ഷീരശ്രേഷ്ഠം, രക്തപുഷ്പം, ത്രിവൃത, സമിത്, ഉത്തമം എന്നിവ പ്ലാശിന്റെ പര്യായപദങ്ങളാണ്.

'മദനപാലനിഘണ്ടു' പറയുന്നു:

'പലാശോ ദീപനീ വൃഷ്യഃ സരോഷ്ണോ വ്രണഗുൽമജിത്
ഭഗ്നസന്ധാനകൃദ്ദോഷ ഗ്രഹണ്യർശഃ ക്രിമീൻ ഹരേത്'.

പ്ലാശ് അഗ്നിദീപനമുണ്ടാക്കുന്നതാണ്. ധാതുക്കളെ പുഷ്ടമാക്കുന്നതും, സരവുമാണ്. ഉഷ്ണവീര്യമുള്ള പ്ലാശ് വ്രണത്തിനും, ഗുൽമത്തിനും ഉത്തമമാണ്. അസ്ഥിസന്ധാനകരിണിയാണ്. ഗ്രഹണി, അർശസ്സ്, കൃമി എന്നിവ ഇല്ലാതാക്കുന്നതാണ്.

'തത് പുഷ്പം കഫപിത്താസ്രകൃച്ഛ്റജിത് ഗ്രാഹി ശീതളം
ഫലം ലഘൂഷ്ണം മേഹാർശഃ കൃമി ദുഷ്ടകഫാപഹം'.

പ്ലാശിന്റെ പുഷ്പം കഫം, പിത്തരക്തം, മൂത്രകൃച്ഛ്റം എന്നിവയെ ശമിപ്പിക്കുന്നതാണ്. ഗ്രാഹിയും, ശീതളവുമാണ്. വിത്ത് മൃദുവും, ഉഷ്ണവുമാണ്. പ്രമേഹം, അർശസ്സ്, കൃമി, ദുഷ്ടകഫം എന്നിവ ഇല്ലാതാക്കുന്നതാണ്.

'സോഡലനിഘണ്ടു' പറയുന്നു:
'കിംശുകേ വാതപാഥോഥയാജ്ഞികഃ
ക്ഷാരശ്രേഷ്ഠഃ പലാശശ്ച ബീജസ്നേഹഃ സമിദ്ധരഃ
ബ്രഹ്മവൃക്ഷസ്ത്രിപത്രശ്ച കൃമിഘ്നോ വക്രപുഷ്പകഃ'.

കിംശുകം, വാതപോഥം, രക്തപുഷ്പം, യാജ്ഞികം, ക്ഷാരശ്രേഷ്ഠം, പലാശം, ബീജസ്നേഹം, സമിദ്ധരം, ബ്രഹ്മവൃക്ഷം, ത്രിപത്രം, കൃമിഘ്നം, വക്രപുഷ്പം എന്നിവ പ്ലാശിന്റെ പര്യായപദങ്ങളാണ്.

'സരസ്വതിനിഘണ്ടു' പറയുന്നു:
'പലാശോ ദ്വിജവൃക്ഷശ്ച ബ്രഹ്മവൃക്ഷസ്ത്രിപത്രികഃ
യാജ്ഞികോ വാതപോഥശ്ച കിംശുകേ രക്തപുഷ്പകഃ'.

പലാശം, ദ്വിജവൃക്ഷം, ബ്രഹ്മവൃക്ഷം, ത്രിപത്രകം, യാജ്ഞികം, വാതപോഥം, കിംശുകം, രക്തപുഷ്പകം എന്നിവ പ്ലാശിന്റെ പര്യായപദങ്ങളാണ്.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
കിശുകോവാതപോഥശ്ച രക്തപോഥ യാജ്ഞികഃ
ത്രിപർണ്ണോ രക്തപുഷ്പശ്ച പൂതദുർബഹ്മവൃക്ഷകഃ
ക്ഷാരശ്രേഷ്ഠഃ പലാശശ്ച ബീജസ്നേഹഃ സമിദ്ധരഃ
ക്ഷാരശ്രേഷ്ഠഃ കൃമിഘ്നശ്ച സംഗ്രാഹിദീപനഃ സരഃ
പ്ലീഹഗുല്മഗ്രഹണ്യർശോവാതശ്ലേഷ്മവിനാശനഃ
കിംശുക സ്യാപികുസുമം സുഗന്ധിം മധുരം ചയത്
ബീജം കടുകം സ്നിഗ്ധമുഷ്ണം കൃമിവലാസജിത്'.

വാതപോഥം, രക്തപുഷ്പം, യാജ്ഞികം, ത്രിപർണ്ണം, ബ്രഹ്മവൃക്ഷം, പൂതദ്രുമം, ക്ഷാരശ്രേഷ്ഠം, പലാശം, ബീജസ്നേഹം, സമിദ്ധരം എന്നിവ പ്ലാശിന്റെ പര്യായപദങ്ങളാണ്. പ്ലാശ് കൃമിഹരമാണ്. സംഗ്രാഹിയും, അഗ്നിദീപകവും, സാരകവുമാണ്. പ്ലീഹ, ഗുൽമം, ഗ്രഹണി, അർശസ്സ്, വാതം, കഫം എന്നിവയെ ഇല്ലാതാക്കുന്നതാണ്. പ്ലാശ പുഷ്പം സുഗന്ധവും, മധുരവുമാണ്. പ്ലാശ ബീജം എരിവുള്ളതും, സ്നിഗ്ധവും, ഉഷ്ണവീര്യവുമാണ്. കൃമിനാശകവും, കഫനാശകവുമാണ്.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:
'പലാശഃ കിംശുകഃ പർണോ യജ്ഞിയോ രക്തപുഷ്പകഃ
ക്ഷാരശ്രേഷ്ഠോവാതഹരോ ബ്രഹ്മവൃക്ഷഃ സമിദ്ധരഃ
പലശോദീപനോവൃഷ്യഃ സരോഷ്ണോ വ്രണഗുൽമജിത്
ഭഗ്നസന്ധാനകൃദ് ദോഷഗ്രഹണ്യർശഃ കൃമീൻഹരേത്
കഷായ കടുകസ്തിക്തഃ സ്നിഗ്ധോ ഗുദജരോഗജിത്'.

പലാശഃ, കിംശുകഃ, പർണ്ണം, യജ്ഞിയം, രക്തപുഷ്പകം, ക്ഷാരശ്രേഷ്ഠം, വാതപോഥം, ബ്രഹ്മവൃക്ഷം, സമിദ്ധരം എന്നിവ പര്യായപദങ്ങളാണ്. പ്ലാശ് കഷായകടുതിക്തരസയുക്തമാണ്. അഗ്നിദീപകമാണ്. വൃഷ്യവും, സാരകവും, ഉഷ്ണവുമാണ്. അസ്ഥിസന്ധാനകരവും, സ്നിഗ്ധവുമാണ്. വ്രണം, ഗുല്മം, വാതാധികദോഷം, ഗ്രഹണി, അർശസ്സ്, കൃമി, ഗുദത്തിലുണ്ടാകുന്ന രോഗങ്ങൾ എന്നിവക്ക് ഉത്തമമാണ്.

'ഭാവപ്രകാശം നിഘണ്ടു' ഗുണത്തെ പറയുന്നു
'തത് പുഷ്പം സ്വാദുപാകേ തു കടുതിക്തം കഷായകം
വാതളം കഫപിത്താസ്രകൃച്ഛ്റജിത് ഗ്രാഹി ശീതളം
തൃട്ദാഹശമകം വാതരക്തകുഷ്ഠഹരം പരം
ഫലം ലഘൂഷ്ണമേഹാർശഃ കൃമിവാതകഫാപഹം
വിപാകേ കടുകം രൂക്ഷം കുഷ്ഠം ഗുൽമോദരപ്രണുത്'.

പ്ലാശിന്റെ പുഷ്പം സ്വാദിഷ്ടവും, തിക്തവും, കഷായരസയുക്തവുമാണ്. വിപാകത്തിൽ കടുരസയുക്തവുമാണ്. പ്ലാശ് കുഷ്ഠഹരവും, വാതജനകവുമാണ്. കഫം, പിത്തം, രക്തവികാരം, മൂത്രകൃച്ഛ്റം എന്നിവയെ ഇല്ലാതാക്കുന്നതാണ്. തൃഷ്ണ, ദാഹം എന്നിവയെ ശമിപ്പിക്കുന്നതാണ്. വാതരക്തത്തിന് ഉത്തമമാണ്. പ്ലാശിന്റെ കായ ലഘുവും, ഉഷ്ണവുമാണ്. വിപാകത്തിൽ കടുരസയുക്തവും, രൂക്ഷവുമാണ്. പ്ലാശ് പ്രമേഹം, അർശസ്സ്, കൃമി, വാതം, കുഷ്ഠം, ഗുൽമം, ഉദരരോഗം എന്നിവ ഇല്ലാതാക്കുന്നതാണ്.

'പ്രശസ്താനിപലാശാനി പത്രാണിസതി അസ്യ ഇതി'

പ്ലാശിന്റെ ഇലകൾ സുന്ദരവും, ഉപയോഗിയുമായതുകൊണ്ടാണ് പലാശമെന്ന് വിളിക്കുന്നത്.

'സോഢലനിഘണ്ടു' പറയുന്നു:
'പലാശമൂലസ്വരസോ നേത്രച്ഛരായാന്ധ്യ പുഷ്പജിത്
തദ്രക്തമപി തദ്വച്ച പുഷ്പം ബകുളപുഷ്പവത്
തദ് ബീജം കൃമിവിധ്വംസി കാണ്ഡോരസായനേ ഹിതഃ'.

പ്ലാശിന്റെ മൂലസ്വരസം നേത്രരോഗങ്ങൾക്കും, ആന്ധ്യത്തിനും, നേത്രപുഷ്പത്തിനും ഉത്തമമാണ്. പ്ലാശബീജം കൃമിവിധ്വംസകമാണ്. പ്ലാശകാണ്ഡം രസായനഹിതമാണ്.

'കൈഡര്യാദി നിഘണ്ടു' പറയുന്നു:
'പലാശസ്തുവരസ്തിക്തഃ സ്നിഗ്ധോഷ്ണോ ദീപനഃ കടുഃ
സരഃ സന്ധാനകൃത് വൃഷ്യോ ജയേദ് ദോഷവ്രണകൃമീൻ
ഗ്രഹണീഗുൽമഗുദജാൻ തത് പുഷ്പം സ്വദു തിക്തകം

തൃട്ദാഹകഫപിത്താസ്രകുഷ്ഠഹൃദ് ഫലമസ്യ ച
കഷായം കടുകം പാകേ വാതളം ഗ്രാഹി ശീതളം
രൂക്ഷം വിപാകേ കടുകം ലഘൂഷ്ണം കഫവാതജിത്
കുഷ്ഠ ഗുൽമോദരപ്ലീഹാമേഹാർശ കൃമിശൂലനുത്
കിംശുകസ്യ പ്രവാളം തു കൃമിവാതഹരംപരം'.

'നിഘണ്ടു രത്നാകരം' പറയുന്നു:
'ഉഷ്ണഃ പലാശസ്തുവരോ വൃഷ്യോദീപ്തികരഃ സരഃ
തിക്തഃ സ്നിഗ്ധോ ഗ്രാഹകശ്ച ഭഗ്നസന്ധാനകാരകഃ
വ്രണഗുല്മകൃമി പ്ലീഹാസംഗ്രഹണ്യർശഃ വാതഹാ
കഫം യോനിരുജം പിത്തം നാശയേദിതികീർത്തിതം
പുഷ്പഭേദാദയം രക്തപിത്തശുഭ്രകനീലകാഃ
പുഷ്പാണി സ്വാദുതിക്താദി ഉഷ്ണാനി തുവരാണി ച
വാതളാനി ഗ്രാഹകാണി ശീതളാന്യൂഷണാനി ച
തൃഷദാഹപിത്തകഫാദ് രക്തദോഷം ച കുഷ്ഠകം
മൂത്രകൃച്ഛ്റം ഘാതയന്തി ഫലം രൂക്ഷം ലഘുസ്മൃതം
ഉഷ്ണം ച കടുകംപാകേ കഫവാതോദരകൃമീൻ
കുഷ്ഠഗുൽമപ്രമേഹാർശഃ ശൂലാനാം ചൈവനാശകം
ഫലബീജം ച സ്നിഗ്ധോഷ്ണം കടു കൃമികഫാൽ ജയേത്
നൂതനാഃ പല്ലവാശ്ചാസ്യ കൃമിവാതവിനാശകാഃ'.
'പലാശസംഭവാൽ ബീജാൽ കിംപാകം കനകപ്രദം
കപോതാരണ്യജം വിഷ്ടം പ്രതോകം ഷട്കകർഷകം
ലവംഗാകാരകരഭൗ ചോളഞ്ച കർഷസമ്മിതം
അജദുഗ്ധേപേക്ഷയിത്വാ ശോഷ്യതൈലഞ്ചപാതയേത്
പൂർവ്വോക്തേന വിധാനേന ശിശ്നവൃഷ്ട വിലേപയേത്
വിംശൈകദിവസൈർരോഗാൽ മുച്യതേ ഹസ്തസംഭവാത്.'

പ്ലാശിൻകുരു, കാഞ്ഞിരക്കുരു, നീലയുമ്മത്തിൻകുരു, കാട്ടുമാട പ്രാവിൻമലം എന്നിവ പതിനെട്ട് കഴഞ്ചുവീതവും, ഗ്രാമ്പൂ, അക്രാവ്, ചോളം എന്നിവ മൂന്ന് കഴഞ്ചുവീതവുമെടുത്ത് പൊടിച്ചത്, ആട്ടിൻപാലിൽ ഭാവനചെയ്ത് ഉണക്കിയെടുത്ത് കുഴിതൈലമെടുക്കുക. ഈ തൈലം ലിംഗത്തിൽ അഗ്രഭാഗമൊഴിച്ചുള്ള ഭാഗത്തുപുരട്ടി വെറ്റില കൊണ്ട് പൊതിഞ്ഞു കെട്ടുക. ഇങ്ങനെ ഇരുപത്തിയെന്ന് ദിവസം ചെയ്താൽ ലിംഗദോഷങ്ങളെല്ലാം മാറും.

പ്ലാശിന്റെ പശ ബന്ധനഗുണമുള്ളതാണെങ്കിലും ശക്തികുറഞ്ഞതാണ്. ഇത് ബലക്ഷയമുള്ള സ്ത്രീകൾക്കും, കുട്ടികൾക്കും ഔഷധമായി കൊടുക്കാൻ നല്ലതാണ്. പത്ത് ഗ്രയിൻമുതൽ മുപ്പത് ഗ്രയിൻ വരെ പ്ലാളിൻപശ പൊടിച്ചെടുത്തതും, അതിന് സമമായി ഇലവംഗം

പൊടിച്ചതും ചേർത്താണ് കൊടുക്കേണ്ടത്. ആയുർവേദൗഷധങ്ങളിൽ കറുപ്പ് ഉപയോഗിക്കുന്നതിന് നിരോധനമില്ലാതിരുന്ന കാലത്ത്, ഇതിനോടൊപ്പം അൽപ്പം കറുപ്പും ചേർക്കാറുണ്ട്. ഇത് വളരെ ഫലപ്രദമായ ഔഷധയോഗമാണ്.

പ്ലാശിന്റെ ഇല ഇടിച്ചുപിഴിഞ്ഞ നീര് പത്ത് എം.എൽ വീതം കഴിച്ചാൽ ക്ഷയം, രക്തം ഛർദ്ദിക്കുക എന്നിവക്ക് നല്ലതാണ്.

പ്ലാശിന്റെ ഇലയരച്ചത് വ്രണങ്ങൾക്ക് പോൾട്ടീസ് വെച്ചാൽ വേഗം ഉണങ്ങും.

പ്ലാശില അരച്ചത് തൊണ്ടവേദനക്ക് പുരട്ടുവാൻ നല്ലതാണ്.

പ്ലാശിലയുടെ സ്വരസം ഗ്രഹണിയും, വയറിളക്കവുമുണ്ടായാൽ കൊടുക്കാൻ നല്ലതാണ്.

ജ്വരത്തിന് പ്ലാശില അരച്ചുപിഴിഞ്ഞ നീര് കഴിച്ചാൽ മതി.

പ്ലാശിന്റെ പശ ബന്ധനൗഷധമായി ബാഹ്യമായി പുരട്ടാൻ ഉപയോഗിക്കാറുണ്ട്. പശയിൽ കല്ലുപ്പ് ചേർത്ത് ഉപയോഗിക്കുന്നതാണ് ഉത്തമം. ഇതേ ഔഷധം കണ്ണിലെ കൃഷ്ണമണിയെ സംബന്ധിക്കുന്ന രോഗങ്ങൾക്കും, കണ്ണിലെ വെളുപ്പിനും നല്ലതാണ്.

പ്ലാശിന്റെ കുരു കൃമിനാശകമെന്നനിലയിൽ ഉപയോഗിക്കാം. കുരു വെള്ളത്തിൽ കുതിർത്ത്, തൊണ്ടുകളഞ്ഞ് ഉണക്കി പൊടിക്കണം. ഇത് ഇരുപതുഗ്രെയിൻ വീതം മൂന്നുദിവസം മൂന്ന് നേരം കൊടുത്ത്, നാലാം ദിവസം ആവണക്കെണ്ണ കൊടുത്താൽ വയറിളകിപ്പോയി, വിരകൾ മുഴുവൻ പുറത്തുപോകും. എന്നാൽ, പ്ലാശിന്റെ കുരു ചില നക്ഷത്രക്കാർ തൊട്ടുരിയാടി പറിച്ചെടുത്ത് അശ്രദ്ധമായി ഉപയോഗിച്ചാൽ വിരകൾ പുറത്തുപോകാറില്ലെന്നും കാണാറുണ്ട്. അങ്ങനെ, ചിലപ്പോൾ വിരകൾ പുറത്തുപോവുകയും, പോകാതിരിക്കുകയും ചെയ്യുന്നതുകൊണ്ടുതന്നെ പ്ലാശിൻകായയുടെ കൃമിഘ്നഗുണത്തെക്കുറിച്ച് ആയുർവേദാഭിജ്ഞന്മാർക്കിടയിൽ തർക്കമുണ്ട്. അതേസമയം പ്ലാശിൻകായ ഉപയോഗിക്കുമ്പോൾ ചിലരിൽ ഛർദ്ദിയും, കരൾവീക്കവും വരുന്നതായി കാണാറുണ്ട്. അതുകൊണ്ട് ശ്രദ്ധിച്ചുവേണം, ഇതുപയോഗിക്കാൻ. എന്നുമാത്രമല്ല, വിരകൾ മുഴുവൻ പോയാലും ഇല്ലെങ്കിലും, പ്ലാശിൻകായ ഉപയോഗിച്ചാൽ മൂന്ന് ദിവസമെങ്കിലും, നിലമ്പരണ്ട ചതച്ച് കിഴികെട്ടിയിട്ട് കഞ്ഞിവെച്ച് കുടിക്കണം. ഇത് കരൾവീക്കത്തെ തടഞ്ഞുനിർത്താനാണ്.

വയറിലെ കൃമികളെ പുറത്തുകളയാനുള്ള വിരേചനൗഷധമായി പ്ലാശിൻകുരു അരച്ചതിൽ തേൻചേർത്ത് കൊടുക്കാമെന്ന് 'ഭാവപ്രകാ

ശം നിഘണ്ടു'വിലും, 'ശാർഗ്ധരസംഹിത'യിലും പറയുന്നുണ്ട്.

പ്ലാശിൻകുരു ചെറുനാരങ്ങാനീരിൽ അരച്ചത് ചുണങ്ങിന് പുരട്ടിയാൽ അത് പൊള്ളിയില്ലാതാകും. ഇതേ മരുന്ന് കക്ഷ്യയിൽ(Herpes) പുരട്ടുവാനും ഉത്തമൗഷധമാണ്.

പുഴുക്കടി, ഗുദകുട്ടകം, കാലുകളുടെ ഇടകളിലുണ്ടാകുന്ന ഫംഗസ്സ് എന്നിവക്ക് പ്ലാശിൻകുരു ചെറുനാരങ്ങാനീരിൽ അരച്ചോ, പപ്പായക്കറയിൽ അരച്ചോ പുരട്ടിയാൽ വേഗം മാറും. പപ്പായക്കറ ചേർത്ത് അരച്ചത് പുരട്ടുന്നവർ, നല്ല മനസ്സൈഥര്യമുള്ളവരായിരിക്കണം. കാരണം, കാലിടകളിലെ അണുകൃമികൾ നശിക്കുമ്പോഴുണ്ടാകുന്ന വേദന എല്ലാവർക്കും സഹിക്കാവുന്നതല്ലത്രെ.

പ്ലാശിൻപുഷ്പം രക്തശുദ്ധീകരണവും, ബന്ധനഗുണവുമുള്ളൊരു ഔഷധമാണ്.

പ്ലാശിൻപൂക്കൾ മൂത്രവർദ്ധകവും, കാമോദ്ദീപകവുമാണ്. പൂക്കളരച്ച് പോൾട്ടീസായിവെച്ചാൽ നീര് ശമിക്കും. ആർത്തവകാലത്തെ രക്തംപോക്കിനും നല്ലതാണ്.

ഗർഭിണികൾക്ക് വയറിളക്കമുണ്ടായാൽ പ്ലാശിൻപൂക്കൾ അരച്ചത് കഴിച്ചാൽ നല്ലതാണ്.

പ്ലാശിൻപൂവ് അരച്ചുപുരട്ടിയാൽ വൃഷണവീക്ക(Hydroscle)ത്തിന് ഫലപ്രദമാണ്.

ലൈംഗികമായ മരവിപ്പുള്ളവർക്ക് പ്ലാശിൻപൂവ് അരച്ചുകൊടുത്താൽ വൈകാരികമായ ഉത്തേജനമുണ്ടാകും. കാമകലയിൽ പ്ലാശിൻപൂവും, ഇലയും പലതരം ഔഷധയോഗങ്ങളിൽ പഴയ കാലം മുതൽ ഉപയോഗിക്കാറുണ്ട്.

പ്ലാശിന്റെ ഇല സുഖവർദ്ധകവും, ബന്ധനഗുണവുമുള്ളതാണ്.

പ്ലാശില കുരുക്കളിൽ അരച്ചുപുരട്ടിയാൽ വേഗം വറ്റിപോകും.

പ്ലാശില മുഖക്കുരുവിന് അരച്ചുപുരട്ടാറുണ്ട്.

പ്ലാശില അരച്ചുപിഴിഞ്ഞ നീര് ആന്ത്രവായു സംബന്ധിച്ച വയറുവേദനക്ക് നല്ലതാണ്.

മൂലക്കുരുവിന് പ്ലാശില അരിഞ്ഞ് ഉപ്പേരി(തോരൻ)വെച്ച് കഴിക്കാറുണ്ട്.

വിഷവൈദ്യന്മാർ പ്ലാശിൻതൊലിയും, ഇഞ്ചിയും അരച്ചത് ഗുളികകളായി ഉരുട്ടിവെച്ചത് സർപ്പദംശനത്തിന് ഉപയോഗിക്കാറുണ്ട്.

പ്ലാശിൻകുരു, പ്ലാശിൻ തൊലി, കഴമ്പ് എന്നിവ കൃമിനാശകമാണ്, കൊച്ചുകുട്ടികൾക്കാണെങ്കിൽ അഞ്ചുവയസ്സിൽ താഴെയുള്ളവർക്ക് നാലുഗ്രയിൻ വരെ ഇത് കൊടുക്കാം.

ആയുർവേദമനുസരിച്ച് പ്രമേഹം തുടങ്ങിയ ഒട്ടേറെ രോഗങ്ങളിൽ വേങ്ങക്കാതലിന്റെ കറ ഉപയോഗിക്കാറുണ്ട്. അത് കിട്ടാതെവന്നാൽ പ്ലാശിന്റെ നീരാണ് ഉപയോഗിക്കുക. പ്ലാശിൻനീര് പക്ഷെ, വേങ്ങക്കാതലിന്റെ കറയെ അപേക്ഷിച്ച് അധികമാത്രയിൽ ഉപയോഗിക്കേണ്ടി വരും.

പ്ലാശിൻതൊലി, പവിഴമല്ലിവേര്, താതിരിവേര്, തകരക്കുരു, കരിംജീരകം എന്നിവ സമമായി അരച്ചതിൽ കാക്കത്തൊണ്ടി തണ്ടിന്റെ നീര് ചേർത്ത് ഗോമൂത്രത്തിൽ അരച്ചത് കഴിച്ചാൽ എല്ലാതരം രക്തവികാരങ്ങളും ശമിക്കും. ഇതേ ഔഷധം അരിവാൾരോഗ(Sicklecell Anaemia)ത്തിനും, ഹീമോഫീലിയക്കും ഉത്തമമാണ്.

പ്ലാശിൻതൊലി കഷായംവെച്ചത് കഴിച്ചാൽ ആർത്തവമുണ്ടാകും.

പ്ലാശിന്റെ പൂവ് കുത്തിപ്പിഴിഞ്ഞ നീര് ഗർഭനിരോധനത്തിനായി ആർത്തവസമയത്ത് കഴിച്ചാൽ മതി.

ഗൊണേറിയ, സിഫിലിസ് തുടങ്ങിയ രോഗങ്ങൾ ശുക്ലധാതുവിനെ ബാധിക്കുന്നവയും, അതിനാൽ ശുക്ലം ഗർഭോദ്പാദനത്തിന് സമർത്ഥമല്ലാതാവുകയും ചെയ്യും. അപ്പോൾ പ്ലാശിൻതൊലി കഷായംവെച്ചത് കഴിച്ചാൽ നല്ലതാണ്.

'പലാശഭസിതം തൈലം വന്നീനീരുമൗവണ്ണമേ
ഗുന്മശൂല വിനാശായ പായയെദതി ശോഭനം'.

പ്ലാശിൻതൊലി കത്തിച്ചുണ്ടാക്കിയ ക്ഷാരം തൈലംചേർത്ത് കഴിച്ചാൽ ഗുന്മം ശമിക്കും.

'മുന്നാഴിനീരൊരുപലം പ്ലാശിൻവേരുമിട്ടുടൻ പചിച്ചു
മൂഴക്കായികൊണ്ടു നാളികേരപയോയുതം ഉഴക്കാഴ
ക്കോരോനാളിൽ അതിരേണ്ഡതൈലവും തൂളിച്ചു
മൂന്നുനാൾ പിബേൽ ശൂല വ്യപോഹതി'.

ഒരു പലം പ്ലാശിൻവേര് ചതച്ചത്, മൂന്നുനാഴി(പന്ത്രണ്ട് പലം)വെള്ളത്തിൽ വെന്ത് മൂന്ന് പലമാക്കിയതിൽ, മൂന്ന് പലം തേങ്ങാപ്പാൽ ചേർത്ത് വറ്റിച്ച് ഒന്നര പലമാക്കുക. ഇതിൽ 'ഏരണ്ഡതൈലം' ചേർത്ത് മൂന്നുദിവസം കഴിച്ചാൽ ശൂല ശമിക്കും.

'പൂവാങ്കുറുന്തില മുയൽച്ചെവി വിഷ്ണുപതതി

പലാശവൽക പൂമരുംകടലാടിതാനും
നേരെപൊടിച്ചു ഭസിതേന കലർന്നു തേച്ചാൽ ആറും
പെരുത്ത വിഷമജ്വരമഞ്ചുനാളിൽ'.

പ്ലാശിൻതൊലി, പൂവാങ്കുറുന്തില, മുയൽചെവിയൻ, വിഷ്ണുക്രാന്തി, പൂമരം(പൂവരശ്), കടലാടി എന്നിവ ഭസ്മമാക്കിയത് ശരീരത്തിൽ പൂശിയാൽ വിഷമജ്വരം അഞ്ചുനാൾകൊണ്ട് മാറും.

'മഹതപ്പഞ്ചമസ്യകഷായേ പനതൻകുല പലാശം കള്ളിയും
പിന്നെ കടലാടി പുളിഞ്ഞാലി ഇവയിട്ടുദഹിച്ചുള്ളതിരു
നിറുസഹപിബേത് ഒഴിയും
ശൂലനോവന്നൊഴിയാത്തതുമക്ഷണാത്'.

പ്ലാശ്, പനയുടെ പുഷ്പവൃന്ദം, കള്ളി, കടലാടി, പുളിന്തൊലി എന്നിവയൊന്നിച്ച് ചുട്ടെടുത്ത ക്ഷാരം കുമിഴിൻവേര്, കൂവളവേര്, പയ്യാനവേര്, പാതിരിവേര്, മുഞ്ഞവേര് എന്നിവ കഷായംവെച്ചതിൽ ചേർത്തുകഴിച്ചാൽ എല്ലാതരം ശൂലയും ശമിക്കും.

പ്ലാശിൻതൊലിയും, ബാർലിയും ചേർത്തരച്ചതിൽ നെയ്യുചേർത്ത് പുരട്ടിയാൽ വ്രണം ഉണങ്ങും.

പ്ലാശിൻകറയും, അമുക്കുരവും ചേർത്തുകഴിച്ചാൽ ശുക്ലവർദ്ധകത്തിന് നല്ലതാണ്.

പ്ലാശിൻകറയും, കുറുന്തോട്ടിവേരും പാൽകഷായംവെച്ച് കഴിച്ചാൽ നാഡീതളർച്ച മാറും.

പ്ലാശിൻകറയും, ആവണക്കെണ്ണയും ചേർത്തുകഴിച്ചാൽ ദഹനക്കേട് മാറും.

പ്ലാശിൻകറയും, ഗ്രാംമ്പും ചേർത്തുകഴിച്ചാൽ അതിസാരം മാറും.

പ്ലാശിൻതൊലി അറുപതുഗ്രാം, പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിച്ചാൽ ശ്വേതപ്രദരം, രക്തപ്രദരം എന്നിവ മാറും.

പ്ലാശ്, വേങ്ങ, ദേവതാരം, താമര എന്നിവ ദേവോദ്യാനങ്ങളിൽ ഒഴിവാക്കാൻ പാടില്ലാത്തതാണെന്നും, അതുപോലെ മംഗളകരമായ ഈ വൃക്ഷങ്ങൾ ധാരാളമായി നട്ടുപിടിപ്പിക്കണമെന്നും, 'വിഷ്ണുധർമ്മോത്തരപുരാണം' പറയുന്നുണ്ട്.

വരാഹമിഹിരന്റെ 'ബൃഹത് സംഹിത' പറയുന്നു:
'യദി ഭവതി കർണ്ണികാരഃ
സിത കുസുമഃ സ്യാത് പലാശവൃക്ഷോ വാ

സവ്യേത തത്ര ഹസ്ത-
ദ്വയേം ബു പുരുഷദ്വയേ ഭവതിം'.

പ്ലാശോ, കൊന്നയോ വെള്ളപ്പൂക്കളോടുകൂടി കാണപ്പെട്ടാൽ, അവയുടെ രണ്ട് മുഴം ഇടതുവശത്തായി രണ്ടാൾ ആഴത്തിൽ വെള്ളമുണ്ടാകും, അവിടെ കിണർ കുഴിച്ചാൽ യഥേഷ്ടം വെള്ളം കിട്ടും.

'സ പലാശഃ യത്ര ശമീ പശ്ചിമഭാഗേം ബുമാനവൈഃ ഷഷ്ട്യാ
അർദ്ധനരേഹിഃ പ്രഥമം സവാലുകാ പീതമൃത് പരതഃ'

പ്ലാശിനോടൊപ്പം വഞ്ചിമരവും, അരയാലും ലക്ഷണമായി അതിനുതാഴെ, ആദ്യം പാമ്പിനെയും, അതിനപ്പുറത്ത് ചരലുകൾ കലർന്ന മണ്ണും കണ്ടാൽ അതിന്റെ പടിഞ്ഞാറുഭാഗത്ത് അറുപതാൾ ആഴത്തിൽ വെള്ളമുണ്ടാകും.

'ഭേദം യദാനൈതി ശിലാ തദാനീം
പലാശകാഷ്ഠൈഃ സഹ തിന്ദുകാനാം
പ്രജ്വാലയിത്വാനലമഗ്നി വർണ്ണഃ
സുധാംബുസിക്താ പ്രവിദാരമേതി'.

കല്ല് പിളർക്കാൻ കഴിയാതെ വന്നാൽ പ്ലാശിന്റെയും, പുളിയുടെയും മരമുട്ടികൾ കല്ലിന്മേൽവെച്ച് തീയിട്ടാൽ കല്ല് ചുട്ടുപഴുക്കും. അപ്പോൾ അതിന്മേൽ ചുണ്ണാമ്പുവെള്ളം കുടഞ്ഞാൽ മതി.

'പലാശ ശാഖിനഃ സപ്തരോപയേദേക മേവ വാ
ബ്രഹ്മലോകമവാപ്നോതി മോദതേ ചാമരൈഃ സഹ'.

ഏഴ് പ്ലാശ്മരമോ, അതിൽ കുറഞ്ഞത് ഒരെണ്ണമെങ്കിലുമോ നട്ടുവളർത്തുന്നവൻ ബ്രഹ്മലോകത്തെത്തുകയും ദേവന്മാരോടുകൂടി മോദിക്കുകയും ചെയ്യും.

ഉത്രം നക്ഷത്രം

ഇത്തി

ശാസ്ത്രനാമം : Ficus microcare Linn, Ficus Gibosa Bluma.
കുടുംബം : Moraceae.
കുലം : വടകുലം.
ഇംഗ്ലീഷ് നാമം : Waveleaved sig.
സംസ്കൃതം : പ്ലക്ഷഃ, ഉദുംബരഃ, അശ്വത്ഥപത്രഃ, ജാതി, പാർക്കരി, പാർക്കടി.
മലയാളം : ഇത്തി.
ഹിന്ദി : പാകർ, കാമരൂപ.
തമിഴ് : കല്ലിച്ചി, ഇച്ചി, ഇരുളി, ഇത്തി.
കന്നട : ഇത്തി, ഗൊഡ്ഡുമിത്തലേ.
തെലുങ്ക് : കപ്പ, കൊണ്ഡ, ജൂച്ചി, പ്ലക്ഷ, പക്കി.
ബംഗാളി : പാകുഡു.

ഉത്രം രണ്ട് നക്ഷത്രങ്ങളടങ്ങിയതാണ്. ധനു രാശി അരക്കാൽ നാഴികയിൽ ഉച്ചിയിലെത്തും. സംഹാരനക്ഷത്രമാണ്. ദേവൻ ഭഗനാണ്. മനുഷ്യഗണമാണ്. പുരുഷയോനിയാണ്. അക്ഷരം ഉകാരമാണ്. മന്ത്രാക്ഷരം ശികാരമാണ്. ഭൂതം അഗ്നിയാണ്. മൃഗം ഒട്ടകമാണ്. പക്ഷി കാക്കയാണ്. വൃക്ഷം ഇത്തിയാണ്.

ഉത്രം അന്നപ്രാശനക്ഷത്രമായതുകൊണ്ട് ഒട്ടുമിക്ക ശുഭകർമ്മങ്ങൾക്കും യോജിച്ച നക്ഷത്രമാണ്. പ്രത്യേകിച്ച് ധ്വജസ്തംഭം നാട്ടുക, കൊടിയേറ്റുക, തോരണം തൂക്കുക, കെട്ടിടം നിർമ്മിക്കുക, വൃക്ഷം നടുക, നഗരം സ്ഥാപിക്കുക, അഭിഷേകകർമ്മം നിർവഹിക്കുക തുടങ്ങിയവക്കെല്ലാം യോജിച്ച നക്ഷത്രമാണ്.

ഉത്രം നക്ഷത്രത്തെക്കപെറിച്ച് വരാഹമിഹിരൻ പറയുന്നു:
'സുഭഗോവിദ്യാപ്തധനോ
ഭോഗീസുഖഭാഗ്ദ്വിതീയഫാൽഗുന്യാം'

ഉത്രം നക്ഷത്രത്തിൽ ജനിച്ചവൻ സർവജനപ്രിയനായിരിക്കും. വിദ്യകൊണ്ട് ധനം നേടിയവനും, സ്ത്രീസുഖത്തോടെയും ആധിയില്ലാതെയും കഴിയുന്നവനുമായിരിക്കും.

ഉത്രം നക്ഷത്രത്തിൽ ജനിച്ചവർ പൊതുവെ അഭിമാനികളായിരിക്കും. സാഹിത്യാദികലകളിൽ താത്പര്യമുള്ളവരും, അതിലൂടെ മറ്റുള്ളവരുടെ ആദരവ് പിടിച്ചുപറ്റുന്നവരുമായിരിക്കും. വിശാലമനസ്ക്ക

തയും, ശുഭാപ്തി വിശ്വാസവും, ക്ഷമാശീലവും ഇവരുടെ മുഖമുദ്രക ളായിരിക്കും. ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ വിജയിപ്പിക്കുവാൻ കഠിനമായി പ്രയത്നിക്കുന്നവരായിരിക്കും.

ഉത്രം നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾ പൊതുവെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സദാ സന്നദ്ധരായിരിക്കും. നീതിന്യായങ്ങളുടെ ഭാഗത്ത് നിലകൊള്ളുന്നവരായിരിക്കും.

ഉത്രം നക്ഷത്രവൃക്ഷമായ ഇത്തി പല വലുപ്പത്തിൽ വളർന്നുകാ ണപ്പെടുന്ന മരമാണ്. ഇന്ത്യ, ബർമ്മ, സിലോൺ, ഇൻഡോനേഷ്യ, ഇന്തോചൈന എന്നിവിടങ്ങളിലെല്ലാം കാണാം. സമുദ്രനിരപ്പിൽനി ന്നും ആറായിരം അടി ഉയരം വരെയുള്ള സ്ഥലങ്ങളിൽ ഇത്തിയെ കാണാം. മരങ്ങളോടുചേർന്ന് വളർന്ന്, അവയെ ചുറ്റിപ്പിടിച്ചുവളരുന്ന ധൃതരുഹമരമാണ് ഇത്തി. ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങളുടെ ഭിത്തി കളിലും, കിണറുകളിലും, പഴകി ദ്രവിച്ചുപോയ വീടുകളിലുമൊക്കെ ഇത്തി വളർന്നുനിൽക്കുന്നത് കാണാറുണ്ട്. ഒരു മരത്തെ ഇത്തിമരം ചുറ്റിവളർന്നുകഴിഞ്ഞാൽ, മരം കാലക്രമേണ നശിച്ചുപോവുകയും, ഇത്തിമാത്രം നിലനിന്നുവളരുകയും ചെയ്യും.

ഇത്തിമരത്തിന്റെ തോൽ മിനുസമുള്ളതും, ചാരനിറത്തോടുകൂടി യതുമാണ്. ചിലതിന് മഞ്ഞചരായയുള്ള പച്ചനിറമാണ്. തടി തവിട്ടു നിറം കലർന്ന ചാരനിറത്തോടുകൂടിയതാണ്. തടി മാർദ്ദവമേറിയതാ കയാൽ (Soft wood) മരപ്പണിത്തരങ്ങൾക്കൊന്നിനും ഉപയോഗപ്പെ ടില്ല.

ഇത്തിമരത്തിന്റെ ഇലയുടെ മുകൾഭാഗം മിനുസമുള്ളതും, അടിഭാ ഗം പരുപരുത്തതുമാണ്. അതിന് ആപ്പിന്റെ ആകൃതിയാണ്. എന്നാൽ അപൂർവമായി വൃത്താകാരത്തിലും കാണാറുണ്ട്. ഇലയുടെ ആധാര ഭാഗം നിശിതമാണ്. ചർമ്മിലപത്രാഗം സ്ഥൂലമൊ, നിശിതാഗ്രമുള്ള തൊ, വാൽതുമ്പ് കൂർത്തതൊ ആയിരിക്കും. അടിഭാഗം കുറഞ്ഞതോ തിൽ രോമിലമാണ്. ഇലക്ക് നാലുമുതൽ ആറുവരെ പാർശ്വസിരകളു ണ്ട്. പത്രവൃത്തത്തിന് ആറുമീറ്റർ നീളമുണ്ട്. പുഷ്പാസനം സൂക്ഷ്മ രോമങ്ങൾകൊണ്ട് പൊതിഞ്ഞതാണ്. ഇലക്ക് രണ്ടരമുതൽ അഞ്ചുവ രെയും, ആറുമുതൽ നാലുവരെയും ചതുരശ്രയിഞ്ച് വലുപ്പമുണ്ട്. അനുപർണ്ണങ്ങളുള്ളവയാണ്. രേണുക്കൾ ജോഡികളായി കുറിയ പുഷ്പമണ്ഡലത്തിലൊ, സ്തംഭകങ്ങളായി ചില്ലകളിലൊ, ഊനഗോ ളാകൃതിയിൽ പരുക്കനായി കാണാം. ഇത് രണ്ട്-മൂന്ന് ഇഞ്ചോളം വ്യാസത്തിലുണ്ടാകും. ഇതിന്റെ ലഘുപത്രങ്ങൾ ഏകാന്തരമാണ്. കായകൾ ജനുവരി-മാർച്ച് മാസങ്ങളിൽ പഴുക്കും. പഴങ്ങൾക്ക് ഓറ ഞ്ച് നിറമാണ്. ഇലയിലും തൊലിയിലും കായയിലും ഞെട്ടിലുമെ

ല്ലാം കറയുണ്ടാകും.

ഇത്തിയുടെ വേര്, തൊലി, ഇല, കായ, മൊട്ട് എന്നിവയാണ് ഔഷധയോഗ്യമായ ഭാഗങ്ങൾ.

'പ്ലക്ഷത്യധോഗച്ഛതീമൂലയഃ'.

കപിതാന=കമണ്ഡലു. കം=ജലം. മണ്ഡം=ശുദ്ധം. ജലത്തെ മഞ്ഞ നിറമാക്കുന്നത്=ജലസ്രോതസ്സുകളെ ആവാസയോഗ്യമാക്കുന്നത്. ജാതി=ഊന്നുവേരുള്ളത്. സുപാർശ്വകം=ശാഖകളുള്ളത്. ഗർദ്ദുദാണ്ഡം= പഴത്തെ ചേർത്തുപറയുന്നതാകണം.

ഇത്തിമരം കഫപിത്തശമനമാണ്. ശോഫഹരവും, വ്രണരോപണവുമാണ്.

കന്ദരാളം, കപീതനഃ, സുപാർശ്വകം, പ്ലക്ഷഃ എന്നിവ ഇത്തിയുടെ പര്യായപദങ്ങളാണ്. കന്ദരാളം=ഗുഹാപ്രദേശത്തെ അലങ്കരിക്കുന്നത്. കപീതന=ജലത്തെ പീതവർണ്ണമാക്കുന്നത്. സുപാർശ്വകം=ഭംഗിയുള്ള പാർശ്വങ്ങളോടുകൂടിയത്. പ്ലക്ഷ=പൊട്ടിയൊലിക്കുന്നത് അല്ലെങ്കിൽ ഇളകിക്കൊണ്ടിരിക്കുന്നത്.

'നൃസിംഹ'മതമനുസരിച്ച് ഇത്തിയാലിന്റെയും, കല്ലാലിന്റെയും ഗുണങ്ങൾ തുല്യമാണ്. എന്നാൽ ഇത്തിയാലിന്റെ ഇല ചെറുതും, കല്ലാലിന്റെ ഇല വലുതുമാണ്; ചെറുതിന് ഗുണം അൽപ്പം കൂടും.
ഇത്തി കഫം, പിത്തം, രക്തദോഷം, വ്രണം, യോനിദോഷം, ചുട്ടു നീറ്റം, ആമം, ശോഫം, അതിസാരം, മൂർച്ഛാപ്രലാപം, പ്രദരം, ഭ്രമം, വിസർപ്പം എന്നിവയെ ശമിപ്പിക്കും. കയ്പുരസം ഇത്തിക്ക് കൂടെയുണ്ടെന്ന് പക്ഷമുണ്ട്. എല്ലാതരം ആലിന്റെയും പഴുത്ത കായകൾ കഫ പിത്തങ്ങളെ ശമിപ്പിക്കുന്നവയാണ്.

ഇത്തിമരത്തിന്റെ പഴുത്ത കായ കഫം, പിത്തം, രക്തദോഷം, മൂർച്ഛാപ്രലാപം, ഭ്രമം എന്നിവക്ക് സമാധാനമുണ്ടാക്കും. മലബന്ധമുണ്ടാക്കും. ദോഷസ്തംഭമാണ്. വാതവർദ്ധകമാണ്. സംഗ്രാഹിയാണ്.

'ചരകസംഹിത' പറയുന്നു:
'പ്ലക്ഷോ ജടിപർക്കരീച പർക്കടീച സ്ത്രീയാമപി
പ്ലക്ഷഃ കഷായശിശിരോ വ്രണയോനി ഗദാപഹഃ'

ദാഹപിത്തകഫാസ്രഘ്നഃ ശോഫരക്തപിത്തഹൃത്'.

പ്ലക്ഷഃ, ജടിപർക്കരി, പർക്കടി എന്നിവ സ്ത്രീലിംഗവാപിയാണ്. ഇവയെല്ലാം ഇത്തിയുടെ പര്യായനാമങ്ങളുമാണ്. ഇത്തി ചവർപ്പുരസവും, ശീതവീര്യവുമാണ്. വ്രണം, യോനീരോഗം, ചുട്ടുനീറ്റം, പിത്തം,

കഫം, രക്തദോഷം, ശോഫം, രക്തപിത്തം എന്നിവയെ ശമിപ്പിക്കും.

'മദനപാലനിഘണ്ടു' പറയുന്നു:
'പ്ലക്ഷഃ പ്ലവശ്ചാരുവൃക്ഷഃ സുപാർശ്വോഗർദ്ദദാണ്ഡകഃ
വടീകമണ്ഡലൂർയുപഃ പിപ്പരിശ്ചാരുദർശനഃ
പ്ലക്ഷഃ ശീതോവ്രണശ്ലേഷ്മ പിത്തശോഫവിസർപ്പജിത്'.

പ്ലക്ഷഃ, പ്ലവ, ചാരുവൃക്ഷ, സുപാർശ്വ, ഗർദ്ദാണ്ഡകഃ, വടികമണ്ഡലു, യൂപപിപ്പരി, ചാരുദർശന എന്നിവ ഇത്തിയുടെ പര്യായപദങ്ങളാണ്. ഇത്തി ശീതവീര്യമാണ്. കഫം, പിത്തം, ശോഫം, വിസർപ്പം എന്നിവയെ ശമിപ്പിക്കുന്നതാണ്.

'രാജനിഘണ്ടു' പറയുന്നു:
'പ്ലക്ഷഃ കപീതനഃ ക്ഷീരിസുപാർശ്വോഥ കമണ്ഡലുഃ
ശൃംഗിവർരാഹഗാഖീ ച ഗർദ്ദദാണ്ഡഃ കപീതകഃ
ദൃഢപ്രരോഹഃ പ്ലവകഃ പ്ലവംഗശ്ച മഹാബലഃ
പ്ലക്ഷശ്ചൈവാ പരോഹ്രസ്വഃ സുശീതഃ ശീതവീര്യകഃ
പുണ്ഡ്രോ മഹാവരോഹശ്ച ഹ്രസ്വപർണ്ണസ്തപിം പരിഃ
ഭിദുരോ മംഗളചരായോജ്ഞേയോ ദ്വാംവിശധാഭിധഃ
പ്ലക്ഷഃ കടുകഷായശ്ച ശിശിരോ രക്തദോഷജിത്
മൂർച്ഛഭ്രമപ്രലാപഘ്നോ ഹ്രസ്വപ്ലക്ഷോ വിശേഷതഃ'.

പ്ലക്ഷ, കപീതന, ക്ഷീരി, സുപാർശ്വ, കമണ്ഡലു, വാരോഹശാഖി, ഗർദ്ദദാണ്ഡ, ദൃഢപ്രരോഹ, പ്ലവകഃ, പ്ലവംഗ, തഥാമഹാബല എന്നിവ ഇത്തിയുടെ പര്യായപദങ്ങളാണ്. ഹ്രസ്വപ്ലക്ഷ, സുശീതക, ശീതവീര്യക, പുണ്ഡ്രമഹാവരോഹ, ഹ്രസ്വവർണ്ണ, പിമ്പരി, തഥാമംഗലചരായ എന്നിവ രണ്ടുതരത്തിലുള്ള ഇത്തിയുടെ പര്യായപദങ്ങളാണ് (ഇങ്ങനെ ഇരുപത് പദങ്ങളുണ്ട്).

ഇത്തി കടുരസമുള്ളതും, കഷായരസമുള്ളതും, ശീതളവുമാണ്. ഇത്തി രക്തവികാരത്തെ ജയിക്കുന്നതാണ്. മൂർഛ, ഭ്രമം, പ്രലാപം എന്നിവയെ ഇല്ലാതാക്കുന്നതാണ്. ഇവയിൽ ചെറിയ ഇത്തി വിശേഷപ്പെട്ടതാണ്.

'ധാന്വന്തരിനിഘണ്ടു' പറയുന്നു:
'പ്ലക്ഷഃ കപീതനഃ ശൃംഗി സുപാർശ്വശ്ചാരുദർശനഃ
പ്ലവകോഗർദ്ദുദാണ്ഡശ്ച കമണ്ഡലുർവടപ്ലവഃ
പ്ലക്ഷഃ കടുഃ കഷായശ്ച ശീതളോ രക്തപിത്തജിത്
മൂർച്ഛാശ്രമപ്രലാപാംശ്ച ഹരേത് പ്ലക്ഷോ വിശേഷതഃ'.

കപിതന, ശൃംഗി, സുപാർശ്വ, ചാരുദർശന, പ്ലവക, ഗർദ്ദദാണ്ഡ,

കമണ്ഡലു, പടപ്ലവ എന്നിവ ഇത്തിയുടെ പര്യായപദങ്ങളാണ്. ഇത്തി കടുവും, കഷായപ്രധാനവും, ശീതവീര്യവും രക്തപിത്തശമകവുമാണ്. ഇത്തി മൂർച്ഛ, ഭ്രമം, പ്രലാപം എന്നിവക്ക് ഉത്തമമാണ്.

'സരസ്വതിനിഘണ്ടു' പറയുന്നു:
'പ്ലക്ഷോജുടിപർക്കടി ച പിപ്പലോഽശ്വത്ഥപത്രകഃ
ഭൂർജ്ജസരോ ബഹുപുടശ്ഛത്രപർണീ ബഹുഛദഃ'.

പ്ലക്ഷ, ജുടി, പാർക്കടി, പിപ്പലഃ, അശ്വത്ഥപത്രകഃ, ഭൂർജ്ജസാര, ബഹുപുട, ഛത്രപണി, ബഹുഛദഃ എന്നിവ പര്യായപദങ്ങളാണ്.

'അഭിജ്ഞാനമഞ്ജരി' പറയുന്നു:
'കഥിത കപീതന ഇതി പ്ലക്ഷസ്തം ശീ ച ഗർദ്ദദാണ്ഡശ്ച
കപിചൂടശ്ച സുപാർശ്വ പ്ലവകോഽസൗ ചാരുദർശന'.

കപിതന, പ്ലക്ഷ, ശൃംഗി, ഗർദ്ദദാണ്ഡ, കപിചൂട, സുപാർശ്വ, പ്ലവക, ചാരുദർശന എന്നിവ ഇത്തിയുടെ പര്യായപദങ്ങളാണ്.

'കൈഡര്യാദി നിഘണ്ടു' പറയുന്നു:
'പിപ്പരി ശൃംഗികാപാടി ഗർദ്ദദാണ്ഡ കമണ്ഡലു
പ്ലക്ഷ പ്ലഗോഗന്ധ മുണ്ഡോ മുണ്ഡികാഽശ്വർത്ഥപത്രകഃ
പൂഗമുണ്ഡശ്ച തദാരുഃ സുപാർശ്വചാരുദർശനഃ'.

'ചരകസംഹിത' യോനിസ്രാവചികിത്സയിൽ പറയുന്നു:
'പ്ലക്ഷ ത്വക് ചൂർണ്ണീപിണ്ഡം വാ ധാരയേത് മധുനാകൃതം'.

ഇത്തിയുടെ തൊലിയിൽ ടാനിൻ, വാക്സ്, സാവോണിൻ എന്നിവ അടങ്ങിയിട്ടുണ്ട്.

ഇത്തിയുടെ തൊലിയും, കശുമാവിന്റെ തൊലിയും ചേർത്ത് അരച്ചിട്ടാൽ ഉള്ളംകാലിൽ വെടിച്ചുകീറുന്നത് മാറും.

അത്തി, ഇത്തി, അരയാൽ, പേരാൽ, കല്ലാൽ, പാച്ചോറ്റി എന്നിവയുടെ തൊലി കഷായംവെച്ചത് കുടിക്കുകയും, യോനി കഴുകാൻ ഉപയോഗിക്കുകയും ചെയ്താൽ ശ്വേതപ്രദരവും, രക്തപ്രദരവും, ആർത്തവസംബന്ധമായ അസുഖങ്ങളും മാറും.

ഇത്തിമൊട്ട്, അത്തിമൊട്ട്, കാവിക്കല്ല് എന്നിവ ഇരുപതുഗ്രാം വീതം ചതച്ചത് പന്ത്രണ്ടുഗ്ലാസ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിച്ചാൽ അതിയാർത്തവം, രക്താർശ്ശസ്സ്, രക്തപ്രദരം എന്നിവ ശമിക്കും.

അണലിയുടെ വിഷമേറ്റാൽ ഇത്തി, അത്തി, അരയാൽ, പേരാൽ,

കല്ലാൽ എന്നിവയുടെ തൊലി കഷായംവെച്ച് കഴിക്കുകയും, ധാര കോരുകയും ചെയ്താൽ വിഷം ശമിക്കും.

ഇത്തിത്തൊലി ഉണക്കിപ്പൊടിച്ചുവെച്ചത് വ്രണത്തിൽ വിതറുകയും, ഒരു ടീസ്പൂൺ നെയ്യിൽ അത് ചാലിച്ച് കഴിക്കുകയും ചെയ്താൽ വേഗത്തിൽ ഉണങ്ങും.

ഇത്തിവേരിന്റെ തൊലി കഷായംവെച്ച് കഴിച്ചാൽ വായയിലെ രോഗങ്ങൾക്കും, വിരേചനത്തിനും ഉത്തമമാണ്.

ഇത്തിയിലയുടെ നീര് പനിക്ക് വിശേഷപ്പെട്ട ഔഷധമാണ്.

ഇത്തിത്തൊലി കഷായംവെച്ച് യോനീക്ഷാളനത്തിനായി പതിവായി ഉപയോഗിച്ചാൽ സംഭോഗജന്യരോഗങ്ങൾ മാറും.

ഇത്തിയില കറവപശുക്കൾക്ക് നൽകിയാൽ പാൽ വർദ്ധിച്ചുകാണാറുണ്ട്.

ഔഷധപ്രയോഗത്തിൽ അത്തിത്തൊലിക്ക് പകരം ഇത്തിത്തൊലി ഉപയുക്തമാണ്.

ഇത്തി, ഞാവൽ, അരയാൽ, പേരാൽ എന്നിവയുടെ കൂമ്പുകൾ അരച്ചത് തേനിൽ കഴിച്ചാൽ ഗർഭിണിയുടെ രക്തസ്രാവം ശമിക്കും.

ഇത്തിക്കറ അണുനാശകമാണ്.

ഇത്തി, അത്തി, അരയാൽ, പേരാൽ എന്നിവയുടെ മൊട്ടുകൾ ഉണക്കിപ്പൊടിച്ച് തേൻചേർത്ത് കഴിച്ചാൽ തണ്ണീർദാഹം ശമിക്കും.

ഇത്തിതോൽ, അത്തിതോൽ, അരയാൽതോൽ, പേരാൽതോൽ, കടുക്കാത്തോട്, താന്നിക്കത്തോട്, നെല്ലിക്കത്തോട്, ചന്ദനം, രാമച്ചം, വെള്ളക്കൊട്ടം, ചൊവ്വള്ളിക്കൊടി, കച്ചോലക്കിഴങ്ങ്, അകിൽ എന്നിവ കൽക്കമാക്കി പച്ചമഞ്ഞൾ, പർപ്പടകപ്പുല്ല് എന്നിവയുടെ നീരിൽ അരച്ചുചേർത്തതിൽ എണ്ണയും ചേർത്ത് കാച്ചിയെടുത്തത് ദേഹത്തിൽ പുരട്ടിയാൽ ചൊറി, വിസർപ്പം, ത്വക്രോഗങ്ങൾ എന്നിവ മാറും.

ഇത്തിതോൽ, അത്തിതോൽ, അരയാൽതോൽ, പേരാൽതോൽ, കല്ലാൽതോൽ, വരട്ടുമഞ്ഞൾ, നറുനീണ്ടിക്കിഴങ്ങ് എന്നിവ കഷായം വെച്ച് എണ്ണ ചേർത്ത്, അതിൽ കദളിവാഴമാണം, ആമ്പൽകിഴങ്ങ്, നൈതൽകിഴങ്ങ്, കരിങ്കൂവളക്കിഴങ്ങ്, ഇരട്ടിമധുരം, ഇലവംഗം, രാമച്ചം, വെള്ളക്കൊട്ടം, ചന്ദനം എന്നിവ കൽക്കം ചേർത്ത് കാച്ചിയരിച്ചത് ദേഹത്തിൽ പുരട്ടിയാൽ ത്വക്രോഗങ്ങളും, വിസർപ്പവും ശമിക്കുന്നതാണ്.

'ന്യഗ്രോധാദിഗണം' വ്രണവിരേപണത്തിന് ഉത്തമമാണെന്ന് 'അഷ്ടാംഗഹൃദയം' പറയുന്നുണ്ട്:

'ന്യഗ്രോധ പിപ്പലസദാഫല രോധ്രയുഗ്മം
ജംബൂ ദ്വയാഞ്ജന കപീതന സോമവൽക്കഃ
പ്ലക്ഷാമ്ര പഞ്ജലപിയാനല പലാശനന്ദീ
കോകില ദംബ വിരലാമധുകം മധുകം'.

വടവൃക്ഷം, ഉദുംബരം, ലോധ്രം, അശ്വത്ഥം, പടികലോധ്രം, ജംബുക്ഷുദ്ര, ബൃഹത്ജംബു, അർജ്ജുന, കപീതമ, ഖദിര, പ്ലക്ഷ(ഇത്തി) ആമ്ര, വേതസ, പ്രിയാള, പലാശ, നന്ദി, ബദരി, തിന്ദുക, മധുയഷ്ടി, മധുക.

'സുശ്രുതസംഹിത' പറയുന്നു:

'ന്യഗ്രോധാദിഗണോ വ്രണ്യഃ സാപ്രാഹീദഗ്നസാധകഃ
രക്തപിത്തഹരോ ദാഹമേദോഘ്നോ യോനിദോഷ ഹൃത്'.

ഇത്തി വ്രണരോപണത്തിന് ഉത്തമമാണ്. സംഗ്രഹിയാണ്. മേദോനാശകരമാണ്. പിത്തരക്തസ്രാവങ്ങൾ തടയുന്നതാണ്. തൃഷ്ണയെ നശിപ്പിക്കുന്നതാണ്. ദാഹത്തെ കുറക്കുന്നതാണ്. എല്ലാതരം യോനീ രോഗങ്ങളെയും അകറ്റുന്നതാണ്.

'ചരകസംഹിത' ചികിത്സാസ്ഥാനത്ത് പറയുന്നു:

'ന്യഗ്രോധോദുംബരാശ്വത്ഥ കദംബപ്ലക്ഷ വേതസാഃ
കരവീരാർക്ക കുടജാഃ കഷായാ വ്രണരോപണാഃ'.

ന്യഗ്രോധോ, ഉദുംബരം, അശ്വത്ഥം, കദംബം, പ്ലക്ഷം(ഇത്തി), വേതസ്സ, കരവീരം, അർക്ക, കടജം എന്നിവയുടെ കഷായം വ്രണരോപണത്തിന് ഉത്തമമാണ്.

'ന്യഗ്രോധോദുംബരാശ്വത്ഥ പ്ലക്ഷ വേതസവൽക്കലൈ
സ സർപ്പിഷ്കൈഃ പ്രലേപഃ സ്യാശ്ചോര നിർവാപണാഃ പരാഃ'.

ന്യഗ്രോധോ, ഉദുംബരം, അശ്വത്ഥം, കദംബം, പ്ലക്ഷം(ഇത്തി), വേതസ്സ, കരവീരം, അർക്ക, കടജം എന്നിവയുടെ തൊലി പൊടിച്ചതിൽ നെയ്യ് ചേർത്ത് വ്രണത്തിൽ പുരട്ടാൻ നല്ലതാണ്.

'ന്യഗ്രോധോദുംബരാശ്വത്ഥ വേതസപ്ലക്ഷ ജാംബവഃ
ത്വക്കർക്കൈർ ബഹസർപ്പിർഭിഃ ശീതൈരാലേപനംഹിതം'.

ന്യഗ്രോധോ, ഉദുംബരം, അശ്വത്ഥം, കദംബം, പ്ലക്ഷം(ഇത്തി), വേതസ്സ, കരവീരം, അർക്ക, കടജം എന്നീ വൃക്ഷങ്ങളുട തളിര്, തൊലി എന്നിവ നെയ്യ് ചേർത്തുകഴിച്ചാൽ വിസർപ്പത്തിന് ഉത്തമമാണ്.

'ഭൈഷജ്യരത്നാവലി' വ്രണശോഥാധികാരം പറയുന്നു:
'ഗൗരാഹരിദ്രാമഞ്ജിഷ്ടാ മാംസീ മധുകമേവച പ്രപൗണ്ഡരീകം
ഹ്രീബേരഭദ്രമുസ്തം സചന്ദനം
ജാതീനിംബപടോലഞ്ച കരഞ്ജം കടുകരോഹിണി
മധുച്ഛിഷ്ടം സമധുകം മഹാമേദാ തഥൈവച
പഞ്ചവൽക്കലതോയേന ഘൃതപ്രസ്ഥം വിപാചയേൽ
ഏഷാഗൗരോ മണ്ടായോഗഃ സർവവ്രണവിശോധനഃ
ആഗന്തുസഹജശ്ചൈവ സുചിരോത്ഥാശ്ചയേവ്രണാഃ
വിഷമാമപിനാഡീം തുശോഥയേച്ഛീഘ്രമേവചഃ
ഗൗരാദ്യം ജാതികാദ്യം ച തൈലമേവം പ്രസാധ്യതേ
തൈലം സൂക്ഷ്മാനലേ ദുഷ്ടേവ്രണേ ഗംഭീര ഏവച'.

ഇത്തി, മഞ്ഞൾ, മരമഞ്ഞൾതോൽ, മഞ്ചട്ടിക്കോൽ, ജടമാഞ്ചി, ഇരട്ടിമധുരം, പുണ്ഡരീകകരിമ്പ്, ഇരുവേലി, മുത്തങ്ങ, രക്തചന്ദനം, പിച്ചകത്തില, വേപ്പില, കാട്ടുപടോലത്തില, ഉങ്ങിൻകുരു, കടുകുരോഹിണി, തേൻമെഴുക്, മഹാമേദ എന്നിവയിൽ കൽക്കമായി നാത്പാമരത്തോലും, ആറ്റുവഞ്ചിതോലും ചേർത്തുവെച്ച കഷായത്തിൽ ഇടങ്ങഴി നെയ്യ് ചേർത്ത് യഥാവിധി പാകം ചെയ്തെടുത്ത നെയ്യ് എല്ലാവിധ വ്രണങ്ങളെയും ശുദ്ധമാക്കും. ഇത് ആഗന്തു, സഹജം, പുരാതനം, വിഷമം, നാഡീവ്രണം മുതലായ വ്രണങ്ങളെ ശുദ്ധമാക്കും. ഇത് ഗൗരാദ്യവും, ജാത്യാദിയും എണ്ണകാച്ചിയും ഉപയോഗിക്കാം. ഈ തൈലം സൂക്ഷ്മമുഖമുള്ളതും, ഗംഭീരവുമായ ദുഷ്ടവ്രണത്തിൽ വളരെ നല്ലതാണ്.

ഇത്തി തളിര്, അത്തി തളിര്, അരയാൽ തളിര്, പേരാൽ തളിര്, മുത്തങ്ങ, കൊട്ടം, തെച്ചിവേരിന്മേൽ തൊലി, ഇരട്ടിമധുരം എന്നിവ തൈര് ചേർത്ത വെള്ളത്തിൽ പുഴുങ്ങിയെടുത്ത് അരച്ചുപുരട്ടിയാൽ കരപ്പൻ മാറും.

ഇത്തിക്കുരുന്ന്, അത്തിക്കുരുന്ന്, അരയാൽക്കുരുന്ന്, പേരാൽക്കുരുന്ന്, വിഷ്ണുക്രാന്തി എന്നിവ ചേർത്തരച്ചു പുരട്ടിയാൽ എല്ലാതരം കുരുക്കളും ശമിക്കും.

ഇത്തിവേര് ചതച്ച് പിഴിഞ്ഞെടുത്ത സ്വരസം ആമാതിസാരത്തിനും, ഉദരശൂലക്കും നല്ലതാണ്.

ഇത്തിയില നീര് രക്താതിസാരത്തിന് ഫലപ്രദമാണ്.

ഇത്തിത്തൊലിയും, കൊത്തമല്ലിയും ചേർത്തുപൊടിച്ചു വെച്ചത് കഴിച്ചാൽ ചുമയും, ശ്വാസംമുട്ടലും മാറും.

'ശ്ലൈഷ്മികേ കുടജ കടുകാശ്വഗന്ധാകാഥം പിബേത്

സമാക്ഷിക വാ ക്ഷീരിവൃക്ഷ പ്രവാളക്വാഥം'.

ഇത്തി, അത്തി, അരയാൽ, പേരാൽ ഇവയുടെ തളിര് കഷായം വെച്ച് തേൻ ചേർത്ത് കഴിച്ചാൽ ആർത്തവദോഷങ്ങൾ ശമിക്കും. ഇതിന് കുടകപ്പാലയരി, കടുകുരോഹിണി, അമുക്കുരം എന്നിവ കഷായം വെച്ച് തേൻചേർത്തു കഴിച്ചാലും നല്ലതാണ്.

'പഞ്ചപല്ലവ യഷ്ട്യാഹ്വ മാലതീകുമ്പുമൈർഘൃതം
രവീപക്വ മന്യഥാ വാ ഗന്ധാർത്തിനാശനം'.

പഞ്ചപല്ലവ(ഇത്തി, അത്തി, അരയാൽ, പേരാൽ, കല്ലാൽ)ങ്ങളുടെ തളിര്, ഇരട്ടിമധുരം, പച്ചക്കർപ്പൂരം എന്നിവ ചേർത്തരച്ചത് നെയ്യിൽ കലക്കി വെയിലത്തുവെച്ച് പാകംചെയ്തെടുത്ത് യോനിയിൽ പുരട്ടിയാൽ ദുർഗന്ധവും, വേദനയും ശമിക്കുകയും, യോനി കന്യകയുടേതുപോലെയാവുകയും ചെയ്യും.

ഇത്തിക്കറ വേദനയുള്ള ഭാഗങ്ങളിൽ പുരട്ടിയാൽ വേദന മാറും.

ഇത്തിക്കറ വാതരോഗത്തിന് പുരട്ടാറുണ്ട്.

ഇത്തിക്കറ ചതവുകൾക്ക് ഉത്തമമാണ്.

ഇത്തിക്കറ ഇടുപ്പുവേദനയുണ്ടായാൽ പുരട്ടിയാൽ മതി.

ഇത്തിക്കറ കാലിന്റെയടിയിൽ വീക്കമുണ്ടായാൽ പുരട്ടാം.

ഇത്തിക്കറ കാൽവെള്ള വിണ്ടുകീറുന്നതിന് ഉത്തമമാണ്.

ഇത്തിക്കായ പല്ലുവേദന, മോണവീക്കം എന്നിവക്ക് നല്ലതാണ്.

ഇത്തിത്തൊലി ശീതകഷായമുണ്ടാക്കി കഴിച്ചാൽ പ്രമേഹം മാറും.

ഇത്തിക്കുരു ദേഹത്തെ തണുപ്പിക്കും.

ഇത്തിയില ചൂടാക്കി വീക്കങ്ങളിൽ പോൾട്ടീസുവെച്ചാൽ മതി.

ഇത്തിയുടെ പഴുത്തിലയും, അരിയും വറുത്ത് കഷായമുണ്ടാക്കിയത് സ്വേദിപ്പിക്കാൻ ഉപയോഗിക്കാം.

ഇത്തിയുടെ ചെറിയ ഇലകൾ കഷായംവെച്ച് കഴിച്ചാൽ രക്തം ഛർദ്ദിക്കുന്നത് മാറും.

ഇത്തിയുടെ ഊന്നുവേരുകളുടെ ഇളംതുമ്പ് ഛർദ്ദിക്ക് ഉപയോഗപ്രദമാണ്.

ഇത്തി, അരയാൽ, അത്തി, പേരാൽ, കടുക്കാത്തോട്, ചുക്ക്, മഞ്ഞൾ, നറുനീണ്ടി, വേപ്പില, ചെറുവഴുതിനവേര്, അതിവിടയം, പടവലം

എന്നിവ കഷായം വെച്ചതിൽ ഗുൽഗുലു ശുദ്ധിചെയ്തത് ചേർത്ത് കഴിച്ചാൽ ഭഗന്ദരം മാറും.

'തരുചികിത്സ' പറയുന്നു:

ശക്തമായ കാറ്റിൽ ഒടിഞ്ഞുപോയ മരത്തിന്റെ ആരോഗ്യം വീണ്ടെടുക്കാൻ ഇത്തി, എരിക്ക്, അത്തി എന്നിവയുടെ തോലും, നെയ്യും, തേനും, മധുരസാധനങ്ങളുടെ ഉച്ഛിഷ്ടവും, പാലും ചേർത്തരച്ച് കുഴമ്പുണ്ടാക്കിയത് മരത്തടിയിൽ പുരട്ടുകയും, തുണിനാട്ടിക്കയർകൊണ്ട് തടിക്കുപിടിച്ചുകെട്ടുകയും, ഇത്തിയുടെ ചുവട്ടിലുള്ള മണ്ണുകൊണ്ടുവന്ന് തടത്തിൽ നിറക്കുകയും, പാൽകൊണ്ട് നനയ്ക്കുകയും, അത് വീണ്ടും വീണ്ടും തടത്തിൽ നിറയ്ക്കുകയും ചെയ്താൽ, ആരോഗ്യം വീണ്ടെടുക്കും. പൂക്കളും കായ്ക്കളും നിറഞ്ഞ് ശോഭിക്കും.

'ബൃഹത്സംഹിത'യിൽ വരാഹമിഹരൻ പറയുന്നു;

'കകുദ വടാമ്ര പ്ലക്ഷ കദംബൈഃ
സനിചുള ജംബു വേതസനീപൈഃ
കുരുവകതാലാശോകമധുകൈർ
ബകുള വിവിധൈശ്ചാവൃതീരം'.

നീർമരുത്, പേരാൽ, മാവ്, ഇത്തി, കടമ്പ്, നീർക്കടമ്പ്, ഞാവൽ, ആറ്റുവഞ്ചി, പൂവരശ്, പെങ്കുറിഞ്ഞി, കരിമ്പന, അശോകം, ഇരിപ്പ, ഇലഞ്ഞി എന്നീ മരങ്ങളാൽ ചുറ്റപ്പെട്ടതായിരിക്കണം കുളത്തിന്റെ തീരം.

'വിഷ്ണുധർമ്മോത്തമപുരാണം' രണ്ടാം കാണ്ഡം പറയുന്നു:

'ഉത്തരേണ ശുഭഃ പ്ലക്ഷോവടഃ പ്രാഗ് വർഗ്ഗവോത്തമ
ഉദുംബരശ്ചചാമ്യേന സൗമ്യേനാശ്വത്ഥ ഏവച'.

അല്ലയോ, ഭാർഗ്ഗവശ്രേഷ്ഠാ! ഇത്തി വടക്കുഭാഗത്തും, പേരാൽ കിഴക്കുഭാഗത്തും, അത്തി തെക്കുഭാഗത്തും, അരയാൽ പടിഞ്ഞാറുഭാഗത്തും ഉണ്ടായാൽ എല്ലാം ശുഭകരമാകും.

അത്തം നക്ഷത്രം

അമ്പഴം

ശാസ്ത്രനാമം	: Spondias Pinnata Kurz.
കുടുംബം	: Anacardiaceae.
കുലം	: ആമ്രകുലം.
ഇംഗ്ലീഷ് നാമം	: Wild Mango, Hogplum.
സംസ്കൃതം	: ആമ്രാതകഃ.
മലയാളം	: അമ്പഴം.
ഹിന്ദി	: ആമ്രാ, ജംഗ്ലി ആം.
തമിഴ്	: മാമ്പുളിച്ചി, അമ്പളം, കട്ടിമാഗിരക്കായ്.
കന്നട	: അമ്പത്തേമരം, ആമതേകായി, വൃക്ഷാമ്ല.

നക്ഷത്രഗണനയിൽ പതിമൂന്നാമത്തെ നക്ഷത്രമാണ് അത്തം. ധനു രാശി ഒന്നേമുക്കാൽ നാഴികയിൽ ഉച്ചിയിലെത്തും. സൃഷ്ടിനക്ഷത്രമാണ്. ദേവൻ ആദിത്യനാണ്. ദേവഗണമാണ്. സ്ത്രീയോനിയാണ്. അക്ഷരം ഉകാരമാണ്. മന്ത്രാക്ഷരം ശികാരമാണ്. ഭൂതം അഗ്നിയാണ്. മൃഗം പോത്താണ്. പക്ഷി കാക്കയാണ്. വൃക്ഷം അമ്പഴമാണ്.

അത്തം അന്നപ്രാശനക്ഷത്രമായതുകൊണ്ട് ഒട്ടുമിക്ക ശുഭകർമ്മങ്ങൾ ആരംഭിക്കുവാനും നല്ല നക്ഷത്രമാണ്. പ്രത്യേകിച്ച് കലാവിദ്യകൾ, പുണ്യകർമ്മങ്ങൾ ആരംഭിക്കാൻ യോജിച്ചതാണ്.

വരാഹമിഹിരൻ പറയുന്നു:
'ഉത്സാഹീ ധൃഷ്ടപാനപോഘൃണീ തസ്കരോഹസ്തേ'

അത്തം നാളുകാർ പൊതുവേ കുടിയേറ്റത്തിൽ താത്പര്യമുള്ളവരും, സംഭാഷണചതുരരുമാണ്. മറ്റുള്ളവരുടെ തെറ്റുകൾ കണ്ടുപിടിക്കാൻ സമർത്ഥരും, ലഹരിവസ്തുക്കളിൽ താത്പര്യമുള്ളവരുമാണ്. ഉത്സാഹിയും, ലജ്ജാരഹിതനുമായിരിക്കും. നിർദ്ദയനും, മദ്യപാനിയും, കള്ളനായും ഭവിക്കും. സദാ ഉന്മേഷവാന്മാരായിരിക്കും. ഇവർ ഒരേ സമയത്ത് ആത്മീയവും, ഭൗതികവുമായ കാര്യങ്ങളിൽ താത്പര്യം കാണിക്കുന്നവരായിരിക്കും. പ്രവർത്തനരംഗങ്ങളിലെല്ലാം കുലീനത പുലർത്തും. ഭാഗ്യനിർഭാഗ്യങ്ങൾ മാറി മാറി അനുഭവിക്കേണ്ടിവരും.

അത്തം നക്ഷത്രത്തിൽ ജനിച്ച സ്ത്രീകൾ പൊതുവെ വളരെയധികം ക്ഷമാശീലരായിരിക്കും. സുഗന്ധദ്രവ്യങ്ങളിലും, പാത്രങ്ങളിലും

താത്പര്യക്കുറവുള്ളവരായിരിക്കും. വസ്ത്രാലങ്കാരങ്ങളിൽ ശ്രദ്ധയുള്ളവരായിരിക്കും.

'കാമീകുശലോ വാഗ്മീചോരോ വിദ്വാൻ വിദേശനിരതശ്ച
ഉത്സാഹീ നൃപതീഷ്ടോ നിർഭയ ലജ്ജാതിഹാർക്കദേ ഭവതി'.

കാമം, കൗശലം, വാക്സാമർത്ഥ്യം, കളവ്, പാണ്ഡിത്യം, വിദേശനിരതത്വം, ഉത്സാഹം, രാജപ്രിയത്വം എന്നിവയെല്ലാം ഇവരുടെ ഗുണങ്ങളാണ്. ലജ്ജയും, ഭയവും ഇല്ലാത്തവരുമാണ്.

അത്തം നക്ഷത്രവൃക്ഷമായ അമ്പഴം ഇന്ത്യൻ വനങ്ങളിൽ പ്രത്യേകിച്ചും കേരളം, ബംഗാൾ, ആസാം, ആൻഡമൻസ് എന്നിവിടങ്ങളിലെ ഇലപൊഴിയുന്ന കാടുകളിലും, നാട്ടുപ്രദേശങ്ങളിലും കാണപ്പെടുന്നവയാണ്. അമ്പഴത്തെ പലരും വീട്ടുപറമ്പുകളിൽ വെച്ചുപിടിപ്പിക്കാറുണ്ട്. അമ്പഴത്തിന്റെ പത്രകം ഫലഭൂയിഷ്ടമായ മണ്ണിൽ വലുതും, അല്ലാത്തയിടങ്ങളിൽ ചെറുതുമായിട്ടാണ് കാണപ്പെടുന്നത്. മരത്തൊലി ചാരനിറത്തിൽ മിനുസമുള്ളതാണ്. ഇതിന് ഏതാണ്ട് ഒരിഞ്ച് കട്ടിയുണ്ട്. അമ്പഴം കാതലില്ലാത്ത മരമാണ്. ഓരോ തണ്ടിലും അഞ്ചുമുതൽ പതിനൊന്നുവരെ പത്രകങ്ങളുണ്ട്. ഇലകൾ നല്ലതുപോലെ മിനുസമുള്ളവയാണ്. ഇലകളുടെ മുകൾഭാഗത്ത് പച്ചനിറവും അടിഭാഗത്ത് ചാരനിറവുമാണ്. ഇലകളുടെ സിരകൾ പുറത്തോട്ട് ഉന്തിനിൽക്കുന്നതും, ആകൃതി മത്സ്യത്തോട് സാദൃശ്യമുള്ളതുമാണ്.

അമ്പഴം ഇലപൊഴിക്കുന്ന മരമാണ്. ഇലപൊഴിക്കുന്ന സമയത്താണ് പൂക്കുന്നത്. അങ്ങനെയവ ഇലകളില്ലാതെ പൂത്തുനിൽക്കുന്നതും, അമ്പഴങ്ങൾ നിറഞ്ഞുനിൽക്കുന്നതും മനോഹരമായൊരു കാഴ്ചയാണ്. മാർച്ച് മാസത്തോടെയാണ് പൂക്കുക. പൂക്കൾ കുലകളായി, പൂക്കതിരുകൾ തടിയിലും, ശാഖകളിലും, ശാഖാഗ്രങ്ങളിലുമെല്ലാം കാണാം. വെളുത്തുമങ്ങിയ പൂക്കളാണ്. സെപ്തംബർ മാസത്തോടെ പഴങ്ങൾ പാകമെത്തും. ചർമ്മിലമായ വിത്ത് ചകിരി ചുറ്റിയതുപോലെ കാണപ്പെടും. കട്ടിയുള്ള തൊലിയും, മാംസളമായ കഴമ്പുമുണ്ടാകും. പഴത്തിന് മഞ്ഞനിറമാണ്. അമ്പഴങ്ങളിൽ നല്ല മധുരമുള്ളൊരു വിഭാഗമുണ്ട്. അതിനെ മധുരമാമ്പഴമെന്നാണ് വിളിക്കുന്നത്. എന്നാൽ, കാട്ടുമാമ്പഴവും നാട്ടുമാമ്പഴവും രണ്ടാണ്.

അമ്പഴത്തിന്റെ വേര്, തൊലി, ഇല, പൂവ്, കായ എന്നിവയാണ് ഔഷധഗ്രാഹ്യമായിട്ടുള്ളത്.

അമ്പഴങ്ങ വൃഷ്യമാണ്. ദീപനമാണ്. നല്ല ബലവർദ്ധകമാണ്. ത്രിദോഷഹരമാണ്. നല്ല വിരേചനീയവുമാണ്.

അമ്പഴത്തിന്റെ വേരിന്മേൽതൊലി ഗ്രഹണിക്കും, അതിസാരത്തിനും ഉപയുക്തമാണ്.

അമ്പഴത്തിന്റെ തളിരില അഗ്നിയെ വർദ്ധിപ്പിക്കുന്നതാണ്. വാതത്തെയും, പിത്തത്തെയും ഹരിക്കുന്നതാണ്.

അമ്പഴക്കായയുടെ കുഴമ്പിന് പുളിരസമുണ്ട്. ഇത് ബന്ധനഗുണമുള്ളതാണ്. പിത്തഗ്രഹണിക്ക് ഉത്തമമാണ്.

അമ്പഴത്തൊലിക്ക് പുളിയും, ചവർപ്പും രസമാണ്. തൊലി കഷായം വെച്ചത് ജ്വരത്തിന് നല്ലതാണ്.

അമ്പഴത്തൊലി കഷായംവെച്ചത് അർശ്ശസ്സിന് നല്ലതാണ്.
അമ്പഴത്തൊലി സ്കർവിയിൽ ഫലപ്രദമാണ്.

രക്താതിസാരത്തിന് അമ്പഴത്തിന്റെ വേര് നല്ലതാണ്. പഴയ കാലത്തെ സൂതകർമ്മിണികൾ വിഷമപ്രസവത്തിൽ അമ്പഴവേരാണ് ഔഷധമായി ഉപയോഗിച്ചിരുന്നത്.

അമ്പഴത്തിന്റെ ഇലയും, കായയും ചെവിവേദനക്ക് ഉത്തമമാണ്.

അമ്പഴത്തിന്റെ പഴം പുളിയും, ചവർപ്പും, മധുരവുമാണ്. ഉഷ്ണവീര്യവും, ഗുരുവും, സ്നിഗ്ധവുമാണ്. വാതപിത്തകഫങ്ങളെ ഉണ്ടാക്കുന്നതുമാണ്.

അമ്പഴത്തിന്റെ പച്ചക്കായ പുളിരസവും, ഗുരുവും, രൂക്ഷവും, സ്നിഗ്ധവും, ഉഷ്ണവീര്യവുമാണ്. വിപാകത്തിൽ പുളിയാണ്. വിരേചനമുണ്ടാക്കുന്നതാണ്. വാതഹരമാണ്. അരോചകത്തിന് ഉത്തമമാണ്.

പണ്ടുകാലങ്ങളിൽ ഗർഭിണികൾ 'പുളികുടിക്ക്' അമ്പഴങ്ങ ഉപയോഗിച്ചിരുന്നു.

അമ്പഴങ്ങ വാതപിത്തങ്ങളിൽ നല്ലതാണ്. ദാഹത്തിന് നല്ലതാണ്.

ചെവി പഴുത്തുപൊട്ടുന്നതിന് അമ്പഴത്തിന്റെ തൊലി, ഇരട്ടിമധുരം, മഞ്ചട്ടി, പാച്ചോറ്റിത്തൊലി, കോലരക്ക്, താതിരിപ്പൂവ്, ഞാവൽപൂവ് എന്നിവ വിഴാങ്കായയുടെ നീരിൽ അരച്ചുകലക്കിയത് എള്ളെണ്ണ ചേർത്ത് കാച്ചിയെടുത്ത് ചെവിയിലുറ്റിച്ചാൽ നല്ലതാണ്.

അമ്പഴയില അരച്ചെടുത്ത നീര് കണ്ണുവേദനിക്കുമ്പോൾ പുരട്ടാം.

അമ്പഴത്തിന്റെ ഇല, തണ്ട്, കായ എന്നിവ അരച്ചു ചമ്മന്തിയുണ്ടാക്കാൻ ഉത്തമമാണ്. ഇളംകായ അച്ചാറിടാൻ നല്ലതുമാണ്.

പഴുത്ത അമ്പഴങ്ങയുടെ കുഴമ്പ് ശർക്കരചേർത്ത് വറ്റിച്ചുവെച്ചത്

ചപ്പാത്തിക്കും, പൂരിക്കും, പുട്ടിനുമൊക്കെ കൂടെ കഴിക്കാവുന്നതാണ്.

ഏത്തക്കായ, താമരക്കണ്ണൻചേമ്പിന്റെ വിത്ത്, ചേമ്പിൻതാൾ എന്നിവ അമ്പഴത്തിന്റെ ഇലയൊ, പച്ചക്കായയോ, അരിഞ്ഞുചേർത്തതിൽ പച്ചമല്ലിയും, പച്ചമുളകും, തേങ്ങയും അരച്ചുചേർത്തുകൊണ്ടുള്ളൊരു കേരളീയമായ പച്ചത്തീയൽ വിഭവം പണ്ടുള്ളവരുണ്ടാക്കി കഴിച്ചിരുന്നു.

അമ്പഴത്തിലയും, തേങ്ങയും, മുളകും, ഉള്ളിയും ചേർത്തരച്ചെടുക്കുന്ന ചമ്മന്തി വാഴയിലയിൽ പൊതിഞ്ഞ് തീകനലിൽ ചുട്ടെടുത്തത് പഴയകാലത്തുള്ളവർ കഴിച്ചിരുന്നു. ഇത്തരം വിഭവങ്ങൾ പണ്ടുള്ളവർ കഴിച്ചിരുന്നത് ഭക്ഷണത്തിന് രുചിയില്ലാത്ത വേളകളിലായിരുന്നു, കഴിച്ചാൽ രുചി വീണ്ടുകിട്ടുമായിരുന്നു.

അമ്പഴത്തിന്റെ ഇലയൊ, കായയൊ വെള്ളത്തിലിട്ട് വെന്തത് പിഴി ഞ്ഞ നീരിൽ ചെറിയ ഉള്ളിയും, പച്ചമുളകും അരിഞ്ഞിട്ടശേഷം അതേ വെള്ളത്തിൽ തിളപ്പിക്കുക. അതിൽ തേങ്ങയും, മല്ലിയും, മുളകും വറുത്തരച്ചുചേർക്കുക. ഈ പുളിങ്കുഴമ്പ് ഊണിനോടൊപ്പം കൂട്ടിയാൽ അരോചകം മാറും. പലതരം ഉദരരോഗങ്ങളും ശമിക്കും.

അമ്പഴം കാമോദ്ദീപകമാണ്.

അമ്പഴം ത്വക്‌രോഗത്തിന് നല്ലതാണ്.

അമ്പഴത്തൊലി സർപ്പവിഷത്തിന് നല്ലൊരു ഔഷധമാണ്.

അമ്പഴത്തൊലി പേശികളുടെ ക്ഷയത്തിൽ(Muscular Dystrophy) ഉപയുക്തമാണ്.

അമ്പഴത്തൊലി പൈത്തികസന്ധിവാതത്തിൽ നല്ലതാണ്.

അമ്പഴങ്ങ പാലിനൊപ്പം കഴിക്കുന്നത് വിരുദ്ധമാണ്.

അമ്പഴത്തിന്റെ വ്യുൽപത്തി: ആമ്രാതകം=മാങ്ങയുടെ ആകൃതിയുള്ളത്. കപീപൂതം=പഴം കുരങ്ങിനെപ്പോലെ ധൂസരവർണ്ണമുള്ളത്. പീതനകം=സ്വരസം വസ്ത്രാദികൾക്ക് മഞ്ഞ നിറം നൽകുന്നത് എന്നിങ്ങനെയാണ്.

അമ്പഴത്തിലെ രാസായനികമായ ഘടകം, സിട്രിക് ആസിഡാണ്. ഇത് രക്തചംക്രമണവ്യവസ്ഥയിൽ രക്തസ്തംഭനമാണ്. അതുകൊണ്ടിത് ഹീമോഫീലിയ, രക്താർശ്ശസ്സ്, രക്തപിത്തം എന്നിവക്ക് ഉത്തമമാണ്.

അമ്പഴത്തൊലി കഷായം മൂത്രമാർഗ്ഗത്തിലെ നീരും, പുയസ്രാവ

വും ശമിപ്പിക്കും.

അമ്പഴതൊലിയുടെ സ്വരസം ഗർഭാശയരോഗങ്ങൾക്ക് വളരെ നല്ലതാണ്.

അമ്പഴക്കായ വിഷമുള്ള അമ്പുകളേറ്റ വ്രണത്തിന് ഉത്തമമാണ്.

അമ്പഴത്തിന്റെ ഇളയകായയുടെ നീരും, കരിമ്പിൻ നീരും, കുരുമുളകുപൊടിയും ചേർത്ത് യോജിപ്പിച്ചത് പിത്തഹരമാണ്.

അമ്പഴത്തിന്റെ ഇളയകായയുടെ നീരിൽ കൽക്കണ്ടം ചേർത്തുകഴിച്ചാൽ അമ്ലപിത്തം മാറും.

അമ്പഴത്തിലയുടെ ചൂർണ്ണം, അമ്പഴത്തൊലി കഷായത്തിൽ ചേർത്തുകഴിച്ചാൽ ആമാതിസാരം ശമിക്കും.

അമ്പഴത്തിന്റെ കറ പുകച്ചാൽ കൊതുകുകൾ മാറിപോകും.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:

'അമ്രാതകഃ പീതനശ്ചമർക്കടാമ്രഃ കപീതനഃ
ആമ്രാതമമ്ലം വാതഘ്നം ഗുരൂഷ്ണം രുചികൃത്സരം
പക്വം തുതുവരം സ്വാദു രസേ പാകേ ഹിമം സ്മൃതം
തർപ്പണം ശ്ലേഷ്മളം സ്നിഗ്ധം വൃഷ്യം ദാഹക്ഷയകാസജിത്'.

ആമ്രാതകം, പീതനം, മർക്കടാമ്രം, കപീതനം എന്നിവ അമ്പഴത്തിന്റെ പര്യായനാമങ്ങളാണ്. അമ്പഴങ്ങ പുളിരസമുള്ളതും, വാതഹരവും, ഗുരുവും, ഉഷ്ണവീര്യമുള്ളതും, രുചികരവും, സരവുമാണ്. പഴുത്ത അമ്പഴങ്ങ ചവർപ്പുരസമുള്ളതും, ശീതവീര്യവും, തൃപ്തികാരകവും, കഫവർദ്ധകവും, സ്നിഗ്ധതയുള്ളതും, വീര്യവർദ്ധകവുമാണ്. അത് വീര്യവർദ്ധകവും, മലവായുക്കളെ തടയുന്നതും, ശരീരത്തെ തടിപ്പിക്കുന്നതും, ഗുരുവും, ബലവർദ്ധകവുമാണ്. പിത്തം, ക്ഷതം, ചുട്ടുനീറ്റൽ, ക്ഷയം എന്നിവക്ക് നല്ലതാണ്.

'രാജനിഘണ്ടു' പറയുന്നു:

'ആമ്രാതകഃ പീതനകഃ കപിചൂതോ അമ്ലവാടകഃ
ശൃംഗി കപിരസാഢ്യശ്ച തനുക്ഷീരഃ കപിപ്രിയഃ
ആമ്രാതകഫലം വൃഷ്യം പിത്താസ്രകഫവഹ്നികൃത്
ശീതംകഷായം മധുരം കിഞ്ചിത് മാരുതകൃദ് ഗുരു'.

പീതനകം, കപിചൂതം, അമ്ലവാടകം, ശൃംഗി, കപി, രസാഢ്യം, തനുക്ഷീരി, കപിക്ഷീര എന്നിവ അമ്പഴത്തിന്റെ പര്യായപദങ്ങളാണ്. ആമ്രാതക ഫലം ശുക്രവർദ്ധകവും, രക്തപിത്തത്തെയും കഫത്തെയും ഉളവാക്കുന്നതും, അഗ്നിദീപകവുമാണ്. അത് ശീതവീര്യവും,

കഷായമധുരവും, കിഞ്ചിത് വാതവർദ്ധകവുമാണ്. ഗുരുവാണ്.

'മദനപാലനിഘണ്ടു' പറയുന്നു:

'ആമ്രാതഃ കഫവാതഘ്നോ രുചിഷ്യോ ജീർണ്ണശുലജിത്
തത്ഫലം ബൃംഹണം വൃഷ്യം തർപ്പണം ഗുരു ശീതളം
ദാഹക്ഷയഹരം രക്തപിത്തപ്രസാദനം
സ്വാദുപാകരസം സ്നിഗ്ധം വിഷ്ടംഭി കഫശൂലകൃത്'.

ആമ്രാതക, ആമ്രാവാട, ഫലിമോദ, ഫലകപി എന്നിവ പര്യായപദങ്ങളാണ്. പച്ച അമ്പഴങ്ങ വാതനാശകമാണ്. ഉഷ്ണമാണ്. രുച്യമാണ്. സരസമാണ്. പഴുത്ത അമ്പഴങ്ങ മധുരവും, ശീതളവും, ധാതുപുഷ്ടിപ്രദവുമാണ്. വാതപിത്തക്ഷയരക്താദികളിൽ ഉത്തമമാണ്.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:

'ആമ്രാതകഃ പീതനശ്ചമർക്കടാമ്രഃ കപീതനഃ
ആമ്രാതമമ്ലം വാതഘ്നം ഗുരൂണാം തുചികൃത്സരം
പക്വന്തു തുവരം സ്വാദുരസേ പാകേഹിമം സ്മൃതം
തർപ്പണം ശ്ലേഷ്മളം സ്നിഗ്ധം വൃഷ്യം വിഷ്ടംഭി ബൃംഹണം
ഗുരുബല്യം മരുതാപിത്തക്ഷതദാഹക്ഷയാസൃജിത്'.

ആമ്രാതകം, പീതന, മർക്കടാമ്ര, കപീതന, ആമ്രാത എന്നിവ അമ്പഴത്തിന്റെ പര്യായപദങ്ങളാണ്. അമ്പഴം രസയുക്തവും, വാതനാശകവും, ഗുരുവും, ഉഷ്ണവും, രുചികരവുമാണ്. സരമാണ്. പഴുത്ത അമ്പഴങ്ങ കഷായരസയുക്തവും, സ്വാദിഷ്ടവുമാണ്. വിപാകത്തിൽ മധുരവും, ശീതളവും, സന്തർപ്പണവും, കഫജനകവും, സ്നിഗ്ധവും, വൃഷ്യവും, വിഷ്ടംഭതവും, ബൃംഹണവും, ഗുരുവും, ബല്യവുമാണ്. വാതപിത്തക്ഷതദാഹക്ഷയനാശകവും, രക്തവികാരശമനവുമാണ്.

'സുശ്രുതസംഹിത' ചികിത്സാസ്ഥാനത്ത് പറയുന്നു:

ലിംഗത്തിലുണ്ടാകുന്ന ഒരു രോഗമാണ് ശുകം. അത് സർഷപി തുടങ്ങി പതിനെട്ട് വിധത്തിലുള്ള വ്രണങ്ങളാണ്. അതിന് ശുദ്ധിവരുത്തിയ അമ്പഴത്തൊലി, കടുക്കാത്തോട്, താന്നിക്കാത്തോട്, നെല്ലിക്കാത്തോട്, പാച്ചോറ്റിത്തൊലി, പനിച്ചിക്കായ എന്നിവ ചേർത്തുകാച്ചിയ എണ്ണകൊണ്ട് ധാരചെയ്താൽ ഉണങ്ങും.

അമ്പഴം, പന, തെങ്ങ്, പ്ലാവ്, മുരൾമരം, കൂവളം, ഇരിപ്പ, നറുവരി എന്നിവയുടെ കായയിൽ നിന്നെടുക്കുന്ന എണ്ണ പിത്തം ചേർന്ന വാതകോപത്തിൽ ഉപയുക്തമാണ്.

'സുശ്രുതസംഹിത' ചികിത്സാസ്ഥാനം, സ്നേഹോപയനഗിക ചികിത്സിതമനുസരിച്ച് നമ്മൾ മനസ്സിലാക്കേണ്ടത്, Essence oilലുകൾ ഔഷധനിർമ്മാണത്തിനായി ഉപയോഗിക്കുന്നത് ഇന്നുമുതലൊന്നുമ

ല്ല, പണ്ടുമുതൽക്കേ ഉണ്ടായിരുന്നുവെന്നാണ്.

'അഷ്ടാംഗഹൃദയം' ചികിത്സിതം പറയുന്നു:
'ഉഷ്ണസ്നിഗ്ധാമ്ലലവണാമേധ്യ മാംസരസാഹിതാഃ
ആമ്രാതക പേശിഭി സംസ്കൃതാ രാഗഖാണ്ഡവാഃ'.

ഉഷ്ണവും, സ്നിഗ്ധവും, അമ്ലലവണരസമുള്ളതുമായ പുഷ്ടിയുള്ള ജന്തുക്കളുടെ മാംസം വെന്തെടുക്കുന്ന രസങ്ങളും അമ്പഴങ്ങയും, മാങ്ങയും സംസ്കരിച്ചെടുത്ത രാഗങ്ങളും, ഖാണ്ഡവങ്ങളും മദാത്യയ ത്തിൽ(മദ്യംകൊണ്ട് ബോധമറ്റതിന്) ഉപയോഗിക്കുന്നത് നല്ലതാണ്.

'അഷ്ടാംഗഹൃദയം' ഗുന്മചികിത്സിതം പറയുന്നു:
'ദശമൂലം ബലാം കാലാം സുഷവീം ദ്വൗപുനർന്നവൗ
പൗഷ്കരൈരണ്ഡ രാസ്നാശ്വഗന്ധാഭാർങ്ഗ്യമൂത്രാശഠീഃ
പചേൽ ഗന്ധപലാശം ച ദ്രോണേപാം ദ്വിപലോന്മിതം
യവൈഃ കോലൈഃ കുലത്ഥൈശ്ച മാഷൈശ്ച പ്രാസ്ഥികൈസ്സഃ
ക്വാഥേസ്മിൻ ദധിപാത്രേ ച ഘൃതപ്രസ്തം വിപാചയേൽ
സ്വരസൈർദാഡിമാമ്രാത മാതളം ഗോദ്വൈർയുതം
തഥാതുഷാംബു ധാന്യാമ്ലയുതൈഃ ശ്ലക്ഷ്ണൈശ്ച കല്ക്കിതൈഃ
ദാർങ്ഗീ തുംബുരു ഷൾഗ്രന്ഥാ ഗ്രന്ഥി രാസ്നാഗ്നി ധാത്ര്യകൈഃ
യവാനക യവാന്യുമ്ലവേതസാ സിത ജീരകൈഃ
അജാജി ഹിംഗു ഹപുഷാ കാരവീ വൃഷകോഷകൈഃ
നികുംഭ കുംഭമുർവേദ പിപ്പലീ വേല ദാഡിമൈഃ
ശ്വദംഷ്ടാത്രപുസൈർ വാരുബീജ ഹിംസ്രാശ്മഭേദകൈഃ
മിസിദ്വിക്ഷാര സുരസ ശാരിബാ നീലിനീഫലൈഃ
ത്രികടു ത്രിപടുപേതൈർ ദാധികം തദ്വ്യപോഹതി
രോഗനാശുതരാൻ പൂർവ്വാൽ കഷ്ടാനപി ച ശീലിതം
അപസ്മാരഗരോന്മാദ മൂത്രാഘാതാനിലമയാൻ'

ദശമൂലം, കുറുന്തോട്ടിവേര്, അമരി, പുല്ലാനി, വെളുത്ത തഴുതാമ, ചുകന്ന തഴുതാമ, പുഷ്കരമൂലം, ആവണക്കിൻവേര്, ചിറ്റരത്ത, അമുക്കുരം, ചെറുതേക്ക്, അമൃത്, കച്ചോലം, അയമോദകം എന്നിവ രണ്ടുപലം വീതവും യവം, ലന്തക്കുരു, മുതിര, ഉഴുന്ന് എന്നിവ പതിനാറുപലം വീതവുമെടുത്ത് പതിനാറ് ഇടങ്ങഴി വെള്ളത്തിൽ കഷായം വെച്ചത് ഊറ്റിവെക്കുക. അതിൽ നാല് ഇടങ്ങഴി തൈര്, ഇടങ്ങഴി നെയ്യ്, അമ്പഴങ്ങ, മാതളപ്പഴം, വള്ളിനാരങ്ങ എന്നിവയുടെ സ്വരസം, അരിക്കാടി, വെപ്പുകാടി എന്നിവയും ചേർക്കുക. ചെറുതേക്ക്, ഉണക്കലരി, വയമ്പ്, കാട്ടുതിപ്പലിവേര്, ചിറ്റരത്ത, കൊടുവേലി, കൊത്തമല്ലി, അയമോദകം, ക്രോശാണി, പിണമ്പുളി, കരിംജീരകം, നല്ല ജീ

രകം, കായം, അടക്കാമണിയൻ, പെരുംജീരകം, ആടലോടകം, ഓരുമണ്ണ്, നാഗദന്തി, ശിവത, പെരുകുരുമ്പ, അത്തിത്തൊലി, വിഴാലരി, മാതളനാരങ്ങ, ഞെരിഞ്ഞിൽ, മുള്ളൻവെള്ളരിവിത്ത്, വെള്ളരിവിത്ത്, ജഡാമാഞ്ചി, അമരിക്കത, ത്രികടു, ഇന്തുപ്പ്, തുവർച്ചിലയുപ്പ്, വിളയുപ്പ് എന്നിവ കഷായംവെച്ചത് കാച്ചിയരിച്ചെടുക്കുക. തുടർന്നിതെല്ലാം, ഒന്നിച്ചുചേർത്തുണ്ടാക്കിയ മരുന്നിനെ 'ദാധികം' എന്നു വിളിക്കുന്നു. ഇത് കഴിച്ചാൽ വാതഗുന്മം, വാതരക്തം എന്നിവയും വയർചീർപ്പ്, പാർശ്വ ങ്ങളിലും ഹൃദയത്തിലും കോഷ്ഠത്തിലുമുള്ള വേദനകൾ എന്നിവയും യോനീരോഗം, അർശ്ശോരോഗം, ഗ്രഹണി, കാസം, ശ്വാസം, അരുചി, ജ്വരം എന്നിവയും മാറ്റും. അപസ്മാരം, ഉന്മാദം, കൂട്ടുവിഷം, മൂത്രാഘാതം, വാതവികാരങ്ങൾ എന്നിവയെ ശമിപ്പിക്കും. ഇതിൽ ദധി(തൈര്) അധികം ചേർക്കുന്നതുകൊണ്ടുകൂടിയാണ് ഇതിനെ ദാധികമെന്നുവിളിക്കുന്നത്. ഇത് ഗുന്മരോഗങ്ങളിൽ വിശേഷപ്പെട്ട ഔഷധമാണ്.

'ചരകസംഹിത' സൂത്രസ്ഥാനം പറയുന്നു:
'ജംബ്വാമ്രാതക ബദരീ വേതസ പഞ്ചപല്ലവൈവൈശ്ചല്ലാഃ
ഹൃദ്മുഖശിരഃ പ്രദേഹസംശ്രിത മൂർച്ഛഭ്രമദമതൃഷ്ണാഘ്നാഃ
ദാഡിമ ദധി തഥാ ലോദ്ധ്രൈഃ സവിദാരീ ബീജപൂരകൈഃ ശിരസഃ
ലേപോ ഗൗരാമലരകൈർ ഘൃതനായയുതൈശ്ചാഹിതഃ
ശൈവ പങ്കാം ബുരുഹൈഃ
സാമ്ലൈ സഘൃതൈശ്ച സക്തഭിർലേപാഃ'

അമ്പഴത്തോൽ, ഞാറൽതോൽ, ലന്തത്തോൽ, പുളിപഞ്ചിമരത്തോൽ, പഞ്ചപല്ലവങ്ങൾ(നാത്പാമരം+കല്ലാല്), പഞ്ചാമ്ലങ്ങൾ('കോലവൃക്ഷാമ്ല ചുക്രീകാ സംയുതശ്ചാമ്ല വേതസൈഃ ചതുരമിതി പ്രോക്തം പഞ്ചാമ്ലസ്തുസ ദാഡിം') എന്നിവയരച്ച് നെഞ്ചിലും, മുഖത്തും, ശിരസ്സിലും ലേപനം ചെയ്താൽ മോഹാലസ്യം, തലചുറ്റൽ, ദാഹം എന്നിവ ശമിക്കും.

'ഷഡലവിരേചനശതാനീയം' ചരകസംഹിത സൂത്രസ്ഥാനം നാലാം അദ്ധ്യായമാണ്. അതിൽ അമ്പഴത്തെ കഷായ വർഗ്ഗത്തിലാണ് ഉൾപെടുത്തിയിരിക്കുന്നത്.

'ആമ്രാമ്രാതക നികുച കരമർദ്ദ വൃക്ഷാമ്ലചേതസ
കുവലബദര ഡാഡിമാതളം ഗാനി നിദശേമാനി
മൃദ്യാനി ഭവന്തി ഇതിചതുഷ്കഃ കഷായവർഗ്ഗഃ'

അമ്പഴങ്ങ, മാങ്ങ, അയനിചക്ക, പെരുകാവ്, പുളി, പുളിവഞ്ചിക്കായ, താമര, ലന്തക്കുരു, ഉറുമാമ്പഴം, മാതളനാരങ്ങ എന്നീ പത്തെണ്ണം

ഹൃദ്യമാണ്. കഷായവർഗ്ഗമാണ്.

'ചരകസംഹിത' ആത്രേയഭദ്രകാപ്യയം പറയുന്നു:
'ആമ്രാമ്രാതകമാതുലുംഗലക ചകരമർദമോചഹഅദന്തശംബദര
കോശാമ്രദവ്യജാംബവകപിതഥതിന്തീഡികപാരാവതഃ
ക്ഷോടപനസനാളി കേരദാ ഡിമാമ ലകന്യേവം
പ്രകാരണിചാന്യാനിസർവം ചാമ്ലം ദ്രവമദ്രവം ച പയസസഃ
വിരുദ്ധം തഥാകംഗുവരകമകുഷ്ഠം കുലത്ഥമാഷ നിഷ്പാവാഃ
പയസാ സഹവിരുദ്ധഃ'.

അമ്പഴങ്ങ, മാങ്ങ, മാതളനാരങ്ങ, അയനിച്ചക്ക, പെരുപ്ലാവ്, വാഴപ്പഴം, ചെറുനാരങ്ങ, ലന്തപ്പഴം, ബിലിമ്പിക്കായ, വൈരപ്പുളി, ഞാവൽ പഴം, വിളാമ്പഴം, മരപ്പുളി, പാരാവതം, അക്രോട്ടം, ചക്കപ്പഴം, നാളികേരം, ഉറുമാമ്പഴം, നെല്ലിക്ക, പുളിയുള്ള പദാർത്ഥങ്ങൾ എന്നിവ പാലിനോടുചേർത്ത് കഴിച്ചാൽ വിരുദ്ധമാണ്.

'മധുരം ബൃംഹണം ബല്യം ആമ്രാതം തർപ്പണം ഗുരു
സസ്നേഹം ശ്ലേഷ്മളം ശീതം വൃഷ്യം പിഷ്ടംദ്യജീര്യദി'.

അമ്പഴം മധുരവും, ബൃംഹണവും, ബലമുണ്ടാക്കുന്നതും തൃപ്തികരവും, ഗുരുവും, സ്നിഗ്ധവുമാണ്. കഫവർദ്ധകവും ശീതവീര്യവും വൃഷ്യവുമാണ്. വയറുസ്തംഭനമുണ്ടാക്കി ദഹിപ്പിക്കുന്നതുമാണ്.

'സുശ്രുതസംഹിത' രസാവിശേഷവിജ്ഞാനിയം പറയുന്നു:
'ദാഡിമാമലകമാതുലും ഗാമ്രാതക കപിത്ഥ കരമറുബദര കോലഃ
പ്രാചീനാമലകതിന്ദിട കോശമ്രകഭവ്യപാരാവാത വേത്ര
ഫല ലകുചാമ്ലവേസതസ ദാന്തശഠ ദധിതക്രമസുരാബു ആരക
തുഷോദകധ്യാമ്ല പ്രഭൃതീനിസാമസേനമ്ല വർഗ്ഗഃ'.

അമ്പഴങ്ങ, ഉറുമാമ്പഴം, നെല്ലിക്ക, മാതളനാരങ്ങ, വിളാമ്പഴം, കരമർദ്ദഫലം, ലന്തക്കുരു, പ്രാചീനമലകം, വാളൻപുളി, ബിലിമ്പിക്കായ, ഭവ്യഫലം, പാരാവതം, ചുരൻക്കായ, അയനിച്ചക്ക, പുളിയിഞ്ചിക്കായ, ചെറുനാരങ്ങ, തൈര്, മോര്, സുര, സുക്തം, സൗവീരകം, അരിക്കാടി, വെപ്പുകാടി എന്നിവ അമ്ലവർഗ്ഗത്തിൽപ്പെട്ടവയാണ്.

'കൈഡര്യാദി നിഘണ്ടു' പറയുന്നു:
'ആമ്രാതപാദവോബിംബഫലോപമ ഫലോല്ലപകഃ
ജിംഗിക്കിസദൃസപത്രാഗിരത്രഭവതിരേവതേ'.

'ആമ്രാതമമ്ലം വാതഘ്നം രുച്യം പിത്തകഫാസ്രകൃത്
സരം ഗുരുഷ്ണം പക്വം തുസ്വാദുപാകരസംഹിമം
തർപ്പണം ശ്ലേഷ്മളം സനിഗ്ധം വൃഷ്യം വിഷ്ടം ഭിബൃഹണം

ആമ്രാതകപ്രവാളം തുഗ്രാഹിദീപനരോചനം'.

'നിഘണ്ടുരത്നാകരം' പറയുന്നു:
'ആമ്രാതകോ ഗുരുശ്ചോഷ്ണോതരോ അമ്ലോതരുചിപ്രദഃ
സരഃ കണ്ഠ്യഃ പിത്തകഫരക്തകാരി ച സംസ്കൃതഃ
ആമവാതസ്യവാതസ്യ ചാമസ്യചവിനാശനഃ
സംപക്വസ്സവരശീതോഗുരുർ വൃഷ്യോ ബലപ്രദഃ
മധുരസ്തൃപ്തികഫകൃത് സ്നിഗ്ധോ ധാതുവിവർദ്ധകഃ
മലസ്തംഭകരോ വാതകഫപിത്തവിനാശനഃ
രക്തരുക്ദാഹ ക്ഷതരുക് ക്ഷയനാശകരോമതഃ'.

'സുശ്രുതസംഹിത' സൂത്രസ്ഥാനത്ത് പറയുന്നു:
'ആമ്രാതകഫലം വൃഷ്യസസ്നേഹം ശ്ലേഷ്മവർദ്ധനം'.

അമ്പഴങ്ങ തുലോം നല്ല രുചിക്കും, ദഹനത്തിനും നല്ലതാണ്. വാതപിത്തങ്ങളെ ഇല്ലാതാക്കും. ബലത്തെ വർദ്ധിപ്പിക്കും. വിരേചനമുണ്ടാക്കും. വെളുത്ത അമ്പഴത്തിന്റെ തളിരിന്റെ ഗുണങ്ങൾ ദീപനവും, വാതപിത്തഘ്നവുമാണ്. അമ്പഴത്തിന്റെ വേരിന്മേൽതൊലി ഗ്രഹണീസരണങ്ങൾക്ക് ഉത്തമമാണ്.

അമ്പഴത്തൊലിയുടെ നീരും, തേങ്ങാപാലും ചേർത്തുകഴിച്ചാൽ വയറിളക്കവും, വിഷൂചികയും, രക്താതിസാരവും മാറും.

അമ്പഴത്തൊലി, നാത്പാമരത്തൊലി എന്നിവയുടെ കഷായത്തിൽ അമ്പഴത്തൊലി, നാത്പാമരത്തൊലി എന്നിവ കൽക്കനായി എണ്ണകാച്ചിയെടുത്തത് തുണിയിൽമുക്കി യോനിയിൽ പിച്ചുവെച്ചാൽ മുറിഞ്ഞയോനിയും സുഖപ്പെടും.

അമ്പഴത്തൊലിയുടെ രസം ദാഹത്തിന് ഉത്തമമാണ്.

സ്കർവിരോഗം മാറുന്നതിന് അമ്പഴത്തിന്റെ നീര് ഉപയോഗിക്കാൻ നല്ലതാണ്.

അമ്പഴത്തൊലിയുടെ നീരിൽ ദേവതാരം അരച്ചത് ശോഥത്തിനും, വാതവീക്കത്തിനും തുടരെത്തുടരെ പുരട്ടിയാൽ മതി.

പിത്തരോഗത്തിന് അമ്പഴത്തിന്റെ പിഞ്ചുകായയുടെ നീരിൽ കുരുമുളകും കൽക്കണ്ടവും ചേർത്ത് കൊടുത്താൽ മതി.

അമ്പഴത്തിന്റെ വേര് അരച്ചുകഴിച്ചാൽ അമിതമായ ആർത്തവം ശമിക്കും.

ജ്വരശമനത്തിന് അമ്പഴത്തിന്റെ തൊലിയരച്ചത് കാൽവെള്ളയിൽ

തളമിടുകയും, നെല്ലിക്കയോളം വലുപ്പത്തിൽ കഴിക്കുകയും ചെയ്താൽ മതി.

അമ്പഴത്തിന്റെ ഇല, പൂവ്, കായ, വേര്, തൊലി എന്നിവ കഷായം വെച്ച് കഴിച്ചാൽ വെള്ളപോക്കും, പൂയസ്രാവവും മാറും.

അമ്പഴത്തിന്റെ തണ്ട് കഷായംവെച്ച് കഴിച്ചാൽ ഗൊണോറിയ, യോനിസ്രവങ്ങൾ എന്നിവ മാറും.

അമ്പഴത്തിന്റെ പശയിൽ പുളിങ്കുരുവിന്റെ പരിപ്പ് അരച്ചുകഴിച്ചാൽ സ്ത്രീകളുടെ സെർവിക്കൽ ക്യാൻസർ മാറും.

മൃഗചർമ്മം ഊറക്കിടുന്നതിന് അമ്പഴത്തോലാണ് ഉപയോഗിക്കുന്നത്.

വേദനയിലും മറ്റും ആവികൊള്ളുന്നതിന് അമ്പഴപ്പശ വളരെ ഉത്തമമാണ്.

അമ്പഴത്തൊലി കഷായംവെച്ചുകഴിച്ചാൽ ഹൃദ്‌വാതം(ആർ.എച്ച്) മാറും.

മാംസപേശികൾക്കുവരുന്ന വാതം(Muscular Dystrophy) അമ്പഴത്തൊലി കഷായംവെച്ച് കഴിച്ചാൽ മാറും.

അമ്പഴത്തിന്റെ പച്ചക്കായയുടെ സ്വരസം തൊണ്ടവേദനക്ക് നല്ലതാണ്.

അമ്പഴത്തിന്റെ പച്ചക്കായ വിളർച്ച(പാണ്ഡുത)ക്ക് നല്ലതാണ്.

അമ്പഴത്തിന്റെ പച്ചക്കായ വാതവികാരങ്ങളെ ശമിപ്പിക്കാൻ ഉത്തമമാണ്.

കുട്ടികൾക്ക് പിത്തവും, ദഹനക്കേടും വരുമ്പോൾ പഴയകാലത്തെ അമ്മമാർ കൊടുത്തിരുന്നത് അമ്പഴത്തിന്റെ പഴച്ചാറാണ്.

അമ്പഴത്തൊലിയുടെ നീരും, ഊരകവേരും, കുറുന്തോട്ടിവേരും, നിലമ്പരണ്ട സമൂലവും, നിലപ്പനക്കിഴങ്ങും എണ്ണയിൽ കാച്ചിയരിച്ചെടുത്തത് പുറത്ത് പുരട്ടുകയും, കഴിക്കുകയും ചെയ്താൽ അസ്ഥിസ്രാവം മാറും.

അമ്പഴത്തിന്റെ തൊലി വെള്ളത്തിൽ അരച്ചുകഴിച്ചാൽ അർശ്ശസും, അതിസാരവും കുറയും.

അമ്പഴത്തൊലി, കുറുന്തോട്ടിവേര്, ചെമ്പരത്തിപ്പൂവ്, ചെത്തിപ്പൂവ്, തേങ്ങാപാൽ എന്നിവ എണ്ണയിൽ കാച്ചിയത് തെളിഞ്ഞാൽ, അത്

അരിച്ചെടുത്ത് കഴിച്ചാൽ വെള്ളപോക്കും, രക്തംപോക്കും ശമിക്കും.

അമ്പഴത്തൊലി കാടിവെള്ളത്തിൽ അരച്ചുപുരട്ടിയാൽ നീര് മാറുന്നതാണ്.

അമ്പഴത്തൊലി, താമരയല്ലി, അയമോദകം, ചുക്ക്, താതിരപ്പൂവ് എന്നിവ അറുപതുഗ്രാം രണ്ടരക്കുപ്പി വെള്ളത്തിൽ വെന്ത് ഒന്നേകാൽ കുപ്പിയാകുമ്പോൾ നാഴി മോരുചേർക്കുക. അതിൽ പൊടിയരിയിട്ട് കഞ്ഞിവെച്ചുകഴിച്ചാൽ ഗർഭിണിയുടെ രക്താതിസാരവും, ഗ്രഹണിയും മാറും. ഇതേ മരുന്ന് ഹീമോഫീലിയരോഗത്തിന് വിശേഷപ്പെട്ടൊരു ഔഷധമാണ്.

ചിത്തിര നക്ഷത്രം

കൂവളം

ശാസ്ത്രനാമം : Aegle Marmelos(Linn)Corr.
കുടുംബം : Rutaceae.
കുലം : ജംബീരകുലം.
ഇംഗ്ലീഷ് നാമം : Bael Tree, Moly Fruit Tree.
സംസ്കൃതം : വില്വഃ, മാലൂരഃ, ശ്രീഫലഃ, ശാണ്ഡില്യഃ, ശിവദ്രുമഃ, മഹാപിത്ഥഃ, മംഗല്യം, സദാഫലഃ, ശൈലൂഷഃ.
മലയാളം : കൂവളം, കൂളകം.
ഹിന്ദി : ബേൽ, സിർഫല്.
തമിഴ് : കൂവിലം, വില്വം.
കന്നട : ബേലപത്രി.
തെലുങ്ക് : ബില്വമു, മരേടു.

നക്ഷത്രഗണത്തിൽ പതിനാലാമത്തെ നക്ഷത്രമാണ് ചിത്തിര. സ്ഥിതിനക്ഷത്രമാണ്. ദേവൻ ത്വഷ്ടാവാണ്. അസുരഗണമാണ്. സ്ത്രീയോനിയാണ്. അക്ഷരം അകാരമാണ്. മന്ത്രാക്ഷരം ശികാരമാണ്. ഭൂതം അഗ്നിയാണ്. മൃഗം പെൺകടുവയാണ്. പക്ഷി കാക്കയാണ്. വൃക്ഷം കൂവളമാണ്.

ചിത്തിര നക്ഷത്രം കുട്ടികൾക്ക് കാതുകുത്ത്, ചോറൂണ്, ഉപനയനം, ഗൃഹപ്രവേശം, പുണ്യകർമ്മങ്ങൾക്കാരംഭം തുടങ്ങിയ കർമ്മങ്ങൾക്കെല്ലാം യോജിച്ച നക്ഷത്രമാണ്.

ചിത്തിര നക്ഷത്രത്തിൽ സ്ത്രീകൾ ജനിച്ചാൽ അനപത്യദോഷം കൂടുതലായി കാണുന്നുണ്ടെന്ന് പറയന്നു. ദോഷങ്ങൾ മാറുന്നതിന് കൂവളം നട്ട് പതിവായി വെള്ളമൊഴിക്കുകയും, അതിന് പ്രദക്ഷിണം വെക്കുകയും ചെയ്താൽ നല്ലതാണെന്നും കരുതപ്പെടുന്നു.

ചിത്തിര നക്ഷത്രത്തിൽ ജനിച്ചവന് ദുഷിച്ചസ്ത്രീകളിൽ പ്രിയവും, പാപസ്വഭാവവും, ഭംഗിയുള്ള കണ്ണുകളും, സുന്ദരശരീരവും, വിശിഷ്ടവസ്തുക്കളുടെ ഉടമസ്ഥതയും, സുഖവും, അന്യദേശത്ത് വാസവുമാണ് ഫലം.

ചിത്തിര നക്ഷത്രത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു: 'ചിത്രാംബര മാല്യധരഃ സുലോചനാംഗശ്ച ഭവതിചിത്രായാം'.

ചിത്തിര നക്ഷത്രത്തിൽ ജനിച്ചവർ സ്നേഹം ഉള്ളിൽമാത്രം സു

ക്ഷിക്കുന്നവരും, അത് പുറത്തേക്ക് പ്രകടിപ്പിക്കാത്തവരും, തന്റെ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നവരും, ജനസമ്മതരും, മറ്റുള്ളവരുടെ സ്നേഹാദരങ്ങൾക്ക് പാത്രീഭൂതരും, ശക്തമായ ആത്മവിശ്വാസം പ്രകടിപ്പിക്കുന്നവരും, പരോപകാരപ്രിയരും, ദൈവവിശ്വാസികളുമായിരിക്കും. ഇക്കാരണങ്ങൾകൊണ്ട് ചിത്തിരക്കാരെ എല്ലാവരും ഇഷ്ടപ്പെടും.

ചിത്തിര നക്ഷത്രവൃക്ഷമായ കൂവളത്തെ ഇന്ത്യൻ വനങ്ങളിലുടനീളവും, നാട്ടുപ്രദേശങ്ങളിലും കാണാം. ജനങ്ങൾ കൂവളം നട്ടുവളർത്താറുമുണ്ട്. പത്തുപതിനഞ്ചുമീറ്റർ ഉയരത്തിൽവരെ വളരുന്ന വൃക്ഷമാണ് കൂവളം. ശാഖോപശാഖകളിലെല്ലാം മുള്ളുകളുള്ളതാണ്. മുള്ളുകൾ നീളമുള്ളവയും, ബലമുള്ളവയുമാണ്. ഇലകൾ മൂന്ന് പത്രങ്ങളോടുകൂടിയതാണ്. രണ്ടെണ്ണം രണ്ട് വശങ്ങളിലേക്കും, ഒരെണ്ണം മധ്യത്തിലുമായി കാണപ്പെടുന്നതുകൊണ്ട് കൂവളയില ശിവന്റെ നേത്രങ്ങളാണെന്ന് വിശ്വസിക്കുന്നവരുണ്ട്. കൂവളപ്പൂക്കൾ ഇളംപച്ച നിറമുള്ളതാണ്. നല്ല ഗന്ധമുള്ളതാണ്. ഇലകളുടെ ഞെട്ടിൽനിന്നാണ് പൂവുണ്ടാകുന്നത്. പൂക്കൾ അഞ്ച് ദളങ്ങളുള്ളതാണ്. അമ്പതുവരെ കേസരങ്ങൾ കാണാം. കൂവളക്കായ ഉരുണ്ടതാണ്. പഴുത്താൽ മഞ്ഞനിറമാണ്. കായയുടെ പുറന്തോടിന് കട്ടിയുള്ളതുകൊണ്ട് പണ്ടുള്ളവർ ഇതിനെ ഭസ്മക്കുടുക്കയായി ഉപയോഗിച്ചിരുന്നു.

കൂവളക്കായയിൽ റിബോഫ്ളാവിൻ, പെപ്സിൻ, ടാനിൻ എന്നിവയുണ്ട്. റെസിൻ, ഒരുതരം ബാഷ്പശീതതൈലവുമുണ്ട്. കായയുടെ മജ്ജയിൽ എമ്പറട്ടോറിയം എയും, എമ്പറട്ടോറിയം ബിയുമുണ്ട്. അതുകൊണ്ടുതന്നെ കൂവളക്കായ ഒരുത്തമ കൃമിനാശകമാണ്. കായയിൽതന്നെ വീര്യമേറിയ മാർമലോസിനുമുണ്ട്. കൂവളത്തൊലിയിൽ മാർ മിനുണ്ട്. കൂവളവേര് ഭസ്മമാകുമ്പോൾ, അതിൽ സോഡിയം, പൊട്ടാസിയം, കാത്സ്യം, കാർബണേറ്റ് എന്നിവയെ കാണാം. കൂവളവിത്തിൽ കയ്പുള്ളൊരു തൈലമുണ്ട്. ഇത് വിരേചനീയമാണ്. കൂവളയിലയിലാകട്ടെ, പച്ചനിറവും ഗന്ധവുമുള്ളൊരു തൈലമുണ്ട്. ഇതിൽ എജിലിൻ, എജിലാനിൻ എന്നീ ആല്ക്കലോയിഡുകളുണ്ട്.

കൂവളത്തിന്റെ രസം കഷായവും, തിക്തവുമാണ്. ഗുണം ലഘുവും, രൂക്ഷവുമാണ്. പഴുത്ത കായയുടെ ഗുണം സ്നിഗ്ധവും, സരവും, ശ്ലക്ഷ്ണവുമാണ്. ഉഷ്ണവീര്യമാണ്. കടുപിപാകമാണ്.

കൂവളം വാതം, കഫം, ഛർദ്ദി, വായുമുട്ടൽ, ചുമ, ഇക്കിൾ, ക്ഷയം, ജ്വരം, അതിസാരം, ശൂലം എന്നിവയെ ശമിപ്പിക്കും. അഗ്നിവർദ്ധകമാണ്. കൂവളം കുറഞ്ഞയളവിൽ പിത്തവർദ്ധകമാണ്. ആമത്തെ പചി

ക്കും. മലബന്ധമുണ്ടാക്കും. രുചിപ്രദായകമാണ്.

കൂവളം ത്രിദോഷഹരമാണെന്ന് കരുതുന്നവരുണ്ട്. 'രാജവല്ലഭ'മതം പറയുന്നത് കൂവളം രക്തപിത്തശമനമെന്നാണ്.

കൂവളത്തിന്റെ ഇളയ കായ ഗ്രാഹിയാണ്. ഗ്രഹണിക്ക് നല്ലതാണ്. ആമദോഷം, ശൂലം, വാതം, കഫം എന്നിവയെ മാറ്റുന്നതാണ്. പിത്തവർദ്ധകമാണ്. സംഗ്രഹണീയവും, ദീപനവുമാണ്. വാതത്തെയും, കഫത്തെയും ശമിപ്പിക്കുന്ന ഔഷധങ്ങളിൽ ശ്രേഷ്ഠമാണ്.

കൂവളത്തിന്റെ പഴുത്ത കായക്ക് സുഗന്ധമുണ്ട്. അത് ശുക്ലവർദ്ധകമാണ്. വിദാഹിയും, ദുർജ്ജരവുമാണ്.

കൂവളത്തിന്റെ പൂവ് അതിസാരത്തിനും, തണ്ണീർദാഹത്തിനും, ഛർദ്ദിക്കും നല്ലതാണ്.

കൂവളവിത്തിൽ നിന്നെടുക്കുന്ന തൈലം വാതഹരമാണ്. അത് ഉഷ്ണവുമാണ്.

'കാഞ്ജികെ സംസ്ഥിതം വില്വമഗ്നിസന്ദീപനംപരംഹൃദ്യം
രുചികരം പ്രോക്തമാമവാതവിനാശനം'.

ഫലവർഗ്ഗത്തിൽ കഫഘ്നദ്രവ്യമാണ്. കൂവളക്കായ ഒഴിച്ചുള്ള ഫലങ്ങളെയാണ് ഗുണവസ്തങ്ങളെന്ന് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് കൂവളക്കായ പച്ചയായി എടുക്കണമെന്നും, പുഴുങ്ങി ഉപയോഗിച്ചാൽ കൂടുതൽ ഉത്തമമാകുമെന്നും അഭിപ്രായമുള്ളവരുണ്ട്. കൂവളത്തിന്റെ ഇളയ കായ ഉണക്കിയതാണ് കൂടുതൽ ഉത്തമം.

'സുശ്രുതസംഹിത' പറയുന്നു:
'ദ്രാക്ഷാവില്വ ശിവാദീനാം ഫലം ശുഷ്കം ഗുണാധികം',
'ഫലേഷ്ഠ പരിപ ക്വംയത് ഗുണവത്തഭുദാഹൃതം
വിജ്ഞേയമാമന്തദ്ധി ഗുണോത്തരം'.

വില്വ, ശാണ്ഡില്യ, ശൈലൂഷ, മാലൂരഃ, ശ്രീഫലഃ, മഹാകപിത്ഥാഖ്യഃ, ഗോഹരീതയീ, പൂതിവാതഃ, മംഗല്യഃ, ത്രിശിഖഃ, കപീതനഃ, മഹാഫലഃ, ശല്യഃ, ഹൃദഗന്ധാ, ശലാടുഃ, കർക്കടാഹ്വഃ, ശൈലപത്രഃ, ശിവേഷ്ഠഃ, ത്രിപത്രഃ, ഗന്ധപത്രഃ, ലക്ഷ്മീഫലഃ, സുനീൽകഃ, സമീരസാരഃ, സത്യധർമ്മഃ, അധരാരുഹഃ, കണ്ടാകാഢ്യഃ, സിതാനനഃ, നീലമല്ലികഃ, പീതഫലഃ, സോമഹരീതകി എന്നിവ കൂവളത്തിന്റെ സംസ്കൃതത്തിലുള്ള പര്യായപദങ്ങളാണ്.

വില്വ- വില്വഭേദനേ=സേവിക്കുന്നവരുടെ പാപത്തെ കഴുകിക്കളയുന്നത്. ശാണ്ഡില്യ=മുള്ളുകൊണ്ട് വേദനിപ്പിക്കുന്നത്. ശാണ്ഡില്യമഹ

ർഷിക്ക് സമമായി ശിവഭക്തന്മാരാൽ പൂജിയ്ക്കപ്പെടുന്നത്. ശൈലൂഷ=അനേകരൂപം ധരിക്കുന്നത്. മാലൂര- മലമല്ലധാരണേ=ദേവന്മാരാൽ ധരിക്കപ്പെടുന്നത്. ശ്രീഫല=ശ്രീയുക്തമായ ഫലത്തോടുകൂടിയത്.

കൂവളം 'ബൃഹത്പഞ്ചമൂല'മെന്നതിലെ പ്രധാന ഔഷധമാണ്.

കൂവളം 'വരണാദിഗണ'ത്തിലും, 'അംബഷ്ടാദിഗണ'ത്തിലും, പെടുത്തിയിരിക്കുന്ന അധോഹരവും, ആസ്ഥാനോപയോഗിയും, ശോഥഹരവും, അനുവാസനോപയോഗിയുമാണ്.

കൂവളം ബാഹ്യമായി ശോഥഹരവും, വേദനസ്ഥാപനവുമാണ്. ആഭ്യന്തരമായി നാഡീവ്യൂഹം പ്രത്യേകിച്ച്, വാതനാഡീബലദായകമാണ്.

കൂവളം പാചനേന്ദ്രിയങ്ങളിൽ ദീപനവും, പാചനവും, ഗ്രാഹിയും, ആമശൂലഹരവും, ഛർദ്ദിഘ്നവുമാണ്.

കൂവളം രക്തേന്ദ്രിയങ്ങളിൽ ശോഥഹരവും, രക്തസ്തംഭനവുമാണ്.

കൂവളം ശ്വസനേന്ദ്രിയങ്ങളിൽ ശ്ലേഷ്ഠംഘ്നവും, കാസഹരവുമാണ്.

കൂവളം ജനനേന്ദ്രിയങ്ങളിൽ ഗർഭാശയശോഥഹരമാണ്.

കൂവളം മൂത്രേന്ദ്രിയങ്ങളിൽ മൂത്രകൃഛ്രഹരമാണ്.

കൂവളം ജ്വരഹരമാണ്.

കൂവളത്തിന്റെ മാത്ര: ക്വാഥം തൊണ്ണൂറുമുതൽ നൂറ്റിയിരുപതുവരെയും, ചൂർണ്ണം മൂന്നുഗ്രാം മുതൽ അഞ്ചുഗ്രാം വരെയും, സ്വരസം പത്ത് എം.എൽ മുതൽ ഇരുപത്തിയഞ്ച് എം.എൽ.വരെയും കഴിക്കാം.

കൂവളത്തെ വേദങ്ങൾ മോക്ഷപ്രദമായ ദിവ്യൗഷധങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയാണ് പ്രശംസിക്കുന്നത്.

കായകല്പത്തിൽ കൂവളത്തിന്റെ ചൂർണ്ണവും, സ്വർണ്ണഭസ്മവും, തേനും, നെയ്യും ചേർത്ത് ഉപയോഗിക്കുന്നുണ്ട്.

കൂവളം അണുനാശകവും, മംഗളദായകവും, അലക്ഷ്മീനാശകവുമാണ്.

കൂവളം ഗ്രാമ്യമെന്നും, വന്യമെന്നും രണ്ടുതരത്തിലുണ്ട്. വന്യവൃക്ഷത്തിന്റെ ഇലകൾ നീളം കൂടിയതും, മുള്ളുകൾ കൂടുതലുള്ളതും,

കായ ചെറുതും, കട്ടിയായ തോടുള്ളതുമാണ്.

മാർക്കറ്റിൽ ഇന്ന് വിളാങ്കായയുടെ മജ്ജക്ക് പകരമായി കിട്ടുന്നത് കൂവളത്തിന്റെ മജ്ജയാണ്. ഇത് തിരിച്ചറിയാൻ, കൂവളത്തിന്റെ കായ പൊട്ടിച്ചുനോക്കിയാൽ അതിനകത്തെ അരിക്കുചുറ്റും പൊള്ളയായ ഭാഗത്ത് ഒരുതരം ഉണങ്ങിയ പശയുള്ളതായി കാണാം.

കൂവളക്കായയുടെ മജ്ജ പതിനഞ്ചുഗ്രാം, അതിന്റെ പത്തിരട്ടി ആട്ടിൻപാലും, പാലിന്റെ ഇരട്ടി വെള്ളവും ചേർത്തുകാച്ചുന്നത് പാലളവാക്കിയെടുത്തതിൽ കൽക്കണ്ടം ചേർത്തുകഴിച്ചാൽ രക്താതിസാരം, പ്രവാഹിക എന്നീ രോഗങ്ങൾ പെട്ടെന്ന് ശമിക്കും.

കൂവളക്കായ ഗോമൂത്രത്തിൽ അരച്ചുകലക്കിയതിൽ ആട്ടിൻപാൽ ചേർത്ത് എണ്ണ കാച്ചിയെടുത്തത് ചെവിയിൽ ഇറ്റിച്ചാൽ ബാധിര്യം (ചെവികേൾക്കായ്ക)മാറും.

കൂവളത്തിന്റെ തൊലിയരച്ച് വിഷജന്തുക്കൾ കടിച്ച കടിവായയിൽ പുരട്ടിയാൽ നല്ലതാണ്.

കൂവളവേരിൻകഷായവും, മലർപ്പൊടിയും, പഞ്ചസാരയും ചേർത്തുകൊടുത്താൽ ഛർദ്ദി ശമിക്കും.

'ബൃഹത്സംഹിത' പറയുന്നു:
'ബില്വോ ജംബരയോഗേ വിഹായഹസ്തത്രയം തുയാമ്യേന
പുരുഷൈ സ്ത്രീഭിരംബുഭവേത് കൃഷ്ണോർധനരേച മണ്ഡൂകഃ'.

കൂവളവും, അത്തിയും ഒന്നിച്ചൊരിടത്തും, മൂന്നുമുഴം അകലത്തിൽ തെക്കുഭാഗത്തായി, ഒരാളുടെ അരയോളമാഴത്തിൽ കറുത്ത തവളയെ കണ്ടാൽ, അവിടെ മൂന്നാളാഴത്തിൽ വെള്ളമുണ്ടാകും.

'തിലകാമ്രതക വരുണഭല്ലാതകബില്വതിന്ദു കാങ്കോലാഃ
പിണ്ഡാര ഗിരീഷാഞ്ജനപരൂഷകാഖഞ്ജുളോതിബലാ
ഏതേയദിസുസ്നിഗ്ധാവാല്മീകൈഃ പരിവൃതാസ്തതസ്തോയം
ഹസ്തൈ സ്ത്രീഭിരുത്തരതശ്ച തുർഭിരർദ്ധേന ച നരേണ'.

അമ്പഴം, മയിലെഞ്ച്, നീർമാതളം, ചേര്, കൂവളം, പുളി, അഴിഞ്ഞിൻ, താളിവാതളം, നെന്മേനിവാക, കായാവ്, ചിറ്റീന്തിൽ, അശോകം, കാട്ടുകുറുന്തോട്ടി എന്നീ മരങ്ങൾ നനവുള്ള മൺപുറ്റിനാൽ ചുറ്റപ്പെട്ട നിലയിൽ കാണപ്പെടുന്നുണ്ടെങ്കിൽ, അവിടെ മൂന്നുമുഴം വടക്കുഭാഗത്തായി നാലരയാൾ ആഴത്തിൽ വെള്ളം കിട്ടും.

കൂവളം, ചുണ്ട, കുറുന്തോട്ടി, കരിമ്പ്, ചുക്ക്, ഇരട്ടിമധുരം, കിരിയാത്ത്, പ്ലാവില, ജീരകം, ദേവതാരം, ചുരത്തണ്ട്, കൊത്തമ്പാലരി,

ചെറുപയർ, മലര്, അടപതിയൻകിഴങ്ങ്, ചെറൂള, കൊവ, ശതാവരി എന്നിവ കഷായംവെച്ച് കഴിച്ചാൽ വായുക്ഷോഭം, വിലക്കം, ഛർദ്ദി എന്നിവ ശമിക്കും.

കൂവളത്തില, കോവയില, തകരപ്പഴം, കൂവയില, ചത്രചൊല, കരിക്കിൻതൊണ്ട്, ചുവന്നുള്ളി എന്നിവ സമമായി ഇടിച്ചുപിഴിഞ്ഞ സ്വരസം, തുരിശ്, ചവർക്കാരം, തുവച്ചിലക്കാരം, സഹസ്രമേധി, ശതാവരികിഴങ്ങ്, മായാക്ക്, കൊത്തമല്ലി, പശുപാശി, അതിമധുരം, മുന്തിരിങ്ങപ്പഴം, ചന്ദനം, ചീനക്കാരം, എള്ളെണ്ണ, നെയ്യ് എന്നിവ ചേർത്ത് കാച്ചിയരിച്ചുവെച്ചത് പഞ്ചസാര മേമ്പൊടി ചേർത്ത് കഴിച്ചാൽ ബിംബപത്രാദിയമകം മാറും. ഇത് താമരമുള്ളിനും നല്ലതാണ്

നാരങ്ങാനീര് പത്ത് ഇടങ്ങഴിയും, കൂവളം, കുമിഴ്, മുഞ്ഞ, പാതിരി, പലകപ്പയ്യാനി, ഓരില, മൂവില, ചെറുവഴുതിന, വെൺവഴുതിന, ഞെരിഞ്ഞിൽ, കൊടുവേലിക്കിഴങ്ങ്, നാഗദന്തിവേര് എന്നിവ ഓരോന്നും അഞ്ചുപലവും, ത്രിഫലത്തോട് ഒരു പലവും, കുടകപ്പാലവേര് ഒരു പലവും, മുത്തങ്ങ, വേപ്പിൻപട്ട, വിഴാലരിക്കാമ്പ് എന്നിവ ആറുപലവും, മുന്തിരിപ്പഴം, നാശിശർക്കര എന്നിവ അമ്പതുപലവും, പ്രക്ഷേപണത്തിനായി തിപ്പലി പതിനാറുപലവും, വിഴാലരി ഒരുപലവും, കുരുമുളക് അരപലവും എന്നിവയെല്ലാം പൊടിച്ചത്, ഉരുക്കഭസ്മം എട്ടുപലവും, ഇരുമ്പുഭസ്മം പതിനാറുപലവും എന്നിവയും ചേർത്ത് ലേഹ്യം പാകം ചെയ്തെടുത്തത് തണുത്താൽ, അതിൽ മൂന്നിടങ്ങഴി തേനും ചേർത്ത് യോജിപ്പിച്ച് സൂക്ഷിച്ചുവെക്കുക. ഇത് പ്രസിദ്ധമായ 'നാരങ്ങാലേഹ്യ'മാണ്. ഈ ലേഹ്യം കഴിച്ചാൽ രാജയക്ഷ്മാവ്, പ്രമേഹം, ഗുല്മം, അശ്മരി, പ്ലീഹാരോഗം, ഗ്രഹണി, ശൂല, വിദ്രധി, അപചി, കാമില, കുഷ്ഠം, അർശസ്സ്, ഭഗന്ദരം, ഉദരം, പീനസം, ഗളശുണ്ഡിക, വിഷമജ്വരം, കാസം, ശ്വാസം, കുടർവാതം എന്നിവ ശമിക്കും. ഇത് വിശേഷിച്ച് പാണ്ഡുതയ്ക്ക് ഉത്തമമാണ്.

'ചരകസംഹിത' ചികിത്സിതസ്ഥാനം പറയുന്നു:

കൂവളത്തിന്റെ ഇളംകായയുടെ മജ്ജ തേൻ ചേർത്തും, മോര് ചേർത്തും കഴിച്ചാൽ വയറിളക്കം മാറും.

'സുശ്രുതസംഹിത' പറയുന്നു:

കൂവളത്തിന്റെ ഇളംകായയുടെ മജ്ജ ശർക്കര ചേർത്തും, തേൻ ചേർത്തും, എണ്ണ ചേർത്തും കഴിച്ചാൽ വയറിളക്കം ശമിക്കും.

പിത്തംകൊണ്ടും, രക്തദോഷംകൊണ്ടും ഉണ്ടാകുന്ന വയറിളക്കത്തിന് കൂവളത്തിന്റെ പഴം തേനും ചേർത്തുകഴിച്ചാൽ മതി.

'വൈദ്യമനോരമ'യും, 'വൈദ്യജീവന'വും, 'ഭാവപ്രകാശം നിഘ

ണ്ടു'വും പറയുന്നു:

ആമവാതത്തിലെ വേദനമാറ്റാൻ കൂവളപ്പഴവും, ശർക്കരയും ചേർത്ത് കഴിച്ചാൽ നല്ലതാണ്.

'വൈദ്യമനോരമ' പറയുന്നു:

വാതത്തിലും തോദത്തിലും(വേദന) കൂവളത്തിന്റെ ഇളംകായ ശർക്കരയും, എള്ളെണ്ണയും, തിപ്പലിയും, ചുക്കും ചേർത്ത് കഴിക്കുന്നത് ഉത്തമമാണ്.

കൂവളക്കായയുടെ മജ്ജയും, മാങ്ങയണ്ടിപ്പരിപ്പും അരച്ചത് പഞ്ചസാരയും, തേനും ചേർത്ത് കഴിച്ചാൽ വയറിളക്കവും, ഛർദ്ദിയും മാറുന്നതാണ്.

ഗ്രഹണിരോഗത്തിന് ഇളംകൂവളക്കായയുടെ മജ്ജയും, ചുക്കുപൊടിയും, ശർക്കരയും ചേർത്തുകഴിച്ചാൽ മതി. ഇത് കഴിക്കുമ്പോൾ, ആഹാരമായി മോരും, ചോറും മാത്രം കഴിക്കണം.

'ചരകസംഹിത' ചികിത്സിതസ്ഥാനം പറയുന്നു:

ദേഹം നന്നായി തിരുമ്മൽ കഴിഞ്ഞ രോഗിയെ കൂവളവും മോരും ചേർത്തോ, കൂവളവും പുളിച്ച തൈരും ചേർത്തോ, കൂവളവും ഗോമൂത്രവും ചേർത്തോ തിളപ്പിച്ചെടുക്കുന്ന, പാകത്തിന് ചൂടുള്ള, കഷായത്തിൽ കിടത്തിയാൽ അർശോരോഗം മാറും.

'അഷ്ടാംഗഹൃദയം' ചികിത്സിതം പറയുന്നു:

കൂവളക്കായയും, വിളാങ്കായയും മോരിൽ അരച്ചുകഴിച്ചാൽ അർശസ്സ് മാറും.

'രാജമാർത്താണ്ഡം' പറയുന്നു:

കൂവളത്തിന്റെ പച്ചക്കായയുടെ മജ്ജ പതിവായി ഉപയോഗിക്കുന്നവന് രക്താർശസ്സ് നിയന്ത്രണത്തിലാകും.

'അഷ്ടാംഗഹൃദയം' ചികിത്സിതം പറയുന്നു:

കൂവളത്തിന്റെ ക്ഷാരവും, എള്ളെണ്ണയും ചേർത്തുകഴിച്ചാൽ പാർശ്വവേദനയും, സ്തംഭനവും, ഹൃദ്രോഗവും മാറും.

'വൈദ്യമനോരമ' പറയുന്നു:

കൂവളത്തിലനീരും, കുരുമുളകും ചേർത്തുകഴിച്ചാൽ ത്രിദോഷജ ശോഫവും, മലബന്ധവും, മഞ്ഞപിത്തവും മാറും.

'ചരകസംഹിത' ചികിത്സിതം പറയുന്നു:

കൂവളത്തിലനീരിൽ ചുക്ക്, മുള്ള്തിപ്പലി എന്നിവ പൊടിച്ചത് ചേർത്തുകഴിച്ചാൽ മഞ്ഞപിത്തം മാറും.

'ശാർങ്ങ്ധര'യും, 'വൈദ്യമനോരമ'യും, 'വംഗസേനനും', 'ഭാവപ്രകാശ'വും പറയുന്നു:

കൂവളവേരിന്റെ കാതലും, കൂവളത്തിലയും, ചിറ്റമൃതും ചേർത്തുണ്ടാക്കിയ ശീതക്കഷായത്തിൽ തേനും, പെരുങ്കുതുമ്പയും, കാടിയും ചേർത്തുകഴിച്ചാൽ മൂന്നുതരം ഛർദ്ദിയും മാറും.

'ഭാവപ്രകാശം' ചികിത്സിതം പറയുന്നു:

കൂവളവേരും, ചുക്കും കഷായംവെച്ചു കഴിച്ചാൽ ഛർദ്ദിയും, വിഷൂചികയും മാറും.

കൂവളവേരും, ചുക്കും, കറിവേപ്പിലയും ചേർത്ത് കഷായംവെച്ചു കഴിച്ചാൽ ഛർദ്ദിയും, വിഷൂചികയും പെട്ടെന്ന് മാറും, വളരെ പ്രയോജനപ്രദമാണ്.

കൂവളവേര്, കുമിഴിൻവേര്, പാതിരിവേര്, പയ്യാനവേര്, മുഞ്ഞവേര് സമമായി അറുപതുഗ്രാം പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കി പിഴിഞ്ഞരിച്ചത് അര ഗ്ലാസ്സുവീതം മൂന്നുനേരം ഒരു ടീസ്പൂൺ തേൻ ചേർത്ത് കഴിച്ചാൽ മേദസ്സ്(വണ്ണം) കുറയും.

'വൈദ്യമനോരമ' പറയുന്നു:

കൂവളത്തിലനീര് ദേഹത്തുപുരട്ടി കുളിക്കുകയൊ, കൂവളത്തില വെന്ത വെള്ളത്തിൽ കുളിക്കുകയോ ചെയ്താൽ ശരീരദുർഗന്ധം മാറും.

'ഭാവപ്രകാശം' ചികിത്സിതം പറയുന്നു:

കൂവളത്തിലയും, മഞ്ഞളും സമമായി അരച്ചത് ദേഹത്തുപുരട്ടിയാൽ ഗാത്രദുർഗന്ധം മാറും. കുരുക്കൾ പോകും.

കൂവളത്തിലയും, ആവിൽകുരുവും ചേർത്തരച്ചത് ദേഹത്തുപുരട്ടിയാൽ ഗാത്രദുർഗന്ധവും കുരുക്കളും മാറും.

'വൈദ്യമനോരമ' പറയുന്നു:

കൂവളത്തിന്റെ തൈലം ചെവിയിലുറ്റിച്ചാൽ ബാധിര്യം മാറും.

കൂവളത്തിന്റെ പഞ്ചാംഗം അരച്ച് എണ്ണകാച്ചിയത് ദേഹത്ത് തേക്കുകയും, ചെവിയിലുറ്റിക്കുകയും ചെയ്താൽ ബാധിര്യം മാറും.

കൂവളത്തിലയുടെ നീരിൽ നെയ്യും, ഇന്തുപ്പും, തിപ്പലിയും ചേർത്ത് ഒരു ചെമ്പുതളികയിൽവെച്ച് കടഞ്ഞെടുത്തത്, ചാണകവറളി കൊണ്ട് കത്തിച്ച് പുകയേൽപ്പിച്ചശേഷം പാലിൽ ലയിപ്പിച്ച് കണ്ണിൽ ഇറ്റിച്ചുനിറച്ചാൽ വേദന മാറും. കൺജങ്റ്റിസെറ്റിസ്, ഗ്ലൂക്കോമ എന്നിവയും മാറും.

'അഷ്ടാംഗഹൃദയം' പറയുന്നു:

കൂവളക്കായയുടെ മജ്ജ, ഏലത്തരി, പഞ്ചസാര, മലര് എന്നിവചേർത്ത് അരച്ചുവെച്ചത് കഴിച്ചാൽ നല്ല വിശപ്പുണ്ടാകും.

'വംഗസേനൻ' ബാലരോഗം പറയുന്നു:

കൂവളവേരിന്റെ കാതൽകൊണ്ട് കഷായം വെച്ചതിൽ മലരും, പഞ്ചസാരയും ചേർത്ത് കഴിച്ചാൽ ഛർദ്ദിയും, അതിസാരവും പോകും.

'വില്വരസായനം' കോശവാർദ്ധക്യത്തെ തടയുന്നതിനും, അർബുദത്തിനും ഉത്തമമാണ്.

'മഹാവില്വാദിലേഹ്യം' ഒരു ടീസ്പൂൺ, നൂറ് എം.ജി. ലോഹഭസ്മം (101 തവണ സ്പുടംചെയ്തത്) എന്നിവ ചേർത്തുയോജിപ്പിച്ച് നക്കി കഴിച്ചാൽ(ദിവസം പലതവണ) ക്ഷയവും, രാജയക്ഷ്മവും മാറും. ഇത് ലുക്കീമിയക്ക് ഉത്തമമമാണ്. രക്തദൂഷ്യങ്ങളെ കളയുകയും, രക്ത പ്രസാദമുണ്ടാക്കുകയും ചെയ്യും.

'ചരകസംഹിത' ചികിത്സിതം പറയുന്നു;

കൂവളക്കായയുടെ മജ്ജയും, വെളുത്ത ആവണക്കിൻവേരും ചേർത്ത് പാൽകാച്ചി കഴിച്ചാൽ പനി മാറും.

കൂവളത്തിന്റെ പഴുത്ത കായ അർശസ്സിന് ഫലപ്രദമാണ്. ഇത് ഗ്രഹണിക്കും ഉത്തമമമാണ്.

കൂവളത്തിന്റെ തൊലി കഷായംവെച്ചു കഴിച്ചാൽ പനി മാറും.

കൂവളവേരിന്റെ കാതൽ കഷായംവെച്ചത് പിത്തോന്മാദം, വ്യാകുല ഭ്രമം(Melacholia) എന്നിവക്ക് ഉത്തമാണ്.

കൂവളത്തില പിഴിഞ്ഞ നീര് നീർവാതത്തിനും, ജ്വരത്തിനും നസ്യം ചെയ്താൽ വേഗം മാറും. ഹൃദയസംബന്ധമായ ആരോഗ്യമുണ്ടാകാനും ഉപയുക്തമാണ്.

കൂവളത്തില പിഴിഞ്ഞ നീര് ചെങ്കണ്ണിന് ഉത്തമാണ്.

സന്നിവാതം വന്നാൽ ഇലയരച്ച് നെറുകയിൽ തളംവെക്കുന്നത് നല്ലതാണ്. കൂവളത്തിന്റെ പൂവ് പിഴിഞ്ഞ നീര് കഴിച്ചാലും മാറും.

കൂവളവേര് കഷായംവെച്ചു കഴിച്ചാൽ വയറുകടിക്ക് പ്രത്യേകിച്ച് കുട്ടികൾക്കുള്ളതിന് നല്ലതാണ്.

മഞ്ഞപിത്തത്തോടുകൂടിയ മഹോദരത്തിന് കൂവളത്തില പിഴിഞ്ഞ നീരും, കുരുമുളകും ചേർത്ത് കൊടുത്താൽ മാറും.

കൂവളത്തിന്റെ പച്ചക്കായയും, ശതകുപ്പയും, ഇഞ്ചിയും ചേർത്ത്

കഷായംവെച്ചു കഴിച്ചാൽ മൂലക്കുരു മാറും.

കൂവളത്തിന്റെ തൊലി ഇടിച്ചുപിഴിഞ്ഞ നീരും, ജീരകം പൊടിച്ചതും, പാലും ചേർത്തുകഴിച്ചാൽ ശുക്ലദുർഭിക്ഷതക്ക് ശമനം വരും.

തോല് ഉറയ്ക്കിടാനും, തുണിക്ക് ചായമായും കൂവളക്കായയുടെ തൊലി ഉപയോഗിക്കാറുണ്ട്.

കൂവളത്തിന്റെ പച്ചക്കായയുടെ മജ്ജ എള്ളെണ്ണയിൽ ഇട്ടുവെച്ച് ഒരാഴ്ച കഴിഞ്ഞെടുത്ത് കുളിക്കുന്നതിനുമുമ്പ് ദേഹത്തിൽ പുരട്ടിയാൽ ഒരാഴ്ചകൊണ്ട് ഉള്ളംകാൽചുട്ടുനീറ്റം മാറും.

പഴുത്ത കൂവളക്കായയുടെ മജ്ജയും, വാൽമുളക് പൊടിച്ചതും, പാലും ചേർത്ത് കഴിച്ചാൽ അസ്ഥിസ്രാവം മാറും.

പഴുത്ത കൂവളക്കായയുടെ മജ്ജ അരച്ചത് വ്രണവിരോപണത്തിന് പുരട്ടാൻ നല്ലതാണ്.

കൂവളത്തിന്റെ പച്ചിലയുടെ നീര് നീരിഖാതവും, പനിയുമുള്ളപ്പോൾ വിരേചനത്തിന് കൊടുക്കാൻ നല്ലതാണ്.

കൂവളത്തിലയുടെ കഷായം ജ്വരഹരമാണ്. കഫത്തെ ഇല്ലാതാക്കുന്നതാണ്.

കൂവളവേര് കഷായംവെച്ചുകഴിച്ചാൽ ഖംഗവിഷത്തിന് നല്ലതാണ്.

കൂവളത്തിന്റെ പച്ചക്കായ ചുട്ടത് പൊടിച്ചുകഴിച്ചാൽ അർശസ്സ് മാറിക്കിട്ടും.

കൂവളക്കായയുടെ മജ്ജ ചൈതന്യവർദ്ധകവും, അഗ്നിവർദ്ധകവും, ജ്വരഹാരിയും, ശോണിതനിവാരണകവുമാണ്.

കൂവളക്കായ പൊടിച്ചുവെച്ചത് കഴിച്ചാൽ രക്താർശസ്സിന്റെ രക്തശ്രുതി പെട്ടെന്ന് നിൽക്കും. മലം വർദ്ധിതതോതിൽ പോകും. വിസർജ്ജനത്തിന്റെ എണ്ണം കുറയും. തത്ഫലമായി ഉദരം വൃത്തിയാകും. അങ്ങനെ വേഗത്തിൽ രോഗത്തിന് ശമനമുണ്ടാകും.

കൂവളക്കായയുടെ പൊടി സർബത്തിൽചേർത്ത് കുടിക്കുന്നത് കഠിനരോഗങ്ങൾക്ക് ഉപയുക്തമാണ്.

കൂവളത്തിന്റെ പഴുത്ത കായയുടെ കഴമ്പ് ഉണക്കിവെച്ചത് ഉപയോഗിക്കാൻ നല്ലതാണ്. ഉണങ്ങിയത് വെള്ളത്തിലിട്ട് പതം വരുത്തിയാൽ പഴുത്തതുപോലെയാകുന്നതാണ്.

കൂവളത്തിന്റെ വേരും, ഇലയും, പച്ചക്കായയും, പൂവും പ്രമേഹരോ

ഗത്തിന് നല്ലതാണ്.

'നാരകം നട്ടേടം കൂവളം കെട്ടേടം
നായ പെറ്റിടം നാരി നടിച്ചിടം'

നാടൻചൊല്ലാണ്. ഇതെല്ലാം സംഭവിച്ചാൽ അശ്രീകരമാണെന്ന അർത്ഥത്തിൽ പണ്ടത്തെ വല്യമ്മമാർ ചൊല്ലികേട്ടതാണ്. സന്ദർഭോചിതമായി പ്രധാനമായിവരുന്നത് കൂവളത്തിന്റെ നാശം അശ്രീകരമാണെന്നതാണ്

കൂവളക്കായയുടെ മാംസളഭാഗവും, കുമ്മായവും തമ്മിൽ യോജിപ്പിച്ചുകൊണ്ട് പഴയകാലത്തുള്ളവർ ഭിത്തികൾ തേക്കുന്നതിന് ഉപയോഗിച്ചിരുന്നു.

കൂവളത്തിന്റെ പഴം, ചീനത്തിപ്പലി, രാമച്ചം, പാച്ചോറ്റിത്തൊലി എന്നിവ പൊടിച്ചു കഴിക്കുന്നത് വയറുകടിക്ക് നല്ലതാണ്.

'വില്വാദിഗുളിക' സർപ്പവിഷം, ചിലന്തിവിഷം, തേൾവിഷം, അജീർണ്ണം, വിഷൂചിക, പനി, മലമ്പനി, കൈവിഷം എന്നിവക്ക് ഉത്തമൗഷധമാണ്. കഴിക്കാനും മുറിവായിൽ പുരട്ടാനും ഉപയോഗിക്കാം.

കൂവളവേര്, തുളസിക്കതിര്, പുങ്കിൽകുരു, തകര, ദേവതാരം, ത്രിഫലത്തോട്, ചുക്ക്, കുരുമുളക്, തിപ്പലി, മഞ്ഞൾതൊലി എന്നിവ സമമായെടുത്ത് ആട്ടിൻമൂത്രത്തിൽ നല്ലതുപോലെ അരച്ചത് ഗുളികകളായി ഉരുട്ടി നിഴലിൽ ഉണക്കിയെടുത്ത് സൂക്ഷിക്കുന്നതാണ് 'സഹസ്രയോഗ'പ്രകാരമുണ്ടാക്കുന്ന വില്വാദിഗുളിക. ഇതിന് മറ്റനേകം പാരമ്പര്യമുറകളും, വിഷചികിത്സാമുറകളും നിലവിലുണ്ടെങ്കിലും സഹസ്രയോഗമാണ് നിർമ്മാണത്തിൽ എളുപ്പം.

'ഭാവപ്രകാശം' പറയുന്നു:
'വില്വഃ ശാണ്ഡില്യശൈലൂഷോമാലുരശ്രീഫലാവയി
ഗന്ധഗർഭഃ ശരാടുശ്ച കണ്ടകീച സദാഫലഃ
ശ്രീഫലസ്തുവരസ്തിക്തോ ഗ്രാഹി രൂക്ഷോഗ്നി പിത്തകൃത്
വാതശ്ലേഷ്മ ഹരോബല്യോ ലഘുരുഷ്ണശ്ച പാചനഃ'.

വില്വം, ശാണ്ഡില്യം, ശൈലൂഷം, മാലൂരം, ശ്രീഫലം, ഗന്ധഗർഭം, ശലാടുകണ്ടകീ, സദാഫല എന്നിവ കൂവളത്തിന്റെ പര്യായനാമങ്ങളാണ്. കൂവളം കഷായതിക്തമാണ്. മലത്തെ തടയുന്നതാണ്. വാതം, കഫം എന്നിവയെ ഇല്ലാതാക്കുന്നതാണ്. ബലം വർദ്ധിപ്പിക്കുന്നതാണ്. ലഘുവും, ഉഷ്ണവീര്യവും, പാചനീയവുമാണ്.

'അഭിജ്ഞാനമഞ്ജരി' പറയുന്നു:
'വില്വസ്തുപൂതിപാതഃ ശാണ്ഡില്യം ശ്രീഫലശ്ച മാന്നുരഃ

മുഷ്ടിഫല ശലാടഃ ശൈലൂഷഃ കർക്കടഃ ശ്രീയാഹ്വയശ്ച
സദാഫലഃ പീലൂഫലോ ഹൃദ്യഗന്ധഃ ശലാടികഃ
ശലാടുദ്രുമ ഇത്യുക്തോശബ്ദൈഃ പര്യായവാചകൈഃ'.

'ഗുണപാഠം' പറയുന്നു:
'കുവളത്തിനുടെവേരിൻ രസംകയ്പുചവർത്തതു
കഫവാതപ്രശമനമുഷ്ണം ഛർദ്ദിക്കുമുത്തമം
ഇക്കിളും ശ്വാസകാസങ്ങൾ ക്ഷയരോഗത്തിനും ഗുണം'.

'രാജനിഘണ്ടു' പറയുന്നു:
'വില്വസ്തുമധുരോഹൃദ്യഃ കഷായഃ പിത്തജിത് ഗുരുഃ
കഫജ്വരാതിസാരഘ്നിരുചികൃദ് ദീപനഃ പരഃ
വില്വമൂലം ത്രിദോഷഘ്നം മധുരം ലഘുവാതനുത്
ഫലംതുകോമളം സ്നിഗ്ധം ഗുരു സംഗ്രാഹിദീപനം
തദേവപക്വം വിജ്ഞേയം മധുരം സരസം ഗുരു
കടുതിക്തകഷായോഷ്ണം സംഗ്രാഹീച ത്രിഭോഷജിത്'.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'വില്വമൂലം ത്രിദോഷഘ്നം ഛർദ്ദിഘ്നം മധുരംലഘു
വിശല്യാതുഫലം ബാലം സ്നിഗ്ധം സംഗ്രാഹി ദീപനം
കടുതിക്തകഷായോഷ്ണം തീഷ്ണം വാതകഫാപഹം
വിദ്യാത്തദേവസംപക്വം മധുരാനുരസം ഗുരു
വിദാഹിവിഷ്ടംഭകരം ദോഷഹൃത് പൂതിമാരുതം'.

'നിഘണ്ടു രത്നാകരം' പറയുന്നു:
'വില്വസ്തുമധുരോ ഹൃദ്യഃ കഷായോഷ്ണോ രുചിപ്രദഃ
ദീപനോഗ്രാഹകോരൂക്ഷഃ പിത്ത/സ്തിക്തകഃ കടുഃ
ഗുരുഃ പാചനകർത്താ ച വാതാതിസാരജ്വർത്തിഹാ
ബാലം വില്വഫലം സ്നിഗ്ധം ഗുരു രുച്യം ച ദീപനം
ഗ്രാഹകം പാചകം തിക്തം ലഘുവോഷ്ണം ച തുവരം
ശൂലാമവാതഗ്രഹണീ കഫാതിസാരനാശനം
തരുണം തുഫലം വൈല്വം ഗ്രാഹീ തുവരമ്ളകം
സ്നിഗ്ധം ച കടു തീഷ്ണം ച ഉഷ്ണം ച ലഘുദീപനം
പാചകം കഫ വായ്വോശ്ച നാശകം ഹൃദയപ്രിയം
പക്വം വൈല്വം ദാഹകരം മധുരം ഗുരു തുവരം
വിഷ്ടം ദകാരി തിക്തോഷ്ണം ഗ്രാഹകം കടുദോഷളം
ദുർജരം വാതളം ചാഗ്നിമാന്ദ്യകൃത് ഋഷീഭിർമതം
വില്വമൂലം തുമധുരം ത്രിദോഷഛർദ്ദി ശൂലനുത്
ലഘുകൃച്ഛ്രഹരം വാതകഫപിത്തസ്യനാശകം
പർണാനിഗ്രാഹകാണിസ്വുർ വാതനാശകരാണിച'.

കൂവളത്തിന്റെ മൂത്ത ഇലകളിൽ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ അധിവസിക്കുന്നുവെന്ന് വിശ്വാസിക്കുന്നവരുണ്ട്. കൂവളത്തിന് അണുകൃമികളെ നാശിപ്പിക്കാനുള്ള ശക്തിയുണ്ട്. കൂവളത്തിലയിൽ എഫിഡ്രിൻ, അഡ്രിനാലിൻ എന്നീ രാസവസ്തുക്കളുണ്ട്. അതുകൊണ്ട് ഇലകൾ പ്രമേഹത്തിനും, ആസ്തമക്കും, മനോരോഗത്തിനും ഫലപ്രദമാണ്. തളിരിലയിൽ ജൂട്ടാസിനെന്ന ആൽക്കലോയ്ഡും, അഗലിനെന്ന സ്റ്റീറോളുമുള്ളതുകൊണ്ട് തളിരിലയിട്ട് തിളപ്പിച്ച വെള്ളം ഉഷ്ണപുണ്ണ് കഴുകാൻ ഉപയുക്തമാണ്. പഴുത്ത കായ അടുപ്പിലിട്ടുചുട്ടത് പൊട്ടിത്തുടങ്ങിയാൽ അതിനകത്തെ പൾപ്പെടുത്ത് വെള്ളം ചേർത്ത് കുഴമ്പാക്കിയത് ദേഹത്തുപുരട്ടി കുളിച്ചുകഴിഞ്ഞാൽ നല്ല ഉറക്കമുണ്ടാകും.

കൂവളവേര്, മുത്തങ്ങ എന്നിവ പാലിൽ അരച്ചുകഴിച്ചാൽ നഞ്ച് തിന്നതിന്റെ വിഷം ശമിക്കും.

ചോതി നക്ഷത്രം

നീർമരുത്

ശാസ്ത്രനാമം : ടെർമിനേലിയ അർജ്ജുന(Terminelia arjuna)
കുടുംബം : കോംബ്രിട്ടേസിയേ.
കുലം : ഹരീതകി.
ഇംഗ്ലീഷ് നാമം : അർജ്ജുൻ, വൈറ്റ് മുർദ.
സംസ്കൃതം : അർജ്ജുനഃ, കുകോല, പാർത്ഥ, കുകുദഃ, ഇന്ദ്രദ്രുമഃ, ധവള, വീരവൃക്ഷ, നദീസർജ്ജുക, കരുവീര, കൃഷ്ണസാരഥിഃ
മലയാളം : നീർമരുത്, വീരവൃക്ഷം.
ഹിന്ദി : അർജ്ജുന, കാഹൂ, കഹുവ.
തമിഴ് : മരുതൈ.
കന്നട : വൈഡൈര്യ, മദ്ദി.
തെലുങ്ക് : നെല്ലമദ്ദി, എരമദ്ദി.
ബംഗാളി : അർജ്ജുന.

നക്ഷത്രങ്ങളിൽ ചോതിനക്ഷത്രം പതിനഞ്ചാമത്തേതാണ്. ചോതി പൊൻകട്ടപോലെ ജ്വലിക്കുന്നതാണ്. ചോതിക്ക് സൂര്യമണ്ഡലത്തിന്റെ മുപ്പതിരട്ടി വലിപ്പമുണ്ടെന്ന് പറയപ്പെടുന്നു. അന്തരീക്ഷത്തിൽ ഇതിന്റെ സ്ഥാനം, ഭൂമിയിൽ നിന്ന് മുപ്പത്തിയെട്ട് പ്രകാശവർഷം ദൂരെയാണ്. തുലാം പതിനെട്ടിനാണ് ഉദയം. മകരത്തിൽ നാല്പത്തിയേഴ് വിനാഴിക വരുമ്പോൾ ഉച്ചയാകും. ദേവത വായുവാണ്. ഭൂതദേവത മഹേശ്വരനുമാണ്. ഭൂതം അഗ്നിയാണ്. പുരുഷയോനിയാണ്. ദേവഗണമാണ്. മൃഗം എരുമയാണ്. പക്ഷി കാക്കയാണ്. വൃക്ഷം നീർമരുതാണ്.

ചോതി നക്ഷത്രം മംഗളകർമ്മങ്ങൾ തുടങ്ങുന്നതിന് പ്രശസ്തമായ നാളാണ്. കൃഷി, ഞാറുനടുക, വിതയ്ക്കുക, ആയുധനിർമ്മാണം, പുത്തൻവാഹനങ്ങൾ നിരത്തിലിറക്കുക, വിവാഹം, ചോറൂണാഘോഷിക്കുക എന്നിവക്കെല്ലാം ചോതിനാൾ നല്ലതാണ്. ചോറൂണിന് വിശേഷപ്പെട്ട നക്ഷത്രമാണ്.

ചോതി നക്ഷത്രത്തിൽ ജനിച്ചവർ പണസമ്പാദനത്തിൽ പ്രത്യേകശ്രദ്ധയുള്ളവരാണെന്ന് വരാഹമിഹിരൻ പറയുന്നു. ഇവർ ദാനശീലരും, പരോപകാരികളുമാണെന്ന് ജ്യോതിശാസ്ത്രം പറയുന്നു. ഇവർ നല്ല ആരോഗ്യമുള്ളവരും, സുദൃഢമായ മനസ്സും ശരീരവുമുള്ളവരും, സ്വഭാവത്തിൽ സ്ഥൈര്യം തികഞ്ഞവരുമായിരിക്കും. നല്ല പെരുമാറ്റ

ച്ചിട്ടകളുള്ളവരും, നിർബന്ധബുദ്ധി പ്രകടിപ്പിക്കുന്നവരും, അതിരുകടന്ന ആത്മവിശ്വാസം പ്രകടിപ്പിക്കുന്നവരും, എന്തിനും നേതൃത്വമുണ്ടാകണമെന്ന് അഭിലഷിക്കുന്നവരുമാണ്.

ചോതി നാളിനെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'ദാന്തോവണിക്തൃ പാലുപ്രിയവാക് ധർമ്മാശ്രതസ്സ്വാതൗ'.
'ദാതാസുളീ തൃഷാലുപ്രിയവാക് ധർമ്മാശ്രീതപരാർത്ഥശ്ച
ധനവാൻ വിദേശവാസീബഹുബന്ധുസ്തസ്കരോഭവേൽ
സ്വാത്യാം'.

ചോതി നക്ഷത്രത്തിൽ ജനിച്ചവർ നല്ല ദാനശീലമുള്ളവരും, പ്രിയമായി സംസാരിക്കുന്നവരും, സുഖലോലുപരും, ഉത്കർഷത്തിൽ അതിയായ ആഗ്രഹമുള്ളവരും, ധർമ്മത്തെ ആശ്രയിക്കുന്നവരും, ധനവാന്മാരും, ബന്ധബലമുള്ളവരും, പരദേശവാസികളുമായിരിക്കും. കുപ്രസിദ്ധരായ തസ്കരപ്രമാണികൾ ചോതിനാളുകാരാണെന്ന് പറയപ്പെടുന്നു.

ചോതി നക്ഷത്രത്തിന്റെ ഒന്നാം കാലിൽ ജനിക്കുന്നവർ സേവാനിരതരും, ധീരരും, പണ്ഡിതരും, വിജ്ഞാനകുതകികളും, വാക്ചാതുര്യമുള്ളവരും, വ്യാഖ്യാനകൗശലം തികഞ്ഞവരും, സാധുക്കളുമാണെന്ന് ഹോരശാസ്ത്രം പറയുന്നു. നക്ഷത്രത്തിന്റെ രണ്ടാം കാലിൽ ജനിക്കുന്നവർ കാമികളും, നർത്തകരും, കള്ളം പറയുന്നവരും, ഗൂഢകാമനകൾ തികഞ്ഞവരും, ഗൂഢകർമ്മങ്ങൾക്ക് കീർത്തികേട്ടവരുമാണെന്നാണ് പറയുന്നത്. ഇതേ നക്ഷത്രത്തിന്റെ മൂന്നാം കാലിൽ ജനിക്കുന്നവർ സത്കീർത്തി വിസ്തരിപ്പിക്കുന്നവരും, വിദ്വത്ജനരഞ്ജകരും, സാധുവൃത്തരും, പരാക്രമികളും, മഹാപ്രാജ്ഞരുമായിരിക്കും. നക്ഷത്രത്തിന്റെ നാലാം കാലിൽ ജനിച്ചവർ ശില്പശാസ്ത്രനിപുണരും, കാമികളും, ദുർജനപ്രിയരും, മുൻകോപമുള്ളവരുമായിരിക്കുമെന്ന് പറയുന്നു.

സൂര്യൻ ചോതിനക്ഷത്രത്തിൽ നിൽക്കുമ്പോൾ ഇടിമിന്നലുണ്ടായാൽ അത് വർഷകാലത്തെ സൂചിപ്പിക്കുമെന്നാണ് കണക്ക്.

ചോതി നക്ഷത്രവൃക്ഷമായ നീർമരുത് ഒരു വീരവൃക്ഷമാണെന്ന് പറയാറുണ്ട്. ഇലകൾ പൊഴിയുന്ന വൻമരമാണ്. ഇന്ത്യ, ബർമ്മ, ശ്രീലങ്ക എന്നിവിടങ്ങളിൽ സമൃദ്ധമായി കാണപ്പെടുന്നു. ഹിമാലയ സാനുക്കളിലും, ബീഹാർ, ബംഗാൾ, ഛോട്ടാനാഗപ്പൂർ, പഞ്ചാബ്, ഹരിയാന, മദ്ധ്യപ്രദേശ്, ഡക്കാൻ, തമിഴ്നാട്, കർണ്ണാടകത്തിലെ അപൂർവസ്ഥലങ്ങൾ, കേരളം തുടങ്ങിയിടങ്ങളിലെല്ലാം നീർമരുതിനെ കാണാം. എൺപത് സെ.മീറ്റർ മുതൽ നൂറ്റിയറുപത് സെ.മീറ്റർ

വരെ മഴയുള്ള കാടുകളിലാണ് നീർമരുത് കൂടുതലായി കാണപ്പെടുന്നത്.

പലതരം മരുത് മരങ്ങളുള്ളതുകൊണ്ട് ശ്രദ്ധിച്ചുവേണം ഔഷധത്തിന് ഉപയോഗിക്കുവാൻ. തൊലിക്കുള്ള മിനുസം ഒഴിച്ചുള്ള കാര്യങ്ങളിലാണ് നീർമരുതിന് മറ്റ് മരങ്ങളുമായി ഏറെ സാദൃശ്യമുള്ളത്. നീർമരുതിന്റെ തൊലി കാലാകാലങ്ങളിൽ പൊളിഞ്ഞുപോകും. ചാരനിറമുള്ള പുറന്തൊലി പൊളിഞ്ഞാൽ നല്ല വെള്ളനിറത്തിലുള്ള തൊലി കാണാം. അത് ചെത്തിനോക്കിയാലാകട്ടെ, ചുകപ്പുനിറവുമായിരിക്കും. ഇലകൾ പത്തുമുതൽ ഇരുപതുവരെ സെ.മീറ്റർ നീളവും, നാലുമുതൽ ഏഴുവരെ സെ.മീറ്റർ വീതിയും വരുമാറ്, വീതി കുറഞ്ഞ് ദീർഘവൃത്താകാരത്തിലാണ് കാണപ്പെടുക. അവയുടെ വിന്യാസം ഉപസമ്മുഖമാണ്. പൂങ്കുല പത്രകക്ഷങ്ങളിലും, ശാഖാഗ്രങ്ങളിലും കാണപ്പെടുന്നു. മങ്ങിയ വെള്ളനിറമുള്ള പൂക്കൾ ചെറുതാണ്. പൂക്കൾ കുലകുലയായാണ് കാണപ്പെടുക. ദളങ്ങൾകാണാത്ത പൂക്കളുടെ ബാഹ്യദളങ്ങൾ എളുപ്പത്തിൽ പൊഴിഞ്ഞുപോകുന്നവയാണ്. പത്തു കസേരങ്ങളുണ്ട്. കായ മൂന്നര മുതൽ നാലര വരെ സെ.മീറ്റർ നീളമുള്ളതും, അഞ്ചുമുതൽ ഏഴുവരെ ചിറകുള്ളതുമാണ്. കായകൾ നവംബറോടെ പാകമാകും. അപ്പോൾ കായയുടെ അറ്റത്ത് വെട്ടുണ്ടാകും. പഴങ്ങൾക്ക് കട്ടിയുള്ള ഏണുകളുണ്ട്. അവയിൽ ചെരിഞ്ഞ വരകൾ ഏങ്കോണിച്ചുകാണാം. തോട് നല്ല ഗന്ധമുള്ളതാണ്.

നീർമരുതിന്റെ തൊലി ചുവപ്പുകലർന്ന ചാരനിറമുള്ളതാണ്. നല്ല മിനുസമുണ്ട്. തവിട്ടുനിറത്തിലുള്ള കാതലിൽ കറുത്ത പാടുകളുണ്ട്. അതുകൊണ്ട് ഇതിന്റെ മരം അലങ്കാരപ്പണികൾക്ക് നല്ലതുപോലെ ഉപയോഗിക്കാറുണ്ട്. തടി നല്ല കടുപ്പമുള്ളതും, ഈടുള്ളതും, ചിന്നലുള്ളതുമാണ്.

നീർമരുതിന്റെ ചവർപ്പുള്ള തൊലിയിൽനിന്ന് ടാനിൻ, പശ എന്നിവ ലഭ്യമാണ്. കാൽസ്യംകാർബണേറ്റ്, മഗ്നീഷ്യംലവണങ്ങൾ എന്നിവയാണ് തൊലിയിൽ കൂടുതലായി കാണപ്പെടുന്നത്. ഇവ ഹൃദ്യവും, ഉത്തേജകവുമാണ്. ഇവയെ കൂടാതെ ഒരു കയ്പുള്ള ദ്രവ്യവും, സിറ്റോസ്റ്റിറോൾ, എലേറിക് അമ്ലം, അർജ്ജുനിക് അമ്ലം, അർജ്ജുനേറ്റിൻ എന്ന ഗ്ലൂക്കോസൈഡ്, ടാനിൻ എന്നീ രാസഘടകങ്ങളുമുണ്ട്. ടാനിൻ ഗ്ലൂക്കോടാനിക്ക് ആസിഡ് 15%, വർണ്ണവസ്തുക്ഷാരം 34%, സോഡിയം, ശുദ്ധമായ കാൽസ്യം കാർബണേറ്റ് ആൽക്കലൈൻ ക്ലോറൈഡുകൾ എന്നിവയുണ്ട്.

നീർമരുതിന്റെ ഇല സത്തിൽ 23% കാത്സ്യം സോൾട്ടുകളും 16% ടാനിനുമുണ്ട്. കൂടാതെ ആൽക്കംലൈൻ ക്ലോറൈഡുകളുമുണ്ട്.

നീർമരുതിന്റെ വേരിൽ പഞ്ചസാര, ടാനിൻ, വർണ്ണവസ്തുക്കൾ, ഗ്ലൂക്കോസൈഡ്, കാർബണൈറ്റുകൾ, സോഡിയം ക്ലോറൈഡുകൾ, ആൽക്കലൈൻ മെറ്റൽസ്, ക്ഷാരം എന്നിവയുണ്ട്.

നീർമരുതിന്റെ തൊലി പൊടിച്ചത് രക്തസമ്മർദ്ദത്തിന് ഉത്തമമാണ്. ഇത് വൃക്കയെ ഡയലേറ്റ് ചെയ്യും. മൂത്രം ധാരാളമായിപോകുന്നതിന് കാരണമാകും. യകൃദുദരത്തിന് ഉത്തമമായൊരു ടോണിക്കാണ്.

നീർമരുതിന്റെ തൊലി ഹൃദ്യമാണ്. ഹൃദ്രോഗത്തിൽ വളരെ ഫലപ്രദമാണ്. ഇതിൽ അർജ്ജുനാലിക്ക് ആസിഡ്, സാപോണിൻ ലൂക്കോഡൽ ഫിനിഡിൻ എന്നിവയുണ്ട്. വൻതോതിൽ കാത്സ്യലവണങ്ങളും, ചെറിയതോതിൽ അലൂമിനിയം മഗ്നീഷ്യം ലവണങ്ങളുമുണ്ട്. ഇതിൽ അധികവും പൈറോകാറ്റക്കോർ ടാനിനുകളാണ്.

നീർമരുതിന്റെ തൊലി ബന്ധനഗുണമുള്ളതും, സുഖവർദ്ധകവും, ജ്വരഹരവുമാണ്. തണുപ്പിക്കുന്നതും, ഹൃദയത്തെ ഉത്തേജിപ്പിച്ച് ബലപ്പെടുത്തുന്നതുമാണ്.

നീർമരുതിന്റെ തൊലി എല്ലുകൾക്ക് വളരെ പ്രയോജനപ്രദമാണ്. ചതഞ്ഞതും, ഒടിഞ്ഞതും, കരിവാളിച്ചതും, മുറിഞ്ഞതുമായ എല്ലുകളെ ശരിയാക്കുന്നതാണ്. എല്ലുകൾക്ക് പുഷ്ടിയെ പ്രദാനംചെയ്യുന്നതാണ്.

നീർമരുതിന്റെ തൊലി മൂത്രസഞ്ചിയിലുണ്ടാകുന്ന കല്ലുകളെ അലിയിപ്പിക്കുന്നതാണ്.

നീർമരുതിന്റെ തൊലി ജ്വരക്ഷതം, രക്തദോഷം, ക്ഷയം, പ്രമേഹം, വ്രണം, കഫം, പിത്തം, ദുർമേദസ്സ്, കൃമി, ദാഹം, ശ്രമം എന്നിവക്ക് ഉത്തമമാണ്.

നീർമരുതിന്റെ തൊലി ഹൃദയപ്രസാദാത്മകവും, വാതവർദ്ധകവും, ദേഹത്തിന് സൗന്ദര്യവും, കാന്തിയും വരുത്തുന്നതുമാണ്.

അർജ്ജുനഃ=അർജ്ജുയതി പ്രാപയതി ഹൃദ്യതാമ്. ഇന്ദ്രദ്രുഃ=പരമശക്തിസമ്പന്നോ വൃക്ഷഃ ഇദിപാരമൈശ്വരൗ. കകുദഃ=കകുദോദിശഃ സന്ത്യസ്യ, ബഹുവിസ്തൃതത്വാദ്. ശ്വേതത്വകഃ=കം ജലം സ്കദ്നാതിരുണദ്ധി, കഷായത്വാദബധാതുശോഷകത്വാത്. ദേവസാലഃ=ദേവശക്തിസമ്പന്നോവൃക്ഷഃ ശാലോവാ. ധവലഃ ശ്വേതത്വക്. നദിസർജ്ജഃ=നദീതീരജഃ സർജ്ജസദൃശഃ. മധുഗന്ധിപ്രസൂനകഃ=മധുഗന്ധി പുഷ്പത്വാത്. വീരവൃക്ഷഃ=വീരവിക്രാന്തൗ, പ്രകൃഷ്ട വീര്യത്വാത്. ശ്വസനേശ്വരഃ=ശ്വാസനാശകഃ. ശ്വേതവാഹഃ=ശ്വേതത്വക്. സർപ്പണഃ=പ്രസരണശീലഃ. ഹൃദ്രോഗവൈരി=ഹൃദ്രോഗേ വിശിഷ്ടലാഭകരഃ.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'അർജ്ജുനഃ കകുദഃ പാർത്ഥശ്ച ത്രയോധി ധനഞ്ജയഃ
വീരാന്തകഃ കിരീടി ച നദീസർജ്ജോപി/പാണ്ഡവഃ
കകുദസ്തു കഷായോഷ്ണഃ കഫഘ്നോ വ്രണനാശനഃ
പിത്തശ്രമതൃഷാർത്തിഘ്നോ മാരുതാമയകോപനഃ'.

കകുദം, പാർത്ഥ, ചിത്രയോധി, ധനഞ്ജയ, കിരീടി, നദീസർജ്ജ, പാണ്ഡവ എന്നിവ നീർമരുതിന്റെ പര്യായപദങ്ങളാണ്. നീർമരുത് കഷായവും, ഉഷ്ണവീര്യവും, കഫനാശകവും, വ്രണനാശകവുമാണ്. പിത്തം, ശ്രമം, തൃഷ്ണ എന്നിവയെ കളയുന്നതാണ്. വാതവികാരത്തെ വർദ്ധിപ്പിക്കുന്നതാണ്.

'സരസ്വതീനിഘണ്ടു' പറയുന്നു:
'നദീസർജ്ജോ വീരതരുരിന്ദ്രദ്രുഃ കകുദോ/ർജ്ജുനഃ
പാർത്ഥ കികീടവിജയാ ശ്വേതവാഹോധനഞ്ജയഃ'.

നദീസർജ്ജ; വീരതരുഃ, ഇന്ദ്രദ്രുഃ, കകുദം, അർജ്ജുനഃ, പാർത്ഥഃ, കികീടവിജയഃ, ശ്വേതവാഹഃ, ധനഞ്ജയഃ എന്നിവ പര്യായപദങ്ങളാണ്.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:
'കകുദോളർജ്ജന നാമാസ്യാന്തദീ സർജ്ജശ്ച ദീർത്തിതഃ
ഇന്ദ്രദ്രുവീരവൃക്ഷശ്ച വീരശ്ച ധവളഃ സ്മൃതഃ'.

'മദനപാലനിഘണ്ടു' പറയുന്നു:
'കഷായ കഫ ഹൃദ്വ്രണ്യോമേദോദോഷ നിബർഹണഃ
പ്രമേഹ പാണ്ഡുരോഗഘ്നഃ പിത്തസംശമനോ/ർജ്ജുനഃ'.

'രാജനിഘണ്ടു' പറയുന്നു:
'അർജ്ജുനഃ ശാംബരഃ പാർത്ഥശ്ചത്രയോധി ധനഞ്ജയഃ
വൈരാന്തകഃ കിരീടി ച ഗാണ്ഡീവി ശിവമല്ലകഃ
സവ്യസാചി നദീസർജ്ജ കർണാരിഃ കുരുവീരകഃ
കൗന്തേയോ ഇന്ദ്രസൂനുശ്ച വീരദ്രുഃ കൃഷ്ണസാരഥി
പൃഥാജ് ഫാർഗുണോ ധന്വീകകുദശ്ചൈക വിംശതി'.

'ഭാവപ്രകാശം നിഘണ്ടു' ഗുണത്തെ പറയുന്നു:
'കകുദഃ ശീതളോ ഹൃദ്യഃ ക്ഷതക്ഷയ വിഷാസ്രജിത്
മേദോമേഹവ്രണാൽഹന്തി തുവരഃ കഫപിത്തഹൃത്'.

'രാജനിഘണ്ടു' ഗുണത്തെ പറയുന്നു:
'അർജ്ജുനസ്തുകഷായോഷ്ണഃ കഫഘ്നോവ്രണനാശതഃ
പിത്തശ്രമ തൃഷാർത്തിഘ്നോമാരുതാമയകോപനഃ'.

'നിഘണ്ടു രത്നാകരം' പറയുന്നു:
'അർജ്ജുനസ്തുവരശ്ചോഷ്ണോമധുരഃ ശീതളഃ സ്മൃതഃ
കാന്തിദോബലകൃച്ചൈവലഘുവ്രണവിശോധനഃ
അസ്ഥിഭംഗാസ്ഥിസംഹാരേഹിതഃ കഫവിനാശകഃ
പിത്തശ്രമതൃഷാദാഹമേഹവാതവിനാശകഃ
ഹൃദ്രോഗം പാണ്ഡുരോഗം ച വിഷബാധാം ക്ഷതക്ഷയം
മേദോ വൃദ്ധിം രക്തദോഷം ധർമ്മശ്വാസംക്ഷതം തഥാ
ഭസ്മരോഗം നാശയതിപൂർവ്വൈരിതിനിരൂപിതം'.

'രാജവല്ലഭം' പറയുന്നു:
'പാർഥഃ പഥ്യഃ തേദഗ്നേരക്തസ്തംഭനകൃച്ഛ്തയോഃ'.

'ഢോഢലനിഘണ്ടു' പറയുന്നു:
'തൈലാജ്യ ഗുഡവിപക്വം ചൂർണ്ണം ഗോധൂമപാർത്ഥജംവാപി
പിബതിപയോഽനുസ ഭവതിജിതസകലഹൃദാമയഃ പുരുഷഃ'.

'വൃന്ദാമാധവം' പറയുന്നു:
'ഘൃതേന ദുഗ്ധേന ഗുഡാംഭസാവാ പിബന്തിചൂർണ്ണം
കകുദത്വയോയേ ഹൃദ്രോഗജീർണ്ണജ്വരപിത്തരക്തം
ഹത്വഭവേയുശ്ചിര ജീവിനസ്തേ'.

'വംഗസേനൻ' പറയുന്നു:
'കേശരാജോഽർജ്ജുനക്ഷാരഃ പ്രാതഃ പീതശ്ചമസ്തുനാ
നിഹന്തി സാമമത്യർത്ഥമ ചിരാത്ഗ്രഹണിരുജം'.

'ഭാവപ്രകാശം' പറയുന്നു:
'ചൂർണ്ണം കകുദമിഷ്ടം വാസകസദാവിതം ബഹുവാരം
മധുഘൃതസിതോപലാഭി; ലേഹ്യം ക്ഷയകാസരക്തഹരം'.

'വൃന്ദാമാധവം' പറയുന്നു:
'അർജ്ജുനസ്യത്വചാ സിദ്ധംക്ഷീരം യോജ്യം ഹൃദാമയേ
സിതയാപഞ്ചമൂല്യാവാ ബലയാമധുകേന'.

'മദനപാലനിഘണ്ടു' പറയുന്നു:
'അർജ്ജുനസ്തുവരഃ ശീതോജയേത് പിത്തകഫവ്രണാൽ
മേദോമേഹാസ്ര ഹൃദ്രോഗസ്വേദഭഗ്നക്ഷതക്ഷയാൽ'.

'അഷ്ടാംഗഹൃദയം' ശാരീരം പറയുന്നു:
'ശിരീഷകകുദക്വാഥ പിയൂൻ യോനൗവിനിക്ഷിവേത്
ഉപദ്രവാശ്ചയോഽന്യേ സ്യുസ്താൻ യഥാ സ്വമുപായരേത്'.

'വൃന്ദാമാധവം' പറയുന്നു:

നീർമരുതിൻ തോൽ അറുപതുഗ്രാം ചതച്ച് കിഴികെട്ടിയതും, മുന്നൂറ് എം.എൽ. പശുവിൻപാലും, ഒരു ലിറ്റർ വെള്ളവും ചേർത്ത് കാച്ചി പാലളവിലായത് നൂറ്റമ്പത് എം.എൽ.വീതം കഴിച്ചാൽ ഹൃദ്രോഗം മാറുന്നതാണ്.

നീർമരുതിൻ തോലും, പഞ്ചമൂലവും, ഒരു ലിറ്റർ വെള്ളവും ചേർത്ത് പാൽക്കഷായംവെച്ച് പഞ്ചസാരചേർത്ത് കഴിച്ചാലും ഹൃദ്രോഗശമനമുണ്ടാകും.

നീർമരുതിൻ തൊലിയും, ഇരട്ടിമധുരവും ചേർത്ത് പാൽക്കഷായം വെച്ച് പഞ്ചസാരചേർത്ത് കഴിച്ചാലും ഹൃദ്രോഗം മാറും.

നീർമരുതിൻ തൊലിയും കുറുന്തോട്ടിവേരും ചേർത്ത് പാൽക്കഷായംവെച്ച് പഞ്ചസാരചേർത്ത് കഴിച്ചാലും ഹൃദ്രോഗം മാറും.

നീർമരുതിൻ തൊലി പൊടിച്ചത് ഒരു ടീസ്പൂൺ നെയ്യോ, പാലൊ, കരിമ്പിൻനീരോ ചേർത്തുകഴിച്ചാൽ ഹൃദ്രോഗവും, പനിയും, രക്തസ്രാവവും മാറുകയും, ആയുഷ്യമുണ്ടാകുകയും ചെയ്യും.

'ഗദനിഗ്രഹം' പറയുന്നു:

നീർമരുതിൻ തൊലിയും ഗോതമ്പും ചേർത്തുപൊടിച്ച് എണ്ണയൊ, നെയ്യോ, ശർക്കരയൊ ചേർത്ത് പാകംചെയ്തു കഴിച്ചാൽ ഹൃദ്രോഗം മാറും.

'ഭാവപ്രകാശം' ചികിത്സാസ്ഥാനവും, 'ചക്രദത്തം' നാഗബലാരസായനവും പറയുന്നു:

നീർമരുതിൻതൊലി, നാഗബല, നായ്ക്കുരണപ്പരിപ്പ് എന്നിവ പൊടിച്ചത് തേനിലൊ, നെയ്യിലൊ, വെണ്ണയൊ, പഞ്ചസാരയൊ ചേർത്തോ, പാലുചേർത്തോ കഴിച്ചാൽ ശോഷം മാറും. ചുമ ശമിക്കും.

'വംഗസേനൻ' ഗ്രഹണിയിൽ പറയുന്നു:

നീർമരുതിൻതൊലി, കയ്യുണ്യം എന്നിവയുടെ ക്ഷാരം തൈരിൽ ചേർത്ത് രാവിലെ കഴിച്ചാൽ സാമഗ്രഹണി(ആമത്തോടെയുള്ള ഗ്രഹണി) മാറും.

'വൃന്ദാമാധവം' പറയുന്നു:

രക്തസ്രുതിയിലും, രക്തപ്രവാഹികയിലും നീർമരുതിൻതൊലി പൊടിച്ചത് തേനിൽ ചേർത്ത് പാലിനോടൊപ്പം കഴിച്ചാൽ മതി.

'ചരകസംഹിത' ചികിത്സിതം പറയുന്നു:

നീർമരുതിൻതോൽ, കണികൊന്നതോൽ, കരിങ്ങാലിക്കാതൽ എന്നിവ ചേർത്ത് തിളപ്പിച്ച വെള്ളം കുടിക്കുകയും, അത് കുളിക്കാനുപ

യോഗിക്കുകയും ചെയ്താൽ കുഷ്ഠം മാറും.

നീർമരുതിൻതൊലി, ആടലോടകവേര്, കൊടിതൂവവേര്, വേപ്പിൻ തൊലി എന്നിവ ചേർത്ത് കഷായംവെച്ചു കഴിച്ചാൽ അർശസ്സും, രക്തസ്രാവവും നിൽക്കും.

നീർമരുത്, വേപ്പ്, പാതിരി, കടമ്പ, പേരാൽ, വെളുത്ത എരുക്ക് എന്നിവയുടെ ഇല അരച്ചത് വെച്ചുകെട്ടിയാൽ വ്രണം ഉണങ്ങും.

'സുശ്രുതസംഹിത' ഉത്തരസ്ഥാനം പറയുന്നു:
നീർമരുതിൻതൊലി, മാവിൻതൊലി, ഞാവൽതൊലി എന്നിവ ചേർത്ത ശീതകഷായം രക്താർശസ്സിൽ ഫലപ്രദമാണ്.

'ഭാവപ്രകാശം' ചികിത്സിതം പറയുന്നു:
നീർമരുതിൻതൊലിയും, കോലരക്കും, ശുദ്ധിചെയ്ത ഗുഗ്ഗുലുവും ചേർത്ത് പൊടിച്ചത് കുഴച്ച് വെച്ചുകെട്ടിയാൽ ഒടിഞ്ഞ എല്ല് നേരെയാകും. അതിന് കഴിക്കുകയും ചെയ്യാം. അപ്പോൾ പാലും, നെയ്യും മാത്രമാണ് കഴിക്കേണ്ടത്.

'സുശ്രുതസംഹിത' ചികിത്സിതം പറയുന്നു:
നീർമരുതിൻതൊലിയും, ചന്ദനവും കഷായംവെച്ചു കഴിച്ചാൽ ശുക്രമേഹം ശമിക്കും.

'ഹാരീതസംഹിത' പറയുന്നു:
നീർമരുതിൻതൊലിയും ഞമയും കഷായംവെച്ചു കഴിച്ചാൽ പൂയമേഹം മാറും.

'അഷ്ടാംഗഹൃദയം' ഉത്തരസ്ഥാനവും, 'വൃന്ദാമാധവ'വും, 'ശാർങ്ഗധര'നും പറയുന്നു:
വരഞ്ഞുപൊട്ടുന്ന ത്വക്‌രോഗങ്ങളിൽ നീർമരുതിൻതോലും, മഞ്ചട്ടിതോലും തേൻചേർത്തോ, നെയ്യ്ചേർത്തോ പുരട്ടുന്നത് വല്ലതാണ്.

'വൃന്ദാമാധവം' പറയുന്നു:
അസ്ഥിഭംഗത്തിന് നീർമരുതിൻതോലും, ഗോതമ്പും ചേർത്തു പൊടിച്ചത് പാലും, നെയ്യും ചേർത്ത് കഴിക്കുന്നത് നല്ലതാണ്.

നൂറുഗ്രാം നീർമരുതിൻതോൽ, നാല് ചെമ്പരത്തിപ്പൂവ് എന്നിവ പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കിയത് പിഴിഞ്ഞരിച്ച് അര ഗ്ലാസ്സുവീതം കഴിച്ചാൽ ഹൃദ്രോഗം മാറും. അപ്പോൾ മുളകും, പുളിയും കഴിക്കരുതെന്ന് സിദ്ധമുറ അനുശാസിക്കുന്നുണ്ട്.

സിദ്ധസാമ്രാട്ട് കുപ്പാമുനിയുടെ ഉപദേശിച്ചത്:
'ഓതുമെൻറു നീരിഴവെയോടും പിരമേകം

കാതമെൻ ഓട്ടക്കടെത്തുണ്ട് കാൺപോത
മയക്കമൊട്ട് താകമാറുപുരത്തിൽ
തയക്കമർക്കും മരുതം ചാറ്'.

നീർമരുത്, ഞാവൽ, പേരാൽ എന്നിവയുടെ തോൽ അമ്പതുഗ്രാം വീതമെടുത്ത് ഒരു മൺപാത്രത്തിൽ രണ്ടുഗ്ലാസ്സ് ശുദ്ധജലമെടുത്ത് കാച്ചി പാതിയാക്കിയത് ദിവസേന രണ്ടുനേരം നൂറ്റിയിരുപത് ദിവസം തുടർച്ചയായി കഴിച്ചാൽ മൂത്രത്തിലും, രക്തത്തിലും അധികരിച്ചിരിക്കുന്ന പഞ്ചസാരയുടെ അളവുകുറയും.

ചരകാചാര്യൻ പറയുന്നത്:
നീർമരുതിൻതൊലി പൊടിച്ചത് തേനിൽ അരച്ചിട്ടാൽ വ്രണങ്ങൾ, മുഖക്കുരു, ത്വക്‌രോഗങ്ങൾ എന്നിവ ശമിക്കും.

ഇരുപത്തിയഞ്ചുഗ്രാം നീർമരുതിന്റെതൊലി ഇരുന്നൂറ്റിനാത്പത് എം. എൽ വെള്ളത്തിൽ വറ്റിച്ച്, അറുപത് എം. എൽ ആക്കിയത് മുപ്പത് എം.എൽ വീതം രണ്ടുനേരം പതിവായി കഴിച്ചാൽ പിത്തവികാരങ്ങൾ, രക്തസ്രാവം, നീര്, പാണ്ഡുത, ഹൃദ്രോഗം എന്നിവ മാറും.

നീർമരുതിൻതൊലി കഷായം വ്രണം കഴുകാനുപയോഗിച്ചാൽ നല്ലതാണ്.

നീർമരുതിൻതൊലി പൊടിച്ചത് അഞ്ചുഗ്രാം പാലിൽ കഴിച്ചാൽ ഒടിഞ്ഞ അസ്ഥി നേരെയാകും.

നീർമരുതിൻതൊലി കഷായംവെച്ചു കഴിച്ചാൽ തേൾവിഷത്തിന് നല്ലതാണ്. ഇത് വിഷോപദ്രവങ്ങളിലെല്ലാം കഴിക്കാവുന്നതാണ്.

നീർമരുതിൻതൊലി കഷായം പിത്തരോഗങ്ങളിൽ ഫലപ്രദമാണ്. കുടലിൽനിന്ന് രക്തമോ, ജലമോ പോകുന്നുണ്ടെങ്കിൽ ഈ കഷായം കഴിച്ചാൽ മതി, അതിസാരമെല്ലാം മാറും.

നീർമരുതിൻതൊലി കഷായത്തിൽ ശർക്കരചേർത്ത് കുറുക്കിയതും, നീർമരുതിൻതൊലി പൊടിച്ചതും ചേർത്തുണ്ടാക്കുന്ന ലേഹ്യം ഹൃദ്രോഗത്തിന് അത്യന്തം ഫലപ്രദമാണ്.

ചർമ്മവീക്കം, ഹൃദയത്തിന്റെ ഇടത്തെ ഓറിക്കിളിൽനിന്നും വെൻട്രിക്കിളിൽനിന്നും രക്തംവരിക, ഹൃദയകോശവീക്കം, ഹൃദയത്തിൽ ശക്തിയായിയുണ്ടാകുന്ന വേദന എന്നീ ഹൃദ്രോഗങ്ങൾകൊണ്ട് വലയുന്നവർ നീർമരുതിൻതൊലിയുടെ പൊടിച്ചത് പശുവിൻപാൽ ചേർത്ത് വെറുവയറ്റിൽ പതിവായി ഒരു വർഷമെങ്കിലും കഴിച്ചാൽ മതി, അതെല്ലാം മാറും.

മഹോദരത്തിന് നീർമരുതിൻതൊലി പൊടിച്ചുകഴിച്ചാൽ മതി.

നീർമരുതിന്റെ തൊലിയും, രക്തചന്ദനവും, പഞ്ചസാരയും ചേർത്തരച്ചത് ചൂടുവെള്ളത്തിൽ കഴിച്ചാൽ ചുമച്ചുചോരതുപ്പുന്നത് മാറും.

വ്രണത്തിന് നീർമരുതിന്റെ ഇല അരച്ചുപൊതിഞ്ഞാൽ മതി.

നീർമരുതിൻതൊലിയും, വെളുത്തചന്ദനവും ചേർത്ത് കഷായം വെച്ചു കഴിച്ചാൽ ശുക്ലസ്രാവം നിൽക്കും.

നീർമരുതിൻതൊലിയും, കടുക്കാത്തോടും ചേർത്തുകഴിച്ചാൽ ഗൊണേറിയ മാറും.

രക്താതിസാരത്തിന് നീർമരുതിൻതൊലി ആട്ടിൻപാലിൽ അരച്ചത് കഴിച്ചാൽ മതി.

നീർമരുതിൻതൊലി അരച്ചത് അഞ്ഞൂറുഗ്രാം, ആടലോടകത്തില നീര് ഒരു ലിറ്റർ എന്നിവ ചേർത്ത് ഭാവനചെയ്ത് (ഏഴുതവണവരെ ഭാവന ചെയ്യാം) ഉണക്കിപ്പൊടിക്കുക. അത് കൽക്കണ്ടവും, പശുവിൻനെയ്യും, തേനും ചേർത്ത് ലേഹ്യമാക്കിവെച്ചത് പതിവായി കഴിച്ചാൽ ക്ഷയവും, ചുമച്ചുചോരതുപ്പുന്നതും വ്രണങ്ങളും മാറും. ഇത് സ്വർണ്ണഭസ്മം, പവിഴഭസ്മം, അഭ്രഭസ്മം മുതലായവ ചേർത്തും, ഭസ്മങ്ങൾ അനുപാനമാക്കിയും ഉപയോഗിക്കാം. ക്ഷയത്തിന് അസാദ്ധ്യഫലം ചെയ്യും.

നീർമരുതിന്റെ തൊലി അരച്ചത് പാലിൽ കഴിച്ചാൽ ഒടിവ്, ചതവ്, കരുവാളിപ്പ് എന്നിവ മാറും.

നീർമരുതിൻതൊലി കഷായംവെച്ചത് പനിയുള്ളവർക്ക് വിരേചനത്തിന് നൽകാൻ നല്ലതാണ്, പനി ശമിക്കും.

പിത്തവ്രണങ്ങൾ കഴുകുന്നതിന് നീർമരുതിൻതൊലി കഷായം ഉപയോഗിക്കാം.

നീർമരുതിൻതൊലി, വെളുത്തുള്ളി, ഓരിലവേര് എന്നിവ കഷായം വെച്ചത് ഹൃദ്രോഗികൾക്ക് അമൃതിനുതുല്യമാണ്. കഷായം ഹൃദയസ്ഫുരണത്തിന് ശക്തിയുണ്ടാക്കുകയും, മിടിപ്പിന്റെ എണ്ണം കുറക്കുകയും ചെയ്യും. ഇതിന് നാലുഭാഗം നീർമാരുതിൻതൊലിയും, രണ്ടുഭാഗം ഓരിലവേരും, ഒരുഭാഗം വെളുത്തുള്ളിയുമെന്നതാണ് ശരിയായ അനുപാതം.

നീർമരുതിന്റെ തൊലി, അമുക്കുരം, കണ്ടകാരിച്ചുണ്ടവേര്, കോലരക്ക്, കുറുന്തോട്ടിവേര്, വെള്ളക്കൊട്ടം, ആടലോടകവേര്, പുഷ്ക്കരമൂലത്തിൻവേര്, ചെമ്പരത്തിവേര്, തിപ്പലി, നായ്ക്കുരണവേര്, ഇരട്ടി

മധുരം, പതിമുഖം, ബദാംപരിപ്പ്, ചെത്തിപൂവ്, വിഴാലരി, ഊരകവേര് എന്നിവ സമമായെടുത്ത് കഷായംവെച്ചതിൽ ശുദ്ധിചെയ്ത കന്മദവും ചേർത്ത് മൂന്നുനേരം കഴിക്കുകയും, 'ഏലാദി എണ്ണ' തലയിൽതേക്കുകയും, മാംസസൂപ്പും, പാലും, പഞ്ചസാരയും ചേർത്തത് രണ്ടുനേരം കഴിക്കുകയും ചെയ്താൽ എത്ര കഠിനമായ ക്ഷയവും മാറും.

നീർമരുതിൻകഷായത്തിൽ തേൻചേർത്തു കഴിച്ചാൽ കണ്ഠമാലമാറും.

നീർമരുതിൻതൊലി കഷായത്തിൽ, നീർമരുതിൻതൊലി അരച്ചു ചേർത്ത് കഴിച്ചാൽ മൂത്രാഘാതം മാറും. ഇത് അസ്ഥി ഒടിഞ്ഞത് നേരെയാക്കാനും, നീരിനും, പാണ്ഡുതക്കും, രക്തസ്രാവത്തിനും കഴിക്കാൻ നല്ലതാണ്.

നീർമരുതിൻതൊലിയുടെ ചൂർണ്ണം ശർക്കരചേർത്ത് കഴിച്ചാൽ അജീർണ്ണം മാറും. ഇത് ആയുർവർദ്ധകവുമാണ്.

മുൻകാലങ്ങളിൽ നീർമരുതിന്റെ പൂങ്കുലകൾ പൂക്കടകളിൽ ലഭ്യമായിരുന്നു. നീർമരുതിൻപൂവ് തലയിൽ ചൂടിയാൽ തലയിലെ പേൻ, താരൻ മുതലായവ പോകാനും, ഹൃദയശോഭക്കും, പുരുഷകേസരിമാരെ ആകർഷിക്കാനും നല്ലതാണെന്ന് അന്നത്തെ സ്ത്രീകൾ വിശ്വസിച്ചിരുന്നു. അതുകൊണ്ട് ദക്ഷിണേന്ത്യയിലെ പലഭാഗത്തും പെണ്ണുകാണൽചടങ്ങിന് പെൺകുട്ടികൾ ചൂടിയിരുന്നത് നീർമരുതിൻപൂക്കളാണ്.

തോല് ഉറയ്ക്കിടുന്നതിന് നീർമരുതിന്റെ തൊലി ഉപയോഗപ്പെടുത്തുന്നുണ്ട്.

നീർമരുതിന്റെ തൊലി ചേർത്തുണ്ടാക്കുന്ന 'അർജ്ജുനഘൃതം' ഹൃദ്രോഗത്തിന് നല്ലതാണ്. ഇതിന് നീർമരുതിന്റെ തൊലി തൊള്ളായിരത്തിയറുപതുഗ്രാം ഇരുപത്തിനാല് ലിറ്റർ വെള്ളത്തിൽ വെന്ത് ആറ് ലിറ്ററാകുമ്പോൾ അതിൽ ഒരു കിലോഗ്രാം നെയ്യ്ചേർത്ത് നൂറ്റിയിരപത്തിയഞ്ചുഗ്രാം നീർമരുതിൻതൊലി അരച്ചത് കൽക്കമാക്കി മെഴുകുപാകത്തിൽ പാകംചെയ്തെടുത്ത് അരിച്ചുവെച്ചത് കഴിക്കണം.

നീർമരുതിൻതോൽ, വയമ്പ്, ചിറ്റരത്ത, കുറുന്തോട്ടി, ആനകുറുന്തോട്ടി, കടുക്കാതോട്, കച്ചോലം, പുഷ്ക്കരമൂലം, തിപ്പലി, ചുക്ക് എന്നിവ സമമായെമെടുത്ത് സൂക്ഷ്മചൂർണ്ണമുണ്ടാക്കിവെച്ചത്, ഈ 'കകുദാദിചൂർണ്ണം' പത്തുഗ്രാം വീതം നെയ്യിൽ കഴിച്ചാൽ ഹൃദ്രോഗത്തിന് വിശിഷ്ടമാണ്.

അഭ്രകഭസ്മം(നൂറ്റൊന്ന് സ്ഫുടംചെയ്തെടുത്തത്) നീർമരുതിൻ

തോൽകഷായത്തിൽ ഏഴുതവണ ഭാവനചെയ്തെടുക(അരച്ചെടുക്കുക). അത് വീണ്ടും നീർമരുതിൻതൊലി കഷായത്തിൽ അരച്ചെടുത്ത് ഗുളികകളാക്കിവെച്ചത് കഴിച്ചാൽ ഹൃദ്രോഗങ്ങളെല്ലാം മാറും. ഈ ഔഷധത്തെ 'നാഗാർജ്ജുനാദ്ര'മെന്ന് പറയും.

സ്വർണ്ണഭസ്മം, ഹീരഭസ്മം, വൈക്രാന്തഭസ്മം, വംഗഭസ്മം, അഭ്രഭസ്മം, ശുദ്ധരസം, ശുദ്ധഗന്ധകം എന്നിവ സമമായെടുക്കുക. അത്രത്തോളം ലോഹഭസ്മ(നൂറ്റൊന്ന് സ്ഫുടം)വും, രസവും, ഗന്ധകവുമെടുത്ത് ചേർത്തരക്കുക. മറ്റു ഭസ്മങ്ങൾ ഓരോന്നായെടുത്ത് നീർമരുതിൻതൊലി കഷായത്തിൽ അരക്കുക. അത് യവം കഷായംവെച്ചതിലും, നീർമരുതിൻതോൽ കഷായത്തിലും അരക്കുക. ഇങ്ങനെ ഏഴുതവണ വീതം രണ്ടുകഷായത്തിലും ഭാവനചെയ്യുക. തുടർന്നത് കറ്റാർവാഴപ്പോളനീരിൽ മൂന്നുതവണ ഭാവനചെയ്യുക. അത് വീണ്ടും അരച്ച് പിണ്ഡമാക്കിയത് നെയ്യിൽ പൂഴ്ത്തിവെക്കണം. അത് ഏഴുദിവസം കഴിഞ്ഞ് പുറത്തെടുത്ത് നീർമരുതിൻതൊലി കഷായത്തിൽ അരച്ചെടുത്ത് ഗുളികകളാക്കിവെക്കുക. ഇത് ഉചിതമായ അനുപാതത്തിൽ കഴിക്കാം. ഇതിന് 'രത്നാകരരസ'മെന്നുപറയും.

നീർമരുതിന്റെയും മണിമരുതിന്റെയും ഇലകളിലും, ഉണങ്ങിയ കായയിലും ഇൻസുലിന് സമാനമായ ഗുണങ്ങളുള്ളൊരു ഘടകമുണ്ട്. ഇത് ആറുമുതൽ ഏഴ് യൂണിറ്റുവരെ ഇൻസുലിന്റെ ഗുണം ചെയ്യും. ശീതോഷ്ണനിയന്ത്രണമേറ്റെടുക്കും. അതേസമയമിതിൽ ഒരു വിഷാംശവുമുണ്ട്. അതിനുള്ള പ്രതിവിധി, നീലയമരിവേര് അരച്ചത് പശുവിൻപാലിൽചേർത്ത് കുടിക്കലാണ്.

നീർമരുതിൻതൊലി രണ്ട് കിലോഗ്രാം, ഉണക്കമുന്തിരിങ്ങ ഒരു കിലോഗ്രാം, ഇലിപ്പപൂവ് അര കിലോഗ്രാം എന്നിവ ഇരുപത് ലിറ്റർ വെള്ളത്തിൽ വെന്ത് അഞ്ച് ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ച കഷായത്തിൽ മൂന്നുകിലൊ ശർക്കരയും, മൂന്നുഗ്രാം താതിരിപ്പൂവും പൊടിച്ചുചേർത്ത് ഒരു മൺകലത്തിൽ ഭദ്രമായി അടച്ചുവെച്ച് മുപ്പത് ദിവസം കഴിഞ്ഞ് അരിച്ചെടുത്തത് പത്ത് എം.എൽ വീതം കഴിച്ചാൽ സകല ഹൃദ്രോഗവും മാറും.

നീർമരുതിന്റെ പച്ചയില നീര് ചെവിവേദനക്ക് നല്ലതാണ്.

'ഉദഗർജ്ജുനസ്യദൃശ്യോവൽമീകോയതി തതോർജ്ജുനാദ്ധത് തൈഃ ത്രിഭിരംബു ഭഗവതിപുരുഷൈ സ്തിദിരർദ്ധസമന്വി തൈഃ പശ്ചാത്'.

നീർമരുതിന്റെ വടക്കുഭാഗത്ത് മൺപുറ്റ് കാണുകയാണെങ്കിൽ മരത്തിന്റെ മൂന്നുമുഴം പടിഞ്ഞാറുഭാഗത്ത് മൂന്നരയാൾ ആഴത്തിൽ ജലം

ലഭിക്കും.

'ഇന്ദ്രിതരോർവല്മീകഃ പ്രാഗ്ദൃശ്യഃ പശ്ചിസിരാഹസ്തേ ഖാത്വാചാതുർദുശനരാത് കപിലാഗോധനരേ പ്രഥമേ'.

നീർമരുതിന് കിഴക്കുഭാഗത്ത് മൺപുറ്റും, അതിനുതാഴെ ചുകന്ന ഉടുമ്പിനെയും കണ്ടാൽ, മരത്തിന് ഒരു മുഴം പടിഞ്ഞാറുഭാഗത്ത് പതിന്നാലാൾ ആഴത്തിൽ വെള്ളം കിട്ടും.

'കകുദകരീരാവേക ത്രിസംയുതൗയത്രി കകുഷ്ടാദബിലൗ ഹസ്തദ്വയേംബു പശ്ചാന്നരൈവാർ ഭവേത് പശ്ചിവിംശത്യാ'.

ഒരിടത്ത് നീർമരുതും ആട്ടാന്മുളയോ, നീർമരുതും കൂവളമോ, ഒന്നിച്ചുവളരുന്നതായി കണ്ടാൽ അതിന് പടിഞ്ഞാറുഭാഗത്ത് രണ്ടുമുഴം അകലെയായി ഇരുപത്തിയഞ്ചാൾ ആഴത്തിൽ വെള്ളം കിട്ടും.

രസസിന്ദൂരം, ഗന്ധകം, അഭ്രകം, ലോഹം, വങ്കം, കന്മദം എന്നിവ സമമായി പ്രത്യേകമായെടുക്കുക. അതിന്റെകൂടെ രസസിന്ദൂരത്തിന്റെ കാൽഭാഗം സ്വർണ്ണഭസ്മവും, സ്വർണ്ണഭസ്മത്തിന്റെ ഇരട്ടിഭാഗം വെള്ളിഭസ്മവും ചേർക്കുക. ഇതെല്ലാം യോജിപ്പിച്ചെടുത്തത് നീർമരുതിൻ തൊലികഷായത്തിലും, കൊടുവേലികഷായത്തിലും, കയ്യുണ്യരസത്തിലും ഏഴുതവണ വീതം ഭാവനചെയ്തെടുക്കുക. അത് കുന്നിക്കുരുപ്രമാണത്തിൽ ഗുളികകളാക്കി നിഴലിൽ ഉണക്കിയെടുത്ത് സൂക്ഷിക്കുക. ഓരോ ഗുളിക ഗോതമ്പുകൊണ്ടുള്ള കഷായരസത്തിൽ കഴിച്ചാൽ എല്ലാതരം ഹൃദ്രോഗങ്ങളും, ഇരുപത് പ്രമേഹങ്ങളും, ശ്വാസങ്ങളും, കാസങ്ങളും ശമിക്കും. ഇതിന് 'ചിന്താമണിരസ'മെന്നു പറയുന്നു.

വിശാഖം നക്ഷത്രം

വയ്യങ്കത

ശാസ്ത്രനാമം : Flacourtia Jaangomas Rausch.
കുടുംബം : Flacoutiaecae.
കുലം : വികാങ്കത കുലം.
ഇംഗ്ലീഷ് നാമം : Puneala Plum, Governers Plum.
സംസ്കൃതം : വികങ്കതഃ സ്രുവക്ഷഃ
മലയാളം : വയ്യങ്കത.
ഹിന്ദി : പാനിയാലാ, പാനിയാമലക, കടായ്.
തമിഴ് : കടുകൽ, വയ്യങ്കരൈ.
കന്നട : വാൽമുങ്കീ, ഹുലുമാനിക്.
തെലുങ്ക് : കാൻഡ്രേഗു, കുരഗായി.
ബംഗാളി : ബേംചി
മറാഠി : കാകോട്.
ഗുജറാത്തി : കാംകോട്.

വിശാഖം നക്ഷത്രത്തിന്റെ ഉദയം തുലാവം ഇരുപത്തിമൂന്നിന് സൂര്യൻ ഉച്ചയിൽ വരുമ്പോൾ മകരത്തിൽ മൂന്ന് നാഴിക ഒരു വിനാഴിക ചെല്ലുമ്പോഴാണ്. സൃഷ്ടിനക്ഷത്രമാണ്. ഭൂതം അഗ്നിയാണ്. ഭൂതദേവത മഹേശ്വരനാണ്. പുരുഷയോനിയാണ്. അസുരഗണമാണ്. അക്ഷരം ഉകാരമാണ്. മന്ത്രാക്ഷരം ശികാര മാണ്. പക്ഷി കാക്കയാണ്. മൃഗം സിംഹവുമാണ്. വൃക്ഷം വയ്യങ്കതയാണ്.

വിശാഖത്തിന്റെ മുക്കാൽഭാഗം തുലാവം രാശിയിലും, അന്ത്യം കാൽഭാഗം വൃശ്ചികരാശിയിലുമാണ്. വസ്ത്രം നെയ്യുക, ആഭരണങ്ങൾ തീർക്കുക, ആയുധങ്ങൾ നിർമ്മിക്കുക എന്നിവക്ക് വിശാഖം ഉത്തമമാണ്. ശില്പവേലക്കും, ഔഷധസേവക്കും നല്ല നാളാണ്.

വിശാഖം നക്ഷത്രത്തിൽ ജനിച്ചവർ മുൻകോപികളായിരിക്കും. ബുദ്ധിശക്തിയുള്ളവരും, ഇടപ്പെടുന്ന കാര്യങ്ങളിൽ കൃത്യനിഷ്ഠതയുള്ളവരും, അക്കാര്യം ഭംഗിയായി നിർവഹിക്കുന്നവരുമാണ്. ദേശം മാറിമാറി താമസിക്കുവാൻ ഇഷ്ടപ്പെടുന്നവരാണ്. ഇവർ സ്വാശ്രയത്വമുള്ളവരും, സ്വസ്ഥവും, സ്വാതന്ത്ര്യവുമായ പുത്തൻ ജീവതമാർഗ്ഗം കണ്ടെത്തുന്നവരുമാണ്. ഇവരുടെ ബാല്യം ക്ലേശബഹുലവും, യൗവനമധ്യം മുതൽ സാമ്പത്തിക പുരോഗതിയുള്ളവരുമാണ്. ധനസമ്പാദനത്തിൽ മിടുക്കരായിരിക്കും. ചെലവുകുറക്കുന്നതിന് ഇവരാഗ്രഹിച്ചാൽതന്നെയും ധാരാളിത്തമുണ്ടാകും. വാഗ്മികളും, സദ്സ്വഭാവിക

ളുമായിരിക്കും. ഏതെങ്കിലും കാരണംകൊണ്ട് ദുർവാശിയുണ്ടായാൽ അതെങ്ങനെയും ഇവർ സാധിച്ചെടുക്കും. കാഴ്ചയിൽ അല്പം അഹങ്കാരമുള്ളവരാണെന്ന് തോന്നാമെങ്കിലും ഹൃദയവിശാലതയുള്ളവരാണ്. സത്യധർമ്മങ്ങളിൽ നിന്ന് വ്യതിചലിക്കാത്തവരാണ്. അന്യരുടെ വിശ്വാസമാർജ്ജിക്കാനുള്ള പ്രവർത്തനങ്ങളിലെല്ലാം ഇവർ ശോഭിക്കും.

'ഈർഷ്യുർവിദേശനിരതോ
ലുബ്ധോദ്യുതിമാൻ ധനാന്വിതഃ വ്യാതഃ
യുദ്ധോൽസുകശ്ചനിപുണോ
ദുഷ്പ്രേഷ്യോജായതെ വിശാഖായാം'.

ഈർഷ്യ, വിദേശവാസം, ലുബ്ധ്, സൗന്ദര്യം, ധനം, പ്രസിദ്ധി, യുദ്ധോത്സാഹം, ഭൃത്യവേല എന്നിവയിവർക്ക് പൊതുവാണ്.

വിശാഖം നക്ഷത്രവൃക്ഷമായ വയ്യങ്കത പടർന്നുവളരുന്ന ഒരു ചെറിയ മരമാണ്. ഇന്ത്യയിലുടനീളം കാണപ്പെടുന്നവയാണ്. ജനങ്ങൾ വീട്ടുപറമ്പുകളിൽ വയങ്കത വെച്ചുപിടിപ്പിക്കാറുണ്ട്. ഇതിന് ഒമ്പത് മീറ്റർവരെ ഉയരമുണ്ടാകും. ഇതിന്റെ തൊലി മൃദുലമാണ്. ഇളം തവിട്ടുനിറത്തിലുള്ളതാണ്. ഇലകൾ ലളിതമായ ദീർഘവൃത്താകൃതിയിലുള്ളതും, കടുത്ത പച്ചനിറത്തിലുള്ളതുമാണ്. പ്രതലം തിളക്കമാർന്നതാണ്. പച്ചനിറത്തിലുള്ള കായ പഴുക്കുമ്പോൾ മഞ്ഞനിറമാകും. ഈ നിത്യഹരിതവൃക്ഷത്തിന്റെ തായ്ത്തടിയിലും, ശാഖകളിലും നേർത്തുനീണ്ട മുള്ളുകളുണ്ട്.

വയ്യങ്കതയെ ദിവ്യവൃക്ഷങ്ങളുടെ കൂട്ടത്തിലാണ് പെടുത്തിയിരിക്കുന്നത്. യജ്ഞത്തിൽ ഹോമാഗ്നിയിൽ അർഘ്യമർപ്പിക്കുന്നതിനുള്ള തവി വയ്യങ്കതകൊണ്ടുള്ളതാണ് ഉപയോഗിച്ചിരുന്നത്.

വയ്യങ്കതയുടെ തൊലിയും, ഇലയും ബന്ധനഗുണമുള്ളതാണ്. തീക്ഷ്ണവും, ചവർപ്പുള്ളതുമാണ്. തണുപ്പിക്കുന്നതാണ്. അതുകൊണ്ട് വയ്യങ്കത പിത്തവർദ്ധനവിന് ഉത്തമമായ ഔഷധമാണ്.

വയ്യങ്കതയുടെ പഴങ്ങൾ മധുരവും, പുളിയുള്ളതും, ഭക്ഷ്യയോഗ്യവും, ശരീരത്തെ തണുപ്പിക്കുന്നതുമാണ്. യകൃത്രോഗങ്ങൾക്ക് ഉത്തമമാണ്. വാതത്തിനും, പിത്തത്തിനും, കഫത്തിനും, ത്വക്രോഗങ്ങൾക്കും, പ്രമേഹത്തിനും, മഞ്ഞപിത്തത്തിനും, മുഴകൾക്കും ഉപയോഗപ്രദമാണ്.

വയ്യങ്കതയുടെ തൊലിയുടെ കഷായം പ്രമേഹത്തിനും, ത്വക്രോഗത്തിനും ഉത്തമമാണ്.

വയ്യങ്കതയുടെ തൊലിയരച്ച് പേസ്റ്റാക്കിയത് പാലിൽകഴിച്ചാൽ മഞ്ഞപിത്തത്തിന് നല്ലതാണ്.

വയ്യങ്കതയുടെ പഴം പൊട്ടിച്ചെടുത്ത് തേൻചേർത്ത് കഴിച്ചാൽ ചുമയും, ശ്വാസതടസവും മാറും.

വയ്യങ്കതയുടെ കഷായം കരളിനും, രക്തശുദ്ധിക്കും ഉത്തമമാണ്.

വയ്യങ്കതയുടെ പഴം നല്ല മധുരരസമുള്ളതും, രുചിയുള്ളതുമാണ്. മഞ്ഞപ്പിത്തം, പ്ലീഹോദരം എന്നിവക്ക് ഉത്തമമാണ്.

തണുപ്പുകാലത്ത് പ്രസവം കഴിഞ്ഞ സ്ത്രീകൾക്ക് തണുപ്പുകാറ്റേറ്റാലുണ്ടാകുന്ന പ്രസവാനന്തരവാതത്തെ തടഞ്ഞുനിർത്തുന്നതിന് വയ്യങ്കതപ്പഴത്തിന്റെ കുരു മഞ്ഞൾചേർത്ത് പൊടിച്ചത് ദേഹമാകെ പുരട്ടുന്നത് നല്ലതാണ്.

ജ്വരത്തെ തടഞ്ഞുനിർത്തുന്നതിനും, മാറ്റുന്നതിനും വയ്യങ്കതയുടെ തൊലിയും, വാകപ്പൊടിയും ചേർത്തുപൊടിച്ചത് ദേഹത്തുപുരട്ടുന്നത് നല്ലതാണ്.

'സുശ്രുതസംഹിത' ചികിത്സിതം പറയുന്നു:
'വികാങ്കതാരഗ്വധാകാകണന്തി കാകാദനീതാപസവൃക്ഷമൂലൈഃ ആലേപയേത് പിണ്ഡഫലാർക്കഭാർങ്ഗീകരഞ്ജ കാലാമദനൈ ശ്ചവിദ്വാൻ'.

വികാങ്കത(വയ്യങ്കത), ആരഗ്വധ(കണിക്കൊന്ന) എന്നിവ ചേർത്തരച്ച് കഫദോഷത്താലുണ്ടാകുന്ന ഗ്രന്ഥിക്കുമേൽ പുരട്ടിയാൽ മാറും.

'ശൃംഗാടകഗീലോഡ്യവിസമൃണാളകാശകശേരുകമധു
കാമ്രജം ബ്യസനതിനി ശകുകുംഭകദ്വംഗലോധ്രഭല്ലതക
പലാശ ചർമ്മിവൃക്ഷഗിരികർണിശിതശിവചുƒഭാസിമാർജ്ജുണ
ഹരി വൃക്ഷരാജാമനഗോപഘെലാണ്ടാവികങ്കതേഷു വാ
യ വാന്ന വികാരാംശ്ച സേവേത യഥോക്ത കഷായ സിദ്ധാം
യവാഗും ചാഡ്മൈപ്രയച്ചേത് കഷായാണി വാപാതും'.

വയ്യങ്കത, വൻകൊട്ടക്കിഴങ്ങ്, ഗിലോസ്യം, താമരക്കിഴങ്ങ്, താമരവളയവേര്, കുഴിമുത്തങ്ങ, ഇരട്ടിമധുരം, മാവിൻതോൽ, ഞാവൽതോൽ, വേങ്ങക്കാതൽ, തൊട്ടുകാരത്തോൽ, ചേർക്കുരു, ചർമ്മവൃക്ഷത്തോൽ, ശംഖ്പുഷ്പത്തിൻവേര്, കാട്ടുചതുപ്പ, ആറ്റുവഞ്ചിത്തോൽ, ഉറുമാമ്പഴത്തോട്, പയനിൻതോൽ, ദേവതാരം എന്നിവ ചേർത്തുണ്ടാക്കുന്ന അരിഷ്ടാസവങ്ങൾ പ്രമേഹത്തിന് ഉത്തമമാണ്. അപ്പോൾ യവംകൊണ്ട് ഉണ്ടാക്കിയ ചോറും, പലഹാരങ്ങളും കഴിക്കുന്നത് ന

ല്ലതാണ്. ഇതേ മരുന്നുകൾ ചേർത്തുണ്ടാക്കിയ കഷായത്തിൽ കഞ്ഞിവെച്ച് കുടിക്കുന്നതും നല്ലതാണ്.

'അഷ്ടാംഗഹൃദയം' ചികിത്സിതം പറയുന്നു:
'ദശമൂലാബലാമൂർവ്വാഹരിദ്രേ പിപ്പലീദ്വയം
പാഠാശ്വഗന്ധാപാമാർഗ്ഗം സ്വഗുപ്താ അതിവിഷാമൃതാഃ
ബാലവില്വം ത്രിവൃദ്ദന്തീമൂലം പത്രശ്ച ചിത്രകാൽ
പയസ്യാം കടചം ഹിംസ്രാം പുഷ്പം സാരഞ്ച ബീജകാത്
ബോളസ്ഥ വിരഭല്ലാതവികങ്ക ശതാവരീഃ
പുതീകരഞ്ജ ശമ്യാക ചന്ദ്രലേഖാസഹാചരം
സൗഭാഞ്ജനക നിംബത്വാഗിക്ഷുരഞ്ച പലാംശകം
പഥ്യാ സഹസ്രം സശതം യവാനാമാഢകദ്വയം
പചേദഷ്ട ഗുണേതോയേ യവസ്വേദേ അപതാരയേത്
പൂതേക്ഷീ പേത്സ പഥ്യേ ച തത്ര ജീർണ്ണ ഗുളാത്തുലാം
അധിശ്രയേൽ മൃദാവഗ്നൗ ദർവ്വീ ലേപേ അവതാർയ്യ ച
ശീതേ പ്രസ്ഥ ദ്വയം ക്ഷൗദ്രാൽ പിപ്പിലീ കുഡുംബം ക്ഷിപേത്
ചൂർണ്ണീകൃതാ ത്രിജാതായ ത്രിഫലം നിവനേത്തതൃഃ
ധാന്യേ പുരാണകുംഭസ്ഥം മാസം ഖാദേശ്ച പൂർവ്വവത്
രസായനം വസിഷ്ഠോക്തമേ തത് പൂർവഗുണാധികം
സ്വസ്ഥാനാം നിഷ്പരീഹാരം സർവത്തുഷു യശസ്യതേ'.

വയ്യങ്കതവേര്, ദശമൂലം, കുറുന്തോട്ടിവേര്, പെരുങ്കുരുമ്പവേര്, വരട്ട്മഞ്ഞൾ, മരമഞ്ഞൾതൊലി, കാട്ടുതിപ്പലിവേര്, തിപ്പലി, പാടക്കിഴങ്ങ്, അമുക്കുരം, ചെറിയകടലാടിവേര്, നായ്ക്കുരണവേര്, അതിവിടയം, ചിറ്റമൃത്, ഇളയകൂവളക്കായ, ത്രികോൽപ്പകൊന്ന, നാഗദന്തിവേര്, കൊടുവേലി, അടപതിയൻകിഴങ്ങ്, കുടകപാലയരി, മാഞ്ചിബീജകത്തിൻകാതൽ(വേങ്ങ), മുരുക്കിൻവേര്, ചേലേയം, ചേർക്കുരു, ശതാവരിക്കിഴങ്ങ്, ആവൽത്തൊലി, കൊന്നവേരിന്മേൽതൊലി, കാർകോലരി, കരിങ്കുറുഞ്ഞിവേര്, മുരിങ്ങവേരിന്മേൽതൊലി, വേപ്പിൻതൊലി, വയൽച്ചുള്ളിവേര് എന്നിവ ഓരോ പലം. കടുക്ക ആയിരത്തിയൊരുന്നൂറെണ്ണം. യവം നൂറ്റിയിരുപത്തിയെട്ട് പലം. ഇവയുടെ ഇരട്ടിവെള്ളത്തിൽ കഷായം വെക്കുക. യവം വെന്തുതുടങ്ങുമ്പോൾ കടുക്കയരച്ചത് കഷായത്തിലിടുക. നൂറുപലം പഴയശർക്കരയും, നാലുനാഴിവീതം എണ്ണയും, നെയ്യും, പച്ചനെല്ലിക്കാനീരും ചേർത്ത് മന്ദാഗ്നിയിൽ പാകം ചെയ്യുക. തുടർന്നത് തൊട്ടുനോക്കിയാൽ, കയ്യിലിന്മേൽ പറ്റിത്തുടങ്ങുന്ന പാകത്തിൽ വാങ്ങിവെക്കുക. തണുത്താൽ രണ്ടിടങ്ങഴി തേനും, നാഴി തിപ്പല്ലിപ്പൊടിയും, മുമ്മൂന്ന് പലം ഏലത്തരി, ഇലവംഗത്തൊലി, പച്ചില എന്നിവ പൊടിച്ചതും ചേർത്ത് ഒരു പഴയ മൺകുടത്തിലാക്കുക. അതിന്റെ വായകെട്ടി നെല്ലിൽ കുഴി

ച്ചിടുക. ഒരു മാസം കഴിഞ്ഞാലെടുത്ത്, അതിൽനിന്ന് രണ്ട് നെല്ലിക്ക വീതമെടുത്ത് കഴിക്കാം. ഇത് 'വസിഷ്ഠരസായന'മാണ്. എല്ലാ ഋതുക്കളിലും, സ്വസ്ഥന്മാർക്കും കഴിക്കാം. എല്ലാതരം രസായനത്തേക്കാളും ഉത്തമമാണ്.

'അഷ്ടാംഗഹൃദയം' ഉത്തരസ്ഥാനം, കീടലുതവിഷപ്രതിഷേധം പറയുന്നു:

'ഹ്രീബേരവൈകങ്കതഗോപകന്യ
മുസ്തോഷധീചന്ദനധുണ്ഡുകാനി
ശൈവാലനീലോല്പലവക്രയഷ്ടി
ത്വങ് നാകലീപത്മകരാംമദ്ധ്യം
രജനീഘനസർപ്പലോചനാകണശുണ്ഠീകണമൂലചിത്രകാഃ
വരണാഗുരുവിലപാടലീപിചരമന്ദഭയശേലുകേസരം
വിലചന്ദനതോൽപലശണ്ഠീപിപ്പലീനിചു/വേതസകുഷ്ഠം
ശുക്തിശംഖവരപടലിഭാർങ്ഗീസിന്ദുവാരകരഹാരവരാംഗം
പിത്തകഫാനിലലൂതാഃ പാനാഞ്ജനനസ്യലേപസേകേന
അഗദവരാവൃത്തസ്ഥാഃ കഗതീരിവവാരയന്ത്യേതേ'.

വയ്യങ്കതവേര്, ഇരുവേലി, നറുനീണ്ടിക്കിഴങ്ങ്, മുത്തങ്ങ, കച്ചൂരിക്കിഴങ്ങ്, ചന്ദനം, ഇരട്ടിമധുരം, ഇലവംഗത്തൊലി, അരത്ത, പതിമുകം, ഇളയമലങ്കാരക്ക, വരട്ടുമഞ്ഞൾ, തിപ്പലി, ചുക്ക്, കാട്ടുതിപ്പലിവേര്, കൊടുവേലിക്കിഴങ്ങ്, നീർമാതളത്തൊലി, അകിൽ, കൂവളവേര്, പൂപ്പാതിരിവേര്, വേപ്പിൻതൊലി, കൊട്ടം, നറുവരി, നാകപ്പൂവ് എന്നിവയുടെ കഷായം കഴിച്ചാൽ ക്രമേണ പിത്താധിക്യത്തോടും, കഫാധിക്യ ത്തോടും, വാതാധിക്യത്തോടും കൂടിയ ലൂതാവിഷങ്ങളെ സദാചാരമുള്ളവർ പാപത്തെയെന്നപോലെ തടുക്കുന്നു.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:

'വികങ്കതഃ സ്രുവവൃക്ഷോ ഗ്രന്ഥിലഃ സ്വാദുകണ്ടകഃ
സ ഏവ യജ്ഞവൃക്ഷശ്ച കണ്ടകീവ്യാഘ്രപാദപി'.

വികങ്കത, സ്രുവവൃക്ഷം, ഗ്രന്ഥില, സ്വാദുകണ്ടകം, യജ്ഞവൃക്ഷം, കണ്ടകീവ്യാഘ്രപാദ് എന്നിവ വയ്യങ്കതയുടെ പര്യായപദങ്ങളും, ഗുണങ്ങളുമാണ്. വയ്യങ്കതയുടെ ഫലം മധുരം കുറഞ്ഞതും, സർവദോഷനാശകവുമാണ്.

നാമരൂപജ്ഞാനം: വികങ്കതഃ=വിശേഷേണ കങ്കതേ പ്രസിരതീതി വിശേഷേണകണ്ടകി വാ. കണ്ടകി=കണ്ടകഃ സന്ത്യസ്യ. ഗോപകണ്ടഃ =ഗോപാനാം കണ്ടകീ വൃക്ഷഃ. ഗ്രന്ഥില=ഗ്രന്ഥിയുക്തഃ ബഹുഫലഃ= ബഹുനിഫലാന്യസ്യ. മൃദുഫലഃ=മൃദുനിമൃഷ്ടാനിഫലാന്യസ്യ. വ്യാ

ഘ്രപാത്= വ്യാഘ്രസ്യപാദ ഇവപാദോമൂലസ്യ. സ്രുവവൃക്ഷം=സ്രുവായാവൃക്ഷഃ. സ്വാദുകണ്ടകഃ=സ്വാദുശ്ചസൗകണ്ടകയുക്തശ്ച.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'വികങ്കതോ മൃദുഫലോഗ്രന്ഥിലഃ സ്വാദുകണ്ടകഃ
ഗോപകണ്ടഃ കാകപാദോവ്യാഘ്രപാദ്യോഥകിങ്കിണീ
ഗോപകണ്ടഃ രസേതിക്തഃ ശീതളഃ ശോഫനാശനഃ
ഹന്തിശ്ലേഷ്മാണമത്യുഗ്രമുദ്രിക്തം ഹന്തിയോഗതഃ'.

മൃദുഫലം, ഗ്രന്ഥിലം, സ്വാദുകണ്ടകം, ഗോപകണം, കാകപാദം, വ്യാഘ്രപാദം എന്നിവ വയ്യങ്കതയുടെ പര്യായപദങ്ങളാണ്. തിക്തവും, ശീതവീര്യവും, ശോഫനാശകവുമാണ്. പ്രകുപിതകഫം തഥാപഗ്രമായ രക്തവികാരം എന്നിവയെ ഇല്ലാതാക്കുന്നതാണ്.

'മദനപാലകനിഘണ്ടു' പറയുന്നു:
'വികങ്കതോമധുശ്ചാമ്ലഃ കഷായഃ ശീതളോജയേത്
ബലാസപിത്തശോഫാസ്രവികാരാങ്കാവലാംസ്തഥാ
പാകകാലേ അതിമധുരോ ദാഹം ശോഷം ചനാശയേത്
ദീപനഃ പാചനശ്ചൈവവ്രണലൂതാവിനാശനഃ'.

വയ്യങ്കത മധുരമാണ്. പുളിയുള്ളതാണ്. കഷായമാണ്. ശീതവീര്യമുള്ളതാണ്. കഫം, പിത്തം, രുധിരവികാരങ്ങൾ, ശോഫം എന്നിവയെ ശമിപ്പിക്കുന്നതാണ്. കാമലാശമനമാണ്. മധുരവും, പാചനവുമാണ്. ദാഹം, ശോഷം, ലൂതാവിഷം, വ്രണം, അർശസ്സ് എന്നിവക്ക് ഉത്തമമാണ്.

'അഭിജ്ഞാനമഞ്ജരി' പറയുന്നു:
'സ്രുവവൃക്ഷോ യജ്ഞാംഗോ വികങ്കതഃ ക്ഷീരികോ വിഷഘ്നശ്ച
ലതികശ്ച സ്വാദുവർണഃ കിങ്കിണികഃ സ്വാദുകണ്ടകോ ഭവതി
സ ഏവ വ്യാഘ്ര പർണ്ണീസ്യാത് കണ്ഠരോഹണ ഇത്യപി
വൈയങ്കതോ മൃദുഫലഃ ശബ്ദൈഃ പര്യായവാചകൈഃ
ബഹുകണ്ഠകസ്തഥാസൗ സൗപിഷ്ടയാഹ ഹവശ്ച കണ്ഠരോ
ഹണകഃ അന്യ തൃതീയ ഉക്തോ രക്തഫലസ്താമ്രസാരശ്ച
വിഷകണ്ഠഃ കപീഷ്ഠോ വ്യാഘ്രതരു വ്യാഘ്രപർണ ഇതി'.

'രാജനിഘണ്ടു' പറയുന്നു:
'വയ്യങ്കതോ വ്യാഘ്രപാദോഗ്രന്ഥിലഃ സ്വാദുകണകഃ
കണ്ഠപാദോ ബഹുഫലോ ഗോപകണ്ഠാസ്രുവദ്രുമഃ
മൃദുഫലോ ദന്തയഷ്ഠോ യജ്ഞീയോ ബ്രഹ്മപാദപഃ
പിണ്ടരോഹിണികഃ പൂതഃ കിങ്കിണി ച പഞ്ചധാ'.

'കൈഡര്യാദിനിഘണ്ടു' പറയുന്നു:
'വ്യാഘ്രപാദഃ സ്രുവതരു സ്വാദുകണ്ടോ വികങ്കതഃ
ദേവവൃക്ഷോ ഗോപകണ്ടോ ഗ്രന്ഥിലോ പിണ്ഡരോഹിണഃ
വൃകബീജോ മൃദുഫലോ കിങ്കിണീയജ്ഞ പാദപഃ'.

'രാജനിഘണ്ടു' പറയുന്നു:
'വികങ്കതോ അമ്ലമധുര പാകേ അതിമധുരോ ലഘുഃ
ദീപനഃ കാമലാസ്രാഘ്ന പാചനഃ പിത്തനാശനഃ'.

വയ്യങ്കത അമ്ലമധുരരസമുള്ളതും, വിപാകം മധുരമായതും, ലഘുവും ദീപനഗുണത്തോടുകൂടിയതുമാണ്. പിത്തനാശകരവും, കാമലഘ്നവുമാണ്. പാചനമാണ്.

'കൈഡര്യാദിനിഘണ്ടു' പറയുന്നു:
'സ്രുവദ്രുമ മധുരസ്തിക്ത കഷായഃ ശീതലോജയേത്
ബലാസപിത്ത ശോഫാസ്രം ഫലം പാകരശോഷണം
തീക്ഷണം പിത്താസ്രകൃത് പക്വം സ്വാദുതിക്തം ത്രിദോഷജിത്ത്'.

'നിഘണ്ടു രത്നാകരം' പറയുന്നു:
'വികങ്കതോ അമ്ലമധുരഃ കഷായ ശീതളോ ജയേത്
ബലാസപിത്ത ശോഫാസ്രവികാരാൻ കാമിലൻ തഥാ
പാകകാലേ അതിമധുരഃ ദാഹം ശോഷം ച നാശയേത്
ദീപനം പാപനശ്ചൈവ വ്രണലൂതാർശ നാശനഃ'.

വയ്യങ്കത അമ്ലമധുരകഷായരസമുള്ള ശീതവീര്യമായതാണ്. ബലാസം, പിത്തം, നീര്, രക്തവികാരങ്ങൾ, കാമല എന്നിവയിൽ ശ്രദ്ധേയമായ ഔഷധമാണ്. വിപാകത്തിൽ മധുരമാണ്. ദാഹം, ശോഷം എന്നിവയെ ഇല്ലാതാക്കുന്നതാണ്. ദീപനവും, പാചനവുമാണ്. ലൂതാവിഷം, അർശസ്സ് എന്നിവക്ക് വയ്യങ്കത അന്തകനാണ്.

'മദനപാലനിഘണ്ടു' പറയുന്നു:
'ശീതസ്തിക്തഃ സ്രുവരുത ശ്ലേഷ്മ ശ്വയഥു നാശനഃ
ഉദിക്ത ശോണിതംഹന്തി ഗ്രഹണി ദീപനഃ പരം'.

'ഭാവപ്രകാശം' പറയുന്നു:
'വികങ്കതഫല പക്വം മധുരം സർവദോഷജിത്'.

വയ്യങ്കതയുടെ പഴുത്തുപാകമായ കായ മധുരവും, സർവദോഷങ്ങളെയും ജയിക്കുന്നതുമാണ്.

മഞ്ഞപ്പിത്തത്തിന് വയ്യങ്കതയുടെ നീര് ദേഹത്തുപുരട്ടി ഇളവെയിൽ കൊള്ളുന്നത് നല്ലതാണ്.

വയ്യങ്കതത്തോല് അരച്ചത് ഒരു ടീസ്പൂണും, സമമായി അത്തിതിപ്പല്ലി വറുത്തുപൊടിച്ചതും മോരിൽ ചേർത്തുകഴിച്ചാൽ അഗ്നിമാന്ദ്യം മാറും.

വയ്യങ്കതത്തൊലി, കായം, ഇന്തുപ്പ്, ചുക്ക് എന്നിവ കഷായംവെച്ച് കഴിച്ചാൽ രുചിയുണ്ടാകും. അഗ്നിമാന്ധ്യം മാറും.

വയ്യങ്കതയുടെ പഴവും, കടുക്കയും ചേർത്ത് പൊടിച്ചുവെച്ചത് കഴിച്ചാൽ വിശപ്പുണ്ടാകും. രുചിയുണ്ടാകും.

വയ്യങ്കയുടെ ഇലപിഴിഞ്ഞ നീരും, തുളസിനീരും, അൽപ്പം ഉപ്പും ചേർത്തുകഴിച്ചാൽ ദഹനമുണ്ടാക്കും.

വയ്യങ്കതയും, ഇന്തുപ്പും, തിപ്പലിയും പൊടിച്ചുവെച്ചത് കഴിച്ചാൽ പക്വാശയരോഗങ്ങൾ ശമിക്കും.

വയ്യങ്കതയുടെ തൊലി, പ്ലാവിന്റെ പൊളിഞ്ഞുവരുന്ന തൊലി, വരിക്കപ്ലാവില ഞെട്ട്, അയമോദകം, ജീരകം എന്നിവ വെന്ത വെള്ളം കുടിച്ചാൽ കോഷ്ഠവാതങ്ങൾ ശമിക്കും. ഗ്യാസ് ശമിക്കും.

വയ്യങ്കതത്തൊലി, മാവിൻ തളിര്, കൂവളവേര്, മാവിലഞെട്ട്, കരിമ്പ്, ഇഞ്ചി, മാതളനാരങ്ങ എന്നിവ കഷായംവെച്ചു കഴിച്ചാൽ അരോചകം മാറും.

വയ്യങ്കതത്തൊലിയും, ചുക്കും, കായവും വറുത്തുചേർത്തത് കഷായംവെച്ചു കഴിച്ചാൽ രുചിയുണ്ടാകും.

വയ്യങ്കതത്തൊലിയും, പ്ലാവിൻവേരും ചേർത്തരച്ചത് പാലിൽ കഴിച്ചാൽ രുചി കൂടും.

വയ്യങ്കതയുടെ ഇലയുടെ നീരിൽ കറിവേപ്പില അരച്ചതും, ഇഞ്ചിനീരിന്റെ തെളിയും ചേർത്തുകഴിച്ചാൽ ഉദരസംബന്ധമായ രോഗങ്ങൾ ശമിക്കും.

വയ്യങ്കതയുടെ വേരിന്മേൽതൊലി, വള്ളിനാരകത്തിന്റെ വേര്, കായം, ഇന്തുപ്പ് എന്നിവ അരച്ചത് മോരിൽ കഴിച്ചാൽ ഉദരവിദ്രധികളും, ഉദരവ്രണങ്ങളും ശമിക്കും.

വയ്യങ്കതയുടെ ഇലയുടെനീരും, കറുകപ്പുല്ലിന്റെ നീരും കാൻസറിന് ഉത്തമമാണ്.

വയ്യങ്കതയുടെ ഇലനീരിൽ, ചിറ്റമൃതിന്റെ ഊറൽ ചേർത്തുകഴിച്ചാൽ അന്നനാളത്തിലെ കാൻസർ ശമിക്കും.

വയ്യങ്കതത്തോലും, വേപ്പിൻതോലും കഷായം വെച്ചതും, പൂവാങ്കു

റുന്തിലവേരും നെല്ലിക്കത്തോടും അരച്ചതും, ചേർത്തുകഴിച്ചൽ കാൻസർമാറും

വയ്യങ്കതത്തൊലി, ചേർക്കുരു, കരിംജീരകം, കടുക്കാത്തോട്, ശർക്കര എന്നിവ ചേർത്തരച്ചത് മൂന്നുനേരം കഴിച്ചാൽ അർബുദശമനമുണ്ടാകുന്നതാണ്.

വയ്യങ്കതയും, നിലംപാലയും ചേർത്തരച്ചതിൽ പഞ്ചസാര ചേർത്തുകഴിച്ചാൽ അർബുദം ശമിക്കും.

വയ്യങ്കതയുടെ വേരിന്മേൽതോലും, തിപ്പലിയും ചേർത്തരച്ചത് ചിറ്റമൃതിൻനീരിൽ കഴിച്ചാൽ അർബുദം പടരാതിരിക്കും.

വയ്യങ്കതയുടെവേര്, പേരാൽതൊലി, മണിത്തക്കാളി, കടുക്കാത്തോട് എന്നിവ അരച്ചത് കഴിച്ചാൽ അർബുദം മാറും.

വയ്യങ്കതയുടെ തൊലിയും, രണ്ടുഗ്രാം വീതം ശുദ്ധിചെയ്ത ഗുൽഗുലു, പാവ്, ചേർക്കുരു എന്നിവയും ചേർത്ത് 'പഞ്ചതിക്തകം കഷായം'വെച്ചു കഴിച്ചാൽ ലൂക്കീമിയ മാറും.

ചന്ദ്രന്റെ വൃദ്ധിക്ഷയമനുസരിച്ച് ഒന്നുവീതം കൂട്ടിയും, ഒന്നുവീതം കുറച്ചും, ശുദ്ധിചെയ്ത ചേർക്കുരു വയ്യങ്കതയുടെ ഇലയുടെനീരിൽ കഴിച്ചാൽ ലൂക്കിമിയ ശമിക്കും. അർശസ്സിനും നല്ലതാണ്.

വയ്യങ്കതയിലയും, കള്ളിയിലയും അരച്ചത് ഗുദത്തിൽ പുരട്ടിയാൽ അർശസ്സ് ശമിക്കും.

വയ്യങ്കതത്തൊലിയും, കടലാടിയും, എള്ളും ചേർത്തരച്ചത് കഴിച്ചാൽ അർശോഹരമാണ്.

ഇരുപതുഗ്രാം വയ്യങ്കതവേരും, ഇരുപതുഗ്രാം കൊടിത്തൂവവേരും അരച്ച് പാലിൽചേർത്ത് കാച്ചിയത് കഴിത്താൽ അർശസ്സ് ശമിക്കും.

വയ്യങ്കതയും, നിലംപരണ്ടയും അരച്ച് ധാരോഷ്ണപയസ്സിൽ കഴിച്ചാൽ അർശസ്സ് മാറും.

വയ്യങ്കതവേരും, വാളംപുളിയുടെ പൂവും ഇടിച്ചുപിഴിഞ്ഞ നീര് ഒരു ഔൺസ് വീതം രണ്ടുനേരം പതിവായി കഴിച്ചാൽ ലൂതവിഷവും, അർശസ്സും, നീരും ശമിക്കും.

വയ്യങ്കതത്തോൽ, ആവിൽത്തോൽ, പിച്ചകത്തില, മരമഞ്ഞൾതൊലി, കൊന്നത്തൊലി എന്നിവ സമമായി അരച്ചത് എണ്ണകാച്ചി കഴിക്കുകയും, പുരട്ടുകയും ചെയ്താൽ നീരും, വേദനയും, അർശസ്സും മാറും.

വയ്യങ്കതത്തൊലിയും, മുരിങ്ങാത്തോലും അരികഴുകിയ വെള്ള

ത്തിൽ അരച്ചത് ധാരചെയ്താൽ നീര്, വീക്കം, അർശസ്സ് എന്നിവ മാറും.

വയ്യങ്കതത്തൊലിയും, തേങ്ങാപാലും ചേർത്തരച്ചത് പുരട്ടിയാൽ അർശസ്സ് ശമിക്കും.

വയ്യങ്കതയും, കോവൽകിഴങ്ങും അരച്ചത് മൂലത്തിൽ പുരട്ടിയാൽ അർശസ്സ് ശമിക്കും.

വയ്യങ്കതയിലയും, ആവണക്കിലയും അരച്ചത് കെട്ടിവെച്ചാൽ കാൽമുട്ടിലെ നീര് മാറും.

വയ്യങ്കതത്തൊലി, കടുക്കാത്തോട്, എള്ള്, മഞ്ഞൾ, ചിറ്റമൃത്, പ്രസാരണി, തെങ്ങിൻപൂക്കുല, നറുനീണ്ടിക്കിഴങ്ങ്, ശതകുപ്പ, ആവണക്കിൻകുരു എന്നിവ ചേർത്തരച്ചത് പുരട്ടിയാൽ സന്ധികളിലെ വീക്കം മാറും.

വയ്യങ്കതത്തൊലിയും, ഇന്തുപ്പും, മുരിങ്ങയിലയും അരച്ചുവെച്ചത് കെട്ടിവെച്ചാൽ ശോഫം മാറും.

അനിഴം നക്ഷത്രം

ഇലഞ്ഞി

ശാസ്ത്രനാമം : Mimusopa Elengi Linn.
കുടുംബം : Supolaceae.
കുലം : മധുകകുലം.
ഇംഗ്ലീഷ് നാമം : Bullet Wood Tree.
സംസ്കൃതം : ബകുളഃ, സിംഹകേസര, ഗുഡപുഷ്പകം, ചിരപുഷ്പകം, മകിരമരം, അശോകഃ, കേസരകം, മധുഖണ്ഡം, കാക്കുളം, സിംഹകേഢരകം, സ്ഥിരകുസുമം, എർവിന്ദി, കരകം, ശിവമല്ലി, സിന്ധുഖണ്ഡം, മധുപുഷ്പം, സുരഭം, ഭ്രമരാനന്ദം, മര്യമോദം, അനംഗമ, സ്ഥിരപുഷ്പം, സരദീപകം, വിഖശാരദം.
മലയാളം : ഇലഞ്ഞി, മകരം, ഇരഞ്ഞി, മകിരമരം, എരഞ്ഞി, മുകുര, ഇലഞ്ചി.
ഹിന്ദി : ബകുൾ, മൗൽസിരി.
തമിഴ് : മാഗിലം, ഇലഞ്ചി, അലഗു, കേസരം, മൊഗിഡം.
കന്നട : പഗാഡേമര.
തെലുങ്ക് : പഗാഡ, വകുള, കേരവൃക്ഷമു.
ബംഗാളി : ബകുൾ, ബകൾ, ബോഹ്ൾ.
മറാഠി : മൗൾസരി.
തുളു : രജ്ഞേജമാര.
ഒറിയ : ബൗളോ, ബൊാകുലോ, വൈയിരി.

അനിഴം നക്ഷത്രത്തിന് മൈത്രമെന്നും, അനുരാധമെന്നും പര്യായനാമങ്ങളുണ്ട്. നക്ഷത്രത്തിന്റെ ഉദയം വൃശ്ചികരാശിയിൽ പതിമൂന്നാം തീയതിയാണ്. വൃശ്ചികം മൂന്നാം തീയതി ഇരുപത് കലമുതൽ പതിനാറാം തീയതി നാൽപത് കലവരെ ചെല്ലാറുണ്ട്. ദേവത മിത്രനാണ്. അക്ഷരം ഉകാരമാണ്. മന്ത്രാക്ഷരം ശീകാരമാണ്. മൃഗം മാനാണ്. പക്ഷി കാക്കയാണ്. വൃക്ഷം ഇലഞ്ഞിയാണ്.

അനിഴം നക്ഷത്രം അന്നപ്രാശനത്തിന്റെ നാളായി അറിയപ്പെടുന്നതുകൊണ്ട് ഒട്ടുമിക്ക മുഹൂർത്തങ്ങൾക്കും ഉത്തമമാണ്. സ്വർണ്ണം വാങ്ങുന്നതിനും, ആഡംബരവസ്തുക്കൾ സമ്പാദിക്കുന്നതിനും, പുതിയ വീട്ടിലുള്ള താമസത്തിനും, കുതിരസവാരി തുടങ്ങുന്നതിനും, ആനപ്പുറത്തും വാഹനങ്ങളിലും സവാരി ചെയ്യുന്നതിനും ഉത്തമമായ നക്ഷത്രമാണ്. വിവാഹം, യാത്ര, വ്രതങ്ങൾ എന്നിവയുടെ ആരംഭം

കുറിക്കുന്നതിന് നല്ലതാണ്. ജംഗമങ്ങളും സ്ഥാവരങ്ങളുമായ കാര്യങ്ങൾക്കെല്ലാം ശുഭമാണ്. ദേവപ്രതിഷ്ഠക്ക് ശുഭമായ നക്ഷത്രാണ്.

അനിഴം നാളിൽ ജനിച്ചവർക്ക് സഹജീവികളോട് പാരസ്പര്യം വർദ്ധിക്കും. വേദനയനുഭവിക്കുന്ന ജീവികളോട് അനുകമ്പയുണ്ടാകും. തങ്ങളുടെ പ്രവൃത്തികളിൽ അച്ചടക്കമുള്ളവരായിരിക്കും. ഇവരുടെ ജീവിതത്തിലെ പരിവർത്തനം(Transformation) തികച്ചും അപ്രതീക്ഷിതമായിരിക്കും. എല്ലായ്പ്പോഴും ഇവരുടെ മനസ്സ് സഹജീവികളെയോർത്തും, പ്രകൃതിയെയോർത്തും, ആത്മാന്വേഷണത്താലും, വേദനിച്ചുകൊണ്ടിരിക്കും. അതിനിസാരമായ കാര്യങ്ങളിൽപോലും ചിന്തിച്ച് ക്ലേശിക്കും. അതിശയകരമായ കർമ്മകുശലതയും, അശ്രാന്തപരിശ്രമവും ഇവരുടെ സ്വഭാവമാണ്. എന്നാൽ, അതിനനുസരിച്ച് ലഭിക്കേണ്ടുന്ന അംഗീകാരമോ, ഫലമോ, ഇവർക്ക് ലഭിക്കുകയുമില്ല. ഔദ്യോഗിക ജീവിതത്തിൽ അങ്ങേയറ്റം ശോഭിക്കുന്നവരാണിവർ. അധികാരികളുടെ പ്രീതിക്ക് വളരെവേഗം പാത്രമാകുന്നവരാണ്. അങ്ങനെ എല്ലാ രംഗത്തും ആഭിജാത്യം പുലർത്തുന്ന ഇക്കൂട്ടർ, മനഃകാഠിന്യം കുറഞ്ഞ വരാകയാൽ മത്സരരംഗത്തുനിന്ന് ഒഴിഞ്ഞുനിൽക്കുന്നവരാണ്.

'ക്ഷുത്തൃഷ്ണാർത്തോ രോഗിദയാപരോധർമ്മ സംശ്രിതഃ സുഭഗഃ
അടനോ വിദേശവാസീ മൈത്രിർക്ഷേ ജായതോഹ്യഢ്യഃ'.

അധികം വിശപ്പും, ദാഹവും, രോഗവും, ഭൂതഭയമുള്ളവരും, ധർമ്മിഷ്ഠരും, സുഭഗരും, സഞ്ചാരികളും, അന്യദേശവാസികളും, ആഢ്യന്മാരുമായിത്തീരുന്ന ഫലങ്ങൾ അനിഴത്തിന്റേതാണ്. സർവസിദ്ധിനക്ഷത്രമാണ്. അനിഴംനാളിൽ ജനിക്കുന്നവർ ഉയരങ്ങൾ താണ്ടുന്നവരും, നേതൃത്വത്തിൽ വേഗമെത്തുന്നവരും, എല്ലാവിധത്തിലും ശോഭിക്കുന്നവരുമാണ്. ഇവർ ഏതവസ്ഥകളിലും നിത്യഹരിത നായകന്മാരായിരിക്കും. വളരെവേഗം അന്യരുടെ ആദരവ് പിടിച്ചുപറ്റുന്നതിന് കഴിയും. ബുദ്ധിശക്തിയിലും, കർമ്മനൈപുണിയിലും അഗ്രഗണ്യന്മാരായ ഇവരുടെ സാന്നിധ്യം ഏവരും കൊതിക്കും. തീവ്രദുഃഖത്തിൽപോലും ഇവരെ പ്രസന്നരായി കാണപ്പെടും. എല്ലാവർക്കും പ്രിയങ്കരരും, ഊർജ്ജസ്വലരും, സ്ഥിരോത്സാഹികളുമായിരിക്കും. ഒരിയ്ക്കലും തളരാത്ത ഓജസ്സുണ്ടായിരിക്കും.

അനിഴം നക്ഷത്രവൃക്ഷമായ ഇലഞ്ഞി പുരാണപ്രസിദ്ധവും, തന്ത്രാഗമവർണ്ണിതവുമായ ഒരു നിത്യഹരിത സുഗന്ധപുഷ്പിയുമാണ്. ബർമ്മ, ശ്രീലങ്ക, ദക്ഷിണേന്ത്യ എന്നിവിടങ്ങളിൽ തഴച്ചുവളരുന്ന ഇലഞ്ഞിക്ക് ദേശവ്യതിയാനംകൊണ്ട് ഇലകളിലും, മരത്തിലും ചെറിയ വ്യത്യാസങ്ങൾ കണ്ടുവരുന്നുണ്ട്. കർണ്ണാടകത്തിലെ കൃഷ്ണാഡി

ജില്ലമുതലുള്ള നിത്യഹരിതശുഷ്കവനങ്ങളിലാണ് ഇലഞ്ഞി ധാരാളമായി കാണപ്പെടുന്നത്. ഡെക്കാൻ പ്രദേശങ്ങളിൽ നാലായിരം അടിയിൽ താഴെയുള്ള കുന്നുകളുടെ താഴ്വാരങ്ങളിലും, അരുവികളുടെ തീരപ്രദേശങ്ങളിലും ധാരാളമായി കാണാം. പശ്ചിമതീരത്തും, പശ്ചിമഘട്ടവനങ്ങളിലെ ഈർപ്പമുള്ള പ്രദേശങ്ങളിലും, നിത്യഹരിതവും അർദ്ധഹരിതവുമായ വനങ്ങളിലും ധാരാളമായി കാണാം.

ശക്ത്യുപാസനാപരമായ ഇന്ത്യൻ താന്ത്രിക മതം നിലനിന്നിരുന്നത് ഇലഞ്ഞിമരം സുലഭമായി കാണപ്പെടുന്ന ഇന്ത്യൻ ഭൂവിഭാഗങ്ങളിലാണെന്ന ചരിത്രവും ശ്രദ്ധേയമാണ്.

ഇലഞ്ഞിമരത്തിന്റെ തൊലി പരുക്കനാണ്. കടുപ്പമേറിയ ചാരനിറമാണ്. മൂത്തമരത്തിന്റെ തൊലിക്ക് വിള്ളലുകളുണ്ടാകും, തൊലി പൊളിഞ്ഞുവരും. ഇലഞ്ഞിമരം ഉത്തംസ വർഗ്ഗത്തിൽപ്പെട്ടതാണ്. പാലുള്ള വൃക്ഷമാണ്. തടി വെള്ളനിറത്തിലും, മങ്ങിയ ചുകപ്പുനിറത്തിലുമാണ്. തടിയുടെ കാതൽ മാംസനിറത്തിലാണ്. കാതലിന് ഈടും, ഉറപ്പും, സാന്ദ്രതയുമുള്ളതുകൊണ്ട് ഇലഞ്ഞിമരത്തടികൾ കെട്ടിടം പണികൾക്കും, മിനുക്കുപണികൾക്കും ഉപയോഗിക്കാറുണ്ട്.

ഇലഞ്ഞിമരത്തിന്റെ പത്രങ്ങൾ ഏകാന്തരവിന്യാസമുള്ളതാണ്. ദീർഘവൃത്താകൃതിയിൽ കടുംപച്ചനിറമുള്ള ഇലകൾ മിനുസമുള്ളതാണ്. നീളത്തിൽ മീനാകൃതിയുള്ളവയാണ്. ഈർപ്പം കൂടിയ പ്രദേശങ്ങളിലുള്ളതിന്റെ ഇലകൾ എട്ടുമുതൽ പന്ത്രണ്ടുവരെ സെ.മീറ്റർ നീളവും, നാലുമുതൽ ആറ് സെ.മീറ്റർവരെ വീതിയുള്ളതുമാണ്. പത്രങ്ങളുടെ ആധാരഭാഗം വൃത്താകൃതിയിലും, വീതികുറഞ്ഞതുമാകുമ്പോൾ അഗ്രം കൂർത്തതാകും. പത്രസീമാന്തം തരംഗിതമാണ്. നടുക്കുള്ള ഞരമ്പിൽനിന്നും ധാരാളം പാർശ്വഞരമ്പുകൾ കാണാം. പത്രവൃന്ദത്തിന് 2.5 സെ.മീറ്റർ വരെ നീളമുണ്ടാകും.

ഇലഞ്ഞി പൂക്കൾക്ക് നക്ഷത്രങ്ങളുടെ ആകൃതിയാണ്. പൂക്കളുടെ നിറം മങ്ങിയ വെളുപ്പാണ്. സമമിതളും, ദ്വിലിംഗികളുമാണ്. ഇവ ഒറ്റയ്ക്കും, കൂട്ടമായും പത്രകക്ഷങ്ങളിലാണുണ്ടാകുക. പൂവിന്റെ വ്യാസം ഒരു സെ.മീറ്ററാണ്. എട്ട് ബാഹ്യപുടപാളികൾ ഒന്നിനുമേലൊന്നായി ചുറ്റിക്കയറിക്കാണപ്പെടുന്നു. അതുകൊണ്ടുതന്നെയാണ് ഇലഞ്ഞിക്ക്, മേരുവിന്റെ സങ്കത്പങ്ങളുണർത്തുന്ന പുഷ്പമെന്ന നിലയിൽ തന്ത്രാഗമങ്ങളിൽ വളരെ പ്രാധാന്യമുണ്ടായിവന്നത്. പൂവിന്റെ ദളങ്ങൾ എട്ടു മുതൽ മുപ്പത്തിനാലുവരെയാണ്. ദളങ്ങൾ രണ്ടുചുറ്റാണ്. ദളലഘ്നങ്ങളായി എട്ട് കേസരങ്ങളും, അതിനിടയിൽ എട്ട് വന്ധ്യകേസരങ്ങളുമുണ്ടാകും.

ഇലഞ്ഞിമരങ്ങൾ പൂക്കളുള്ളവയും കായകൾ പിടിക്കാത്തവയും, പൂക്കളും കായകളും ഉണ്ടാകുന്നവയും എന്നിങ്ങനെ രണ്ടുതരത്തിൽ കാണാം. അതുകൊണ്ട് ഇലഞ്ഞിയെ ശൈവശാക്തേയങ്ങളിൽ പുരുഷവൃക്ഷമെന്നും, സ്ത്രീവൃക്ഷമെന്നും പറഞ്ഞുകാണാം.

സുഗന്ധമേറിയ ഇലഞ്ഞിപൂക്കളിൽനിന്നാണ് ഏറ്റവുമധികം അത്തറുകൾ ശേഖരിച്ചുവരുന്നത്. ഇലഞ്ഞിമരത്തിൽ ചിങ്ങം, കന്നി മാസങ്ങളിൽ കുറഞ്ഞതോതിലും ധനു, മകരം മാസങ്ങളിൽ വർദ്ധിച്ച തോതിലുമാണ് പൂക്കളുണ്ടാകുക.

ഇലഞ്ഞിപൂവിന് പകരമായി ഔഷധത്തിൽ ഉപയോഗിക്കുന്നത് കൽഹാരപുഷ്പമാണ്.

'ബകുളഃ വയിഗത്വർത്ഥഃ'.

ഇലഞ്ഞി ഗമനശീലമുള്ളതാണ്. കേസരം ഭംഗിയുള്ള അല്ലികളോടുകൂടിയതാണ്.

ഇലഞ്ഞിപൂവ് കഫം, പിത്തം, രക്തദോഷം, ശ്വിത്രം, കൃമി, വിഷം, ദന്തരോഗം എന്നിവയെ ശമിപ്പിക്കുന്നതാണ്. മദവും, സന്തോഷവും പ്രദാനംചെയ്യുന്നതാണ്. ബലവർദ്ധകമാണ്. ശരീരം തടിപ്പിക്കുന്നതാണ്. മലബന്ധമുണ്ടാക്കുന്നതാണ്. രുചിപ്രദായകമാണ്. ഹൃദയപ്രസാദമുണ്ടാക്കുന്നതാണ്.

ഇലഞ്ഞിപൂവ് നല്ല സൗരഭ്യമുള്ളതാണ്. കഫത്തെയും വാതത്തെയും വർദ്ധിപ്പിക്കുന്നതാണ്. വയറടപ്പിക്കുന്നതാണ്. ദോഷസ്തംഭനകരമാണ്. പല്ലിന് ബലമുണ്ടാക്കുന്നതാണ്.

ഇലഞ്ഞികായ പച്ചനിറത്തിലുള്ളതാണ്. ഒരിഞ്ചുവരെ നീളവും, ഉപരിഭാഗം വെളുത്തുമാണ്. ഫലവർഗ്ഗത്തിൽ പെട്ടതെന്നും, ഉത്തംസവർഗ്ഗത്തിൽ പെട്ടതെന്നും പക്ഷമുണ്ട്. കഷായമധുരരസമുള്ളതും മഞ്ഞ നിറത്തോടുകൂടിയതുമാണ്. ഇതിന്റെയകത്ത് വലിയൊരു ബീജം കാണാം.

ഇലഞ്ഞിയുടെ പക്വഫലം വിപാകത്തിൽ മധുരമാണ്. കഫപിത്തശമനമാണ്.

ഇലഞ്ഞിയുടെ ഫലത്തിൽ സപ്പോണിൻ, ഗ്ലൂക്കോസ് എന്നീ വസ്തുക്കളുണ്ട്. ദന്തദാഢ്യകരസംഗ്രഹിയും, കൃമിഘ്നവുമാണ്. പുഷ്പം പാചനത്തിൽ ആഭ്യന്തരമായി നാഡിരോഗനിവാരകവും, മസ്തിഷ്കബല്യവും, മനപ്രസാദജനകവുമാണ്. പ്രജനനപ്രക്രിയയിൽ ഗർഭാശയബലദായകവും, ഗർഭാശയശോഫഹരവും, യോനീസ്രാവനിവാരകവും, ശുക്ലസ്തംഭനവുമാണ്. മൂത്രസംബന്ധമായി വസ്തിശോഫഹ

മമാണ്. താപക്രമത്തിൽ ജ്വരഘ്നമാണ്.

ഇലഞ്ഞിയിൽ പെർഫ്യൂം എസൻഷ്യൽ ഓയിലുണ്ട്. തൊലിയിൽ ടാനിൻ, വാക്സ്, ചായം, സ്റ്റാർച്ച്, ആഷ് എന്നിവയുണ്ട്. പൂവിൽ പൊളറ്റയിൽ ഓയിൽ. കായയിൽ ഫാറ്റി ഓയിൽ. പൾപ്പിൽ സപ്പോണിനും, ഷുഗറുമുണ്ട്.

'ഗുണപാഠം' പറയുന്നു:

'ബകുളം ശീതളം വൃഷ്യം വിഷഘ്നം കഫപിത്തജിത്
കഷായമധുരം രക്തപിത്തഘ്നഞ്ചവിശേഷതഃ'.
'ഇലഞ്ഞിപ്പൂ തണുപ്പുള്ള മധുരം പിത്തനാശം
വിഷഘ്നം ബൃംഹണം സ്നിഗ്ധം വർദ്ധനം കഫവാതയോ'.
'മധുരഞ്ചകഷാഞ്ചസ്നിഗ്ധം സംഗ്രാഹിവാതളം
സ്ഥാപനഞ്ചാപിദന്തനാം ബകുളം പരികീർത്തിതം'

ഇലഞ്ഞിപൂവ് ശീതളവും, ചവർപ്പും, മധുരമുള്ളതുമാണ്. കഫപിത്തങ്ങളെ നശിപ്പിക്കുന്നതാണ്. വിഷഹരവും, ബൃംഹണവും, സ്നിഗ്ധവും, വാതവർദ്ധകവുമാണ്. രക്തപിത്തഹരമാണ്.

ഇലഞ്ഞികുരു മധുരവും, ചവർപ്പുമാണ്. സ്നിഗ്ധവും, മലത്തെ ബന്ധിക്കുന്നതും, വാതമുണ്ടാക്കുന്നതുമാണ്. പല്ലുകൾക്ക് ഉറപ്പുവരുത്തുന്നതിൽ പ്രശസ്തമാണ്.

ഇലഞ്ഞിപഴം കഫഹരവും, വാതവർദ്ധകവുമാണ്. വയറടപ്പിക്കുന്നതാണ്. പല്ലിന് നല്ലതാണ്. പഴത്തിനും അതിന്റെ തൊലിക്കും ബന്ധന ഗുണമുണ്ട്. തൊലി മധുരവും, ചവർപ്പുരസമുള്ളതുമാണ്. ഗുരുവും സ്നിഗ്ധവും, ശീതവീര്യവുമാണ്. വിപാകത്തിൽ എരിവാണ്. പുഷ്ടിപ്പെടുത്തുന്നതാണ്. പനിയെ ഇല്ലാതാക്കുന്നതാണ്. കഫം, പിത്തം, ശ്വിത്രം, വിഷം, വ്രണം, കൃമി എന്നിവയെ നശിപ്പിക്കുന്നതാണ്.

ഇലഞ്ഞിയുടെ പച്ചക്കായ കഠിനമായ ബന്ധനൗഷധമാണ്.

ഇലഞ്ഞിപൂവിൽനിന്ന് ബാഷ്പശീലമുള്ള സുഗന്ധതൈലം വാറ്റിയെടുക്കുന്ന വെള്ളത്തിന് ഉത്തേജകഗുണമുണ്ട്.

ഇലഞ്ഞിവിത്ത് വിരേചനീയമാണ്.

ഔഷധത്തിന് ഉപയോഗിക്കുന്നത് ഇലഞ്ഞിപൂവ്, പഴം, പൂവിൽനിന്നെടുക്കുന്ന തൈലം, കുരുവിൽനിന്നെടുക്കുന്ന തൈലം, തോൽ എന്നിവയാണ്. ഇതെല്ലാം മദം, സന്തോഷം, മലബന്ധം, രുചി, ഹൃദയപ്രസാദം എന്നിവയെ വർദ്ധിപ്പിക്കുകയും, പുഷ്ടിയും ബലവും തരു

ന്നവയുമാണ്.

ഇലഞ്ഞിപൂവിന്റെ ചൂർണ്ണം ഒരു ഗ്രാം മുതൽ രണ്ടുഗ്രാം വരെയും, തൊലികഷായം അറുപത് മില്ലിമുതൽ നൂറ്റിയിരുപത് മില്ലിവരെ അള വിൽ ഉപയോഗിക്കാം.

ഇലഞ്ഞിപൂവ് പാലിൽ തിളപ്പിച്ചുകുറുക്കിയത് കഴിച്ചാൽ അതി സാരം, രക്തസ്രാവം എന്നിവ ശമിക്കും.

ഇലഞ്ഞികുരു പല്ലിന് ദാർഢ്യമുണ്ടാക്കും.

ഇലഞ്ഞിതൊലി കഷായം വെച്ചത് കവിൾകൊള്ളുന്നത് പല്ലിന് ബലം വർദ്ധിപ്പിക്കും. ഉമിനീർഗ്രന്ഥികളിൽനിന്ന് അധികം സ്രവമു ണ്ടായാൽ ഇതുതന്നെ കവിൾകൊള്ളാൻ നല്ലതാണ്.

ഇലഞ്ഞിതൊലി കഷായം ജീർണ്ണജ്വരത്തിൽ നല്ലതാണ്.

ശിരശൂലത്തിൽ ഇലഞ്ഞിപൂവ് ഉണക്കിപൊടിച്ചത് മൂക്കിൽ വലി ച്ചാൽ മതി.

ഇലഞ്ഞിപൂവ് പഴകിയ ഗ്രഹണിരോഗത്തിന് ഉപയുക്തമാണ്.

ഇലഞ്ഞിപൂവുകൊണ്ട് അർക്കമുണ്ടാക്കിയത് കഴിച്ചാൽ ഹൃദ്രോ ഗം മാറും.

ഇലഞ്ഞിപഴം രക്തപിത്തത്തിനും, രക്താതിസാരത്തിനും വളരെ നല്ലതാണ്.

ഇലഞ്ഞിമരത്തിന്റെ ശാഖകൊണ്ട് പല്ലുതേച്ചാൽ പൂയദന്തം ശമി ക്കുന്നതാണ്.

ഇലഞ്ഞിതൊലി അറുപതുഗ്രാം പന്ത്രണ്ടുഗ്ലാസ്സ് വെള്ളത്തിൽവെ ന്ത് രണ്ട് ഗ്ലാസ്സാക്കിയത് പിഴിഞ്ഞരിച്ചെടുത്ത് ചെറുചൂടോടെ കവിൾ കൊണ്ടാൽ മോണവീക്കം, പല്ലുവേദന, അധികരിച്ചുവരുന്ന ഉമിനീർ എന്നിവ ശമിക്കും.

ഇലഞ്ഞിപഴത്തിന്റെ കാമ്പ് അർശസ്സിന് നല്ലതാണ്.

ഇലഞ്ഞിതൊലി അരച്ചത് ഒരു ടീസ്പൂൺ പാലിൽ കഴിച്ചാൽ ജ്വ രം മാറും.

ഇലഞ്ഞിതൊലി വെന്ത വെള്ളം കവിൾകൊണ്ടാൽ വായ്പുണ്ണ് മാറും.

ഇലഞ്ഞികുരു, കുരുമുളക്, ചുക്ക് എന്നിവ വെറ്റിലനീരിൽ അരച്ചത് കണ്ണെഴുതിയാൽ അണലിവിഷം ശമിക്കും.

ഇലഞ്ഞികുരുവിന്റെ പരിപ്പ് മുലപ്പാലിൽ അരച്ചത് നസ്യം ചെയ്താൽ സന്നി മാറും.

ഇലഞ്ഞിയില, പർപ്പടകപ്പുല്ല്, നീലയമരിയില, കരുനൊച്ചിയില, കയ്യുണ്യം, ഉമ്മത്തില, കറുക, മഞ്ഞൾ, കറ്റാർവാഴപ്പോള എന്നിവയുടെ നീരും കൽക്കമായി നാത്പാമരത്തോൽ, ഇരട്ടിമധുരം എന്നിവ അരച്ചതും ചേർത്ത് എണ്ണകാച്ചിയത് തേച്ചാൽ തലയിലുണ്ടാകുന്ന പുണ്ണ് മാറും.

പ്രസവിച്ച സ്ത്രീക്ക് മുലപ്പാൽ കുറവാണെന്നുകണ്ടാൽ ഇലഞ്ഞി പൂവ് പാൽകഷായംവെച്ചത് പഞ്ചസാര ചേർത്ത് കഴിച്ചാൽ മതി.

ശോഷിച്ച ശരീരം തടിച്ചുകാണാൻ ഇലഞ്ഞിപൂവ് പാൽകഷായം വെച്ചത് പഞ്ചസാര ചേർത്ത് കഴിച്ചാൽ മതി.

ഇലഞ്ഞിപൂവ്, ശതാവരിക്കിഴങ്ങിന്റെ നീര്, അമുക്കുരം, നായ്ക്കുരണപ്പരിപ്പ് എന്നിവ ചേർത്ത് പാൽകഷായംവെച്ചത് പഞ്ചസാര ചേർത്ത് കഴിച്ചാൽ ശുക്ലം വർദ്ധിക്കും.

മൂഷിക വിഷബാധയിൽ ഇലഞ്ഞിവിത്ത്(ശിവാംബു) മനുഷ്യമൂത്രം ചേർത്തരച്ചത് കഴിക്കുകയും, അത് കടിവായിൽ പുരട്ടുകയും ചെയ്താൽ മതി.

ശിരസ്തോദത്തിന് ഇലഞ്ഞിപൂവ് പിഴിഞ്ഞ നീര് നസ്യം ചെയ്താൽ മതി.

തലവേദനയും, തലക്കനവും വന്നാൽ ഇലഞ്ഞിപൂവ് വെള്ളത്തിലിട്ട് തിളപ്പിച്ചുവെച്ചത്, അടുത്ത ദിവസം അതിൽനിന്ന് പൂക്കൾ പിഴിഞ്ഞെടുത്തു മാറ്റിയ വെള്ളം നസ്യം ചെയ്താൽ മതി.

ഇലഞ്ഞിതൊലി ചവച്ചാൽ പല്ലിളക്കം മാറും.

ഇലഞ്ഞിപൂവ്, കൊട്ടം, മരമഞ്ചി എന്നിവ പൊടിച്ചത് വായിൽകൊണ്ടാൽ വായ്നാറ്റം മാറും.

ഇലഞ്ഞിതൊലി, വയമ്പ്, കുരുമുളക്, ജാതിക്ക, ഇന്തുപ്പ് എന്നിവ പൊടിച്ചത് ശീലത്തുണിയിൽ അരിച്ചുവെച്ച് പല്ലുതേച്ചാൽ ഇളക്കമുള്ള പല്ലുകൾ ഉറക്കും. നൊണ്ണിന് ബലമുണ്ടാകും.

ഇലഞ്ഞിവിത്ത് ആട്ടിയെടുത്ത എണ്ണ ആഹാരം പാകം ചെയ്യുന്നതിന് ഉപയോഗിച്ചാൽ ആരോഗ്യത്തിന് നല്ലതാണ്.

ഇലഞ്ഞികുരുവിന്റെ പിണ്ണാക്ക് ദേഹത്ത് തേക്കാനും, കന്നുകാലികൾക്ക് ആഹാരമായി കൊടുക്കാനും നല്ലതാണ്.

ഇലഞ്ഞികുരുവിന്റെ എണ്ണ ചായമുണ്ടാക്കുന്നതിന് ഉപയോഗിക്കാറുണ്ട്.

ഇലഞ്ഞിപഴം ഗർഭിണികൾ കഴിച്ചാൽ സുഖപ്രസവമുണ്ടാകും.

മുഖം വീങ്ങുന്നതിന്(ശോഥം) ഇലഞ്ഞിയുടെ വേര് നാടൻ സുർക്ക ചേർത്തരച്ചത് മുഖത്ത് പുരട്ടിയാൽ മതി.

ഇലഞ്ഞിവിത്ത് കരിച്ചെടുത്ത് പല്ലുതേച്ചാൽ നൊണ്ണുവീക്കം മാറും.

പാമ്പുവിഷത്തിന് ഇലഞ്ഞിപഴം കഴിച്ചാൽ മതി.

ശിരസ്തോദ(തലവേദന)ത്തിന് ഇലഞ്ഞിപഴം അരച്ചത് നെറ്റിയിൽ പുരട്ടിയാൽ മതി.

ഇലഞ്ഞിപഴം കഴിച്ചാൽ അതിസാരം മാറും.

ഇലഞ്ഞിപൂവ്, ഇലഞ്ഞിപഴം, ഇലഞ്ഞിയില, ഇലഞ്ഞിതോൽ, പുളിയില, വേപ്പില, പച്ചമഞ്ഞൾ എന്നിവ വെന്ത വെള്ളംകൊണ്ട് വ്രണങ്ങൾ കഴുകിയാൽ വേഗത്തിൽ ഉണങ്ങും.

ഇലഞ്ഞിപൂവ്, ഇലഞ്ഞിപഴം, ഇലഞ്ഞിതോൽ, കടുക്കാത്തോട്, താന്നിക്കാത്തോട്, നെല്ലിക്കാത്തോട് എന്നിവ വെന്ത വെള്ളംകൊണ്ട് ധാരചെയ്താൽ വ്രണങ്ങൾ ഉണങ്ങും.

ഇലഞ്ഞിപൂവ്, ഇലഞ്ഞിപഴം, പുല്ലാന്നിയില, പിച്ചകത്തില, കരിനൊച്ചിയില എന്നിവ വെന്ത വെള്ളംകൊണ്ട് ധാരചെയ്താൽ വ്രണങ്ങൾ ഉണങ്ങും.

ഇലഞ്ഞിപൂവ്, ഇലഞ്ഞിപഴം, കാഞ്ഞിരത്തിൻതോൽ, വള്ളിക്കാഞ്ഞിരത്തിനില, പൂവാങ്കുറുന്തില എന്നിവ ചതച്ചത് കഷായംവെച്ച് ധാരചെയ്താൽ വ്രണങ്ങൾ ഉണങ്ങും.

ഇലഞ്ഞിതോൽ കാടിവെള്ളത്തിൽ അരച്ചത് പുരട്ടിയാൽ കണ്ഠമുഴ വറ്റും.

ഇലഞ്ഞിവിത്തരച്ചത് എണ്ണയൊ, നെയ്യൊ ചേർത്ത് ലേപമാക്കിയത് വസ്തിചെയ്താൽ കുട്ടികളുടെ മലബന്ധം മാറും.

ഇലഞ്ഞിപൂവ് ഉണക്കി പൊടിച്ചത് മൂക്കിൽവലിച്ചാൽ കഴുത്തിലെ മുഴയും, പനിയും, തോളിലും ദേഹത്തുമുണ്ടാകുന്ന തടിപ്പും, തലക്കനവും, തലവേദനയും മാറും.

ഇലഞ്ഞിയുടെ പച്ചക്കായ ചവച്ചുതുപ്പിയാൽ പല്ലുകൾ ഉറക്കും.

ഇലഞ്ഞിതോൽ കഷായംവെച്ചു കഴിച്ചാൽ ഗർഭധാരണശേഷിയുണ്ടാകും.

ഇലഞ്ഞിതൊലി കഷായം തേൻചേർത്ത് കഴിച്ചാൽ വൈറൽ പനി മാറും.

യോനിയിലെ അണുബാധയെ തടയാൻ ഇലഞ്ഞികഷായം ക്ഷാളനത്തിന് ഉപയുക്തമാണ്.

ആദിവാസികൾക്കിടയിൽ ആർത്തവശൂലയ്ക്ക് ഇലഞ്ഞിതൊലി കഷായം പ്രചാരത്തിലുണ്ട്.

ഇലഞ്ഞിപഴത്തിന്റെ ചാറ് അർശസ്സ് മാറുവാൻ നല്ലതാണ്.

1930-40 കാലങ്ങളിൽ കേരളത്തിലെ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ കുട്ടികളെ പഠിപ്പിച്ചിരുന്നത്:

'ഒന്നാനാം മതിലകത്ത് ഒന്നിലല്ലോ പൂവിലഞ്ഞി
പൂവിലഞ്ഞിപ്പൂപെറുക്കാൻ പോരിൻ പോരിൻ തോഴിമാരേ
ഞങ്ങളാരും പോരാഞ്ഞില്ലേ മതിലകത്തേക്കണ്ണനുണ്ടേ
കൊച്ചുവില്ലും അമ്പുമുണ്ടേ എയ്തുവീഴ്ത്തിക്കൊന്നുപോകും'.

ഇലഞ്ഞിപൂക്കൾ പെറുക്കി മാലകൾകോർത്ത് കൈയിലും, കഴുത്തിലും ധരിച്ചുനടക്കുന്നത് അന്നത്തെ കുട്ടികളുടെയൊരു ഭ്രമമായിരുന്നു. അന്ന് ചില കുട്ടികൾ ഇലഞ്ഞിമാല കൊടുത്ത് സ്വാധീനിച്ചാണ് തങ്ങളുടെ പകർത്തെഴുത്ത് സാധിച്ചെടുക്കുന്നതുതന്നെ!

വീട്ടുവളപ്പിൽ നടാൻ ഏറ്റവും യോജിച്ച മരമാണ് ഇലഞ്ഞിയാണെന്ന് വരാഹമിഹിരൻ തന്റെ 'ബൃഹത്സംഹിത'യിൽ പറയുന്നുണ്ട്.

'സുശ്രുതം' പറയുന്നു:
'സുഗന്ധിവിശദം ഹൃദ്യംബാകുലം
ദന്തചാലേതുഗണ്ഡൂഷോബകളസ്ത്വക് കൃതോഹിതഃ'.

'ചക്രദത്തം' പറയുന്നു:
'ചലദന്തസ്ഥിരകരം കുര്യാത് ബകുലചർവണം'.
'അതേനകല്പേ നമർക്കവാർക്ക സഹചരതീപനിർഗുണ്ഡി
സുമുഖസുരസകുഠേരകഗുണ്ഡീര കാലമാലകപർണ്ണാസക്ഷ
വകഫണിജ്ജക ബകുള കുടജ സുപർണകക്ഷീരി
സ്വരസാനമന്യത മസ്മീൻ കാരയേൽ പുലീകാഃ തഥാകിണിഹീഃ
കിരാതതിക്ത സുമഹാമലക ഹരീതകീ ബിദീതക സ്വരസേന
കാരയേൽപുപലികഃ സ്വരസാംശ്ചൈതേഷാമേ കൈകരോ ദ്വിബശഃ
സർവശോവാമധുവില്ലുളീതാൻ പ്രാതരനന്നായപ്രാതുംപ്രയചേത്'

ഇലഞ്ഞി, കഞ്ഞുണ്ണി, എരിക്ക്, കരിനൊച്ചി, കരിങ്കുറുഞ്ഞി, കാട്ടുതുളസി, അരത്ത, കൃഷ്ണതുളസി, മാങ്ങനാറി, കരിതുമ്പ, വെള്ളതുളസി, കടലാടി, കർപ്പൂരതുളസി, കുടകപ്പാല, ചട്ടുകക്കള്ളി എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സ്വരസത്തിൽ ചെന്നെല്ലരിയുടെ മാവു ചേർത്ത് അപ്പമുണ്ടാക്കാം. അതുപോലെ കിങ്ങിണിപ്പാല, പുത്തരിച്ചുണ്ട, ചിറ്ററത്ത, നെല്ലിക്ക, കടുക്ക, താന്നിക്ക എന്നിവയുടെ സ്വരസത്തിലും അപ്പമുണ്ടാക്കാം. ഇവയിൽ ഏതുകഴിച്ചാലും കൃമിരോഗത്തിന് നല്ലതാണ്. ഈ ഔഷധങ്ങളിൽ ഏതെങ്കിലും ഒന്നോ, രണ്ടോ അല്ലെങ്കിൽ ഇവയെല്ലാം ചേർത്തോ ഇടിച്ചുപിഴിഞ്ഞ നീരിൽ തേൻചേർത്തത് രാവിലെ വെറുംവയറ്റിൽ കഴിച്ചാലും കൃമികൾ പോകും.

'സുശ്രുതം' പറയുന്നു:

'ദിശോവസന്തേ വിമലാഃ കനനൈതപശോദിതാഃ
കിംശുകം ഭോജു ബകുളചുതാശോകാദി പുഷ്പിതൈ'.

വസന്തഋതുവിൽ ദിക്കുകളെല്ലാം നിർമ്മലമാണ്. ഇലഞ്ഞി, പ്ലാശ്, താമര, മാവ്, അശോകം മുതലായവ പൂക്കുന്നതുകൊണ്ട് കാടും, പൂന്തോട്ടങ്ങളുമെല്ലാം കാണാൻ നല്ല ഭംഗിയുമുണ്ടായിരിക്കും.

'ക്ഷീരവൃക്ഷഫല ജാബുര വരാജാദതതോദനശീതഫല
തിന്ദുക ബകുളധച്ചനാശ്മന്തകാശ്വകർണ്ണ ഫൽഗുപരുഷക
ഗംഗേരുകീ പുഷ്കരവതീ വിലബിംബിപ്രഭൃതീതി'.

ഇലഞ്ഞിപ്പഴം, നാത്പാമരഫലം, ഞാവൽപഴം, രാജോദനഫലം, തോദനഫലം, ശിതഫലം, ധന്യഫലം, കാട്ടത്തിപ്പഴം, ചീറ്റിനൂൽപ്പഴം, ഗംഗേരുകീഫലം, പുഷ്കരവതിഫലം, കൂവളപ്പഴം, തൊണ്ടിപ്പഴം എന്നിവ ചവർപ്പുരസപ്രധാനമായ ഫലങ്ങളാണ്.

'മധുരം ച കഷായം ച സ്നിഗ്ധം സംഗ്രാഹീബാകുലം
സ്ഥിരീകരം ച ദന്താനാം വിശദം ഫലമുച്യതേ'.

ഇലഞ്ഞിപഴം മധുരവും, ചവർപ്പുരസവുമാണ്. സ്നിഗ്ധമാണ്. മല ബന്ധങ്ങളുണ്ടാക്കുന്നതാണ്. പല്ലിനെ ഉറപ്പിക്കുന്നതാണ്.

'ഭാവപ്രകാശം' പറയുന്നു:

'ബകുളോ മധുഗന്ധിശ്ച സിംഹകേസരകസ്ഥാ'.

'അഭിജ്ഞാനമഞ്ജരി' പറയുന്നു:

ബകുളോ മഹാഗന്ധശ്ച സിംഹകേസരോ ച്യതേ'.

'ഗുണപാഠം' പറയുന്നു:

'ഇലഞ്ഞിപ്പൂ തണുപ്പുള്ളതും മധുരം പിത്തനാശനം
വിഷഘ്നമം ബൃംഹണം സ്നിഗ്ധം വർധനം കഫവാതയോ

ഇലഞ്ഞിക്കുരു സംഗ്രാഹികഷായം മധുരരസം
ദന്തങ്ങളെയുറപ്പിക്കും ആകാവാതത്തിനൊടുമേ'.

'കൈഡര്യാദി' പറയുന്നു:
'ബകുളസ്തവരോ അനുഷ്ണാഃ കടുപാകരസോഗുരുഃ
കഫപിത്തവിഷശ്വിത്ര കൃമിദന്തഗദാപഹഃ
തത്ഫലം മധുരം സ്നിഗ്ധം കഷായം വിശദം ഹിമം
കഫപിത്തഹരം ഹൃദ്യം ദന്ത്യം സംഗ്രഹിവാതളം'.

'ചക്രദത്തം' പറയുന്നു:
'ദന്തചലേ തുഗണ്ഡൂഷോ ബകുളത്വ ആരോഹിത
മാക്ഷികം പിപ്പലി സർപ്പിർ വിമിശ്രം ധാരയെമുഖ്
ദന്തശൂലഹരം പ്രോക്തം പ്രധാനമിദമൗഷധം'.

'സുശ്രുതം' പറയുന്നു:
'വിപാകേഗുരുസംപക്വം മധുരം കഫപിത്തജിത്
മധുരം ച കഷായം ച സ്നിഗ്ധം സംഗ്രഹിബാകുളുമ'.
'ബകുളസ്ത സീധുഗന്ധഃ സ്ത്രീമുഖ മധുദോഹളശ്ച'

'രാജനിഘണ്ടു' പറയുന്നു:
'സുരദിർദ്രമരനന്ദസ്ഥിരസുമഃ കേസരശ്ച ശാരദികഃ
കരകഃ സീധൂസംജ്ഞസ്തവിശാരദോ ഗുഢപുഷ്പകോധന്വി
മദനോമദ്യാമൊദശ്ചിരപുഷ്പശ്ചേതിസപ്തദശസംജ്ഞ'.

'ഭാവപ്രകാശം' പറയുന്നു:
'ബകുളസ്തവരോ അനുഷ്ണാഃ കടുപാകരസോഗുരു
കഫപിത്തമിഷശ്വത്ര കൃമിദന്തഗദാപഹഃ'.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'മധുരമ ച കഷായമ ച സ്നിഗ്ധം സംഗ്രഹിബകുളം
സ്ഥിരികരം ച ദന്താനാം വിശദം തത്ഫലം ഗുരു'.

'സോഢലനിഘണ്ടു' പറയുന്നു:
'ബാകുളന്യഫലം രൂക്ഷം വിശദംസ്തംഭനം ഗുരു
കഷായ മധുര ശീതം ലേഖനം കഫ പിത്തഹൃത്
ദന്തദാർഢ്യകരം ഗ്രഹിവിബന്ധ്യാധ്മാന വാതകൃത്
തദ്ബീജം ദന്തചാലഘ്നം നസ്യാത്ശീർഷ രുജൂപഹം'

'രാജവല്ലഭം' പറയുന്നു:
'പുഷ്പം കഷായ മധുരം ശീതമ പിത്തകഫസ്രജിത്'.

'രാജനിഘണ്ടു' പറയുന്നു:

'ബാകുളഃ ശീതളോ ഹൃദ്യോ വിഷദോഷവിനാശനഃ
മധുരശ്ച കഷായശ്ച മദാഢ്യോഹർഷദായകം
ബാകുളകസ്യമം ച രുച്യം ക്ഷീരാഢ്യം സുരാദി ശീതളം മധുരം
സ്നിഗ്ധ കഷായം കഥിതം കലസംഗ്രാഹകാരകം ചൈവ'.

'രാജനിഘണ്ടു' പറയുന്നു:
'ബാകുളസ്യഫലം ലോധ്രം വജ്രവല്ലീകുരണ്ഡകം
ചതുരംഗുല ബലച്രം വാജികർണ്ണോരിമാസനം
ഏഷാം കൽക്കകഷായാദ്യ തൈലം പക്വം മുഖേവ്രണം
സൈഥര്യം കരോതിചലതാം ദന്താനം ധാവനേനവാ'.

ഇലഞ്ഞി, പാച്ചോറ്റിത്തൊലി, ചങ്ങലംപരണ്ട, മഞ്ഞക്കുരുഞ്ഞി, കൊന്നത്തൊലി എന്നിവ ചേർത്ത് കഷായം കൽക്കമായി കാച്ചിയ തൈലം കവിൾകൊണ്ടാൽ പല്ലുകൾ ഇളകിയത് ഉറക്കും.

ഇലഞ്ഞികുരുവിന്റെ പരിപ്പ് വിഷമുള്ളതാണ്. അത് ചവച്ചിറക്കിയാൽ ഛർദ്ദിയും അതിസാരവുമുണ്ടാകും. അതിന് പ്രത്യൗഷധമുണ്ട്. കടുക്കാത്തോട്, താന്നിക്കാത്തോട്, നെല്ലിക്കാത്തോട് എന്നിവ കഷായംവെച്ച് കഴിച്ചാൽ മതി. കാടിവെള്ളം, കരിക്കിൻവെള്ളം, പുളിയൻ ചീരനീര് എന്നിവയിൽ ഏതെങ്കിലും കഴിക്കുന്നതും നല്ലതാണ്.

തൃക്കേട്ട നക്ഷത്രം

വെട്ടി

ശാസ്ത്രനാമം : അപൊറോസലിൻഡ് ലയാനവെറ്റ്, ബയ്ൽസെപാലിൻഡ് ലയാനവെറ്റ്.
കുടുംബം : ചു ഫോർബിയേസി. (ലഗുമിനേസിയേ, പാപ്പിലോണേസിയേ.)
ഇംഗ്ലീഷ് നാമം : ഡാൽബെർജിയ, ലാറ്റിഫോളിയ റോക്സ്ബ്, എമർജിനേറ്റ റോക്സ്ബ്, സിസ്സോയിഡ്സ്.
സംസ്കൃതം : ശിംശപ, കൃഷ്ണസാര, ഗുരുസാര, കൃഷ്ണ ശിംശപ, ജലജ, ക്ലീതകം, കപിലശിംശപ.
മലയാളം : വെട്ടി, കോടാലി, കൊടിലി, പൊൻവെട്ടി, വെട്ടിൽ.
തമിഴ് : കോടാലി, വെട്ടികൽ, വെട്ടിൽ, വീട്ടിൽ, വീട്ടി.
കന്നട : സല്ലെമര, ശാലി, സരളി, സുദൗ.

പതിനെട്ടാമത്തെ നക്ഷത്രമായ തൃക്കേട്ട കുന്തത്തിന്റെ ആകൃതിയിൽ മൂന്ന് നക്ഷത്രങ്ങൾ ചേർന്നതാണ്. ഉദയം പത്തൊമ്പതാം ഭാഗത്തിൽ ഉച്ചയിൽ വരുമ്പോൾ കുംഭത്തിൽ ഒരു നാഴിക ഇരുപത്തിയേഴ് വിനാഴികയിലാണ്. ഈ നക്ഷത്രക്കൂട്ടം ഭൂമിയിൽനിന്ന് മുന്നൂറ്റിയെമ്പത് പ്രകാശവർഷം അകലെയാണ് സ്ഥിതിചെയ്യുന്നത്. നക്ഷത്രത്തിന്റെ വലുപ്പം സൂര്യന്റെ നാനൂറ്റിമുപ്പത് ഇരട്ടിയാണ്. ദേവത ഇന്ദ്രനാണ്. ഇന്ദ്രന്റെ പര്യായപദങ്ങളെല്ലാം തൃക്കേട്ടക്ക് പറയുന്നുണ്ട്. ജ്യേഷ്ഠ, കേട്ട എന്നിങ്ങനെയും വിളിക്കും. പുരുഷനക്ഷത്രമാണ്. അസുരഗണമാണ്. അക്ഷരം എകാരമാണ്. മന്ത്രാക്ഷരം വകാരമാണ്. ഭൂതം വായുമാണ്. മൃഗം കേഴമാനാണ്. പക്ഷി കോഴിയാണ്. വൃക്ഷം വെട്ടിയാണ്.

തൃക്കേട്ട സംഹാരനക്ഷത്രമാണ്. യുദ്ധത്തിനും, ശത്രുക്കളോട് ഏറ്റുമുട്ടുന്നതിനും, ശസ്ത്രക്രിയാകർമ്മങ്ങൾക്കും, പ്രഹരത്തിനും, ലോഹനിർമ്മാണങ്ങൾക്കും, ശില്പവേലക്കും നല്ല നാളാണ്. എണ്ണ, കുഴമ്പ് എന്നിവ കാച്ചുന്നതിനും ഉത്തമമാണ്.

തൃക്കേട്ടനാളിൽ ജനിക്കുമ്പോൾ ദോഷങ്ങളുണ്ട്. തൃക്കേട്ടനാളിന്റെ അറുപതുനാഴികയെ ആറ് നാഴിക വീതം പത്ത് ഭാഗങ്ങളാക്കിയാൽ, ഒന്നാം ഭാഗത്ത് ജനിച്ചാൽ മാതാമഹിക്കും, രണ്ടാം ഭാഗത്ത് ജനിച്ചാൽ മാതാമഹനും, മൂന്നാം ഭാഗത്തായാൽ മാതുലനും, നാലാം ഭാഗത്തായാൽ മാതാവിനും, അഞ്ചാം ഭാഗത്തായാൽ തനിയ്ക്കുതന്നെയും, ആറാം ഭാഗത്തായാൽ സന്താനത്തിനും, ഏഴാം ഭാഗത്തായാൽ

മാതൃപിതൃവംശങ്ങൾക്കും, എട്ടാം ഭാഗത്തായാൽ സ്വവംശത്തിനും, ഒമ്പതാം ഭാഗത്തായാൽ പിതാവിനും, അന്ത്യഭാഗത്തായാൽ സർവർക്കും നാശമുണ്ടാകും. തൃക്കേട്ടയുടെ അവസാനത്തെ പതിനഞ്ച് നാഴികക്ക് ഗണ്ഡാന്തമുണ്ട്. വൃശ്ചികക്കൂറാണ്. അശ്വതി നക്ഷത്രവുമായി വേധമുള്ളതിനാൽ ഈ നക്ഷത്രക്കാർ തമ്മിൽ വിവാഹചേർച്ചയുണ്ടാവില്ല.

തൃക്കേട്ടനാളിലെ ജനനംകൊണ്ട് എല്ലാ കാര്യങ്ങളിലും സന്തുഷ്ടിയെ പ്രദാനം ചെയ്യും. സംതൃപ്തരായിരിക്കും. ഇവരുടെ മനസ്സ് ചഞ്ചലമായിരിക്കും. എന്നാൽ നല്ല മനോബലമുള്ളതുപോലെ അഭിനയിക്കും. ഭീരുക്കളായിരിക്കും. ആരുമായും ആശയങ്ങൾ തുറന്നുപറയും. അഹങ്കാരമുണ്ടെന്ന് തോന്നിപ്പിക്കും. ആദർശങ്ങളിൽ അടിയുറച്ചുനിൽക്കും. ധർമ്മകർമ്മങ്ങൾ പലതും ചെയ്യും. വഞ്ചിക്കുകയോ, ചതിക്കുകയോയില്ല. എന്നാൽ ക്രൂരതകാണിക്കും. നിർബന്ധബുദ്ധികളായിരിക്കും. ഇവരുടെ പ്രധാന ദുർഗുണം മുൻകോപമാണ്. ഇവർക്ക് ജീവിത്തിൽ പല പരിവർത്തനങ്ങളെയും അഭിമുഖീകരിക്കേണ്ടിവരും. സ്വഗൃഹവും, സ്വദേശവും വിട്ടുതാമസിക്കും. പിതൃഗുണം കുറയും. ഇവരുടെ പുരോഗതി സ്വയമാർജ്ജിതമായിരിക്കും. പ്രവർത്തനങ്ങളിലെല്ലാം സാമർത്ഥ്യം കാണിക്കും. യൗവനാന്ത്യം കഴിഞ്ഞാൽ സകല വിജയങ്ങളുമുണ്ടാകും. ആരോഗ്യം സംതൃപ്തികരമായിരിക്കും. ഇവർ ആരോഗ്യം ശ്രദ്ധിക്കില്ല. ദാമ്പത്യം രമ്യവും, തൃപ്തികരവുമായിരിക്കും. പലപ്പോഴും ഇവർക്ക് മനക്ഷോഭം നിയന്ത്രിക്കാനാവില്ല. നിയന്ത്രിക്കുന്നവരാകട്ടെ, പല രംഗങ്ങളിലും വിജയിക്കുന്നതും കാണാം. അധികാരികളുടെ പ്രീതി സമ്പാദിക്കുന്നവരും, സമൂഹനേതൃത്വം നേടുന്നവരുമാണ്. നല്ല ബുദ്ധിശക്തിയും, വാക്ചാതുര്യവും ഇവർക്കുണ്ടാകും.

ഈ നാളിനെ നാലുപാദങ്ങളായി തിരിച്ചാൽ, ഒന്നാം പാദത്തിൽ ജനിക്കുന്നവൻ സാഹിത്യകാരനും, അത്യാഗ്രഹിയും, ഹാസ്യരസപ്രധാനിയും, ഗർവിഷ്ഠനും, ലോഭിയും, ധനധാന്യസമൃദ്ധനും, സാധുശീലനുമായിരിക്കും. രണ്ടാം പാദത്തിൽ ജനിക്കുമ്പോൾ തപഃക്ലേശങ്ങളോടുകൂടിയവനും, വാഗ്മിയും, നിത്യസുഖിയും, എല്ലാ കാര്യങ്ങളിലും വിജയം വരിക്കുന്നവനും, സന്തുഷ്ടനും, രോഗിയുമായിരിക്കും. മൂന്നാം പാദത്തിൽ ജനിച്ചാൽ വികലാംഗനും, നേത്രരോഗിയും, ബുദ്ധിമാനും, പരകാര്യരതനും, സാധുവുമായിരിക്കും. നാലാം പാദത്തിൽ ജനിച്ചാൽ നിർദ്ദയനും, കുലശത്രുവും, സുന്ദരനും, പരുക്കൻശീലരുമായിരിക്കും.

'സന്തുഷ്ടോ ധർമ്മപരശ്ചണ്ഡഃ ക്രോധ്യല്പബന്ധുരതിതേജഃ
ഗണനാർത്ഥോതൃപതീഷ്ടഃ ശക്രോഡുനിജായതേമഹാബുദ്ധിഃ'

സന്തുഷ്ടൻ, സംതൃപ്തൻ, ധർമ്മതത്പരൻ ഒപ്പം ക്രൗര്യമുള്ളവൻ, ശണ്ഡസ്വഭാവൻ, ക്രോധി, ബന്ധുക്കൾ കുറഞ്ഞവൻ, തേജസ്വി, സംഘപ്രധാനി, രാജസമ്മതൻ എന്ന് ശ്ലോകാർത്ഥം.

വരാഹമിഹിരൻ തൃക്കേട്ടയെക്കുറിച്ചുപറയുന്നു:
'ജ്യേഷ്ഠാസുനബഹുമിത്രഃ സന്തുഷ്ടോധർമ്മകൃത്പ്രചുരകോപഃ'.

തൃക്കേട്ടയിൽ ജനിച്ചവർ കൃഷികാര്യത്തിലും, ഭൂമികാര്യത്തിലും തത്പരരായിരിക്കും.

തൃക്കേട്ട നക്ഷത്രവൃക്ഷമായ വെട്ടി സമുദ്രനിരപ്പിൽനിന്ന് ആയിരം മീറ്ററിനുതാഴെ തുറന്ന നിത്യഹരിതവനങ്ങളിലും, അർദ്ധനിത്യഹരിതവനങ്ങളിലും വളരുന്ന മരമാണ്. പതിനഞ്ച് മീറ്റർവരെ ഉയരത്തിലുള്ള വെട്ടിമരങ്ങൾ പശ്ചിമഘട്ടത്തിൽ കാണാം. വെട്ടിയുടെ പുറന്തൊലി തവിട്ടുനിറത്തിൽ മിനുസമുള്ളതാണ്. അകത്ത് പിങ്കുനിറമാണ്. അരോമിലമായി ഉരുണ്ട ഉപശാഖകളോടുകൂടിയ വൃക്ഷത്തിന്റെ ഇലകൾ ലഘുവാണ്. ഇലകൾ ഏകാന്തരങ്ങളാണ്. സർപ്പിളാകൃതിയാണ്. രണ്ടറ്റവും ചീർത്ത്, ചാലുക ളുള്ള ഇലഞെട്ടിന് ഏഴ് മില്ലിമീറ്റർ മുതൽ പതിമൂന്ന് മില്ലിമീറ്റർ വരെ നീളമുണ്ട്. പത്രഫലകം എഴുപത്തിയഞ്ച് മില്ലിമീറ്റർ നീളമുള്ളതാണ്. മുപ്പത് മില്ലിമീറ്റർ വീതിയുണ്ടാകും. പത്രത്തിന്റെ അഗ്രം ദീർഘമാണ്. ചിലത് അറ്റത്ത് ചെറുവാലുള്ളതായിരിക്കും.

വെട്ടിയുടെ പൂക്കൾ ഏകലിംഗങ്ങളാണ്. ആൺപൂക്കളുണ്ടാകുന്നത് കാറ്റ്കിനുമുകളിലാണ്. പെൺപൂക്കളുണ്ടാകുന്നത് കുറിയ സൈമുകളിലുമാണ്. രണ്ടുമുതൽ നാലുവരെ വിത്തുകളുള്ളതാണ് ഇതിന്റെ കായ. പതിമൂന്ന് മില്ലിമീറ്റർ വരെ കുറുകെ മിനുസമാർന്ന് ഗോളാകാരത്തിലുള്ളതാണ്.

വെട്ടിയുടെ തൊലിയാണ് ഔഷധയോഗ്യമായ ഭാഗം. ഇത് ദഹനകാരിയും, പുഷ്ടിപ്രദവുമാണ്. അജീർണ്ണം, പൊണ്ണത്തടി, അതിസാരം, കുഷ്ഠം, കൃമി, ദേഹവേദന എന്നിവക്ക് ഉത്തമമമാണ്.

വെട്ടി കൂടുതൽ ഉപയോഗിക്കുന്നത് ത്വക്രോഗങ്ങളിലാണ്.

വെട്ടിതൊലി കരൾ, വൃക്ക, രക്തം എന്നിവയുടെ പുഷ്ടിക്ക് ഉത്തമമാണ്.

വെട്ടിതൊലിയിൽ ഹെൻറിയ കൺടേൻ, ലാറ്റി ഫോളിൻ, ബി.സിറ്റോസ്റ്റെറോൾ, സൂക്കോഴ്സ്, ടാനിൻ എന്നിവയും ലൂപിയോൾ, എ.സിഒളിയാനിക് ആസിഡ്, ഡാൽബർഗിൻ എന്നിവയുണ്ട്.

വെട്ടിത്തൊലി അറുപതുഗ്രാം പന്ത്രണ്ടുഗ്ലാസ് വെള്ളത്തിൽ വെന്ത് ഒന്നര ഗ്ലാസ്സാക്കിയത് പിഴിഞ്ഞരിച്ച് അര ഗ്ലാസ്സുവീതം മൂന്നുനേരം കഴിച്ചാൽ ചൊറി, ചിരങ്ങ്, വൃക്കരോഗങ്ങൾ, യകൃത്‌രോഗങ്ങൾ എന്നിവ മാറും.

വെട്ടിത്തൊലി പൊടിച്ചത് ഒരു ടീസ്പൂൺ കഴിച്ചാൽ പാണ്ഡുത മാറും.

വെട്ടിത്തൊലി അരച്ചത് ഒരു ടീസ്പൂൺ രണ്ടുനേരം കഴിച്ചാൽ വേദന മാറും.

ദഹനക്കുറവുണ്ടായാൽ വെട്ടിത്തൊലി വെന്ത വെള്ളം കുടിച്ചാൽ മതി.

വെട്ടിത്തൊലി, ഈട്ടിത്തൊലി, ഇടിഞ്ഞിൽതൊലി, ചെറുനാരങ്ങാ മുറിച്ചത് എന്നിവ സമമായി ആകെ അറുപതുഗ്രാം, പന്ത്രണ്ടുഗ്ലാസ് കുമ്പളങ്ങാനീരിൽ കഷായം വെച്ച് ഒന്നര ഗ്ലാസ്സാക്കിയത്, പിഴിഞ്ഞരിച്ച് അര ഗ്ലാസ്സുവീതം മൂന്നുനേരം തേൻ മേമ്പൊടി ചേർത്ത് കഴിച്ചാൽ അസാധാരണ വണ്ണമുണ്ടായത് മാറും.

വെട്ടിവേര് കഷായം അതിസാരത്തിന് നല്ലതാണ്.

വെട്ടിവേരും, വെട്ടിതൊലിയും ഏറ്റവും നല്ല കൃമിനാശകമാണ്. അതിനാൽ വൈറസ്സുകളുടെ ആക്രമണത്തിൽ ഫലപ്രദമാണ്.

വെട്ടിതൊലി, ഈട്ടിതൊലി, പേരാൽതൊലി, പാച്ചോറ്റിതൊലി, കല്ലാൽതൊലി, പെരിങ്ങലവേര്, ചെറുകടലാടി, ഗുൽഗുലു(ശുദ്ധി), വംഗം(ശുദ്ധി), അഞ്ജനം(ശുദ്ധി) എന്നിവ ചേർത്ത് എലിത്തടിയന്റെ നീരിലും, സോമവല്ലിനീരിലും, കൂവളത്തിലനീരിലും, കരിനൊച്ചിനീരിലും, നീലയമരിയിലനീരിലും, അങ്കോലത്തിലനീരിലും അരച്ചത് ഗുളികകളായി ഉരുട്ടിവെച്ച് കഴിച്ചാൽ കാൻസറുണ്ടാക്കുന്ന അണുക്കൾ നശിക്കും. കാൻസറുകൾ ഏതാണ്ട് മുപ്പതുശതമാനവും കൃമിജങ്ങളാണ്. അവയിൽ പ്രധാനപ്പെട്ടവ ഹ്യൂമൻപാപ്പിലോമവൈറസ് (H.P.V), ഹ്യൂമൻ ബെർവൈറസ്(H.B.V), ഹ്യൂമൻ ചൈൽഡ് വൈറസ്(H.C.V), ഹെലികോബാക്ടർ പൈലോറി (H Pylori) എന്നിവയാണ്. ഇത്തരം വൈറസുകളെയെല്ലാം ഉന്മൂലനം ചെയ്യുന്നതിന് കഴിവുള്ളൊരു ഔഷധ യോഗമാണിത്.

വെട്ടിതളിര്, വെട്ടിതൊലി, വെട്ടിവേര്, പെരുകിൻവേര്, നാൽപ്പാമരത്തൊലി, നാൽപ്പാമരമൊട്ട്, ശുദ്ധിചെയ്ത ഗുൽഗുലു, പൂവാൻകുറുന്തിലവേര്, ചിറ്റമൃത്, പാഠക്കിഴങ്ങ്, കടലാടിവേര്, വിഴാലരിക്കാമ്പ്, കൃമിശത്രു, ഇലഞ്ഞിതോൽ എന്നിവ നല്ലതുപോലെ പൊടിച്ചത്,

വംഗഭസ്മവും, ശുദ്ധിചെയ്ത അഞ്ജനക്കല്ലും ചേർത്ത് കീഴാർനെല്ലി, കഞ്ഞണ്ണി, പൂവരശിൻതോൽ, തുമ്പനീര്, ആട്ടിൻമൂത്രം, നീലയമരിനീര്, അങ്കോലത്തിലനീര് എന്നിവയിൽ അരച്ച് ഗുളികകളായി ഉരുട്ടിവെച്ച് ഒന്നുവീതം രണ്ടുനേരം കഴിച്ചാൽ എല്ലാതരം കൃമികളും മാറും. ഹ്യൂമൻ ഇമ്മ്യൂണോ വൈറസ്(H.I.V) അണുബാധയിൽ ഈ ഗുളിക കഴിക്കുന്നത് നല്ലതാണ്. അപ്പോൾ, അതിനോടൊപ്പം ഒരു ടീസ്പൂൺ 'ഇന്ദുകാന്തഘൃത'വും രാവിലെ കഴിക്കുകയും, പാൽക്കഞ്ഞി മാത്രം കഴിക്കുകയും, ഈന്തിന്റെ കായ പൊടിച്ചതൊ, കൂവനൂറൊ ചേർത്തുള്ള പലഹാരങ്ങൾ കഴിക്കുകയും വേണം.

മൂലം നക്ഷത്രം

വെള്ളപ്പയിൽ

ശാസ്ത്രനാമം : Vateria Indiea Linn.
കുടുംബം : Dipteroearpaecae.
കുലം : സാലകുലം.
ഇംഗ്ലീഷ് നാമം : Indiabcopal Tree, Piney Varnish Tree, White Dammar.
സംസ്കൃതം : ആജകർണ്ണഃ സർജ്ജഃ
മലയാളം : വെള്ളപ്പയിൽ, വെളുത്തകുന്തുരുക്കം.
ഹിന്ദി : സഫേദ്ദമ്മാർ, കഹരൂബാ.
തമിഴ് : വെള്ളൈകുന്നിരിക്കം, വെള്ളൈദാമാർ, ധൂപമരം.
തെലുങ്ക് : തെള്ളഡാമര, ദൂപദാമര.
കന്നട : റാല, ഹൂഗദാമര, ബീലാഗഗ്ഗല.
ബംഗാളി : കുന്ദ്രോ.
ഗുജറാത്തി : റാൽ.
കൊങ്കൺ : ധൂമപരുകു.

മൂലം നക്ഷത്രം സൃഷ്ടിനക്ഷത്രമാണ്. ദേവത നിരുതിയാണ്. ധനു രണ്ടിനാണ് ഉദയം. അസുരഗണമാണ്. എല്ലാ അസുരപര്യായ പദങ്ങളും മൂലത്തിന്റെ പര്യായപദങ്ങളാണ്. പുരുഷയോനിയാണ്. അക്ഷരം ഏകാരവും, മന്ത്രാക്ഷരം വകാരവുമാണ്. ഭൂതം വായുവാണ്.

മൂലം നക്ഷത്രം പൂന്തോട്ടനിർമ്മാണത്തിനും, ഉപവനനിർമ്മാണത്തിനും, വനനിർമ്മാണത്തിനും ഉത്തമമാണ്. യുദ്ധത്തിന് നല്ലതാണ്. കുളം, കിണർ എന്നിവയുടെ നിർമ്മാണത്തിനും കൊള്ളാവുന്ന നാളാണ്. മൂലത്തിന്റെ ആദ്യത്തെ പതിനഞ്ചുനാഴിക ശുഭകാര്യങ്ങൾക്കെല്ലാം വർജ്ജ്യമാണ്.

മൂലം നക്ഷത്രക്കാർ വളരെ അഭിമാനികളും, ആരോടും സൗമ്യഭാവത്തിൽ പെരുമാറുന്നവരും, ശാന്തരുമായിരിക്കും. എന്നാൽ ചപലഹൃദയരും, അസ്ഥിരരുമാണ്. സുഖലോലുപരും, സ്വന്തം ആരോഗ്യം നോക്കാത്തവരും, വ്യയശീലരുമാണ്. ബുദ്ധിസാമർത്ഥ്യമുള്ളവരായിരിക്കും. സ്വതന്ത്രരും, കർമ്മനിരതരുമായിരിക്കും. പരോപകാരം, ഭൂതദയ എന്നിവയോടൊപ്പം ദുർവാശിയുള്ളവരുമായിരിക്കും.

മൂലം നക്ഷത്രം ദോഷമുള്ള നക്ഷത്രമാണ്. ദോഷം കൂടിയതാക

യാൽ അത് ശ്രദ്ധയോടെ മനസ്സിലാക്കി കഴിഞ്ഞാൽ നല്ലതാണ്.

വരാഹമിഹിരാചാര്യൻ പറയുന്നു:
'മാതീധനീസുഖാഢ്യോ വ്യാധിപ്രായോഽതി തസ്ക്കരെസുഭഗഃ
ചലചിത്തശ്ചലചേഷ്ടോ മൂലോല്പന്ന സ്വതന്ത്രകോഭവതി'.
'മൂലേമാനീ ധനവാൻ സുഖീന ഹിംസ്രഃ സ്ഥിരോഭോഗീ'.

മൂലം നക്ഷത്രക്കാർ ശൈശവത്തിൽ മറ്റുള്ളവരുടെ ശ്രദ്ധ വളരെ അർഹിക്കുന്നവരായിരിക്കും. ബലശേഷി കുറഞ്ഞവരാകയാൽ, പരാശ്രയത്വം നിർബന്ധമുള്ളവരാണ്. പിന്നീടിവർ സ്വാശ്രയരായിത്തീരുന്നതാണ് കാണപ്പെടുന്നത്. സൗഹൃദം, സഹകരണം, സാമീപ്യം, പരോപകാരതത്പരത എന്നിവ ഇവരിൽ കൂടുതൽ കാണാം. കുടുംബസ്നേഹമുള്ളവരാണ്. എന്നാൽ, വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നവരുമാണ്. ഇക്കൂട്ടരെ പ്രാരാബ്ധവും, പ്രതിസന്ധികളും, നിരന്തരം തടസ്സപ്പെടുത്തുന്നതായി കാണാറുണ്ട്. സ്ത്രീകളായ ഈ നക്ഷത്രക്കാർ പൊതുവെ അണിഞ്ഞൊരുങ്ങി കഴിയാൻ താത്പര്യമുള്ളവരായിരിക്കും.

മൂലം നക്ഷത്രവൃക്ഷമായ വെള്ളപ്പയിൽ ആന്ധ്ര, പശ്ചിമ ഘട്ടത്തിലെ താഴ്ന്ന പ്രദേശങ്ങൾ, പശ്ചിമതീരത്തിലെ താഴ്ന്നയിടങ്ങൾ, തെക്കൻ കർണ്ണാടകം മുതൽ തിരുവിതാംകൂർ വരെയുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വളരുന്ന നിത്യഹരിതവൃക്ഷമാണ്.

വെള്ളപ്പയിൽമരത്തിന് കനം കുറഞ്ഞ ചാരനിറത്തിലുള്ള തൊലിയാണ്. പത്തുമുതൽ പതിനാലുവരെ ജോടി ഞരമ്പുകളുള്ള വലിയ ഇലകളാണ്. ഇലകൾക്ക് ഊനഗോളാകൃതിയിലും, ദീർഘവൃത്താകൃതിയിലുമുള്ളവയാണ്. ഇലകൾ പരന്നതാണ്. ദളങ്ങൾ ബാഹ്യദളപുടത്തിന്റെ അഞ്ചിരട്ടിയോളം നീളമുണ്ടാകും. ഞെട്ടുമായിചേർന്ന് വലിയ വിദളങ്ങളാൽ ആവരണം ചെയ്യപ്പെട്ടാണ് ഫലങ്ങൾ കാണുക. ഇവ ഗോളാകൃതിയിലാണ്. ജാലികാകാരമുള്ളതും, മുനയുള്ളതുമാണ്.

വെള്ളപ്പയിലിന്റെ മരത്തടി കടുപ്പമേറിയവയാണ്. അതുകൊണ്ട് മരപ്പണികൾക്ക് കാര്യമായി ഉപയോഗിക്കാറില്ല. എന്നാൽ, കൊത്തുപണികൾക്ക് വളരെ വിശേഷപ്പെട്ടതാണ്. തടിയുടെ നിറം ചുകപ്പുകലർന്ന തവിട്ടുനിറമാണ്. മരത്തിന്റെ കറ വാർണീഷ് ഉണ്ടാക്കുവാൻ പഴയകാലം മുതൽക്കേ ഉപയോഗിക്കാറുണ്ട്.

വെള്ളപ്പയിലിന്റെ വിത്ത് ഔഷധമാണ്. വെള്ളക്കുന്തുരുക്കം ഇതിൽ നിന്നാണെടുക്കുന്നത്. വിത്ത് തിളപ്പിച്ചു വെന്തുകഴിഞ്ഞാൽ 49.2 ശതമാനം കട്ടിയായ നെയ്യ് കിട്ടും. ഇതിന് പച്ചകലർന്ന മഞ്ഞ

നിറമാണ്. പ്രകാശമേറ്റാൽ അത് മങ്ങുകയും ചെയ്യും. ഇതിൽ കൊഴുപ്പും, അമ്ലങ്ങളുമുണ്ട്.

വെള്ളപ്പയിലിന്റെ കറ വാതവേദനകൾക്ക് ഉത്തമമാണ്. മരം തുളച്ചെടുക്കുന്ന പശ പുകയ്ക്കുവാൻ ഉപയുക്തമാണ്. എണ്ണയും, മെഴുകും ചേർത്ത് ചെറിയതോതിലുള്ള തീയിൽ ഉരുക്കിയെടുക്കുന്ന ഇതിന്റെ മരത്തടികൾ ഡാമുകൾക്കുള്ള ആധാരം(Base) ഉണ്ടാക്കാൻ ഉപയോഗിക്കാറുണ്ട്. വിത്തും, കറയും, എണ്ണയുമാണ് ഔഷധത്തിനായി ഉപയോഗിക്കുന്നത്.

വെള്ളപ്പയിലിന്റെ തൊലി കയ്പുള്ളതും, ടോണിക്കുമാണ്. 'അരുന്തുദകഷായ'മാണ്. ഇത് രോഗപ്രതിരോധകവും, രക്തത്തെ ശുദ്ധീകരിക്കുന്നതും, കാസഹരവും, ചൂടുണ്ടാക്കുന്നതും, വ്രണഹരവുമാണ്. വാതകഫങ്ങളുടെ ദൂഷിതാവസ്ഥയിൽ ഉത്തമമാണ്. കാസം, കുഷ്ഠം (Leprosy), ത്വക്‌രോഗങ്ങൾ, വ്രണങ്ങൾ, വിസ്ഫോടം, കേൾവിക്കുറവ്, വയറിളക്കം, പാണ്ഡുത, മൂത്രക്കുഴൽ സംബന്ധമായ രോഗങ്ങൾ എന്നിവക്ക് ഉത്തമമാണ്.

വെള്ളപ്പയിലിന്റെ കറ ചുമക്കും, ക്ഷയത്തിനും ഉത്തമമാണ്.

വെള്ളപ്പയിലിന്റെ കറ ആർത്തവസംബന്ധമായ രോഗങ്ങളിൽ ഉപയുക്തമാണ്.

വെള്ളപ്പയിലിന്റെ കറ വാതസംബന്ധമായ ദൂഷിതാവസ്ഥയിൽ നല്ലതാണ്.

വെള്ളപ്പയിലിന്റെ വിത്തിന്റെ എണ്ണ ബാക്ടീരിയകളെ നശിപ്പിക്കുന്നതാണ്. ആമവാതത്തിൽ ഉത്തമമാണ്.

വെള്ളപ്പയിലിന്റെ വിത്തിന്റെ എണ്ണ നാഡിസംബന്ധമായ രോഗങ്ങൾക്ക് നല്ലതാണ്.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:
'സർജ്ജകോഽന്യോഽജ കർണ്ണഃ സ്യാത്ഛരാലോമരിച പത്രകഃ'.

'കൈഡര്യാദിനിഘണ്ടു' പറയുന്നു:
'സർജ്ജഃ കഷായോവർണ്യശ്ച കഫസ്വേദമദകൃമീൻ
വർധമവിദ്രധിബാധിര്യയോനി കർണ്ണരുജാഃ ഹരേത്'.

'രാജനിഘണ്ടു' പറയുന്നു:
'സർജ്ജസ്തുകടുതിക്തോഷ്ണോഹിമഃ
സ്നിഗ്ധോഽതിസാരജിത് പിത്താസ്രദോഷ
കുഷ്ഠഘ്നകണ്ഡുവിസ്ഫോടവാതജിത്'.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'സർജ്ജകോബസ്തകർണശ്ച കഷായശ്ചിരപത്രകഃ'.

'രാജനിഘണ്ടു' പറയുന്നു:
'സർജ്ജഃ സർജ്ജരസഃ ശാലഃ കാലകൂടോരജോത്ഭവഃ
വല്ലി വൃക്ഷഃ ചിരപർണ്ണോരസഃ കാർശ്യോƒജ കർണ്ണകഃ
ബസ്ത കർണ്ണഃ കഷായീചലലതോഗന്ധവൃക്ഷകഃ
വംശശ്ച ശാലനിര്യാസോദിവ്യസാരഃ സുരേഷ്ടകഃ
ശൂരോടഗ്നി വല്ലഭശ്ചൈവയക്ഷധൂപഃ സുസിദ്ധകഃ'.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:
'അജകർണ്ണഃ കടൂരതിക്തഃ കഷായോഷ്ണോവ്യമോഹതി
കഫപാണ്ഡുശ്രുതുഗദാൻ മേഹകുഷ്ഠവിഷവ്രണാൻ'.

കുട്ടികളുടെ ബുദ്ധിമാന്ദ്യത്തിന് സർജ്ജരസം(വെള്ളപ്പയിലിന്റെ കറ അഥവാ കുന്തുരുക്കം) ഒലിവെണ്ണയിൽ ചേർത്ത് കാച്ചിയത് തലക്കുപുറകിൽ പുരട്ടുന്നത് നല്ലതാണ്. വേദനകുറക്കുന്ന വാതഹരങ്ങളായ എല്ലാതരം തൈലങ്ങൾക്കുമൊപ്പം സർജ്ജരസം ചേർത്തുകാച്ചിയാൽ വളരെ വേഗത്തിൽ ഫലം ലഭിക്കും.

വെള്ളപ്പയിലിന്റെ കറയും, കൂവളത്തിലനീരും, കരിഞ്ജീരകവും, ആട്ടിൻപാലും, എള്ളെണ്ണയും ചേർത്ത് കാച്ചിയരിച്ചുവെച്ചത് അൽപ്പം ചെവിയിലുറ്റിച്ചാൽ ബാധിര്യം(ചെവികേൾക്കായ്ക) മാറും. ചെവിവേദനക്കും നല്ലതാണ്.

വെള്ളപ്പയിലിന്റെ കറ, ആനച്ചുവടിവേര്, കുറുന്തോട്ടിവേര്, ദേവതാരം, ചിറ്റരത്ത, എണ്ണചേർത്ത് കാച്ചിയരിച്ചുവെച്ച് തേച്ചാൽ എല്ലാതരം വാതവേദനയും മാറും.

വെള്ളപ്പയിലിന്റെ കറ, ഉണക്കമുന്തിരിങ്ങ, കീഴാർനെല്ലി സമൂലം, കഞ്ഞുണ്ണി, മയിലാഞ്ചിയില, ചെറുനാരങ്ങ, പപ്പായയുടെ തളിരില, കോലരക്ക്, തകരം എന്നിവ കഷായം വെച്ച് അരിച്ചെടുത്തത് 'അന്നഭേരിസിന്ദൂര'വും, പഞ്ചസാരയും ചേർത്തുണ്ടാക്കിവെച്ച ടോണിക്ക് (സിറപ്പ്)കഴിച്ചാൽ എല്ലാതരം രക്തവികാരങ്ങളും മാറും.

വെള്ളപ്പയിലിന്റെ തൊലി, ആടലോടകവേര്, കണ്ടകാരിച്ചുണ്ടവേര്, പൊന്നാവീരം, ചുക്ക്, മുളക്, തിപ്പലി എന്നിവ കഷായം വെച്ചത് 'നിർഗുണ്യാദിഘൃതം'ചേർത്ത് കഴിച്ചാൽ അലർജിയും ചുമയും മാറും.

വെള്ളപ്പയിലിന്റെ തൊലിയും, ചെത്തിപ്പൂവും, ചെത്തിവേരും ചേർത്ത് കഷായംവെച്ചു കഴിച്ചാൽ ത്വക്‌രോഗങ്ങളും, കുഷ്ഠവും മാറും.

'നിംബാദി' ആവണക്കെണ്ണയുടെ യോഗത്തിൽ വെള്ളപ്പയിലിന്റെ തൊലിയും ചേർത്തുള്ള കഷായം ആമവാതത്തിന് നല്ലതാണ്.

വെള്ളപ്പയിലിന്റെ വിത്ത്, തകരം, ചെറുകടലാടി, നിലമ്പരണ്ട, പെരിങ്ങലം എന്നിവ ചേർത്ത് കഷായംവെച്ചത് കഴിച്ചാൽ അണുക്കങ്ങൾകൊണ്ടുള്ള എല്ലാതരം രോഗങ്ങളും മാറും.

വെള്ളപ്പയിലിന്റെ വിത്ത്, ഗോമൂത്രം, ചാണകനീര്, പാൽ, തൈര്, നെയ്യ്, ചുക്ക്, മുളക്, തിപ്പലി, മുത്തങ്ങ, അരുത, പീനാരിക്കാതൽ, കുളച്ചമ്മി, തകരം, പാൽമുതുക്ക് എന്നിവ ചേർത്ത് കഷായംവെച്ചത് 'മാനസമിത്രം ഗുളിക' ചേർത്ത് കഴിച്ചാൽ അപസ്മാരവും, പശുക്കരണിയും മാറും.

വെള്ളപ്പയിലിന്റെ കറ, കാത്ത്, പലാശക്ഷാരം എന്നിവ അരച്ചത് അര ടീസ്പൂൺ നെല്ലിക്കാനീരിൽ കഴിച്ചാൽ സ്ത്രീകളുടെ ക്രമം തെറ്റിയ ആർത്തവം ക്രമത്തിലാകും.

'വസ്ത്യാമയാന്തകഘൃത'ത്തിൽ വെള്ളപ്പയിൽ ചാലിച്ചുകഴിച്ചാൽ മൂത്രക്കുഴലുകളിൽ വരുന്ന രോഗങ്ങൾക്ക് ഉത്തമമാണ്.

പൂരാടം നക്ഷത്രം

ആറ്റുവഞ്ചി(വഞ്ഞി)

ശാസ്ത്രനാമം	: Tomonoca Riparia Lour, Salix Tatrasperma.
കുടുംബം	: Poaceae.
കുലം	: ഏരണ്ഡകുലം.
സംസ്കൃതനാമം	: ജലവേതസഃ, വേതസഃ.
ഹിന്ദി	: ജല്ബേന്ദ്(jalbent), ഭേദ്, ജലമാല, സുകുലവേദ, ബേഗസ്.
മലയാളം	: ആറ്റുവഞ്ചി, പുഴവഞ്ചി, കാടല്ലരി, നീർവഞ്ഞി, വഞ്ഞി.
തമിഴ്	: കാട്ടരളി, നീർവഞ്ചി.
തെലുങ്ക്	: ശിരിഘ്ലമാനു.
മറാഠി	: ബാലുഞ്ച്, ഭേസ്സി, വീതസാ, ബോയാ, ധാനീ.
ബംഗാളി	: പാനീജാമ, ബോയിശാഖി.
പാഴ്സി	: ബേദ്, ബേധസാധാ.
അറബി	: ഖിലാബ്, സാഫ്സാഫ്.

നക്ഷത്രഗണനയിൽ ഇരുപതാമത്തെ നക്ഷത്രമായ പൂരാടം മുറത്തിന്റെ ആകൃതിയിൽ രണ്ട് നക്ഷത്രങ്ങളാണ്. ദേവത ജലമാണ്. ജലത്തിന്റെ പര്യായപദങ്ങളെല്ലാം പൂരാടത്തിന്റേതുമാണ്. പൂർവാഷാഢമെന്നും വിളിക്കും. സ്ഥിതിനക്ഷത്രമാണ്. പുരുഷയോനിയാണ്. മനുഷ്യഗണമാണ്. ഭൂതം വായുവണ്. അക്ഷരം എകാരമാണ്. മന്ത്രാക്ഷരം വകാരവുമാണ്. മൃഗം കുരങ്ങാണ്. വൃക്ഷം വഞ്ചിയാണ്.

പൂരാടം നക്ഷത്രത്തിന്റെ ഉദയം ധനുവിൽ പതിനഞ്ചാം ഭാഗത്താണ്. ഉച്ചയിൽവരുമ്പോൾ മീനത്തിൽ ഒരു നാഴികയും, നാൽപത്തിരണ്ട് വിനാഴികയും ചെല്ലും. മദ്ധ്യമരജ്ജുവിൽ ഭരണി, മകയിരം, പൂരം, ചിത്തിര, അനിഴം, അവിട്ടം, ഉത്രട്ടാതി എന്നീ നക്ഷത്രങ്ങളുമായി പൂരാടം വിവാഹചേർച്ചക്ക് നല്ലതല്ല. പൂയ്യവുമായി വേധമുണ്ട്. പൂരാടം വന്ധ്യനക്ഷത്രമാണ്. അതിനാൽ ശുഭകാര്യങ്ങൾക്ക് വർജ്യമാണ്. കൃഷിക്ക് നല്ലതാണ്. കുളം, കിണർ മുതലായവ കഴിക്കുന്നതിനും, വിഗ്രഹം നിർമ്മിക്കുന്നതിനും, ബന്ധമോചനത്തിനും, ഛേദനമകർമ്മങ്ങൾക്കും, ക്രൂരകർമ്മങ്ങൾക്കും നല്ലതാണ്.

പൂരാടത്തിന് പാദദോഷമുണ്ട്. ഒന്നാം കാൽ മാതാവിനും, രണ്ടാം കാൽ പിതാവിനും, മൂന്നാം കാൽ മാതുലനും, നാലാം കാൽ ജാതനും ദോഷമാണ്. രിക്തതിഥികൾ ശനി, ധനുലഗ്നം എന്നിവ ചേർന്നു

വരുന്ന രംഗത്താണ് ദോഷം.

പൂരാടം നാളിൽ ജനിച്ചവർ വിനയശീലരും, ശുദ്ധഹൃദയരുമാണ്. ഇവർ പലപ്പോഴും മുൻകോപികളായിമാറും. എന്നാൽ, ആത്മാർത്ഥത തികഞ്ഞവരുമാണ്. സുഹൃത്തുക്കളെ നല്ലതുപോലെ സഹായിക്കുന്ന വരാണ്. ഇവരുടെ സംഭാഷണം ഭാവനാപൂർണ്ണമായിരിക്കും. സ്വന്തം അഭിപ്രായങ്ങൾക്കുമാത്രം വിലനൽകുന്നവരും, അന്യരുടെ ആശയ ങ്ങളെ അംഗീകരിക്കാത്തവരുമാണ്. പെട്ടെന്ന് ആവേശഭരിതരാകുന്ന വരാണ്. അപ്പോൾ വലിയ ധൈര്യശാലികളും, അല്ലാത്തപ്പോൾ ഭീരു ക്കളുമായി കാണാം. അതുകൊണ്ട് ജനങ്ങൾക്കിടയിൽ അംഗീകാരം ലഭിക്കുകയും, നേതൃത്വത്തിൽ വരികയും ചെയ്യും. തന്നെയെതിർക്കു ന്നവർ ആരായാലും, അവരെ കീഴ്പ്പെടുത്തികഴിഞ്ഞേ ഇവർ അടങ്ങി യിരിക്കുകയുള്ളു. സ്വയം തീരുമാനങ്ങളെടുക്കന്ന വരാണ്, അതിൽനി ന്നും ആർക്കുമിവരെ പിന്തിരിപ്പിക്കാനാവില്ല.

പൂരാടത്തിൽ ജനിച്ചവർ ആരോഗ്യവാന്മാരും, സുന്ദരന്മാരുമായിരി ക്കും. രോഗങ്ങളിൽ ഭീരുക്കളാണെങ്കിലും, അഭിമാനസ്പർശിയായ സംഭവത്തിൽ രോഗവും, ഭയവുമൊന്നും ഇവർക്ക് പ്രശ്നമാവില്ല. എല്ലാതരം പ്രവൃത്തികളിലും നൈപുണ്യമുള്ളവരാണ്. വൈദ്യം മുത ലായ ശാസ്ത്രീയ കലകളും, പൊതുപ്രവർത്തനവുമാണ് ഇവർക്കേ റെ വാസനയുള്ള രംഗങ്ങൾ. ഇവർ വ്യാപാരത്തിലേർപ്പെട്ടാൽ, മറ്റൊ രാളുടെ നിയന്ത്രണമില്ലെങ്കിൽ ഐശ്വര്യമുണ്ടാകില്ല. ആരെയെങ്കിലും വിശ്വസിച്ചുചെയ്യുന്ന കാര്യങ്ങളിലെല്ലാം ഇവർ വഞ്ചിക്കപ്പെടും. ഇവ രുടെ പുരോഗതി പരാശ്രയത്തിൽ മാത്രമായിരിക്കും. എന്നാലിവർ ആരെയും ശരിയായി വിശ്വസിക്കുകയുമില്ല. രാജാവിന്റെയും, പ്രജക ളുടെയും പ്രീതി സമ്പാദിക്കുന്നതിൽ ഇവർ മുന്നിലായിരിക്കും.

നക്ഷത്രത്തിന്റെ ഒന്നാം കാലിൽ ജനിക്കുന്നവൻ സ്ത്രീജിതനും, അൽപ്പസന്തതിയും, ശൂരനും, ദീനനും, ദീനചേതനനും, അൽപ്പായു സും, ജലത്താൽ ക്ലേശിക്കുന്നവനുമായിരിക്കും. രണ്ടാം കാലിൽ ജ നിക്കുന്നവൻ ഗൂഢസ്നേഹമുള്ളവനും, സുന്ദരനും, പരിഹാസപ്രിയ നും, രോഗിയും, ഗർവിഷ്ഠനും, മുൻകോപിയുമാണ്. മൂന്നാം കാലിൽ ജനിക്കുന്നവൻ മാതൃഹീനനും, ഗുണങ്ങളെ അറിയുന്നവും, ശുദ്ധ നും, സുഖിയും, സുഭഗനും, മഹോദരനുമായിരിക്കും. നാലാം കാലി ൽ ജനിക്കുന്നവൻ പിതൃഹീനനും, ബലവാനും, ദാനശീലനും, ത്വക് ദോഷമുള്ളവനും, പരുഷമായി പറയുന്നവനും, സത്യവാദിയും, പര ദ്രോഹിയുമായിരിക്കും.

വരാഹമിഹിരൻ പൂരാടത്തെക്കുറിച്ച് പറയുന്നു:
'ദൃഢസൗഹൃദോവീതിതോബഹുപ്രജാവാൻ

ഗണേശ്വരോധീമാൻ ഇഷ്ടാനന്ദകളത്രോ
ഭോഗീനൃപസൽകൃതശ്ച ജലദൈവേ'.

പൂരാടത്തിന്റെ പൊതുവായ ഫലങ്ങൾ നല്ല ബന്ധുത്വം, വിനീത സ്വഭാവം, ഏറെ കുട്ടികൾ, സംഘനേതൃത്വം, ഭാര്യാസുഖം, ഭോഗസുഖം, രാജാവിന്റെയും ജനങ്ങളുടെയും അംഗീകാരം എന്നിവയാണ്.

പൂരാടം നക്ഷത്രവൃക്ഷമായ വഞ്ഞി(ആറ്റുവഞ്ചി) സംസ്കൃതത്തിൽ വേതസമെന്നും, ജലവേതസമെന്നും അറിയപ്പെടുന്നു. ചില സംസ്കൃതഗ്രന്ഥങ്ങൾ വഞ്ചിയെ രണ്ടുതരമായിട്ടാണ് കാണുന്നത്. 'അഷ്ടാംഗഹൃദയം' കുരൾ എന്നറിയപ്പെടുന്ന ചെടിയെന്നാണ് വേതസത്തിന് തർജ്ജമ നൽകിയിരിക്കുന്നത്. ജലവേതസത്തെക്കുറിച്ചുള്ള പരാമർശമൊന്നുമില്ല. 'രാജനിഘണ്ടു'വിന്റെ വ്യാഖ്യാനത്തിലാകട്ടെ, Calaman വർഗ്ഗത്തിലാണ് വേതസത്തെ ഉൾപെടുത്തിയിരിക്കുന്നത്. ഇംഗ്ലീഷിൽ Eaneയെന്നാണ് നൽകിയിരിക്കുന്നത്. ജലവേതസത്തിനാകട്ടെ, വാനീറയെന്നും കൊടുത്തിക്കുന്നു. 'ധന്വന്തരിനിഘണ്ടു' വേതസത്തിന് Salex Eapreceയെന്നാണ് കൊടുത്തിരിക്കുന്നത്. ജലവേതസത്തിന് Salix Traspermaയെയാണ് പറഞ്ഞിരിക്കുന്നത്. രണ്ടിന്റെയും ഗുണങ്ങൾ ഒന്നുതന്നെയാണെന്നും പറയുന്നുണ്ട്. 'ഭാവപ്രകാശം നിഘണ്ടു'വിൽ ജലവേതസമെന്ന് കാണുന്നില്ലെങ്കിലും, പര്യായപദങ്ങളുണ്ട്. 'ആയുർവേദവിശ്വകോശ'ത്തിൽ വഞ്ഞിയെന്നും, ആറ്റുവഞ്ഞിയെന്നും പ്രത്യേകം പരാമർശിച്ചിട്ടുമുണ്ട്. എന്നാൽ പഴയകാലത്തെ വൈദ്യൻമാരുടെ അഭിപ്രായം, മുകളിൽപറഞ്ഞവയുടെ ഗുണങ്ങളൊന്നും ആറ്റുവഞ്ഞിയുടെയും, വഞ്ഞിയുടേതുമല്ലെന്നാണ്. ജലവേതസം=ജലമുള്ള പ്രദേശത്തുണ്ടാകുന്നത്. നാദേയം=നദിയുടെ കരയിലുണ്ടാകുന്നത്.

ഹിമാലയൻ താഴ്വാരങ്ങളിൽ സമുദ്രനിരപ്പിൽനിന്ന് ആറായിരം അടി ഉയരത്തിലും, ഇന്ത്യയുടെ പടിഞ്ഞാറും, വടക്കും ഭാഗങ്ങളിലും, ദക്ഷിണേന്ത്യയിലെ സമുദ്രനിരപ്പിൽനിന്ന് ആയിരത്തിയഞ്ഞൂറടിയിൽ കൂടുതൽ ഉയരമില്ലാത്ത വനങ്ങളിലും, താഴ്വാരങ്ങളിലും, പുഴകളുടെ സമീപത്തും വളരുന്ന ഇടത്തരം നിത്യഹരിത വൃക്ഷമാണ് ആറ്റുവഞ്ചി. മീനാകൃതിയിലും, കുന്താകാരത്തിലും, ദീർഘവൃത്താകൃതിയിലുമുള്ള പത്രങ്ങൾ സമ്മുഖമായി വിന്യസിച്ചിരിക്കുന്നവയാണ്. ശാഖാഗ്രത്തിൽ പത്രപംക്തിയാണുള്ളത്. ഇലകൾ ഞെട്ടുകളോടുകൂടിയതും, തിളക്കമുള്ളതും, അരോമിലവുമാണ്. ആറിഞ്ച് നീളവും, രണ്ടിഞ്ച് വീതിയും കാണാം. പത്രവൃത്താന്തരാനുപർണ്ണങ്ങൾ ഇതിന്റെ പ്രത്യേകതകളിൽ ഒന്നാണ്. മഞ്ഞനിറം കലർന്ന വെള്ളനിറത്തിലുള്ളതാണ് പൂക്കൾ. കുലകളായാണ് കാണപ്പെടുന്നത്. മുണ്ഡമഞ്ജ

തികളിൽ വിടരുന്നു. സമമിതദ്വിലിംഗപുഷ്പങ്ങളാണ്. ബാഹ്യദളപുടം പുഷ്പാസനത്തോടുചേർന്നതാണ്. ഇതൊരു മാംസപിണ്ഡംപോലെയാണ്. ഇതിന്റെ മുഖ്യാക്ഷത്തിന് നാല് സെ.മീറ്റർ വരെ വ്യാസമുണ്ടാകും. സംയുക്തദളപുടനാളി നീണ്ടചോർപ്പ്(Funel)പോലെയാണ്. ഇതിന്റെ കഴുത്ത് അരോമിലമാണ്. പൂക്കൾക്ക് നാലുമുതൽ അഞ്ചുവരെ പാളികളുണ്ട്. നാലുമുതൽ അഞ്ചുവരെയുള്ള കേസരങ്ങൾ അർദ്ധവൃന്തത്തോടുകൂടി കാണാം. കേസരങ്ങൾ ദളലഘ്നമാണ്.

ആറ്റുവഞ്ചിയുടെ ഫലങ്ങൾ ആഗസ്ത് മാസത്തിൽ പാകമാകും. പഴത്തിനുള്ളിൽ കാണുന്ന കൊരട്ട(അണ്ടി)യുടെ ഉള്ളിൽ കനംകുറഞ്ഞ വിഭജനചർമ്മം രണ്ടായി തിരിച്ചിട്ടുണ്ട്. ചർമ്മിലമായ പുറംതോടുള്ള വിത്തുകൾ ഒരറ്റം വലുപ്പം കൂടിയതും, വൃത്താകൃതിയിലുള്ളതും, ഒന്ന് ഒന്നിനുമേൽകയറി ചുറ്റിലുമായി ഇരിക്കുന്നതുമാണ്. ബീജാങ്കുരം വലുതാണ്. അണ്ഡശ്വേതം മാംസളമാണ്. ബീജമൂലം ചെറുതാണ്.

ആറ്റുവഞ്ചിയുടെ തൊലി മിനുസമുള്ളതും, തടി കടുപ്പമേറിയതുമാണ്. തടിയുടെ നിറം മഞ്ഞയാണ്. തടി ഗൃഹനിർമ്മാണത്തിന് ഉപയുക്തമാണ്.

ആറ്റുവഞ്ചി കഫം, പിത്തം, രക്തദോഷം, കുഷ്ഠം, വ്രണം, രാക്ഷസപീഡ എന്നിവയെ ശമിപ്പിക്കും. വാതവർദ്ധകമാണ്. മലബന്ധമുണ്ടാക്കും.

'ചരകസംഹിത'യനുസരിച്ച് ആറ്റുവഞ്ചിമരം വേദനാസ്ഥാപനഗണത്തിലാണ് ഉൾപെടുന്നത്.

ആറ്റുവഞ്ചിയുടെ തൊലിയിൽ സാലിസിനെന്ന രാസഘടകമുണ്ട്.

'കൈഢര്യാദിനിഘണ്ടു' പറയുന്നു:
'കഷായ ശീതളോരൂക്ഷഃ സംഗ്രാഹിജലവേതസഃ'.

ആറ്റുവഞ്ചി കഷായരസവും, ശീതവീര്യവും, രൂക്ഷഗുണവും, സംഗ്രാഹിയുമാണ്.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:
'ജലജോവേതസഃ ശൂതോ സംഗ്രാഹീവാതകോപനഃ'.

ജലജയം, വേതസം എന്നീ പര്യായനാമങ്ങളുള്ള ആറ്റുവഞ്ചി ശീതവീര്യവും, സംഗ്രാഹിയും, വാതത്തെ കോപിപ്പിക്കുന്നതുമാണ്.

ആറ്റുവഞ്ചിയുടെ പൂവും, കായയും ഭൂതബാധയെ മാറ്റുന്നതിന് പഴയകാലം മുതൽക്കേ ഉപയോഗിച്ചുവന്നിരുന്നു.

ആറ്റുവഞ്ചിയുടെ തൊലികൊണ്ടുള്ള കഷായം ത്വക്‌രോഗങ്ങൾ, വ്രണം, വാതം, ക്ഷയം എന്നിവക്ക് ഉപയുക്തമാണ്.

'ഭാവപ്രകാശം' പറയുന്നു:
'നികുഞ്ചകോ പരിവ്യാധോനാദേയോ ജലവേതസഃ
ജലജോ വേതസഃ ശീതഃ കുഷ്ഠഹൃദ്‌വാതകോപനഃ'.

നികുഞ്ചകം, നാദേയം, പരിവ്യാധഃ, ജലവേതസഃ, ജലജഃ, വേതസഃ എന്നിവ ആറ്റുവഞ്ചിയുടെ പര്യായപദങ്ങളാണ്. ശീതവീര്യവും, കുഷ്ഠഘ്നവും, വാതകോപനവുമാണ്.

'ഗുണവേതസവത് വേദ്യോജലജോ വേതസോഽപി ച
ദ്രവ്യഗുണവിജ്ഞാനം.
ജലവേതസപത്രത്വങ്ങ് മൂലം ക്ഷുണ്ണം പചേജ്ജലേ
സക്വാഥഃ ശീളഃ പീതഃ പരംശ്വവിഷഭേഷജം
തത്സിദ്ധം ച ഘൃതം പാനനസ്യാഭ്യഞ്ജനലേപനം
ജലത്രാസേസമസ്ത ച വിഷതത്ഗരുഡോപദം.'

ആറ്റുവഞ്ചി അമൃതോപമമാണ്. പേപ്പട്ടിവിഷത്തിൽ ആറ്റുവഞ്ചിയുടെ ഇലയും, തൊലിയും, വേരും കഷായംവെച്ചത് കൊടുത്താൽ ശമനം കിട്ടും. ഇവതന്നെ ചേർത്ത് തയ്യാറാക്കിയ നെയ്യ് കഴിക്കാനും, നസ്യം ചെയ്യാനും, അഞ്ജനത്തിനും, ലേപനത്തിനും ഉപയോഗിക്കാം. ഇത് ജലസംത്രാസ(Hydro phobia)ത്തിന് ഉത്തമമാണ്. വിഷശമനവുമാണ്.

ആറ്റുവഞ്ചി മരത്തിന്റെ പൂക്കൾകൊണ്ടുണ്ടാക്കിയ അർക്കം ദാഹശമനത്തിന് നല്ലതാണ്.

'ചരകസംഹിത' സൂത്രസ്ഥാനം പറയുന്നു:
'ത്രിവൃതാം ത്രിഫലാം ദന്തിം നീലനീം സപ്തലാം വചാം
കമ്പില്ലകം ഗവാക്ഷീഞ്ചക്ഷരിണീമുദകീര്യകാം
പിലൂന്യാരഗ്വധം ദ്രാക്ഷാം ദ്രവന്തിം നി ചൂളാനിച
പക്വാശയ ഗതേ ദോഷേവിരേകാർത്ഥം പ്രയോജയേത്'.

ആറ്റുവഞ്ചി, ത്രികോല്പക്കൊന്ന, ത്രിഫല, നാഗദന്തിവേര്, അമരിവേര്, കുന്നിവേര്, വയമ്പ്, കമ്പിപ്പാലവേര്, കാട്ടുവെള്ളരിവേര്, ഇലക്കള്ളി, ആവിൽതോൽ, ഉകമരത്തോൽ, കൊന്നത്തോൽ, മുന്തിരിങ്ങ, നീർവാളം എന്നിവ ചേർത്ത് കഷായംവെച്ചത് പക്വാശയത്തിലെ ദോഷങ്ങളിൽ വിരേചനാർത്ഥം കഴിക്കാൻ നല്ലതാണ്.

'ചരകസംഹിത' സിദ്ധിസ്ഥാനം പറയുന്നു:
'സൈന്ധവം മദനം കുഷ്ഠം ശതാഹ്വാനി ചുളംബലാ

ഹ്രീബേരംമയുകം ഭാർങ്ഗീ ദേവദാരുസകട്ഫലം
നാഗരം പുഷ്ക്കരംമേദാ ച വികാചിത്രകംശടീ
വിഡംഗാതി വിഷേശ്യാമാഹരേണഃ കിണിഹീസ്ഥിതാ
വില്വാജദോദേകൃഷ്ണാച ദന്തീരാസ്താച തൈഃ സരൈഃ
സാദ്ധ്യമേരണ്ഡജം തൈലം തൈലംവാകഫരോഗനുത്
ബ്രധ്നോദാവർത്ത ഗുൽമാർശാ പ്ലീഹാമേഹാഢ്യമാരുതാൻ
ആനാഹമശ്മരീഞ്ചൈവഹന്യാൽ തദനുവാസനം'

ആറ്റുവഞ്ചി, ഇന്തുപ്പ്, മലങ്കാരയ്ക്ക, കൊട്ടം, ചതുകുപ്പ, കുറുന്തോട്ടിവേര്, ഇരുവേലി, ഇരട്ടിമധുരം, ചെറുതേക്കിൻവേര്, ദേവതാരം, കുമിഴിൻവേര്, ചുക്ക്, പുഷ്ക്കരമൂലം, മേദ, കാട്ടമുളകിൻവേര്, കൊടുവേലികിഴങ്ങ്, കച്ചൂരം, വിഴാലരി, അതിവിടയം, പകുന്ന, അരേണകം, കിണികിണിപ്പാല, ഓരിലവേര്, കൂവളവേര്, അയമോദകം, തിപ്പലി, നാഗദന്തിവേര്, അരത്ത എന്നിവ സമമായെടുത്ത് കൽക്കമായി ആവണക്കെണ്ണയൊ, എള്ളെണ്ണയൊ ചേർത്ത് സ്നേഹപാനവിധി പ്രകാരം പാകംചെയ്തെടുത്തത് വസ്തിചെയ്താൽ, കഫജന്യമായ രോഗങ്ങൾ നശിക്കും. ബ്രധ്നരോഗം, ഉദാവർത്തം, ഗുൽമം, അർശ്ശസ്, പ്ലീഹ, പ്രമേഹം, വാതം, ആനാഹം, അശ്മരി എന്നിവയും അനുവാസനംകൊണ്ട് മാറും.

'ചരകസംഹിത' വിമാനസ്ഥാനം പറയുന്നു:

വഞ്ഞി വമനാദികൾക്കുള്ള ഔഷധദ്രവ്യങ്ങളിലൊന്നാണ്. വഞ്ഞി, തേൻ, ഇരിപ്പക്കാൽ, വെളുത്ത മന്ദാരം, ചുവന്നമന്ദാരം, കടമ്പ്, കോവശണപുഷ്പി, കടലാടി എന്നിവയുടെ കഷായംകൊണ്ട് ഛർദ്ദിപ്പിക്കാം.

'ചരകസംഹിത' ചികിത്സാസ്ഥാനം പറയുന്നു:

'കദളീപലാശ പാടലീനിപുളക്ഷാരാം ഭസാപ്രസന്നേന
മാംസേഷുതോയകാര്യം പിഷ്ടേ ച ക്ലിന്നേ ച
തൈർമോദകഃ സുജാതകിണ്വൈർജനിതഃ പ്രലേപനംശ്രേഷ്ഠം
മണ്ഡലകുഷ്ഠം വിനാശനമാതപസംസ്ഥം ക്രിമിഘ്നഞ്ച'

ആറ്റുവഞ്ചിത്തോല്, കദളിവാഴത്തട, ചമതത്തോല്, പാതിരിത്തോല് എന്നിവ കത്തിച്ചെടുത്ത ക്ഷാരം ശുദ്ധജലത്തിൽ കലക്കി തെളിയൂറ്റിയെടുത്തതിൽ ജാംഗലമാംസം പാകംചെയ്ത് രസമെടുക്കുക. ക്ഷാരജലത്തിൽതന്നെ ചെന്നെല്ലരി അരച്ചെടുത്തതും, മാംസരസവും യോജിപ്പിച്ച് മോദകമാക്കുക. കുഷ്ഠത്തിന് പുരട്ടുവാൻ ഉത്തമമാണ്. പുരട്ടി വെയിലത്തിരുന്നാൽ മണ്ഡലകുഷ്ഠവും, കുഷ്ഠത്തിലുള്ള കൃമിയും നശിക്കും.

'ചരകസംഹിത' അപസ്മാരചികിത്സിതം പറയുന്നു:
'ദ്വേപഞ്ച മൂല്യത ത്രിഫലാരജന്യൗ കുടജത്വ ചം
സപ്തവർണ്ണമപാമാർഗ്ഗം നീലനീം കടുരോഹിണിം
ശമ്പാകം ഫൽഗുമൂലഞ്ച പൗഷ്ക്കരം സദുരാലഭം
ദ്വിപലാനിജലദ്രോണേപക്ത്വാപാദാവശേഷിതേ
ഭാർഗീപാഠാത്രികടുകംത്രിവൃതാനി ചുളാനി ച
ശ്രേയസീമാഢകീം മൂർവ്വാം ദന്തീം ദ്വനീംബചിത്രകൗ
ദ്വേശാരിബേരോഹിഷഞ്ച ഭൂതീകംമദയന്തികാം
ക്ഷിപേൽപിഷ്വാക്ഷമാത്രാണിതൈഃ പ്രസ്ഥം സർപീഷഃ പചേത്
ഗോശകൃദ്രസദധ്യമ്ല ക്ഷീരമത്ര്യൈശ്ചരുൽസമൈഃ
പഞ്ചഗവ്യമിതിഖ്യാതം മഹൽതദമൃതോപമം
അപസ്മാരേ ജ്വരേകാസേശ്വയഥാവുദരേഷുച
ഗുൽമാർശം പാണ്ഡുരോഗേഷു കാമലായാം ഹലീമകേ
ശസ്യതേഘൃതമേതൻ തുപ്രയോക്തവ്യം ദിനേദിനേ
അലക്ഷ്മീ ഗ്രഹരക്ഷോഘ്നം ചാതുർത്ഥകവിനാശനം'

ദശമൂലം, കടുക്ക, താന്നിക്ക, നെല്ലിക്ക, മഞ്ഞൾ, മരമഞ്ഞൾത്തോൾ, കുടകപ്പാലവേരിന്മേൽതൊലി, ഏഴിലമ്പാലത്തൊലി, കടലാടിവേര്, അമരിവേര്, കടുരോഹിണി, കൊന്നത്തൊലി, അത്തിവേര്, പുഷ്ക്കരമൂലം, കൊടിത്തൂവവേര് എന്നിവ ഓരോന്നും രണ്ടുപലം(നൂറ്റിയിരുപതുഗ്രാം വീതം)വീതമെടുത്ത് മുപ്പത്തിരണ്ട് ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് എട്ട് ഇടങ്ങഴിയാക്കി അരിച്ചെടുക്കുക. ഇതിന് കൽക്കമായി ആറ്റുവഞ്ചിവേര്, ചെറുതേക്കിൻവേര്, പാടക്കിഴങ്ങ്, ചുക്ക്, കുരുമുളക്, തിപ്പലി, ത്രികോൽപ്പന്നക്കൊന്ന, അത്തിത്തിപ്പല്ലി, തുവരപ്പരിപ്പ്, പെരുങ്കുരുമ്പവേര്, നാഗദന്തിവേര്, പുത്തരിച്ചുണ്ടവേര്, കൊടുവേലികിഴങ്ങ്, നന്നാറികിഴങ്ങ്(വെളുത്തും, കറുത്തതു പൂവുള്ളത്), നാന്മുകപുല്ല്, പൂതണക്കപ്പുല്ല്, താതിരിപ്പൂവ് എന്നിവ ഓരോന്നും മൂന്ന് കഴഞ്ചു വീതം രണ്ട് ഇടങ്ങഴി പശുവിൻനെയ്യും, നെയ്ക്ക് സമമായി ചാണകനീരും, പുളിച്ച തൈരും, പശുവിൻപാലും, ഗോമൂത്രവും ചേർത്ത് സ്നേഹപാകവിധിപ്രകാരം പാകം ചെയ്തെടുക്കുന്ന 'മഹത്പഞ്ചഗവ്യഘൃതം' പ്രസിദ്ധവും, അമൃതിന് തുല്യവുമാണ്. അപസ്മാരം, ജ്വരം, കാസം, വീക്കം, ഉന്മാദം, ഗുൽമൻ, അർശ്ശസ്, പാണ്ഡു, കാമല, ഹലീമകം എന്നിവയെ നശിപ്പിക്കാൻ ഉത്തമമാണ്. ഇത് എല്ലാ ദിവസവും കഴിച്ചാൽ അലക്ഷ്മിയും ഗ്രഹബാധയും ചാതുർത്ഥകജ്വരവും മാറും.

'ചരകസംഹിത' ചികിത്സാസ്ഥാനം പറയുന്നു:
'പടോലമൂലാമരദാരുദന്തീ ത്രിയന്തിപിപ്പല്യദയവിശാലാഃ
യഷ്ട്യാഹ്വയം തിക്തകരോഹിണീച സ ചന്ദനാസ്യന്നിചുളാനി

ദാർവീ കർഷോന്മാതൈസ്തൈഃക്വഥിതഃ കഷായോ
ഘൃതേനപേയഃ കുഡവേനയുക്തഃ വിസർപ്പദാഹജ്വരസന്നിപാതേ
തൃഷ്ണാവിഷാണിഗ്വയഥുഞ്ചഹന്തി'

ആറ്റുവഞ്ചിവേര്, കാട്ടുപടവലവേര്, ദേവതാരം, നാഗദന്തിവേര്, ബ്രഹ്മി, തിപ്പലി, കടുക്ക, കാട്ടുവെള്ളരിവേര്, ഇരട്ടിമധുരം, കടുരോഹിണി, ചന്ദനം, മരമഞ്ഞൾത്തോൽ എന്നിവ മൂന്ന് കഴഞ്ചുവീതം ഒന്നര ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് കുറുക്കി ഒന്നര നാഴിയാക്കിയെടുത്തത് നാഴി നെയ്യുംചേർത്ത് യുക്തമാത്രയിൽ കഴിച്ചാൽ വിസർപ്പം, ചുട്ടുനീറ്റം, ജ്വരം, സന്നിപാതം, ദാഹം, വിഷം, വീക്കം എന്നിവ മാറും.

'സുശ്രുതസംഹിത' സൂത്രസ്ഥാനം അന്നപാനവിധി പറയുന്നു:
'വാതാമാക്ഷോഡാദിഷുകതി ചുളവിചുതികോ
ചകോരുമാണപ്രഭൃതീനി'
'പിത്തശ്ലേഷ്മ ഹരാണ്യോഹുഃ സ്നിഗ്ധോഷ്ണാനിഗുരുണി ച
ബൃംഹണാന്യല്ഘ്നാനിബല്യാനിമധുരാണിച'

ആറ്റുവഞ്ചി, ബദാം, അക്രൂട്ട്, കശുവണ്ടി, കുരുപ്പരുത്തി, അങ്കോലം, നീർമാതളം എന്നിവയുടെ ഫലങ്ങൾ ഉണക്കി ഉപയോഗിക്കാവുന്ന ഫലങ്ങളാണ്. പിത്തകഫങ്ങളെ നശിപ്പിക്കുന്നതാണ്. സ്നിഗ്ധവും, ഉഷ്ണവീര്യവും, ഗുരുവുമാണ്. ശരീരത്തെ തടിപ്പിക്കുന്നതാണ്. വാതത്തെ നശിപ്പിക്കുന്നതാണ്. ബലപ്രദവും, മധുരവുമാണ്.

'സുശ്രുതസംഹിത' പ്രമേഹചികിത്സിതം പറയുന്നു:

എല്ലാതരം പ്രമേഹങ്ങൾക്കും ഉപയുക്തമായ അരിഷ്ടാസവാദി യോഗങ്ങളിൽ ആറ്റുവഞ്ചിയെ ഉൾപ്പെടുത്താവുന്നതാണ്.

'സുശ്രുതസംഹിത' പ്രമേഹപീഡകാചികിത്സിതം പറയുന്നു:
'ഭല്ലാതക വില്വാംബുപിപ്പലീ മൂലോടകീര്യാ വർഷാഭൂപു
നർനവാചിത്രകശഠീസ്നുഹി വരുണകപുഷ്കരദന്തീ പത്ഥ്യാ
ദശപലോന്മിതായ വകോലകുലത്ഥാംശ്ച പ്രസ്ഥികാൻ സലില
ദ്രോണനിഷ്ക്വാഥ്യചതുർഭാഗാവശിഷ്ടേവതാര്യ വചാത്രിവൃത്
കമ്പില്ലകഭാർങ്ഗീതിചൃശുണ്ഠീഗജപിപ്പലീവിഡംഗ
ലോധ്രശിരിഷോണം ഭാഗൈരർത്ഥ ചലകൈർഘൃത
പ്രസ്ഥം വിഹചയേൻ മേഹശ്വയഥുകുഷ്ഠഗുന്മോദരാർശഃ
പ്ലീഹ വിദ്രിധിപിഡകാനാം നാശനംനാമ്നാധാന്വന്തരം'

ചേർക്കുരു, കൂവവേര്, ഇരുവേലി, കട്ടുതിപ്പലിവേര്, ഉങ്ങിൻതോൽ, വെളുത്തതഴുതാമവേര്, ചുകന്നതഴുതാമവേര്, കൊടുവേലിക്കിഴങ്ങ്,

കച്ചൂരം, കള്ളിവേര്, നീർമാതളവേര്, പുഷ്കരമൂലം, നാഗദന്തിവേര്, കടുക്ക എന്നിവ ഓരോന്നും പത്ത് പലം വീതവും യവം, ലന്തക്കുരു, മുതിര എന്നിവ ഒരു ഇടങ്ങഴി വീതവും ചേർത്ത് പതിനാറ് ഇടങ്ങഴി വെള്ളത്തിൽ വെന്ത് നാല് ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചെടുത്തതും, ആറ്റുവഞ്ഞിവേര്, വയമ്പ്, ത്രികോൽപ്പക്കൊന്ന, കമ്പിപ്പാലവേര്, ചെറുതേക്കിൻവേര്, ചുക്ക്, അത്തിത്തിപ്പലി, വിഴാലരി, പാച്ചോറ്റിത്തോൽ, നെന്മേനി, വാകത്തോൽ എന്നിവ ഒരോന്നും അര പലം വീതം അരച്ച് കൽക്കമായി ചേർത്തതും, ഇടങ്ങഴി നെയ്യും ചേർത്ത് മെഴുകുപാകത്തിൽ പാകംചെയ്ത് അരിച്ചെടുത്താൽ, അത് 'ധാന്വന്തരം' നെയ്യാണ്. ഈ നെയ്യ് മഹോദരം, പ്രമേഹം, ശോഥം, കുഷ്ഠം, ഗുന്മൻ, അർശസ്സ്, പ്ലീഹ, വിദ്രിധി, പീഡക എന്നിവയെ ശമിപ്പിക്കും.

'സുശ്രുതസംഹിത' വിദ്രിധിചികിത്സിതം പറയുന്നു:
'നക്തമാലസ്യ പത്രാണിതരുണാനി ഫലാനിച
സുമതായാശ്ച പത്രാണി പടോലാരിഷ്ടയോസ്തഥാ
ദ്വേഹരിദ്രേമധൂഛിഷ്ടം മധുകം തിക്തരോഹിണി
പ്രിയംഗുഃ കുശമൂലഞ്ചനിചുƒസ്യത്വഗേവച
മഞ്ജിഷ്ടാ ചന്ദനോശീരമുൽപലം സാരാവേതൃവൃത്
ഏതേഷാം കാർഷികൈർഭാഗൈർ ഘൃതപ്രസ്ഥംവി പാച
ദുഷ്ടവ്രണപ്രശമനം നാഡീപ്രണയേത് വിശോധനം
സദ്യഛിന്ന വ്രണാനാഞ്ച കരഞ്ജാദ്യമിദം ഘൃതം
ദുഷ്ടവ്രണാശ്ചയേകേചിദ്യേചോൽസൃഷ്ടക്രിയാവൃണാഃ
നാഡ്യോഗംഭീരികായാശ്ച സദ്യഃ ഛിന്നാസ്തഥൈവച
അഗ്നിക്ഷാര കൃതാശ്ചൈവയേ വ്രണാദാരുണാƒപി
കരഞ്ജാദ്യേനഹ വിഷാപ്രശാമൃന്തിന സംശയഃ'

ആറ്റുവഞ്ഞിവേര്, ഉങ്ങിൻതളിര്, ഇളയകായ, പിച്ചകത്തില, കാട്ടുപടോലപത്രം, വേപ്പില, മഞ്ഞൾ, മരമഞ്ഞൾതോൽ, മെഴുക്, ഇരട്ടിമധുരം, കടുരോഹിണി, ഞാവൽപൂവ്, കുശവേര്, പൂവത്തം, ചന്ദനം, രാമച്ചം, താമരക്കിഴങ്ങ്, നന്നാറിക്കിഴങ്ങ്, ത്രികോല്പക്കൊന്ന എന്നിവ ഓരോന്നും മൂന്ന് കഴഞ്ചുവീതം ചേർത്തരച്ച് കൽക്കംചേർത്ത് ഇടങ്ങഴി നെയ്യും ചേർത്ത് കാച്ചിയെടുക്കുന്നതാണ് 'കരഞ്ജാദിഘൃതം'. ഇത് പുരട്ടിയാൽ വ്രണങ്ങൾ ശമിക്കും. നാഡീവ്രണം ശുദ്ധമാകും. മുറിഞ്ഞുണ്ടായ വ്രണം ഉണങ്ങും. ഇവയെ കൂടാതെ ദുഷ്ടവ്രണം, അസാദ്ധ്യവ്രണം, നാഡീവ്രണം, ഗംഭീരവ്രണം, ഛിദ്രവ്രണം, തീപൊള്ളിയ വ്രണം എന്നിവയും ശമിക്കും.

'സുശ്രുതസംഹിത' വൃദ്ധ്യുപദംശശ്ലീപദചികിത്സിതം പറയുന്നു:
'ഗൈരീകാഞ്ജനയഷ്ട്യാഹ്വ ശാരീബോഗീരപത്മകൈഃ

സചന്ദനോൽപലൈഃസ്നിഗ്ധൈഃ പൈത്തികം സംപ്രലേപയേത്
പത്മോൽപലവൃണാളൈശ്ച സസർജ്ജാർജുനവേതസൈഃ
സർപ്പിഃ സ്നിഗ്ധൈഃ സമധുകൈഃ പൈത്തികം സംപ്രലേപയേത്
അഥവാപിസുശീതേന കഷായേണവടാദിനാ'

ആറ്റുവഞ്ഞിതോൽ, താമരക്കിഴങ്ങ്, നീലത്താമരയല്ലി, താമരവള, പയനീർതോൽ, നീർമരുതിൻതോൽ, ഇരട്ടി മധുരം എന്നിവ അരച്ചതിൽ നെയ്യുചേർത്ത് സ്നിഗ്ധതവരുത്തി തേനിൽ ചാലിച്ചത് പിത്തജമായ ഉപദംശത്തിന് പുരട്ടിയാൽ മാറും. കാവിമണ്ണ്, അഞ്ജനക്കല്ല്, ഇരട്ടി മധുരം, നന്നാറിക്കിഴങ്ങ്, രാമച്ചം, പതുമുകം, ചന്ദനം, നീലത്താമരയല്ലി എന്നിവ അരച്ചതിൽ സ്നേഹദ്രവ്യവും ചേർത്ത് പുരട്ടിയാലും നല്ലതാണ്. നെയ്യ്, പാൽ, ശർക്കര കലക്കിയ വെള്ളംകൊണ്ടോ, തണുത്ത 'നാൽപ്പാമാരകഷായം'കൊണ്ടോ ധാരചെയ്യുകയുമാകാം.

'സുശ്രുതസംഹിത' ചികിത്സാസ്ഥാനം പറയുന്നു:
'തിപ്പലീസർഷപാൽ ശ്വേതാന്നാഗരം നൈചുളംഫലം
സുഖോദകേന സംസൃജ്യകവളഞ്ചാപിധാരയേത്
ഘൃതം മധുരകൈഃ സിദ്ധംഹിതംകവലനസ്യയോഃ'

ഉപകുശമെന്ന ഊനുരോഗത്തിന് ആറ്റുവഞ്ചികായ, തിപ്പലി, വെള്ളക്കടുക്, ചുക്ക് എന്നിവ പൊടിച്ചത് ചുടുവെള്ളത്തിൽ കലക്കി കവിൾകൊണ്ടാൽ മാറും.

'സുശ്രുതസംഹിത' അനുവാബനോത്തരവസ്തി ചികിത്സിതം:
'വിഡംഗോദീച്യ സിന്ധുസ്ഥശഠീപുഷ്ക്കരചിത്രകൈഃ
കട്ഫലാതിവിഷാദാർങ്ഗീവചാകുഷ്ഠസുരാഹ്വയൈഃ
മേദാമദനയഷ്ട്യാഹ്വശ്യാമാനിചുf്നാഗരൈഃ
ശതാഹ്വാനീലിനീരാസ്നാകലശീവൃഷരേണുഭിഃ
വില്വാജമോദകൃഷ്ണാഹ്വാദന്തീച വൃതരാധിപൈഃ
തൈലമേരണ്ഡതൈലം വാമുഷ്ക്കാദിരസാധിപ്ലുതം
പ്ലീഹോദാവർത്ത വാതാസൃഗ് ഗുന്മാനഹകഫാമയാൻ
പ്രമേഹശർക്കരാർശാംസിഹത്യാദാശ്വനുമാസനൈ'

ആറ്റുവഞ്ചിവേര്, വിഴാലരി, ഇന്തുപ്, ഇരുവേലി, കച്ചൂരം, പുഷ്ക്കരമൂലം, കൊടുവേലിക്കിഴങ്ങ്, കമുകിൻവേര്, അതിവിടയം, ചെറുതേക്കിൻവേര്, വയമ്പ്, കൊട്ടം, ദേവതാരം, മേദ, മലങ്കാരയ്ക്ക, ഇരട്ടിമധുരം, പകുന്ന, ചുക്ക്, ചതുകുപ്പ, അമതിവേര്, അരത്ത, മൂവിലവേര്, ആടലോടകവേര്, അരേണുകം, കൂവളം, അയമോദകം, തിപ്പലി, നാഗദന്തിവേര്, കാട്ടുമുളകിൻവേര്, കൊന്നത്തോൽ എന്നിവ സമമായി അരച്ചത് കൽക്കമായി എണ്ണയൊ, ആവണക്കെണ്ണയൊ ചേർത്ത്,

'മുഷ്ക്കാദിശഞൌഷധകഷായ'ത്തിൽ പാകം ചെയ്തെടുത്ത തൈലം വസ്തി ചെയ്താൽ പ്ലീഹ, ഉദാവർത്തം, രക്തവാതം, ഗുന്മൻ, ആനാഹം, കഫജന്യമായുണ്ടാകുന്ന രോഗങ്ങൾ, പ്രമേഹം, ശർക്കരാശ്മരി, അർശസ്സ് എന്നിവ ഇല്ലാതാകും.

'സുശ്രുതസംഹിത' ഉത്തരതന്ത്രം പറയുന്നു:

'സുവഹാകാളീകാഭാർങ്ഗീ ശുകാഖ്യാനൈചുളം ഫലം
കാകദനീ ശൃംഗവേരംവർഷാഭൂബൃഹതീദ്വയം
കോലമാത്രൈർഘൃതപ്രസ്ഥം പചോദഭിർജലദ്വികം
കമൂഷ്ണം പീതമേതദ്ധിശ്വാസാമയവിനാശം'

ആറ്റുവഞ്ചിവേര്, ചെറുപ്പുള്ളി, ചന്ദനം, ചെറുതേക്കിൻവേര്, ചർമ്മലന്തവേര്, കുന്നിവേര്, ചുക്ക്, തഴുതാമവേര്, ചെറുവഴുതിനവേര്, വെൺവഴുതിനവേര് എന്നിവ ഒന്നര കഴഞ്ചുവീതം അരച്ചത് രണ്ട് ഇടങ്ങഴി വെള്ളത്തിൽ ഒരു ഇടങ്ങഴി നെയ്യുംചേർത്ത് കാച്ചി അരിച്ചെടുത്ത നെയ്യ് കഴിച്ചാൽ ശ്വാസരോഗം ശമിക്കും. ഈ നെയ്യ് എരിവുരസവും, ഉഷ്ണവീര്യവുമാണ്.

'സുശ്രുതസംഹിത' ദുന്ദുഭിസ്വനീയം കല്പനസ്ഥാനം പറയുന്നു:
അണുക്കൾ അന്തരീക്ഷത്തിൽ വളരുമ്പോൾ, ഔഷധങ്ങൾ അരച്ചത് പെരുമ്പറയുടെ തോലിൽ പുരട്ടി ശബ്ദമുണ്ടാക്കുകയൊ, തോരണങ്ങളിൽ പുരട്ടി വലിച്ചുകെട്ടുകയൊ, പതാകകളിൽ പുരട്ടി ഉയർത്തിപറത്തുകയൊ ചെയ്താൽ മതി. പെരുമ്പറയുടെ ശബ്ദവും, തോരണങ്ങളും പതാകകളും സ്പർശിച്ചുവീശുന്ന കാറ്റും അണുനാശകങ്ങളായി മാറുന്നതിലൂടെയാണ് അണുക്കൾ പരത്തുന്ന വിഷം നശിക്കാനിടയാകുന്നത്. ഇതിനായി അരച്ചെടുക്കുന്ന ഉത്തമൌഷധങ്ങളിൽ ആറ്റുവഞ്ചിയും ഉൾപെടുന്നു.

'ധവാശ്വ കർണ്ണശിരീഷ തിനിശപലാശപിചുമർദ്ദ
പാടലീഭദ്രകോമ്രോദുംബരകരഹാടകാർജ്ജുന
കകുഭസർജ്ജക പീതനശ്ലേഷ്ഠാത
കാങ്കോടാമലകപ്രഹകുടജശമീകഷത്ഥാർശ്മന്തകാർക്ക
ചിരവില്വാമഹാവൃക്ഷാരുഷ്ക്കാരാരലുമധുകമധുശിഗ്രുശാക
ഗോജിമൂർവാഭൂർജ്ജതില്വകേക്ഷുരകഗോപഘെലാണ്ടാരി
മേദാനാം ഭസ്മാന്യാഹൃത്യഗവാമൂത്രേണ ക്ഷാരകല്പേന
പരിസ്രാവ്യവിപചേത്ദദ്യാച്ചാത്രപിപ്പലീമൂലതണ്ഡുല
യകവരാംഗചോചമഞ്ജീഷ്ഠാകരഞ്ജികാഹസ്തിപിപ്പലീ
മരീചവിഡംഗഗൃഹധൂമാനന്താസോമസരളാബാൽഹിക
ഗുഹാകോശാമ്രശ്വേതസർഷപവരുണലവണപ്ലക്ഷാനി
ചുളകവാജ്ജുലവക്രവർദ്ധമാന പുത്രശ്രേണീ സപ്തവർണ്ണ

മുണ്ഡുകൈലാവാലുകനാഗദന്ത്യതിവിഷാദയാഭദ്രദാരുകുഷ്ഠം
ഹരിദ്രാവചാ ചൂർണ്ണാനിലോഹാനാഞ്ചസമഭാഗാനിതരുഃ
ക്ഷാരവദാഗത പാകമതാര്യലോഹകുഗ്രഭേനിരുദ്ധ്യാൽ
അനേനദുന്ദുഭിംലിമ്പേൻ പതാകാംതോരണാനിച
ശ്രവണാദുർശനാൽ സ്പർശാൽവിശേഷാൽ പ്രതിമുച്യതേ
ഏഷക്ഷാരാഗദോനാമശർക്കരാശ്മരീഷുച
അർശസ്സുമാതഗുൽമേഷുകാസശൂലോഥരേഷുച
അജിർണ്ണേഗ്രഹണീദേഷഭക്താദ്ദോഷചദാരുണേ
ശോഫേസർവസരോചാപിദേയഃ ശ്വാസേചദാരുണേ
സദാസർവവിഷാർത്താനാം സർവഥൈരവാപമുജ്യതേ
ഏഷതക്ഷകമുഖ്യാനാമപിദർപ്പാങ്കുശോഗദഃ'

ആറ്റുവഞ്ചിവേര്, ഞമത്തോൽ, പയിൻതോൽ, നെന്മേനിവാക ത്തോൽ, നൊടുകാരത്തോൽ, പ്ലാശിൻതോൽ, വേപ്പിൻതോൽ, പാതി രിവേര്, ആര്യവേപ്പ്, മാവിൻതോൽ, അത്തിത്തോൽ, മലങ്കാര, നീർമ രുതിൻതോൽ, മരുതിൻതോൽ, അരയാലിൻതോൽ, നറുവരിത്തോൽ, അങ്കോലവേര്, സാമ്പ്രാണിതോൽ, നെല്ലിക്ക, ഉങ്ങിൻതോൽ, ചമത ത്തോൽ, പ്ലാങ്കായ, എരുക്കിൻവേര്, ആവിൽതോൽ, കള്ളി, ചേർക്കു രു, പയ്യാനവേര്, ഇരട്ടിമധുരം, പുനർമുരിങ്ങവേര്, തേക്കിൻവേര്, കൊഴുപ്പപെരുങ്കരുമ്പവേര്, പൂതണക്ക്, കുമ്മട്ടിത്തോൽ, വയൽചുള്ളി വേര്, ലന്തക്കുരു, പീനാരി എന്നിവയുടെ ഭസ്മം ഗോമൂത്രത്തിൽ ചേർത്തത് ഇരുപത്തിയൊന്ന് തവണ അരിച്ചെടുത്ത് പാകം ചെയ്യു മ്പോൾ, അതിൽ ആറ്റുവഞ്ചിതോൽ, കാട്ടുതിപ്പലിവേര്, ചെറുചീര, ഇലവർങ്ങം, കറാമ്പ്, പൂവത്തം, ഉങ്ങിൻകുരു, അത്തിത്തിപ്പലി, കുരു മുളക്, വിഴാലരി, അട്ടക്കരി, നന്നാറിക്കിഴങ്ങ്, തോദരായവേര്, കുങ്കു മം, ഓരിലവേര്, മൂവിലവേര്, ബിലിമ്പിക്കായ, വെൺകടുക്, നീർക ടമ്പിൻതോൽ, തകരം, അരിരാരം, ആവണക്കിൻവേര്, എലിച്ചെവിവേ ര്, ഏഴിലമ്പാലത്തോൽ, പക്ഷാനവേര്, ഏലാമാലുകം, നാഗദന്തിവേ ര്, അതിവിടയം, കടുക്കാത്തോട്, ദേവതാരം, കൊട്ടം, മഞ്ഞൾ, വയ മ്പ് എന്നിവ പൊടിച്ച പൊടിയും, സമമായി ലോഹഭസ്മവും ചേർത്ത് ക്ഷാരപാകവിധി പ്രകാരം പാകംചെയ്തെടുത്തത് ഇരുമ്പിന്റെ പാ ത്രത്തിലാക്കിവെക്കുകയും, അത് പെരുമ്പറ, പതാക, തോരണം മു തലായവയിൽ പുരട്ടുകയുമാണ് ചെയ്യുന്നത്. ഔഷധം പുരട്ടിയ പെ രുമ്പറശബ്ദം കേൾക്കുന്നതുകൊണ്ടും, പതാക കാണുന്നതുകൊ ണ്ടും, തോരണങ്ങളെ സ്പർശിക്കുന്നതുകൊണ്ടുമാണ് വിഷത്തിൽ നിന്നും മോചനമുണ്ടാകുന്നത്. ഈ 'ക്ഷാരാഗദം' ശർക്കരാശ്മി, വാ തഗുൽമം, കാസം, ശൂലം, മഹോദരം, അജീർണ്ണം, ഗ്രഹണി, അന്ന ദോഷം, സർവാംഗവീക്കം, ഭയങ്കരമായ ശ്വാസരോഗം എന്നിവക്കും

പ്രധാനൗഷധമാണ്. എല്ലാതരം വിഷപീഡിതർക്കും പാനം ചെയ്യുന്നതിനും, അഞ്ജനം ചെയ്യുന്നതിനും ഇത് നല്ലതാണ്. ഇതേ ക്ഷാരാഗദം സർപ്പവിഷത്തിനും ഉത്തമമാണ്.

'അഷ്ടാംഗഹൃദയം' പ്രമേഹചികിത്സിതം പറയുന്നു:
'ധാന്വന്തരഘൃത'യോഗത്തിൽ ആറ്റുവഞ്ചിയുണ്ട്.

'അഷ്ടാംഗഹൃദയം' ഉദരചികിത്സിതം പറയുന്നു:
'നീലിനീം നിചുളംവ്യോഷം ക്ഷൗരൗലവണ പഞ്ചകം
ചിത്രകഞ്ചപിബേചൂർണ്ണം സർപ്പിഷോദരഗുന്മനുത്'

ആറ്റുവഞ്ഞിതൊലി, വട്ടപ്പൂന്താളിയരി, ത്രികടു, തുവർച്ചി, ലക്കാരം, ചവർക്കാരം, പഞ്ചലവണം, കൊടുവേലിക്കിഴങ്ങ് എന്നിവ പൊടിച്ചത് നെയ്യിൽ കഴിച്ചാൽ ഉദരവും, ഗുന്മവും ഇല്ലാതാക്കും. വയറിളകി കൃശനായിരിക്കുന്നവൻ ഒട്ടകപ്പാൽ, പശുവിൻപാൽ, ആട്ടിൻപാൽ എന്നിവ കുടിച്ചശേഷം ഇതേ പൊടി കഴിച്ച് വയറിളക്കിയാൻ നല്ലതാണ്. ഇതേ പൊടി മഹോദരവും, ഗുന്മനും ശമിപ്പിക്കുന്നതാണ്.

'അഷ്ടാംഗഹൃദയം' ശ്വയഥുചികിത്സിതം പറയുന്നു:
'പടോലമൂലത്രായന്തീയഷ്ട്യാഹ്വകടുകാദയാഃ
ദാരുദാർവീഹിമം ദന്തീവിശാലാനിചുളംകണാ
തൈഃ ക്വാഥസ്സഘൃതഃ പീതോഹന്ത്യന്തസ്താപതൃഡ്ഭ്രമാൻ
സസന്നിപാതവിസർപ്പശോഫദാഹവിഷജ്വരാൻ'

ആറ്റുവഞ്ചിവേര്, പടോലവേര്, ബ്രഹ്മി, ഇരട്ടിമധുരം, കടുരോഹിണി, കടുക്ക, ദേവതാരം, മരമഞ്ഞൾതൊലി, ചന്ദനം, നാഗദന്തിവേര്, കാട്ടുവെള്ളരിവേര്, തിപ്പലി എന്നിവ കഷായംവെച്ചത് നെയ്യ് ചേർത്ത് കഴിച്ചാൽ ഉൾച്ചൂട്, ദാഹം, ചുഴച്ചൽ, സന്നിപാതം, വീക്കം, വിസർപ്പം, ശോഫം, വിഷം, പനി എന്നിവ ശമിക്കും.

'അഷ്ടാംഹൃദയം' വസ്തികല്പം പറയുന്നു:
'രജതുക്ലാമയഹരം പുത്രീയം ചാനുവാസനം
സൈന്ധവം മദനം കുഷ്ഠം ശതാഹ്വാനിചുളോവചാ
ഹ്രീബേരം മധുകം ഭാർങ്ഗീദേവതാരുസകൾഫലം
നാഗരം പുഷ്ക്കരം മേദചവികാചിത്രകംശഠീ
വിളംഗ്തി വിഷാശ്യാമാഹരേണുന്നീലിനീസ്ഥിരാ
വില്വാജമോദചപലാദന്തീരാസ്നാച തൈസ്സ മൈഃ
സാദ്ധ്യമേരണ്ഡതൈലാവാ തൈലം വാകഫരോഗനുത്
വർദ്ധ്മോദാപർത്ത ഗുന്മാർശം പ്ലീഹമേഹാഢ്യാമരുതാൻ
അനാഹമശ്മിരീഞ്ചാശുഹന്യഃ അദനുവാസനം
സാധിതംപഞ്ചമൂലേന തൈലം വില്വാദിനാഥവാ'

ആറ്റുവഞ്ചിവേര്, ഇന്തുപ്പ്, മലങ്കാരയ്ക്ക, കൊട്ടം, ശതകുപ്പ, വയമ്പ്, ഇരുവേലി, ഇരട്ടിമധുരം, ചെറുതേക്കിൻവേര്, ദേവതാരം, കുമുഴിൻവേര്, ചുക്ക്, പുഷ്ക്കരമൂലം, മേദാ, കാട്ടുമുളകിൻവേര്, കൊടുവേലികിഴങ്ങ്, കച്ചൂരികിഴങ്ങ്, വിഴാലരി, അതിവിടയം, നാൽകോത്പക്കൊന്ന, അരേണകം, വട്ടപ്പൂന്താളിയരി, ഓരിലവേര്, കുവളത്തിൻവേര്, അയമോദകം, തിപ്പലി, നാഗദന്തിവേര്, അരത്ത എന്നിവ സമമായിയെടുത്ത് പച്ചവെള്ളത്തിൽ അരച്ചുകലക്കിയത് ആവണക്കെണ്ണയൊ, എള്ളെണ്ണയൊ ചേർത്ത് കാച്ചിയെടുത്തതുകൊണ്ട് സ്നേഹവസ്തി ചെയ്യുക. ഈ അനുവാസനം കഫത്തെ ഇല്ലാതാക്കും. വൃദ്ധി ഉദാവർത്തം, ഗുന്മം, അർശസ്സ്, പ്ലീഹാരോഗം, പ്രമേഹം, ആഢ്യവാതം, വയറുവീർപ്പ്, അശ്മരി എന്നിവയെ ശമിപ്പിക്കും.

'അഷ്ടാംഗഹൃദയം' ബാലാമയപ്രതിഷേധം പറയുന്നു:
'ബദരീ ധാതകീ ധാത്രീചൂർണ്ണം വാസർപ്പിഷാദ്രുതം
സ്ഥിരാവചാദി ബൃഹതീകാകോലീപിപ്പലീനതൈഃ
നിചുളോൽപലവർഷാഭൂഭാർങ്ഗീമുസ്തൈശ്ച കാർഷികൈഃ
സിദ്ധം പ്രസ്ഥാർദ്ധാംജ്യസ്യസ്രോതസാംശോധനംപരം'

ആറ്റുവഞ്ചി, താതിരിപ്പൂവ്, നെല്ലിക്ക എന്നിവ പൊടിച്ചത് നെയ്യിൽ ചേർത്ത് കഴിച്ചാൽ ശ്രോതസ്സുകൾ ശുദ്ധമാകും.

ആറ്റുവഞ്ചി, ഓരിലവേര്, വയമ്പ്, ചെറുവഴുതിനവേര്, വെൺവഴുതിനവേര്, കാകോളി, തിപ്പലി, തകരം, ചെങ്ങഴുനീർക്കിഴങ്ങ്, തഴുതാമ, ചെറുതേക്കിൻവേര്, മുത്തങ്ങാക്കിഴങ്ങ് എന്നിവ മുന്ന് കഴഞ്ചുവീതം അര ഇടങ്ങഴി നെയ്യ് ചേർത്ത് കാച്ചിയെടുത്തത് കഴിച്ചാൽ സ്രോതസ്സുകൾ ശുദ്ധമാകും.

'അഷ്ടാംഹൃദയം' അപസ്മാരാപ്രതിഷേധം പറയുന്നു:
ആറ്റുവഞ്ചി ചേർത്തുകൊണ്ടുള്ള 'മഹത്പഞ്ചഗവ്യഘൃതം' അപസ്മാരം, മഹോദരം, ഭഗന്ദരം, നീർക്കെട്ട്, അർശസ്സ്, കാമല, പിത്തം, പാണ്ഡു, ഗുന്മം, ചുമ, ഗ്രഹബാധ എന്നിവക്ക് ഉത്തമമാണ്.

'അഷ്ടാംഹൃദയം' മുഖരോഗപ്രതിഷേധം പറയുന്നു:
'നിചുളം കടഭീ മുസ്തം ദേവദാരുമഹൗഷധം
വചാദന്തീച വുർവാചലേപാകോഷ്ണോഽർത്തിശോഫാ
അഥാഽന്തർബാഹ്യതഃ സ്വിന്നാം വാതരോഹിണികാംലിഖേൽ'

ആറ്റുവഞ്ചിതൊലി, വെങ്കുന്നിവേര്, മുത്തങ്ങാക്കിഴങ്ങ്, ദേവതാരം, ചുക്ക്, നാഗദന്തിവേര്, പെരുങ്കുരുമ്പവേര് എന്നിവ ചേർത്തരച്ചതിന്റെ ചെറുചൂടോടെ തേച്ചാൽ കണ്ഠത്തിലെ വേദനയും, നീരും ശമിക്കും.

ഉത്രാടം നക്ഷത്രം

പ്ലാവ്

ശാസ്ത്രനാമം : Arto carpus hetero phyllus Lam.
കുലം : വടകുലം.
ഇംഗ്ലീഷ് നാമം : Jaekjruit Tree.
സംസ്കൃതം : പനസഃ
മലയാളം : പ്ലാവ്.
ഹിന്ദി : കട്ഹൽ, ചക്കി.
തമിഴ് : പലാമരം.
തെലുങ്ക് : പനസ.
കന്നട : ഹലസു.

നക്ഷത്രഗണനയിൽ ഇരുപത്തിയൊന്നാമത്തെ നക്ഷത്രമായ ഉത്രാടം മുറത്തിന്റെ ആകൃതിയിലുള്ള രണ്ട് നക്ഷത്രങ്ങളാണ്. ധനു ഇരുപത്തിയെട്ടാം ഭാഗത്ത് ഉദിക്കുന്നു. മീനം രാശിയിൽ മൂന്ന് നാഴിക പന്ത്രണ്ട് വിനാഴിക ചെല്ലുമ്പോൾ ഉച്ചിയിലെത്തും. ഉത്രാടത്തിന് വിശ്വമെന്നും പേരുണ്ട്. സംഹാരനക്ഷത്രമാണ്. ദേവത വിശ്വദേവന്മാരാണ്. മനുഷ്യഗണമാണ്. പുരുഷയോനിയാണ്. അക്ഷരം ഏകാരമാണ്. മന്ത്രാക്ഷരം വകാരമാണ്. ഭൂതം വായുവാണ്. മൃഗം കാളയാണ്. പക്ഷി കോഴിയാണ്. വൃക്ഷം പ്ലാവാണ്.

ഉത്രാടം എല്ലാ ശുഭമുഹൂർത്തങ്ങൾക്കും നല്ലതാണ്. അന്നപ്രാശത്തിന് വിശേഷപ്പെട്ടതാണ്. മുണ്ഡനം, വാസ്തുകർമ്മം, ഗൃഹപ്രവേശം, ബീജാവാപം എന്നിവക്ക് നല്ല നാളാണ്. യാത്രക്ക് ഉത്തമമാണ്. എന്നാൽ, കിഴക്കോട്ടേക്കുള്ള യാത്രക്ക് നല്ലതല്ല. ഉത്രാടത്തിന്റെ നാലാം പാദം അഭിജിത്തെന്ന നക്ഷത്രമാണ്. പ്രഥമപാദം ധനുരാശിയിലും, ശേഷം മകരരാശിയിലും സ്ഥിതിചെയ്യുന്നു. ധനുവിൽ ഇരുപത്തിയാറ് തീയതിയും, നാൽപത് കലയുമായാൽ ഉത്രാടം തുടങ്ങും. മകരത്തിൽ പത്താം തീയതിവരെയാണ് ഇത് നിലനിൽക്കുന്നത്.

ഉത്രാടത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'ഹാസ്യപ്രിയോ വിനീതോ ബഹുമിത്രഃ
ക്ലേശവാൻ കൃതജ്ഞശ്ച
അടനോബലവാൻസുഭഗോവിനയദയാ
ധർമ്മവാംസ്തഥാവൈവശേ'

ഉത്രാടത്തിൽ പിറന്നവൻ പരിഹാസപ്രിയനും, ഹാസ്യരസതത്പ

രനും, വിനയമുള്ളവനും, ക്ലേശങ്ങൾ അനുഭവിക്കുന്നവനും, നല്ലതു പോലെ അറിവുള്ളവനും, ധാരാളം സുഹൃത്തുക്കളുള്ളവനും, ഉപകാരസ്മരണയുള്ളവനും, ഭൂതദയയും ധർമ്മവുമുള്ളവനും, യാത്രാതാത്പര്യമുള്ള സഞ്ചാരിയും, സുന്ദരനും, ബലവാനുമായിരിക്കും.

'വൈശ്വേവിനീതധാർമ്മികബഹുമിത്രകൃതജ്ഞസുഭഗശ്ച'.

ഉത്രാടം നാളിൽ ജനിച്ചവർ ഉള്ളുറപ്പുള്ളവരാണ്. നിർബന്ധബുദ്ധി കൂടുതലുള്ളവരാണ്. വാശിയിൽ അഗ്രിമസ്ഥാനത്തായിരിക്കും. നേതൃപാടവമുണ്ടാകും. ആലോചിക്കാതെ എന്തിനും ഇറങ്ങിപ്പുറപ്പെടുന്ന പ്രകൃതമാണ്. ലക്ഷ്യം ഏതുവിധത്തിലായാലും നേടിയെടുക്കുന്നവരാണ്. മറ്റുള്ളവരുടെ ആദരവുനേടുന്നതിൽ സാമർത്ഥ്യമേറും. കർക്കശക്കാരാണെന്ന് പുറമേക്ക് തോന്നുമെങ്കിലും, ഹൃദയത്വമുള്ളവരും, കലാകാരന്മാരുമായിരിക്കും. ആത്മാർത്ഥതയും, അനുകമ്പയും പൊതുവായ സ്വഭാവമാണ്. ആരെയും ഉപദ്രവിക്കരുതെന്ന മനസ്സുള്ളവരും, അന്യർക്കുവേണ്ടി നന്മചെയ്യാൻ ആഗ്രഹിക്കുന്നവരുമാണ്.

ഉത്രാടത്തിന്റെ പ്രഥമ പാദത്തിൽ ജനിക്കുന്നവൻ ശാസ്ത്രജ്ഞനും, ബുദ്ധിമാനും, ദാനശീലനും, വിപുലശരീരനും, ഗുരുപ്രിയനുമാകും. രണ്ടാം പാദത്തിൽ ജനിച്ചാൽ ഗൂഢപ്രവൃത്തികളിൽ താത്പര്യമുള്ളവനും, അങ്ങനെ ചെയ്യുന്നവനും വാഗ്മിയും, ഡംഭുള്ളവനും, ലുബ്ധനും, ശാസ്ത്രാർത്ഥഗ്രഹണസാമർത്ഥ്യമുള്ളവനും, ദൈവഭക്തനുമായിരിക്കും. മൂന്നാം പാദത്തിൽ ജനിക്കുന്നവൻ തടിച്ച ശരീരത്തോടുകൂടിയവനും, മുൻകോപിയും, നിർബന്ധശീലനും, ഗർവിഷ്ടനും, ക്രൂരനുമാകും. വിസ്താരമുള്ള കണ്ണുകളുള്ളവരായിരിക്കും. നാലാം പാദത്തിൽ ജനിക്കുമ്പോൾ പ്രസാദശീലനും, ധർമ്മിഷ്ഠനും, ബന്ധുക്കൾക്ക് പ്രിയങ്കരനും, വിജ്ഞാനത്തോടുകൂടിയവനും, ലോകമര്യാദയെ അനുവർത്തിക്കുന്നവനും, സത്യവാദിയുമായിരിക്കും.

ഉത്രാടം നക്ഷത്രവൃക്ഷമായ പ്ലാവ് ഇന്ത്യയിൽ ഉടനീളം കാണപ്പെടുന്നതും, എപ്പോഴും പച്ചപ്പുള്ളതുമായ മരമാണ്. അതുകൊണ്ടുതന്നെ പ്ലാവ് ഭൂമിയുടെ പച്ചപ്പാണെന്ന് പറയാറുണ്ട്. അമ്പത്തിനാല് അടിമുതൽ നൂറ് അടിവരെ ഉയരത്തിൽ വളർന്നുനില്ക്കുന്ന പ്ലാവുകൾ ഭൂമിയുടെ അഴകാണ്. പ്ലാവിൽ ചക്കകൾ ഉണ്ടാകുന്നതോടെ തടിയിയുടെ തൊലിയിൽ മുഴകൾ രൂപപ്പെടുന്നത് കാണാം. കാതലിന് നല്ല മഞ്ഞനിറമാണ്. പുറമേയുള്ള ഭാഗം വെളുപ്പുനിറം കലർന്നതാണ്. പത്രങ്ങൾ ലഘുവിന്യാസത്തിലാണ്. നല്ല പച്ചനിറവും, തിളക്കവും കാണാം. പത്രവിന്യാസം ഇടവിട്ടാണ്(alternate). ആറുമുതൽ എട്ടുവരെ ജോഡി പാർശ്വഞരമ്പുകൾ ഇലകൾക്കുണ്ട്. ഇലകൾ പൊഴിയുമ്പോൾ തണ്ടിന് പാടുകളുണ്ടാകും. ആൺപൂക്കൾ ഉരുണ്ട് നീളമു

ള്ളവയാണ്. മുള്ളുകൾപോലെ ചക്കയുടെ പുറമേ പൊതിഞ്ഞിരിക്കുന്നു. അകത്ത് പഴങ്ങൾ അനേകമുണ്ടാകും. പഴങ്ങൾ മാംസളമാണ്. അതിനുള്ളിൽ വിത്തുകളുണ്ട്. പഴങ്ങളാകാത്ത നാരുകൾപോലുള്ളവയെ ചകിണി, ചവിണി എന്നൊക്കെ പറയുന്നു. കറ(പശ)യുണ്ട്. ഇതിനെ മുളഞ്ഞി, വിളഞ്ഞിർ എന്നൊക്കെ പറയും. ചക്കയുടെ കട്ടിയുള്ള മുള്ളുകൾപോലുള്ള ആവരണം മാറ്റിയാൽ മാംസളമായ തൊണ്ടുകാണാം. അതിനെ മടൽ എന്നുപറയും.

പ്ലാവിന്റെ വേരുകൾ, തടി, ഇലകൾ, പഴങ്ങൾ, വിത്ത്, കറ എന്നിവയെല്ലാം ഉപയോഗപ്രദമാണ്.

പ്ലാവിന്റെ വേര് വയറിളക്കത്തെ തടയാനുള്ള ഔഷധമാണ്. ഇല പനിക്ക് ഉത്തമമാണ്. അതുകൊണ്ടാണ് പഴയകാലത്തെ അമ്മമാർ, പ്ലാവില പഴുത്തത് വീണുകിട്ടിയില്ലെങ്കിൽ പച്ചക്കുള്ളത് പറിച്ചെടുത്ത് തവിപോലെയുണ്ടാക്കുന്ന 'പ്ലാവിലകോട്ടിയതു'കൊണ്ട് നല്ല ചൂടുള്ള പൊടിയരിക്കഞ്ഞി പനിക്കുന്ന കുട്ടികൾക്ക് വിളമ്പിക്കൊടുത്തിരുന്നത്. ഇലകൾ വ്രണങ്ങൾക്ക് ഉത്തമമാണ്. ത്വക്‌രോഗങ്ങൾക്ക് നല്ലതാണ്. പിത്തവൈഷമ്യങ്ങളിൽ നല്ലതാണ്. വാതത്തിന്റെ വൈഗുണ്യത്തിലും ഉത്തമമാണ്.

പാകമെത്താത്ത ചക്കച്ചുള(പഴം)ക്ക് ചവർപ്പുരസമാണ്. സ്തംഭനമാണ് അതായത് ധാതുസങ്കോചകമാണ്. ആന്ത്രവായുവിനെ നിയന്ത്രിക്കുന്നതാണ്. നല്ലതുപോലെ പോഷകമുള്ളതാണ്. കഫത്തിന്റെ വൈഗുണ്യത്തിന് ഉത്തമമാണ്. അജീർണ്ണത്തിലും, ബലഹാനിയിലും ഉത്തമമാണ്. പഴുത്തുപാകമായ പഴം മധുരമാണ്. ശീതവീര്യവും, സ്നിഗ്ധവും, വിരേചനീയവുമാണ്. കാമോദ്ദീപകവും, ബലവർദ്ധകവുമാണ്. വാതപിത്തങ്ങളുടെ വൈഗുണ്യത്തിൽ ഉപയുക്തമാണ്. വ്രണങ്ങളിലും, പിടകകളിലും(weers) നല്ലതാണ്.

പ്ലാവിന്റെ വിത്ത്(ചക്കക്കുരു) മധുരവും, മൂത്രളവും, കാമോദ്ദീപകവും, മലബന്ധമുണ്ടാക്കുന്നതുമാണ്.

പ്ലാവിന്റെ തടി നാഡികൾക്കുള്ള ഉത്തമമായൊരു ശമനൗഷധമാണ്. അപസ്മാരത്തിന് ഉത്തമമാണ്.

പ്ലാവിന്റെ കറ കണ്ണിന്റെ കാഴ്ചക്കുറവിനും, വീക്കത്തിനും, ഗളഗണ്ഡത്തിനും നല്ലതാണ്.

'ഗുണപാഠം' പറയുന്നു:
'ഇടിച്ചക്കമതൃത്തുങ്ങ കഫമേദോബലപ്രദം
വാതവും പിത്തവും ദാഹംശമിപ്പാനും ഗുണം ഗുരു

കൃമിക്കും ജഠരാഗ്നിക്കും ബലമില്ലാത്തമർത്ത്യനും
ഗുന്മിക്കും ജഠരാഗ്നിക്കും നോവുള്ളൊരുജനത്തിനും
ചക്കപ്പഴം ഭുജിയ്ക്കൊല്ലാതിന്നാൽ സങ്കടമായ്വരും
ചക്കക്കുരുക്കൾ വൃഷ്യങ്ങൾ മധുരങ്ങളേതേറ്റവും
മലംതടുത്തുമൂത്രത്തെ ഒഴിപ്പിക്കുന്നതായ്വരും
മുളച്ചചക്കക്കുരുവുകൾ മധുംരസപാകയോഃ
വൃഷ്യം ത്രിദോഷശമനമേറ്റവും ബൃംഹണംലഘു'.

'അഭിജ്ഞാനമഞ്ജരി' പറയുന്നു:
'പനസഃ സ്വർണ്ണസാരശ്ചമോരട്ടോ്ഗ്രജ ആഹലഃ
മഹാഫലോ ഹവിർഗന്ധീമധുരോമോച ഉച്യതേ'.

'കൈഡര്യാദി' പറയുന്നു:
'ശ്ലേഷ്മാതക സദൃക്പത്രഃ സ്യാത്കണ്ടകിഫലസ്തഥാ
പനസസ്ത്വാശയഫല ആശയോഗർഭകണ്ടകഃ'.

'ഭാവപ്രകാശം' പറയുന്നു:
'പനസഃ കണ്ടകിഫലഃപനസോ്തിബൃഹത്ഫലഃ
പനസം ശീതളം പക്വം സ്നിഗ്ധംപിത്താനിലാപഹം
തർപ്പണം ബൃംഹണം സ്വാദുമാംസളം ശ്ലേഷ്മളം ഭൃശം
ബല്യം ശുക്ലപ്രദം ഹന്തിരക്തപിത്തക്ഷതവൃണാൽ
ആമം തദേവവിഷ്ടംഭി വാതളംതുവരംഗുരു
ദാഹകൃത് മധുരംബല്യംകഫമേദോവിവർദ്ധനം
പനസോദ്ഭൂത ബീജാനി വൃഷ്യാണിമധുരാണിച
ഗുരൂണിബദ്ധമിട്കാനിസൃഷ്ടമൂത്രാണിസംവദേത്
മജ്ജപനസജോവൃഷ്യോവാതപിത്തകഫാപഹഃ
വിശേഷാത്പനസോവർജ്യഃ ഗുല്മഭിർമന്ദവഹ്നിഭിഃ'.

'രാജനിഘണ്ടു' പറയുന്നു:
'പനസസ്തുമഹാസർജ്ജഃ ഫലിനഃ ഫലവൃക്ഷകഃ
സ്ഥൂലകണ്ടഫലശ്ചൈവസ്യാന്മൂലഫലദഃ സ്മൃതഃ
അപുഷ്പഫലദഃ പൂതഫലോഹൃങ്ഗഫിതസ്തഥാ'.

'കൈഡര്യാദി' പറയുന്നു:
'പനസംതുവരം സ്വാദുഗുരുപിഷ്ടംഭിവാതളം
തിക്തം പനസപുഷ്പന്തുഗുരുവക്ത്രവിശോധനം
പനസസ്യഫലംബാലം കഫമേദോവിവർദ്ധനം
വാതപിത്തഹരം ബല്യം ദാഹഘ്നംമധുരം ഗുരു
തവിശേഷാദ്വിവർജ്ജ്യം സ്വാദ്ഗുൽമഭിർദുർബലാഗ്നിഭിഃ
രക്തപിത്തഹരം പക്വം വിപാകേ സ്വാദു ശീതളം

തർപ്പണം ബൃംഹണം വൃഷ്യംമാംസളംശ്ലേഷ്മളം ഭൃശം
ബല്യം സ്നിഗ്ധം ജയേദ്വാതം ക്ഷതരക്തക്ഷയാനപി
പനസോദ്ഭൂതബീജാനിവൃഷ്യാണിമധുരാണിച
ഗുരൂണിബദ്ധവർച്ചാംസിസൃഷ്ടമൂത്രാണിതാനിച
മജ്ജാതസ്യാപിപിത്തഘ്നോവൃഷ്യഃ ശ്ലോഷ്മാനിലാപഹംഃ'.

'നിഘണ്ടു രത്നാകരം' പറയുന്നു:
'പനസസ്യഫലംചാമംമലാവിഷ്ടംഭകൃന്മതം
മധുരം ദോഷളം ബല്യം തുവരം ഗുരു വാതളം
കോമളം തച്ചമധുരം ഗുരുബല്യം കഫപ്രദം
മേദോവൃദ്ധികരംചൈവ ദാഹവാതപ്രപിത്തനുത്
തത്പക്വം ശീതളം ദാഹിസ്നിഗ്ധം വൈതൃപ്തികാരകം
ധാതുവൃദ്ധികരം സ്വാദുമാംസളം ച കഫപ്രദം
ബല്യം പുഷ്ടികരം ജന്തുകാരകം ദുർജ്ജരംവൃഷം
വാതംക്ഷതക്ഷയം രക്തപിത്തം ചാശുവ്യപോഹിതം
തസ്യബീജന്തുമധുരം വൃഷ്യംവിഷ്ടംഭകല ഗുരു
തസ്യപുഷ്പം ഗുരുസ്തിക്തം മുഖശുദ്ധികരം മതം'.

ചക്കയുടെ ചവിണി അരിഞ്ഞെടുത്തത് വെള്ളത്തിൽ തിളപ്പിച്ചെടുത്തതിൽ മുളകും, മഞ്ഞളും നല്ലതുപോലെ അരച്ചതും, ഒന്നുരണ്ട് ഉള്ളിയൊ, വെളുത്തുള്ളിയൊ ചതച്ചതും, ആവശ്യത്തിന് തേങ്ങയും, കറിവേപ്പിലയും ചതച്ചെടുത്തതും, വെന്തുകഴിഞ്ഞ ചവിണിക്കുമുകളിലിട്ട് അടച്ചുവെക്കുക. ആവി കയറികഴിഞ്ഞാൽ, ആവശ്യത്തിനതിൽ ഉപ്പും ചേർത്ത് ഇളക്കിവാങ്ങിയ ശേഷം കടുക് വറുത്തിടുകകൂടി ചെയ്താൽ, അതൊരു നല്ല രുചികരമായ ഉപ്പേരി(തോരൻ)യാണ്.

ചക്കമുറിച്ച് തുണ്ടമാക്കിയവയുടെ മുള്ളുമടൽ ചെത്തിക്കളഞ്ഞ് ചക്കച്ചുളയുടെ ചുവടോടുചേർത്ത് അരിഞ്ഞെടുക്കുന്ന മടലും, തൊലികളഞ്ഞ് വട്ടത്തിൽ മുറിച്ച കുരുവും, സാമ്പാറിലുപയോഗിക്കുന്നതിന് ഉചിതമായ കഷണങ്ങളാണ്. അതേ മടൽതന്നെ നീളത്തിൽ അരിഞ്ഞതും, ചക്കക്കുരു നീളത്തിലരിഞ്ഞതും അവിയലിൽ ചേർക്കാനേറ്റവും ഉചിതമായ കഷണങ്ങളാണ്.

ചക്കച്ചുള ചെറുതായി അരിഞ്ഞതിൽ തേങ്ങ പിഴിഞ്ഞ പാൽചേർത്ത് അടുപ്പിൽ വെക്കുക. അത് വെന്തുവരുമ്പോൾ മുളകും, മഞ്ഞളും, അൽപം ജീരകവും, വെളുത്തുള്ളിയും അരച്ചെടുത്തതും, നേരത്തെ പാലെടുത്തിരുന്ന തേങ്ങാപീരയും, കുറച്ച് തേങ്ങയും, കറിവേപ്പിലയും ചതച്ചെടുത്തതും അതിനുമുകളിലിടുക. ആവി കയറിയാൽ അതിൽ ആവശ്യത്തിന് ഉപ്പുചേർത്ത് ഇളക്കി വാങ്ങി, അൽപം പച്ചവെളിച്ചെണ്ണയും ഒഴിച്ചാൽ, രുചികരമായൊരു ചക്കപ്പുഴുക്കായി. ഉണക്കമുള

ക്, പച്ച മുളക്, കാന്താരിമുളക്, കുരുമുളക് എന്നിവയിൽ ഏതെങ്കിലും ഒന്നൊ, പലതോ ചേർത്തും ഇതുണ്ടാക്കാം.

ചക്കച്ചുള വട്ടത്തിലരിഞ്ഞതിൽ മഞ്ഞളും, മുളകും അരച്ചതും ആവശ്യത്തിന് കുരുമുളകും, ഉപ്പും, വെള്ളവുമൊഴിച്ച് നല്ല മൺചട്ടിയിൽ അടുപ്പത്തുവെച്ചു വേവിക്കുക. നല്ലതുപോലെ വിളഞ്ഞ നാളികേരവും, ഒരു നുള്ള് ജീരകവും അരച്ചുചേർക്കുക. വെന്താൽ അത് ഇളക്കി വാങ്ങിയതിൽ നല്ല നാളികേരം ചിരകിയത് വറുത്തു(മുളക് മുറിച്ചിട്ട് മൂപ്പിച്ച വെളിച്ചെണ്ണയിൽ വറുത്താൽ ഉത്തമം) ചേർത്താൽ നല്ല നാടൻ എരിശ്ശേരിയായി.

മൂത്ത ചക്കച്ചുള ചെറുതായി അരിഞ്ഞതിൽ മഞ്ഞളും മുളകും അരച്ചതും, ആവശ്യത്തിന് ഉപ്പും ചേർത്ത് വേവിക്കുക. വെന്തുകഴിഞ്ഞാൽ അതിൽ കറിവേപ്പിലയും, വെളിച്ചെണ്ണയും ചേർത്താൽ, നല്ല ചക്കമുളേഷ്യമായി.

ചക്കച്ചുളയും, ചക്കക്കുരുവും ആകുന്നതിനുമുമ്പുള്ള ചക്കയാണ് ഇടിച്ചക്കയെന്ന് അറിയപ്പെടുന്നത്. അതിന്റെ പുറന്തൊലി ചെത്തിക്കളഞ്ഞ് നടുകേ മുറിച്ചെടുക്കുക. ഓരോ മുറിയും വീണ്ടും നടുകേ കീറുക. അങ്ങനെ കീറിയത് കഷണങ്ങളാക്കി വേവിക്കുക. വെന്തുകഴിഞ്ഞാലത് അമ്മിക്കല്ലിൽ ചതച്ചെടുക്കുക. മുളകും, മഞ്ഞളും, അൽപം വെളുത്തുള്ളിയും, ഒരു നുള്ള് ജീരകവും അരച്ചും, ആവശ്യത്തിന് തേങ്ങയും, കറിവേപ്പിലയും ചതച്ചും വെക്കുക. ഒരു ഉരുളിയിൽ വെളിച്ചെണ്ണ അടുപ്പിൽവെച്ചതിൽ മുറിച്ചിട്ട മുളകും, കടുകും, ഉഴുന്നുപരിപ്പും, അരിയും, കറിവേപ്പിലയും മൂത്തുവരുമ്പോൾ, ചതച്ചുവെച്ചിരുന്ന ചക്കയും, അരച്ചതും ചേർക്കുക. ആവി കയറുമ്പോൾ അത് ഇളക്കിവാങ്ങിയാൽ നല്ലൊരു ഉപദംശമായി, ഇടിച്ചക്ക ഉപ്പേരി(തോരൻ)യായി.

ചക്കയ്ക്ക് ചുളയും, കുരുവും രൂപപ്പെടുകയും, കുരുവിന് പുറമേ കട്ടിയുള്ള തൊലി രൂപപ്പെടാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിലുള്ള ചക്കക്കാണ് കൊത്തുചക്കയെന്ന് പറയുന്നത്. ചക്കയുടെ തൊലി കളഞ്ഞത് കത്തികൊണ്ട് ചുറ്റും കൊത്തി അരിഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. അതെത്ര ചെറുതായി കൊത്തിയരിയുന്നുവോ, അത്രയും സ്വാദ് കൂടും. അങ്ങനെ അരിഞ്ഞതിൽ ആവശ്യത്തിന് ഉപ്പുചേർത്ത് വെള്ളത്തിൽ വേവിക്കുക. അതിൽ മുളകും, മഞ്ഞളും, തേങ്ങയും അരച്ചുചേർത്ത്, കടുക് വറുത്തിട്ട്, ഇളക്കി വാങ്ങിയാൽ നല്ല സ്വാദുള്ള കൊത്തു ചക്കത്തോരനായി. പഴയകാലത്ത് കേരളത്തിലെ കല്യാണങ്ങൾക്കും, അടിയന്തിരകർമ്മങ്ങൾക്കുമെല്ലാം കൊത്തുചക്കത്തോര(ഉപ്പേരി, പൊരിയൽ)നായിരുന്നു, വിളമ്പിയിരുന്നത്.

ചക്കക്കുരു തൊലികളഞ്ഞത് വട്ടത്തിൽ അരിയുക. ചക്കയുടെ കൂഞ്ഞിൽ(അകത്ത് മദ്ധ്യത്തിലുള്ള ഭാഗം) നല്ലതുപോലെ അരിഞ്ഞെടുക്കുക. ഇവയിൽ ആവശ്യത്തിന് ഉപ്പുചേർത്ത് വെള്ളത്തിൽ വേവിക്കുക. മല്ലിയും, മുളകും, തേങ്ങയും വറുത്ത് നല്ലതുപോലെ അരച്ചെടുക്കുക(മിക്സിയിൽ അരക്കുമ്പോൾ നല്ലതുപോലെയത് അരഞ്ഞുവോയെന്ന് ശ്രദ്ധിക്കണം. വെള്ളംചേർത്ത് അരച്ചാൽ അരയുന്നതിനുമുമ്പുതന്നെ കുഴമ്പുപരുവത്തിലാകും, നല്ലതുപോലെ അരയുകയില്ല.) അത് വെന്തുകഴിഞ്ഞാൽ അരവ് ചേർക്കുക. പിന്നെയതിൽ കടുക് വറുത്തിട്ട് വാങ്ങിയാൽ, നല്ലൊരു വറുത്തരച്ചുപ്പേരി(തോരൻ)യായി. ഇതിൽ ചിലർ മൂത്ത പച്ചയായ കശുവണ്ടിപരിപ്പും, ധാരാളം ചെറിയ ഉള്ളിയും ചേർക്കാറുണ്ട്.

ചക്കക്കുരുവും, പരിപ്പും ആവശ്യത്തിന് ഉപ്പും ചേർത്ത് വേവിക്കുക. മുളകും, മഞ്ഞളും, ജീരകവും, തേങ്ങയും അരച്ചത് കലക്കിചേർത്ത് തിളപ്പിച്ചുവാങ്ങി, വെളിച്ചെണ്ണയൊഴിക്കുകയൊ, കടുക് വറുത്തിടുകയൊ ചെയ്താൽ നല്ലൊരു ചക്ക ഒഴിച്ചുകൂട്ടാനായി. പഴയകാലത്ത് ചക്കക്കുരുവും മാങ്ങയും, ചക്കകുരുവും വെള്ളരിക്കയും, ചക്കക്കുരുവും കുമ്പളങ്ങയും എന്നിവ ചേർത്തും ഇതുപോലെയുണ്ടാക്കുന്നത് പതിവായിരുന്നു.

ചക്കക്കുരുവും, കുമ്പളങ്ങയും അരിഞ്ഞെടുത്തതിൽ പച്ചമുളക് കീറിയിട്ട് ആവശ്യത്തിന് ഉപ്പും തേങ്ങാപാലും വേവിച്ചുണ്ടാക്കുന്ന ഓല ൻകറി നല്ല സ്വാദുള്ളൊരു കറിയാണ്. ഇതിൽ തേങ്ങാപാലിന് പകരം വെളിച്ചെണ്ണ ചേർത്താലും സ്വാദുണ്ടാകും.

ചക്കക്കുരുവും പടവലങ്ങയും, ചക്കക്കുരുവും പാവക്കയും, ചക്കക്കുരുവും പരിപ്പും, ചക്കക്കുരുവും നേന്ത്രക്കായയും, ചക്കക്കുരുവും വഴുതിനങ്ങയും, ചക്കക്കുരുവും കോവക്കയും, ചക്കക്കുരുവും നരമ്പനും, ചക്കക്കുരുവും പീച്ചിങ്ങയും, ചക്കക്കുരുവും ചുരങ്ങയും എന്നിവ ചേർത്തും നല്ല മെഴുക്കുപുരട്ടിയും, പൊരിയലും(തോരൻ) ഉണ്ടാക്കാം. ആവശ്യത്തിന് ഉപ്പും, പച്ചമുളക് കീറിയതൊ, കാന്താരിമുളകൊ ഇട്ട് വേവിക്കണം. ചീനച്ചട്ടിയിൽ വേവിക്കുന്നതാണ് നല്ലത്. വെള്ളം വറ്റുമ്പോഴാണ് വെളിച്ചെണ്ണ ഒഴിക്കേണ്ടത്. മുളകും, മഞ്ഞളും, ജീരകവും, തേങ്ങയും ആവശ്യമെങ്കിൽ ഉള്ളിയും ചേർക്കാം. ഇവയെല്ലാം എത്രമാത്രം മൊരിച്ചെടുക്കുന്നുവോ, അത്രയും സ്വാദ് കൂടും.

ചക്കക്കുരുവിന്റെ പാട ഉപ്പുതളിച്ച് വറുത്തെടുത്തത് ചോറിനുകൂട്ടുന്നത് പണ്ട് പതിവുണ്ടായിരുന്നു.

ചക്കച്ചുള രണ്ടറ്റവും അരിഞ്ഞെടുത്തതും, നടുക്കുള്ളത് നീളത്തി

ൽ അരിഞ്ഞെടുത്തതും, അൽപം ഉപ്പുതളിച്ച് വറുത്തെടുത്താൽ രണ്ടു തരം ചക്കവറുത്തുപ്പേരിയായി.

വരിക്കച്ചക്ക പഴുത്തത് മുറിച്ച് ചുളകൾ മാത്രം അരിഞ്ഞത് വെള്ളം ചേർത്ത് വേവിക്കുക. നല്ലതുപോലെയത് വെന്തുകഴിഞ്ഞാൽ ഉടച്ചെടുത്ത് ആവശ്യത്തിന് ശർക്കര പാവുകാച്ചിയത് അരിച്ചെടുത്ത് ചേർത്ത് ചെറിയ തീയിൽ നല്ലതുപോലെ ഇളക്കുക. അത് വരണ്ടുതുടങ്ങും. ഇളക്കുമ്പോൾ പാത്രത്തിന്റെ അടിഭാഗം കണ്ടുതുടങ്ങും. അപ്പോൾ അൽപം നെയ്യ് ചേർത്ത് ഇളക്കി വാങ്ങിവെച്ചാൽ നല്ല ചക്കവരട്ടിയായി. ഇത് കുറച്ചുനാൾ സൂക്ഷിച്ചുവെക്കാനുമാകും. ഇതിൽ അരി അരച്ചുചേർത്ത് ചക്കയടയുണ്ടാക്കാം. ഇതുകൊണ്ട് പായസമുണ്ടാക്കാം. ഇതിൽ അൽപം ചുക്കും, ജീരകവും ഇടിച്ചുചേർത്ത് ഇളക്കി വാങ്ങിവെച്ചാൽ അതിരസമുണ്ടാകും.

പഴയകാലത്ത് ചക്കവരട്ടി കൽഭരണികളിലാണ് സൂക്ഷിച്ചുവെക്കും. വിശേഷാവസരങ്ങളിൽ ഈ ചക്കവരട്ടിയതും, ആവശ്യത്തിന് ശർക്കരയുരുക്കി അരിച്ചെടുത്തതും(പതിയൻ ശർക്കരയാണ് ഉത്തമം) ഉരുളിയിൽ അടുപ്പിൽവെച്ച് ഇളക്കുക. തേങ്ങ പിഴിഞ്ഞ് പാലെടുക്കുക. ഒരു കിലോ ശർക്കരക്ക് എട്ട് തേങ്ങവരെ എടുക്കാം. തേങ്ങ പിഴിയുമ്പോൾ ആദ്യത്തെ പാൽ മാറ്റിവെക്കുക. അതിൽ ജീരകവും, ചുക്കും നല്ലതു പോലെ പൊടിച്ചിട്ട് മാറ്റിവെക്കുക. വെള്ളംചേർത്ത് തേങ്ങപിഴിഞ്ഞതിന്റെ രണ്ടാമത്തെ പാൽ എടുത്തുവെക്കുക. മൂന്നാമത് ധാരാളം വെള്ളം ചേർത്ത തേങ്ങ അരച്ചുപിഴിഞ്ഞ് മൂന്നാമത്തെ പാലുമെടുക്കുക. ചക്കവരട്ടിയിൽ ശർക്കരചേർത്ത് അടുപ്പിൽവെച്ച് വീണ്ടുമത് വരണ്ടുവരുമ്പോൾ ആവശ്യത്തിന് നെയ്യ് ചേർത്ത് ഇളക്കുക. അപ്പോഴതിൽ മൂന്നാമത്തെ പാലൊഴിച്ച് ഇളക്കുക. അത് വറ്റിവരുമ്പോൾ രണ്ടാമത്തെ പാലൊഴിച്ച് ഇളക്കുക. അത് തിളച്ച് വറ്റിവരുമ്പോൾ വാങ്ങിവെക്കുകയും, ഒന്നാമത്തെ പാലൊഴിക്കുകയും, കിസ്മിസ്(കുരുവില്ലാത്ത ഉണക്കമുന്തിരി), കശുവണ്ടിപരിപ്പ് എന്നിവ നെയ്യിൽ വറുത്തെടുത്തതും ചേർത്ത് നല്ലതുപോലെ ഇളക്കിയെടുത്താൽ, അത് നല്ലൊരു ചക്കവരട്ടിപായസമായി.

വരിക്കച്ചക്കക്ക് പകരം പഴച്ചക്ക(കുഴച്ചക്ക) വരട്ടുമ്പോൾ അതിലെ നാര് പ്രയാസമുണ്ടാക്കാറുണ്ട്. അപ്പോഴത് വേവിച്ച് പിഴിഞ്ഞെടുത്ത് ചേർത്താൽ, അത് വരിക്കച്ചക്ക വരട്ടിയതിനേക്കാൾ രുചികരമായ പായസമായിരിക്കും.

ചക്കപ്പഴം വേവിച്ച് അരിച്ചെടുത്തതിൽ പഞ്ചസാരചേർത്ത് അടുപ്പിൽവെച്ച് കുറുക്കിയെടുത്ത് ചക്കപ്പഴത്തിന്റെ ജാം ഉണ്ടാക്കാം. ഇത കൂടുതൽ നാൾ സൂക്ഷിച്ചുവെക്കാനും കഴിയും. ചപ്പാത്തിക്കും പുട്ടി

നുമൊക്കെ ചേർത്തുകഴിക്കാം. ജാമിന് സുഗന്ധം വരുത്തുന്നതിന് പൂക്കളും, സുഗന്ധവ്യഞ്ജനങ്ങളും ഉപയോഗിക്കാം.

ചക്കച്ചുള ഒരിഞ്ചുനീളത്തിൽ പലതായി കീറിയെടുത്തത് പാകത്തിന് ഉപ്പുചേർത്ത് വെള്ളം തിളച്ചുകഴിഞ്ഞാൽ അതിലിട്ട് വേവിച്ചെടുക്കുക. മഞ്ഞൾപൊടി, പപ്പടക്കാരം എന്നിവ ചേർക്കുന്നത് നല്ലതാണ്. അത് വെന്തുകഴിഞ്ഞാൽ അരിപ്പതവിയിൽ കോരിയെടുക്കാം. അതിലെ വെള്ളം വാർന്നുപോയികഴിഞ്ഞാൽ, അത് വെയിലത്ത് ഉണക്കിയെടുത്ത് സൂക്ഷിച്ചുവെക്കാം. അത് വെളിച്ചെണ്ണയിൽ വറുത്തെടുത്താൽ നല്ല സ്വാദുള്ള ചക്കക്കൊണ്ടാട്ടമായി.

ചക്കയുടെ മുള്ളുമടൽ ചെത്തിക്കളഞ്ഞ് കുരുവൊഴിച്ചുള്ള മടലും, ചവിണിയും, ചുളയും വളരെ ചെറുതായി അരിഞ്ഞെടുത്തതിൽ ആവശ്യത്തിന് ഉപ്പും, വരട്ടുമഞ്ഞളും അരച്ചുചേർത്ത് വേവിക്കുക. മല്ലിയും, മുളകും, തേങ്ങയും വറുത്തരച്ചത് ചേർത്ത് നല്ലതുപോലെ വറ്റിക്കഴിഞ്ഞാൽ വെളിച്ചെണ്ണയൊഴിച്ച് വരട്ടിയെടുത്താൽ, വറുത്തരച്ച ചക്ക കൂട്ടുകറിയായി.

ചക്കച്ചുള വേവിച്ചത് ആട്ടുകല്ലിൽ അരച്ച് കായം, പപ്പടക്കാരം, എള്ള്, ജീരകം, അൽപം കുരുമുളകുപൊടിയൊ, മുളകുപൊടിയൊ ചേർത്ത് ഉരുളയാക്കിയെടുക്കുക. അത് പപ്പടംപോലെ പരത്തി വെയിലത്ത് നല്ലപോലെ ഉണക്കിയെടുക്കുക. അത് വെളിച്ചെണ്ണയിൽ വറുത്തെടുത്താൽ സ്വാദുള്ള ചക്കപപ്പടമായി.

ചക്കയും, മാങ്ങയും വർഷത്തിൽ ഏതാണ്ട് എട്ടോ, ഒമ്പതോ മാസങ്ങളോളമുണ്ടാകും. പഴയകാലത്ത് അവതന്നെയായിരുന്നു, ജാതി മതഭേദമില്ലാതെ കേരളീയരുടെ ഭക്ഷണം. അതുകൊണ്ടുതന്നെ അക്കാലത്തെ കേരളീയരുടെ ശാരീരികവും, മാനസികവുമായ ബല (Immunity)ത്തിൽ ചക്കയും, മാങ്ങയും വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണെന്ന് മനസ്സിലാക്കാം.

കേരളത്തിന്റെ കിഴക്കൻ മേഖലകളിലാണ് ചക്കയ്ക്ക് അമിതപ്രാധാന്യമുള്ളത്. അവിടെ, 'മോരാഹാരവും ചക്ക'യെന്ന് പറയാറുണ്ട്. മറ്റൊരു ചൊല്ലുള്ളത്, 'കിഴക്കരെ ചക്കപോലെ'യെന്നാണ്. കുഞ്ചൻനമ്പ്യാർ 'ഹിഡിംബവധം' തുള്ളലിലും, 'രുഗ്മിണിസ്വയംവര'ത്തിലും ചക്കയെ പരാമർശിക്കുന്നുണ്ട്.

ഹിഡിംബവധത്തിൽ ദുര്യോധനൻ പാണ്ഡന്മാരെ കളിയാക്കി ധൃതരാഷ്ട്രരോട് പറയുന്നതാണ്:

'ചക്കച്ചോറും കാളൻകറിയും
ചക്കച്ചകിണിയുമെന്നിവയല്ലാ-

തികഞ്ഞുങ്ങൾക്കൊരുസുഖഭോജന
മിക്കാലങ്ങളിലില്ലിഹ താത'

രുഗ്മിണിസ്വയംവരം:
'ചക്കപ്പലുമാരാൻ കൊണ്ടുവന്നാ-
ലൊക്കെ മുറിച്ചുചെലുത്തും ഭീമൻ'
'ചക്കപ്രഥമനടപ്രഥമൻ വിധ
മൊക്കെപ്പറവാൻനേരം പോരാ'.

സീതാസ്വയംവരം:
'പച്ചടികിച്ചടിവേപ്പിലമാങ്ങാ
ചക്കപ്രഥമനടപ്രഥമനും പുനഃ'

വടക്കൻ കേരളത്തിൽ മൂക്കാത്ത ഇളം ചക്കയെ 'ചക്കകെണ്ടൽ' എന്നുപറയും. ചക്കക്കെണ്ടൽ ചെറുതായി നീളത്തിൽ മുറിച്ചതിൽ പുളിയും, മുളകും, ഉപ്പും ചേർത്ത് പാകത്തിൽ വെള്ളമൊഴിച്ച് വേവിക്കുക. കറിവേപ്പിലയും, ഉലുവ വറുത്തുപൊടിച്ചതും ചേർക്കുക. അതിൽ കടുകും, മുളക്മുറിച്ചിട്ടതും വറുത്തിട്ടാൽ നല്ല ചക്കകെണ്ടൽപ്പൂക്കായി. ചക്ക അൽപംകൂടി വളർന്നാൽ, ഇതുപോലെതന്നെ മുറിച്ച് പാകംചെയ്ത് നല്ല ചക്കപ്പൂക്ക് ഉണ്ടാക്കാം.

ചക്കക്കുരു സൂക്ഷിച്ചുവെക്കാം. കേടില്ലാത്തതും, മുറിവില്ലാത്തതും, തൊലിപൊട്ടാത്തതുമായ നല്ല ചക്കക്കുരു ചെമ്പുകലത്തിലൊ, മൺകലത്തിലൊ അടച്ചുവെച്ചാൽ കുറച്ചുകാലം കേടുകൂടാതെ പച്ചക്കുരുവായിതന്നെ നിലനിൽക്കും. എന്നാൽ സൂക്ഷിച്ചുവെക്കുമ്പോൾ അതിൽ കേടുള്ളൊരു കുരുവുണ്ടായാൽ അതുമുഴുവനും നശിച്ചുപോവുകയും ചെയ്യും. പഴുത്ത ചക്കയുടെ കുരുവിന്റെ പാട മാറ്റി കഴുകി തുണികൊണ്ട് തുടച്ചെടുത്തത് ചുകന്നമണ്ണുമായി യോജിപ്പിച്ചെടുത്ത് വീടിനകത്ത് ഒരിടത്ത്, മൂലയിൽ തട്ടിയുറപ്പിച്ചുവെക്കുകയാണ് ചെയ്യുന്നത്. പിന്നീട് മൺതിട്ട പൊളിച്ച് കുരുവെടുത്ത് ഉപയോഗിക്കാം. അപ്പോഴേക്കും കുരുവിലെ ജലാംശം വറ്റിയിരിക്കും. കേരളത്തിൽ തെക്കും, വടക്കുമായി ഇതിന് മമ്പിടിചക്കക്കുരുവെന്നും, മുടച്ചക്കക്കുരുവെന്നുമാണ് പറയുക. ഇത് കർക്കിടകത്തിലെ മഴക്കാലത്ത് വറുത്തുതിന്നുകയാണ് പതിവ്.

മമ്പിടിചക്കക്കുരു തൊലികളഞ്ഞ് വൃത്തിയാക്കിയെടുത്തതും, വാട്ടുകപ്പ നല്ലതുപോലെ തിളപ്പിച്ച് ഒരുക്കിയെടുത്തതും, പാകത്തിന് ഉപ്പും, ആവശ്യത്തിന് മുളകും, മഞ്ഞളും അരച്ചതും, വെള്ളവും അടുപ്പിൽ വെക്കുക. തേങ്ങയും, അൽപം ജീരകവും, ഉള്ളിയും(വെളുത്തുള്ളിയുമാകാം), കറിവേപ്പിലയും ചതച്ചെടുത്തത് ചേർക്കുക. വെ

ള്ളം വറ്റുമ്പോൾ അടച്ചുവെക്കുക. ആവി വന്നാൽ ഇളക്കി വാങ്ങിയാൽ, നല്ല സ്വാദുള്ള പുഴുക്കായി. ഇതിൽ ചുകന്നമുളകിന് പകരം കുരുമുളകൊ, കാന്താരി(കപ്പപറങ്കി)മുളകൊ ചേർക്കാം; സ്വാദ് കൂടുതലുണ്ടാവുക കപ്പപറങ്കി ചേർക്കുമ്പോഴാണ്.

പഴുത്ത ചക്കച്ചുളയും, അരിയും, ശർക്കരയും, തേങ്ങയും നല്ലതുപോലെ അരച്ചതിൽ അൽപം ജീരകവും, ചുക്കുപൊടിച്ചതും ചേർത്ത് യോജിപ്പിച്ചെടുക്കുക. അത് വഴന(കറുപ്പ), കുമിഴ്, പൂവരശ്(ചെന്തമരി), വാഴ, കുറുന്തോട്ടി(ഉപ്പിയം അതവാ വട്ട), പ്ലാശ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ ഇല കുമ്പിളാക്കിയതിൽ ഒഴിച്ചത് ആവിക്കുവെച്ച് നല്ല അപ്പ(ചക്കയട)മുണ്ടാക്കാം.

അരി പൊടിച്ച് വറുത്തെടുത്തതിൽ ചക്കപ്പഴം, ശർക്കര, തേങ്ങ എന്നിവ ചേർത്ത് അരച്ചെടുക്കുക. അതിൽ ജീരകപ്പൊടിയും, ചുക്കുപൊടിയും ചേർത്ത് ഇളക്കിയത് കവുങ്ങിന്റെ പാള ചുരുട്ടിയതിനുള്ളിൽ നിറക്കുക. അത് ഭദ്രമായി കെട്ടിവെക്കുക. പാത്രത്തിൽ നല്ല പുഴമണലെടുത്തതിൽ പൂഴ്ത്തിവെച്ച് അടുപ്പിൽവെക്കുക. അങ്ങനെ പഴുത്ത മണലിൽ ചുട്ടെടുക്കുന്നതാണ് ചക്കത്തെടിപുഴുങ്ങൽ.

പ്ലാവിന്റെ വിറകാണ് ഗണപതിഹോമത്തിന് ഉപയോഗിക്കുന്നത്.

പ്ലാവിന്റെ കാതൽ നല്ലൊരു അണുനാശകമാണ്.

പ്ലാവിന്റെ വേര് കഷായംവെച്ചത് കഴിച്ചാൽ വയറിളക്കം നിൽക്കും.

പ്ലാവിലയുടെ കഷായം എല്ലാതരം ജ്വരങ്ങൾക്കും നല്ലതാണ്.

പ്ലാവിന്റെ ഇലകളിട്ട് തിളപ്പിച്ച വെള്ളംകൊണ്ട് വ്രണം കഴുകുകയും, മൂത്ത പ്ലാവിന്റെ പൊളിഞ്ഞുവരുന്ന തൊലിയുടെ ഉള്ളിലെ മൊരി വ്രണത്തിൽ ഇടുകയും ചെയ്താൽ വ്രണം ഉണങ്ങും.

പ്ലാവില അരച്ചത് ത്വക്‌രോഗങ്ങൾക്ക് പോൾട്ടീസിടാം.

രക്തശ്രുതിയിൽ പ്ലാവില അരച്ചുകഴിച്ചാൽ മതി.

പ്ലാവിന്റെ കാതൽ കഷായംവെച്ചു കഴിച്ചാൽ നാഡീസംബന്ധമായ രോഗങ്ങളും, അപസ്മാരവും ശമിക്കും.

കേരളീയർ ചക്കക്കുരു ചുട്ടും, വറുത്തും തിന്നാറുണ്ട്. പഴയകാലത്ത് ചക്കക്കുരു വറുത്തതും, വന്നങ്ങ(മൂക്കാത്തതേങ്ങ) കൊത്തിയതും നവോഢകൾ(യൗവനയുക്തകളായ സ്ത്രീകൾ) തങ്ങളുടെ ഭർത്താക്കന്മാർക്ക് അത്താഴം കഴിഞ്ഞശേഷം തിന്നാൻ കൊടുക്കാറുണ്ട്. രണ്ടും കാമോദ്ദീപകമാണ്.

തിരുവോണം നക്ഷത്രം

എരിക്ക്

ശാസ്ത്രനാമം : Colotropis Gigan tea Linn.
കുടുംബം : Asclepiadacea.
കുലം : അർക്കകുലം.
ഇംഗ്ലീഷ് നാമം : Gantic swallow wort, mudar.
സംസ്കൃതം : സൂര്യാഹ്യഃ, വിക്ഷീരഃ, ക്ഷീരപർണ്ണി, അസ്ഫോട, വസുകഃ, ഭാസ്ക്കരം, രവിഃ, അളർക്കം, മന്ദാരം.
മലയാളം : എരിക്ക്.
ഹിന്ദി : അകവന, ആക, മന്ദാര, മദാര.
തമിഴ് : പെല്ലെർള, എരുക്കു.
കന്നട : എക്കമേലി.
തെലുങ്ക് : ജില്ലേഡു, മനാരമു.
ബംഗാളി : ആകരു.
ഗുജറാത്തി : അകാദോ.
കൊങ്കണി : റുവി.
തുളു : യെക്കാമലെ.
ഉർദു : ഉരുക്ക്.
സിൻഡ് : ബൈങ്കോസ്പ.
പേർഷ്യ : ഖോക്, ഖാർക്ക്.

നക്ഷത്രഗണങ്ങളിൽ ഇരുപത്തിരണ്ടാമത്തെ നക്ഷത്രമാണ് തിരുവോണം. സൃഷ്ടിനക്ഷത്രമാണ്. ദേവത വിഷ്ണുവാണ്. ദേവഗണമാണ്. പുരുഷയോനിയാണ്. ഭൂതം വായുവും, മൃഗം കരിങ്കുരങ്ങും, പക്ഷി കോഴിയുമാണ്. വൃക്ഷം എരിക്കാണ്.

തിരുവോണം നക്ഷത്രം മുഴുവൻ മകരരാശിയിൽ പെടുന്നു. പതിനേഴാം ഭാഗത്താണ് ഉദയമെന്ന് പൗരാണികർ പറയുന്നു. മുഴക്കോൽ പോലെ മൂന്ന് നക്ഷത്രങ്ങളായി കാണുന്ന തിരുവോണം ഉച്ചയിലെത്തുമ്പോൾ മേടം രാശിയിൽ ഒരു നാഴിക പന്ത്രണ്ട് വിനാഴിക ചെല്ലും. ശ്രവണം, വിഷ്ണുശ്രുതി, ശ്രോണം എന്നിവ തിരുവോണത്തിന്റെ പര്യായപദങ്ങളാണ്. തിരുവോണത്തിന്റെ ആദ്യ നാലുനാഴിക അഭിജിത്ത് നക്ഷത്രമാകും.

തിരുവോണം നക്ഷത്രത്തിൽ ജനിക്കുന്നവർക്ക് നക്ഷത്രപ്രകാരം ആദ്യദശ ചന്ദ്രന്റേതാണ്. തിരുവോണം അന്നപ്രാശത്തിന്റെ നാളാണ്. അതുകൊണ്ട് ഒട്ടുമിക്ക മുഹൂർത്തങ്ങൾക്കും നല്ലതാണ്. പ്രതിഷ്ഠ,

ഗൃഹനിർമ്മാണം, ഉപനയനം, ശാന്തികർമ്മം, പൗഷ്ടികകർമ്മം എന്നിവക്ക് വിശേഷിച്ചും നല്ലതാണ്. തിരുവോണം നാളിൽ കിഴക്കോട്ടുള്ള യാത്ര വർജ്ജ്യമാണ്. തിരുവോണനാളിൽ ജനിക്കുന്നവർ കീർത്തിയുള്ളവരും, വിദേശവാസികളും, ദാനശീലരും, സദ്ഭാര്യരും, ധനികരും, സഞ്ചാരശീലരും, ഐശ്വര്യമുള്ളവരും, ബുദ്ധിയുള്ളവരുമായിരിക്കും. തിരുവോണത്തിന്റെ മൂന്നാം കാലിൽ ജനിച്ചാൽ സ്ഥൂലശരീരനും, അൽപസന്തതിയും, മേധാവിയും, കലഹശീലനും, ഉത്സാഹിയും, ഗ്രന്ഥിരോഗിയുമായിരിക്കും. രണ്ടാം കാലിൽ ജനിച്ചാൽ ശോഷിച്ചവനും, കാമിയും, ലുബ്ധനും, ബ്രഹ്മജ്ഞാനിയും, ബഹുഭൃത്യനുമായിരിക്കും. മൂന്നാം കാലിൽ ജനിച്ചാൽ വിഷയാസക്തനും, രോഗിയും, ധനികനും, ദാനശീലനും, അത്യുദാരനും, നിർബന്ധശീലനും, ഭയങ്കരനുമായിരിക്കും. നാലാം കാലിൽ ജനിക്കുന്നവർ ഗണിതവിദഗ്ധനും, സുഖിയും, ധർമ്മിഷ്ഠനും, ദാനശീലനും, ധനികനും, കൃഷിയാദായം ലഭിക്കുന്നവനുമായിരിക്കും.

തിരുവോണം നാളിൽ ജനിക്കുന്നവർക്ക് പലതരം ശാസ്ത്രങ്ങളിൽ അറിവുണ്ടായിരിക്കും. ഹൃദയശുദ്ധിയുള്ളവരും, ശാന്തരുമായിരിക്കും. പ്രവൃത്തികളിലെല്ലാം ആദർശനിഷ്ഠ പുലർത്തുന്നവരും, ആത്മാർത്ഥതയുള്ളവരുമായിരിക്കും. ചതി, വഞ്ചന തുടങ്ങിയ ദ്രോഹപ്രവൃത്തികളെ അനുകൂലിക്കില്ല. എന്നാൽ, ഈ നക്ഷത്രക്കാർക്ക് ദീർഘവീക്ഷണം കുറവാണെന്നൊരു ദോഷമുണ്ട്. ഇവർ ദൈവഭക്തിയുള്ളവരും, സദാചാരനിഷ്ഠരും, ലളിതജീവിതത്തിൽ താല്പര്യമുള്ളവരുമായിരിക്കും. തനിക്കവകാശമുള്ളത് മറ്റുള്ളവർക്ക് വിട്ടുകൊടുക്കാത്തവരാണ്. വിനയസ്വഭാവികളായിരിക്കില്ല. ഇവർക്ക് വിശ്വസ്തരിൽനിന്ന് വിപരീതാനുഭവങ്ങളാണുണ്ടാവുക. സൗന്ദര്യം തികഞ്ഞവരും, ശരീരലക്ഷണങ്ങൾ ഉത്തമമായവരുമാണ്. ഈ നാളുകാർ കുട്ടിക്കാലം മുതൽ സ്വാശ്രയശീലമുള്ളവരാകയാൽ അഭിവൃദ്ധിയുള്ളവരായിരിക്കും.

തിരുവോണത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:

'ശ്രുതവാൻ വിദേശവാസി ദാതാസുകളത്ര വിത്തവിഖ്യാതഃ
അടനഃ ശ്രീമാൻ ധീമാൻ വ്യയഭാരാർത്തോ വിഭൂഃ ശ്രവണജാത'
'ശ്രീമാൻ ശ്രവണേശ്രുതവാൻ ദാരദാരോധനാന്വിതഃ ഖ്യാത'.

തിരുവോണം നക്ഷത്രവൃക്ഷമായ എരിക്ക് ഏഷ്യയിലെ ഉഷ്ണമേഖലകളിൽ സമൃദ്ധമാണ്. അമേരിക്കയിലെ ഉഷ്ണമേഖലയിലും, ശ്രീലങ്ക, മലയ, സിങ്കപ്പൂർ, ചൈന, ഇന്ത്യ എന്നിവിടങ്ങളിലെല്ലാം എരിക്ക് സമൃദ്ധമായി വളരുന്നു. എരിക്ക് വെളുപ്പും, ചുകപ്പുമുണ്ട്. ചുകപ്പിനെ 'കലാട്രോപിസ് ജൈജാന്റിയയിൻ കോറോണ ലോബുകൾ സ്റ്റാമി

നൽ കോളം' എന്നുപറയും. ദളങ്ങൾ പുറകോട്ട് വളഞ്ഞുകാണും. വെളുത്ത പുഷ്പങ്ങളുണ്ടാകുന്നവയെ വെള്ള എരിക്കെന്നുപറയും. ഇതിനെ 'കലാട്രോപിസ്പ്രോസിറയിൻ കോറോണ ലോബുകൾ സ്റ്റാമിനൽ കോളം' എന്നുപറയും. പുഷ്പങ്ങൾ നിവർന്നതാണ്. ചുകന്ന പൊട്ടുകളുള്ളവ ചുകന്ന എരിക്കാണ്.

വെള്ള എരിക്ക് ശൈവവും, ചുകന്ന എരിക്ക് ശാക്തേയവുമാണെന്ന നിലയിൽ എരിക്ക് തന്ത്രാഗമങ്ങളിലും, താന്ത്രികാരാധനാചാരങ്ങളിലും പ്രത്യേകം പ്രാധാന്യമുള്ളവയാണ്.

പ്രായമേറിയ എരിക്ക് നിൽക്കുന്ന മണ്ണ് പുറമേനിന്ന് മാറ്റിയശേഷം വേരുകൾ പിഴുതെടുത്തുനോക്കിയാൽ, അതിൽ കട്ടിയായി ചേർന്നിരിക്കുന്ന മണ്ണിന് ഗണപതിയുടെ ആകൃതിയുണ്ടാകും. അത് ഉടയാതെയെടുത്ത് മെഴുകിയെടുത്തോ, ചുട്ടെടുത്തോ വിഗ്രഹമായി പൂജിച്ചാൽ സർവാഭീഷ്ടങ്ങളും സാധിക്കുമെന്ന് തന്ത്രാരാധകർ വിശ്വസിച്ചുപോരുന്നു.

ഉഷ്ണമേഖലയിലെ എല്ലാ സംസ്ഥാനങ്ങളിലെയും തരിശുഭൂമിയിലും, തീവണ്ടിപ്പാതയുടെ ഇരുവശങ്ങളിലും, റോഡരുകുകളിലും, ശ്മശാനങ്ങളിലുമൊക്കെ എരിക്ക് ധാരാളമായി വളർന്നുകാണാം. പഴയ കാലത്തുള്ളവർക്കിടയിൽ എരിക്കിന് മാറാവ്യാധികളെ ആവാഹിക്കാൻ കഴിവുണ്ടെന്നൊരു പ്രചാരണമുണ്ടായിരുന്നു. രോഗിയുടെ നെറ്റിയിൽ പുരട്ടിയ എണ്ണയോ, നെയ്യോ എരിക്കിലയിൽ പുരട്ടിയെടുക്കുന്നതോടെ അയാളുടെ രോഗം മാറുമെന്നുപറയും.

അണ്ഡദീർഘമായതാണ് എരിക്കിന്റെ ലഘുപത്രങ്ങൾ. സമ്മുഖമായി വിന്യസിച്ചിരിക്കുന്ന രീതിയിലാണ് ഇലകൾ. ഇലക്ക് പതിനഞ്ചുമുതൽ എഴ് സെ.മീറ്റർവരെ വലിപ്പമുണ്ടാകും. അറ്റം കൂർത്തതാണ്. ആധാരഭാഗം ഊനഹൃദയാകാരത്തിലാണ്. പത്രസീമന്തം തരംഗിതവും, പത്രഫലകം തടിച്ചതുമാണ്. ചെറുപ്പത്തിൽ ഇരുപുറങ്ങളിലും പശയുള്ള വെളുത്ത മൃദുലോദങ്ങളുള്ളതും, മങ്ങിയ പച്ച നിറത്തിലുള്ളതുമാണ്. പത്രവൃന്ദം കുറിയതാണ്. എരിക്ക് എല്ലാ കാലത്തും പൂക്കുമെങ്കിലും, ശരിയായ പൂക്കാലം ഡിസംബർ മുതൽ മെയ്-ജൂൺ വരെയാണ്. ഇലകളുടെ കക്ഷങ്ങളിലെ ഛത്രമഞ്ജരികളിൽ പൂക്കൾ അകന്നകന്ന് വിരിഞ്ഞുനിൽക്കും. ഇതിന്റെ മൊട്ടുകൾ വലുതും, കട്ടപല്ലിന്റെ ആകൃതിയിലുമാണ്. ബാഹ്യദളപുടം അഞ്ച് പാളികളോടുകൂടിയതാണ്. അവ ചുറ്റിക്കയറിയതുപോലെ കാണപ്പെടുന്നു. ദളങ്ങൾ വിരിയുമ്പോൾ പാളികൾ അഞ്ചും അകന്ന് വിടരുന്ന്, ചുവട്ടിൽ യോജിച്ചിരിക്കും. അണ്ഡാകൃതിയിലുള്ള ദളപാളികളുടെ അഗ്രം പ്രാസകാകാരത്തിലും, കേസരങ്ങൾ അഞ്ച് ദളലഗ്നങ്ങളുമാ

യിരിക്കും. തന്തുക്കൾ കുഴലാകൃതിയിൽ കൂടിച്ചേർന്നവയും, വെള്ള പൂക്കൾ അൽപം പച്ചകലർന്ന വെള്ളയുമാണ്. ചുകന്നതിന്റേത് ചെറിയതോതിലൊ, പൂർണ്ണമായൊ, വയലറ്റ് നിറമുള്ളതൊ, നീലനിറത്തിലുള്ളതൊആയിരിക്കും. നീല കലരാത്ത, കൃത്യമായ ചുകപ്പുള്ള എരിക്കിൻപൂവ് താന്ത്രികമത(ശാക്തേയം)ത്തിൽ വളരെ പ്രാധാന്യമുള്ളതാണ്. അത്യപൂർവമായി മാത്രം കാണപ്പെടുന്ന ചുകന്ന പൂക്കളെക്കുറിച്ചുള്ള അത്ഭുതകഥകൾ പലതും തന്ത്രസാധകർക്കിടയിൽ പ്രചാരത്തിലുണ്ട്. ഇത്തരം ചുകന്നയിനം എരിക്കുണ്ടെന്ന് 'രാജനിഘണ്ഡു' വിലും, 'ഭാവപ്രകാശ'ത്തിലും വിശദീകരിക്കുന്നുണ്ട്. ദളങ്ങൾക്ക് ഒന്നര സെ.മീ.വരെ നീളം വരും. കേസരതന്തുക്കളുടെ മുകളിൽ അഞ്ച് കിരീടംപോലുള്ള ചുരുണ്ട പാദങ്ങളോടുകൂടിയ ചൂഢകളുണ്ടാകും. ഓരോ പെൺപൂവിലും രണ്ടുവീതം ലവിത്രകബിംബങ്ങളുണ്ടാകും. പച്ചനിറമുള്ളവയാണ്. ചർമ്മിലമായ പുറന്തോടുള്ളവയും, അകത്ത് ജാലികനാരുകളുള്ളവയുമാണ്.

എരിക്കിൻവിത്തുകൾ പരന്ന് അണ്ഡാകൃതിയിലുള്ളവയും, തലപ്പത്ത് പഞ്ഞിക്കെട്ടുള്ളവയുമാണ്. ഇതിനെ അപ്പൂപ്പൻതാടിയെന്ന് പറഞ്ഞ് കുട്ടികൾ കാറ്റിൽ പറത്തികളിക്കുന്നതുകാണാം. ഇത് എരിക്കിന്റെ വിത്തുവിതരണത്തിന് പ്രകൃതിയൊരുക്കിയ കളിയാണെന്ന് കരുതാവുന്നതാണ്. കായയുടെ മധ്യത്തിൽ കാണപ്പെടുന്ന വെളുത്ത ചരടുപോലുള്ള ഞരമ്പിൽ കുത്തനെ അടുക്കിവെച്ചിരിക്കുന്ന വിത്തിനുപുറമെ പഞ്ഞികൊണ്ട് മൂടിയിരിക്കും. എരിക്കിന്റെ ഇലക്കും, കറ (പശ)ക്കും വമനമുണ്ടാക്കാവുന്ന മണമാണ്.

എരുക്കിന്റെ വേരിൽ തിക്തരസപ്രധാനമായ ചില രാസഘടകങ്ങളുണ്ട്. ആദിവാസികൾ പാല് ഉറകൂട്ടാൻ എരിക്കിൻകറയാണ് ഉപയോഗിച്ചിരുന്നത്. തൈരുണ്ടാക്കാനായി പാൽ പുളിക്കുന്നതിനാണുപയോഗിക്കുക. വേരിൽ മഡർ, അൽബാമഡർ, ഫ്ളാബൽ, കറുത്ത അമ്ലം, റസിൻ എന്നിവ അടങ്ങിയിട്ടുണ്ട്. പ്രായമായ എരിക്കിൻചെടികളുടെ വേരിലാണ് കൂടുതൽ രാസഘടകങ്ങളുള്ളത്. ഹൃദയത്തിൽ പ്രവൃത്തിക്കുന്ന ക്ഷുസ്ക്കരിൻ, കലോട്രോപ്പിൻ എന്നീ രണ്ട് ഘടകങ്ങളുണ്ട്. കാണ്ഡത്തിന്റെയും, വേരിന്റെയും തൊലിയിൽ അമേരിൻ, ജൈജാന്റിയോൾ, കലോട്രോപ്പിയോൾ എന്നീ മൂന്ന് രാസവസ്തുക്കളുണ്ട്. ഇലയിലും, തണ്ടിലും നൈട്രജൻ, സൾഫർ എന്നിവയും ജൈജാന്റിനെന്ന കൂടിയ വിഷവും, പാൽക്കറയുമുണ്ട്. ഇലയിൽ അകുണ്ഡാരിനെന്ന രാസഘടകവും കാണാം. ഇലയിലും, തണ്ടിലും ബീറ്റാസിസ് ട്രോസ്റ്റെറോളുണ്ട്. പൂവിൽ ബീറ്റ അമറിൻ, സ്റ്റിഗ്മാസ്റ്റെറോൾ എന്നിവയുണ്ട്. കറയിൽ പ്രോട്ടീസ്, കലാട്രോപ്പിൻ എ1, കലാട്രോപ്പിൻ എ2 എന്നിവയുണ്ട്. ഇതിൽ, പ്രോട്ടിയോലിറ്റിക് എൻസൈ

മുകളുമുണ്ട്. പൂക്കളിൽ എവാനിഡിൻ, റാമ്നോഗ്ലൗഡ് എന്നിവ യുണ്ട്. കറയിൽ ഉസാരിജെനിൻ, ബിറിയോജെനിൻ, പ്രോസെറോ സൈഡ്, കലോട്രോപാജെനിൻ എന്നിവയുണ്ട് കറയിലും, ഇലയി ലും കാർഡെനൊ ലൈഡ്സുണ്ട്.

എരിക്കിൻപൂവ് വാതം, കഫം, കൃമി, കുഷ്ഠം, ചൊറി, വ്രണം, പ്ലീഹ, യകൃത്, രക്തപിത്തം, അർശസ്സ്, മഹോദരം, വീക്കം, എലിവിഷം, പേപ്പട്ടിവിഷം എന്നിവയെ ശമിപ്പിക്കും. അഗ്നിസംവർദ്ധകമാണ്. മലബന്ധമുണ്ടാക്കുന്നതാണ്. 'സുശ്രുതസംഹിത'യനുസരിച്ച്, കഫപിത്തശമനമാണ്. ഇത്തരം ഗുണങ്ങളെല്ലാം എരിക്കിന്റെ എല്ലാ അംഗങ്ങൾക്കുമുണ്ട് പ്രത്യേകിച്ച്, പൂവിനുണ്ട്.

എരിക്കിന്റെ കറ കൃമി, കുഷ്ഠം, ഗുന്മം, അർശസ്സ്, മഹോദരം എന്നിവക്ക് നല്ലതാണ്. വിരേചനത്തിൽ ശ്രേഷ്ഠമാണ്.

എരിക്കിന്റെ ഇല കർണ്ണശൂലത്തിന് ഉത്തമമാണ്. വാതഹരത്വമുള്ളതാണ്.

എരിക്കിന്റെ വേര് കഫം, ശ്വാസംമുട്ടൽ, ചുമ, അതിസാരം, പീനസം, പ്രവാഹിത, രക്തപിത്തം, ശീതപിത്തം, ഗ്രഹണി, അസൃക്ദരം, തേൾവിഷം, കഫജരോഗങ്ങൾ എന്നിവക്ക് നല്ലതാണ്. സ്വേദനമാണ്. വമനത്തിൽ ശ്രേഷ്ഠമാണ്. മധുരരസം പൂവിനല്ലാതെ മറ്റംഗങ്ങൾക്കില്ല. അത് കുറഞ്ഞ ഗുരുവാണ്. മലബന്ധഗുണവും മറ്റംഗങ്ങൾക്കില്ല. ഇത് ഉത്തംസവർഗ്ഗത്തിൽപ്പെട്ട വിരേചനീയ ദ്രവ്യമാണ്.

എരിക്കിന്റെ പാല് ഉപവിഷങ്ങളിൽ പെട്ടതാണ്.

'ഭാവപ്രകാശം' പറയുന്നു:
'അർക്കക്ഷീരം സ്നുഹിക്ഷീരം ലാംഗലീ കരവീരകഃ
ഗുഞ്ജാഹിഫേനോധർത്തുരസ്സപ്തോപവി ഷജാതയഃ'.

എരിക്കിന്റെ പാല് കിട്ടാതെവന്നാൽ അതിന്റെ ഇലയുടെ നീരുപയോഗിക്കാം.

'അർക്കപർണ്ണാദിവയസോഹ്യഭാവേരുദ്രസേമതഃ'.

എരിക്കിന്റെ വ്യുൽപത്തിയെ പറയുന്നു:
അർക്കാ ഹ്യഃ= അർക്കനെന്ന് പേരുള്ളത്. സൂര്യന്റെ പര്യായ പദങ്ങളെല്ലാം എരിക്കിന്റെയും പര്യായപദങ്ങളാണ്. വസുകഃ=തേജസ്സിന് ഇരിപ്പിടം. ആസ്ഫോതഃ=വിടരുന്നത്(സ്ഫുടിവികസനേ). അസ്ഫോടയെന്ന് പാഠാന്തരം. ഗണരുപ=അനേകം സ്വരുപമുള്ളത്. ഇതിൽ അനേകം അവാന്തരവിഭാഗങ്ങളെ സൂചിപ്പിക്കുന്നു. വികിരിണം=

നിറപ്പുവുള്ളത്. മന്ദാര=മന്ദാഗ്നികളെ ഔഷധത്വേന പ്രാപിക്കുന്നത്. അർക്കപർണ്ണഃ=ആദിത്യനെപോലെ തീഷ്ണങ്ങളായ ഇലകളുള്ളത്. ഇത് 'ചരകസംഹിത'യനുസരിച്ച്, ഭേദനീയഗണത്തിൽ വമനോപഗം സ്വേദോപഗമാണ്. 'സുശ്രുതസംഹിത'യനുസരിച്ച്, അർക്കാദിഗണത്തിൽ പെടുന്നതാണ്.

എരിക്ക് കഫപിത്തശമനമാണ്. എന്നാൽ, വെളുത്ത എരിക്ക് കഫവാതശമനമാണ്. ബാഹ്യമായിതിന്റെ സ്ഥാനികകർമ്മം വേദനാസ്ഥാപനം, ശോഫഹരം, വ്രണശോധനം, കൃമിഘ്നം എന്നിവയാണ്. ആഭ്യന്തരകർമ്മമാകട്ടെ, പചനവും ഛർദ്ദികൃതവും ദീപനവും കൃമിഘ്നവുമാണ്.

എരിക്ക് രക്തപരിവഹനസഹായിയും, ശോഫഹരവും, ഹൃദയോത്തേജകവും, രക്തപിത്തശമനവുമാണ്. ശ്വാസഹരവും, കഫനിസ്സാരകവും, ജ്വരഘ്നവുമാകുന്നു.

എരിക്കിൻവേരിലെ തൊലിയുടെ ചൂർണ്ണം അഞ്ഞൂറ് മി. ഗ്രാം മുതൽ ഒരു ഗ്രാം വരെ കഴിക്കാം. കറ 0.75 എം.എൽ മുതൽ ഒരു എം. എൽ.വരെ ഉപയോഗിക്കാം.

നീറ്റുമുറകളിൽ എരിക്ക് അതിപ്രധാനമാണ്. അതിന് കറയാണ് കൂടുതലായി ഉപയോഗിച്ചുവരുന്നത്.

വൈദികകാലത്തുതന്നെ എരിക്ക് കൃമിരോഗങ്ങൾക്ക് കീർത്തികേട്ട ഔഷധമാണ്. ശോഫം, ചൊറി, കുഷ്ഠം, വ്രണം, പ്ലീഹ എന്നീ രോഗങ്ങൾക്ക് നല്ലതാണ്.

ശ്ലീപദം, ആമവാതം എന്നിവക്ക് എരിക്കില ചൂടാക്കി വെച്ചുകെട്ടുന്നതും, എരിക്കിൻ സ്വരസത്തിൽനിന്ന് കാച്ചിയെടുക്കുന്ന തൈലം അഭ്യംഗം ചെയ്യുന്നതും നല്ലതാണ്. ഈ തൈലം കർണശൂലത്തിനും നല്ലതാണ്.

എരിക്കില ചൂർണ്ണം വ്രണശോധത്തിന് നല്ലതാണ്.

ഗണ്ഡമാല, ഗ്രന്ഥി എന്നിവക്ക് എരിക്കിൻപാൽ ലേപനം ചെയ്താൽ നല്ലതാണ്.

എരിക്കിൻപാലും, കടുകെണ്ണയും ചേർത്തുപുരട്ടുന്നത് കുഷ്ഠത്തിൽ നല്ലതാണ്.

എരിക്കിൻപാൽ കഷണ്ടിക്ക് ലേപനം ചെയ്താൽ നല്ലതാണ്.

എരിക്കിൻപാൽ പഞ്ഞിയിൽ മുക്കിവെച്ചാൽ പല്ലുവേദന ശമിക്കുന്നതാണ്.

എരിക്കിന്റെ നീരും, കുരുമുളകും ചേർത്ത് കഴിക്കുന്നത് സർപ്പവിഷത്തിൽ നല്ലതാണ്.

'രാജനിഘണ്ടു' പറയുന്നു:
'അർക്കക്ഷീരദളഃ പുഛരിപ്രതാപഃ ക്ഷീരകാണ്ഡകഃ
വിക്ഷീരോഭാസ്ക്കരഃ ക്ഷീരീവർജ്ജൂഘ്നശിവപുഷ്കഃ
ഭഞ്ജനഃ ക്ഷീരപർണ്ണീസ്യാത് സവിതാച വികീരണഃ
സൂര്യാഹ്വശ്ച സദാപുഷ്പോരവിരാസ്ഫോടകസ്തഥാ
തൂലഫലഃ ശുകഫലോവിംഗാതിശ്ച സമാഹ്വയഃ
ശുക്ലാർക്കസ്തപനഃ ശ്വേതഃ പ്രതാപശ്ചസിതാർക്കകഃ
സുപുഷ്പഃ ശങ്കരാഭിഃ സ്യാദര്യർക്കോവൃതമല്ലികാ
രാജാർക്കോവസുദോ?ളർക്കോ മന്ദാരോഗമിതരൂപകഃ
കാഷ്ഠീലശ്ചസദാപുഷ്പോജ്ഞേയയ്യോത്രസ്പതസമ്മിതഃ'.
'അർക്കസ്തുകടുരുഷ്ണശ്ച വാതജിത്ദീപനീയകഃ
ശോഫവ്രണഹരഃ കണ്ഡുകുഷ്ഠകൃമിവിനാശനഃ
ശ്വേതാർക്കഃ കടുതിക്തോഷ്ണോമലശോധനകാരകഃ
മൂത്രകൃച്ഛ്രാസ്രശോഫാർത്തി വ്രണദോഷവിനാശനഃ
രാജാർക്കാകടുതിക്തോഷ്ണഃ കഫമേദോവിഷാവഹഃ
വാതകുഷ്ഠവ്രണാൽ ഹന്തിശോഫകണ്ഡുവിസർപ്പനുത്'.

'അഭിജ്ഞാനമഞ്ജരി' പറയുന്നു:
'അർക്കഃ സ്യാദാസ്ഫോതോവികിരണോ... ലോ?ർക്ക പുഷ്പശ്ച
ക്ഷീരിണ്യാദിത്യാഹുവഃ സുരൂപിണി ദുഗ്ധിനി ശുക ഫലശ്ച
സ ഏവക്ഷീരവർണ്ണശ്ച വിക്ഷുരോദുഗ്ധികാതഥാ
ഏവകൈഷികേതിവിജ്ഞേയഃ ശബ്ദൈഃ പര്യായവാചശ്ച
അന്യോ?ളർക്കോ?ത്യാർക്കോരാജാർക്കഃ ശ്വേതപുഷ്പകഃ
ശ്വേതാർക്കോ മന്ദാരോവസുകോ ഗണരൂപികഃ സദാപുഷ്പി
ശിവശേഖരശ്ച വൃക്ഷോവസുപ്രദോ ദീർഘപുഷ്പശ്ച
ശിവമല്ലികാ ശുകശ്ച പ്രതാപസാഖ്യോമഹാപശുപതിസ്യാത്'

'ഭാവപ്രകാശം' പറയുന്നു:
'അർക്കദ്വയംസരം വാതകുഷ്ഠ കണ്ഡുവിഷവ്രണാൻ
നിഹന്തി ഗുൽമാർശഃ ശ്ലേഷ്മോദരശകൃത് കൃമീൻ
അലർക്കകുസുമം വൃഷ്യം ലഘുദീപന പാചനം
അരോചകഃ പ്രസേകാർശഃ കാസ ശ്വാസ നിവാരണം
രക്താർക്ക പുഷ്പം മധുരം സ തിക്തം കുഷ്ഠകൃമിഘ്നം
കഫനാശനഞ്ച
ക്ഷീരമർക്കസ്യതിക്തോഷ്ണം സ്നിഗ്ധം സ ലവണം ലഘു
കുഷ്ഠഗുൽമോദരഹരം ശ്രേഷ്ഠമേതദ്വിരേചനം'.

'കൈഢര്യാദിനിഘണ്ടു' പറയുന്നു:
'അർക്കസ്യ പുഷ്പം മധുരം സതിക്തം കുഷ്ഠം കൃമിഘ്നം
കഫനാശനഞ്ച
അഖോർവിഷം ഹന്തി ച രക്തപിത്തം സംഗ്രാഹിശോഫേച
ഹിതം സഗുൽമേ
അളർക്ക കുസുമം വൃഷ്യം ലഘുപാചന ദീപനം
അരോചക പ്രസേകാർശഃ കാസശ്വാസനിബർഹണം
അർക്കക്ഷീരംസ്നഹിക്ഷീരം സ്നിഗ്ധംവാ കടുകം ലഘു
ഗുൽമിനാം കുഷ്ഠിനാം ചാപിതഥൈവോദരരോഗിണാം
ശ്രേഷ്ഠമേതദ്വിരേകാർത്ഥേചാന്യേദീർഘരോഗിണഃ
ക്ഷീരമർക്കസ്യതിക്തോഷ്ണം സ്നിഗ്ധം സലവണം ലഘു
കുഷ്ഠഗുല്മോദരഹരം ശ്രേഷ്ഠമേതദ്വിരേചനം'.

'ഗുണപാഠം' പറയുന്നു:
'എരുക്കില ശമിപ്പിക്കും വാതത്തേയും കഫത്തേയും
നന്നേറ്റം കർണശൂലയ്ക്കും ദീപനത്തിനുമുത്തമം
വെള്ളെരിക്കില കാസശ്വാസാഗ്നി സാദാമഹോദരം
ഗുന്മപ്രമേഹകുഷ്ഠഞ്ചകഫവാതങ്ങൾ ശോഫവും
കൃമിയെന്നിവയുണ്ടായാലാവറ്റിന്റെ വിനാശകൃതം
പൂവിനും ഗുണമീവണ്ണം വേർ വിരേചനമായ്വരും
എരുക്കിൻ പൂവെലിവിഷം കൃമികുഷ്ഠഞ്ചനാശയേൽ'.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'രക്താർക്ക പുഷ്പംമധുരം സ ശീതം- കുഷ്ഠകൃമിഘ്നം
കഫനാശനം ച അർശോവിഷംഹന്തി ച
രക്തപിത്തംസംഗ്രാഹിഗുല്മശ്വഹിതമത്'

'മദനപാല നിഘണ്ടു' പറയുന്നു:
'കഫവാതഹരാ തിക്താകൃമികുഷ്ഠനിവാരിണി
ദുഷ്ടവ്രണഹരാ തീഷ്ണാ സദാപുഷ്പിവിഷാപഹാ
തീഷ്ണോ വിഷഘ്നോ ഭൂതഘ്നോ മന്ദാരഃ കഫവാതഹാ
തൂപികായാഗുണൈസ്തുല്യഃ പ്ലീഹഘ്നോരക്തഗുല്മനുത്'

നീല എരിക്കിന്റെ ഭാഗങ്ങൾ വിഷമുള്ളതാണ്. അതുപോലെ വെള്ള എരിക്കിനും വിഷമുണ്ട്. എരിക്ക് കഴിച്ച് വിഷമുണ്ടായാൽ പ്രതിവിധികൾ നാലെണ്ണമുണ്ട്. 1. നീലയമരിയില പിഴിഞ്ഞ നീര് ഒരു ടീസ്പൂൺ രണ്ടുനേരം കഴിക്കണം. 2. ആവണക്കെണ്ണ ശുദ്ധിചെയ്ത് ഒരു ടീസ്പൂൺ രണ്ടുനേരം കഴിക്കണം. 3. വെള്ളത്തിൽ പഞ്ചസാര കലക്കി കഴിക്കണം. 4. വാളംപുളിയില പിഴിഞ്ഞ നീര് വെള്ളം ചേർത്ത്

പത്ത് എം.എൽ. രണ്ടുനേരം കഴിക്കണം.

എരിക്കിന്റെ ഇല, തൊലി, വേര്, കായ എന്നിവയിൽ വിഷാംശമുണ്ടെങ്കിലും കറയിലാണ് കൂടുതൽ വിഷമുള്ളത്. ത്വക്കിൽ കറയായാൽ പൊള്ളലുണ്ടാകും. കറയെടുക്കുന്നത് സാധാരണ തേങ്ങ തുരന്നതിലാണ്. ഒരു സ്റ്റീൽപാത്രത്തിൽപോലും എരിക്കിൻ കറയെടുത്താൽ പാത്രം തുളഞ്ഞുപോകും. കറ കണ്ണിലായാൽ കാഴ്ച നഷ്ടപ്പെടും. ഗർഭാശയമുഖത്ത് കറ പുരട്ടിയാൽ ഗർഭം അലസിപ്പോകും. പഴയകാലത്ത് ഗർഭമലസിപ്പിക്കാൻ അപൂർവമായി ഇതുപയോഗിച്ചിരുന്നെങ്കിലും, വളരെ അപകടകരമാണെന്ന് തിരിച്ചറിഞ്ഞിരുന്നു. കറ പത്ത് ഗ്രാമിലേറെ കഴിച്ചാൽ മാരകമായിരിക്കും ഫലം. അത് ഉള്ളിലെത്തിയാലുടൻ കടുത്ത ഉമിനീർ പ്രവാഹമുണ്ടാകും. മുഖത്ത് ചൊറിച്ചിലും, അന്നനാളത്തിലും ആമാശയത്തിലും ചുട്ടുനീറ്റലും, ഛർദ്ദിയും, അതിസാരവുമുണ്ടാകും. രക്തമത് സ്വീകരിച്ചാൽ തലച്ചോറിനേയും, സുഷുമ്നയേയും ബാധിച്ച് കടുത്ത അസ്വാസ്ഥ്യവും, തളർച്ചയും, ശ്വാസംമുട്ടലും, നെഞ്ചിടിപ്പും, താമസിയാതെ മരണവുമുണ്ടാകും. കറ ഉള്ളിലായാൽ എള്ള് കഷായംവെച്ചതിൽ ശർക്കരചേർത്ത് രണ്ടോ, മൂന്നോ തവണ ഒരു തുടം വീതം കഴിച്ചാൽ വിഷവികാരങ്ങൾ പൂർണ്ണമായി വിട്ടുമാറും.

'ചരകസംഹിത'യിൽ എരിക്കിനെക്കുറിച്ച് അർക്കം എന്നുമാത്രമേ പറയുന്നുള്ളൂ. 'സുശ്രുതസംഹിത' അർക്കമെന്നും, അളർക്കമെന്നും രണ്ടെണ്ണത്തെ പറഞ്ഞിട്ടുണ്ട്. 'ഭാവപ്രകാശം' വെളുപ്പും, ചുകപ്പും, നീലയുമുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. 'ധന്വന്തരിനിഘണ്ടു' അർക്കവും, രാജാർക്കവുമാണെന്ന് പറഞ്ഞു. 'രാജനിഘണ്ടു'കാരൻ അർക്കം, രാജാർക്കം, ശുക്ലാർക്കം, ശ്വേതമന്ദാരം എന്നിങ്ങനെ നാലെണ്ണമുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അരുണദത്തൻ മന്ദാർക്കം വെളുത്ത പൂവുള്ളതാണെന്നും, രാജാർക്കത്തിന്റെ പൂവ് നീണ്ടകാലം(ദീർഘപുഷ്പം) നിലനിൽക്കുമെന്നും പറഞ്ഞിട്ടുണ്ട്.

എരിക്കിന്റെ ഭാഗങ്ങൾകൊണ്ടുണ്ടായ വിഷമാണെങ്കിൽ, അത് 'ശവഛേദപരീക്ഷണം'കൊണ്ട് അറിയാൻ കഴിയും. എരിക്കിൻവിഷമാണെങ്കിൽ ആമാശയത്തിലും, കുടലിലും അസ്വസ്ഥതകളുണ്ടായതിന്റെ ലക്ഷണങ്ങൾ കാണാം. വായയിലും, ആമാശയത്തിലും, ചുകപ്പുനിറവും വീക്കവുമുണ്ടാകും. ചിലപ്പോൾ സുഷിരങ്ങളും കാണും. എരിക്കിൻ കറ കുടലിൽ പറ്റിപ്പിടിച്ചിരിപ്പുണ്ടാകും. മൂക്കിൽനിന്നും, വായയിൽനിന്നും രക്തംകലർന്ന ദ്രവം ചിലപ്പോൾ പുറത്തുവന്നിരിക്കും. ചെറുകുടൽ, കരൾ, പ്ലീഹ, വൃക്ക, തലച്ചോർ തുടങ്ങിയ ഭാഗങ്ങൾ വീർത്തിരിക്കും. ഹൃദയത്തിന്റെ അറകളിൽ രക്തം കാണുകയില്ല.

കൃഷ്ണമണി വികസിച്ചിരിക്കും.

എരിക്കിൻപൂവ് ദഹനസഹായിയാണ്.

ശുദ്ധിചെയ്ത എരിക്കിന്റെ 'ടിഞ്ചർ' വയറുകടിക്ക് നല്ലതാണ്.

എരിക്കിൻകറ അരിമ്പാറ, ആണി എന്നിവക്കുമേൽ ഉറ്റിച്ചാൽ അവ ദ്രവിച്ചുപോകും.

എരിക്കിൻകറ പഞ്ഞിയിൽ മുക്കിവെച്ചാൽ പല്ലുവേദന പോകും.

എരിക്കിൻപാൽ പേപ്പട്ടിവിഷത്തിൽ നല്ലൊരു ഔഷധമാണ്.

എരിക്കില ചൂടാക്കിയത് വേദനയുള്ള ഭാഗത്ത് അമർത്തിപ്പിടിച്ചാൽ ആശ്വാസമുണ്ടാകും.

പാർഷ്ണിശൂല(ഉള്ളംകാലിൽ വേദന)ക്ക് ചൂടാക്കിയ തറയിൽ എരിക്കിലയിട്ട് ചവിട്ടിനിന്നാൽ മാറും.

എരിക്കിൻ കായയിൽ നിന്നെടുക്കുന്ന എണ്ണ ത്വക്‌രോഗങ്ങൾ, കൃമി, കുഷ്ഠം എന്നിവക്ക് നല്ലതാണ്.

എരിക്കിന്റെ കായയിൽ നിന്നെടുക്കുന്ന പഞ്ഞി തലയിണ ഉണ്ടാക്കാൻ ഉപയോഗിക്കും.

എരിക്ക് ചതച്ചെടുത്താലുണ്ടാകുന്ന മണം പാമ്പുകൾക്ക് അസഹനീയമാണ്. അതുകൊണ്ട് പാമ്പുകളെ അകറ്റാനും എരിക്ക് ഉപയുക്തമാണ്.

എരിക്കിന്റെ ഉണക്കിയ ഒരു പൂവും, ഒരു മുളകും അരച്ചതും വെറ്റില നീരും ചേർത്ത് ചവച്ചിറക്കിയാൽ ചുമ, ശ്വാസംമുട്ടൽ, കഫക്കെട്ട് എന്നിവ മാറും.

കാൽവിരലുകളുടെ ഇടയിൽ മഴക്കാലത്തുണ്ടാകുന്ന വളംകടി (പുഴുക്കടി)ക്ക് എരിക്കിൻകറ അൽപം പുരട്ടിയാൽ ആശ്വാസമാകും.

എരിക്കിൻതൊലി ചതച്ച് ഉരുട്ടിയെടുത്തതിന്റെ പുറത്ത് കടുക് അരച്ചു പൊതിയുക. അതിനുമേൽ മണ്ണുപൊതിഞ്ഞ് അടുപ്പിലിട്ട് ചുടുക. നല്ലതുപോലെ മണ്ണ് ചുകന്നുകണ്ടാൽ അതെടുത്ത് തണുപ്പിക്കുക. അതിന്റെ മണ്ണ് അടർത്തിക്കളഞ്ഞ് കടുകെണ്ണയിൽ ചാലിച്ച് പുറമെ പുരട്ടിയാൽ എക്സിമ തുടങ്ങിയ ത്വക് രോഗങ്ങൾ മാറും.

എരിക്കിലനീര് അല്ലെങ്കിൽ എരിക്കിൻകറ എണ്ണകാച്ചിയത് രണ്ട് തുള്ളി ചെവിയിൽ ഉറ്റിച്ചാൽ ചെവിവേദനയും, പഴുപ്പും ശമിക്കും.

'ചക്രദത്തം' പറയുന്നു:

എരിക്കിലനീരും, ആര്യവേപ്പിലനീരും, തേൻ ചേർത്ത് കഴിച്ചാൽ ഉദരകൃമികൾ നശിക്കും.

എരിക്കിൻപാലും, മഞ്ഞളും ചേർത്തരച്ചത് പുരട്ടിയാൽ ദേഹത്തുണ്ടാകുന്ന കറുത്ത പാടുകൾ പോകും.

പാമ്പ് കടിയേറ്റാലുടൻ എരിക്കില ചവച്ചിറക്കുകയും, എരിക്കിന്റെ പച്ചവേര് അരച്ചത് കടിവായയിൽ പുരട്ടുകയും, ശക്തിയായിതിരുമ്മുകയും ചെയ്താൽ മതി.

എരിക്കിൻകായ ഒരു ഭാഗം, മഞ്ഞളില ഒരു ഭാഗം, കരുനൊച്ചിയില ഒരു ഭാഗം എന്നിവ അരച്ച് കൽക്കമായി, അതിന്റെ നാല് ഇരട്ടി ആട്ടിൻപാലും, പാലിനുപകുതി എള്ളെണ്ണയും ചേർത്ത് വിധിയാവണ്ണം കാച്ചിയെടുക്കുന്ന എണ്ണയെ 'അർക്കാദിതൈല'മെന്ന് പറയും. ഇത് ത്വക്‌രോഗങ്ങളായ ഭദ്രു, പുഴുക്കടി(വളംകടി), കുഷ്ഠം എന്നിവക്കുള്ള ലേപനത്തിന് ഉത്തമമാണ്.

എരിക്കിൻവേര്, ഗുൽഗുലു(ശുദ്ധി), അമുക്കുരം എന്നിവ അരച്ചത് രണ്ടുഗ്രാം വീതമുള്ള ഗുളികകളാക്കിവെച്ചതിൽ ഒരു ഗുളിക വീതം മൂന്നുനേരം കഴിച്ചാൽ ആമവാതം, സന്ധിഗതവാതം, വാതരോഗം എന്നിവ മാറും.

എരിക്കില അരിഞ്ഞെടുത്തതിൽ നല്ലതുപോലെ മൂത്തുണങ്ങിയ തേങ്ങ ചിരവിയെടുത്തത് ചേർത്ത് ഒരു ദിവസം കഴിഞ്ഞതിന്റെ പിറ്റേദിവസം അത് പിഴിഞ്ഞരിച്ചെടുക്കണം. അതിൽ അൽപം നെല്ലിക്ക, ഗന്ധകം എന്നിവ പൊടിച്ചിട്ട് വെയിലത്തുവെച്ച(സൂര്യസ്ഫുടം) ശേഷമത് പുരട്ടിയാൽ എല്ലാതരം ത്വക്‌രോഗങ്ങളും, ചൊറിയും, ചിരങ്ങും മാറും.

വെളുത്ത എരിക്കിൻവേര് അരികഴുകിയ വെള്ളത്തിൽ അരച്ചു പുരട്ടിയാൽ മന്ത് ശമിക്കും.

വെളുത്ത എരിക്കിൻവേര് അരച്ചത് രണ്ടുഗ്രാം പാലിൽ ചേർത്തുകഴിച്ചാൽ ത്വക്‌രോഗങ്ങളും, കുഷ്ഠവും, വിഷവും, ചിരങ്ങും, പുണ്ണും ശമിക്കും.

വെളുത്ത എരിക്ക് സമൂലം അരച്ചത് പാലിൽചേർത്ത് കഴിച്ചാൽ കുഷ്ഠം, വീക്കം, കരപ്പൻ എന്നിവ മാറും.

വെളുത്ത എരിക്ക് സമൂലമിട്ട് തിളപ്പിച്ചവെള്ളം കവിൾകൊണ്ടാൽ പല്ലുവേദന മാറും.

എരിക്കില അരിഞ്ഞ് കിഴികെട്ടിയത് പശുവിൻനെയ്യിൽ ചൂടാക്കി

ഏഴുദിവസം രണ്ടുനേരം കിഴികുത്തിയാൽ കാലിലെ ആണിരോഗം (ആണി അടർന്ന്) പോകും. ഇതിനിടയിൽ എരിക്കിൻകറ പുരട്ടുന്നതും നല്ലതാണ്.

എരിക്കിലയിൽ വെളിച്ചെണ്ണ പുരട്ടി ചൂടാക്കിയത് വീക്കമുള്ള വൃഷണങ്ങളിൽ വെച്ചുകെട്ടിയാൽ വൃഷണവീക്കം പോകും.

എരിക്കിലനീര്, ആവണക്കിലനീര് എന്നിവ സമമായെടുത്തതും, കൽക്കമായി ദശമൂലം അരച്ചതും ചേർത്ത് കാച്ചിയടുത്ത എണ്ണ തേയ്ക്കുകയും, നസ്യം ചെയ്യുകയും ചെയ്താൽ മന്യാസ്തംഭം മാറും.

എരുക്കിൻവേര്, കിരിയാത്ത്, തഴുതാമവേര്, കയ്യുണ്യം, ചിറ്റരത്ത, കരിനൊച്ചിയില, കറുത്ത ചണ്ണക്കിഴങ്ങ്, ദേവതാരം, ചെവിയം, ചുക്ക്, മുളക്, തിപ്പിലി, ശുദ്ധിചെയ്ത കൊടുവേലിക്കിഴങ്ങ് എന്നിവ സമമായെടുത്ത് കഷായംവെച്ചത് തേൻചേർത്ത് കഴിച്ചാൽ സന്നിപാതജ്വരം, സൂതികാരോഗങ്ങൾ, വായുവികാരം, അപസ്മാരം, ശൈത്യം എന്നിവ ശമിക്കും.

എരിക്കിൻകറ പുരട്ടിയാൽ ഇളകിയ പല്ലുകൾ ബലപ്പെടും.

എരിക്കിലനീര് നസ്യംചെയ്താൽ തേളുകടിച്ച വിഷം മാറും.

എരിക്കില കഷായംവെച്ചത് തണുത്തശേഷം ധാരചെയ്താൽ ലിംഗവ്രണം മാറും.

എരിക്കിലയിൽ നെയ്യ് പുരട്ടിയത് തീയിൽ വാട്ടിയെടുത്ത് പിഴിഞ്ഞ നീര് ചെവിവേദനക്ക് ഉത്തമമാണ്.

എരിക്കിലയിൽ വേപ്പെണ്ണ പുരട്ടിയത് തീയിൽ വാട്ടിപിഴിഞ്ഞ നീര് ചെവിവേദനയും, പഴുപ്പും മാറ്റും.

എരിക്കിലയും, മഞ്ഞളും അരച്ച് എണ്ണകാച്ചിയെടുത്ത് പുരട്ടിയാൽ കുഷ്ഠം മാറും.

എരിക്കില നീര്, പനയോല, മഞ്ഞൾ എന്നിവ എണ്ണകാച്ചി അരിച്ചത് പുരട്ടിയാൽ എല്ലാതരം ത്വക്‌രോഗങ്ങളും മാറും.

എരുക്കിന്റെ കറ വെറ്റിലയിൽ തേച്ചുണക്കിയത് സ്ഫുടംചെയ്തെടുത്ത ഭസ്മം കുന്നിക്കുരു തൂക്കത്തിൽ കഴിച്ചാൽ എല്ലാതരം വേദനയും മാറും.

എരിക്കിൻപാൽ, തിപ്പലിപ്പൊടി, പൊൻമെഴുക്, കള്ളിപ്പാൽ എന്നിവ ചേർത്തരച്ച് ഗുളികയാക്കി(മാഷപ്രമാണം)വെച്ചത് കഴിച്ചാൽ എല്ലാതരം ജംഗമവിഷവും മാറും. ഇതേ ഗുളിക കടിവായയിൽ തേക്കുന്ന

തും നല്ലതാണ്.

എരിക്കിൻകറയും, അങ്കോലത്തിലയുടെ നീരും ചേർത്തരച്ചത് ഗുളികകളാക്കി ഉരുട്ടിവെച്ചിരുന്നത് കഴിച്ചാൽ പേപ്പട്ടിവിഷത്തിന് നല്ലതാണ്.

എരിക്കിൻകറയുടെ ടിഞ്ചർ ഉണ്ടാക്കിവെച്ചത് കഴിച്ചാൽ വയറുകടി മാറും.

എരിക്കിൻകറ പുരട്ടിയാൽ പുഴുപ്പല്ല് മാറും.

എരിക്കിൻകറയും, കുരുമുളകും അരച്ചത് പുരട്ടിയാൽ തേൾവിഷം മാറും.

നല്ല വെളുത്ത തുണി ഒരു മുഴം ചതുരത്തിൽ കീറിയെടുത്തത് ഏഴുനാൾ എരിക്കിൻപാലിൽ മുക്കിയെടുത്ത് ഉണക്കണം. തുടർന്നത്, ഏഴുനാൾ കള്ളിപ്പാലിൽ മുക്കിയെടുത്ത് ഉണക്കണം. തുടർന്ന്, മുപ്പത് രൂപാതൂക്കം വെണ്ണയും, അഞ്ച് രൂപാതൂക്കം നെല്ലിക്കാഗന്ധകവും അരച്ചെടുത്തത് തുണിയിൽ തേച്ചുപിടിപ്പിക്കുക. അതിനുശേഷം തുണി ഒരു കമ്പിൽ ചുറ്റി എണ്ണയിൽ മുക്കിയെടുത്ത് കത്തിക്കുക. അപ്പോഴതിൽനിന്നും കിട്ടുന്ന തൈലം പുരട്ടിയാൽ എല്ലാതരം ത്വക്രോഗങ്ങളും മാറും.

വെളുത്ത എരിക്കിൻവേര് വളരെ കുറഞ്ഞ മാത്രയിൽ പാലിൽകഴിച്ചാൽ കുട്ടികളുടെ ചൊറി മാറും.

എരിക്കിൻവേര് ചതച്ച് പല്ലുതേച്ചാൽ പല്ലുകൾ ബലപ്പെടും.

എരിക്കില അരച്ചത് വറുത്ത് ഉമിക്കരിപോലെയാക്കിയെടുത്ത് പല്ലുതേച്ചാൽ മോണപഴുപ്പും, ദുർഗന്ധവും മാറും.

ഒരു എരിക്കില പകുതിയും, മഞ്ഞൾപൊടിയും ചേർത്തരച്ചത് രാവിലെ വെറുംവയറ്റിൽ കഴിച്ചാൽ കരൾവീക്കം മാറും. പ്ലീഹക്ക് വീക്കമുണ്ടെങ്കിൽ 'പ്ലീഹോദരാദിവടിക'യും വെള്ളത്തിൽചേർത്ത് അരിച്ചെടുത്ത് കഴിക്കണം.

എരിക്കിൻവേര്, മഞ്ഞൾ, വേപ്പില, കടുക്കാത്തോട്, ഇന്തുപ്പ് എന്നിവ മോരിൽ അരച്ചത് പുരട്ടിയാൽ ഭഗന്ദരം ശമിക്കും.

എരിക്കിൻപൂവ് ഉണങ്ങിയതും, ചുക്ക്, മുളക് തിപ്പലി എന്നിവ പൊടിച്ചതും, ഇന്തുപ്പും, ഒരുഗ്രാം വീതം വെറ്റിലയിൽ പൊതിഞ്ഞ് ചവച്ചിറക്കിയാൽ ചുമ, ശ്വാസംമുട്ടൽ, കഫം എന്നിവ മാറും.

എരിക്കിലയുടെ ഭസ്മം എരുമവെണ്ണയിൽ ചാലിച്ചത് ചുണ്ടുകൾ

വിണ്ടുകീറുന്നതിന് പുരട്ടാൻ നല്ലതാണ്.

എരിക്കിലയും, ഇന്തുപ്പും അരച്ചതിന്റെ അന്തർധൂമമായി എടുക്കുന്ന ഭസ്മം തൈരിൽ കഴിച്ചാൽ അപചി, പ്ലീഹോദരം(ലുക്കിമിയ) മാറും.

എരിക്കിൻപാൽ ഏഴുതുള്ളി വീതം ഏഴുദിവസം രാവിലെ കഴിക്കണം. നല്ല ഉറയുള്ള ചുണ്ണാമ്പ് നെല്ലിക്കാകുരു വലിപ്പത്തിലെടുത്ത്, പശുവിനെ കറന്നെടുത്തതിന്റെ ചൂടുള്ള പാലിൽ ചേർത്ത് ഊറൽ മാറ്റിയെടുക്കണം. ഒഴുക്കുള്ള പുഴയിൽ കഴുത്തറ്റം വെള്ളത്തിൽ ഇറങ്ങിനിന്ന് അത് കുടിക്കണം. തണുത്ത് വിറക്കുന്നതുവരെ മുങ്ങിക്കുളിക്കണം. കുളിച്ചുകയറി വെള്ളം തോർത്തിക്കഴിഞ്ഞ്, നെല്ലിന്റെ ഓവുകൊണ്ട് നെറുകെ കീറിയെടുത്ത പൂവാങ്കുറുന്തിലയുടെ നീര് നെറുകയിൽ ഒഴിച്ചാൽ, എത്ര പഴകിയ എലിവിഷവും മാറും. ഈ ഏഴുദിവസവും പഥ്യത്തോടെ, ഞൊട്ടാഞൊടിയൻ(മൊട്ടാമ്പുളി) അരച്ചത് വൈകുന്നേരം കഴിക്കണം.

എരിക്കിൻപാൽ, എള്ളെണ്ണ, ശർക്കര, നാടൻകോഴിയുടെ കാഷ്ടം എന്നിവ ചേർത്തരച്ചത് പേപട്ടി കടിച്ച വ്രണത്തിൽ പുരട്ടിയാൽ വിഷം ശമിക്കും.

എരിക്കിന്റെ ഇലനീരും, തേങ്ങാപ്പാലും യോജിപ്പിച്ചത് വെയിലത്തുവെച്ച്, അതിലെ നീരുവറ്റിയാൽ കിട്ടുന്ന എണ്ണ കുഷ്ഠവ്രണങ്ങൾക്ക് നല്ലതാണ്.

എരിക്കിൻതണ്ട് തീയിൽ ചുട്ടെടുത്ത ഭസ്മം വേച്ചുരനീരിൽ ചാലിച്ച് പുരട്ടിയാൽ കപാലകുഷ്ഠം മാറും.

എരിക്കിൻവേര് കഷായം കവിൾകൊണ്ടാൽ പല്ലുവേദന മാറും.

എരിക്കിലയും, മഞ്ഞൾപൊടിയും ചേർത്തുകഴിച്ചാൽ പ്ലീഹയുടെ വീക്കം മാറും.

എരിക്കില വറുത്തുപൊടിച്ചത് വിതറിയാൽ പൊക്കിൾക്കൊടിയിൽ പഴുപ്പുണ്ടായത് മാറും.

എരിക്കിൻപാൽ, കരിനൊച്ചിയിലനീര്, വാളൻപുളിയിലനീര്, മഞ്ഞൾനീര്, ആട്ടിൻപാൽ, നല്ലെണ്ണ എന്നിവ സമമായെടുത്ത് കാച്ചിയരിച്ചത് പുരട്ടിയാൽ എല്ലാതരം വാതരോഗങ്ങളും മാറും.

ഉദരകൃമികളെ ഉച്ചാടനം ചെയ്യുന്നതിന് എരിക്കിൻവേര് അരച്ചത് വയറ്റിൽപുരട്ടിയ ശേഷം ഒരു കപ്പ് ചൂടുവെള്ളം കുടിച്ച് രാത്രിയുറങ്ങുക. രാവിലെ വയറിളകിപ്പോകുന്നതോടൊപ്പം കൃമികൾ സമ്പൂർ

ണ്ണമായും പോകും.

എരിക്കിലയിൽ 'ധന്വന്തരതൈലം' പുരട്ടി തീയിൽ ചൂടാക്കിയെടുത്ത് കാലിനടിയിൽ കെട്ടിവെച്ചാൽ ഉള്ളനടിവാതം ശമിക്കും.

എരിക്കിന്റെ വേരിന്മേൽതൊലി ഉണക്കിപ്പൊടിച്ചുവെച്ചത് കുറച്ചുവീതം നിത്യവും പാലിൽ കഴിച്ചാൽ കുഷ്ഠം, രക്തവാതം എന്നിവ ശമിക്കും. ഇത് മരോട്ടിയെണ്ണയിൽ ചാലിച്ച് പുരട്ടുന്നത് കുഷ്ഠത്തിന് ഉത്തമമാണ്.

എരിക്കിൻപാലിൽ നെന്മേനിവാകക്കുരു മൂന്ന് ദിവസം ഭാവനചെയ്തെടുത്തതും, തിപ്പലി പൊടിച്ചതും ചേർത്ത് കഴിച്ചാൽ ജംഗമവിഷങ്ങൾക്ക് ഉത്തമമാണ്.

എരിക്കിൻപൂവ് ഉണക്കിപ്പൊടിച്ചത് അൽപ്പാൽപം കഴിച്ചാൽ ചുമയും, ശ്വാസംമുട്ടലും മാറും.

എരിക്കിൻപൂവ് കുറച്ചുവീതം(വിഷമാണെന്ന് മറക്കരുത്) കഴിച്ചാൽ ധാതുപുഷ്ടിയുണ്ടാകും.

എരിക്കിൻപൂവ് കാച്ചിയെടുത്ത എണ്ണ ഗൊണേറിയക്ക് പുരട്ടാൻ നല്ലതാണ്.

എരിക്കിന്റെ പച്ചവേര് അരച്ചത് മൂർഖൻപാമ്പ് കടിച്ച കടിവായയിൽ പുരട്ടുകയും, എരിക്കിന്റെതന്നെ പഴുത്തയില അരച്ചുകഴിക്കുകയും ചെയ്താൽ വിഷം മാറും.

സൗന്ദര്യമാഗ്രഹിക്കുന്ന സ്ത്രീകൾ മുലക്കണ്ണിൽ 'സ്റ്റെറിലൈസ്' ചെയ്ത സുചികൊണ്ട് കുത്തുക. വെളുത്ത എരിക്കിൻപാലും, നെയ്യും പുരട്ടിയ എരിക്കില തീയിൽ ചൂടാക്കിയെടുത്ത് മുലകളിൽ വെച്ചുകെട്ടുക. മുലകൾ തൂങ്ങുന്നത് ബലപ്പെടും. എരിക്കിൻപാലും, നെയ്യും യോജിപ്പിച്ചത് മുലകൾക്ക് പുരട്ടിയശേഷം അവ ഉയർത്തിക്കെട്ടിവെച്ച് കിടന്നാലും മതിയാകും. മൂന്ന് ആഴ്ചകൊണ്ട് ബലപ്പെടും. അതേസമയം, ഉറച്ചുപോയ മുലകൾ പിന്നീട് മൃദുവാകണമെന്നുണ്ടെങ്കിൽ, അവയിൽ വെണ്ണ പുരട്ടുകയും, വെണ്ണ ഭക്ഷണത്തിൽ ചേർത്ത് പതിവായി കഴിക്കുകയും ചെയ്താൽ മതി.

എരിക്കില അരിഞ്ഞെടുത്ത് കിഴിയാക്കിയത് നെയ്യിൽ ഇന്തുപ്പ് പൊടിച്ചിട്ട് ചൂടാക്കി കിഴികുത്തിയാൽ വിഷനീരും, ചുകപ്പും, വേദനയും ശമിക്കും.

അടികൊണ്ടോ, വീണുപോയോ ചതവുപറ്റിയാൽ എരിക്കിലയിൽ എണ്ണ പുരട്ടി തീയിൽ വാട്ടിയെടുത്ത് ചതവുപറ്റിയ സ്ഥലത്ത് ഉഴിയു

ന്നത് നല്ലതാണ്.

എരിക്കിൻപാലും, ഉപ്പും, ഉമിക്കരിയും ചേർത്ത് പല്ലുതേച്ചാൽ പല്ലുകുത്ത് മാറും.

എരിക്കിലനീരും, കായം രണ്ടുഭാഗവും, പൊൻകാരം ഒരു ഭാഗവും ചേർത്ത് അരച്ചെടുത്തത് കുരുമുളകുപ്രമാണത്തിൽ ഗുളികകളാക്കിയതിൽ ഒരു ഗുളിക പാമ്പുകടിയേറ്റ ഭാഗത്ത് അരച്ചുതേച്ചാൽ വിഷം പോകും. ഇതേ ഗുളിക സന്നിപാതജ്വരത്തിന് ജീരകവെള്ളത്തിലൊ, കിരിയാത്ത് കഷായത്തിലൊ കഴിച്ചാൽ മാറും.

എരിക്കിൻവേരിന്മേൽതൊലി കാടിവെള്ളത്തിൽ അരച്ചത് മന്തിന് നീരുവന്നതിന് പുരട്ടിയാൽ സുഖമാകും.

എരിക്കിൻവേരിന്മേൽതൊലി ഉണക്കിപ്പൊടിച്ചത് പുകവലിച്ചാൽ ഗൊണേറിയ മാറും.

എരിക്കിലയുടെ നീര് ഒരു തുള്ളിമുതൽ അഞ്ച് തുള്ളിവരെ നൽകിയാൽ ഇടവിട്ടുണ്ടാകുന്ന പനി ശമിക്കും.

അപസ്മാരം, ഗർഭമൂർച്ഛ, ഭൂഗ്നനേത്രസന്നി എന്നിവക്ക് എരിക്ക് നല്ലൊരു ഔഷധമാണ്.

എരിക്കിൻവേരിന്റെ തൊലിയെടുക്കുന്നത്, പിഴുതെടുത്തയുടനെയാകരുത്. ഒരു ദിവസമെങ്കിലും നിഴലിൽവെച്ച് ഉണങ്ങണം. തുടർന്നത് കഴുകി വൃത്തിയാക്കി പുറത്തെ മൊരി നീക്കിയശേഷം എടുക്കാം. മൂത്ത ചെടിയുടെ വേരിനാണ് കൂടുതൽ ഫലം. ഇത് മൂന്ന് ഗ്രയിൻമുതൽ പത്ത് ഗ്രയിൻവരെ ഓജോവർദ്ധനവിന് നൽകാം. മുപ്പത് ഗ്രയിൻ മുതൽ അറുപത് ഗ്രെയിൻവരെ വമനൗഷധമായി നൽകാം. ഇത് പിത്തനീര് വർദ്ധിപ്പിക്കും. കുടലിലെ പേശികളെ മന്ദീഭവിപ്പിക്കും. രക്താതിസാരത്തെ ശമിപ്പിക്കും.

എരിക്ക് സിഫിലിസ് രോഗത്തിന് ഒറ്റമൂലികയാണ്. അതിന് ചെറിയ മാത്രയിൽ എരിക്കിന്റെ ഏതംശവും നൽകാവുന്നതാണ്.

എരിക്കിൻനീര് ആറ് ഭാഗം, എള്ളെണ്ണ എട്ട് ഭാഗം, മഞ്ഞൾ ഒരു ഭാഗം എന്നിവ ചേർത്ത് കാച്ചിയെടുത്ത തൈലം എല്ലാതരം ചർമ്മരോഗങ്ങൾക്കും പുരട്ടുവാൻ നല്ലതാണ്. ഇത് തേൾ കടിച്ചതിന് പുരട്ടാനും നല്ലതാണ്.

തലയിലെ മുടി കളയുവാൻ എരിക്കിൻപാൽ ഉപയുക്തമാണ്.

വടക്കേ ഇന്ത്യക്കാർ അവിടെകാണുന്ന കിൽമോറ(Berberisasiaticee Roxb)യെന്ന വൃക്ഷത്തിന്റെ തടി എരിക്കിൻപാലിൽ അരച്ചത്

നാഡിവ്രണം, ഭഗന്ദരം എന്നിവ പൊള്ളിക്കുന്നതിന് ഉപയോഗിക്കാറുണ്ട്.

എരിക്കിപൂവ് ഉണക്കിയത് ഒന്നുമുതൽ നാലുവരെ ഗ്രയിൻ(മാത്ര ശ്രദ്ധിക്കണം) ശർക്കരയിട്ട് തിളപ്പിച്ചത് ദിവസവും രാവിലെ കഴിച്ചാൽ ആസ്തമ മാറും.

എരിക്കിന്റെ വേരിന്മേൽതൊലി ഉണക്കിപ്പൊടിച്ചത് കുറച്ചുവീതം കഴിച്ചാൽ ക്ഷയപനി മാറും.

എരിക്കിന്റെ വേരിന്മേൽതൊലി ഉണക്കിപ്പൊടിച്ചത് കുറച്ചുവീതം കഴിച്ചാൽ കുഷ്ഠത്തിനും, സിഫിലിസിനും നല്ലതാണ്.

എരിക്കിന്റെ ഇളം തണ്ടും, ഇലയും, കായയും, പൂവും സമമായെടുത്ത് അരച്ചത് കടലമണി വലുപ്പത്തിൽ ഗുളികകളാക്കി വെയിലത്ത് ഉണക്കിവെച്ചതിൽ ഓരോ ഗുളിക വീതം ദിവസവും കഴിച്ചാൽ ചർമ്മ രോഗങ്ങൾ മാറും.

എരിക്കിൻവേരും, ഇലയും ചൂർണ്ണമാക്കിയതൊ, നെയ്യ് കാച്ചിയെടുത്തതൊ കഴിച്ചാൽ അടിവയറ്റിലുണ്ടാകുന്ന മുഴകൾ മാറും.

എരിക്കിന്റെ 'മദർടിങ്ചർ' കാൻസറിന് ഉത്തമമാണ്.

എരിക്കിൻദ്രാവകം രാക്കണ്ണിനും, സിഫിലിസിനും, തേൾവിഷത്തിനും, ക്ഷയകുഷ്ഠത്തിനും, വാതത്തിനും നല്ലതാണ്.

വസൂരി, കാലിലും നെഞ്ചിലുമുണ്ടാകുന്ന വേദന, പ്ലീഹവീക്കം, മഹോദരം, നീര്, കുരു, മാംസപേശികളുടെ വേദന, അരക്കെട്ടുവേദന, വാതം, പക്ഷവാതം, ചുഴലി, നാക്കിനുണ്ടാകുന്ന പക്ഷവാതം, ധനുർവാതം, കുടൽപിടുത്തം, കോച്ചിവലി, നാസരോഗങ്ങൾ, സന്നി, ചൊറി, വട്ടച്ചൊറി, സിഫിലിസ്, പ്രമേഹക്കുരു, വൃദ്ധി, വിഷൂചിക, രക്താതിസാരം, ഞരമ്പുവേദന, ശ്വാസകോശാവരണവീക്കം, ന്യൂമോണിയ, പ്രസവതാമസം, പട്ടിയും കുറുക്കനും കടിച്ചതിന്, പേവിഷം, രക്തസ്രാവം, രക്തവിഷരോഗം എന്നിവക്കെല്ലാം എരിക്ക് ഉത്തമഔഷധമാണ്.

എരിക്കിന്റെ എല്ലാ ഭാഗവും ബ്രൊങ്കയിൻ ആസ്തമക്ക് ഉത്തമാണ്.

എരിക്കിൻപൂവും, കുരുമുളകും, തിപ്പലിയും ചേർത്ത് ചവച്ചതിന്റെ നീരിറക്കുന്നത് ആസ്തമക്ക് നല്ലതാണ്.

എരിക്കിൻകറ വ്രണങ്ങളിലെ പുഴുവിനെ കൊല്ലും.

എരിക്കിന്റെ വേരിന്മേൽതൊലിയുടെ ചൂർണ്ണം അജീർണ്ണം, ശൂല, മലബന്ധം, വിശപ്പില്ലായ്മ, ദഹനക്കുറവ്, മലത്തിലൂടെ കഫംപോക

ൽ എന്നിവക്കുള്ള പ്രതിവിധിയാണ്.

എരിക്കിൻവേരിലെയും, ഇലയിലെയും എക്സ്ട്രാക്ട് കാൻസറിനും, Cardiac Arrythemeaക്കും നല്ലതാണ്. ഇത് വാതത്തിന് ഉത്തമമാണ്.

എരിക്കിന്റെ പൂവ്, ഇല, വേരിന്മേൽതൊലി എന്നിവ ചേർത്തുണ്ടാക്കുന്ന തൈലം പരമാണുരോഗം മാറ്റും. ഇത് നല്ല ആന്റിമൈക്രോബയലാണ്.

ഉണങ്ങിയ എരിക്കിൻപൂവിന്റെ ചൂർണ്ണവും, കുരുമുളകും, ബാർളിയുടെ ഭസ്മവും ചേർത്ത് കഴിച്ചാൽ വിഷൂചികക്ക് നല്ലതാണ്.

എരിക്കിൻവിത്തിൽനിന്നെടുക്കുന്ന തൈലം വാർദ്ധക്യത്തിൽ പുഷ്ടികരമാണ്.

'എരിക്കിൻസമൂലദ്രാവകം' പൂപ്പൽരോഗങ്ങൾക്ക് പ്രത്യൗഷധമായി ഉപയോഗിക്കാം.

എരിക്ക് അർബുദത്തിന് K.B കോശവളർച്ചയിൽ സഹായകമാണ്.

'സഹസ്രയോഗം' പറയുന്നു:

'മഹാവൃക്ഷാർക്കജേ ദുഗ്ധേമധുശൂരിഷ്ടേന സാധിതം
തൈലം സകൃത് പ്രയോഗേണദുഷ്ട വ്രണവിരോപണം'.

എരിക്കിൻകറ, കള്ളിക്കറ, തേൻമെഴുക് എന്നിവ ചേർത്ത് എണ്ണകാച്ചിയത് തേച്ചാൽ ദുഷ്ടവ്രണ(chronic ulcer)ങ്ങൾ മാറും.

'സുശ്രുത സംഹിത' സുത്രസ്ഥാനം പറയുന്നു:

'അർക്കോത്തമാസ്നുഹിക്ഷീരം പിഷ്ട്യാക്ഷാരോത്തമനാനിച
ജാതിമൂലം ഹരിദ്രേദ്വേകാ സീസം കടുരോഹിണിം.
പൂർവോദിഷ്ടാ ചാന്യാനികുര്യാത് സംശോധനം ഘൃതം'.

'സംശോധനഘൃത'ത്തിൽ ആദ്യത്തെ ഘടകം എരിക്കാണ്. ഇത് വ്രണങ്ങൾ ശുദ്ധി ചെയ്യുന്നതിന് ഉപയോഗിക്കാം. എരിക്കിൻവേര്, ത്രിഫലയില, കള്ളിപ്പാലക്കറ, പ്ലാശിൻവേര്, പിച്ചകവേര്, മഞ്ഞൾ, അന്നഭേരി, അജഗന്ധാദിഗണം, കടുരോഹിണി എന്നിവയാണ് ഘൃതത്തിലുള്ള ഔഷധങ്ങൾ.

'ചരകസംഹിത' ചികിത്സാസ്ഥാനം പറയുന്നു;

'വ്രണപ്രച്ഛാദ നേവിദ്വാൻ പത്രാണ്യാർക്കസ്യചാദിശേത്'.

അറിവുള്ളവർ എരിക്കിലക്കൊണ്ട് വ്രണത്തെ പൊതിയും.

'വൃന്ദാമാധവം' പറയുന്നു:

'ജപാജാത്യശ്വമാരാർക്കശാമ്യാകാനാംദളൈഃ പൃഥക്
കൃതം പ്രക്ഷാളനേ ക്വോഥംമേഢ്രപാകേ പ്രയോജയേത്'.

എരിക്ക്, ചെമ്പരത്തി, പിച്ചകം, കരവീരം, കൊന്നത്തൊലി എന്നിവയുടെ കഷായം ലിംഗവ്രണം കഴുകാൻ ഉത്തമമാണ്.

'ഗദനിഗ്രഹം' പറയുന്നു:
'നരാണാർക്കമൂലേന പാകംഗത്വാ പ്രശാമ്യതി
ഗോമൂത്രം പരിപിഷ്ടേന പിടകാഃ സംപ്രലേപിതാഃ'.

എരിക്കിൻവേര് ഗോമൂത്രത്തിൽ അരച്ചത് പുരട്ടിയാൽ പിടകകൾ ശമിക്കും.

'ഗദനിഗ്രഹം' ശിരോരോഗം പറയുന്നു:
'കടുതൈലർക്കമുഗ്ധാഭ്യാംമർദ്ദിതാ പൂപോകജാ
മാഷ ചൂർണമഷിഹന്യാച്ഛിരോ്ഽരുംഷിപ്രലേപതഃ
രൂപികാലേപനം കണ്ഡുക്ലേരുദാഹാർത്തിനാശനം'.

എരിക്കിൻവേര് അരച്ചത് പുരട്ടിയാൽ തലയിലെ ചൊറിച്ചിലും, വ്രണവും, ചൂടും, വേദനയും മാറും.

എരിക്കിൻകറയും, ഉഴുന്നും, കടുകെണ്ണയും ചേർത്ത് സ്ഫുടപാകം ചെയ്തത് തലയിൽതേച്ചാൽ കുരുക്കളും, വ്രണങ്ങളും മാറും.

എരിക്കിൻതൊലി പുളിച്ചകഞ്ഞിയിൽ അരച്ചത് പുരട്ടിയാൽ മന്തും, വൃഷണവീക്കവും മാറും.

എരിക്കിൻപാലും, ഇലക്കള്ളിപാലും, മരമഞ്ഞളിന്റെ പൊടിയും ചേർത്ത് തിരിയുണ്ടാക്കിയത് നാഡിവ്രണങ്ങൾക്കും, ഭഗന്ദരത്തിനും ഗുദദ്വാരത്തിൽ വെച്ചാൽ ശമനമുണ്ടാകും.

എരിക്കിൻപാലിൽ തേൻചേർത്ത് പുരട്ടിയാൽ വായ്പുണ്ണ് മാറും.

എരിക്കിൻപൂവ് ഉണക്കിയത്, ഗ്രാമ്പു, ജാതിക്ക, ജാതിപത്രി, അക്കികറുക എന്നിവ സമമായെടുത്ത് പൊടിച്ചരച്ചത് കടല വലുപ്പത്തിൽ ഗുളികകളാക്കിയതിൽ ഒന്നുവീതം പാലിൽ കഴിച്ചാൽ ധാതുബലമുണ്ടാകും.

എരിക്കിൻപാൽ, ചതുരക്കള്ളിനീര്, പേച്ചുരയില, ഉങ്ങിൻതോൽ, കടലാടിയില എന്നിവ സമമായെടുത്ത് ആട്ടിൻമൂത്രത്തിൽ അരച്ചത് ഗുദഭാഗത്ത് പുരട്ടിയാൽ ചെയ്താൽ(അർക്കാദിലേപനം)രക്താർശസ്സ് ശമിക്കും.

രസം, ഹരിതാലം, പൊൻകാരം എന്നിവ സമമായെടുക്കുക. ഇത്

ന് സമമായി നവസാരവും, ശുദ്ധനാഗവുമെടുക്കുക. ഇവ എരിക്കിൻ പാൽ, വെറ്റിലനീര്, കൊടുവേലിനീര്, ഇഞ്ചിനീര്, ഉള്ളിതൈലം, ത്രിഫലക്കഷായം എന്നിവയിൽ പ്രത്യേകമായി ഏഴുദിവസം അരച്ചത് ഒരു കാശികുപ്പിയിലാക്കി വാലുകായന്ത്രത്തിൽവെച്ച് വിധിപ്രകാരം സിന്ദൂരമാക്കുക. ഇത് ഗ്രന്ഥി(പതിനെട്ടുതരം), കുഷ്ഠം(പതിമൂന്നുതരം), ജ്വരം, ഗുല്മം, ഉദരരോഗം, കാസം, ശ്വാസം, രാജയക്ഷ്മ എന്നിവയെ ശമിപ്പിക്കും.

ചെമ്പ് ഭസ്മമാക്കുന്ന വിധങ്ങൾ: ചെമ്പ് ഇരുപത്തിയൊന്ന് തവണ പഴുപ്പിച്ച് എരിക്കിൻപാലിൽ മുക്കിയെടുക്കുക. കൊടുവേലിക്കിഴങ്ങ് അരച്ചതിനുള്ളിൽ ചെമ്പ് വെക്കുക. അതൊരു കാഞ്ഞിരത്തടിയുടെ അകത്തുവെച്ച് ശീലമൺചെയ്ത് ഗജസ്ഫുടം ചെയ്യുക. അത് നീറിയില്ലെങ്കിൽ ഒന്നുകൂടി ഗജസ്ഫടം ചെയ്തെടുത്താൽ, അപസ്മാരം തുടങ്ങിയ രോഗങ്ങൾക്ക് പ്രയോജനകരമാണ്.

അഭ്രകഭസ്മം പേരാലിൻപാലിൽ അരച്ചത് വില്ലയാക്കി രണ്ട് ഗജസ്ഫുടം ചെയ്ത് എരിക്കിൻപാലും, കള്ളിപ്പാലും ചേർത്തരച്ച് രണ്ടു സ്ഫുടം ചെയ്താൽ പട്ട് വർണ്ണത്തിലാകും. ഇത് തേനിൽ കുഴച്ച് ഉരുട്ടിയെടുത്ത് കഴിച്ചാൽ പ്രമേഹങ്ങൾ ഇരുപതും ശമിക്കും. ജീരകകഷായത്തിൽ കഴിച്ചാൽ ഗുൻമത്തിനും, വായുവിനും നല്ലതാണ്.

അരിതാരം എരിക്കിൻപാലിൽ അരച്ചത് ചെമ്പുതകിടിന്മേൽ ഒരു വിരൽ കനത്തിൽ കവചംചെയ്ത് ഗജസ്ഫുടം ചെയ്താൽ തവിട്ടുനിറമുള്ള ഭസ്മമാകും. ഇത് മോരിൽ ഇട്ടുവെച്ചുനോക്കിയാൽ, ക്ലാവില്ലെങ്കിൽ മാത്രം കഴിക്കാം ഇതിന്റെ അനുമാനത്തിൽ മാറ്റംവരുത്തി ഉപയോഗിച്ചാൽ അനേകം രോഗങ്ങൾക്ക് ശമനമുണ്ടാകും.

എരിക്കിൻപാലിൽ ശുദ്ധിചെയ്ത ഗൗരിപാഷാണം അരച്ചത് ചെറുപയർ പ്രമാണത്തിൽ ഉരുട്ടിയുണ്ടാക്കിയ ഗുളിക ചുക്കുകഷായത്തിൽ കഴിച്ചാൽ ഗുന്മനും, വേദനയും മാറും. അപ്പോൾ വയറിളക്കവും മറ്റു ദോഷങ്ങളുമുണ്ടായാൽ ഗുളിക ചിങ്ങൻവാഴനീരിൽ കഴിക്കണം.

എരിക്കില, ആടലോടകത്തില, മുരിങ്ങാത്തൊലി, മുരിക്കിൻതൊലി, ചെറുകടലാടി, കള്ളിക്കഴുത്ത് എന്നിവ കാടിവെള്ളത്തിൽ ഇടിച്ച് പിഴിഞ്ഞെടുത്ത നീര് പന്ത്രണ്ട് പലം(മുക്കാൽ ഇടങ്ങഴി), കൽക്കമായി വേപ്പിൽതൊലി, ദേവതാരം, പൂതവൃക്ഷം, കുരുമുളക്, ചുക്ക്, കടുക്, ചിറ്റരത്ത, ചെന്നിനായകം, സമുദ്രപ്പച്ച, കാഞ്ഞിരക്കുരു എന്നിവ അരച്ചത് ഒരു കഴഞ്ച് ചേർത്ത്, വേപ്പെണ്ണയും, വെളിച്ചെണ്ണയും മൂന്ന് പലം വീതം ചേർത്ത് കാച്ചിയാൽ, അത് മണൽ പാകത്തിലാകുമ്പോൾ അരിച്ചെടുത്താൽ 'വിഷമുഷ്ടിതൈല'മായി. ഇത് അഭ്യംഗം

ചെയ്താൽ ജ്വരം ഇല്ലാതാകും.

എരിക്കിൻവേര്, പുങ്കിൽതൊലി, അമുക്കരം, കാർത്തോട്ടിവേര്, വെൺകടുക്, ചുക്ക്, മുരിങ്ങാത്തൊലി, ദേവതാരം എന്നിവ ചൂർണ്ണമാക്കിയത് ഗോമൂത്രവും, വെപ്പുകാടിയും ചേർത്ത് തിളപ്പിച്ചുകുറുക്കിയത് പുരട്ടിയാൽ ഊരുസ്തംഭനം മാറും.

എരിക്കിൻപാല്, മഞ്ഞൾ, കടുക്കാത്തോട് എന്നിവ തുണിയിൽ തേച്ചുപിടിപ്പിച്ചത് തീയിൽ ചെറുതായി ചൂടാക്കി പിച്ചുചെയ്താൽ (നിശാദികർണ്ണപിച്ച്) ചെവിയിലെ പഴുപ്പ് മാറും.

എരിക്കില, ഉമ്മത്തില എന്നിവ അരച്ചത് കൽക്കമായി എള്ളെണ്ണയിൽ കാച്ചിയെടുത്ത്(അർക്കോന്മത്തതൈലം) ഉറ്റിച്ചാൽ ചെവിവേദന മാറും.

വെളുത്ത എരിക്ക്, കുന്നി, കൂവളം, താന്നി, അശോകം എന്നിവയുടെ ഇലനീരും, അരയാൽതൊലി, ജീരകം, പനച്ചിത്തോൽ, ചന്ദനം, രക്തചന്ദനം, ചുക്ക് എന്നിവ അരച്ചതും, കൽക്കമായി എള്ളെണ്ണയും, എണ്ണയുടെ നാലിരട്ടി വെള്ളവും ചേർത്ത് കാച്ചിയെടുത്ത് അരിച്ചുവെച്ചത്(കർണ്ണാമൃതതൈലം) പുരട്ടുകയും, ചെവിയിലുറ്റിക്കുകയും ചെയ്താൽ കർണ്ണരോഗം മാറും.

എരിക്കിൻപാലും, ചുക്കുചൂർണ്ണവും യോജിപ്പിച്ചെടുത്തത്(ശുണ്ഠീചൂർണ്ണം) പല്ലിനടിയിൽവെച്ചാൽ പല്ലുവേദന ശമിക്കും.

എരിക്കിൻതൊലി, കടുക്, കുരുമുളക്, ചുക്ക്, ഉങ്ങിൻതോൽ, മുരിങ്ങാത്തൊലി, തഴുതാമവേര്, നെയ്യ്, ശർക്കര എന്നിവ കഷായമാക്കിയതിൽ നെയ്യും, ശർക്കരയും മേമ്പൊടിചേർത്ത്(സർപപമരീചാദികഷായം) കഴിച്ചാൽ ശോഫം, ഗ്രന്ഥി, അപചി, അർബുദം എന്നിവ ശമിക്കും.

വെളുത്ത എരിക്കിൻവേര്, മഞ്ചട്ടി, മുത്തങ്ങ, വയമ്പ്, കൊട്ടം എന്നിവ സമമായെടുത്ത് അരച്ചതും, സ്വന്തം രക്തവും യോജിപ്പിച്ചെടുത്തത് നെറ്റിയിൽ തിലകമായി(ത്രൈലോക്യവശ്യതിലകം) തൊട്ടാൽ മൂന്ന് ലോകങ്ങളെയും വശീകരിക്കാൻ കഴിയുമെന്ന് ജ്യോതിഷചക്രവർത്തിയായ കവിശേഖരൻ തന്റെ കാമശാസ്ത്രഗ്രന്ഥത്തിൽ പറയുന്നു.

വെളുത്ത എരിക്കിൻവേര്, കൊട്ടം, ചന്ദനം, കുങ്കുമപ്പൂവ്, ഇരുവേലി, ദേവതാരം, അകിൽ, നാഗപ്പൂവ് എന്നിവചേർത്ത് പൊടിച്ചത് പുകച്ചാൽ(ചിന്താമണീധൂപം) സകലരെയും സന്തോഷിപ്പിക്കുവാനും, ആകർഷിക്കുവാനും കഴിയുമെന്ന് പറയപ്പെടുന്നു. വശ്യം, മോഹനം, സ്തംഭനം, ഉച്ചാടനം, വിദ്വേഷണം, മാരണം, ഭേദനം എന്നിങ്ങനെയാ

ണ് അഷ്ടകർമ്മങ്ങൾ. വശ്യമൂലികകളിൽ വെളുത്ത എരിക്ക് ഉൾപ്പെടുന്നു.

എരിക്കിൻവേര്, ചന്ദനം, രക്തചന്ദനം, പീതചന്ദനം, കാരകിൽ, വെള്ളകിൽ, ദേവതാരം, ചരളം, പതുമുഖം, അടക്ക, കർപ്പൂരം, കുങ്കുമപ്പൂവ്, ഗോരോചനം, ജാതിക്ക, വയമ്പ്, ജാതിപത്രി, ഗ്രാമ്പു, ചെറിയ ഏലക്കയുടെ അരി, വലിയ ഏലക്കയുടെ അരി, തക്കോലം, ചെറുനാഗപ്പൂവ്, ഇലവർങ്ങം, വലിയ നാഗപ്പൂവ്, താമരയല്ലി, ഇരുവേലി, രാമച്ചം, ജഡാമാഞ്ചി, മരമഞ്ഞൾ, മുരാമാഞ്ചി, കച്ചൂരക്കിഴങ്ങ്, ചേലേയം, മഞ്ഞൾ, മുത്തങ്ങ, അരേണുകം, ഞാവൽപൂവ്, വട്ടപ്പശ, ഗുൽഗുലു, കോലരക്ക്, നാഗുണം, ചെഞ്ചല്യം, താതിരിപ്പൂവ്, കസ്തൂരിമഞ്ഞൾ, പൂവർത്ത്, തകരം, പൊന്മെഴുക് എന്നിവ മുക്കാൽ കഴഞ്ച് വീതമെടുത്ത് അരച്ചത് നാല് ഇടങ്ങഴിയും, എണ്ണയും ചേർത്ത് വെള്ളത്തിൽ കാച്ചിയെടുത്ത് അരിച്ചുവെക്കുക. ഇത് അഭ്യംഗംചെയ്ത് കുളിച്ചാൽ വൃദ്ധൻ യുവാവിനെപോലെ സുഖിമാനും, സ്ത്രീഗമനശക്തിയുള്ളവനുമാകും. വന്ധ്യകൾക്ക് ഗർഭധാരണശേഷിയും, ഷണ്ഡന് ക്ലീബത്വനാശവും, പുത്രനില്ലാത്തവർക്ക് പുത്രാലാഭവുമുണ്ടാകും. ഇത് ആയുർവർദ്ധകമാണ്. രക്തപിത്തം, ക്ഷതം, ക്ഷയം, പുകച്ചിൽ, വിയർപ്പ്ദുർഗന്ധം, കുഷ്ഠം, ചൊറിച്ചിൽ എന്നിവ ശമിക്കുന്നതാണ്.

'ചരകസംഹിത' പറയുന്നു:

'ക്ഷീരമർക്കസ്യ വിജ്ഞേയം വമനേസവിരേചനേ
അർക്കദ്വയം സരം വാതകുഷ്ഠകണ്ഡൂവിഷവ്രണാൽ'.
'സപ്തഛദാർക്ക ദുഗ്ദ്ധാഭ്യാം പൂരണംകൃമിദന്തനുത്
മനശ്ശിലാലേമരീചാനിതൈലം ആർക്കംപയഃ കുഷ്ഠമിദ്പ്രമേഹഃ'.

'ചരകസംഹിത' സൂത്രസ്ഥാനം പറയുന്നു:

'സുവഹാർക്കോരുബുകാഗ്നിമുഖീ-
ചിത്രാചിത്രകചിരചില്ലശംഖിനീശ
കുലാദസി സ്വർണ്ണക്ഷീരിണ്യഇതിദശമാനിഭേദനീയാനിഭവന്തി'.

എരിക്ക്, ത്രികോത്പക്കൊന്ന, ആവണക്ക്, മേന്തോനി, കൊടുവേലിക്കിഴങ്ങ്, കീരിവള്ളി, കടുരോഹിണി, എരുമക്കള്ളി എന്നിവ ഭേദനീയമാകുന്നു.

'ചരകസംഹിത' സൂത്രസ്ഥാനം പറയുന്നു:

'കരഞ്ജകര വീരാർക്ക മാലാതീകകുഭാസനാഃ
ശസ്യന്തേദന്തപവനേയേ ചാവ്യേവംവിധാദ്രുമാഃ'.

എരിക്ക്, ഉങ്ങ്, കരവീരം, പിച്ചകം, നീർമരുത്, വേങ്ങ എന്നിവയുടെയും, ഇതുപോലുള്ള മറ്റ് വൃക്ഷലതാദികളുടെയും കൊമ്പുകൾ പല്ലു

തേക്കാൻ ഉപയോഗിക്കുന്നത് നല്ലതാണ്.

'വരുണാമൃത കൈരണ്ഡ ശിഗ്രൂഥമൂലകസർപപൈഃ
വാശാവംശം കറുഞ്ജ്ജാർക്ക പത്രൈരശ്മന്തകസ്യച
ശോഭാഞ്ജനക ഗൈരീയമാലതീസുരസാർജ്ജകൈഃ
പത്രൈരുൽ ക്വാഥ്യസലിലം നാഡീസ്വേദം പ്രയോജയേത്'.

എരിക്ക്, നീർമാതളം, ചിറ്റമൃത്, ആവണക്ക്, മുരിങ്ങ, മുള്ളങ്കി, കടുക്, ആടലോടകം, മുള, ഉങ്ങ്, കല്ലാർവഞ്ചി, പുനർമുരിങ്ങ, കരിങ്കുറുഞ്ഞി, പിച്ചകം, തുളസി, കാട്ടുതുളസി എന്നിവയുടെ ഇലകൾ കഷായംവെച്ച വെള്ളം നാഡീസ്വേദനത്തിന് ഉപയോഗിക്കാൻ നല്ലതാണ്.

ഫലമൂലാദിവർഗ്ഗത്തിൽനിന്നും വ്യത്യസ്തമായ മൂന്ന് വൃക്ഷങ്ങളെക്കുറിച്ച് 'ചരകസംഹിത' സൂത്രസ്ഥാനം പറയുന്നു:
എരിക്ക്(അർക്കം), മലയകത്തി(അശ്മന്തകം), കള്ളി(സ്നൂഹി). ഇവയിൽ എരിക്കിൻപാൽ വമനവിരേചനങ്ങൾക്കും, കള്ളിപാൽ വിരേചനത്തിനും, മലയകത്തി വമനത്തിനും ഉത്തമമാണ്.

എള്ളും, അരിയും കൊണ്ടുള്ള കഞ്ഞി, പോട്ടീസ് എന്നിവ പാകത്തിന് ചൂടാക്കിയത് ഒരു പലകയിന്മേൽ വെക്കുക. അതിനുമുകളിൽ പട്ടുവസ്ത്രമൊ, കമ്പിളിയൊ, എരിക്കിലയൊ, വെളുത്ത ആവണക്കിലയൊ, ചുകന്ന ആവണക്കിലയൊ വിരിക്കുക. അതിനുമുകളിൽ, ശരീരം മുഴുവൻ നല്ലതുപോലെ എണ്ണതേച്ച് കിടക്കുക. അവന് ഏതൊരു സ്വേദനമുണ്ടാകുന്നുവോ, അത് 'പ്രസ്തരസ്വേദ'മാണ്.

വിയർപ്പിക്കുവാനായി ഉപയോഗിക്കുന്ന ഔഷധങ്ങളുടെ വേര്, കായ, ഇല, തൊലി എന്നിവയോ, ഉഷ്ണസ്വഭാവമുള്ള മൃഗങ്ങളുടെയും, പക്ഷികളുടെയും മാംസം, തല, കാൽ എന്നിവയോ എടുക്കുക. അതിൽ വിധിപ്രകാരം അമ്ലദ്രവ്യങ്ങൾ, ഇന്തുപ്പ്, സ്നേഹദ്രവ്യങ്ങൾ, ഗോമൂത്രം, പാൽ എന്നിവ ചേർത്ത് ഒരു പാത്രത്തിൽ കഷായം വെക്കുക. അതിലെ ആവി പുറത്തുപോകാത്തതരത്തിൽ പാത്രത്തിന്റെ മുഖത്ത് എരിക്കില, ശരപ്പുല്ല്, യീഷികപ്പുല്ല്, മുള, ഉങ്ങില എന്നിവയിൽ ഏതെങ്കിലുമൊന്നുകൊണ്ട് ആനയുടെ തുമ്പിക്കൈയ്യുടെ ആകൃതിയിൽ രണ്ടോ, നാലോ മുഴം നീളമുള്ളൊരു കുഴൽ വെച്ചുപിടിപ്പിവെക്കുക. അതിന്റെ മുകൾഭാഗം ഒരു മുഴം വിസ്താരമുള്ളതും, താഴെഭാഗം അരമുഴം വിസ്താരമുള്ളതുമായിരിക്കണം. ആവി അതിലൂടെയും പുറത്തുപോകാതിരിക്കാൻ വാതഹരമായ ഇലകൾകൊണ്ട് പൊതിയണം. അതേസമയം കുഴൽ രണ്ടുമൂന്നിടങ്ങളിൽ അൽപം വളഞ്ഞിരിക്കുകയും വേണം. ഈ കുഴൽവഴി വരുന്ന ആവികൊണ്ടാണ്, വാതഹരങ്ങളായ ഔഷധങ്ങൾ ചേർത്ത് കാച്ചിയെടുത്ത എണ്ണ ശരീരം മുഴു

വൻ പുരട്ടിയിരിക്കുന്ന രോഗിയെ വിയർപ്പിക്കുക. ഈ കുഴലിന് വളവുകളുള്ളതുകൊണ്ടുതന്നെ, ആവി വലിയതോതിൽ വന്ന് ദേഹചർമ്മത്തിന് കൂടുതൽ ചൂടേൽക്കുകയൊ, പൊള്ളുകയൊ ചെയ്യാതെതന്നെ രോഗി സുഖമായി വിയർക്കും. ഇതിന് 'നാഡീസ്വേദ'മെന്ന് പറയും.

കേവലവാതത്തിന് ഹിതമായിട്ടുള്ളതും, സംസർഗമായി വാതപ്രധാനത്തിന് ഹിതമായിട്ടുള്ളതുമായ എരിക്കിന്റെ വേര്, തോല്, ഇല എന്നിവകൊണ്ട് ഉണ്ടാക്കിയ സുഖോഷ്ണമായ കഷായം പാത്രത്തിലൊ, കുഴലിലൊ നിറച്ച്, ശരീരം അർഹിക്കുന്നതരത്തിൽ എണ്ണതേച്ച്, അതിന്റെമീതെ വസ്ത്രം പുതച്ച്, അതിനും മീതെയൊഴിച്ച് വിയർപ്പിക്കണം. ഇതിന് 'പരിഷേകസ്വേദ'മെന്ന് പറയും.

'കഷായവസ്തി'യിലൂടെ കൃമിയെ പുറത്തുകളയുന്ന രീതി:

മുല്ലങ്കി, കടുക്, വെളുത്തുള്ളി, ഉങ്ങ്, മുരിങ്ങ, പുനമ്മുരിങ്ങ, അയമോദകം, പൂതണക്കപ്പുല്ല്, തുളസിയും, തുളസീഭേദങ്ങളായ 'സുമുഖസുരസകുഠേരുക ഗന്ധിരകാലമാലപർണ്ണാസക്ഷവകഫണിജ്ഝക' ങ്ങളും ശേഖരിക്കുക. നല്ലതുപോലെ ശുചിയാക്കിയശേഷം തറിച്ച് വേവിച്ചവെള്ളത്തിൽ കഴുകിയെടുത്ത് ശുചിയായൊരു പാത്രത്തിലിടുക. അതിന്റെ പകുതിഭാഗം വെള്ളം ചേർത്തുനേർപ്പിച്ച ഗോമൂത്രമൊഴിച്ച് (മൂലകാദിയൗഷധങ്ങളുടെ എട്ടിരട്ടിയാണ് അർദ്ധോദകഗോമൂത്രം ചേർക്കേണ്ടത്) പാകം ചെയ്യുക. അപ്പോൾ മരത്തിന്റെ കയിലു (തവി)കൊണ്ട് നിർത്താതെ ഇളക്കിക്കൊണ്ടിരിക്കണം. വസ്തിക്ക് ഉപയുക്തമാകുന്നതരത്തിൽ അത് നാലിലൊന്നായൊ, എട്ടിലൊന്നായൊ കുറുക്കുകയും, ഔഷധങ്ങൾ കഷായത്തിലിറങ്ങുകയും ചെയ്തെന്നുകണ്ടാൽ അടുപ്പിൽനിന്നും ഇറക്കിവെച്ച് തുണികൊണ്ട് നല്ലതുപോലെ അരിച്ചെടുക്കണം. ഈ സുഖോഷ്ണമായ കഷായത്തിൽ മലങ്കാരക്ക, തിപ്പലി, വിഴാലരി എന്നിവ അരച്ചതും, എണ്ണയും, തുവർച്ചിലക്കാരവും, ഇന്തുപ്പും പൊടിച്ചതും ചേർത്ത് യോജിപ്പിക്കണം. അത് തണുത്തുകഴിഞ്ഞാൽ വസ്തിയന്ത്രത്തിൽ നിറച്ച് വിധിപ്രകാരം വസ്തി ചെയ്യാം.

ചുവന്ന എരിക്ക്, വെളുത്ത എരിക്ക്, കുടകപ്പാലയരി, തുവരപ്പരിപ്പ്, കൊട്ടം, കുമിഴിൻവേര് എന്നിവയുടെ കഷായത്തിലും, മുരിങ്ങ, ഉകമരം, കൊത്തമ്പാലരി, കടുകുരോഹിണി, കടുക് എന്നിവയുടെ കഷായത്തിലും, നെല്ലിക്ക, ചുക്ക്, മരമഞ്ഞൾ, വേപ്പ് എന്നിവയുടെ കഷായത്തിലും, മലങ്കാരക്ക അരച്ചുചേർത്ത് മൂന്ന് ദിവസമൊ, ഏഴ് ദിവസമോ വസ്തി ചെയ്യാം. അങ്ങനെ അവസാന ദിവസം ചെയ്ത വസ്തിദ്രവ്യം പുറത്തുവന്നുകഴിഞ്ഞാൽ രോഗിയെ നല്ലതുപോലെ ആശ്വസിപ്പിക്കുകയും, അന്നുതന്നെ പകൽനേരത്ത് ഛർദ്ദിപ്പിക്കുന്നതും, വയറി

ളക്കുന്നതുമായ ഔഷധം യുക്തിയനുസരിച്ച് കൊടുക്കാം.

'ചരകസംഹിത' വിമാനസ്ഥാനം പറയുന്നു:

എരിക്ക്, കഞ്ചുണ്ണി, കരിങ്കുറുഞ്ഞി, കടമ്പ്, കരിനൊച്ചി, തുളസി, തുളസീഭേദങ്ങളായ 'സുമുഖസുരസകുഠേരുകഗന്ധീര കാലമാലക പർണ്ണാസക്ഷവകഫണിജ്ഝക'ങ്ങൾ, എരിഞ്ഞി, കുടകപ്പാല, ചട്ടുക്കള്ളി എന്നിവയിൽ ഏതെങ്കിലുമൊന്നിന്റെ സ്വരസത്തിൽ ചെന്നെല്ലരി മാവുചേർത്ത് അപ്പമുണ്ടാക്കിയതും, അതുപോലെ കിണികിണിപ്പാല, പുത്തരിച്ചുണ്ട, ചിറ്റരത്ത, നെല്ലിക്ക, കടുക്ക, താന്നിക്ക എന്നിവയുടെ സ്വരസത്തിലും അപ്പമുണ്ടാക്കിയതും കൃമിരോഗിക്ക് കൊടുക്കണം. ഈ പറഞ്ഞ ഔഷധങ്ങളിൽ ഏതെങ്കിലും ഒന്നോ, രണ്ടോ, ഇതെല്ലാം കൂടിയോ ഇടിച്ചുപിഴിഞ്ഞെടുക്കുന്ന രസത്തിൽ തേൻചേർത്ത് രാവിലെ ആഹാരം കഴിക്കുന്നതിനുമുമ്പ് കൃമിരോഗിക്ക് കുടിക്കാൻ കൊടുക്കണം.

എരിക്ക്, ചന്ദനം, ജടാമാഞ്ചി, കൊന്ന, ഉങ്ങ്, വേപ്പ്, കൊത്തമല്ലി, കുടകപ്പാല, മഞ്ഞൾ, മരമഞ്ഞൾ, മുത്തങ്ങ, പെരുങ്കുറുമ്പവേര്, പുത്തരിച്ചുണ്ട, കടുകുരോഹിണി, ബ്രഹ്മി, കരീതം, കരവീരം, കേവുകം, തഴുതാമ, ആടലോടകം, ചിറ്റമൃത്, കരുട്ടുപാവൽ, വഴുതിന, കമ്പില്ലകം, കരിന്തക്കാളി, പാവയ്ക്ക, കാട്ടത്തി, പുല്ലാഞ്ഞി, അതിവിടയം, കാട്ടുപടോലം, പടോലം, പാടക്കിഴങ്ങ്, ചിറ്റമൃത്, ചൂരൽ, കൂമ്പ്, വഞ്ഞി, വയ്യങ്കത, എരിഞ്ഞി, തോമരായി(വിൾഖദിരം), ഏഴിലമ്പാല, പിച്ചകം, കാർകോലരി, വയമ്പ്, തകരം, അകിൽ, ഇരുവേലി, രാമച്ചം എന്നിവയും, ഇതുപോലുള്ള തിക്തവർഗ്ഗത്തിൽപ്പെട്ട മറ്റ് ഔഷധങ്ങളുമെടുക്കുക. ഇവയിൽ തറിയ്ക്കേണ്ടത് തറിച്ചും, കീറേണ്ടത് കീറിയുമൊക്കെ നല്ലതുപോലെ കഴുകിവൃത്തിയാക്കി ശുദ്ധജലത്തിൽ കഷായംവെച്ച് അരിച്ചെടുക്കണം. അതിൽ വിധിപ്രകാരം മധുതൈലലവണങ്ങൾ ചേർത്ത് യോജിപ്പിച്ച് മിതമായ ചൂടിൽ, വസ്തിവിധിയറിയുന്ന വൈദ്യൻ കഫരോഗിയിൽ വസ്തി ചെയ്യണം. ഈ കഷായംതന്നെ നല്ലതുപോലെ തണുത്താൽ തേനും, നെയ്യും ചേർത്ത് യോജിപ്പിച്ച് വസ്തിചെയ്യണം. ഇത് 'തിക്തസ്കന്ധ'മാണ്.

ഉഷ്ണത്തെയാഗ്രഹിക്കുന്ന ജ്വരരോഗിക്കുള്ള 'അഭ്യംഗപ്രലേപാദി'കൾ പറയുന്നു:

എരിക്കിൻവേര്, അകിൽ, കൊട്ടം, രാമച്ചം, പച്ചില, തകരം, ചേലേയം, നാന്മുഖപ്പുല്ല്, അരേണുകം, തുണിയാങ്കം, കച്ചുരം, ഏലത്തരി, ഞാവൽത്തളിര്, ഗുൽഗുലു, മയിലെള്ളിന്നില, പൂതണക്കപ്പുല്ല്, ചോനകപ്പുല്ല്, ചരളം, ഈന്തിൻകായ, ദേവതാരം, മുഞ്ഞവേര്, കൂവളവേര്, പയ്യാനവേര്, കുമുദിൻവേര്, പാതിരിവേര്, തഴുതാമവേര്, ചെറുവഴുതി

നവേര്, കണ്ടകാരിച്ചുണ്ടവേര്, വെളുത്ത തഴുതാമവേര്, ഓരിലവേര്, മൂവിലവേര്, കാട്ടുഴുന്നിൻവേര്, കാട്ടുപയറ്റിൻ കിഴങ്ങ്, ഞെരിഞ്ഞിൽ, ആവണക്കിൻവേര്, മുരിങ്ങവേര്, നീർമാതളത്തോൽ, ആവിൽത്തോൽ, കുമ്മട്ടിവേര്, കച്ചൂരം, പുഷ്കരമൂലം, മാങ്ങനാറി. ചുകന്ന ആവണക്കിൻവേര്, പതുമുഖം, പുനർമ്മുരിക്കുവേര്, കല്ലൂർവഞ്ചിവേര്, ചുകന്ന മുരിങ്ങവേര്, മാതളനാരങ്ങ, നാഗദന്തിവേര്, രക്തചന്ദനം, പെരുങ്കുരുമ്പ, കർക്കടകശൃംഗി, ജഡാമാഞ്ചി, ചെറുനാരങ്ങ, ചേർക്കുരു, ആലിക്കല്ലൂർവഞ്ചിവേര്, നന്നാറിക്കിഴങ്ങ്, കണ്ഡീരം, നായിക്കുരുണവിത്ത്, കാക്കത്തൊണ്ടി, ശരപ്പുല്ലിൻവേര്, ഉങ്ങിൻതോൽ, കൊത്തമ്പാലരി, അയമോദകം, ചിറ്റേലം, കറുത്തതുളസി, വെളുത്തതുളസി, കൂൺകഞ്ചീരം, കാട്ടുതുളസി, പർണ്ണാസം(തുളസിഭേദം), വലിയകടലാടി, നാരകത്തിൻവേര്, പൂതണക്കപ്പുല്ല്, ചുക്ക്, തിപ്പലി, കടുക്, അമുക്കുരം, അരത്ത, കറുക, വലിയകറുക, കുറുന്തോട്ടിവേര്, ആനക്കുറുന്തോട്ടിവേര്, വയമ്പ്, ചിറ്റമൃത്, ചതുകുപ്പ, കാട്ടുചതുകുപ്പ, ചിറ്ററത്ത, വെളുത്തവിഷ്ണുക്രാന്തി, ചെറുപ്പുന്നയരി, കൊടുവേലിക്കിഴങ്ങ്, കീഴാർനെല്ലിവേര്, പുളിയാരൽ, എള്ള്, ലന്തക്കുരു, മുതിര എന്നിവയിൽ നിന്നോ, ഇതുപോലുള്ള ഉഷ്ണവീര്യമുള്ള മറ്റ് ഔഷധങ്ങളിൽനിന്നോ, ലഭിക്കാവുന്നവയെടുത്ത് കഷായം വെക്കണം. അതിൽ ഈ പറഞ്ഞ 'ആരഗ്വധാദിയൗഷധങ്ങൾ'തന്നെ കൽക്കവും ചേർക്കണം. അതിൽ വെപ്പുകാടി, സൗവീരം, അരിക്കാടി, മൈരേയമദ്യം, മേദകമദ്യം, തൈരിൻവെള്ളം, കാടി, മോര് എന്നിവ സമമായും, നാലിടങ്ങഴി എള്ളെണ്ണയും ചേർത്ത് പാകംചെയ്തെടുക്കണം. ഈ തൈലം ഉഷ്ണത്തെയാഗ്രഹിക്കുന്ന ശീതജ്വരരോഗിയിൽ പുരട്ടുമ്പോൾ ചൂടാക്കി വേണം പുരട്ടാൻ. ശീതജ്വരം(Cold fever) ശമിക്കും. ഈ പറഞ്ഞ ഔഷധങ്ങൾതന്നെ നല്ലതുപോലെ അരച്ചുചൂടാക്കിയത് ദേഹത്തിൽ പുരട്ടാം. ഇതുപോലെ ഈ ഔഷധങ്ങൾതന്നെ കൊണ്ടുണ്ടാക്കിയ കഷായവെള്ളം, സഹിക്കാവുന്ന ചൂടുള്ളതിൽ രോഗിയെ ഇരുത്തുവാനും, ധാരചെയ്യാനും ഉപയോഗിക്കാം.

'ചരകസംഹിത' കുഷ്ഠചികിത്സിതം പറയുന്നു:

സ്തബ്ധതയും, തരിപ്പും, വിയർപ്പില്ലായ്മയും, ചൊറിച്ചിലുള്ളതുമായ കുഷ്ഠം കൂർത്ത ശസ്ത്രമുപയോഗിച്ചോ, എരിക്ക്, ദന്തി, ത്രിഫലാ, കരവീരം, പൊങ്ങ്, കുടകപ്പാല, പിച്ചകം, വേപ്പ് എന്നിവയുടെ ഇലയുപയോഗിച്ചോ, കടനാക്കുപയോഗിച്ചോ, ഉണങ്ങിയ ചാണകമുപയോഗിച്ചോ ഉരസിപൊട്ടിച്ചതിന് ശേഷമായിരിക്കണം, കുഷ്ഠനാശകമായ ഔഷധങ്ങൾ അരച്ചുപുരട്ടാൻ.

എരിക്കിൻവേര്, കൊട്ടം, തുത്ഥം, കുമുദിൻവേര്, മുല്ലങ്കിക്കുരു, ക

ടുരോഹിണി, കുടകപ്പാലയരി, ഇരുവേലി, നീലത്താമര, മുത്തങ്ങ, ചെറുവഴുതിനവേര്, കരവീരത്തിൻവേര്, മയിൽത്തുത്ഥം, തവരക്കുരു, വേപ്പിൻതോൽ, പാടക്കിഴങ്ങ്, കൊടിത്തൂവവേര്, വിഴാലരി, കയ്പച്ചുരക്കുരു, കമ്പിപ്പാലവേര്, കടുക്, വയമ്പ്, മരമഞ്ഞൾതോൽ എന്നിവ കൽക്കമാക്കി കടുകെണ്ണയിൽ കാച്ചിയെടുത്തത് പുരട്ടിയാൽ കുഷ്ഠം നശിക്കും. ഇതേ ഔഷധയോഗം അരച്ചത് കുഷ്ഠത്തിൽ പുരട്ടുവാനും, പൊടിച്ചു വിതറുവാനും, തിരുമ്മുവാനും ഉത്തമമാണ്.

എരിക്കിൻവേര്, വെളുത്ത കരവീരത്തളിര്, കരവീരവേരിൻമേൽതോൽ, കുടകപ്പാലയരി, വിഴാലരി, കൊട്ടം, കടുകുരോഹിണി എന്നിവ കൽക്കമാക്കിയും, കൽക്കത്തിന്റെ നാലിരട്ടി കടുകെണ്ണയും, എണ്ണയുടെ നാലിരട്ടി ഗോമൂത്രവും ചേർത്ത് പാകംചെയ്തെടുക്കണം. ഇതാണ് 'ശ്വേതകരവീരപല്ലവാദ്യം തൈലം'. ഇത് പുരട്ടിയാൽ കുഷ്ഠവും, ചൊറിച്ചിലും ശമിക്കും.

എരിക്കിന്റെ തളിരും വേരിന്മേൽതോലും, ചതുരക്കള്ളി, മനശ്ശീല, ചെറുതേക്കിൻവേര്, നാഗദന്തിയുടെ ഫലവും വേരും, പിച്ചകത്തളിര്, കടുക്, വെളുത്തുള്ളി, വിഴാലരി, പൊങ്ങിൻതോൽ, ഏഴിലമ്പാലയുടെ തളിരും വേരിൻതോലും, കൊടുവേരിക്കിഴങ്ങ്, നന്നാറിക്കിഴങ്ങ്, കുന്നികുരു, ആവണക്കിൻകുരു, ചെറുവഴുതിനിങ്ങ, മുല്ലങ്കിക്കുരു, തുളസിയരി, കറുത്തതുളസിയരി, കൊട്ടം, പാടക്കിഴങ്ങ്, കൊത്തമ്പാലരി, പെരുങ്കുരുമ്പവേര്, വയമ്പ്, ചുകന്നവയമ്പ്, തവരക്കുരു, കുടകപ്പാലയരി, മുരിങ്ങാത്തോൽ, ചുക്ക്, മുളക്, തിപ്പലി, ചേർക്കുരു, തുമ്പവേര്, അരിതാരം, ചതുകുപ്പ, മൈത്തുത്ഥം, കമ്പിപ്പാലവേര്, പാത്തുത്ഥം, സൗരാഷ്ട്രമണ്ണ്, കാരിയ്യം, മരമഞ്ഞൾതോൽ, തുവർച്ചിലക്കാരം എന്നിവ കൽക്കമാക്കിയും, കൽക്കത്തിന്റെ നാലിരട്ടി കടുകെണ്ണയും, എണ്ണയുടെ നാലിരട്ടി കരവീരത്തിന്റെ വേരും, തളിരും ചേർത്തുവെച്ച കഷായവും ചേർത്ത് തൈലം പാകംചെയ്തെടുക്കുക. ഈ തൈലമാണ് 'കനകക്ഷീരതൈലം'. ഇതേ ഔഷധങ്ങൾ തന്നെ കൽക്കമാക്കിയും, കൽക്കത്തിന്റെ നാലിരട്ടി ഗോമൂത്രം ചേർത്ത് തൈലം പാകംചെയ്തെടുക്കാം. തൈലം കയ്പച്ചുരത്തണ്ടിലാക്കിവേണം സൂക്ഷിക്കുവാൻ. വൈദ്യൻ ഈ തൈലലേപനത്തിലൂടെയാണ് മണ്ഡലകുഷ്ഠത്തെ ക്ഷണത്തിൽ ഭേദിക്കുന്നത്. തൈലം കുഷ്ഠത്തിലുള്ള കൃമിയെയും, ചൊറിച്ചിലിനെയും നശിപ്പിക്കും.

'ചരകസംഹിത' അപസ്മാരചികിത്സിതം പറയുന്നു:

എരിക്കിൻവേര്, ഗുൽഗുലു, വയമ്പ്, കടുക്ക, തേൾക്കടവേര്, കടുക്, ജഡാമാഞ്ചി, കരിനൊച്ചിവേര്, മേന്തോന്നിക്കിഴങ്ങ്, കായം, തൂണിയാങ്കം, വെള്ളുള്ളി, ഇരട്ടിമധുരം, ആവണക്കിൻവേര്, കൊട്ടം, മാംസം

തിന്നുന്ന ഏതെങ്കിലുമൊരു പക്ഷിയുടെ മലം എന്നിവ സമമായി, ആവശ്യമായ തൈലത്തിന്റെ നാലിലൊരു ഭാഗം കൽക്കം ചേർക്കുക. തൈലത്തിന്റെ നാലിരട്ടി ആട്ടിൻമൂത്രത്തിൽ അത് പാകം ചെയ്തെടുക്കുന്ന തൈലം ദേഹത്തിൽ പുരട്ടിയാൽ അപസ്മാരം ശമിക്കും. ഇതേ ഔഷധങ്ങൾതന്നെ അപസ്മാരരോഗിക്ക് പുകയേൽപ്പിക്കുവാനും, ലേപനംചെയ്യുവാനും ഉപയുക്തമാണ്.

'ചരകസംഹിത' ശോഫചികിത്സ പറയുന്നു:

എരിക്ക്, ആവണക്ക്, ആടലോടകം, മുരിങ്ങ, കുമുദ്, തുളസി എന്നിവയുടെ ഇലയിട്ട് ചൂടാക്കിയ വെള്ളത്തിൽ രോഗിയെ ഇരുത്തി വിയർപ്പിക്കണം(അവഗാഹസ്വേദംചെയ്യണം). വേണ്ടതുപോലെ രോഗി വിയർത്തതിനുശേഷം സൂര്യതാപംകൊണ്ട് ചൂടാക്കിയ വെള്ളത്തിൽ കുളിക്കുകയും, ചന്ദനാദിസുഗന്ധദ്രവ്യങ്ങൾ ലേപനം ചെയ്യുകയും വേണം.

'ചരകസംഹിത' അർശോചികിത്സിതം പറയുന്നു:

സ്തംഭനം, ശോഫം, വേദന എന്നിവയോടുകൂടിയ അർശസ്സിനെ ആദ്യം വിയർപ്പിക്കണം. കൊടുവേലിക്കിഴങ്ങ്, ചവർക്കാരം, കൂവളവേര് എന്നിവ ചേർത്ത് യഥാവിധി പാകംചെയ്തെടുത്ത തൈലം പുരട്ടിവേണം വിയർപ്പിക്കാൻ. വിയർപ്പിക്കുവാൻ യവം, ഉഴുന്ന്, മുതിര എന്നിവയുടെ കിഴിയൊ, അന്നത്തിന്റെ കിഴിയൊ, പശു, കഴുത, കുതിര എന്നിവയുടെ ചാണകം കൊണ്ടുള്ള കിഴിയൊ, എള്ളരച്ചതുകൊണ്ടുള്ള കിഴിയൊ, ഉമികൊണ്ടുള്ള കിഴിയൊ, വയമ്പും, ചതുകുപ്പയും കൊണ്ടുള്ള കിഴിയൊ ഉപയോഗിക്കാം. അതിൽ സ്നേഹദ്രവ്യം ചേർത്ത് സ്നിഗ്ധതവരുത്തി രോഗിക്ക് സഹിക്കാൻ കഴിയുന്ന ചൂടോടുകൂടിവേണം വിയർപ്പിക്കാൻ. ഇവയല്ലെങ്കിൽ എണ്ണയും, നെയ്യും ചേർത്ത് സ്നിഗ്ധതവരുത്തിയ മലർപ്പൊടിയുടെ കിഴികൊണ്ടൊ, ഉണങ്ങിയ മൂലേരിക്കിഴങ്ങിന്റെ കിഴികൊണ്ടൊ, മുരിങ്ങയിലയുടെ കിഴികൊണ്ടൊ, ചിറ്റരത്തയുടെ കിഴികൊണ്ടൊ, അടയ്ക്കാമണിയന്റെ കിഴികൊണ്ടൊ വിയർപ്പിക്കാം. ഇതുമല്ലെങ്കിൽ കൊട്ടം കാച്ചിയെടുത്ത തൈലംപുരട്ടിയ ഇഷ്ടികാചൂർണ്ണത്തിന്റെ കിഴികൊണ്ടൊ, ആട്ടുകൊട്ടമ്പാലയിലയുടെ കിഴികൊണ്ടൊ, മുല്ലങ്കിയിലയുടെ കിഴികൊണ്ടൊ വിയർപ്പിക്കാം. ഇവയുമല്ലെങ്കിൽ എരിക്ക്, ആടലോടകം, ആവണക്ക്, കൂവളം എന്നിവയുടെ ഇലകൊണ്ടുണ്ടാക്കിയ കഷായം കൊണ്ടും വിയർപ്പിക്കാം.

അർശസ്സിൽ വേദനകൊണ്ട് ദുഃഖിക്കുന്ന രോഗിയുടെ ദേഹം മുഴുവൻ എണ്ണ പുരട്ടണം. എരിക്കില, മുല്ലങ്കിയില, കടുക്കയില, താന്നിയില, നെല്ലിയില, മുളയില, നീർമാതളയില എന്നിവയിൽ ഇരുത്തി 'അവഗാഹസ്വേദം' ചെയ്യണം.

എരിക്കിൻവേര്, മനുഷ്യരോമം, പാമ്പിന്റെ ഉപ്പിളി, പൂച്ചത്തോൽ, ചമതയില എന്നിവ സമമായെടുത്ത് തീക്കനലിൽവെച്ച് പുകയേൽപ്പിക്കുന്നത് അർശസ്സിന് ഉത്തമമാണ്.

എരിക്കിൻപാല്, കള്ളിത്തണ്ട്, ഉങ്ങിൻതളിര് എന്നിവ ആട്ടിൻമൂത്രത്തിൽ അരച്ചുപുരട്ടിയാൽ അർശസ്സിലുള്ള വേദനയും, വീക്കവും ശമിക്കും.

അവിട്ടം നക്ഷത്രം

വന്നി

ശാസ്ത്രനാമം	:	പ്രൊസോപ്പിസ് സിനറേറിയ(ലിൻ)ഡ്രൂസ്.
കുടുംബം	:	മൈമോസേസിയ, ഫബേസിയേ.
സംസ്കൃതനാമം	:	സമി.
മലയാളം	:	വന്നി.
ഹിന്ദി	:	ചോംകർ.
തമിഴ്	:	പെരുവായ്.
തെലുങ്ക്	:	ജാതിംചെന്തു.
കന്നട	:	പെർവായ്.
ഗുജറാത്തി	:	സമാഡി.
ബംഗാളി	:	സമി.
മറാഠി	:	സമി.

നക്ഷത്രഗണനയിൽ ഇരുപത്തിമൂന്നാമത്തെ നക്ഷത്രമായ അവിട്ടം ആറ് നക്ഷത്രങ്ങൾ ചേർന്ന് ആടിന്റെ തലപോലെ കാണപ്പെടുന്നതാണ്. അവിട്ടത്തിന്റെ ആദ്യപകുതി മകരം രാശിയിലും, അവസാനപകുതി കുംഭം രാശിയിലുമാണ്. ഉച്ചത്തിലാകുമ്പോൾ മേടം രാശിയിൽ മൂന്ന് നാഴികയും, പതിനാല് വിനാഴികയുമാണ്. മാധവാചാര്യന്റെ അഭിപ്രായത്തിൽ, മകരം ഇരുപത്തിയേഴാം തീയതിയാണ് ഉദയമെന്നാണ്. ദേവത വസുക്കളാണ്. അസുരഗണമാണ്. സ്ത്രീയോനിയാണ്. ഭൂതം ആകാശമാണ്. ഭൂതദേവത സദാശിവനാണ്. അക്ഷരം ഓങ്കാരമാണ്. മന്ത്രാക്ഷരം യകാരമാണ്. മൃഗം സിംഹമാണ്, പുലിയാണെന്നും പറയുന്നുണ്ട്. പക്ഷി മയിലാണ്. വൃക്ഷം വന്നിയാണ്.

അവിട്ടം അന്നപ്രാശനത്തിന് പ്രസിദ്ധമായ നാളാകയാൽ ഒട്ടുമിക്ക മുഹൂർത്തങ്ങൾക്കും സ്വീകാര്യമാണ്. ഉപനയനം, ഗൃഹനിർമ്മാണം, ഉദ്യാനനിർമ്മാണം, യുദ്ധാരംഭം, വാഹനസമ്പാദനം എന്നിവക്ക് ഉത്തമമമാണ്. അവിട്ടം നക്ഷത്രം വേധദോഷവും, മദ്ധ്യമരജ്ജുദോഷവുമുള്ള മൂന്ന് നാളുകളിൽ ഒന്നാണ്. അവിട്ടത്തിന് മകയിരം, ചിത്തിര എന്നിവയുമായി വിവാഹചേർച്ച നവന്തം ദോഷമാണെന്ന് പറയപ്പെടുന്നു.

അവിട്ടം നാളുകാർ പലതരം വിഷയങ്ങളിൽ അഭിജ്ഞരും, ബുദ്ധിമാന്മാരുമാണ്. ശാസ്ത്രങ്ങളിലും, പുരാണങ്ങളിലും അറിവുണ്ടാകും. ഇവർ സ്വയമേ ശുദ്ധരായിരിക്കും. ആരെയും ആശ്രയിക്കാത്തവരായിരിക്കും. അഭിമാനം കാത്തുസൂക്ഷിക്കും. സ്വാശ്രയശീലം വളർത്തു

ന്നവരായിരിക്കും. സാധുപ്രകൃതികളാണെങ്കിലും, ഇവർ ഉൾപ്പോരു ള്ളവരാണ്. വിദ്യാഭ്യാസപരമായി ഏത് നിലയിലുള്ളവരാണെങ്കിലും ബുദ്ധിസാമർത്ഥ്യം കൂടുതലായിരിക്കും. വ്യവഹാരങ്ങൾ, വാദപ്രതി വാദങ്ങൾ എന്നിവയിൽ അത്ഭുതകരമായി വിജയിക്കും. ആരോഗ്യ കാര്യത്തിൽ ഭീരുക്കളായിരിക്കില്ല. പലതരം മേഖലകളിലും നേതൃപാ ടവം പ്രകടിപ്പിക്കും എന്നാൽ, മറ്റുള്ളവരെ വിശ്വസിച്ചുചെയ്യേണ്ടുന്ന കാര്യങ്ങളിൽ പരാജയപ്പെടുന്നത് കാണാം.

അവിട്ടം നക്ഷത്രത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:

'ധനവാൻ ദാതാശൂരോ
വിദേശവാൻ നിർഘൃണശ്ച ധർമ്മിഷ്ഠഃ
ആ നൃതികേഃ വാചാടോ
വസുദേതൗരിത്രിക പ്രിയഃ ശ്രീമാൻ'

സമ്പത്ത്, ദാനശീലം, ശൗര്യം, അന്യദേശവാസം, നിർഭയത്വം, ഈശ്വരവിശ്വാസം, അസത്യപരത്വം, വാചാലത, കലകളിൽ താത്പ ര്യം, ഐശ്വര്യം എന്നിവ പൊതുസ്വഭാവമാണ്.

'ദാതാപാഢ്യഃ ശൂരോഗീതപ്രിയോധനിഷ്ടാസുധനലുബ്ധ'.

തന്റെ മതത്തോടും, കുടുംബത്തോടുമുള്ള ബന്ധങ്ങൾ ഒരിയ്ക്ക ലും നശിക്കാതെ കാത്തുസൂക്ഷിക്കുന്നവരാണ്. ഏത് പ്രതികൂലാവ സ്ഥയിലും ഇവർ തലയുയർത്തിതന്നെ ജീവിക്കും. ധനസമ്പാദനത്ത ൽ കുശാഗ്രബുദ്ധികളാണ്. എത്രകാലം കഴിഞ്ഞാലും ഇവർ സുഹൃ ത്തുക്കളെ മറക്കില്ല.

അവിട്ടം നക്ഷത്രവൃക്ഷമായ വന്നി മുള്ളുകളുള്ള മരമാണ്. ദക്ഷി ണപൂർവേഷ്യയിൽ തുറസ്സായ കുറ്റിക്കാടുകളിലാണ് കാണപ്പെടുന്ന ത്. ഇലകൾ ദ്വിവിശ്വികസംയുക്തമാണ്. ഏകാന്തരമായാണ് വിന്യസി ച്ചിട്ടുള്ളത്. പത്രികങ്ങൾ സമ്മുഖങ്ങളാണ്. വർഷം മുഴുവൻ പൂക്കളു ണ്ടാകും. പുക്കുലകൾ ഇളം മഞ്ഞനിറത്തിൽ, മഞ്ഞയോടുകുടിയ വെള്ളനിറത്തിൽ അഞ്ച് മുതൽ പത്ത് സെ.മീറ്റർവരെ നീളത്തിൽ കാണാം. വിത്ത് സിലിണ്ടർ ആകൃതിയിൽ എട്ട് മുതൽ പന്ത്രണ്ട് സെ.മീറ്റർവരെ നീളത്തിൽ ഗ്രൂപ്പുകളായി കാണാം.

വന്നിയുടെ തണ്ടിന്റെ തൊലി, വേരിന്റെ തൊലി, ഫലം, ഇല എ ന്നിവക്കാണ് ഔഷധഗുണമുള്ളത്.

വന്നി കഫപിത്തനാശകമാണ്. ഓർമ്മശക്തി വർദ്ധിപ്പിക്കുന്നതി ന് ഉത്തമമാണ്. ത്വക്രോഗങ്ങൾക്കും, അതിസാരത്തിനും, ആസ്തമ ക്കും, ചുമക്കും സിദ്ധൗഷധമാണ്. തേൾവിഷത്തിന് പ്രത്യൗഷധമാ

ണ്. വന്നി ശീതവീര്യമുള്ള ഔഷധമായാണ് അറിയപ്പെടുന്നതെങ്കിലും, ഫലം ഉഷ്ണവീര്യമെന്നനിലയിൽ ഉപയുക്തമാണ്.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'ശമീശങ്കുഫലാതുംഗാകേശഹന്ത്രിശിവാ ഫലാ
ഈശാനിശംകരീ ലക്ഷ്മീർമംഗല്യപാപനാശിനി
ശമീ ഫലം ഗുരു സ്വാദുരൂക്ഷോഷ്ണം കേശനാശനം'.

ശങ്കുഫലാ, തുംഗോ, കേശഹന്ത്രി, ശിവാഫലം, ഈശാനി, ശങ്കരി, ലക്ഷ്മി, മംഗല്യാ, പാപനാശിനി എന്നിവ വന്നിയുടെ പര്യായപദങ്ങളാണ്. ഫലം മധുരവും, രൂക്ഷവും, ഉഷ്ണവീര്യവുമാണ്. കേശനാശനമാണ്.

'മദനപാലനിഘണ്ടു' പറയുന്നു:
'ശമീതുംഗാശങ്കുഫലാപവിത്രാകേശഹ്രത് ഫലാ
ലക്ഷ്മീശിവാത്യാധിമതീഭൂശമിശങ്കരാഹ്യയ'.

ശമി, തുംഗ, ശങ്കുഫലാ, പവിത്രാ, കേശഹ്രത്ഫലാ, ലക്ഷ്മി, ശിവാനി, ആധിമതി, ഭൂശമി, ശങ്കരാഹ്യയ എന്നിവ പര്യായപദങ്ങളാണ്.

'മദനപാലനിഘണ്ടു' പറയുന്നു:
'ശമീശീതാലഘുഃ ശ്വാസകുഷ്ഠാർശഃ കഫഹൃത്സരാ
തത്ഫലം പിത്തളം രൂക്ഷം മേധ്യം കേഷവിനാശനം'.

വന്നി ശീതവീര്യവും, ലഘുവുമാണ്. ശ്വാസം, കുഷ്ഠം, കഫം എന്നിവയെ ശമിപ്പിക്കുന്നതാണ്. സരമാണ്. ഫലം രൂക്ഷവും, ബുദ്ധിയെ ഉത്തേജിപ്പിക്കുന്നതും, കേശനാശനവുമാണ്.

'സരസ്വതിനിഘണ്ടു' പറയുന്നു:
'ഭസ്മഗർഭാസൂര്യപുത്രാ ശമീശക്തുഫലാശിവാ'.

ഭസ്മ, ഗർഭാ, സൂര്യപുത്രാ, ശമീ, ശക്തുഫലാ, ശിവ എന്നിവ പര്യായപദങ്ങളാണ്.

'ശമീസക്തുഫലാതുംഗാകേശഹന്ത്രീഫലാശിവാ
മാംഗല്യാചതഥാലക്ഷ്മീഃ ശമീരഃ സാല്പികാസ്കൃതാഃ
ശമീതിക്താകടുഃ ശീതാ കഷായാരേചതീലഘുഃ
കഫകാസഭ്രമശ്വാസകുഷ്ഠാർശഃ കൃമിജിത് സ്മൃതാ'.

ശമീ, സക്തുഫലാ, തുംഗാ, കേശഹന്ത്രി, ശിവാഫലാ, മംഗല്യാ, ലക്ഷ്മി എന്നിവ വന്നിയുടെ പര്യായപദങ്ങളാണ്. തിക്തകടുകഷായരസയുക്തമാണ്. ശീതളവും വിരേചനീയവുമാണ്. ലഘുവാണ്. ക

ഫം, കാസം, തലചുറ്റൽ, ശ്വാസരോഗം, കുഷ്ഠം, അർശസ്സ്, കൃമി എന്നിവയെ ഇല്ലാതാക്കുന്നതാണ്.

വന്നി തേൾവിഷത്തിന് പ്രത്യൗഷധമാണ്. തേൾകുത്തിയാൽ വന്നിയുടെ ഉണങ്ങിയ തൊലി അരച്ചുപുരട്ടിയാൽ മതി.

വന്നിതൊലി അരച്ചുപുരട്ടിയാൽ ത്വക്രോഗങ്ങൾ ശമിക്കും.

വന്നിതൊലി കഷായംവെച്ചത് കഴിച്ചാൽ അതിസാരം, മൂലക്കുരു, കൃമിരോഗങ്ങൾ എന്നിവ മാറും.

വന്നിതൊലി കഷായംവെച്ചത് വിഷബാധക്ക് നല്ലതാണ്.

വന്നിതൊലിയെ മദ്ധ്യേന്ത്യയിൽ വാതഹരമായിട്ടാണ് ഉപയോഗിക്കുന്നത്.

വന്നിയുടെ തടി നല്ല കടുപ്പമുള്ളതാണ്. അതുകൊണ്ട് യാഗാഗ്നിയിൽ വന്നി ഉപയുക്തമാണ്. യാഗത്തിന് വന്നിയുടെയും, അരയാലിന്റെയും തടിയാണ് അരണി കടഞ്ഞ് അഗ്നിയുണ്ടാക്കാൻ ഉപയോഗിക്കുന്നത്.

ചതയം നക്ഷത്രം

കടമ്പ്

ശാസ്ത്രനാമം : നിയോലാമാർക്കിയാ കടമ്പ്(റോക്സസ്). ആന്ത്രോ ചൈനെൻഡിസ്റിക് എക്സ്വാൽവ്. ആന്ത്രോ ഇൻഡിക്കസ് എറിക്.
കുടുംബം : റൂബിയേസ്സിയേ.
കുലം : മഞ്ജിഷ്ഠാ.
ഇംഗ്ലീഷ്നാമം : കഡം, വൈൽഡ് സിങ്കോണ.
സംസ്കൃതം : കദംബഃ, കുത്സിതാംഗഃ, കദംബകം, കാദംബര്യഃ, നദീജഃ, ധാനവൃക്ഷഃ വ്രതപുഷ്പഃ, ലലനാപ്രിയഃ, സിന്ധുപുഷ്പം, മദാദ്യം, കർണ്ണചൂരകം, ഹരിപ്രിയം, കലാംഘലവൃക്ഷം, ജലവാജീരം, ജലഗം, ജലാസംഭവം, നികുഞ്ജകം, ജലവേതസം.
മലയാളം : കടമ്പ്, ആറ്റുതോത്.
ഹിന്ദി : കദംബ, ഹൽദി, കദം.
തമിഴ് : വെള്ളെക്കടമ്പ്.
തെലുങ്ക് : രുദ്രാക്സ്താമ്പ.
കന്നട : കടുവാലതികേ, ആർസേനതികോ, കഡവല.
ബംഗാളി : കദം, കാലികദംബ, കറുമാഗച്ചം.
ഗുജറാത്തി : കദംബ.
തുളു : കടുമ്പെലേ.
ഉറുദു : കദംബേ.
ഒറിയ : ഹോളിപ്തീയ, കദംബോ.

ഇരുപത്തിനാലാമത്തെ നക്ഷത്രമായ ചതയം ശതഭിഷക് എന്നറിയപ്പെടുന്നു. നൂറ് നക്ഷത്രങ്ങളുടെ സമൂഹമാണ് ചതയമെന്നതുകൊണ്ടാണത്. ചതയം മദ്ധ്യാകാശത്തിൽ വരുമ്പോൾ എടവം രാശിയിൽ നാലുനാഴിക ഒമ്പത് വിനാഴിക കഴിയും. ഉദയം കുംഭത്തിൽ എട്ടാം ഭാഗത്താണ്. പ്രചേതസ്സ്, ശതതാരകം, വരുണ എന്നിവ ചതയത്തിന്റെ പര്യായപദങ്ങളാണ്. സംഹാരനക്ഷത്രമാണ്. അസുരഗണമാണ്. സ്ത്രീയോനിയാണ്. ദേവത സദാശിവനാണ്. ഭൂതം ആകാശമാണ്. മൃഗം പെൺകുതിരയാണ്. പക്ഷി മയിലാണ്. വൃക്ഷം കടമ്പാണ്.

കുംഭം രാശിയിൽപ്പെടുന്ന ചതയം കുംഭക്കൂറാണ്. അന്നപ്രാശനാളാകയാൽ മുഹൂർത്തങ്ങൾക്കെല്ലാം കൊള്ളുന്നതാണ്. എന്നാൽ,

പ്രതിഷ്ഠാകലശങ്ങൾക്ക് യോജിച്ചതല്ല. രഥം, വാഹനങ്ങൾ പ്രത്യേകിച്ച്, ജലവാഹനങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ഉത്തമമാണ്. വാഹനത്തിൽ ആദ്യമായി കയറുന്നതിനും, ഗജാശ്വാദികളിൽ കയറുന്നതിനും, വാസ്തുകർമ്മത്തിനും, യുദ്ധത്തിനും നല്ലതാണ്.

ചതയം നക്ഷത്രത്തിൽ ജനിച്ചവർ വാഗ്മികളും, ധൂർത്തന്മാരുമായിരിക്കും. എന്നാൽ, പിശുക്കിന് കുറവുമുണ്ടാവില്ല. സൽഗുണങ്ങളും, ധനവും തികഞ്ഞവരായിരിക്കും. സാഹസികരും, വ്യസനശീലമുള്ളവരുമായിരിക്കും. ചതയം നാളിന്റെ ഒന്നാം കാലിൽ ജനിക്കുന്നവർ സൽഗുണസമ്പന്നരും, നിത്യസുഖിയും, ശ്രീമാനും, ഉദാരനും, സത്യസന്ധനും, പശുക്കളെയും ബ്രാഹ്മണരെയും വന്ദിക്കുന്നവരുമായിരിക്കും. രണ്ടാം കാലിൽ ജനിച്ചവർ പിശുക്കന്മാരും, ജനദ്വേഷികളും, മത്സരബുദ്ധിയുള്ളവരും, ക്ലേശങ്ങൾ സഹിക്കുന്നവരും, ക്രൂരതകാട്ടുന്നവരുമായിരിക്കും. മൂന്നാം കാലിൽ ജനിച്ചവർ ഹിംസാശീലമുള്ളവരും, നീചകർമ്മം ചെയ്യുന്നവരും, ധനികരും, മോഹശീലമുള്ളവരുമായിരിക്കും. നാലാം കാലിൽ ജനിച്ചവർ സ്നേഹമില്ലാത്തവരും, സ്വജനശത്രുവും, എപ്പോഴും സദ്പ്രവൃത്തികൾ ചെയ്യുന്നവരും, അഭിമാനികളും, സുഖികളുമായിരിക്കും.

ചതയം നക്ഷത്രത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'മുഖരോധൂർത്തോാവന്ദ്യോഗുണീധനീശത്രുഹാവിഷമശീല
കൃപണോവിശാലനേത്രോ
വ്യസനീവരുണോാഝുജശ്ചസാഹസിക'.

ചതയം നക്ഷത്രത്തിൽ ജനിച്ചവർ ധാരാളം സംസാരിക്കുന്ന ശീലമുള്ളവരും, ധൂർത്തരും, എല്ലാവരാലും വന്ദ്യരും, ഗുണങ്ങളേറിയവരും, ധനവും ശത്രുജയമുള്ളവരും, വിസ്താരമുള്ള കണ്ണുകളോടുകൂടിയവരും, വ്യസനസാഹസികത തികഞ്ഞവരുമായിരിക്കും.

ചതയം നക്ഷത്രവൃക്ഷമായ കടമ്പ് ഹിമാലയസാനുക്കളിലും, നേപ്പാളിലും, മൈസൂർവനങ്ങളിലും, ആസ്സാമിലെ ഉഷ്ണമേഖലാവനങ്ങളിലും അധികമായി കാണാം. ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും, നിത്യഹരിതവനങ്ങളിലും, ഈർപ്പമുള്ള വനങ്ങളിലും കാണാം. സമുദ്രനിരപ്പിൽനിന്ന് രണ്ടായിരം അടിവരെ ഉയരമുള്ള പ്രദേശങ്ങളിലാണ് വളരുന്നത്. ധുളികദംബം, ഭുമീകദംബം എന്നിങ്ങനെ രണ്ടുതരം കടമ്പുകളുണ്ട്. മധുരയ്ക്കും, ഭരത്പുരിനുമിടയിൽ കദംബ(കടമ്പ്)വനം ഉണ്ടായിരുന്നുവെന്നും, അക്കാലത്ത് ഈ പ്രദേശങ്ങൾ ശക്ത്യുപാസകരുടെ ശക്തികേന്ദ്രങ്ങളായിരുന്നുവെന്നതിനും ചരിത്രരേഖകളുണ്ട്.

'ഭാഗവതം' വൃന്ദാവനവർണ്ണനയിൽ, വൃന്ദാവനത്തിലെ മുഖ്യമായ പുഷ്പവൃക്ഷം കദംബമായിരുന്നുവെന്ന് കാണാം. കദംബുമരത്തിൽ നിന്ന് എടുത്തുചാടിയിട്ടാണ് ശ്രീകൃഷ്ണൻ കാളിയദർപ്പമടക്കാനായി ഫണാഗ്രങ്ങളിൽ നൃത്തമാടിയിരുന്നത്.

കടമ്പ് നല്ലൊരു അലങ്കാരവൃക്ഷം കൂടിയാണ്. അതിനാൽ, പൂന്തോട്ടങ്ങളിൽ വെച്ചുപിടിപ്പിക്കുവാൻ ഉത്തമമാണ്. മരത്തിന്റെ തായ്ത്തടി നീണ്ടുരുണ്ടതും, ഒരേ വണ്ണത്തിലുള്ളതുമായിരിക്കും. ശാഖകൾ തിരശ്ചീനമാണ്. സവൃന്തലഘുപത്രങ്ങൾ സമ്മുഖമായി വിന്യസിച്ചിട്ടുള്ളവയാണ്. നീളത്തിൽ അണ്ഡാകൃതിയും, അഖണ്ഡപത്രസിമാന്തവുമുള്ളതാണ് പത്രങ്ങൾ. അത് പത്രവൃന്താന്തര അനുപത്രങ്ങളോടു കൂടിയതാണ്. മുകൾഭാഗം ആരോമിലമാണ്. പത്രാഗ്രം കൂർത്ത തുമ്പുള്ളതാണ്. പത്രത്തിന് മുപ്പത് സെ.മീറ്റർ നീളവും, പന്ത്രണ്ട് സെ.മീറ്റ റോളം വീതിയുമുണ്ട്. ഇലയുടെ അടിഭാഗം മൃദലോമിതമാണ്. ഇലകൾക്ക് കൊഴിഞ്ഞുപോകുന്ന കുന്താകാരത്തിലുള്ള വിദലങ്ങളുണ്ട്.

ഏപ്രിൽ അവസാനവും, മെയ് ആരംഭത്തോടെയുമാണ് പൂക്കാലം. ശാഖാഗ്രങ്ങളിൽ ഓറഞ്ച് നിറത്തിലുള്ളതും ചെറുതായി സുഗന്ധമുള്ളതുമായ പൂക്കൾ, ഗോളാകൃതിയിൽ വലിപ്പമുള്ള മഞ്ജരിയായി കാണപ്പെടുന്നു. പൂവിന് പന്ത്രണ്ട് മില്ലി.മീറ്റർ വരെ നീളമുണ്ടാകും. ഗർഭകേസരകലക്ക് വെള്ളനിറമാണ്. കുഴലാകൃതിയിലുണ്ടാകുന്ന ബാഹ്യദളപുടപാളി ഞെരുങ്ങിയതും, അറ്റം പഞ്ചകർണ്ണിതവുമാണ്. ചോപ്പിന്റെ(ഫണൽ) ആകൃതിയിലുള്ള പഞ്ചസംയുക്തദളപുടവും, ദളലഗ്നങ്ങളായ പഞ്ചകേസരങ്ങളുമാണുള്ളത്. തന്തുക്കൾ തീരേ ചെറിയവയാണ്.

നാരങ്ങാകൃതിയിലുള്ള മാംസളമായ പഴങ്ങൾ സെപ്തംബറിൽ പാകമാകും. പാകമെത്തിയാലും പൊഴിയില്ല. ജനുവരി മുതലേ പൊഴിയുകയുള്ളൂ. വിത്ത് തീരേ ചെറുതാണ്. കടുംചാരനിറത്തിലുള്ള തൊലി, നീളത്തിൽ പൊളിഞ്ഞുപോകുന്നതുമാണ്. തടിക്ക് വെള്ളനിറമൊ, മഞ്ഞനിറമൊ, രണ്ടും കൂടികലർന്ന നിറമൊ ഉണ്ടാകും. മൃദുവായതും, സാന്ദ്രതയുള്ളതും, ഒരുവിധം ഉറപ്പുള്ളതുമാണെങ്കിലും, ഈടില്ലാത്തതിനാൽ ഗൃഹനിർമ്മാണത്തിനായി തടി ഉപയോഗിക്കാറില്ല. തടിയുടെ വെള്ളയും, കാതലും തമ്മിൽ തിരിച്ചറിയാൻ പ്രയാസവുമാണ്. ഇത് സാധാരണയായി പായ്ക്കിങ്ങിനായുള്ള പെട്ടിക ളുണ്ടാക്കുവാനും, തീപ്പെട്ടിനിർമ്മാണത്തിനുമാണ് ഉപയോഗിച്ചുവരുന്നത്.

കടമ്പിന്റെ തൊലി, പൂവ്, പഴം, ഇല എന്നിവക്കാണ് ഔഷധഗുണമുള്ളത്.

കടമ്പ് തോദഹരമാണ്. അതായത്, കടമ്പിന് വേദനാസംഹാരപ്രഭാവമുണ്ട്. കഫം, പിത്തം, യോനീദോഷം, രക്തദോഷം, വിഷം, വ്രണം, കൃമി എന്നിവയെ ശമിപ്പിക്കുന്നതാണ്. മേദസ്സിനെ ക്ഷയിപ്പിക്കുന്നതാണ്. മലബന്ധമുണ്ടാക്കുന്നതാണ്.

കടമ്പിൻപൂവിൽനിന്ന് എസൻഷ്യനുകളായെടുക്കുന്ന രാസദ്രവ്യങ്ങൾ പെർഫ്യൂമിന് ഉപയുക്തമാണ്. കടമ്പിൻതൊലിയിൽ ആൽക്കലോയിഡുകളുണ്ട്. സ്റ്റീരോയിഡും, ഫാറ്റും, എക്സ്റ്റാക്റ്റുമുണ്ട്. ജ്വരം, പാണ്ഡു, മുഖക്കുരു, വിണ്ടുകീറൽ എന്നിവക്ക് നല്ലതാണ്.

കടമ്പിൻപഴം തണുപ്പാണ്. ബീജശേഷി വർദ്ധിപ്പിക്കുന്നതിനും, ബീജശുദ്ധിവരുത്തുന്നതിനും നല്ലതാണ്.

കടമ്പിന്റെ പൂക്കളും, വേരും ഗർഭം അലസ്സിപ്പിക്കുന്നതിന് ഉപയുക്തമാണ്.

കടമ്പിന്റെ ഇലയിൽ കഡംബയിൻ, ഡിഹൈഡ്രോകഡംബയിൻ, ഹെൻട്രിയാകോണ്ടേനോൾ, ബീറ്റാസിറ്റോസ്റ്റേറോൾ എന്നീ രാസവസ്തുക്കളുണ്ട്. കടമ്പിന്റെ വേരിലും, തൊലിയിലും ക്വയിനോമിക് ആസിഡുണ്ട്. ഇവയെ കൂടാതെ, ഒരുതരം പുതിയ വെന്റാഡൈക്ലിക്ട്രിട്രേർപ് ആസിഡ്, കഡംബജനിക് ആസിഡ്, ക്വയിനോറിക് ആസിഡ്, ബീറ്റാസിറ്റോസ്റ്റെറോൾ, സാപ്പോണിനുകൾ എന്നിവയുമുണ്ട്. കടമ്പിൻതൊലിയിൽ സിങ്കോടാനിക് ആസിഡുണ്ട്.

'അഭിജ്ഞാനമഞ്ജരി' പറയുന്നു:
'കുത്സിതാംഗഃ കദംബശ്ച നീപോഭ്രമരബാന്ധവഃ
കാദംബര്യോവൃത്തപുഷ്പഃ പ്രാവൃഷ്യഃ ഷഡ്പദപ്രിയഃ
ഹേമപുഷ്പോപീതപുഷ്പീകഥ്യതേകാഞ്ചന നാരകഃ'.

'കൈഢര്യാദിനിഘണ്ടു' പറയുന്നു:
'കദംബശിശീരോഗ്രാഹീകഷായോലവണോ ഗുരുഃ
നിഹന്തിയോനിദോഷാസ്രകൃഛ്ത്രദാഹവിഷവ്രണാൽ
ശീതവീര്യം തദ്പ്രവാളം കഷായം ദീപനംലഘു
രക്തപിത്താതിസാരഘ്നമരോചകവിനാശം.
അമ്ലം തസ്യ ഫലം രുച്യം ര്യോഷ്ണം ശ്ലേഷ്മളം ഗുരു
പക്വം വാതഹരം സാമ്ലം കഫപിത്ത പ്രകോപനം'.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:
'കദംബപ്രിയകോനീപോവൃത്തപുഷ്പോഹരിപ്രിയഃ'.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'കദംബോവൃത്തപുഷ്പശ്ച സുരഭിർലലനാപ്രിയഃ

കാദംബര്യഃ സിന്ധുപുഷ്പോമദാഢ്യകർണ്ണപൂരകഃ'.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:
'കദംബോമധുരഃ ശീതഃ കഷായോലവണോഗുരുഃ'.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'കദംബസ്തുകഷായാസ്യാദ് രസേശീതോഗുണോപിച
വ്രണാസംരോഹണശ്ചാപികാസദാഹവിഷാപഹഃ'.

'രാജനിഘണ്ടു' പറയുന്നു:
'കഭംബതിക്തകടുകഃ കഷായോവാതനാശനഃ
ശീതളം കഫപിത്താർത്തിനാശനഃ ശുക്ലവർദ്ധനഃ'.

'നിഘണ്ടുരത്നാകരം' പറയുന്നു:
'കദംബകടുകസ്തിക്തോമധുരസ്തുവരഃ പടു
ശുക്ലവൃദ്ധികരഃ ശീതോഗുരുർവിഷ്ടംഭകാരകഃ
രൂക്ഷാസ്തന്യപ്രദോഗ്രാഹിവർണ്ണകൃത്യോനിദോഷഹാ
രക്തരുങ്മൂത്രകൃഛ്ത്രഞ്ച വാതംപിത്തംകഫംവ്രണം
ദാഹംവിഷംനാശയതിഹ്വങ്കുരാശ്ചാസ്യരുവരാഃ
ശീതവീര്യാദീപകാശ്ച ലഘവോ/രോചകാപഹാഃ
രക്തപിത്താതിസാരഘ്നഃ ഫലംരുച്യം ഗുരുസ്മൃതം
ഉഷ്ണവീര്യം കഫകരം തത്പക്വം കഫപിത്തജിത്
വാതനാശകരം പ്രോക്തമൃഷിദിസ്തത്വദർശിഭിഃ'.

കടമ്പിന്റെ വിത്തുവിതരണം നടക്കുന്നത് ജന്തുക്കൾ വഴിയാണ്.

കടമ്പിന്റെ കായയും, തൊലിയും, ഇലയും ഞരമ്പുരോഗങ്ങൾ, വന്ധ്യത, ചുമ, കടുത്ത പനി എന്നിവക്ക് ഉപയുക്തമാണ്. വിഷഹരമാണ്. നീർവീക്കത്തിന് അരച്ചുപുരട്ടുന്നത് നല്ലതാണ്.

കടമ്പിൻതൊലി നല്ലതുപോലെ പൊടിച്ചത് പാലും, പഞ്ചസാരയും ചേർത്ത് കഴിച്ചാൽ രക്തശുദ്ധിയുണ്ടാവുകയും, മുലപ്പാൽ വർദ്ധിക്കുകയും ചെയ്യും.

കടമ്പിൻതൊലി കഷായം വെച്ചത് മുപ്പത് എം.എൽ വീതമെടുത്തതിൽ അഞ്ച് തുള്ളി തേൻ ചേർത്ത് നിത്യവും ഒരു നേരം കഴിച്ചാൽ കടുത്ത പനി, വിറയൽ, മലേറിയ എന്നിവക്ക് ശമനമുണ്ടാകും.

കടമ്പിൻതൊലി അരച്ചത് നീരിന്മേൽ പുരട്ടിയാൽ ശമിക്കും.

കടമ്പിൻതൊലി അരച്ച് പേസ്റ്റാക്കിയത് തേൻചേർത്ത് മുഖത്ത് പുരട്ടിയാൽ നല്ല മുഖകാന്തിയുണ്ടാകും.

കടമ്പിൻതൊലി കഷായം മൂത്രത്തിൽ കല്ലിന് നല്ലതാണ്.

കടമ്പിന്റെ പഴച്ചാറിൽ ജീരകം പൊടിച്ചതും, പഞ്ചസാരയും ചേർത്തുകൊടുത്താൽ കുട്ടികൾക്കുണ്ടാകുന്ന വായുമുട്ടലും, വേദനയും മാറും. ഇത് തൊണ്ടപഴുപ്പിനും ഉത്തമമാണ്. ഇതിനൊപ്പം കടമ്പിൻ തൊലി അരച്ചത് തൊണ്ടയ്ക്ക് പുറമെ പുരട്ടുന്നതും നല്ലതാണ്.

കടമ്പുപഴത്തിന്റെ ജ്യൂസ് പനിയുണ്ടായ വേളയിലെ ദാഹത്തിന് ഉത്തമമാണ്.

കുട്ടികളുടെ നിറുക താഴുന്നതിന്(തള്ളുന്നതിനും) കടമ്പിന്റെ പച്ച ത്തൊലി പിഴിഞ്ഞെടുത്ത നീര് പുരട്ടുന്നത് ഉത്തമമായ പ്രതിവിധിയാണ്. ഇതിനോടൊപ്പം കടമ്പുപഴത്തിന്റെ ചാറിൽ ജീരകപൊടിയും, പഞ്ചസാരയും ചേർത്ത് കഴിക്കാൻ(പത്ത് തുള്ളികൾ വീതം രണ്ട് മണിക്കൂർ ഇടവിട്ട്) കൊടുക്കുന്നതും നല്ലതാണ്.

കടമ്പുമരത്തിന്റെ തൊലിയുടെ നീരും, സമമായി ചെറുനാരങ്ങാനീരും ചേർത്തതിൽ അൽപം കറുപ്പും, പടിക്കാരവും ചാലിച്ച് കണ്ണിന് പുറമെപുരട്ടിയാൽ കണ്ണിലുണ്ടാകുന്ന നീര് വേഗത്തിൽ മാറും.

കടമ്പ് ശുക്ലവൃദ്ധികരമാണ്. അതുകൊണ്ട് കടമ്പിൻതൊലിയും, അമുക്കുരവും പാൽകഷായംവെച്ചത് കഴിച്ചാൽ നല്ലതാണ്.

കടമ്പിൻതൊലി, ആനക്കൊമ്പ്, കലമാൻകൊമ്പ് എന്നിവ ശതാവരിക്കിഴങ്ങിന്റെ നീരിൽ അരച്ചത് ഗുളികകളാക്കിവെച്ച് കഴിച്ചാൽ ബീജാണുക്കളുണ്ടാകും.

കടമ്പിൻതൊലി, അഭ്രകഭസ്മം, നായ്ക്കുരണപ്പരിപ്പ് എന്നിവ പാൽ മുതുക്കിന്റെ നീരിൽ അരച്ചത് ഗുളികകളാക്കിവെച്ച് ഒന്നുവീതം മൂന്നുനേരം കഴിച്ചാൽ ബീജശേഷിയുണ്ടാകും, ബീജം ശുദ്ധമാകും.

കദംബമരത്തിന്റെ തൊലി, വാകക്കുരു, വയൽചുള്ളിയരി, കസ്തൂരിവെണ്ടക്കുരു എന്നിവ തേങ്ങാപ്പാലിൽ അരച്ചുകഴിച്ചാൽ ശുക്ലം വർദ്ധിക്കും.

കടമ്പിൻതൊലി, അമുക്കുരും, ശതാവരിക്കിഴങ്ങ്, പാൽമുതുക്ക് എന്നിവ കഷായം വെച്ചതിൽ 'സിദ്ധമകരധ്വജം' ചേർത്തുകഴിച്ചാൽ പുരുഷവന്ധ്യത മാറും.

കടമ്പിൻതൊലി കഷായംവെച്ചതിൽ 'സുതാളകഭസ്മം' ചേർത്തു കഴിച്ചാൽ കഴലവീക്കവും, മലമ്പനിയും മാറും.

കടമ്പിന്റെ തൊലിയും, പഴവും, പൂവും കഷായം വെച്ചതിൽ 'വില്വാദിഗുളിക' ചേർത്തുകഴിച്ചാൽ സ്ഥാവരങ്ങളും, ജംഗമങ്ങളുമായ എല്ലാതരം വിഷോപദ്രവങ്ങൾക്ക് അറുതിവരും.

കടമ്പില കഷായവെച്ചത് കവിൾകൊണ്ടാൽ വായ്ക്കകത്തെ ശ്ലേഷ്ംചർമ്മവീക്കം മാറും. കുടൽപുണ്ണിന് കഴിക്കാനും നല്ലതാണ്.

കടമ്പില കഷായം വ്രണങ്ങളിൽ ധാരചെയ്യാൻ നല്ലതാണ്.

കടമ്പിലയും, മുളംകർപ്പൂരവും ചേർത്തരച്ചത് പുരട്ടിയാൽ കുരുക്കൾ പഴുത്തുപൊട്ടും.

കടമ്പില അരച്ചത് കുരുവിന് പോൾട്ടീസിടാൻ നല്ലതാണ്.

കടമ്പിൻതൊലി, പെരുമരത്തൊലി, പൂവാൻകുറുന്തിലവേര്, ചമ്പ്രാവള്ളിക്കിഴങ്ങ് എന്നിവ കഷായം വെച്ചതിൽ 'കാഞ്ചനാരഗുൽഗുലുഗുളിക' ചേർത്തുകഴിച്ചാൽ ഗർഭാശയരോഗങ്ങൾ മാറും.

കടമ്പിന്റെ മുകുളങ്ങൾ അരച്ചിടുന്നത് കുഷ്ഠഹരമാണ്. ഇതുതന്നെ കുറഞ്ഞ മാത്രയിൽ കഴിക്കുന്നതും കുഷ്ഠഹരമാണ്.

കടമ്പിന്റെ മുകുളങ്ങൾ ഉണക്കി പൊടിച്ചത് ഒരു ഡ്രാം വീതം രണ്ടുനേരം നാലഞ്ചുദിവസം കഴിച്ചാൽ കൃമികൾ പോകും.

കടമ്പിൻവേര് പാമ്പുവിഷത്തിന് കടിവായിൽ പുരട്ടുവാനും, കഴിക്കുവാനും ഉപയുക്തമാണ്.

പൂരുരുട്ടാതി നക്ഷത്രം

തേന്മാവ്

ശാസ്ത്രനാം	: മാഞ്ചിഫെറാ ഇൻഡിക്കാലിൻ (Mangifera Indicalin).
കുടുംബം	: അിമരമ്യറശമരലമ.
കുലം	: ആമ്രകുലം.
ഇംഗ്ലീഷ് നാമം	: മാംഗോട്രീ.
സംസ്കൃതം	: ആമ്രഃ, രസാലഃ, സഹകാരഃ, പികവല്ലഭഃ, മയുദൂതഃ, കാമാംഗഃ, മാകാന്ദഃ, പൂതഃ.
മലയാളം	: തേന്മാവ്.
ഹിന്ദി	: ആമ്.
തമിഴ്	: മാംപളം, മാമരം, മാങ്കാ.
തെലുങ്ക്	: മാമിടി.
കന്നട	: മാമ്, കൂസ്ജോയി, സ്പ്രിംഗ് ട്രീ.
ബംഗാളി	: ആമ്ര.

പൂരുരുട്ടാതി ഇരുപത്തിയഞ്ചാമത്തെ നക്ഷത്രമാണ്. രണ്ട് നക്ഷത്രങ്ങൾ കട്ടിൽകാലുപോലെയുള്ളതാണ് പൂരുരുട്ടാതി. ഇത് ഉച്ചയിലെത്തുമ്പോൾ ഇടവം രാശിയിൽ നാല് നാഴിക നാൽപത്തിയൊമ്പത് വിനാഴിക ചെല്ലും. പൂർവപ്രോഷ്ഠപദം, അജൈകപാത്ത്, അജൈകപാദം എന്നിവ പൂരുരുട്ടാതിയുടെ പര്യായപദങ്ങളാണ്. സ്ഥിതിനക്ഷത്രമാണ്. ദേവത അജൈകപാത്താണ്. മനുഷ്യഗണമാണ്. പുരുഷയോനിയാണ്. ഭൂതം ആകാശമാണ്. അക്ഷരം ഓങ്കാരമാണ്. മന്ത്രാക്ഷരം ക്ഷകാരമാണ്. വൃക്ഷം തേന്മാവാണ്.

പൂരുരുട്ടാതിയുടെ മുക്കാൽ ഭാഗം കുംഭം രാശിയിലും, അവസാനത്തെ കാൽഭാഗം മീനം രാശിയിലുമാണ്. ഇതൊരു വന്ധ്യനക്ഷത്രമാണ്. അതുകൊണ്ട് ശുഭകാര്യങ്ങൾക്ക് വർജ്ജിക്കപ്പെടുന്നു. ശില്പകർമ്മങ്ങൾ, ഛേദനകർമ്മം, കൃഷി, കച്ചവടം, പോത്തിനെയും മറ്റും വാങ്ങൽ, ജലയാനനിർമ്മാണം എന്നിവക്ക് നല്ല നക്ഷത്രമാണ്.

പൂരുരുട്ടാതി നാളിൽ ജനിച്ചവർ നല്ല ആരോഗ്യമുള്ളവരും, അധികം തടിക്കാത്തതും എന്നാൽ, കൃശമല്ലാത്തതുമായ ശരീരത്തോടുകൂടിയവരുമായിരിക്കും. ജീവിതഗതിയെ ശോഭനമായി നയിക്കുന്നവരായിരിക്കും. സഹൃദയത്വമുള്ളവരായിരിക്കും. അന്യരുടെ ഇഷ്ടമറിഞ്ഞ് പെരുമാറുന്ന ഇവർക്ക്, തങ്ങളിഷ്ടപ്പെടുന്ന കാര്യങ്ങൾ കൃത്യതയോടെ നിർവഹിക്കപ്പെടണമെന്നും, അത് അന്യർക്ക് പ്രയോജനപ്പെ

ടണമെന്നും, തങ്ങൾക്കത് ആദായകരമായിരിക്കണമെന്നും നിർബ ന്ധമുള്ളവരാണ്. ഏത് രംഗത്തായാലും സമർത്ഥരും, നല്ലവരുമാണെ ന്ന് അറിയപ്പെടുന്നവരാണ്. എന്നാൽ, തങ്ങൾക്ക് അപകർഷമുണ്ടാ ക്കുന്ന കാര്യങ്ങളെ സർവശക്തിയുമുപയോഗിച്ച് എതിർക്കുകയും ചെയ്യും. വിലപിടിപ്പുള്ള ആഡംബരവസ്തുക്കൾ വളരെ ഇഷ്ടമുള്ള വരാണ്. അന്യരെ ആശ്രയിക്കാതെ സ്വന്തം കാര്യങ്ങൾ നിർവഹിക്കാ ൻ ഇഷ്ടപ്പെടുന്നവരാണ്. ഏറ്റവും അടുത്തവരിൽനിന്ന് ലഭിക്കുന്ന ഉപദേശങ്ങളെയിവർ അതേപടി അംഗീകരിക്കുമെങ്കിലും, തന്നിഷ്ടമ നുസരിച്ചുമാത്രമേ പ്രവത്തിക്കുകയുള്ളൂ.

പൂരുരുട്ടാതി നക്ഷത്രത്തിൽ ജനിച്ച പുരുഷന്മാർ സ്ത്രീജനങ്ങളി ൽ തത്പരരായിരിക്കും. സ്ത്രീകളിൽ പൗരുഷം പ്രകടമായിരിക്കും. പൂരൂരട്ടാതി ഒന്നാം കാലിൽ ജനിച്ചാൽ വിശാലവദനനും, ദോഷബു ദ്ധിയും, കലഹപ്രിയനും, മനഃക്ലേശമുള്ളവനുമായിരിക്കും. രണ്ടാം കാലിൽ ജനിച്ചാൽ രാജധനം ലഭിക്കുന്നവനും, നിത്യസുഖിയും, അന്യന് വശംവദനാകാത്തവനും, സ്ത്രീകൾക്ക് ഇഷ്ടപ്രിയനുമാ കും. മൂന്നാം കാലിൽ ജനിച്ചാൽ പ്രസന്നനും, തളർച്ച ബാധിക്കാത്ത വനും, ശ്രേഷ്ഠനും, സകലകർമ്മങ്ങളിലും സമർത്ഥനും, സ്ഥിരമന സ്സുള്ളവനുമാകും. നാലാം കാലിൽ ജനിച്ചാൽ സുഭഗനും, കൃപണ നും, സ്വകർമ്മനിരതനും, ദീർഘായുസ്സും, വിനീതനുമാകും.

പുരൂരുട്ടാതിയെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'സ്ത്രീണാമിഷ്ടഃ സുഭഗോ
ദുഃഖീഭോഗീ സുഖീതൃപാപ്തധന
ക്ഷുദ്രോ വിപാദവിജയീ
ദീർഘായുഃ പൂർവ്വഭാദ്രിപദജസ്സ്യാൽ'.
'ഭദ്രപദാസുദ്വിഗ്നഃ സ്ത്രീവിജിതധനീപമുരദാതാ'

പുരൂരുട്ടാതിയിൽ ജനിച്ചവർ സ്ത്രീകൾക്ക് ഇഷ്ടമുള്ളവരും, സുഭ ഗരും, സുഖദുഃഖങ്ങൾ മാറിമാറി വരുന്നവരും, ഭോഗസുഖമുള്ളവരും, സർക്കാരിൽനിന്ന് സമ്പത്ത് ലഭിക്കുന്നവരും, വിവാദങ്ങളിൽ വിജയി ക്കുന്നവരും, ദീർഘായുസ്സുള്ളവരുമായിരിക്കും.

പൂരുരുട്ടാതി നക്ഷത്രവൃക്ഷമായ തേന്മാവ് ഇന്ത്യയിലുടനീളം വള ർന്നുകാണാം. സമുദ്രനിരപ്പിൽനിന്ന് ആയിരത്തിയിരുന്നൂറ് അടി ഉയ രം വരെയുള്ള വനങ്ങളിലും മാവുകളെ കാണാം. മാവ്കൃഷി വ്യാപ കമായി ചെയ്തുവരുന്നുമുണ്ട്. മാവുകൾ വളരെ വലുതായും, പന്ത ലിച്ചും വളരുന്നവയാണ്. ഇതൊരു നിത്യഹരിത വൃക്ഷമാണ്.

മാവിൻതോല് ചാരനിറത്തിൽ വിള്ളലുകളോടുകൂടി കാണപ്പെടു

ന്നു. ഇലകൾ തടിച്ചതാണ്. പത്രപാളി പരുപരുത്തതും, കട്ടിയുള്ള തും, അഗ്രം കൂർത്തതുമാണ്. പൂങ്കുലകൾ ശാഖാഗ്രങ്ങളിൽ കാണപ്പെടുന്നു. പൂങ്കുലക്ക് പത്ത് മുതൽ മുപ്പത് സെ.മീറ്റർ വരെ നീളമുണ്ടാകും. പൂങ്കുലയിൽ അനേകം പൂക്കളുണ്ടാകും. ഒരു പൂങ്കുലയിൽതന്നെ ദ്വിലിംഗപുഷ്പങ്ങളും, ആൺപുഷ്പങ്ങളുമുണ്ടാകും. ആൺപുഷ്പങ്ങൾ എണ്ണത്തിൽ വളരെ കൂടുതലാണ്. ഓരോ പൂവിനും നാലഞ്ച് സ്വതന്ത്ര ദളങ്ങളുണ്ട്. കേസരം നാലഞ്ചെണ്ണമുണ്ടെങ്കിലും, ഉത്പാദന ശേഷിയുള്ള കേസരം ഒന്നുമാത്രമേയുള്ളു. മാമ്പഴം വലുതും, മാംസളവുമാണ്. മാവിന്റെ ഭേദമനുസരിച്ച് മാമ്പഴം വലിപ്പത്തിലും, രുചിയിലും ഭേദമുണ്ടാകും.

പച്ചമാങ്ങയിൽ ടാർറിക് അമ്ലം, മാലിക് അമ്ലം, സിട്രിക് അമ്ലം, സെല്ലുലോസ്, അലേയഭസ്മം, ലേയഭസ്മം എന്നിവയുണ്ട്. പഴുത്ത മാങ്ങയിൽ ബെൻസോൾ ഗാലിക് അമ്ലവും, ടാനിനും, അധിക മാത്രയിൽ വിറ്റാമിൻ എ, ബി, സി എന്നിവയും പഞ്ചസാര, കൊഴുപ്പ്, സ്റ്റാർച്ച് എന്നിവയുമുണ്ട്.

'ഗുണപാഠം' പറയുന്നു:
'മാമ്പൂ രുചിയെയുണ്ടാക്കും. കഫഘ്നം പിത്തവർദ്ധനം
കണ്ണിമാങ്ങാ ചവർത്തുള്ളൂ വാതപിത്താസ്രവർദ്ധനം
അണ്ടിമൂത്താൽ പുളിരസം കഫപിത്തഹരംപരം
ചനച്ചതുപുളിച്ചുള്ളൂ വാതനാശനമായിവരും
പഴുത്താൽ മധുരം വാതനാശനം കഫപിത്തകൃത്
ശ്ലേഷ്മം മാമ്പൂവിലെ വെള്ളം ഹൃദ്യഞ്ചമുഖരോചനം
സുതിക്തം സുരഭിസ്നിഗ്ധം മധുരം വാതനാശനം
അണ്ടിയേറ്റം മലം ഗ്രഹിതൃഷ്ണാദാഹവിനാശനം
അതുനീർക്കടമ്പനം ന അരക്തപിത്തജ്വരാപഹം'.

'നിഘണ്ടു രത്നാകരം' പറയുന്നു:
'ആമ്രപുഷ്പം ശീതളം സ്യാദ് വാതളം ഗ്രാഹകം മതം
അഗ്നിദീപ്തികരം രുച്യം കഫപിത്തപ്രമേഹനുത്
പ്രദരം ചാതിസാരം ച നാശയേദിതിമേമതം
ബാലാമ്രസ്തുവരശ്ചോഷ്ണോഃ സുഗന്ധിശ്ചാമ്ലകസ്മൃതഃ
ക്ഷാരസ്യയോഗാദുയിദോഗ്രാഹിരൂക്ഷശ്ചകാന്തിദഃ
പിത്തവാതകഫാൻ രക്തദോഷാം ശ്ചൈവകരോതിസഃ
കണ്ഠരുഗ്വാതമേഹഞ്ചയോനിദോഷവ്രണം തഥാ
അതിസാരം പ്രമേഹം ച നാശയേദിതികീർത്തിതഃ
പക്വാമ്രോമധുരഃ ശുക്ലവർദ്ധകഃ പൗഷ്ടികസ്മൃതഃ
ഗുരുകാന്തിതൃപ്തികരഃ കിഞ്ചിദമ്ലോ രുചിപ്രദഃ

ഹൃദ്യോമാംസബലാനാം ച വർദ്ധകകഫകാരകഃ
തുവരശ്ചതൃഷാവാതശ്രമാനാം നാശകഃ സ്മൃതഃ
പോഷിതാമ്രോബലരുചിർവീര്യവൃദ്ധികരപരഃ
നഘുതാശീതതാശീഘ്രപാകതാവാതപിത്തനുത്
മലബന്ധകരശ്ചൈവ പൂർവവൈദ്യരുദീരിതഃ
പക്വസ്യാഛരസ്ത്രഛിന്നാമ്രോ ജാഡ്യമാധുര്യശീതകൃത്
രുചികൃത് ചിരപാകശ്ച ധാതുവൃദ്ധിം കരോതിസഃ
ബലകർത്താവാതപിത്തനാശനഃ പരികീർത്തിതഃ
ആമ്രബീജം തുമധുരം കിഞ്ചിദമ്ലം കഷായകം
വാന്ത്യതിസാര ഹൃദ്ദാഹനാശനം ബുധൈർമതം
ആമ്രതൈലം തു തുവരം സ്വാദുരൂക്ഷം ചിതിക്തകം
സുഖന്ധിമുഖരോഗസ്യനാശനം കഫാവാതനുത്
ആമ്രാന്തസ്തഗ് പ്രാഹിണീതുവരാദാഹകാരിണി
പിത്തമേഹകഫാനാം ച നാശിനി യോനി ശുദ്ധികൃത്
ആമ്രമൂലം തുതുവരം ഗ്രാഹി ശീതം രുചിപ്രദം
സുഗന്ധികഫവാതാനാം നാശനം പരികീർത്തിദം
ആമ്രഛദസ്തുതുവരോഗ്രാഹദോരുചികാരകഃ
വാതപിത്തകഫാൻ ഹന്തിത്യേവഞ്ചപരികീർത്തിതം'.

'ചരകസംഹിത' പറയുന്നു:
'രക്തപിത്തകരം ബാലം അപൂർണ്ണം പിത്തവർദ്ധനം
പക്വമാത്രം ജയേദ്വായും ശുക്ലമാംസബലപ്രദം'.

'സുശ്രുതസമഹിത' പറയുന്നു:
'പിത്താനിലകരം ബാലം പിത്തളം സദ്ധകേസരം
ഹൃദ്യം വർണകരം രുച്യം രക്തമാംസബലപ്രദം
കഷായാനുരസം സ്വാദുവാതഘ്നം ബൃംഹണം ഗുരു
പിത്തവിരോധിസംപക്വമാമ്രം ശുക്ലവിവർദ്ധനം'.

'അഷ്ടാംഗഹൃദയം' പറയുന്നു:
'വാതപിത്താസ്രകൃത് ബാലംബദ്ധാസ്ഥികഫപിത്തകൃത്
ഗുർവാമ്രം വാതജിത് പക്വം സ്വാദ്മ്ലം കഫശുക്ലകൃത്'.

'സോഢലനിഘണ്ടു' പറയുന്നു:
'ആമ്രകഫഹരോഗ്രാഹി വർണ്യോവാതപ്രമേഹനുത്
സമ്പൂർണ്ണമാമ്രമമ്ലം ച രക്തപിത്തകഫപ്രദം
ബാലം കഷായകടുവമ്ലം രൂക്ഷം പിത്ത സ്രവാതകൃത്
തത്പക്വം മധുരം സാമ്ലം ഗുരുസ്നിഗ്ധമപിത്തളം
ഹൃദ്യം വാതഹരം ശ്ലേഷ്മമാംസശുക്ലബലപ്രദം

സമ്പത്വസ്യരസോഹൃദ്യഃ സ്നിഗ്ധഃ സുരഭിരോചനഃ
ദീപനോനില പിത്തഘ്നഃ ശുക്ലശോണിത ശുദ്ധികൃത്
പക്വാമ്രഫലജോർജ്ജരർദ്ദ്യതിസാരനാശനഃ'.

'മദനപാലനിഘണ്ടു' പറയുന്നു:
'ആമ്രോഗ്രാഹി പ്രമേഹാസ്രകഫപിത്തവ്രണാഞ്ജയേത്
തത്ഫലം ബാലമത്യമ്ലം രൂക്ഷം ദോഷത്രയാസ്രജിത്
പക്വം തുമധുരം വൃഷ്യം സ്നിഗ്ധം ഹൃദ്യം ബലപ്രദം
ഗുരു വാതഹരം രുച്യം വർണ്യം, ശീതമപിത്തളം
രസസ്തസ്യസരഃ സ്നിഗ്ധോരോചനോ ബലവർണ്ണകൃത്
സഹകാരഞ്ചവാതഘ്നം പിത്തശ്ലേഷ്മവിനാശനം
കഷായം മധുരം വൃഷ്യം ഗുരു സ്നിഗ്ധം വിശേഷതഃ
പക്വാമ്രം ജനയേദായുർമാംസശുക്ലബലപ്രദം'.

'ധന്വന്തരീനിഘണ്ടു' പറയുന്നു:
'ശുഷ്കാമ്രം തുകഷായമ്ലം ഭേദനം കഫവാതജിത്
ബാലം കഷായം കട്വമ്ലം രൂക്ഷം വാതാസ്രപിത്തകൃത്
സമ്പൂർണ്ണമാമമ്ലം ച രക്തപിത്തകഫപ്രദം
ഹൃദ്യം വർണകരം രുച്യം രക്തമാംസബ്രലപ്രദം
കഷായാനുരസം സ്വാദുവാതഘ്നം ബൃംഹണം ഗുരു
പിത്താവിരോധിസംപക്വം ആമ്രം ശുക്ലവിവർദ്ധനം
മധുരം ബൃംഹണം ബല്യം ഗുരുവിഷ്ടംദജീർണ്ണകൃത്
സഹകാരരസോഹൃദ്യസുരഭിസ്നിഗ്ധരോചനം
ത്വഭ്മൂലപല്ലവം ഗ്രഹികഷായം കഫപിത്തജിത്'.

'കൈഡര്യാദിനിഘണ്ടു' പറയുന്നു:
'രാസ/സ്തുവരോരൂക്ഷോരക്തപിത്തകഫവ്രണാൻ
യോനീദോഷമതീസാരം പ്രമേഹംസന്നിയച്ഛതി
കഫപിത്തപ്രശമനം രുച്യമാമ്രസ്യപല്ലവം
ആമ്രപുഷ്പമതീസാരം പ്രമേഹം ദുഷ്ടശോണിതം
കഫപിത്തഹരം ശീതംരുചികൃത്ഗ്രാഹിവാതളം
ബാലം തസ്യഫലംരൂക്ഷം കഷായകടുകാമ്ലകം
വാതപിത്താസ്രകൃദ്യത്ബദ്ധാസ്ഥികഫപിത്തകൃത്
പക്വംതുമധുരം സാമ്ലം ഗുരുസ്നിഗ്ധമപത്തളം
വാതളം ബൃംഹണം രുച്യം കഫശുക്ലവിവർദ്ധനം
ശുഷ്കം കഷോയമുഷ്ണം ച ഭേദനം കഫവാതജിത്
സഹകാരരസോഹൃദ്യഃ സുരഭിസ്നിഗ്ധരോചന
ത്വ ച്യഃ പ്രലേപനേ/ദ്യം ഗേകേശ്യോരൗക്ഷ്യമലാപഹഃ
രുക്ഷശ്ചൂതസ്യസംഗ്രാഹികൃമിവാതപ്രകോപണഃ

കഷായമധുരോമജ്ജാഗ്രാഹിണി ത്വക് ച ദാഹനുത്
സഹകാരഭവം തൈലം കഷായം സ്വാദുതിക്തകം
മുഖരോഗഹരം രൂക്ഷം സുഗന്ധിശ്ലേഷ്മവാതജിത്'.

'രാജനിഘണ്ടു' പറയുന്നു:
'ആമ്രകഷായാമ്ലരസഃ സുഗന്ധി
കണ്ഠാമയഘ്നോഽഗ്നികരശ്ച ബാലഃ
പിത്തപ്രകോപാനിലരക്തദോഷ
പ്രദഃ പടുത്വാദിരുചിപ്രദശ്ചഃ
ബാലം പിത്താനിലകഫകരം തച്ചസദ്ധാസ്ഥിതാദൃക്
പക്വം ദോഷത്രയശമനം സ്വാദുപുഷ്ടിം ഗുരുഞ്ച
ദത്തേ ധാതുപ്രചയമധികം തർപ്പണം കാന്തികാരി
ഖ്യാതം തൃഷ്ണാശ്രമകൃതൗചൂതജാതം ഫലം സ്യാത്
ആമ്രത്വയാകഷായാ ച മൂലം സൗഗന്ധിതാദൃശം
രുച്യം സംഗ്രാഹിശിശിരം പുഷ്പം തു രുചിദീപനം'.

'അഭിധാനമഞ്ജരി' പറയുന്നു:
'ആമ്രശ്ചൂങ്കോവനജോവസന്തസ്തഥാ മഹാവൃക്ഷഃ
പുഞ്ചിവാതസ്ഥിഫലഃ പ്രിയപുഞ്ചിക ഉച്യതേനിഘണ്ടുകെജ്ഞഃ'.

'ഭാവപ്രകാശം' പറയുന്നു:
'ആമ്രശ്ചൂതോരസാളോഽസൗസഹകാരോഽതിസൗരഭഃ
കാമാങ്ഗോമധുദൂതശ്ചമാകന്ദഃപികവല്ലഭഃ'.

'രാജനിഘണ്ടു' പറയുന്നു:
'ആമ്രഃ കാമശരശ്ചൂതോരസാഽകാമവല്ലഭഃ
കാമാംഗഃ സഹകാരശ്ച കീരോഷ്ടോമാധവദ്രുമഃ
ഭൃംഗാഭീഷ്ഠഃ സീധുരസോമധുളീകോകിലോത്സവഃ
വസന്തദൂതോഽമ്ലഫലോമദാഢ്യോമന്മഥാലയഃ
മധ്വാവാസഃ സുമദനഃ പികരാഗോനൃപ പ്രിയഃ
പ്രിയാംസുഃ കോയിലാവാസഃ സഃപ്രോക്തസ്ത്രീകരാഹ്വയഃ'.

'കൈഡര്യാദിനിഘണ്ടു' പറയുന്നു:
'ആമ്രശ്ചൂതശ്ചൈത്രവൃക്ഷോവനപുഷ്പോത്സവസ്മൃതഃ
സഹകാരോമന്മഥഃ സ്യാത്കാമാങ്ഗഃ ശ്യാമതൈലകഃ
ശിലോഷ്ടഃ സുപഥാമോദഃ ശിഷ്ടഃ പികമഹോത്സവഃ
മനോരഥോമദ്യസഹോമാകന്ദഃ ശൗണ്ഡികപ്രിയഃ
പിണ്ഡീഫലോരസാളഃ സ്യാത്പുരപുഷ്ടോതിസൗരഭഃ
കാന്തഃ കോകിലബന്ധുശ്ചസ്യാത്സമന്വിതകാര്യപി'.

'ഭാവപ്രകാശം' പറയുന്നു:
'ആമ്രത്വചാകഷായ ച മൂലം സൗഗന്ധിതാദൃശം
രുച്യം സംഗ്രാഹിശിശിരം പുഷ്പം തു രുചിദീപനം
ആമ്രപുഷ്പമതീസാരകഫപിത്തപ്രമേഹനുത്
അസൃഗ്ദുഷ്ടിഹരം ശീതം രുചികൃദ് ഗ്രഹിവാതളം
ആമ്രം ബാലം കഷായാമ്ലം രൂക്ഷം ദോഷത്രയാമ്രകൃത്
ആമ്രമാമംത്വചാ ഹീനമാതപേƒതിവിശേഷിതം
അമ്ലം സ്വാദുകഷായം സ്യാത്തേദനം കഫവാതജിത്
പക്വംതു മധുരം വൃഷ്ട്യം സ്നിഗ്ധം ബലസുഖപ്രദം
ഗുരുവാതഹരം ഹൃദ്യം വർണ്ണ്യം ശീതമപിത്തളം
കഷായാനുരസം വഹ്നിശ്ലേഷ്മ ശുക്ലവിവർദ്ധനം
തദേവവൃക്ഷസംപക്വം ഗുരുവാതഹരംപരം
മധുരാമ്ലരസംകിഞ്ചിത് ഭവേത് പിത്തപ്രകോപണം
ആമ്രകൃത്രിമപക്വം തുതദ്ഭവേത് പിത്തനാശനം
രസസ്യാമ്ലസ്യഹീനസ്തുമാധുര്യാച്ചവിശേഷതഃ
ഉഷിതം തത്പരം രുച്യം ബല്യം വീര്യകരം ലഘു
ശീതളം ശീഘ്രപാകീസ്യാത്വാതപിത്തഹരംസരം
തദസോഗാലിതോ ബല്യോഗുരുർവാതഹരഃസരഃ
അഹൃദ്യസ്തർപ്പണോƒതീവബൃംഹണംകഫവർദ്ധനഃ
തസ്യഘണ്ഡഗുരുപരം രോചനം ചിരപാകിച
മധുരം ബൃംഹണം ബല്യം ശീതളം വാതനാശനം
വാതപിത്തഹരം രുച്യം ബൃംഹണം ബലവർദ്ധനം
വൃഷ്യംവർണ്ണകരം സ്വാദുദുഗ്ധാമ്രം ഗുരുശീതളം
മന്ദാതലത്വം വിഷമജ്വരം ചരക്താമയം ബദ്ധഗുദോദരശ്ച
ആമ്രതിയോഗോ നയനാമയം
വാകരോതിതസ്മാദതി താനിനാദ്യാത്
ഏതദമ്ലാമ്രവിഷയം മധുരാമ്ലപരം നതു
മധുരസ്യപരംനേത്രഹിതന്ത്വാദ്യാഗുണായതഃ
ശുണ്ഠ്യാംഭസോനുƒപാനം സ്യാദാമ്രാണംമതിഭക്ഷണേ
ജീവകംവാപ്രയോക്തവ്യംസഹസൗപർച്ചലേനവാ
പക്വസ്യസഹകാരസ്യപടേവിസ്താരിതോരസഃ
ധർമ്മശുഷ്കോമുഹൂർദത്ത ആമ്രാവർത്തഇതിസ്മൃതഃ
ആമ്രാവർത്തസ്തൃഷാച്ഛർദ്ദിവാതപിത്തഹരഃസരഃ
രുച്യഃ സൂര്യാംശുഭിഃ പാകാല്ലഘുശ്ചസഹികീർത്തിതഃ
ആമ്രബീജം കഷായം സ്യാച്ഛർദ്ദ്യതിസാരനാശനം
ഈഷദമ്ലം ച മധുരം തഥാ ഹൃദയദാഹനുത്
ആമ്രാസ്യ പല്ലവം രുച്യം കഫപിത്തവിനാശനം'.

മാവിന്റെ വേര്, തൊലി, ഇല, പൂവ്, കായ, അണ്ടിപ്പരിപ്പ് എന്നിവ ഔഷധയോഗ്യമാണ്.

മാവിന്റെ വേര് ബന്ധനഗുണമുള്ളതാണ്. രസം കയ്പാണ്. ശീതവീര്യത്തോടുകൂടിയതാണ്. രക്തസ്രാവത്തെ തടയുന്നതാണ്. സിഫിലിസ് രോഗത്തെ ശമിപ്പിക്കുന്നതാണ്. വ്രണങ്ങളെ ഉണക്കുന്നതിന് ഉത്തമമാണ്. മലബന്ധനത്തെ ഉണ്ടാക്കുന്നതും, ജ്വലനത്തെ ശമിപ്പിക്കുന്നതുമാണ്. പിത്താധിക്യത്തിന് നല്ലതാണ്. പ്രദരം, വ്രണങ്ങൾ, അൾസറുകൾ, ഛർദ്ദി, ഗർഭാശയരോഗങ്ങൾ, അതിസാരം, വയറുകടി, വാതം, അസാധാരണമായി ഗർഭാശയത്തിലുണ്ടാകുന്ന രക്തസ്രുതി, ബൃഹദാന്ത്രരക്തസ്രാവം, ശ്വാസകോശത്തിൽനിന്നുള്ള രക്തസ്രാവം എന്നിവക്ക് ഉത്തമമാണ്.

മാവിന്റെ ഇല ശീതവീര്യവും, ബന്ധനഗുണമുള്ളതുമാണ്. വ്രണങ്ങൾ ഉണക്കുവാൻ കഴിവുള്ളതാണ്. മലബന്ധനമുണ്ടാന്നതാണ്. കഫത്തിന്റെയും, പിത്തത്തിന്റെയും ദൂഷിതാവസ്ഥയിൽ ഉത്തമമാണ്. എക്കിട്ടം, ചുട്ടുനീറ്റം, രക്തസ്രാവം, വ്രണങ്ങൾ, അൾസറുകൾ, അതിസാരം, വയറുകടി, വയറുവേദന, ഗളഗണ്ഡം എന്നിവക്ക് ഉത്തമമാണ്.

മാവില ചുട്ട ഭസ്മം പൊള്ളലിനും, കഷണ്ടിക്കും നല്ലതാണ്.

മാവിന്റെ പൂവ് ബന്ധനഗുണമുള്ളതും, ശീതവീര്യവും, രസസ്രുതിയെ തടയുന്നതും, വ്രണവിരോപണത്തിന് ഉത്തമവുമാണ്. മലത്തെ ബന്ധിപ്പിക്കുന്നതും, ഹീമോഗ്ലോബിൻ വർദ്ധിപ്പിക്കുന്നതുമാണ്. പിത്തദൂഷിതാവസ്ഥയിൽ നല്ലതാണ്. രക്തസ്രാവത്തിലും, വ്രണശുദ്ധിയിലും, പിടകകളിലും, വിശപ്പുകുറവിനും, അജീർണ്ണത്തിനും ഉത്തമമാണ്. മൂത്രാശയ നീർക്കെട്ട്, വയറുകടി, പാണ്ഡുത, അതിസാരം, പഴുപ്പ് എന്നിവക്ക് നല്ലതാണ്.

പച്ചമാങ്ങ പുളിയുള്ളതാണ്. ശീതവീര്യമാണ്. ദഹിപ്പിക്കുന്നതും, അഗ്നിവർദ്ധകവുമാണ്. കോഷ്ഠവാതം, പിടകാ, വയറുകടി, മൂത്രാശയരോഗങ്ങൾ, യോനീരോഗങ്ങൾ എന്നിവക്ക് ഉത്തമമാണ്.

മാമ്പഴം മധുരവും, ശീതവീര്യവും, ശോധനാസഹായിയുമാണ്. ഹൃദ്യവും, രക്തവർദ്ധകവുമാണ്. നല്ലൊരു ടോണിക്കാണ്. വാതത്തിന്റെയും, പിത്തത്തിന്റെയും വിഷമാവസ്ഥയിൽ നല്ലതാണ്. അരുചി, ശ്വാസം, ഹൃദ്രോഗം, രക്തശ്രുതി, പാണ്ഡുത, ക്ഷീണം എന്നിവക്ക് ഉത്തമമാണ്.

മാങ്ങയണ്ടിപ്പരിപ്പ് മധുരവും, ശീതവീര്യവുമാണ്. മലബന്ധമുണ്ടാക്കുന്നതാണ്. നല്ലൊരു ഗർഭാശയൗഷധമാണ്. പിത്തകഫങ്ങളുടെ വിഷമാവസ്ഥയിൽ കഴിക്കാവുന്നതാണ്. വയറിളക്കം, രക്തസ്രാവം,

പിടക, വെള്ളപോക്ക്, പ്രമേഹം, നെഞ്ചുരുക്കം, ഛർദ്ദി എന്നിവക്ക് നല്ലതാണ്.

മാവിന്റെ ഇലയുടെയും, തൊലിയുടെയും, തടിയുടെയും, കണ്ണിമാങ്ങയുടെയും 'എക്സ്ട്രാക്റ്റ്' അണുനാശകമാണ്.

പഴുത്തമാങ്ങയിൽ ആന്റിഫംഗലായിട്ടുള്ള സൂക്ഷ്മാണുക്കളുണ്ട്.

പച്ചമാങ്ങ ചതച്ചുപിഴിഞ്ഞ നീരിൽ പഞ്ചസാര ചേർത്ത് കഴിച്ചാൽ ഫ്ളേഗും, കോളറയും ശമിക്കും. മുൻകാലങ്ങളിൽ ഇത് കിഴക്കൻ മലയോര പ്രദേശങ്ങളിൽ വേനൽകാലത്ത് പറമ്പിൽ പണിയെടുക്കുന്നവരുടെ നല്ലൊരു ദാഹശമിനിയായി ഉപയോഗിച്ചിരുന്നു.

മാങ്ങയണ്ടിപ്പരിപ്പും, കൂവളക്കായയുടെ മജ്ജയും, കുടകപ്പാലയരിയും, ചുക്കും ചേർത്ത് കഷായംവെച്ചത് കഴിച്ചാൽ അതിസാരം, കോഷ്ഠവാതം, അൾസർ, അൾസറേറ്റീവ് കൊളൈറ്റീസ് എന്നിവ മാറും.

മാവില, മാമ്പൂവ്, മാവിൻതൊലി, മാവിൽനിന്ന് കുത്തിയെടുക്കുന്ന കറ, മാങ്ങയണ്ടിപ്പരിപ്പ് എന്നിവയിൽ ഏതെങ്കിലും ഒന്നോ, ചിലതോ, എല്ലാമോയെടുത്ത് പൊടിച്ചുവെച്ചത് വ്രണങ്ങൾക്കുമേൽ വിതറിയാൽ വേഗത്തിൽ ഉണങ്ങും.

പഴുത്തമാങ്ങയുടെ ചാറ് യകൃദുദരത്തിനും, പ്ലീഹോദരത്തിനും, നല്ലതാണ്. ക്ഷീണം, മലബന്ധം, വിളർച്ച എന്നിവക്കും നല്ലതാണ്.

പഴുത്ത മാവിലയിട്ട് വെന്ത വെള്ളത്തിൽ കുളിച്ചാൽ സർവാംഗ വേദന മാറും.

'ഗുണപാഠം' പറയുന്നു:
'പഴുത്തമാവിലകൊണ്ടുപല്ലുതേച്ചാൽ
പുഴുത്തപല്ലും നവരത്നമാകും'.

പഴുത്ത മാവില പല്ലുതേക്കാൻ ഉത്തമമാണ്.

മാവിൻതളിര്, കൊത്തമ്പാലരി, ജീരകം, മലര്, ഇരട്ടിമധുരം, ആശാളി, കിരിയാത്ത്, കുന്തിരിക്കം, വെറ്റിലഞെട്ട്, പഴുത്ത വരിക്കപ്ലാവില ഞെട്ട്, മുത്തങ്ങ, ചെന്നിനായകം, പീനാറി, ചന്ദനം, പാറാങ്കി, മുരിങ്ങക്കഴുത്ത്, ആടലോടകത്തളിര്, കീഴാർനെല്ലി, കൂവളവേര്, ചുരത്തണ്ട്, കരിമ്പ്, കരിമ്പനകൂമ്പ്, പുളിഞരമ്പ് എന്നിവ കഷായംവെച്ചതിൽ ജീരകവും, പഞ്ചസാരയും ചേർത്ത് കഴിച്ചാൽ വായുകോപത്തിനും, കോഷ്ഠവാതത്തിനും, അൾസറിനും നല്ലതാണ്.

മാവിന്റെ പൂവ്, ത്രിഫലത്തോട്, മരുതിൻതൊലി, കുന്നിവേര് എന്നിവ സമമായി പൊടിച്ചത് കറ്റവാഴനീരിൽ അരച്ച് വിധിയാംവണ്ണം

കഞ്ഞുണ്ണിനീരും, കറിവേപ്പിലനീരും ചേർത്ത് കാച്ചിയരിച്ചുവെച്ചത് തേച്ചാൽ മുടി കറുക്കും. മുടി കൊഴിച്ചിൽ നിൽക്കും. മുടി നരക്കുന്നതിനും നല്ലതാണ്.

മാങ്ങകൊണ്ട് പലതരം അച്ചാറുകൾ ഉണ്ടാക്കാം:

ചെനയുള്ള ചെറിയ ഇനം മാങ്ങ കഴുകി ചെനയോടെതന്നെ ഉപ്പിലിടണം. ഉപ്പും, മുളകും, അൽപം കായവും അരച്ചതും, കടുക് ചതച്ചതും ചേർത്ത് ഭരണിയിലിച്ച് നല്ലതുപോലെ അടച്ചു കെട്ടിവെക്കണം.

പുളിയുള്ള നല്ലയിനം മാങ്ങ ചെത്തിയെടുത്ത് ഉപ്പും, മുളകും, അൽപം ഉലുവയും, കായവും വറുത്തുപൊടിച്ചതും ചേർത്ത് യോജിപ്പിച്ച് അടച്ചു കെട്ടിവക്കണം.

നല്ലയിനം പുളിയുള്ളതും കൊരട്ട(അണ്ടി) ഉറച്ചതുമായ മാങ്ങ നാലൊ, ആറൊ കഷണങ്ങളായി കീറിമുറിച്ചുവെച്ചതിൽ ഉപ്പും, മുളകും നല്ലതുപോലെ അരച്ചതും, ആവശ്യത്തിന് കായവും, ഉലുവയും വറുത്തുപൊടിച്ചതും, കടുക് ചതച്ചതും, കടുകെണ്ണയും ചേർത്ത് അടച്ചു കെട്ടിവെക്കണം.

മാങ്ങ രണ്ടെണ്ണവും, പിരിയൻ മുളക് പൊടിച്ചത് രണ്ട് ടീസ്പൂണും, ആവശ്യത്തിന് ഉപ്പും, അമ്പത് എം.എൽ. നല്ലെണ്ണയും എടുക്കുക. മാങ്ങ ചെറുതായി അരിഞ്ഞെടുക്കുക. മുളക്പൊടി, ഉപ്പ് എന്നിവ അൽപം വെള്ളത്തിലിട്ട് തിളപ്പിക്കുക. അതിലേക്ക് മാങ്ങയിട്ട് പിന്നെയും തിളപ്പിക്കുക. അത് കുറുകിയാൽ എണ്ണയൊഴിച്ചെടുത്താൽ, സാധാരണ അച്ചാറായി.

മാങ്ങ അഞ്ചെണ്ണം. വെളിച്ചെണ്ണ ഇരുന്നൂറ് എം.എൽ. കടുക് മൂന്ന് ടീസ്പൂൺ. മുളകുപൊടി രണ്ടു ടീസ്പൂൺ. പുളി അര കയിൽ(തവി). ജീരകം ഒരു നുള്ള്. ഉലുവപ്പൊടി ഒരു നുള്ള്. കുരുമുളകുപൊടി രണ്ട് ടീസ്പൂൺ. കറിവേപ്പില ഒരു തണ്ട്. കായം അര ടീസ്പൂൺ. ഉപ്പ് പാകത്തിന്. മാങ്ങ കറകളഞ്ഞ് മുറിച്ച് വെള്ളത്തിലിട്ട് കഴുകുക. വെളിച്ചെണ്ണയിൽ കടുകുവറുത്ത് അൽപം വെള്ളമൊഴിക്കുക. മുളകുപൊടിയും, പുളിപിഴിഞ്ഞതും ചേർക്കുക. തിളച്ചുതുടങ്ങുമ്പോൾ മാങ്ങയിടുക. തിളച്ചുകഴിഞ്ഞ് ജീരകം, കായം, ഉലുവ, കുരുമുളക്, ഉപ്പ് എന്നിവ ചേർക്കുക. കറിവേപ്പില അരിഞ്ഞുചേർക്കുക. നല്ലതുപോലെ ഇളക്കി വാങ്ങിവെച്ച് പാത്രത്തിന്റെ വായ മൂടിവെക്കാം.

മാങ്ങ ഉപ്പിലിട്ടതുണ്ടാക്കാനായി വിളഞ്ഞ മാങ്ങ കഴുകി വെക്കുക. ആവശ്യത്തിന് ഉപ്പുചേർത്ത് വെള്ളം തിളപ്പിച്ചതിൽ മാങ്ങയിട്ട് അടച്ച് കെട്ടിവെക്കുക. ഇതൊക്കെ ചെയ്യുന്നത് ത്വക്ക്രോഗങ്ങൾ, അസ്ഥിയു

രുക്കം എന്നിവ ഇല്ലാത്തവരും ശരീരത്തിന് ദുർഗന്ധമില്ലാത്തവരുമാ യിരിക്കണം. ഇങ്ങനെ ഉപ്പിലിട്ടു കെട്ടിവെച്ചത് പിന്നീട് തുറന്നെടുക്കു ന്നത് രാത്രിയിൽ മാത്രവുമായിരിക്കണം. ഇതൊക്കെ കൃത്യമായി പാലിച്ചിരുന്നാൽ അതിൽ പുഴുക്കളുണ്ടാകുകയൊ, ദുർഗന്ധം വരിക യൊ ചെയ്യില്ല; വേറെ പ്രിസർവേറ്റീവുകൾ ചേർക്കേണ്ടിവരില്ല.

മാങ്ങ ചമ്മന്തിയുണ്ടാക്കാനായി മാങ്ങ രണ്ടെണ്ണം. തേങ്ങ ഒരെ ണ്ണം. പച്ചമുളക് അമ്പത് ഗ്രാം. ചെറിയ ഉള്ളി പത്തെണ്ണം. ഉപ്പ് ആവശ്യ ത്തിന്. മുളകുപൊടി അര ടീസ്പൂൺ. മാങ്ങ തൊലികളഞ്ഞ് ചതച്ചര ച്ച് വെക്കുക. പച്ചമുളകും, ഉപ്പും, ചെറിയ ഉള്ളിയും, തേങ്ങയും, മുള കുപൊടിയും, അരച്ചുവെച്ചിരുന്ന മാങ്ങയും ചേർത്തരച്ച് യോജിപ്പി ച്ചെടുക്കുക.

മാങ്ങ കിച്ചടിയുണ്ടാക്കാനായി മാങ്ങ അര കിലോ. പച്ചമുളക് അ മ്പത് ഗ്രാം. നാളികേരം ഒന്ന്. ജീരകം ഒരു നുള്ള്. കടുക് നാല് ടീസ് പൂൺ. കട്ടിമോര് രണ്ട് കൈയിൽ. വെളിച്ചെണ്ണ ഇരുപത് മില്ലി. മാങ്ങ ചെറിയ തരികളായി കൊത്തിയരിയുക. പച്ചമുളക് കുറച്ചെടുത്ത് വട്ട ത്തിലരിയുക. രണ്ടും കൂടി അടുപ്പിൽവെച്ച് വേവിക്കുക. തേങ്ങയും, മുളകും(പച്ചമുളകും, ഉണക്കമുളകുമാകാം), ജീരകവും നല്ലതുപോലെ അരച്ചതും, കുറച്ച് കടുക് ചതച്ചെടുത്തതും വേവിച്ച മാങ്ങയോടൊപ്പം ചേർത്ത് വെള്ളം കുറുകുന്നതിനായി അൽപം കൂടി വേവിക്കുക. പിന്നെയതിൽ കടുക് വറുത്തിടുക. അത് പതയുമ്പോൾ അടുപ്പിൽനി ന്ന് വാങ്ങിവെക്കാം. ഇത് തൈര് ചേർത്താണ് ഉണ്ടാക്കുന്നതെങ്കിൽ അടുപ്പിൽനിന്ന് വാങ്ങിവെച്ച് തണുത്തതിനുശേഷം പുളിയില്ലാത്ത തൈര് ചേർക്കാം.

മറ്റൊരുതരം മാങ്ങ കിച്ചടിയുണ്ടാക്കാനായി മാങ്ങ അഞ്ചെണ്ണം. വെളിച്ചെണ്ണ ഇരുന്നൂറ് എം.എൽ. കടുക് മൂന്ന് ടീസ്പൂൺ. പച്ചമുളക് അഞ്ചെണ്ണം. പുളി അര കൈയിൽ. ജീരകം ഒരു നുള്ള്. ഉലുവപ്പൊടി ഒരു നുള്ള്. മുളകുപൊടി ഒരു ടീസ്പൂൺ. കറിവേപ്പില ഒരു തണ്ട്. കായം അര ടീസ്പൂൺ. ഉപ്പ് ആവശ്യത്തിന്. മാങ്ങ കറകളഞ്ഞ് ചെറു തായി കൊത്തിയരിയുക. ഇതിലേക്ക് പച്ചമുളക് അരിഞ്ഞത് ചേർക്കു ക. വെളിച്ചെണ്ണ തിളപ്പിച്ച് കടുക് വറുത്തിട്ട ശേഷം കായപ്പൊടി, മു ളകു പൊടി, ജീരകം എന്നിവ ചേർക്കുക. അൽപം നെയ്യ് ചേർത്തശേ ഷം മാങ്ങയരിഞ്ഞതും, മുളകരിഞ്ഞതും അതിലിടുക. വെന്തുകഴി ഞ്ഞാൽ ഉപ്പും, കട്ടിമോരും(തൈരു ചേർക്കുകയാണെങ്കിൽ വാങ്ങി വെച്ച് തണുത്തുകഴിഞ്ഞുവേണം ചേർക്കുവാൻ)ചേർത്ത് ഇളക്കി ഇ റക്കിവെച്ച് കറിവേപ്പില ഇടുക. പാത്രത്തിന്റെ വായ നന്നായി അടച്ചു വെക്കുക. അതിലെ ആവിയടങ്ങിയാൽ ഇളക്കിയെടുക്കാം.

പഴുത്ത മാങ്ങ പുളിശ്ശേരിയുണ്ടാക്കാനായി പഴുത്ത നാടൻ മാങ്ങ അഞ്ചെണ്ണം. കട്ടിമോര് അര ലിറ്റർ. മഞ്ഞൾ അരച്ചത് അര ടീസ്പൂൺ. മുളക് അരച്ചത് അര ടീസ്പൂൺ(രണ്ടിന്റെയും പൊടിയുമാകാം), ജീരകം ഒരു നുള്ള്, നാളികേരം അരമുറി, കടുക് ഒരു ടീസ്പൂൺ, പഞ്ചസാര നൂറുഗ്രാം, വറ്റൽമുളക് നാലെണ്ണം, കറിവേപ്പില ഒരു തണ്ട്, നെയ്യ് മൂന്ന് ടീസ്പൂൺ. ആവശ്യത്തിന് വെള്ളമെടുത്ത് മാങ്ങ വേവിക്കുക. ചിരവിയെടുത്ത തേങ്ങ, ജീരകം, മുളക്, മഞ്ഞൾ എന്നിവ നല്ലതുപോലെ അരച്ചെടുക്കുക. ഇതിൽ കട്ടിമോര് ചേർത്ത് അടുപ്പിലിരിക്കുന്ന മാങ്ങയിലൊഴിക്കുക. അത് പതയുമ്പോൾ ഇറക്കി വെക്കുക. അടുപ്പിൽവെച്ച ചീനച്ചട്ടിയിൽ നെയ്യോ, വെളിച്ചെണ്ണയൊ ഒഴിച്ചതിൽ കടുക്, വറ്റൽമുളക്, കറിവേപ്പില എന്നിവ വറുത്ത് കറിയിൽ ഒഴിക്കുക. കറിക്ക് മധുരം വേണമെന്നുണ്ടെങ്കിൽ പഞ്ചസാരയും ചേർത്ത് വാങ്ങിവെക്കാം.

മാങ്ങ റോസ്റ്റുണ്ടാക്കാനായി മാങ്ങ അഞ്ചെണ്ണം. നല്ലെണ്ണ ഇരുന്നൂറ് എം.എൽ. കടുക് മൂന്ന് ടീസ്പൂൺ. എരിവുള്ള പച്ചമുളക് അഞ്ചെണ്ണം. മുളകുപൊടി ഒരു ടീസ്പൂൺ. കായം, ജീരകം, ഉലുവപ്പൊടി എന്നിവ ഓരോ നുള്ള്. കുരുമുളകുപൊടി ഒരു ടീസ്പൂൺ. കറിവേപ്പില ഒരു തണ്ട്. ഉപ്പ് പാകത്തിന്. മാങ്ങ നല്ലതുപോലെ ചെറുതായി അരിഞ്ഞതും, പച്ചമുളകരിഞ്ഞതും തിളപ്പിച്ച എള്ളെണ്ണയിലിടുക. മാങ്ങ നല്ലതുപോലെ വറുത്തെടുത്തതിൽ മുളക്, ഉലുവ, കായം, ജീരകം, മുളക് എന്നിവ ചേർത്ത് ഇളക്കി വാങ്ങിവെച്ച് കറിവേപ്പിലയിട്ട് അടച്ചുവെക്കാം.

മാങ്ങ പാനീയങ്ങൾ പലതരത്തിൽ ഉണ്ടാക്കാം:

പച്ചമാങ്ങ നല്ലതുപോലെ തൊലികളഞ്ഞ്, ചെത്തിയരിഞ്ഞ് ആവിയിൽ വേവിക്കുക. അത് പിഴിഞ്ഞെടുത്തതിൽ അൽപം ജീരകം, ഏലത്തരി, ചുക്ക് എന്നിവ പൊടിച്ചതും, ശർക്കരയുരുക്കിയതും ചേർത്ത് അരിച്ചത് കുറുക്കിയെടുത്ത് സൂക്ഷിക്കുക. പിന്നീടിതിൽനിന്ന് കുറച്ചെടുത്ത് നല്ലതുപോലെ വെള്ളം ചേർത്ത് വേനൽകാലത്ത് കുടിച്ചാൽ നല്ലതാണ്.

പച്ചമാങ്ങ മൂത്തത് തൊലിയോടുകൂടി ആവിക്കുവെച്ച് വേവിച്ചത് പിഴിഞ്ഞെടുത്ത് അരിച്ചെടുക്കുക. അൽപം ജീരകം പൊടിച്ചതും, ഏലത്തരിപൊടിച്ചതും, ചുക്കുപൊടിച്ചതും, പഞ്ചസാരയും ചേർത്ത് കുറുക്കിയെടുത്ത് സൂക്ഷിച്ചുവെക്കാം. ആവശ്യത്തിനെടുത്തതിൽ വെള്ളം ചേർത്ത് ഉഷ്ണകാലത്ത് കുടിക്കാൻ നല്ലതാണ്.

'രുഗ്മിണീസ്വയംവരം' പറയുന്നു:

'മാങ്ങപ്പച്ചടി ഇഞ്ചിപ്പച്ചടി
ചേനവറുത്തതും പയറുവറുത്തതും
ചക്കപ്രഥമനും പ്രഥമൽവിധ
മൊക്കെപ്പറവാൻ നേരം പോരാ'.

മാങ്ങക്ക് ചക്കയേക്കാൾ മാന്യത കേരളീയർ നൽകിപ്പോന്നിട്ടുണ്ട്.

മാങ്ങപിരക്കുണ്ടാക്കാനായി പച്ചമാങ്ങ നല്ലതുപോലെ ചെറുതായി നുറുക്കിയെടുത്തതിൽ ഉപ്പും, നാളികേരവും, അൽപം കടുകും ചേർത്ത് അരച്ചെടുത്താൽ മാങ്ങപിരക്കായി. ചിലരിതിൽ അൽപം മോരും ചേർക്കാറുണ്ട്.

മാവിൻപൂവുകൊണ്ട് ചമ്മന്തിയുണ്ടാക്കാനായി മാവിൻപൂവും, തേങ്ങയും, മുളകും, ഉപ്പും ചേർത്തരച്ചാൽ മതി.

പച്ചമാങ്ങ ഉണക്കി സൂക്ഷിക്കാനായി പച്ചമാങ്ങ നുറുക്കിയെടുത്തതിൽ ഉപ്പും, മുളകുപൊടിച്ചതും ചേർത്ത് വെയിലത്തുവെച്ചാണ് ഉണക്കിയെടുക്കണം.

മാങ്ങയണ്ടികൊണ്ട് പലതരം പലഹാരങ്ങൾ ഉണ്ടാക്കാം:

മാങ്ങയണ്ടി പിളർന്ന് പരിപ്പെടുത്ത് വെള്ളത്തിലിട്ടുവെക്കുക. ആ വെള്ളം മാറ്റി വീണ്ടുമതിൽ വെള്ളമൊഴിക്കുക. ഇങ്ങനെ പലതവണ വെള്ളം ഊറ്റിക്കളഞ്ഞ് പരിപ്പിന്റെ ചവർപ്പുമാറിയാൽ അതൊരു തുണിയിൽ കെട്ടിത്തൂക്കി വെള്ളം മുഴുവൻ വാർന്നുകളഞ്ഞത് ഉണക്കിയെടുത്ത് പൊടിച്ചെടുത്തും, ഉണക്കാതെ അരച്ചെടുത്തും പലഹാരങ്ങളുണ്ടാക്കാം.

മാങ്ങയണ്ടി പായസമുണ്ടാക്കാനായി മാങ്ങയണ്ടിപരിപ്പ് വെള്ളത്തിൽ പലതവണയിട്ട് ചവർപ്പ്(കട്ട്)കളഞ്ഞെടുത്ത് ശർക്കര ചേർത്ത് പാകംചെയ്താൽ മതി.

മാങ്കാച്ചിയുണ്ടാക്കാനായി പഴുത്ത മാങ്ങ പിഴിഞ്ഞരിച്ചത് പാളയിലൊ, ഓലപ്പായയിലൊ ഒഴിക്കുക. അതിൽ തേച്ചുപിടിപ്പിച്ച് വെയിലത്തുവെച്ച് ഉണക്കുക. ഏതാനും ദിവസമിങ്ങനെ ഉണങ്ങികഴിഞ്ഞാൽ അതടർന്നുകിട്ടും. ഇതിനെയാണ് മാങ്കാച്ചിയെന്നുപറയുന്നത്. മാങ്കാച്ചിയും, തേങ്ങാപ്പുളും ചേർത്തുതിന്നാൻ ബഹുരസമാണത്രെ.

മാങ്ങാകഞ്ഞിയും, കുമ്പിളപ്പവുമുണ്ടാക്കാനായി മാങ്ങയണ്ടി പരിപ്പ് വെള്ളത്തിൽ പലതവണയിട്ട് കട്ടുകളഞ്ഞെടുത്ത് തേങ്ങാപാലിൽ അരിയിട്ടുവേവിച്ചാൽ കഞ്ഞിയും, ശർക്കരചേർത്ത് പാകംചെയ്താൽ കുമ്പിളപ്പവുമായി.

മാമ്പഴം നൂറ് ഗ്രാമെടുത്താൽ അതിൽ 0.6ഗ്രാം പ്രോട്ടീനും, 11.9ഗ്രാം കാർബോഹൈഡ്രേറ്റും, 0.1 ഗ്രാം കൊഴുപ്പും, 14 മി. ഗ്രാം കാത്സ്യവും, 16 മി.ഗ്രാം ഫോസ്ഫറസും, 1.3 മി.ഗ്രാം ഇരുമ്പും, 16 മി.ഗ്രാം ജീവകം സിയും, 0.8 മി.ഗ്രാം ഥയാമിനും, 0.8 മി.ഗ്രാം നിയാസിനും, 1.3 ഗ്രാം ഫൈബറും അടങ്ങിയിട്ടുണ്ട്.

മാങ്ങയണ്ടിപരിപ്പ്, കൂവളമജ്ജ, ചുക്ക്, കുടകപ്പാല എന്നിവ സമമായിചേർത്ത് കഷായംവെച്ചത് കഴിച്ചാൽ അതിസാരത്തിന് നല്ലതാണ്.

മാവിന്റെ തൊലി, പൂവ്, ഇല, അണ്ടിപരിപ്പ് എന്നിവയുടെ ചൂർണ്ണം മുറിവ്, വ്രണം, വ്രണത്തിൽനിന്നുള്ള രക്തസ്രാവം എന്നിവക്ക് നല്ലതാണ്.

പഴുത്ത മാവിലയിട്ട് വെന്ത വെള്ളത്തിൽ കുളിച്ചാൽ ശരീരവേദന മാറും.

മാവിന്റെ തളിരിലനീര് എണ്ണയിൽ കാച്ചിയെടുത്ത് പുരട്ടുകയും ചെവിയിലുറ്റിക്കുകയും ചെയ്താൽ കർണ്ണരോഗങ്ങൾ മാറും.

മാവിന്റെ തളിരിലനീര് കഴിച്ചാൽ ഉഷ്ണരോഗം മാറും.

മാവിന്റെ തൊലിയും, അണ്ടിപരിപ്പും കഷായംവെച്ചത് കഴിച്ചാൽ അതിസാരം മാറും.

മാവ്, ഞാവൽ, മരുത് എന്നിവയുടെ തൊലി കഷായംവെച്ചതിൽ തേൻ ചേർത്ത് കഴിക്കുന്നത് രക്തപിത്തഹരമാണ്.

മാവിൻകറ അർശസ്സിനും, അതിസാരത്തിനും നല്ലതാണ്.

മൂത്ത മാങ്ങ നുറുക്കിയെടുത്ത് ഉപ്പുപുരട്ടി ഉണക്കിവെച്ചതുകൊണ്ട് അട(അടമാങ്ങ)യുണ്ടാക്കി കഴിച്ചാൽ നല്ല വിശപ്പും, രുചിയുമുണ്ടാകും, അങ്ങനെ കൂടുതൽ ആഹാരം കഴിക്കാനുമാകും. അതുകൊണ്ട് പഴയ കാലത്തുള്ളവർ പറയാറുണ്ട്, ദാരിദ്ര്യമനുഭവിക്കുന്നവർ അടമാങ്ങ കഴിക്കരുതെന്ന്.

മാവിന്റെ തളിരില ഇളനീർ വെള്ളത്തിൽ അരച്ചുകഴിച്ചാൽ മഞ്ഞപിത്തത്തിന് നല്ലതാണ്.

മാമ്പഴം ധാരാളം കഴിക്കുന്നത് കരൾവീക്കം, പ്ലീഹോദരം എന്നിവക്ക് നല്ലതാണ്.

മാമ്പഴം ക്ഷീണത്തിനും, മലബന്ധത്തിനും, വിളർച്ചക്കും ഫലപ്രദമാണ്.

മാമ്പഴച്ചാറുകഴിച്ചാൽ ശുക്ലം വർദ്ധിക്കും.

മാങ്ങയണ്ടിപരിപ്പ് മിതമായ അളവിൽ കഴിച്ച് വയറിളക്കിയാൽ കൃമിയും, വിരയും പോകും,

മധുരമുള്ള മാമ്പഴം തൊലികളഞ്ഞ് അരിഞ്ഞെടുത്തത് വെയില ത്തുവെച്ച് വെള്ളം വറ്റിയാൽ അതിൽ ചുക്കുപൊടിയും, പഞ്ചസാര യും ചേർത്ത് കഴിക്കുന്നത് ക്ഷീണമകറ്റാൻ നല്ലതാണ്.

മാമ്പഴം പിഴിഞ്ഞ രസം കൊണ്ട് രസായനമുണ്ടാക്കി കഴിച്ചാൽ ജരാനരകൾ മാറും. രതിസാമർത്ഥ്യം വർദ്ധിക്കും. ഇതറിഞ്ഞുകൊ ണ്ടുതന്നെയാണ് പഴയ കാലത്തുള്ളവർ മാങ്ങയുണ്ടാകുന്ന കാലങ്ങ ളിൽ നല്ല മധുരമുള്ള മാങ്ങ പിഴിഞ്ഞത് ചേർത്ത് ഊണ് കഴിച്ചിരു ന്നത്.

ഉത്രട്ടാതി നക്ഷത്രം

കരിമ്പന

ശാസ്ത്രനാമം	: ബൊറാസസ്സ് ഫ്ലാബെല്ലിഫോർമിസ്, ബൊറാസസ്സ് ഫാബെല്ലിഫെർ.
കുടുംബം	: ആരക്കേസിയേ(പാമെ).
കുലം	: പൂഗകുലം.
ഇംഗ്ലീഷ് നാമം	: പാൽമിറ പാം(Palmyra palm).
സംസ്കൃതം	: താല, ആസവദ്രുമഃ ധ്വജദ്രുമഃ ദീർഘദ്രുഃ ദീർഘസ്കന്ധഃ ലേഖ്യപത്രഃ ദ്രുമേശ്വരഃ
മലയാളം	: കരിമ്പന.
ഹിന്ദി	: താർ, താൽ, താഡ്, താൽതർ.
തമിഴ്	: പനൈമരം, നൊങ്ങുപ്പനൈ, കരിമ്പനൈ.
തെലുങ്ക്	: താഡിച്ചെട്ടു.
കന്നട	: താളിമര.

ഇരുപത്തിയാറാമത് നക്ഷത്രമായ ഉത്രട്ടാതി കട്ടിലിന്റെ കാലുപോലെ രണ്ട് നക്ഷത്രങ്ങളാണ്. മീനം പത്തൊമ്പതാം ഭാഗയിലാണ് ഉദയം. ഉച്ചയിലെത്തുമ്പോൾ മിഥുനം രാശിയിൽ രണ്ട് നാഴിക പത്ത് വിനാഴികയാകും. ബുദ്ധ്നി, ഉപാന്ത്യദ്വം, ഉത്തരപ്രോഷ്ഠപദം, അഹർബുദ്ധ്നി എന്നിവ ഉത്രട്ടാതിയുടെ പര്യായപദങ്ങളാണ്. സ്ത്രീയോനിയാണ്. മനുഷ്യഗണമാണ്. ദേവത അഹർബുദ്ധ്നിയാണ്. ഭൂതം ആകാശമാണ്. മൃഗം പശുവാണ്. പക്ഷി മയിലാണ്. വൃക്ഷം കരിമ്പനയാണ്

ഉത്രട്ടാതി അന്നപ്രാശത്തിനുള്ള നാളായതുകൊണ്ട് ഒട്ടുമിക്ക മുഹൂർത്തങ്ങൾക്കും ഉത്തമമാണ്. പ്രത്യേകിച്ച് വിവാഹം, വ്രതബന്ധം, ക്ഷേത്രപ്രതിഷ്ഠാദികൾ, ഗൃഹാരംഭാദികൾ, ഗൃഹപ്രവേശം, അഭിഷേകം എന്നിവക്ക് വിശേഷമാണ്.

ഉത്രട്ടാതി നക്ഷത്രക്കാർ ഭരണി നക്ഷത്രക്കാരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നത് ദോഷകരമാണ്. ഉത്രട്ടാതി മദ്ധ്യരജ്ജുവിൽപ്പെട്ട നക്ഷത്രമാണ്. ഈ നാളിൽ ജനിച്ചാൽ നല്ല വാഗ്മിയും, ധർമ്മിഷ്ഠനുമായിരിക്കും. നല്ല വിനയമുണ്ടാകും. ലുബ്ധനായിരിക്കും. സകല ശാസ്ത്രങ്ങളിലും അറിവുള്ളവരായിരിക്കും. നല്ല സന്താനങ്ങൾ ജനിക്കും.

ഉത്രട്ടാതിയുടെ ഒന്നാം കാലിൽ ജനിച്ചാൽ തേജസ്വിയും, സത്യസന്ധനും, ശ്രീമാനും, ദയാദാക്ഷിണ്യാദിഗുണമുള്ളവനും, അന്യന്റെ മനസ്സിനെ തനിക്ക് അധീനമാക്കുന്നവനും, ലോകത്തിന്റെ പ്രീതിയാർജ്ജിക്കുന്നവനും, നിത്യസുഖിയുമായിരിക്കും. രണ്ടാം കാലിൽ ജനിച്ചാൽ മെലി

ഞ്ഞ ശരീരത്തോടുകൂടിയവനും, സമർത്ഥനും, സർവത്തെയും അറിയുന്നവനും, സജ്ജനസന്മാർഗ്ഗങ്ങളിൽ താത്പര്യമുള്ളവനും, സത്ഗുണസമ്പന്നനും, ഗുണങ്ങളറിഞ്ഞ് പെരുമാറുന്നവനുമായിരിക്കും. മൂന്നാം കാലിൽ ജനിച്ചാൽ ചുകപ്പ് നിറമുള്ള രോമങ്ങളോടുകൂടിയവനും, ബുദ്ധിഹീനനും, അതിഭയങ്കരനും, നിരർത്ഥവാദിയും, മുൻകോപിയുമായിരിക്കും. നാലാം കാലിൽ ജനിച്ചാൽ ദൂതനും, കൃഷിക്കാരനും, ദ്വേഷബുദ്ധിയും, തമോഗുണപ്രധാനിയും, ഉദാരമനസ്ക്കനുമായിരിക്കും.

ഉത്രട്ടാതിയെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'വക്താസഖീ പ്രജവാൻ
ജിതശത്രൂൻ ധാർമ്മികോവിനീതശ്ച
ലുബ്ധോഭോഗീ ഗുണവാൻ
ശാസ്ത്രജ്ഞസ്യാദ്ദ്വിതിയാദാദർഷേ'.
'വക്താസുഖാപ്രജാവാൻജിതശത്രൂർധാർമ്മികോ ദ്വിതീയാസു'

ഉത്രട്ടാതി നക്ഷത്രക്കാർ നല്ലതുപോലെ സംസാരിക്കുന്നവരും, നല്ല പ്രജയോടുകൂടിയവനും, ശത്രുതാപനന്മാരും, ധർമ്മിഷ്ഠരും, വിനയാന്വീതരും, ഭോഗമനുഭവിക്കുന്നവരും, നല്ല ഗുണങ്ങളോടുകൂടിയവരും, ശാസ്ത്രജ്ഞരുമായിരിക്കും.

ഉത്രട്ടാതി നക്ഷത്രവൃക്ഷമായ കരിമ്പന ഭാരതത്തിലുടനീളം സമതലങ്ങളിൽ കണ്ടുവരുന്നു. തമിഴ്നാട്ടിലും, ആന്ധ്രയിലുമാണ് അധികമായി കണ്ടുവരുന്നത്. കരിമ്പന ഒറ്റത്തടി വൃക്ഷമാണ്. എന്നാൽ അപൂർവമായി കവരങ്ങൾ കാണാറുമുണ്ട്. നീണ്ട് നേരെ മാത്രം വളരുന്ന വൃക്ഷമാണ്. നദീതിരങ്ങളിലായാൽപോലും കരിമ്പന മറ്റ് വൃക്ഷങ്ങൾപോലെ ചെരിഞ്ഞുവളരുന്നില്ല. കരിമ്പനകളിൽ ആൺ-പെൺ ഭേദങ്ങളുണ്ട്.

കരിമ്പനത്തടിയുടെ ഉൾഭാഗം മൃദുകോശങ്ങളും, നാരുകളും നിറഞ്ഞിരിക്കും. പുറംഭാഗം ഖരകോശങ്ങളാൽ നിർമ്മിതമാണ്. പുറംതടിക്ക് നല്ല ബലവും, ഭാരവുമുണ്ട്. അതിനാൽ തൂമ്പ മുതലായവയ്ക്ക് പിടിയിടുന്നതിനും, പുരമേയുമ്പോൾ കഴുക്കോലുണ്ടാക്കുന്നതിനും പുറംതടി ഉപയുക്തമാണ്. പഴയ കാലത്ത് തടികൊണ്ട് തേങ്ങ പൊതിയ്ക്കുന്നതിനുള്ള പാരകൾ ഉണ്ടാക്കിയിരുന്നു. ഇലകൾ കൊഴിഞ്ഞുപോയ പാടുകൾ ചാരനിറത്തിൽ മരത്തിൽ കാണാം. മരത്തിന്റെ അഗ്രഭാഗത്ത് റോസെറ്റ് രീതിയിലാണ് ഇലകളുടെ വിന്യാസം. ഇലകൾ വലുതും, സംയുക്തവുമാണ്. ഇലക്ക് അറുപത് മുതൽ നൂറ് വരെ സെ.മീറ്റർ നീളമുണ്ട്. അത്രയുംതന്നെ വീതിയുമുണ്ട്. അനേകം നീണ്ട പത്രകങ്ങൾ സാന്മുഖമായി ഒരിലയിൽ തന്നെ വിന്യസിച്ചിരിക്കുന്നു. ഇവയെല്ലാം ബന്ധിച്ച് ഛത്രികാകാരത്തിലും കാണപ്പെടാറുണ്ട്. ഓരോ പത്രകവും അമ്പത് സെ. മീറ്റർ വരെ നീളമുള്ളതാണ്. ഈ പത്രകത്തെ താങ്ങിനിർ

ത്തുന്നത് കട്ടിയുള്ള ഈർക്കിലുക(നടുഞരമ്പ്)ളാണ്. ആൺപൂക്കൾ സിലണ്ടർ ആകൃതിയിലാണ്. അത് ഇളം മഞ്ഞനിറത്തിലൊ, ക്രീം നിറത്തിലൊ കാണപ്പെടുന്നു. പെൺപൂക്കൾ ചെറിയ ഫലങ്ങൾപോലെ കാണാം. ഒരു കുലയിൽ പത്ത് മുതൽ മുപ്പത് വരെ ഫലങ്ങളുണ്ടാകും. ഒരു മരത്തിൽ പത്തുപന്ത്രണ്ട് കുലകളുണ്ടാകും. കരിമ്പനകൾ പൂക്കുന്നത് ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ്. കടുത്ത ഉഷ്ണകാലത്ത്, ഏപ്രിൽ മെയ് മാസങ്ങളിലാണ് ഫലത്തെ തരുന്നത്.

കരിമ്പയുടെ ഫലമജ്ജയിൽ എണ്ണയുണ്ട്. പൂങ്കുല ചെത്തി കള്ളെടുക്കുന്നു. കള്ളിൽ വൈറ്റമിൻ ബി. കോംപ്ലക്സും, പഞ്ചസാരയുമുണ്ട്. ഫലമജ്ജ മൂപ്പെത്തി ഉറയ്ക്കുന്നതിനുമുമ്പ് ലഘുവാണ്. സ്നിഗ്ധമാണ്.

പഴയ കാലം മുതൽ മദ്യത്തിനുവേണ്ടുന്ന ഊറൽ കരിമ്പനയിൽ നിന്നാണ് ഊറ്റുന്നത്. അതുകൊണ്ടുതന്നെയാണ് ഈ വൃക്ഷത്തെ ശ്രദ്ധയേമാക്കുന്നതും, കരിമ്പനയെന്ന് അറിയപ്പടുന്നതും. ആസവദ്രുമമെന്നത് അന്വർത്ഥനാമമാണ്.

കരിമ്പനയുടെ പക്വഫലം ശുക്ലവർദ്ധകമാണ്. ശീതളമാണ്. മൂത്രളവും, ബൃംഹണീയവുമാണ്. പിത്തവും, വാതവും ശമിപ്പിക്കുന്നതാണ്. ദഹനത്തിന് താമസമുണ്ട്. പനങ്കള്ള് പുഷ്ടികരമാണ്. കള്ള് പുളിച്ചാൽ മദനകാരിയാണ്. പൂങ്കുലയിൽ നിന്നെടുക്കുന്ന ക്ഷാരം അമ്ലപിത്തത്തിനും, ചുട്ടുനീറ്റലിനും, വ്രണങ്ങൾക്കും ഉത്തമൗഷധമാണ്.

'അഭിജ്ഞാനമഞ്ജരി' പറയുന്നു:
'ഉക്തസ്താലസ്തു താലോമഹാതൃണഃ സല്ലകീഃ ശമോവ്യാസഃ
ദീർഘതരുസ്തൃണരാജോ ദ്രുമേശ്വരോലേഖ്യപത്രശ്ച
ധ്വജവൃക്ഷോഽസിതകായോ ദുരാരുഹോ ദീർഘവര്യശ്ച
ചിരപാക്യപിതൃബീജോ ദീർഘസ്കന്ധശ്ചപര്യായൈഃ'.

'രാജനിഘണ്ടു' പറയുന്നു:
'താലസ്താലദ്രുമഃ പത്രീദീർഘസ്കന്ധോധ്വജദ്രുമഃ
തൃണരാജോ മധുരസോമദാഢ്യോ ദീർഘപാദപഃ
ചിരായുസ്തരു രാജശ്ച ഗജഭക്ഷോദൃഢഛദഃ
ദീർഘപത്രോ ഗുഛപത്രോഽപ്യാസവദുശ്ചഷോഡശ'.

'ധന്വന്തരി നിഘണ്ടു' പറയുന്നു:
'ഫലംസ്വാദുരസോപാകേതാലജം ഗുരുപിത്തജിത്
തദ്ബീജം സ്വാദുപാകം തുമൂലം സ്യാദ് രക്തപിത്തജിത്'.

'ഭാവപ്രകാശം' പറയുന്നു:
'താലസ്തുലേഖപത്രഃ സ്യാദ്തൃണരാജോമഹോന്നതഃ'.

'പക്വം താലഫലം പിത്തരക്തശ്ലേഷ്മ വിവർദ്ധനം
ദുർജ്ജരം സഹുമൂത്രം ച തന്ദ്രാഭിഷ്യന്ന ശുക്ലദം
താലമജ്ജാതുതരുണാകിഞ്ചിന്മദകരീലഘുഃ
ശ്ലേഷ്മളോ വാതപിത്താഘ്നഃ സ്നേഹോമധരുസരഃ
താലജം തരുണം തോയമതീവ മദകൃന്മതം
അമ്ലീഭുതം സദാശുസ്യാത്പിത്തകൃദ്വാതദോഷഹൃത്'.

'രാജനിഘണ്ടു' പറയുന്നു:
'താലാംഗുലിസ്വാദുരസംഗുൽമപ്ലീഹാന്ത്രരോഗജിത്'.
'താലാംബുപിത്തജിത് ശുക്ലസ്തന്യ ബുദ്ധികരം ഗുരു രാജവല്ലഭം'.

'നിഘണ്ടു രത്നാകരം' പറയുന്നു:
'താലവൃക്ഷസ്തു മധുരഃ ശീതളോമദകൃത് ഗുരുഃ
പുഷ്ടികൃദ് ശുക്ലകഫകൃന്മേദകൃത് ബലകാരകഃ
വൃഷ്യശ്ചസാരകഃ പിത്തദാഹശോഷവിഷശ്രമാൻ
വിഷകുഷ്ഠകൃമീരക്തദോഷവാതാംശ്ച നാശയേത്'.

'കൈഡര്യാദിനിഘണ്ടു' പറയുന്നു:
'താലസ്തുമധുരഃ ശീതോമേദശ്ലേമബലപ്രദഃ
ശുക്ലളോ ബൃംഹണോഹന്തി വാതപിത്ത വ്രണകൃമീൻ
ഫലം തസ്യ ഗുരുസ്നിഗ്ധം സ്വാദബല്യം ഹിമംസരം
വിഷ്ടിംഭിബൃംഹണം വൃഷ്യം തർപ്പണം കഫമാംസകൃത്
രക്തപിത്താനില ശ്വാസക്ഷയദാഹക്ഷതവ്രണാൻ
ബീജം സ്വാദുരസേപാകേ മൂത്രളം വാതപിത്തജിത്
പക്വം താലഫലം പിത്ത ശ്ലേഷ്മരക്തവിവർദ്ധനം
ദുർജ്ജരം ബഹുമൂത്രം ച തന്ദ്രാഭിഷ്യന്ദിശുക്ലളം
താലമജ്ജാതുതരുണഃ കിഞ്ചിത് മദകരോലഘുഃ
ശ്ലേഷ്മളോവാതപിത്താഘ്നഃ സ്നേഹോമധുരസരഃ
താലജംതരുണതോയമതീവപ്രാണിനാം മാദവികാരകരം തത്
അമ്ലഭാവമുപയാതിമദാതത് പിത്തകൃത്പവനദോഷഹരം ച
ശ്ലേഷ്മപഹം സ്യാദ് വിഷ്ടംഭി പിത്തകൃത്ശുക്ലളം ഗുരു
താലസ്യമസ്തകംജ്ഞേയം വസ്തിശുദ്ധികരംപരം'.

'താലം മഹാതൃണം ദീർഘതരു തൃണരാജൻ സല്ലകി
ശമോവ്യാസഃ ദ്രുമേശ്വരഃ ലേഖ്യപത്രഃ ധ്വജവൃക്ഷഃ
അസിതകായഃ ദുരാരുഹഃ ദീർഘവര്യഃ ചിരവാദ്യഃ
പിതൃബീജഃ ദീർഘസ്കന്ധഃ മഹോന്നതഃ താലദ്രുമഃ
ധ്വജദ്രുമഃ മധുരസഃ മാദാഢ്യഃ ദീർഘപാരുപഃ
ചിരായുഃ തരുരാജഃ ഗജഭക്ഷഃ ദൃഢഛദ്ഃ
ദീർഘപത്രഃ ഗുഛപത്രഃ ആസവദ്രുമഃ'

കരിമ്പനയുടെ പഴം പിത്തവും, രക്തവും, കഫവും വർദ്ധിപ്പിക്കും. മൂത്രളമാണ്. തന്ദ്രാഭിഷ്യന്ദകാരിയാണ്. ശുക്ലവർദ്ധകമാണ്.

കരിമ്പനയുടെ കുലയിൽ നിന്നെടുക്കുന്ന കള്ള് മദനകാരിയാണ്. ലഘുവാണ്. കഫവർദ്ധകവും, വാതപിത്തഹരവും, മധുരവും, സരവുമാണ്. കള്ള് പുളിച്ചുകഴിഞ്ഞാൽ അതീവ മദനകാരിയാണ്.

കരിമ്പനയുടെ വിത്ത് മുളപ്പിച്ചതിന്റെ കിഴങ്ങ് മധുരവും, രക്തപിത്ത നാശകവുമാണ്.

കരിമ്പനയുടെ പൂവ്(താലാംബു) ശുക്ലവർദ്ധകവും, മുലപ്പാൽ വർദ്ധിപ്പിക്കുന്നതുമാണ്.

കരിമ്പന മധുരവും, ശീതവീര്യമുള്ളതും, മദമുണ്ടാക്കുന്നതുമാണ്. പുഷ്ടികരവും, ശുക്ലവർദ്ധകവും, ബലത്തെ പ്രദാനം ചെയ്യുന്നതും, വൃഷ്യവുമാണ്. വിഷം, കുഷ്ഠം, പിത്തം, ദാഹം, ശോഷം, കൃമി, രക്തദോഷം, വാതം എന്നിവയെ നശിപ്പിക്കുന്നതാണ്. വ്രണനാശകമാണ്. കഫവർദ്ധകവും, മാംസവർദ്ധകവുമാണ്. ക്ഷയം, ശ്വാസം, എന്നിവയെ ശമിപ്പിക്കുന്നതാണ്.

കരിമ്പനവേര്, വലിയ കടലാടി(സമൂലം), വയൽച്ചുള്ളി, കദളിവാഴമാണം എന്നിവ ഒരു കലത്തിലിട്ട് വറുത്ത് ഭസ്മമാക്കിവെച്ചതിൽനിന്ന് കുറച്ചെടുത്ത് വെള്ളത്തിൽ കലക്കി തെളിയൂറ്റിയെടുത്തതിൽ കഞ്ഞിവെച്ചുകുടിച്ചാൽ എല്ലാതരം നിരും മാറും.

കരിമ്പന വാതപിത്തശമനമുണ്ടാക്കും. തീരായിൽ, പഞ്ചസാര, ഈസ്റ്റ്, വിറ്റാമിനുകൾ, കൊഴുപ്പ് എന്നീ രാസായനിക ഘടകങ്ങളുണ്ട്.

കരിമ്പനയിലയുടെ സ്വരസം ബാഹ്യമായി ദാഹപ്രശമനവും, ശോഫഹരവുമാണ്. ആന്തരികമായി നാഡീവ്യൂഹങ്ങൾക്കും, മസ്തിഷ്കത്തിനും ബലവർദ്ധകമാണ്. പാചനേന്ദ്രിയങ്ങൾക്ക് സ്നേഹനവും, മൃദുവും, രേചനവും, തൃഷ്ണശമനവുമാണ്. രക്തചംക്രമണത്തിന് ഹൃദ്യവും, രക്തശോധകവുമാണ്. വേരിന്റെ സ്വരസം ശ്വസനേന്ദ്രിയങ്ങൾക്ക് കഫനിസ്സാരകമാണ്. പക്വഫലം ജനനേന്ദ്രിയങ്ങൾക്ക് വൃഷ്യമാണ്. പുഷ്പദണ്ഡം ആർത്തവമുണ്ടാക്കുന്നതാണ്. വേര് മൂത്രളമാണ്. ത്വക്ദോഷഹരമാണ്. ജ്വരഘ്നവും, ദാഹപ്രശമനവുമാണ്.

കരിമ്പനയുടെ ഇളം കായയുടെ മജ്ജയും, അതിലെ നീരും മൂത്രകൃച്ഛ്രം, ഉഷ്ണവാതം എന്നിവക്ക് നല്ലതാണ്.

കരിമ്പനയുടെ പുഷ്പദണ്ഡമെടുത്തുണ്ടാക്കിയ ക്ഷാരം പ്ലീഹ, യകൃത് എന്നിവക്ക് നല്ലതാണ്.

കരിമ്പനയുടെ സ്വരസം പന്ത്രണ്ട് എം.എൽ മുതൽ ഇരുപത്തിനാല് എം.എൽ വരെ മാത്ര ഉപയോഗിക്കാം. ക്ഷാരം ഒരു ഗ്രാം മുതൽ രണ്ട് ഗ്രാം വരെയും, കള്ള് അറുപത് മി.ലിറ്റർ മുതൽ നൂറ്റിയിരുപത് മി.ലിറ്റർ വരെ ഉപയോഗിക്കാം.

കരിമ്പനയുടെ തടിയുടെ നൂറ് ചവ്വരിയുണ്ടാക്കുന്നതിനും, അടയും കുറുക്കും എന്നിവയുണ്ടാക്കി കഴിക്കുന്നതിനും, പന്നി, പശു, പോത്ത് എന്നിവയ്ക്ക് തീറ്റയായും ഉപയോഗിക്കുന്നു.

'അഷ്ടാംഗഹൃദയം' സൂത്രസ്ഥാനം പറയുന്നു:
'അഭ്രം കഫമഹാസാലതാലരുദ്ധോഷ്ണരശ്മിഷു'.

മേഘത്തെ തൊട്ടുരസുന്ന പൊക്കമുള്ള കരിമ്പന, പയിൻ മരങ്ങളുടെ തണലിൽ വെയിലേറ്റ് ക്ഷീണിച്ചവൻ കിടന്നുറങ്ങണം.

'ജലാർദ്രാസ്താലവൃന്താനിവിസ്തൃതഃ പത്മിനീപുടാ
ഉദ്ക്ഷേപാശ്ചമൃദുൽ ക്ഷേപാജലവർഷിഹിമാനിലഃ'.

വെള്ളം കൊണ്ട് ആർദ്രമായ, വിസ്തൃതമായ പനയോലകളും താമരയിലകളും ഉയർത്തിപ്പിടിച്ച് സാവധാനത്തിൽ വീശുമ്പോൾ ഉണ്ടാകുന്ന ജലകണങ്ങളാലുള്ള തണുത്ത കാറ്റ്, ഉഷ്ണാധിക്യത്താലുള്ള തളർച്ചയെ മാറ്റും.

'അഷ്ടാംഗഹൃദയം' സൂത്രസ്ഥാനം പറയുന്നു:
'മോചഖർജ്ജുരപനസ നാളികേരപരൂഷകം
ആമ്രാനതാലകാശ്മര്യരാജാദനമധുകജം
സൗവീരബദരാങ്കോല ഫല്ഗുശ്ലേഷ്മാതകോത്ഭവം
വാതാമാഭിഷ്ടകാക്ഷോളമുകുലനികോചകം
ഊരുമാണം പ്രിയാളം ച ബൃംഹണം ഗുരു ശീതളം
ദാഹക്ഷത ക്ഷയഹരം രക്തപിത്തപ്രസാദനം
സ്വാദുപാകരസം സ്നിഗ്ധം വിഷ്ടംഭികഫ ശുക്ലഷത്'.

കരിമ്പന, മേചം, ഖജ്ജൂരം, പൗസം, നാളികേരം, പരൂഷകം, ആമ്രാതം, കാശ്മര്യം, രാജാദാനം, മധുകം, സൗവീരം, ബദരം, അങ്കോലം, ഫൽഗു, ശ്ലേഷ്മാതകം, വാതാവം, അഭിഷ്ടകം, അക്ഷോളം, മുകുലകം, സിദോചകം, ഊരുമാണം, പ്രയാളം എന്നിവയുടെ പഴങ്ങൾ ബൃംഹണവും, ഗുരുവും, ശീതവുമാണ്. ഉഷ്ണം, ഉരക്ഷതം, ക്ഷയം എന്നിവയെ ശമിപ്പിക്കുന്നതാണ്. രക്തത്തിനും, പിത്തത്തിനും തെളിവുണ്ടാക്കുന്നതാണ്. രസത്തിലും, പാകത്തിലും മധുരമാണ്. സ്നിഗ്ധമാണ്. വിഷ്ടംഭത്തെ ഉണ്ടാക്കുന്നതാണ്. കഫത്തെയും, ശുക്ലത്തെയും വർദ്ധിപ്പിക്കുന്നതാണ്.

'താലം, ഫലം, തുപിത്തളം'.
കരിമ്പനപ്പഴം പിത്തത്തെ ഉണ്ടാക്കുന്നതാണ്.
'ഫലം കദള്യാസ്തഥ്രക്രണദധ്നാതാല ഫലേനവാ
കണോഷ്ണാഭ്യാം മധുനാകാകമാചീം ഗുഡേനവാ'.

കരിമ്പനപ്പഴം മോരോ, തൈരോ ചേർത്ത് കഴിക്കരുത്, വിരുദ്ധാഹാരമാണ്.

'നാളികേരാസ്ഥിഭല്ലാതതാലവംശകരീരജം
ഭസ്മാദ്ഭിഃ സ്രാവയേത്താഭിർഭാവയേൽകരഭാസ്ഥിജം
ചൂർണ്ണം ശുക്ലേഷ്യസാധ്യേഷുതദ്വൈവർണ്ണഘ്നമഞ്ജനം
സാധ്യേഷു സാധനായാലമിഭവേവ ച ശീലനം'.

കരിമ്പനയുടെ മുള, മുളനാമ്പ്, നാളികേരാസ്ഥി, ചേർക്കുരു എന്നിവ കത്തിച്ചെടുത്ത ഭസ്മം വെള്ളത്തിൽ കലക്കിയശേഷം ഊറ്റിയെടുത്ത് അരിച്ച വെള്ളത്തിൽ ഒട്ടകത്തിന്റെ അസ്ഥി പൊടിച്ചിട്ട് ഭാവന ചെയ്തെടുത്തത്, 'ചൂർണ്ണാഞ്ജനം' കഴിച്ചാൽ ശുക്ലരോഗങ്ങളിലുണ്ടാകുന്ന നിറഭേദങ്ങൾ ശമിക്കും. ഇതേ അഞ്ജനം ഏറെക്കാലം കഴിച്ചാൽ സാധ്യലക്ഷണങ്ങളോടുകൂടിയ ശുക്ലരോഗങ്ങൾ മാറും.

'അഷ്ടാംഗഹൃദയം' ശിരോരോഗപ്രതിഷേധം പറയുന്നു:
കരിമ്പന ചേർന്ന 'മഹാമായൂരഘൃതം' ധാതുക്ഷയം, ഇന്ദ്രിയങ്ങൾക്കുള്ള സ്വകർമ്മക്ഷയം, ഒച്ചയടപ്പ്, വായുമുട്ടൽ, ചുമ, അർദ്ദിതം എന്നിവ ഇല്ലാതാക്കുന്നതാണ്. യോനീദോഷം, രജോദോഷം, ശുക്ലദോഷം എന്നീ രോഗങ്ങൾക്കുള്ള സിദ്ധൗഷധമാണ്. പ്രസവിക്കാത്തവൾക്ക് പുത്രനെ പ്രദാനം ചെയ്യുന്നതാണ്.

'അഷ്ടാംഗഹൃദയം' കാസചികിത്സിതം പറയുന്നു:
'വിദാരിഭിഃ കദംബൈർവാതാലസസ്യൈശ്ച സാധിതം
ഘൃതം പയശ്ച മൂത്രസ്യവൈവർണ്യ കൃഛ്റ്ത്രനിർഗ്ഗമേ'.

മൂത്രം നിറഭേദത്തോടെ പ്രയാസപ്പെട്ടാണ് പുറത്തുപോകുന്നതെങ്കിൽ കരിമ്പനപ്പഴം കൊണ്ടോ, പാൽമുതുക്ക് കൊണ്ടോ, കടമ്പ് കൊണ്ടോ കാച്ചിയെടുത്ത നെയ്യും, പാലും കഴിച്ചാൽ മതി.

'ചരകസംഹിത' സൂത്രസ്ഥാനം അന്നപാനവിധി പറയുന്നു:
'തഥാതാല പ്രലംബം ച ഉരഃ ക്ഷതരുജാപഹം
ഖർജ്ജുരം താലശസ്യാം ച രക്തപിത്തക്ഷയാപഹം'.

കരിമ്പനയുടെ കൂമ്പ് ഉരക്ഷതത്തെ നശിപ്പിക്കുന്നതാണ്. കരിമ്പനയുടെയും, ഈന്തപ്പനയുടെയും മണ്ടയിലെ മജ്ജ രക്തപിത്തത്തെയും, ക്ഷയത്തെയും ശമിപ്പിക്കുന്നതാണ്.

'താലസസ്യാനി സിദ്ധാനിനാരീകേലഫലാനി ച
ബൃംഹണസ്നിഗ്ധശീതാനി ബല്യാനിമധുരാണി ച'.

കരിമ്പനയുടെ തേങ്ങയും, നാളികേരവും ബൃംഹണമാണ്. സ്നിഗ്ധമാണ്. ശീതളമാണ്. ബലത്തെയുണ്ടാക്കുന്നതാണ്. മധുരരസമാണ്.

'ചരകസംഹിത' സിദ്ധിസ്ഥാനം ഫലമാത്രസിദ്ധി പറയുന്നു:
കരിമ്പനയുടെ പഴം ആനയുടെ വസ്തിനിയയിൽ ഉപയോഗിക്കാൻ നല്ലതാണ്.

കരിമ്പന തടിയുടെ പുറത്തെ ബലമുള്ള ഭാഗം അറുത്ത് കാർഷികോപകരണങ്ങൾക്ക് ഉപയോഗിച്ചിരുന്നു. വീടുകൾക്കുള്ള കഴുക്കോലുകളും, വാതിലുകളും, ജനലുകളും കട്ടിലുകളും മറ്റും തീർത്തിരുന്നു. പനയോലകൾ നല്ലതുപോലെ പ്രോസസ്സ് ചെയ്തെടുത്തതിൽ രേഖാചിത്രങ്ങളും, ഗ്രന്ഥങ്ങളുമൊക്കെ എഴുതി സൂക്ഷിക്കുന്നതിന് ഉപയോഗിച്ചിരുന്നു.

കരിമ്പനയുടെ പൂക്കുല ചെത്തിയെടുക്കുന്ന ഇളംനീരിന് നീരായെന്നുപറയുന്നു. അത് പുളിച്ചുകഴിഞ്ഞാൽ പനങ്കള്ളാകും. അതിൽ ചുണ്ണാമ്പ് ചേർത്ത് വക്കൊനിയുണ്ടാക്കാം. പനങ്കള്ളിൽനിന്ന് ചക്കരയും, പനം കൽക്കണ്ടവും ഉണ്ടാക്കുന്നു.

അമിതമായി ലഹരിയുണ്ടാക്കാത്ത പനങ്കള്ള് അസ്ഥിസ്രാവത്തിന് നല്ലതാണ്.

പനങ്കള്ളിൽ രസകർപ്പൂരം ചേർത്ത് കഴിച്ചാൽ പ്രമേഹം മാറും.

കരിമ്പനയുടെ ഇലത്തണ്ടിന്റെ അരുകിന് പുറത്തുള്ള വെളുത്ത മൊരി ചുരണ്ടിയെടുത്ത് മുറിവിൽ വെച്ചാൽ രക്തസ്രാവം നിൽക്കുകയും, മുറി വുണങ്ങുകയും ചെയ്യും.

കരിമ്പനവേര് ഉണക്കിപ്പൊടിച്ചത് പാലിൽ ചേർത്ത് കഴിച്ചാൽ രതിക്ഷീണം മാറും. ഇത് മൂത്രതടസ്സം മാറുന്നതിനും ഉപയുക്തമാണ്.

കരിമ്പനക്കായയുടെ കഴമ്പുകഴിച്ചാൽ വയറുകടിയും, അതിസാരവും മാറും.

കരിമ്പനയുടെ പൂങ്കുല കത്തിച്ചുണ്ടാക്കുന്ന ക്ഷാരം തേനിൽ ചേർത്ത് കഴിക്കുകയും, അതിനുപിന്നാലെ പാൽ കഴിക്കുകയും ചെയ്താൽ പുളിച്ചുതികട്ടൽ മാറും.

രേവതി നക്ഷത്രം

ഇലിപ്പ

ശാസ്ത്രനാമം : മധുകലോൻജിഫോളിയ
(Madhukalongifo liakoen)
കുടുംബം : സപ്പേട്ടേസിയേ(Sapotaceae).
കുലം : മധുകകുലം.
ഇംഗ്ലീഷ് നാമം : മൗറബട്ടർ ട്രീ, ഹണീട്രീ, മഗുവാട്രീ.
സംസ്കൃതം : മധുകഃ തീഷ്ണസാരാഃ മധുസ്രവഃ സ്വാദുപുഷ്പഃ ഗുഡപുഷ്പഃ വാനപ്രസ്ഥഃ പ്രിയാളഃ ലോദ്രിപുഷ്പഃ സോലാഫലഃ മധുഷ്ഠീലഃ സ്ഥിരദ്രുമഃ ആളിപങ്കഃ കോശപുഷ്പഃ ക്ഷീരവൃക്ഷഃ
മലയാളം : ഇലിപ്പ.
ഹിന്ദി : മഹുവാ, മൗവാ.
തമിഴ് : ഇല്ലൂപി, ഇലുപൈ.
തെലുങ്ക് : ഇപ്പാച്ചെട്ടു, ഇപ്പ, മധുകമു.
കന്നട : സോസിപ്പേ, ഹാലിപ്പാ, കാമകാ, ഹൽത്തുസ്രീ, ഇപ്പേമര.
ഗുജറാത്തി : മഹുദ, മഹുരാ.
കൊങ്കൺ : മോഹ്വ.
കുമാഓൺ : മഹുവാ, മോഹ്വാ.
മലയാ : മോഹുൾ.
പേർഷ്യൻ : ഇപ്പിച്ച, മൊഹീച.

രേവതി ഇരുപത്തിയേഴാമത്തെ നക്ഷത്രമാണ്. മിഴാവുപോലെ മുപ്പത്തിരണ്ട് നക്ഷത്രങ്ങൾ ചേർന്നതാണ്. പൂഷാപൗഷ്ണം, അന്ത്യ ഭം, എരവതി എന്നിവ രേവതിയുടെ പര്യായപദങ്ങളാണ്. രേവതി ഉച്ചയിൽ വരുമ്പോൾ കർക്കിടകം രാശിയിൽ ഏഴ് വിനാഴിക വേണം. ഉദയം മീനം മുപ്പതിനാണ്. സംഹാരനക്ഷത്രമാണ്. ദേവത പൂഷാവാണ്. ദേവഗണമാണ്. സ്ത്രീനക്ഷത്രമാണ്. ഭൂതം ആകാശമാണ്. മൃഗം പിടിയാനയാണ്. പക്ഷി മയിലാണ്. വൃക്ഷം ഇലിപ്പയാണ്

സംഹാരനക്ഷത്രമായ രേവതിക്ക് അവസാനത്തെ പതിനഞ്ച് നാഴിക ഗണ്ഡാന്തമുണ്ട്. 'ത്രിസ്ഫുടം ച തുസ്ഫുടം പഞ്ചസ്ഫുട'മെന്ന് ചിന്തിച്ചാൽ, സ്ഫുടങ്ങൾ രേവതിയുടെ അന്ത്യപാദത്തിൽ വരുന്നുവെങ്കിൽ, രോഗിയാണെങ്കിൽ ഒരു ദിവസത്തിനുള്ളിൽ പ്രഷ്ടാവ് മരണപ്പെടുമെന്നത് വിധിയാണ്.

അന്നപ്രാശനാളുകളിൽ ഉൾപ്പെട്ടതാണ് രേവതി. അതിനാൽ ഒട്ടുമിക്ക മുഹൂർത്തങ്ങൾക്കും ഉത്തമമാണ്. ഗൃഹം, ആഭരണം, ക്ഷേത്രം എന്നിവയുടെ നിർമ്മാണത്തിന് വളരെ നല്ലതാണ്. വിവാഹം, വ്രതബന്ധം എന്നിവക്കും നല്ലതാണ്. രേവതിയുടെ അവസാനത്തെ പതിനഞ്ച് നാഴിക വർജ്ജിക്കണം. വസുപഞ്ചകത്തിൽ രേവതി ഉൾപ്പെട്ടതുകാരണം മരണത്തിൽ കൊള്ളില്ല. രേവതി, മീനലഗ്നം, ശനിയാഴ്ച വാവ് എന്നിവ ചേർന്നുവന്നാൽ ഒരു വർഷത്തിനകം ഗൃഹത്തിൽ അഞ്ച് മരണങ്ങളുണ്ടാകുമെന്നാണ് പറയുന്നത്.

രേവതി നക്ഷത്രത്തിൽ ജനിക്കുന്നയാൾ സുഭഗനായിരിക്കും. മുഖശ്രീയുണ്ടാകും. അവയവഘടന ഉത്തമമായിരിക്കും. നല്ലതുപോലെ ആരോഗ്യമുണ്ടാകും. ഭീരുക്കളാണെങ്കിലും, കാഴ്ചയിൽ അഹങ്കാരികളാണെന്ന് തോന്നും. സ്വാശ്രയശീലമുള്ളവരായിരിക്കും. യൗവനാരംഭം മുതൽതന്നെ തനിക്കുതാൻ പോന്നവരും, പരാശ്രയം കൂടാതെ ജീവിക്കുന്നവരുമായിരിക്കും. നേരത്തെ സ്വാശ്രയത്വത്തിനുവേണ്ടി ശ്രമിക്കുന്നവരാകയാൽ വളരെ ഉയർന്നനിലയിൽ വിരാജിക്കുന്നവരായിരിക്കും. തങ്ങൾ ചെയ്യുന്ന പ്രവർത്തികൾ അന്യർക്ക് പ്രയോജനപ്പെടുന്നതുപോലെ ഇവർക്ക് പ്രയോജനപ്പെടില്ല. നല്ലതുപോലെ പ്രയത്നിക്കുന്ന ഇവർ, പ്രതിഫലം വാങ്ങുന്നതിൽ അൽപംപോലും പിന്നോക്കം പോകാറില്ല. ഇവരുടെ ആദർശം തന്നെ, നല്ലതുപോലെ പണിചെയ്ത് നല്ലതുപോലെ പ്രതിഫലം വാങ്ങുകയെന്നതാണ്. അതുകൊണ്ട് തൊഴിൽപരമായും, സാമ്പത്തികമായും ഇവർ വിജയികളായിരിക്കും. തങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നവരിൽ നിന്നുമുണ്ടാകുന്ന വഞ്ചനയാണ് ഇവരുടെ നാശത്തിന് കാരണമായി വരിക. ഇവർ പൊതുവെ, വീടും പരിസരവും ശുചിയാക്കി വെക്കു ന്നവരാണ്. ഇവരുടെ സാന്മാർഗിക ജീവിതത്തിൽ പലതരം പിഴവുകളുണ്ടാകാറുണ്ട്. ഏതുരംഗത്തായാലും ഇവർക്ക് ശക്തനായൊരു ശത്രുവിനെ നേരിടേണ്ടിവരാറുണ്ട്. രസതന്ത്രത്തിലും, വ്യവസായത്തിലും, യുക്തിവാദത്തിലും വിജിയിച്ചുകാണാറുണ്ട്. ഇവരുടെ സംഭാഷണം മധുരോദാരമായിരിക്കും.

രേവതി നക്ഷത്രത്തെക്കുറിച്ച് വരാഹമിഹിരൻ പറയുന്നു:
'സമ്പൂർണ്ണംഗസ്സുഭഗോ വശഗഃ സ്ത്രീണാംജനപ്രിയോധനവാൻ
ശൂരഃ പ്രതാപബഹുലോ മാത്സര്യയുതശ്ച ഭവതീരേവത്യാം'.
'സമ്പൂർണ്ണാംഗസ്സുഭഗശൂരശുചിരർത്ഥവാൻ പൗഷ്ണേ'

രേവതി നക്ഷത്രത്തിൽ ജനിക്കുന്നവർ അവയവപുഷ്ടിയുള്ളവരും, സുഭഗതയുള്ളവരും, സ്ത്രീകൾക്ക് അധീനരുമായിരിക്കും. ജനങ്ങൾക്ക് പ്രിയങ്കരനും, ധനവാനും, ശൂരനും, പ്രതാപിയും, മത്സര

ബുദ്ധിയോടുകൂടിയവരുമായിരിക്കും. ലഹരിപദാർത്ഥങ്ങളിൽ തത്പരരായിരിക്കും.

രേവതി നക്ഷത്രവൃക്ഷമായ ഇലിപ്പ ശ്രീലങ്കയിലും, ബർമ്മയിലും കൂടുതലായി വളർന്നുകാണാം. ഇന്ത്യയിൽ ബീഹാർ, ഒറീസ, ഡെറാഡൂൺ, ഉത്തർപ്രദേശ് എന്നിവിടങ്ങളിലും, കേരളത്തിലെ വനാന്തരങ്ങളിലും, നദീതീരങ്ങളിലും, നാട്ടിൻപുറങ്ങളിലും കണ്ടുവരുന്നുണ്ട്. ഇലിപ്പയെന്നതും, ഇരിപ്പയെന്നതും രണ്ടുതരം മരങ്ങളാണെന്നും, കേരളത്തിൽ കണ്ടുവരുന്നത് ഇലിപ്പയാണെന്നും അഭിപ്രായമുണ്ട്. എന്നാൽ, രണ്ടും തമ്മിൽ ഔഷധഗുണത്തിലും, പ്രയോഗത്തിലും ഭേദമില്ലാതെയാണ് ഉപയോഗിച്ചുവരുന്നത്. സപ്പോട്ടമരത്തെ ബഡ് ചെയ്യുന്നതിന് നഴ്സറികൾ ഇലിപ്പയെ ഉപയോഗിക്കുകയും, അതിന്റെ താഴെ മുളകൾ വരികയും, സപ്പോട്ടയില്ലാതാവുകയും ചെയ്തുണ്ടായ ധാരാളം മരങ്ങൾ ചില വീട്ടുമുറ്റങ്ങളിൽ കാണാം.

കേരളത്തിൽ പടിഞ്ഞാറൻ തീരപ്രദേശങ്ങളിലെ ഉഷ്ണമേഖലാ നിത്യഹരിതവനങ്ങളിലും, തെക്കൻ കുന്നുകളിലും, പുഴയോരങ്ങളിലും ഇലിപ്പ സമൃദ്ധിയായി വളർന്നുകാണാം. പന്തൽവിരിച്ചതുപോലെ ശാഖോപശാഖകളായി വളരുന്ന ഇരിപ്പയെ ചതുപ്പുപ്രദേശങ്ങളിലെ കണ്ടൽകാടുകളിലും ധാരാളമായി കാണാം. കർണ്ണാടകത്തിലും ഇലിപ്പമരങ്ങൾ സുലഭമാണ്.

ഇരിപ്പയുടെ തോല് കടുത്ത മഞ്ഞനിറത്തിലൊ, മങ്ങിയ തവിട്ടുനിറത്തിലൊ, ചാരനിറത്തിലൊ കാണാം. മിനുസമുള്ളതാണ്. തവിട്ടുനിറത്തിലും, ചുകന്നനിറത്തിലും കാണപ്പെടുന്ന തടിക്ക് നല്ല ഉറപ്പും, ഈടുമുണ്ട്. വീടുകൾക്കുള്ള ചാരുപടികളും, തറയിലിടുന്ന തടിയായുമൊക്കെ ഇതുപയോഗിക്കാറുണ്ട്. ബോട്ടുനിർമ്മാണത്തിനും ഉപയോഗിക്കുന്നുണ്ട്. ഇരിപ്പയുടെ കട്ടികൂടിയ തടിച്ച ഇലകൾക്ക് ഞരമ്പുകളുണ്ട്. കടുംപച്ചനിറത്തിലാണ് ഇലകൾ. അവ ശാഖാഗ്രങ്ങളിൽ കൂട്ടമായി കാണപ്പെടുന്നു. ഏകാന്തരവിന്യാസത്തിൽ എട്ടുമുതൽ പതിനാറ് സെ.മീറ്റർ വരെ നീളവും രണ്ടുമുതൽ ആറ് സെ.മീറ്റർവരെ വീതിയുമുണ്ടാകും. പ്രാസകാരത്തിലാണെങ്കിലും, അറ്റം രണ്ടും വൃത്താകാരത്തിലൊ, മീനാകാരത്തിലൊ കാണും. പത്രാധാരം ഊനഹൃദയാകാരത്തിലാണ്. പത്രസിമാന്തം അഖണ്ഡമാണ്. പാർശ്വസിരകൾ പന്ത്രണ്ട് ജോഡികളുണ്ട്. മൂത്ത ഇലകളുടെ അടിഭാഗം രോമിലമാണ്. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ പത്രകക്ഷങ്ങളിൽനിന്നും മങ്ങിയ മഞ്ഞ വെള്ളപ്പൂക്കൾ ഉണ്ടാകും. നല്ല മണമുണ്ടാകും. ദ്വിലിംഗികളും, മാംസദളങ്ങളോടുകൂടിയവയാണ്. ഒറ്റ പൂവായും, പത്തോളംവരുന്ന വൃന്ദങ്ങളായും കാണപ്പെടുന്നു. പൂക്കൾക്കും, നീണ്ടതും ആരോമില

ഢമായ ആവൃന്തമുണ്ട്. പൂക്കൾക്ക് രണ്ട് സെ.മീറ്റർ നീളമുണ്ട്. പൂക്കൾ മധുരമുള്ളവയാണ്. പുഷ്പസഹപത്രങ്ങളോടുകൂടിയ ഇവയുടെ ബാഹ്യദളപുടത്തിനും, ദളപുടത്തിനും നാലുമുതൽ അഞ്ചുവരെ കർണ്ണങ്ങളുണ്ട്. കേസരങ്ങൾ ദളലഗ്നങ്ങളാണ്. പഴങ്ങൾ മാംസളങ്ങളാണ്. നീണ്ട വൃത്താകൃതിയിൽ ഞെട്ടറ്റത്ത് വലിപ്പം കൂടി തവിട്ടുനിറത്തിലുള്ള ഫലങ്ങൾ അഞ്ച് സെ.മീറ്റർവരെ നീളത്തിലുള്ളവയാണ്. പഴങ്ങളിൽ ഒന്നോ, രണ്ടോ വിത്തുണ്ടാകും.

ഇരിപ്പയുടെ തൊലിക്കും, ഇലക്കും കറയുണ്ട്. പൂക്കളും, വിത്തെണ്ണയും വിശിഷ്ടമായ ഔഷധമാണ്. കാതലും, തൊലിയും ഔഷധമായുപയോഗിക്കും. വേര് വിരേചനീയമാണ്.

ഇരിപ്പപൂവിൽ പഞ്ചസാരയും, ആൽബുമിനോയ്ഡും, പൊട്ടാഷും, ജലവുമാണ് പ്രധാനമായിട്ടുള്ളത്. വിത്തിൽ അമ്പതുശതമാനം തൈലമാണ്. അതിൽ കൊഴുപ്പ്, ആൽബുമിൻ, അന്നജം, സപ്പോണിൻ, സ്റ്റെറോൾഗ്ലൂക്കോസൈഡ് എന്നിവ അടങ്ങിയിട്ടുണ്ട്.

ഇരിപ്പയുടെ വിത്തിന്റെ തൊണ്ടിലടങ്ങിയിരിക്കുന്ന അമ്പതുശതമാനം തൈലം ത്വക്‌രോഗങ്ങളിൽ ഉത്തമമാണ്. വാതത്തിനും, തലവേദനക്കും ഉത്തമമാണ്. വിരേചനീയമാകയാൽ അർശസ്സിന് ഉപയോഗിക്കാൻ നല്ലതാണ്. വ്രണങ്ങളിൽ ഉപയുക്തമാണ്.

ഇരിപ്പകായയുടെ തൊണ്ട് എണ്ണയാട്ടിയെടുത്ത പിണ്ണാക്കിന് കീടങ്ങളെ നശിപ്പിക്കാനുള്ള കഴിവുണ്ട്.

ഇരിപ്പയുടെ പിണ്ണാക്കും, ചീനിക്കായയും ഷാംമ്പു ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്. ഇവ രണ്ടും ചേർത്ത് തലയിൽതേച്ച് കഴുകാനുമുപയോഗിക്കാറുണ്ട്.

ഇരിപ്പപൂവ് വിനാഗിരിയുണ്ടാക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്.

ഇരിപ്പപൂക്കൾ ചൂടുവെള്ളത്തിൽ അലിയിപ്പിച്ച് സിറപ്പുണ്ടാക്കാം.

ഇത് തേനിന് പകരമായി ഉപയോഗിക്കാറുണ്ട്. നയനരോഗങ്ങളിൽ തേനിന് പകരമെടുക്കാൻ ഉപയുക്തമാണ്.

ഇലിപ്പപൂവ് ശീതവീര്യമാണ്. ടോണിക്കാണ്. ചുമ, പനി, ശ്വാസംമുട്ടൽ എന്നിവക്ക് നല്ലതാണ്. ബാക്ടീരിയകളുടെ വിനാശത്തിൽ ഉപയുക്തമാണ്. പ്രത്യേകിച്ച് E.coli മാറുവാൻ നല്ലതാണ്.

ഇരിപ്പതോൽ വാതം, അൾസർ, രക്തസ്രാവം, മോണവീക്കം, ടോൺസിലൈറ്റിസ്, പ്രമേഹം എന്നിവക്ക് ഉത്തമമാണ്.

ഇരിപ്പതോൽ കുതിരകൾക്ക് വയറുവേദന വരുമ്പോൾ ഉപയോഗി

ക്കാൻ നല്ലതാണ്.

ഇരിപ്പവേര് അൾസറിന് ഉത്തമമാണ്.

ഇരിപ്പവിത്തിന്റെ എണ്ണയിൽ ഒളീനും, പാൽവിറ്റമിനും അടങ്ങിയ കൊഴുപ്പ് കൂടുതലായിട്ടുണ്ട്. ഇതിൽനിന്നാണ് മൗറിൻ എടുക്കുന്നത്. മൗറിൻ ടോണിക്കാണ്. ഇതിന് ഹൃദയത്തിലും, രക്തചംക്രമണവ്യവസ്ഥയിലും ഉത്തമമാണ്.

ഇരിപ്പപഴത്തിൽ സാക്രോസാൺ, മാൾട്ടോസ്, ടാനിൻ, എൻസൈമുകൾ എന്നിവയുണ്ട്.

'കൈഢര്യാദിനിഘണ്ടു' പറയുന്നു:
'മധുകസ്തുവരസ്തിക്തോ വ്രണാനിലകഫാപഹഃ
തത്പുഷ്പം മധുരം ശീതമഹൃദ്യം ബൃംഹണം ഗുരു
ബല ശുക്രകരം പ്രോക്തം വാതപിത്തവിനാശനം
സ്നിഗ്ധം വികാഷി തീഷ്ണോഷ്ണം തത്ഫലം ഗുരുശീതളം
അഹൃദ്യം ശുക്രളം സ്നിഗ്ധം മധുരം രസപാകയോ
വിഷ്ടംഭി ബൃംഹണം ബല്യം കഫകൃന്മാരുതാപഹം
ഹന്തിപിത്താസ്രാതൃട് ദാഹശ്വാസകാസക്ഷതക്ഷയാൽ
പക്വം ഇതത് ഫലം ബല്യംബല്യം പിത്തമാരുതനാശനം
കഷായം സ്വാദുമാധുകം തൈലം പിത്തകഫപ്രണത്'.

'ശാലിഗ്രാമനിഘണ്ടു' പറയുന്നു:
'മധുകതൈലം മധുരം പിച്ഛിലംതുവരം മതം
കഫപിത്തജ്വരം ചൈവ ദാഹപിത്തം ച നാശയേത്'.

'സുശ്രുതസംഹിത' സൂത്രസ്ഥാനം പറയുന്നു:
'രക്തപിത്തഹരാണാഹുർ ഗുരൂണിമധുരാണി ച
ബൃംഹണീയമഹൃദ്യം ച മധുകകുസുമം ഗുരു
വാതപിത്തോപശമനം ഫലം തേനോപദിശ്യതേ'.

'നിഘണ്ടു രത്നാകരം' പറയുന്നു:
'മധുകോ മധുരഃ ശീതഃ ശ്ലേഷ്മളോ വീര്യദഃ സ്മൃതഃ
പുഷ്ടികൃത്തുവസ്തിക്തഃ പിത്തദാഹവ്രണശ്രമാൻ
കൃമിദോഷം ച വാതം ച നാശയേദിതികീർത്തിദം
പുഷ്പം ച മധുരം ശീതം ധാതുവൃദ്ധികരം ഗുരു
സ്നിഗ്ധം വികാഷിഹൃദ്യം ച ദാഹപിത്തമരുത് പ്രണുത്
ഫലമസ്യ ഗുരുശ്ശീതമഹൃദ്യം ശുക്ലളം മതം
സ്നിഗ്ധം രസേ ച പാകേ ച മധുരം ധാതുവർദ്ധകം
മലാവഷ്ടംഭകം ബല്യം രക്തരുക് വാതപിത്തഹം
തൃഷാം ദാഹംശ്വാസകാസം ക്ഷതയക്ഷ്മാപഹം സ്മൃതം

തദേവ പക്വം ബലദം പിത്തവാതവിനാശനം'.

'ധന്വന്തരി നിഘണ്ടു' പറയുന്നു:
'മധുകം മധുരം ശീതം പിത്തദാഹശ്രമാപഹം
മാതളം തതുദോഷഘ്നം വീര്യപുഷ്ടിവിവർദ്ധനം
ബൃംഹണിയാമഹൃദ്യം ച മധുകകുസുമം ഗുരു
വാതപിത്തോപശമനം ഫലം തസ്യോപദിശ്യതേ
ജ്ഞേയോജലമധൂകസ്തു മധുരോ വ്രണനാശനഃ
വൃഷ്യോവാന്തിഹരഃ ശീതോബലകാരി രസായനഃ'.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:
'മാധുക പുഷ്പകം മധുരം ശീതളം ഗുരു ബൃംഹണം
ബല ശുക്ലകരം പ്രോക്തം വാതപിത്തവിനാശനം
ഫലം ശീതം ഗുരു സ്വാദുശുക്ലളം വാതപിത്തനുത്
അഹൃദ്യംഹന്തിതൃഷ്ണാസ്രാദാഹശ്വാസക്ഷതക്ഷയാൽ'.

'രാജനിഘണ്ടു' പറയുന്നു:
'മധുകം മധുരം ശീതം പിത്തദാഹശ്രമാപഹം
വാതളം ജന്തുദീപഘ്നം വീര്യപുഷ്ടിവിവർദ്ധനം
ജ്ഞേയോജലമധൂകസ്തു മധുരോ വ്രണനാശനഃ
വൃഷ്യോവാന്തിഹരഃ ശീതഃ ബലകാരി രസായനഃ'.

'അഭിജ്ഞാനമഞ്ജരി' പറയുന്നു:
'നിർദ്ദിശ്യതേ മധുകോമധുവൃക്ഷസ്തീഷ്ണസാരശ്ച
മധുപുഷ്പോ ഗുഡപുഷ്പോ മധുദ്രവോദാധികോമധുഷ്ഠീലഃ
സൈവസ്യാദ്വനവാസീവാനപ്രസ്ഥശ്ച ലോധ്രപുഷ്പ ഇതി
വന്യോനിഷ്പന്ദനകോദ്രോളഃ ഫലസാഹ്വയശ്ച മധുരാഖ്യ
മധുകസ്ത്വപരഃ പ്രോക്തോജലജോദീർഘപത്രകഃ
ഹ്രസ്വപുഷ്പോ ഹ്രസ്വഫലോ സ്വാദുപുഷ്പഫലസ്തഥാ
ഗൗരികഃ ക്ഷീരവൃക്ഷശ്ചമാഗധശ്ച മധൂലികഃ
മധുരോ മധുരതരുഃ ശബ്ദൈഃ പര്യായവാചകൈഃ'.

'ഭാവപ്രകാശം നിഘണ്ടു' പറയുന്നു:
'മധുകോ ഗുഡപുഷ്പഃ സ്യാന്മധുപുഷ്പോമധുസ്രവഃ
വാനപ്രസ്ഥോമധുഷ്ഠീലോജലജോfത്ര മധൂളകഃ'.

'ധന്വന്തരിനിഘണ്ടു' പറയുന്നു:
'മധുകോമധുവൃക്ഷസ്തുമധുഷ്ഠീലോമധുസ്രവഃ
ഗുഡപുഷ്പോലോധ്രപുഷ്പഃ വാനപ്രസ്ഥോfഥ മാധവഃ
മധുകോfന്യോദിതീയസ്തു ജലജോദീർഘപത്രകഃ
ഹ്രസ്വപുഷ്പഃ സ്വാദുഫലഃ ഗൗഡികോfഥ മധൂലികഃ'.

'രാജനിഘണ്ടു' പറയുന്നു:
'മധുകോമധുവൃക്ഷഃ സ്യാത് മധുഷ്ഠീലോമധുസ്രവഃ
ഗുഡപുഷ്പോലോധ്രപുഷ്പോ വാനപ്രസ്ഥശ്ച മാധവഃ
അന്യോജലമധുകോ മങ്ഗല്യോദീർഘപത്രകോ മധുവൃക്ഷഃ
ക്ഷൗദ്രപ്രിയഃ പതങ്ഗഃ കീരോഷ്ടോഗൗരികാക്ഷശ്ച'.

'മദനപാലനിഘണ്ടു' പറയുന്നു:
'തീഷ്ണോഷ്ണഃ കഫവാതഘ്നോ മധൂകസ്സാരതഃ സ്മൃതഃ
പുഷ്ണൈസ്തുമധുരഃ പിത്തംശമയോതൈലതോനിലം'.

'ഗുണപാഠം' പറയുന്നു:
'ഇലിപ്പപ്പൂവുപിത്തഘ്നം തൃഷ്ണാജ്വരഹരംപരം
ഇലിപ്പയെണ്ണ സ ക്ഷാരം കഷായഞ്ച ത്രിദോകൃത്'.

ഇലിപ്പയുടെ പൂവ്, കായ, ഇല, തൈലം, തൊലി, വിത്ത്, വേര് എന്നിവ ഔഷധയോഗ്യമാണ്.

ഇലിപ്പപ്പൂവും, അതിന്റെ നാലിരട്ടി പാലും, പാലിന്റെയിരട്ടി വെള്ളവും ചേർത്ത് കാച്ചിയെടുക്കണം. അതിലെ വെള്ളം വറ്റിക്കഴിഞ്ഞാൽ അടുപ്പിൽനിന്ന് ഇറക്കിവെച്ചതിൽ പഞ്ചസാര ചേർത്ത് ദിവസവും നൂറ്റമ്പത് എം.എൽ. വീതം കഴിച്ചാൽ സ്തനവൃദ്ധിയും, ശുക്ലവൃദ്ധിയും, ശരീരശക്തിയുമുണ്ടാകും.

'ഗുണപാഠം' പറയുന്നു:
'മധുകതൈലം സ ക്ഷാരം സ കാഷായം ത്രിദോഷളം
മധൂകപുഷ്പം പിത്തഘ്നം തൃഷ്ണാജ്വരഹരപരം'.

ഇലിപ്പയുടെ എണ്ണ ക്ഷാരമുള്ളതും, ചവർപ്പുരസമുള്ളതും, ത്രിദോഷവർദ്ധകവുമാണ്. വാതം, പിത്തം, സർവാംഗസന്താപം എന്നിവയെ മാറ്റുന്നതാണ്. കഫവും, മുടിയും വർദ്ധിക്കുന്നതാണ്. ത്വക്രോഗം മാറ്റുന്നതാണ്.

'സുശ്രുതസംഹിത' പറയുന്നു:
ഇലിപ്പയുടെ എണ്ണ കഫപിത്തഹരമാണ്.
ഇരിപ്പയുടെ കാതൽ ചവർപ്പുരസവും, കയ്പുരസവുമാണ്. ഉഷ്ണവീര്യമാണ് (ശീതമാണെന്ന പക്ഷവുമുണ്ട്). നേത്രരോഗത്തിന് ഉത്തമമാണ്. വായവരൾച്ച, വ്രണം എന്നിവയെ ഇല്ലാതാക്കുന്നതാണ്. കഫവാതഘ്നമാണ്.

ഇലിപ്പപ്പൂവ് അഹൃദ്യവും, ഗുരുവും പുഷ്ടികരവുമാണ്. പിത്തഘ്നമാണ്. ദാഹം, തൃഷ്ണ, ജ്വരം എന്നിവയെ നശിപ്പിക്കുന്നതാണ്.

ഇലിപ്പയുടെ പച്ചകായ വാതവും, പിത്തവും ഇല്ലാതാക്കും.

ഇലിപ്പക്കുരുവിന് പൂവിന്റെയതേ ഗുണങ്ങളാണുള്ളത്.

ഇലിപ്പ വാറ്റിയെടുത്ത മദ്യം കഫഹരവും, വാതപിത്തകോപനവുമാണ്. അഗ്നിബലം, പുഷ്ടികാമം, വിദാഹം, ലഹരി എന്നിവയുണ്ടാക്കുന്നതാണ്.

ഇലിപ്പയിട്ട് കാച്ചിയ വെള്ളം കഫഹരവും, വാതപിത്തവർദ്ധകവുമാണ്.

ഇലിപ്പപ്പഴം ദാഹം, ക്ഷതം, ക്ഷയം എന്നിവയെ ശമിപ്പിക്കും.

ഇലിപ്പയുടെ എണ്ണ ത്വക്‌രോഗങ്ങൾക്ക് ഫലപ്രദമാണ്.

ഇലിപ്പയുടെ എണ്ണ ആഹാരം പാകംചെയ്യാനുപയോഗിക്കാം.

ഇലിപ്പവേര് വ്രണത്തിന് ഉത്തമമാണ്.

ഇലിപ്പതൊലി വാതം, വ്രണം, ചൊറിച്ചൽ, മോണവീക്കം, രക്തസ്രാവം, ടോൺസിലൈറ്റിസ്, പ്രമേഹം എന്നിവക്ക് ഉത്തമമാണ്.

ഇലിപ്പപ്പൂവ് പുഷ്ടികാരിയും, ശീതവീര്യമുള്ളതുമായ ശമനൗഷധമാണ്. ചുമ, ബ്രോങ്കൈറ്റിസ് എന്നിവക്ക് നല്ലതാണ്. E.coli മാറ്റും.

ഇലിപ്പപ്പൂവിൽ നിന്ന് വിനാഗിരിയും, സിറപ്പും, ജാമും ഉണ്ടാക്കാം.

ഇലിപ്പവിത്തിൽനിന്നും എടുക്കുന്ന എണ്ണ അർശസ്സിന് ഉത്തമമാണ്. വിരേചനത്തിനും, വമനത്തിനും നല്ലതാണ്.

ഇലിപ്പക്കുരുവിന്റെ കാമ്പ് അരച്ചത് വെളിച്ചെണ്ണയിൽ കാച്ചിയെടുത്ത് തണുത്തത് കവിൾകൊണ്ടാൽ പല്ലുറക്കും. മോണവേദന മാറും.

ഇലിപ്പതൊലി കഷായംവെച്ചത് മോണവീക്കത്തിനും, മോണയിലെ രക്തസ്രാവത്തിനും ഉത്തമാണ്. തൊണ്ടവീക്കം, ടോൺസിലൈറ്റിസ് എന്നിവക്ക് കവിൾകൊള്ളാൻ ഉത്തമമാണ്.

ഇലിപ്പപ്പഴം തിന്നാൽ നല്ലതാണ്. ശരീരം തണുപ്പിക്കുന്നതാണ്. പ്രമേഹത്തിന് നല്ലതാണ്.

ഇലിപ്പപ്പൂവിനെക്കുറിച്ച് വനവാസികൾ പരാതിയായി പറയുന്നത്, ഇലപ്പപൂക്കൾ തിന്നുകഴിഞ്ഞാൽ കുറുക്കൻ തുടങ്ങിയ കാട്ടുമൃഗങ്ങൾക്ക് മദമിളകി, പേയിളകുന്നുവെന്നാണ്. ഇലിപ്പകൾ പൂക്കുന്ന സമയത്ത് കുറുക്കന് പേയിളകുക സാധാരണമാണത്രെ.

ഇലിപ്പയുടെ മൂക്കാത്ത കായയുടെ തൊലി അരച്ചുപുരട്ടിയാൽ ചൊറി മാറും.

ഇലിപ്പപിണ്ണാക്ക് പുകച്ചാൽ അണുക്കളും, ക്ഷുദ്രജീവികളും മാറും.

ഇലിപ്പയില വെന്ത വെള്ളം മനുഷ്യർക്കും, കന്നുകാലികൾക്കുമുണ്ടാകുന്ന ത്വക്‌രോഗങ്ങൽക്കും, ഉദരരോഗങ്ങൾക്കും നല്ലതാണ്.

ഇലിപ്പപിണ്ണാക്ക് ഉമ്മത്തിൻകായ കഴിച്ചതിന്റെ വിഷബാധയിൽ ഉത്തമമായ ഔഷധമാണ്.

ഇലിപ്പപ്പൂവ് ഉണക്കിയത് ഏഴെണ്ണം വെള്ളത്തിലിട്ട് തിളപ്പിച്ചതിന്റെ ആവികൊള്ളിച്ച് വിയർപ്പിച്ചാൽ വൃഷണവീക്കം മാറും.

വെയിലത്ത് ഉണക്കിയ ഇലിപ്പപൂവ് കഴിച്ചാൽ പാമ്പുവിഷം മാറും.

വെയിലത്ത് ഉണക്കിയ ഇലിപ്പപ്പൂവ് കഴിച്ചാൽ നല്ല ഉന്മേഷമുണ്ടാകും. കൂടുതൽ കഴിച്ചാൽ മത്തുപിടിക്കും.

ഇലിപ്പതൊലി അരച്ചത് ദേഹത്തുപുരട്ടിയാൽ ചർമ്മരോഗങ്ങൾ മാറും.

ഇലിപ്പകായയുടെ എണ്ണ ത്വക്ദോഷത്തിന് നല്ലതാണ്.

ഇലിപ്പപഴത്തിന്റെ തോട് ഉപ്പും, മുളകും ചേർത്ത് കഴിക്കുന്നത് രുചികരമാണ്. കുട്ടിക്കാലത്ത് നല്ലതാണ്.

കഠിനമായ തലവേദനയിൽ ഇലിപ്പയെണ്ണ നിറുകയിൽ പുരട്ടുന്നത് നല്ലതാണ്.

ഇലിപ്പപ്പൂവ് പാൽകഷായം വെച്ചതിൽ പഞ്ചസാര ചേർത്ത് കഴിച്ചാൽ മുലപ്പാൽ വർദ്ധിക്കും.

ഇലിപ്പപ്പൂവ് പാൽകഷായം ശുക്ലവർദ്ധനവിനും, ലൈംഗികശേഷിക്കും നല്ലതാണ്. അധികമായി കഴിക്കുന്നത് ഹൃദയത്തിന് നല്ലതല്ല.

ഇലിപ്പകായയുടെ വിത്ത് പാൽകഷായംവെച്ചതിൽ പഞ്ചസാര ചേർത്ത് കഴിച്ചാൽ മുലപ്പാൽ വർദ്ധിക്കുന്നതിന്

ഇലിപ്പപിണ്ണാക്കും, ചീവയ്ക്കയും ചേർത്തരച്ചത് തലയിൽതേച്ച് കഴുകിയാൽ താരനും പേനും പോകും.

ഇലിപ്പയില വേവിച്ചെടുത്ത് അരച്ചത് ദേഹത്ത് പുരട്ടി, ഒരു മണിക്കൂർ കഴിഞ്ഞശേഷം കുളിച്ചാൽ ഉന്മേഷമുണ്ടാകും.

ഇലിപ്പവിത്തിന്റെ എണ്ണ കുഷ്ഠവും, ചൊറിയും മാറ്റും.

ഇലിപ്പവിത്തിന്റെ എണ്ണ വാതഹരമാണ്.

ഇലിപ്പയെണ്ണ സോപ്പുനിർമ്മാണത്തിന് ഉപയുക്തമാണ്.

ഇലിപ്പയെണ്ണ വിളക്കുകത്തിക്കാൻ ഉപയോഗിക്കാറുണ്ട്.

ഇലിപ്പയെണ്ണ കത്തിച്ചതിന്റെ കൺമഷി കണ്ണെഴുതാൻ നല്ലതാണ്. ഇലിപ്പപ്പശ(കറ) വാതരോഗങ്ങൾക്ക് ഉപയുക്തമാണ്.

ശുഭം.